# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 10, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157 - നമ്പർ 8

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 10 , ബുധൻ

സ്പീക്കർ

**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി

**ശ്രീ. പി. ഡി ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

482/16

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 77

**II. റൂളിംഗ്**

അഴിമതിയാരോപണം ഉന്നയിക്കുന്നത് സംബന്ധിച്ച് ... 480

**III. അടിയന്തരപ്രമേയം**

അഴിമതിയാരോപണം—

(അവതരണാനുമതി നിഷേധിച്ചു) ... 481

**IV. ശ്രദ്ധ ക്ഷണിക്കൽ**

കോൾ കൃഷി വികസന പദ്ധതി—

ശ്രീ. പി. എ. മാധവൻ ... 501

**V. മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47 (2) അനുസരിച്ചുള്ള കടലാസ്സുകൾ ... 504

**VI. റിപ്പോർട്ട് സമർപ്പണം**

1. 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ... 505

2. 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

3. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

പേജ്

**VII. നിയമനിർമ്മാണകാര്യം**

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരളമത്സ്യവിത്ത് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും … 506
2. 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും … 557

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 10, ബുധൻ*

വാല്യം 157} ഔദ്യോഗിക റിപ്പോർട്ട് { നമ്പർ 8

നിയമസഭ 2014 ഡിസംബർ മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1 വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ...... ചോദ്യം നമ്പർ *211

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നൂതന പദ്ധതികൾ**

**1 (*211)** ശ്രീ. ജോസ് തെറ്റയിൽ:
ശ്രീ. മാത്യു റ്റി. തോമസ്:
ശ്രീമതി ജമീലാ പ്രകാശം:
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്ക് വരുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചതിന്റെ കാരണങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ ;

(ബി) വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നൂതന പദ്ധതികൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ,

(എ) 2014 ജൂൺ വരെയുള്ള കണക്കനുസരിച്ച് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുന്നു. പ്രധാന നഗരങ്ങളിൽ റോഡ്ഷോ സംഘടിപ്പിക്കുന്നു. ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേളകൾ, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുന്നു. ഈ പരിപാടികളിൽ വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരെയും പങ്കെടുപ്പിക്കുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ 'മാൾബ്രാന്റിംഗ്' ദേശീയ തലത്തിൽ പ്രധാന മെട്രോസിറ്റികളിൽ 'എയർപോർട്ട് ഡിസ്പ്ലേ', മുംബൈ മെട്രോയിൽ 'മെട്രോ ട്രെയിൻ ബ്രാന്റിംഗ്", മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ എന്നിവ നടക്കുന്നു. കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുകയും കേരളത്തിന്റെ മികച്ച കലാരൂപങ്ങളെയും ഉത്സവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകളും സി.ഡി.കളും നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരളത്തിനു പുറത്തും വിദേശത്തുമുള്ള വിനോദ സഞ്ചാരികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള ബ്രോഷർ തുടർച്ചയായി അയച്ചുവരുന്നു. മൺസൂൺ കാമ്പയിൻ, ആയുർവ്വേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ്, വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്‌ലേറ്റ്സ് വഴിയുള്ള പരസ്യ പ്രചരണം എന്നിവയും ആഗോള തലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു. കൂടാതെ കേരളത്തിന് വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നുതന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന 'വിസ ഓൺ

അറൈവൽ' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് ആറ് മാസത്തെ പാസ്പോർട്ടുള്ള, മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചെലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. ഇതിനു പുറമെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ് വാട്ടർ ടാക്സി പുതുതായി ആരംഭിച്ചിട്ടുണ്ട്. സീപ്ലെയിൻ സർവ്വീസിന്റെ ഔപചാരിക ഉദ്ഘാടനം കഴിഞ്ഞു. പക്ഷെ അതിന്റെ റെഗുലർ സർവ്വീസ് ഉടൻ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ജോസ് തെറ്റയിൽ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടി നമ്മുടെ മുന്നോട്ടുള്ള പോക്കിനൊരു സൂചനയാണ്. അത് നല്ല കാര്യം തന്നെയാണ്. അതിനോടൊപ്പംതന്നെ നമ്മുടെ ഇന്റേണൽ ടൂറിസ്റ്റുകളാണെങ്കിലും വിദേശ ടൂറിസ്റ്റുകളാണെങ്കിലും കാര്യമായ വർദ്ധനവ് ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കേണ്ട സമയമാണ്. 2009-ൽ അഞ്ചരലക്ഷം ടൂറിസ്റ്റുകൾ വന്നു വെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അത് 2013-14 ആയപ്പോൾ എട്ടരലക്ഷമായതായാണ് പറയുന്നത്. അതേസമയം ശ്രീലങ്കയിൽ നാലര ലക്ഷം ടൂറിസ്റ്റുകൾ ഉണ്ടായിരുന്നത് ഇപ്പോൾ 14 ലക്ഷമായി വർദ്ധിച്ചുവെന്നാണ് താരതമ്യ പഠനത്തിൽ പറയുന്നത്. ഞാൻ അത് പറയാൻ കാരണം, ഈ കഴിഞ്ഞ ദിവസങ്ങളിൽ മലയാള മനോരമ പത്രത്തിൽ 'ലങ്കയിലേയ്ക്ക് നോക്കുക' എന്ന ഒരു പംക്തി വന്നിട്ടുണ്ട്. അത് വളരെ ഐ ഓപ്പണർ ആണ്. വിനോദസഞ്ചാരികൾക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ചർ, ട്രാൻസ്പോർട്ടിംഗ്, അക്കോമഡേഷൻ, ക്ലീൻലിനസ് തുടങ്ങിയ കാര്യങ്ങളൊക്കെ കാണിച്ചുകൊണ്ട് പ്രകൃതിരമണീയമായ കേരളത്തെക്കുറിച്ച് മാർക്കറ്റിംഗ് നടത്തുമ്പോൾ, മാർക്കറ്റിംഗിന് മന്ത്രി നിർദ്ദേശിച്ച ചില മാർഗ്ഗങ്ങൾക്കും അപ്പുറമായി 'സഫാരി ചാനൽ', 'യാത്ര' പോലുള്ള മാസികകൾ ഇവയൊക്കെ വരുമ്പോൾ അതിലൂടെ കേരളത്തിലെ കാര്യങ്ങളെക്കുറിച്ച് കൂടുതൽ വിവരണം നൽകാൻ എന്ത് നടപടിയാണ് തുടർന്ന് നൽകാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീലങ്കൻ ടൂറിസവുമായി കേരള ടൂറിസത്തെ താരതമ്യപ്പെടുത്തിയാണ് പറഞ്ഞത്. അത്തരം കാര്യങ്ങളിൽ നമുക്ക് വളരെയധികം പരിമിതികളുണ്ട്. ശ്രീലങ്കൻ ടൂറിസവും അവിടെ പ്രവർത്തിക്കുന്ന പല കാര്യങ്ങളും നമുക്ക് കേരളത്തിൽ നടത്താനോ ആ രീതിയിൽ കേരള ടൂറിസം മുന്നോട്ടുകൊണ്ടുപോകാനോ കഴിയില്ല. പക്ഷെ ശ്രീലങ്കയിൽ ചെയ്യുന്ന ചില കാര്യങ്ങൾ, ഉദാഹരണത്തിന് അവിടെ ഹർത്താലോ ബന്ദോ ഇല്ല ;—അതോടൊപ്പം സീപ്ലെയിൻ നമ്മളിവിടെ കൊണ്ടുവന്നപ്പോൾ അതിനെതിരായി ഉയർന്നുവന്ന ഒരു വികാരമുണ്ട്, പക്ഷെ ഇന്ന് തൊട്ടടുത്ത

ശ്രീലങ്കയിൽത്തന്നെ മത്സ്യബന്ധനവും സീപ്ലെയിൻ സർവ്വീസും വളരെ നന്നായി നടക്കുന്നു. അത്തരം കാര്യങ്ങളിൽ ചില മാറ്റങ്ങൾ ഉള്ളതിൽ ഉൾക്കൊള്ളാവുന്നവ ഉൾക്കൊള്ളുകയും ചെയ്യണം. അതോടൊപ്പം പൂർണ്ണമായും ശ്രീലങ്കയെ ആശ്രയിച്ചു കൊണ്ട് ശ്രീലങ്കൻ മോഡൽ ടൂറിസം കേരളത്തിൽ സാദ്ധ്യമാണെന്ന് തോന്നുന്നില്ല.

ശ്രീ. ജോസ് തെറ്റയിൽ : സർ, ഇതോടൊപ്പംതന്നെ ഡൊമസ്റ്റിക്കായുള്ള ടൂറിസ്റ്റുകളുടെ ഡെവലപ്മെന്റിനുവേണ്ടി നമ്മുടെ പിൽഗ്രിമുമായി ബന്ധപ്പെടുത്തി ഒരു വൺഡേ ടൂറിസം സർക്യൂട്ട് പലയിടത്തും നടത്താൻ കഴിയും. ഉദാഹരണത്തിന്, കാലടി, മലയാറ്റൂർ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾ അവിടെയുള്ള പ്രകൃതിരമണീയമായ സ്ഥലങ്ങൾ, ആനക്കൊട്ടിൽ, കോടനാട്, ഏഴാറ്റുമുഖം, അതിരപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിലേക്ക് ഒരു വൺഡേ ടൂറിസം സർക്യൂട്ട് ഡെവലപ്മെന്റ് നമുക്ക് ഏറ്റവും കൂടുതൽ സാദ്ധ്യമാണ്. 'ഓർഡിനറി' എന്ന ഒറ്റ സിനിമകൊണ്ട് ഗവി എന്ന പ്രദേശം കൂടുതൽ അറിയപ്പെടുകയുണ്ടായി. അത്തരത്തിൽ നമ്മുടെ സംസ്ഥാനത്തെ കുറിച്ച് ലോക്കലായുള്ള അവയർനെസ് ജനങ്ങളിൽ വർദ്ധിപ്പിച്ചാൽ, ഏതെല്ലാം സ്ഥലങ്ങളിൽ ഇതുപോലെ കഴിയുമെന്നതിനെക്കുറിച്ച് കൂടുതൽ ആളുകൾക്ക് അവബോധം ഉണ്ടാക്കി കഴിഞ്ഞാൽ, കൂടുതൽ ടൂറിസ്റ്റുകൾ ഇവിടേയ്ക്ക് വരും. ഇത്തരത്തിൽ പിൽഗ്രിം ടൂറിസം ഡെവലപ്മെന്റിന്റെ ഭാഗമായി കാലടി, മലയാറ്റൂർ, മഹാഗണിത്തോട്ടം, കോടനാട്, ഏഴാറ്റുമുഖം തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് ഒരു വൺഡേ ടൂറിസം സർക്യൂട്ട് ഡെവലപ് ചെയ്ത് കൂടുതൽ ആളുകളെ ആകർഷിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, കാലടി, മലയാറ്റൂർ, ഏഴാറ്റുമുഖം തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്യൂട്ടിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഈ മേഖലയിൽ ടൂറിസം ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് ഇതെല്ലാം ബന്ധിപ്പിച്ചുകൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. ഒരു വൺഡേ ട്രിപ്പ് എന്നുള്ള നിലയിൽ ഡി.ടി.പി.സി.-യുടെ നേതൃത്വത്തിൽ പല ജില്ലകളിലും ഇത്തരം സർക്യൂട്ടുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ട്രിപ്പുകൾ ഇന്ന് നടക്കുന്നുണ്ട്. ഈ ഒരു കാര്യം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കും. അതുപോലെ ഗവി, അടവി, കോന്നി തുടങ്ങിയ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സർക്യൂട്ടിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ മാത്യു റ്റി. തോമസിനുവേണ്ടി (ശ്രീ. ബി. ഡി. ദേവസ്സി) : സർ, പ്രതിവർഷം പത്ത് ലക്ഷത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന അതിരപ്പിള്ളി അനുബന്ധ ടൂറിസം മേഖലയിൽ അവിടുത്തെ ഡി.എം.സി. ടെലിക്യാം ഷൂട്ടിംഗും

സംസ്ഥാനത്ത് ആദ്യമായി ത്രീ-ഡി ബ്രോഷറും സജ്ജമാക്കിയിരിക്കുകയാണ്. അതുപോലെതന്നെ ഇവിടത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി സ്വന്തമായി വാഹനം വാങ്ങി അതിരപ്പിള്ളി - മലക്കപ്പാറ വൈൽഡ് ലൈഫ് സവാരി പ്രോഗ്രാം ഒരുക്കിയിട്ടുണ്ട്. അതുപോലെതന്നെ മൊബൈൽ ആപ്ലിക്കേഷൻ, എ.ടി.എം. തുടങ്ങിയ ആധുനിക സംവിധാനങ്ങളോടുകൂടിയ ഇൻഫർമേഷൻ സെന്ററിന്റെ നിർമ്മാണവും അതിരപ്പിള്ളിയിൽ നടക്കുകയാണ്. ടൂറിസ്റ്റുകൾക്കാവശ്യമായ സൗകര്യമൊരുക്കുക എന്നതാണ് ഇവിടത്തെ ഒരു പ്രധാന പ്രശ്നം. അതിനുവേണ്ടി അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനടുത്തായി റോഡിനോട് ചേർന്ന് ഒരേക്കർ ഇരുപത് സെന്റ് സ്ഥലമുണ്ട്. അവിടെ താമസ സൗകര്യവും അതുപോലെ ഷോപ്പിംഗും പാർക്കിംഗും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ഒരു പ്രോജക്ടും എസ്റ്റിമേറ്റും, വെള്ളച്ചാട്ടം ആസ്വദിക്കാൻവേണ്ടി വെള്ളച്ചാട്ടത്തോട് ചേർന്ന് ഒരു കാർ റോപ് വേയുടെ പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി തന്നിട്ടുണ്ട്. അതിന് അനുമതി നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അതിരപ്പിള്ളി വെള്ളച്ചാട്ടവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് എം.എൽ.എ. തന്നെ ഇവിടെ സൂചിപ്പിച്ചു. ഒരു വൺഡേ ട്രിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ അവിടെ ഡി.എം.സി. തന്നെ നേതൃത്വമെടുത്തുകൊണ്ട് നടത്തുകയും സ്വന്തമായി വാഹനം വാങ്ങിക്കുകയുമൊക്കെ ചെയ്തതാണ്. അതോടൊപ്പം ഈ ഗവൺമെന്റ് വന്നതിനുശേഷം ഏകദേശം അഞ്ചുകോടി രൂപ ചെലവഴിച്ചുകൊണ്ട് അതിരപ്പിള്ളി പുഴയ്ക്ക് കുറുകെയുള്ള തൂക്കുപാലത്തിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു പദ്ധതികളും അവിടെ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് അവിടെ ചെയ്യാൻ പറ്റുന്ന കാര്യമാണോ എന്ന് പരിശോധിച്ചതിനുശേഷം അനുവദിക്കുന്നതാണ്.

ശ്രീമതി ജമീലാ പ്രകാശത്തിനുവേണ്ടി <u>(ശ്രീമതി ഇ. എസ്. ബിജിമോൾ)</u> : സർ, ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രമായ കുമിളി ഇന്ന് അനുഭവിക്കുന്ന പ്രതിസന്ധികളെക്കുറിച്ച് അങ്ങേയ്ക്ക് നന്നായി അറിയാം. ഗവി, പാഞ്ചാലിമേട്, പരുന്തുംപാറ, പുല്ലുമേട് അടക്കം വരുന്ന ഇന്റർനാഷണൽ ടൂറിസം സർക്യൂട്ടുകളെ ചേർത്തുകൊണ്ടും കുമിളിയിലെ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടും ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, തീർച്ചയായും കുമിളി നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാണ്. ഇതിനകംതന്നെ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി കുമിളിയുടെ ഡെവലപ്മെന്റും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റും

ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയുള്ള പണം ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. സി. കെ. നാണുവിനുവേണ്ടി (ശ്രീ. എസ്. ശർമ്മ) : സർ, കേരളീയ സംസ്കാരത്തിന്റെ കളിത്തൊട്ടിലായി ചരിത്രം കണക്കാക്കുന്നതാണ് മുസിരീസ് പ്രോജക്ട്. യൂറോപ്പിന്റേയും അറബി രാജ്യങ്ങളുടേയും ചൈനയുടേയുമെല്ലാം ചരിത്ര പരമായ വ്യാപാരബന്ധങ്ങളെ അടയാളപ്പെടുത്തുന്ന ഒന്നാണ് മുസിരീസ് മേഖല. ടൂറിസത്തിന്റെ വികസനത്തിന് ഭാരതത്തിനുതന്നെ ഒരു മോഡൽ പ്രോജക്ടായിരി ക്കണം എന്ന് കണക്കാക്കി വിഭാവന ചെയ്യുതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടക്കംകുറിച്ചതും ഇപ്പോൾ നടന്നുവരുന്നതുമായ മുസിരീസ് പ്രോജക്ട് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത് ? ആ പദ്ധതിയുടെ പരിധിയിൽ വരുന്ന ഒരു പ്രധാനപ്പെട്ട ബീച്ച് ടൂറിസം സെന്ററായ ചെറായി ഇന്ന് നല്ല സ്കോപ്പുള്ള ഏരിയയാണ്. അതിന്റെ ഡെലപ്മെന്റിന് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, മുസിരീസ് പ്രോജക്ട് കേരള ടൂറിസത്തെ സംബന്ധിച്ചിടത്തോളം ഇനി വരാനുള്ള നാളുകളുടെ വാഗ്ദാനമാണ്. കഴിഞ്ഞ കാലങ്ങളിൽ ഒട്ടനവധി പ്രോജക്ടുകൾ കേരള ടൂറിസം ലോകത്തിന് മുന്നിൽ സമർപ്പിച്ചു. അവ ഏറ്റവും ജനകീയമായി മാറിയ സാഹചര്യത്തിൽ ഇനി നമുക്ക് അവതരിപ്പിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒന്ന് മുസിരീസ് പ്രോജക്ടാണ്. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്ന് വാണിജ്യാവശ്യത്തിനുവേണ്ടി കേരളത്തിലേയ്ക്ക് എത്തിച്ചേർന്ന പ്രധാനപ്പെട്ട കൊടുങ്ങല്ലൂരിലെ തുറമുഖമായ മുസിരീസിന്റെ പുനരാവിഷ്കാരവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ അതിനാവശ്യമായ പണം അനുവദിക്കുകയും ഒന്നാംഘട്ട പ്രവർത്തനങ്ങൾ ഏകദേശം 95 ശതമാനവും പൂർത്തീകരിക്കുകയും ചെയ്തു. ജനുവരി മാസത്തോടുകൂടിത്തന്നെ നമുക്ക് അത് കമ്മീഷൻ ചെയ്യാൻ കഴിയുന്ന സാഹചര്യമാണുള്ളത്. മുസിരീസ് പ്രോജക്ടിന്റെ ഏറ്റവും അടുത്തുള്ള മനോഹരമായ ബീച്ച് എന്ന് പറയാവുന്ന ചെറായി ബീച്ച് വികസിപ്പിക്കുന്ന കാര്യത്തിലും എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, വിനോദ സഞ്ചാരികളെ ആകർഷിക്കാനുതകുന്ന നൂതന പദ്ധതിയാണ് സീപ്ലെയിൻ. അങ്ങ് വയനാട്ടി ലെത്തുമ്പോഴും മറ്റ് പല യോഗങ്ങളിലും അതിനെ സംബന്ധിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട്

ജില്ലയിലെ കാരാപ്പുഴ, ബാണാസുരസാഗർ ഡാമുകളിൽ സീപ്ലെയിൻ പദ്ധതി നടപ്പാക്കുമെന്ന് പറഞ്ഞിരുന്നു. അത് എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, കേരള ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നായിട്ടാണ് സീപ്ലെയിൻ പദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. GIM-ൽ ഏറ്റവും കൂടുതൽ അപേക്ഷകർ സീപ്ലെയിനിന് ഉണ്ടായിരുന്നു. ഏതാണ്ട് 55-ഓളം ആളുകൾ സീപ്ലെയിൻ ആരംഭിക്കാമെന്നുള്ള തയ്യാറെടുപ്പുമായി വന്നതിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് ടൂറിസം വകുപ്പ് ആ പ്രവർത്തനവുമായി മുന്നോട്ടു പോയത്. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, നമുക്ക് അതിന്റെ ഉദ്ഘാടനം നടത്താൻ കഴിഞ്ഞെങ്കിലും പിന്നീട് ഉണ്ടായ കാര്യങ്ങൾ നിരാശയുളവാക്കുന്നതായിരുന്നു. ഇവിടെ ശ്രീലങ്കയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ മത്സ്യബന്ധനം നടത്തുന്ന ശ്രീലങ്കയിൽ ജലവിമാനങ്ങൾ ഇന്ന് ധാരാളമുണ്ടെന്ന് പറയുന്നു. തൊട്ടപ്പുറത്ത് മാലിയിൽ ഇന്ന് വളരെയധികം സീപ്ലെയിനുകളുണ്ട്. കേരളത്തിൽ ഈ പദ്ധതിയുമായി വന്നപ്പോൾ 55-ഓളം അപേക്ഷകരുണ്ടായിട്ടും എതിർപ്പുകളെ തുടർന്ന് വളരെ ചുരുക്കം ആളുകളാണ് മുന്നോട്ടു വന്നത്. ഉദ്ഘാടനം നടത്തിയതിനുശേഷം എതിർപ്പുകൾ ഉണ്ടായതിനെ തുടർന്ന് പദ്ധതി തൽക്കാലം നിർത്തി വയ്ക്കേണ്ടിവന്നു. ടൂറിസം വകുപ്പിനെ സംബന്ധിച്ചിടത്തോളം സീപ്ലെയിൻ പദ്ധതി ഏറ്റവും പ്രധാനപ്പെട്ടതാണ് എന്നുള്ളതുകൊണ്ടുതന്നെ എന്തൊക്കെ പ്രയാസങ്ങളുണ്ടെങ്കിലും ഇത് കേരളത്തിൽ ആരംഭിക്കും. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഇവിടെ സീപ്ലെയിൻ കൊണ്ടുവന്നു കഴിഞ്ഞാൽ അത് ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നൊരു സാഹചര്യം ഉണ്ടാകുമോ എന്ന ആശങ്കയാണ് പലരേയും ഇതിൽനിന്ന് പിന്തിരിപ്പിക്കുന്നത്. എന്നിരുന്നാലും ഏത് പ്രതികൂല സാഹചര്യത്തിലും ആ പദ്ധതി കേരളത്തിൽ നടപ്പാക്കുമെന്ന് അറിയിക്കുകയാണ്.

ശ്രീമതി കെ. കെ. ലതിക : സർ, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ലോകനാർകാവ് ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായതാണ്. The Uralungal Labour Contract Co-operative Society (*ULCCS*)-യാണ് അതിന്റെ വർക്ക് നടത്തുന്നത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്താൽ മാത്രമേ രണ്ടാംഘട്ടം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഈ ടൂറിസം മേഖല ബഹുമാനപ്പെട്ട മന്ത്രിതന്നെ സന്ദർശിച്ചിട്ടുള്ളതാണ്. രണ്ടാംഘട്ടം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, ലോകനാർകാവ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഒന്നാംഘട്ട പ്രവർത്തനങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കുകയും അത് പൂർത്തീകരിക്കുകയും ചെയ്തതാണ്. ബഹുമാനപ്പെട്ട അംഗം ആ പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തി തുടങ്ങണമെന്നും പൂർത്തീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, നമ്മുടെ സംസ്ഥാനം സാംസ്കാരിക വൈവിധ്യം കൊണ്ട് സമ്പന്നമാണ്. നമ്മുടെ ഓരോ നാടിനും അതിന്റേതായ പ്രത്യേകതകളുണ്ട്. പുറത്തുനിന്നുള്ള ടൂറിസമായാലും ഇന്റേണൽ ടൂറിസമായാലും മറ്റുള്ള ടൂറിസ്റ്റുകൾക്ക് അത് സംബന്ധിച്ച് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാനും കൂടുതൽ ഉൾക്കൊള്ളാനും പറ്റുന്ന വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ഉദാഹരണത്തിന് സാംസ്കാരിക സമ്പന്നതകൊണ്ട് സമൃദ്ധമായ വെട്ടത്തുനാട് എന്നറിയപ്പെടുന്ന ഇപ്പോഴത്തെ തിരൂർ താലൂക്ക്, നാവാമുകുന്ദ ക്ഷേത്രം, മാമാങ്കം, തുഞ്ചൻപറമ്പ്, ആഴ്വാഞ്ചേരി തമ്പ്രാക്കൻമാർ, നാരായണീയം രചിച്ച മേൽപ്പത്തൂർ ഭട്ടതിരിപ്പാട്, വള്ളത്തോൾ അങ്ങനെ എല്ലാംകൊണ്ടും സമ്പന്നമായ പ്രദേശമാണ്. അതുപോലെ പഴയകാലത്ത് വാനനിരീക്ഷണം നടത്തി വാനനിരീക്ഷണ ശാസ്ത്രത്തിൽ പ്രഗത്ഭരായ ആളുകൾപോലുമുണ്ട്. വാഗൺ ട്രാജഡി ഉൾപ്പെടെയുള്ള സംഭവങ്ങൾ ഇവിടെയാണ് നടന്നത്. ഇതൊന്നും പുതുതായി വരുന്ന തലമുറയ്ക്ക് പറഞ്ഞു കൊടുക്കാനോ മനസ്സിലാക്കിക്കൊടുക്കാനോ കഴിയാതെ പോവുകയാണ്. ഇവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് സംസ്കാരത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും പഠിക്കാനുതകുന്ന വിധത്തിൽ അതിനനുസൃതമായ ലേസർഷോ പോലെയുള്ള ഷോകളും അവരെ ആകർഷിപ്പിക്കുന്ന രീതിയിലുള്ള മറ്റ് പദ്ധതികളും ഉപയോഗപ്പെടുത്തി നല്ലൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ അങ്ങ് തയ്യാറാകുമോ ?

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, ബഹുമാനപ്പെട്ട അംഗം ഇത്തരമൊരു പദ്ധതിയെക്കുറിച്ച് ഗവൺമെന്റിന് മുമ്പിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റിന് സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഉൾപ്പെടെ ചില പരിമിതികളുണ്ട്. നമ്മുടെ എല്ലാ പ്രദേശത്തിനും അതിന്റേതായ പാരമ്പര്യവും സംസ്കാരവും പശ്ചാത്തലവുമൊക്കെയുണ്ട്. പ്രത്യേകിച്ച് അദ്ദേഹം സൂചിപ്പിച്ച തിരൂരിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട തുഞ്ചൻപറമ്പ് ഉൾപ്പെടെയുള്ള പ്രദേശത്തിന് അതിന്റേതായ ഒരു സാംസ്കാരികവും ഭാഷയുടേതുമായ പശ്ചാത്തലമുണ്ട് എന്നുള്ളതുകൊണ്ടുതന്നെ അത്തരമൊരു പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീമതി ഗീതാ ഗോപി : സർ, കേരളത്തിലെ ഏറ്റവും നല്ല വിനോദ സഞ്ചാരകേന്ദ്രമെന്ന ബഹുമതി കിട്ടിയ സ്ഥലമാണ് നാട്ടിക മണ്ഡലത്തിലെ സ്നേഹതീരം. ദിനംപ്രതി സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമായി ലക്ഷക്കണക്കിന് ടൂറിസ്റ്റുകൾ ഈ കേന്ദ്രത്തിലേയ്ക്ക് ഒഴുകിയെത്തുന്നു. 2007-ൽ സ്ഥാപിതമായിട്ടുള്ള ഈ സ്നേഹതീരം ടൂറിസം സെന്റർ നിലവിലുള്ള ഫുഡ് കോർട്ട് അല്ലെങ്കിൽ ചിൽഡ്രൻസ് പാർക്കിന്റെ ഒരു സംവിധാനത്തോടുകൂടിയാണ് ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നത്. ഡി.ടി.പി.സി. സെക്രട്ടറിയും എക്സിക്യൂട്ടീവ് എഞ്ചിനീയറും സ്നേഹതീരം ഡെസ്റ്റിനേഷൻ കേന്ദ്രത്തിന്റെ നിലവിൽ വരുന്ന റിപ്പയറിംഗും മെയിന്റനൻസും ഫെൻസിംഗ് വർക്കും അടിയന്തരമായി നടത്തുന്നതിന് അവിടെ സന്ദർശിച്ച് പ്രോജക്ടുകളും ഡാറ്റാസും ഡിസൈനുകളും തയ്യാറാക്കി പുതിയ രണ്ട് പ്രൊപ്പോസലുകൾ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഈ രണ്ട് പ്രോജക്ടുകളും കുറേക്കൂടി വികസിപ്പിച്ചെടുത്ത് ടൂറിസ്റ്റുകളെ, പ്രത്യേകിച്ച് നാട്ടികയിലെ തീരദേശമേഖലയിൽ വരുന്ന ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിലുള്ളൊരു വികസന സാധ്യത ഉൾക്കൊണ്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിന് അനുമതി നൽകണം. ഏകദേശം 50-75 ലക്ഷത്തോളം രൂപയുടെ പ്രൊപ്പോസലാണ് തന്നിട്ടുള്ളത്. അത് അടിയന്തരമായി അനുവദിക്കണം. ഇതുപോലെ വികസിപ്പിച്ചെടുക്കാവുന്ന ഒരു ടൂറിസം സെന്ററാണ് നാട്ടിക ബീച്ച്. പാരാഗ്ലൈഡിംഗ് പോലെയുള്ള സംവിധാനം നടത്തുന്ന ഒരു സെന്ററാണിത്. നാട്ടിക ബീച്ചിന്റെ സ്ഥലസംവിധാനം ഉപയോഗിച്ച് അതിനെക്കൂടി ഒരു ടൂറിസം കേന്ദ്രമാക്കി നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. പി. അനിൽകുമാർ : സർ, കടൽത്തീരംകൊണ്ട് സമ്പന്നമായ നമ്മുടെ നാട്ടിൽ വളരെയധികം ബീച്ചുകളുണ്ട്. നമ്മുടെ ബീച്ചുകൾ മനോഹര മാക്കാമെന്നുള്ളതിന്റെ തെളിവുതന്നെയാണ് 2007-ൽ ആരംഭിച്ച സ്നേഹതീരം പ്രോജക്ട്. പ്രദേശത്തുള്ളവരും ചുറ്റുവട്ടത്തുള്ളവരുമൊക്കെ വൈകുന്നേരങ്ങളിൽ സന്ദർശിക്കുന്ന മനോഹരമായൊരു കടൽത്തീരമായി അവിടെ മാറിയിരിക്കുക യാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച സ്നേഹതീരം പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ചടുലമാക്കുന്നതിനും കൂടുതൽ നന്നാക്കിയെടുക്കുന്നതിനു മായി സമർപ്പിച്ചിട്ടുള്ള 50 ലക്ഷം രൂപയുടെ പ്രോജക്ട് നിർബന്ധമായും അംഗീകരിക്കും. അത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, സംസ്ഥാനത്തെ ഓരോ ജില്ലകൾക്കും അനന്തമായ ടൂറിസം സാധ്യതകളുണ്ട്. പക്ഷേ അതിന് പ്രാദേശികമായി പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പിൽവരുത്താനും ഏൽപ്പിച്ചിട്ടുള്ള ഏജൻസി

ഡി.ടി.പി.സി.-യാണ്. പക്ഷേ അത് വെറും നാമമാത്രമായിരിക്കുകയാണ്. പ്രൊഫഷണലിസവും ഭാവനാപൂർണ്ണവും ആകർഷണീയവുമായ പദ്ധതികൾ കോ-ഓർഡിനേറ്റ് ചെയ്യാനും നടപ്പിൽ വരുത്താനും കുറേക്കൂടി പരിജ്ഞാനവും പ്രൊഫഷണലിസവുമുള്ള ഒരു സംവിധാനം ഏർപ്പെടുത്താൻ തയ്യാറുണ്ടോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ശ്രദ്ധേയമായിട്ടുള്ളതാണ്. പഴയ കാലത്ത് ഡി.ടി.പി.സി.-കൾക്ക് ടൂറിസം ഫണ്ട് അനുവദിക്കുമ്പോൾ വളരെ പരിമിതമായ ഫണ്ട് ആയിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ അതിലൊക്കെ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഡി.ടി.പി.സി. കൂടുതൽ strengthen ചെയ്യണമെന്ന അദ്ദേഹത്തിന്റെ ആവശ്യം തീർച്ചയായും അംഗീകരിക്കാവുന്ന കാര്യമാണ്. നിലവിലുള്ള ഒരു ബൈലോ അനുസരിച്ചാണ് ഇപ്പോൾ ഡി.ടി.പി.സി.-യുടെ പ്രവർത്തനം നടത്തുന്നത്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് ഡി.ടി.പി.സി.-കൾ കൂടുതൽ ശക്തമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. എ. എം. ആരിഫ് : സർ, കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. ചിരഞ്ജീവി വന്ന് ഉദ്ഘാടനം ചെയ്ത ആലപ്പുഴ മെഗാടൂറിസം സർക്യൂട്ട് പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ള അരൂക്കുറ്റി ബോട്ട് ടെർമിനൽ, തഴിപ്പ് തുടങ്ങിയിട്ടുള്ള വിവിധ പദ്ധതികളിൽ പലതും മുടങ്ങിക്കിടക്കുകയാണെന്ന് അങ്ങേയ്ക്ക് അറിയാം. അങ്ങ് ഇതിനായി ഒരു യോഗം വിളിച്ചിരുന്നെങ്കിലും അതിന്റെ പ്രവൃത്തി ഒരു ഇഞ്ചുപോലും മുന്നോട്ടു നീങ്ങിയില്ല. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ മണ്ഡലത്തിൽവരെ വർക്ക് മുടങ്ങി കിടക്കുകയാണ് എന്നാണ് എന്റെ അറിവ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അരൂക്കുറ്റിയിലെ ഒരു ബോട്ട് ടെർമിനൽ. ആ ബോട്ട് ടെർമിനലിന്റെ പണി പൂർത്തീകരിക്കാനുള്ള പ്രധാനപ്പെട്ട തടസ്സം എന്നുപറയുന്നത് എക്സൈസ്, ഇറിഗേഷൻ, ഹെൽത്ത് എന്നീ വകുപ്പുകളുടെ കൈവശമുള്ള സ്ഥലത്തെ പെർമിസീവ് സാങ്ഷൻ ലഭിക്കുന്നത് സംബന്ധിച്ചാണ്. അതിനുവേണ്ടി ഞാൻ കഴിഞ്ഞ കുറേ നിയമസഭകളിലായി അൺസ്റ്റാർഡ് ചോദ്യം ചോദിക്കുകയും അതിനെല്ലാം അങ്ങ് ഇപ്പോൾ പരിഹരിക്കാമെന്ന് മറുപടി തന്നുകൊണ്ടിരിക്കുകയുമാണ്. ഇത് സംബന്ധിച്ച് നിയമസഭയിൽ സബ്മിഷനും ഞാൻ ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അങ്ങേയ്ക്കും ആറേഴ് തവണ കത്തും തന്നു. പലതരത്തിൽ ബന്ധപ്പെട്ടിട്ടും തൊട്ടടുത്ത് വലതുവശത്തിരിക്കുന്ന എക്സൈസ് വകുപ്പുമന്ത്രി

ഇക്കാര്യം പറയുമ്പോഴേ ഇറങ്ങിയങ്ങ് പോവുകയാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പെർമിസീവ് സാങ്ഷൻ വാങ്ങിയാൽ ആ പദ്ധതിയെങ്കിലും പൂർത്തീകരിക്കാൻ കഴിയും. തഴിപ്പിൽ റീ-ഡിസൈൻ ചെയ്യണം. അതിനുള്ള നടപടിയും ചെയ്തേ മതിയാവൂ. അക്കാര്യം ചെയ്യണമെന്ന് യോഗത്തിൽ തീരുമാനിച്ചതാണ്. പക്ഷേ അതും നടക്കുന്നില്ല. കേന്ദ്രസർക്കാരിന്റെ സഹായത്തോടെയുള്ള പദ്ധതിയായതിനാൽ പ്രവൃത്തി നടന്നില്ലെങ്കിൽ രണ്ട് കൊല്ലം കഴിയുമ്പോൾ  അവർ പണം തിരിച്ചെടുക്കും. സർക്യൂട്ട് ടൂറിസം പ്രോജക്ട് അരൂർ മണ്ഡലത്തിൽ മാത്രമല്ല, മറ്റ് മണ്ഡലങ്ങളിലും തുടങ്ങാൻ പോവുകയാണ്. ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് അങ്ങ് ഈ അനങ്ങാപ്പാറനയം സ്വീകരിക്കുന്ന തെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച Alappuzha Backwater Tourism Project ഏറ്റവും നന്നായി നടക്കുന്ന പ്രോജക്ടുകളിൽ ഒന്നാണ്. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ സൂചിപ്പിച്ച ഈ രണ്ട് പദ്ധതികളും വേണ്ട രീതിയിൽ മുന്നോട്ടു പോകുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അവിടെയുള്ള ജനങ്ങളിൽനിന്നുതന്നെ അതിനെതിരായൊരു സമീപനം ഉണ്ടായി എന്നുള്ളതാണ് അതിന് കാരണം. ജനങ്ങളുടെ പിന്തുണ ലഭിക്കാത്തതുകൊണ്ടാണ് ഈ പ്രവൃത്തി അവിടെ നടക്കാതെ പോയത്. രണ്ടാമത്തെ കാര്യം, പലപ്പോഴും ഇറിഗേഷൻ, പോർട്ട് തുടങ്ങിയ പല ഡിപ്പാർട്ടുമെന്റുകളുടെയും കീഴിലുള്ള സ്ഥലങ്ങളിലാണ് ടൂറിസം വകുപ്പ് പദ്ധതിക്കായി പണം അനുവദിക്കുന്നത്. പക്ഷേ പണം അനുവദിച്ച് എ.എസ്. കൊടുത്ത് മുന്നോട്ടുപോകുന്ന സമയങ്ങളിലായിരിക്കും പല എതിർപ്പുകളും വരുന്നത്. ഇവിടെ നമുക്കാവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് അത് സംബന്ധിച്ച് അറിയാവുന്നതാണ്. ഞാൻ പലപ്പോഴും ഇക്കാര്യം സംബന്ധിച്ച് മീറ്റിംഗ് വിളിച്ചിരുന്നു. പക്ഷേ ജനങ്ങളുടെ എതിർപ്പു കൊണ്ടും സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടുമാണ് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തത്. ഈ രണ്ട് കാര്യങ്ങളും എങ്ങനെയെങ്കിലും പരിഹരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, പ്രധാനമന്ത്രി മുഖ്യമന്ത്രിമാരുമായി നടത്തിയ ചർച്ചയുടെ ചില വാർത്തകൾ പത്രങ്ങളിൽ വന്നു. ഓരോ സ്റ്റേറ്റിന്റേയും യുണീക് സെല്ലിങ് പ്രൊപ്പോർഷൻ അവരുടെ ഏറ്റവും വലിയ പൊട്ടൻഷ്യൽ എന്താണെന്ന്

തിരിച്ചറിഞ്ഞ് അത സംബന്ധിച്ച ഡിസ്കഷനാണ് നടത്തിയത് എന്ന് വായിക്കാൻ കഴിഞ്ഞു. കേരളത്തിൽ ഏറ്റവും പ്രധാനമായും ടൂറിസത്തെ ബന്ധപ്പെടുത്തിയാണ് ചർച്ചകൾ നടന്നത് എന്നറിഞ്ഞു. അത് കേരളത്തിന് എത്ര ഗുണകരമാകും, ചർച്ചയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിമാരുമായി പ്രധാനമന്ത്രി നടത്തിയ ചർച്ച നടന്നത് ഇക്കഴിഞ്ഞ ദിവസമായിരുന്നു. ഞാൻ മനസ്സിലാക്കിയത് ഇന്ത്യയിലെ ഓരോ മുഖ്യമന്ത്രിമാരുമായി ഓരോ കാര്യങ്ങളെക്കുറിച്ചാണ് പ്രധാനമന്ത്രി സംസാരിച്ചത് എന്നാണ്. കേരളത്തിലെ മുഖ്യമന്ത്രിയുമായി സംസാരിച്ചത് കേരള ടൂറിസവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കർണ്ണാടക മുഖ്യമന്ത്രിയുമായി സംസാരിച്ചത് ഐ.ടി.യുമായി ബന്ധപ്പെട്ട വിഷയമാണ്. അങ്ങനെ ഓരോ മുഖ്യമന്ത്രിമാരുമായി വിവിധ വിഷയങ്ങൾ സംസാരിച്ച കൂട്ടത്തിൽ, ഇവിടെ കേരളാ ടൂറിസത്തിന്റെ പ്രവർത്തനങ്ങൾ എങ്ങനെ നടത്തുന്നു എന്ന കാര്യമാണ് പ്രധാനമന്ത്രി അറിയാൻ ആഗ്രഹിച്ചതും, മുഖ്യമന്ത്രിയുമായി സംസാരിച്ചതും. അത് കേരളാ ടൂറിസത്തിന് കിട്ടിയ വലിയ അംഗീകാരമാണ്. ഞാൻ കേരളത്തിന്റെ അംബാസിഡറായിട്ടാണ് വന്നിരിക്കുന്നത് എന്ന് മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് പറഞ്ഞ് കാര്യങ്ങൾ അവതരിപ്പിക്കുകയും കേരളാ ടൂറിസം ഇന്ത്യൻ ടൂറിസത്തിന് മാതൃകയാകുന്നുണ്ട് എന്ന വിവരം അറിയിക്കുകയും ചെയ്തു. പ്രധാനമന്ത്രി കേരളത്തിലെ വളരെയേറെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു എന്നാണ് മുഖ്യമന്ത്രി അതുമായി ബന്ധപ്പെട്ട് എന്നോട് സംസാരിച്ചത്. തീർച്ചയായും അത് കേരളാ ടൂറിസത്തിനുള്ള വലിയ അംഗീകാരമായി കാണുകയാണ്.

ശ്രീ. കെ. വി. വിജയദാസ് : സർ, കേരളത്തിന്റെ കാലാവസ്ഥയും പ്രകൃതി ഭംഗിയും ആസ്വദിക്കാനാണ് സഞ്ചാരികൾ ബഹുഭൂരിപക്ഷവും കേരളത്തിൽ എത്തുന്നത്. അതിലേറ്റവും കൂടുതൽ പ്രകൃതിരമണീയമായ സ്ഥലമാണ് പാലക്കാട് ജില്ല. പാലക്കാട് ജില്ലയിലെ സൈലന്റ് വാലി, കാഞ്ഞിരപ്പുഴ ഡാം, ശിരുവാണി, നെല്ലിയാമ്പതി, മീൻവല്ലം, പറമ്പിക്കുളം എന്നിവയെയെല്ലാം കൂട്ടിയിണക്കി ഒരു ടൂറിസം സർക്യൂട്ടിന് രൂപം കൊടുക്കുന്നതിനുവേണ്ടിയുള്ള ആക്ഷൻ പ്ലാനിലേക്ക് കടക്കുമോ ? ബഹുമാനപ്പെട്ട മന്ത്രി ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കുമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പാലക്കാട് ജില്ലയിലെ ടൂറിസം രംഗത്തെ സാഹചര്യം വളരെ വലുതാണ്. നമുക്ക് അത് വേണ്ടതുപോലെ വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല. ഇവിടെ സൂചിപ്പിച്ചതു

പോലെതന്നെ നെല്ലിയാമ്പതിയും, പറമ്പിക്കുളത്തിനോട് തൊട്ടു കിടക്കുന്ന മലമ്പുഴയും, മണ്ണാർക്കാടുമെല്ലാം വളരെയേറെ സാധ്യതയുള്ള സ്ഥലങ്ങളാണ്. പാലക്കാട് ജില്ലയിൽ ഗവൺമെന്റ് വളരെയേറെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും അത് പൂർണ്ണമായും സംയോജിപ്പിച്ച് ടൂറിസം വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നമുക്ക് എല്ലാ കാര്യങ്ങളും ഒരുപോലെ മുന്നോട്ട് കൊണ്ടുപോകുന്നതിന് സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ട്. എങ്കിലും പാലക്കാട് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. എം. എ. വാഹീദ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ ആക്കുളം ടൂറിസ്റ്റ് വില്ലേജ്, വളരെയേറെ അനന്തമായ ടൂറിസത്തിന് സാദ്ധ്യതയുള്ളതാണ്. കായൽ ടൂറിസത്തിനും കടൽ ടൂറിസത്തിനും സീപ്ലെയിൻ വരാനും പോകാനും പറ്റിയ സ്ഥലമാണ്. കഴിഞ്ഞ 4 വർഷമായി അത് മുരടിച്ചു കിടക്കുകയാണ്. അവിടെയുള്ള ബോട്ടുകളെല്ലാം തുരുമ്പുപിടിച്ച് കിടക്കുകയാണ്. ഡി.ടി.പി.സി.-യെയാണ് ഇതിന്റെ സംരക്ഷണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ഡി.ടി.പി.സി.-ക്ക് ഇതിനുള്ള സംവിധാനങ്ങളൊന്നുമില്ല. ഇത് ടൂറിസം വകുപ്പ് ഏറ്റെടുത്ത് സംസ്ഥാനത്തെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ഒരു കാലത്ത് തിരുവനന്തപുരത്തെത്തുന്ന കുട്ടികളായാലും പിക്നിക്കിനുവരുന്നവരായാലും തെരഞ്ഞെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പിക്നിക്ക് സ്പോട്ട് ആയിരുന്നു ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ആക്കുളം. തിരുവനന്തപുരത്തു വന്നാൽ ആക്കുളത്ത് പോകുക എന്നുള്ളതാണ്. നിർഭാഗ്യവശാൽ കഴിഞ്ഞ കുറച്ചുകാലങ്ങളായി അത് വേണ്ടവിധത്തിൽ സംരക്ഷിക്കുവാൻ കഴിയാത്തതിന്റെ പേരിൽ ഇന്ന് ആക്കുളത്തേക്ക് പോകുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. മാത്രമല്ല, ആക്കുളവുമായി ബന്ധപ്പെട്ട പാർക്കിനകത്തുകൂടിയുള്ള റോഡിന്റെ വർക്ക് ആരംഭിച്ചിട്ട് വളരെ വർഷങ്ങളായി, അത് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം 5 കോടി രൂപ ചെലവഴിച്ച് ആക്കുളത്തെ വീണ്ടും പഴയ രീതിയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് ആറു മാസത്തിനകം പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിക്കും. പി.ഡബ്ല്യു.ഡി റോഡ് പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ ആക്കുളത്തെ പഴയ പ്രതാപത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്നു തന്നെയാണ്

ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. തിലോത്തമൻ : സർ, വേമ്പനാട് കായലിലെ പ്രകൃതി രമണീയമായ ഒരു ദ്വീപാണ് പാതിരാമണൽ. ആ പാതിരാമണലുമായി ബന്ധപ്പെട്ട് ഒരു ടൂറിസം പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്ലാൻ ചെയ്തിരുന്നു. എന്നാൽ യാതൊരു വിധ പ്രവർത്തനവും നടത്താൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റിന് ആ പദ്ധതിയോടുള്ള സമീപനമെന്താണ് ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ആലപ്പുഴയിലെ പാതിരാമണൽ ഏറ്റവും മനോഹരമായ സ്ഥലമാണ്. ടൂറിസം വികസനത്തിന് പാതിരാമണലിൽ ഏത് പ്രവൃത്തി നടത്തിയാലും അത് സഞ്ചാരികൾക്ക് ഒരു പുതിയ അനുഭവം നൽകുന്ന ഒന്നാണ്. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ, പാതിരാമണലുമായി ബന്ധപ്പെട്ട് വളരെ വർഷങ്ങൾക്ക് മുമ്പുതന്നെ അവിടെ പദ്ധതികൾ ആരംഭിക്കുവാനുള്ള നടപടികൾ ഓരോ ഗവൺമെന്റും എടുത്തതാണ്. കഴിഞ്ഞ ഗവൺമെന്റും ഒരു ശ്രമം നടത്തി. പക്ഷെ അത്തരം പദ്ധതികൾക്ക് പരിസ്ഥിതി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നമുക്ക് ക്ലിയറൻസ് ലഭിക്കുന്നില്ല. അതുകൊണ്ടുതന്നെ അത്തരം പദ്ധതികളുമായി മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. പരിസ്ഥിതിക്ക് ദോഷമില്ലാത്ത സാഹചര്യത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ തയ്യാറായാൽപ്പോലും അംഗീകാരം ലഭിക്കുന്നില്ല. പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാകുകയാണെങ്കിൽ പാതിരാമണൽ നല്ലൊരു ബ്യൂട്ടി സ്പോട്ട് ആയി ഡെവലപ് ചെയ്ത് എടുക്കാൻ പറ്റുന്ന കേന്ദ്രമാണ്. ഗവൺമെന്റ് അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, എനിക്ക് ഫാം ടൂറിസത്തെക്കുറിച്ചാണ് പറയാനുള്ളത്. എന്റെ നിയോജക മണ്ഡലത്തിലെ തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ 400 ഏക്കർ സ്വാഭാവിക വനം ഉൾപ്പെടെയുള്ള സ്ഥലമുണ്ട്. അവിടെ ഒരു ടൂറിസം പദ്ധതിയുടെ പ്രൊപ്പോസൽ ഞാൻ തന്നിട്ടുണ്ട്. വയലും, കുന്നും, മലയുമൊക്കെ കയറാനും, കുളങ്ങളിൽ നിന്ന് മീൻപിടിക്കാനും, മാങ്ങ പൊട്ടിക്കാനും തുടങ്ങി ഗതകാല സ്മരണകൾ ഓരോരുത്തരിലേക്കും ഓടിയെത്തുന്ന നല്ലൊരു ടൂറിസം പദ്ധതിയാണ്. അതിൽ കാളവണ്ടികളും കുതിരവണ്ടികളുമുണ്ട്. അങ്ങനെ പരിസ്ഥിതിക്ക് ഒരു ആഘാതവും വരാത്തവിധം അനുയോജ്യമായ ഒരു ടൂറിസം പദ്ധതിയുടെ പ്രൊപ്പോസൽ തന്നിട്ടുണ്ട്. ഇതിനും 50 ലക്ഷം രൂപയാണ് പ്രൊപ്പോസൽ ചെയ്തിരിക്കുന്നത്. തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിന് 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അനുവദിക്കുമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്

ടൂറിസം ഡിപ്പാർട്ടുമെന്റ് ഈ വർഷം പ്രമോട്ട് ചെയ്ത വില്ലേജ് ലൈഫ് എക്സ്പീരിയൻസാണ്. നമ്മുടെ ഗ്രാമങ്ങളിലെ ജീവിതങ്ങളും അവിടെ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങളിൽ കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് കാണാൻ കഴിയുന്ന രീതിയിൽ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് എന്ന പുതിയ പ്രോജക്ടാണ് അവതരിപ്പിക്കുന്നത്. തീർച്ചയായും അത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞ പ്രോജക്ടിനെ ഡെവലപ് ചെയ്ത് എടുക്കാൻ പറ്റുന്ന ഒന്നാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാ കാര്യങ്ങളും നടപ്പാക്കണമെന്നുണ്ടെങ്കിൽപ്പോലും സാമ്പത്തിക പരിമിതിമൂലം ഇക്കാര്യം ടൂറിസം ഡിപ്പാർട്ടുമെന്റിന് സാധിക്കുന്നില്ല. മാർക്കറ്റിംഗ് നടത്തണം, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ചെയ്യണം, ഇതിനാവശ്യമായ ഫണ്ട് വളരെ പരിമിതമാണ്. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങളിൽ എന്തുമാത്രം സാമ്പത്തിക ബാധ്യത വരുമെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ടൂറിസത്തിന്റെ കൂടെ മൂന്നാറിന്റെ പ്രദേശങ്ങൾ കൂടി ചേർന്നാൽ മാത്രമേ കേരളത്തിന്റെ ഒരു പ്രത്യേകത ഉണ്ടാകുകയുള്ളൂ. മൂന്നാറിൽ ഒരു ഹെലിപ്പാഡും അതിന് അനുബന്ധമായ സൗകര്യങ്ങളും ഏർപ്പെടുത്താനുള്ള നടപടികൾ എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. പി. അനിൽകുമാർ : സർ, മൂന്നാർ നമുക്ക് ഹിൽ സ്റ്റേഷൻ എന്ന നിലയിൽ വളരെയേറെ പ്രാധാന്യമുള്ള പ്രദേശമാണ്. മൂന്നാറിൽ വരുന്ന സഞ്ചാരികൾക്ക് അവിടത്തെ തേയിലത്തോട്ടങ്ങളും, കാലാവസ്ഥയും, തണുപ്പു മൊക്കെയുണ്ടെങ്കിൽപ്പോലും കൂടുതൽ കാര്യങ്ങൾ അനുവദിക്കണമെന്നുള്ളതുകൊണ്ട് എം.എൽ.എ. കൂടി ആവശ്യപ്പെട്ടതനുസരിച്ച് ഒരു ബൊട്ടാണിക്കൽ ഗാർഡൻ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു. ഈ വർഷം 5.5 കോടി രൂപ അതിനു വേണ്ടി നീക്കിവച്ചു. ഏതാണ്ട് 25 ഏക്കർ സ്ഥലം എം.എൽ.എ. കൂടി ഉൾപ്പെട്ട് കണ്ടെത്തിയിരിക്കുകയാണ്. ബൊട്ടാണിക്കൽ ഗാർഡൻ അവിടെ കൊണ്ടുവരാൻ നമുക്ക് ഉടൻതന്നെ കഴിയും. ഹെലിപ്പാഡ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നമുക്ക് എന്തു ചെയ്യാൻ കഴിയുമെന്നുള്ള കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, മൂന്ന് നാല് ദിവസമായി കൈ പൊക്കുന്നു. ചോദ്യങ്ങൾ ചോദിക്കാനുള്ള മാനദണ്ഡം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാന്യരായ അംഗങ്ങൾ ഒരു കാര്യം വ്യക്തമായി

മനസ്സിലാക്കണം. ഇന്ന് സഭയിൽ ചോദ്യം കൊടുത്തത് അധികവും ഇതുവരെ സഭയിൽ ചോദ്യം കിട്ടിയിട്ടില്ലാത്തവർക്കാണ്. ചോദ്യങ്ങൾ കിട്ടിയിട്ടുള്ളവരുടെ പ്രത്യേക ലിസ്റ്റ് ഇവിടെയുണ്ട്. ചോദ്യം കിട്ടാത്തവർക്കാണ് പ്രാധാന്യം കൊടുക്കുന്നത്. അംഗങ്ങൾ അതിന് ദയവായി സഹകരിക്കണം.

## സ്കൂളുകളിൽ ഫുഡ് സേഫ്റ്റി ക്ലബ്ബുകൾ

**2 (*212)** ശ്രീ. കെ. മുരളീധരൻ:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി ക്ലബ്ബുകൾ ആരംഭിച്ച് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സുരക്ഷിത ഭക്ഷണം എന്ന വിഷയം സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ,

(എ) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സുരക്ഷിത ഭക്ഷണം ആരോഗ്യത്തിനാധാരം' പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്കൂളുകളിലെ 9-11 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആരോഗ്യവുമായി ബന്ധപ്പെട്ട ജീവിതശൈലി രോഗകാരണങ്ങളായ ജംഗ്ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക, പാൻമസാല എന്നിവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെപ്പറ്റി ഫുഡ് സേഫ്റ്റി

ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതാണ്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാത് സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പരിശീലനം നൽകുന്നതാണ്. ഇതിനാവശ്യമായ ലഘുലേഖകൾ, സീഡികൾ മറ്റു പരിശീലന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകുന്നതാണ്. ഇതിനകം തന്നെ പന്ത്രണ്ടോളം ജില്ലകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശീലനം നൽകിക്കഴിഞ്ഞു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരം നടത്തിക്കഴിഞ്ഞു. മേഖലാടിസ്ഥാനത്തിൽ ഈ വിഷയത്തെപ്പറ്റി പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തി അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ഈ പദ്ധതി സർക്കാരിതര സ്കൂളുകളിലും വ്യാപിപ്പിക്കുന്നതാണ്.

(ബി&സി) സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, ബോധവൽക്കരണ ക്ലാസ്സുകളും കാര്യങ്ങളുമൊക്കെ നടക്കുന്നുണ്ടെങ്കിലും ഇന്നും പല വിദ്യാലയങ്ങളുടേയും പരിസരങ്ങളിൽ ദോഷകരമായിട്ടുള്ള ഭക്ഷ്യവസ്തുക്കൾ, പുകയില ഉൽപ്പന്നങ്ങൾ, മറ്റ് ലഹരി പദാർത്ഥങ്ങൾ ഇവയൊക്കെ ഇപ്പോഴും വിൽക്കപ്പെടുന്നുണ്ട്. മാത്രമല്ല ഈ ലഹരിമരുന്ന് കലർന്ന പ്രത്യേകതരം ച്യൂയിംഗങ്ങൾവരെ ഇന്ന് വിൽപ്പന നടത്തുന്നുണ്ട്. ഇത് തടയുന്നതിനുവേണ്ടി ഫുഡ് സേഫ്റ്റി ക്ലബ്ബ്, സ്റ്റുഡന്റ്സ് പോലീസ് തുടങ്ങിയ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി ഇത് തടയാനുള്ള ഫലപ്രദമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, സ്കൂളുകളിൽ ഈ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഗുഡ്ക അതുപോലെതന്നെ പുകയില ഉൽപ്പന്നങ്ങൾ അടങ്ങിയിട്ടുള്ള പാൻമസാല എന്നിവ നിരോധിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഈ 482/16 ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിലേയ്ക്കായി ആഭ്യന്തരവകുപ്പുമായി ചേർന്ന് ശക്തമായ ബോധവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരി പദാർത്ഥങ്ങൾ സ്കൂളുകളിൽ ഉപയോഗിക്കുന്നതിനെതിരെ കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ച്യൂയിംഗത്തിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച്

വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒരു കേസ്സെടുത്തിട്ടുണ്ട്. ഡ്രഗ് ലൈസൻസുണ്ടെങ്കിൽ ഇത്തരം പദാർത്ഥങ്ങൾ വിൽക്കാനുള്ള സൗകര്യം നിലവിൽ മെഡിക്കൽ സ്റ്റോറുകളിലുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾ കർശനമായി എടുക്കുന്നതിന്റെ ഭാഗമായി ഒരു കേസ് സമീപകാലത്ത് എടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഭക്ഷ്യസുരക്ഷയും ആരോഗ്യകരമായിട്ടുള്ള ജീവിത ശൈലിയും ഉറപ്പാക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് അനുസരിച്ചുള്ള കാര്യങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ? എങ്കിൽ മാത്രമെ കുട്ടികൾക്കിടയിൽ ഫലപ്രദമായിട്ടുള്ള ഒരവബോധം സൃഷ്ടിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സ്കൂൾ ഹെൽത്ത് പ്രോഗ്രാം വഴി ഏകദേശം ഇരുപത്തി രണ്ടര ലക്ഷത്തോളം കുട്ടികളെ ഇതുവരെ കേരളത്തിൽ സ്ക്രീൻ ചെയ്തുകഴിഞ്ഞു. അതുപോലെതന്നെ 'ലീപ്' (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ അവയർനസ് പ്രോഗ്രാം) എന്നു പറയുന്ന മറ്റൊരു പദ്ധതി കൂടി നടപ്പിലാക്കുന്നുണ്ട്. ഇതുരണ്ടും ഫലപ്രദമായി നടപ്പിലാക്കുകയാണ്. 3000 കുട്ടികൾക്ക് ഒരു ഹെൽത്ത് നഴ്സിന്റെ നേതൃത്വത്തിൽ ഇതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുകയാണ്. എന്തായാലും സ്കൂൾ പാഠ്യപദ്ധതിയിൽ സുരക്ഷിത ഭക്ഷണത്തെക്കുറിച്ചുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലുള്ള ഒരു സിലബസ് ഉൾപ്പെടുത്തുന്നതിനെപ്പറ്റി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ആരോഗ്യ വകുപ്പ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, നമ്മുടെ സ്കൂളുകളിൽ ഒരുപാട് ക്ലബ്ബുകളുണ്ട്. സാധാരണ ക്ലബ്ബുകളുടെ പ്രവർത്തനം പോലെതന്നെ ഇത്തരം ക്ലബ്ബുകളുടെയും പ്രവർത്തനം മാറരുത് എന്നുള്ളതുകൊണ്ടും ഫുഡ്സേഫ്റ്റി ക്ലബ്ബിന് അതിന്റെ പ്രാധാന്യം കൊടുത്തുകൊണ്ടും അന്യസംസ്ഥാനങ്ങളിൽ നിന്നുംവരുന്ന പച്ചക്കറി കളിൽ വിഷാംശമുള്ള പച്ചക്കറികളെക്കുറിച്ച് അതിന്റെ അവബോധം സൃഷ്ടിക്കാനും ജൈവകൃഷി പ്രോൽസാഹിപ്പിക്കാനും മന്ത്രിപറഞ്ഞതുപോലെ SHP (School Health Programme) -മായി ചേർന്ന്, പല ക്ലബ്ബുകളുമായി ചേർന്ന് ഫുഡ് സേഫ്റ്റി ക്ലബ്ബുകൾക്ക് പ്രവർത്തിക്കാൻ സാധിക്കും. അതിന് കൃത്യമായ നടപടികൾ സ്വീകരിക്കാനും ജൈവകൃഷി പ്രോൽസാഹിപ്പിക്കാനും വേണ്ട കാര്യങ്ങൾ ഇതുവഴി ചെയ്യുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് ഫുഡ് സേഫ്റ്റി ക്ലബ്ബുകൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഇതിനുവേണ്ട പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കും.

ശ്രീ. സണ്ണി ജോസഫ് : സർ, ജീവിത ശൈലീരോഗങ്ങൾ എന്ന് വിളിക്കുന്ന പല രോഗങ്ങളും യഥാർത്ഥത്തിൽ ഭക്ഷണ ശൈലിയിൽ നിന്നാണ് ഉണ്ടാകുന്ന തെന്ന് എല്ലാവർക്കുമറിയാം. രുചിക്ക് വേണ്ടിയും കളറിനുവേണ്ടിയും മായം ചേർക്കുന്ന ഫാസ്റ്റ് ഫുഡ് ഭക്ഷണം കുട്ടികളെയാണ് പലപ്പോഴും ദോഷകരമായി ബാധിക്കുന്നത്, കാരണം അതിനെപ്പറ്റി അവർ ബോധവാന്മാരല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ രക്ഷിതാക്കളെക്കൂടിയും ഫലപ്രദമായി പ്രവർത്തിക്കുന്ന സ്കൂൾ പി.ടി.എ.-യെക്കൂടിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണത്തിനും നടപടിക്കുമാവശ്യമായിട്ടുള്ള കാര്യങ്ങൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, 'സുരക്ഷിത ഭക്ഷണം ആരോഗ്യ ത്തിനാധാരം' എന്ന പദ്ധതിയിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത് കുട്ടികളിൽ തന്നെ അവയർനസ് ഉണ്ടാക്കി, എല്ലാ സ്കൂളുകളിലേക്കും അത്തരത്തിലുള്ള സന്ദേശമെത്തിച്ച് അവബോധമുണ്ടാക്കുക എന്നതാണ്. ഇപ്പോൾ കേരളത്തിൽ 13 ജില്ലകളിലായി 140 സ്കൂളുകളിൽ 1600-ഓളം കുട്ടികൾക്ക് ഇതിനുള്ള ട്രെയിനിംഗ് കൊടുത്തുകഴിഞ്ഞു. ഇത്തരത്തിലുള്ള ട്രെയിനിംഗ് 9 മുതൽ 11-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് കൊടുക്കുന്നത്. അടുത്തവർഷം മുതൽ സ്കൂളുകളിൽ പോയി ഫുഡ്സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിൽത്തന്നെ മറ്റ് കുട്ടികൾക്കും ഈ സേഫ്റ്റി ഫുഡുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ക്ലാസ്സെടുക്കുക തുടങ്ങിയ മറ്റ് സംവിധാനങ്ങളും സ്വീകരിക്കുന്നതാണ്. പി.ടി.എ. പോലുള്ള സംഘടനകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടു തന്നെയായിരിക്കും ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.

ശ്രീ. എം. പി. വിൻസെന്റ് : സർ, വളരെ നല്ല ആശയത്തോടുകൂടിയുള്ള ഫുഡ് സേഫ്റ്റി ക്ലബ്ബുകളെക്കുറിച്ചുള്ള ചർച്ചകളാണ് ഇവിടെ നടന്നുവരുന്നത്. നമുക്കറിയാം സ്കൂളുകളിൽ ഉച്ചക്കഞ്ഞി കൊടുക്കുന്നുണ്ട്. അവിടെ ഉച്ചക്കഞ്ഞി പാചകം ചെയ്യുന്ന പാചകപ്പുരകളെക്കുറിച്ച് ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടാവുമോ? വളരെ ഹൈജീനിക്കാ യിട്ടുള്ള പാചകപ്പുരകൾ അത്യാവശ്യമാണ്. ഇന്ന് പല പാചകപ്പുരകളും വളരെ ശോചനീയമായ ഒരു അവസ്ഥയിലാണ്. അതുപോലെതന്നെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണ നിലവാരവും ശ്രദ്ധിക്കേണ്ടതുണ്ട്. കുറച്ചുകൂടി നല്ല രീതിയിൽ കാര്യങ്ങൾ നടപ്പാക്കാനാവശ്യമായ ഫണ്ട് കണ്ടെത്തി ഈ നല്ല

ഉദ്ദേശ്യം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, സ്കൂളുകളിൽ പാചകപ്പുരകളടക്കമുള്ള സ്ഥലങ്ങൾ ശുചിയായി സംരക്ഷിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരളമെമ്പാടും 'സേഫ് കേരള' എന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ, ആശുപത്രികൾ അതുപോലുള്ള എല്ലാ സ്ഥാപനങ്ങളും സ്ഥലങ്ങളും പരിശോധിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലേയും എല്ലാ സ്കൂളുകളിലും വൃത്തിഹീനമായിട്ടുള്ള സാഹചര്യമുണ്ടോയെന്ന് പരിശോധിക്കാനും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനുമുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും അതനുസരിച്ച് സ്കൂളുകൾ സന്ദർശിക്കുകയും പാചകശാലകൾ മാത്രമല്ല പാചകം ചെയ്യുന്ന ആളുകളുടെ ശുചിത്വമടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനുംവേണ്ടിയുള്ള കർശനമായിട്ടുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഫുഡ് സേഫ്റ്റി ആക്ട് അനുസരിച്ചുള്ള നടപടികൾ ഫലപ്രദമായി സ്വീകരിക്കണമെങ്കിൽ വലിയ തോതിലുള്ള സംവിധാനമുണ്ടെങ്കിൽ മാത്രമേ കഴിയുകയുള്ളൂ. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏത് തരത്തിലുള്ള ഉദ്യോഗസ്ഥന്മാരെയാണ് ഇതിനുവേണ്ടി നിയോഗിച്ചിട്ടുള്ളത് ? സംസ്ഥാന തലത്തിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ട്? ജില്ലാതലത്തിൽ ഇത് ആരാണ് നോക്കുന്നത് ? പഞ്ചായത്ത് തലത്തിൽ നോക്കുന്നതിന് സംവിധാനമുണ്ടോ ? ഫുഡിന്റെ കാര്യത്തിൽ, നമ്മുടെ കേരളീയർ മറ്റേതെങ്കിലും രാജ്യത്ത് നല്ല ഭക്ഷണമുണ്ടാക്കുന്നുവെന്ന് കണ്ടാൽ ആ ഭക്ഷണം ഇവിടെയും ഉണ്ടാക്കിക്കൊടുക്കുന്ന ഒരു പതിവുണ്ട്. ഇപ്പോൾ 'കുഴിമന്തി' എന്ന് പറയുന്ന ഒരു ഭക്ഷണത്തെപ്പറ്റി മലപ്പുറം, കോഴിക്കോട് ഭാഗങ്ങളിൽ വ്യാപകമായി ബോർഡ് കാണുന്നുണ്ട്. എന്താണ് 'കുഴിമന്തി'യെന്ന് എനിക്കറിയില്ല. ഇങ്ങനെയുള്ള പേര് കണ്ടിട്ട് അവിടെപ്പോയി കഴിക്കും. ഇത്തരത്തിലുള്ള ആഹാരം ഗുണനിലവാരമുള്ള താണോയെന്ന് പരിശോധിക്കാൻ ഫുഡ് സേഫ്റ്റി ജീവനക്കാർ ശ്രദ്ധിക്കുന്നുണ്ടോ? ഇപ്പോൾ തലശ്ശേരി ബിരിയാണി, ഹൈദ്രാബാദ് ബിരിയാണി എന്നിങ്ങനെയുള്ള ആഹാരത്തെപ്പറ്റി തിരുവനന്തപുരം ജില്ലയുടെ എല്ലാ ഭാഗങ്ങളിലും ബോർഡ് വച്ച് വിൽപ്പന നടത്തുന്നുണ്ട്. യഥാർത്ഥത്തിൽ അവയുമായി എന്തെങ്കിലും ബന്ധമുണ്ടോ ? അടുത്തതായി ഷവർമ്മ, ഏതെങ്കിലും രാജ്യത്ത് ഷവർമ്മ കഴിച്ച് ആരെങ്കിലും മരിച്ചതായി കേട്ടിട്ടുണ്ടോ? കേരളത്തിലല്ലേ മരിച്ചത് ? ഇത്തരം പേരുകളിൽ വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും

സംവിധാനം ഫുഡ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിനുണ്ടോ ? അത്രയും പരിചയ സമ്പന്നരായ ഉദ്യോഗസ്ഥർ ഈ മേഖലയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, നേരത്തെ ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഏറ്റവും ശക്തമായ നടപടികളെടുക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടായിരുന്നില്ല. 1954-ലെ Prevention of Food Adulteration Act അനുസരിച്ച് മായംചേർക്കുന്നതിന് മാത്രമേ ശിക്ഷാനടപടികൾ നൽകിയിരുന്നുള്ളൂ. പക്ഷേ 2006-ലെ Food Safety and Standards Act അനുസരിച്ച് കർശന നടപടികൾ എടുക്കുന്നതിനുള്ള സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. 2011 ആഗസ്റ്റ് 5 മുതൽ രാജ്യത്താകമാനം ഈ സംവിധാനം നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഈ മേഖലയിൽ ശക്തമായി നടന്നുവരുന്നുണ്ട്. സംസ്ഥാനത്ത് ഒരു ഫുഡ് സേഫ്റ്റി കമ്മീഷണറും രണ്ട് ഫുഡ് സേഫ്റ്റി ജോയിന്റ് കമ്മീഷണർമാരുമുണ്ട്. എല്ലാ ജില്ലയിലും അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാർ ജില്ലാതല ഓഫീസർമാരായി പ്രവർത്തിക്കുന്നുണ്ട്. മൂന്ന് അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാർ (ഇന്റലിജന്റ്സ്) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. ഓരോ നിയോജകമണ്ഡലാടിസ്ഥാനത്തിലും ഫുഡ് സേഫ്റ്റി ഓഫീസർമാർ ഒരു സർക്കിളായി രൂപീകരിച്ചുകൊണ്ട് ഫുഡ് സേഫ്റ്റി ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന് 155 ഓഫീസർമാർ നമുക്ക് ആവശ്യമുണ്ട്. കുറവുണ്ടായിരുന്ന 57 ഓഫീസർമാരുടെ പോസ്റ്റുകൾ നമ്മൾ ക്രിയേറ്റ് ചെയ്തു. പി.എസ്.സി.-ക്ക് അത് എഴുതിയിരിക്കുകയാണ്. ആ 57 പോസ്റ്റും ലഭ്യമായിക്കഴിഞ്ഞാൽ 140 നിയോജകമണ്ഡലങ്ങളിലും ഓഫീസുകൾ സജ്ജമായി പ്രവർത്തിക്കുവാൻ കഴിയും. ഇപ്പോഴും നിയോജകമണ്ഡലാടിസ്ഥാനത്തിൽ സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർമാർ നിരന്തരമായി പരിശോധനകൾ നടത്തുകയും നമ്മുടെ ലാബുകൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ലാബുകളിൽ പരിശോധിച്ചുകഴിഞ്ഞാൽ കർശനമായിട്ടുള്ള ശിക്ഷാവിധികൾ നടപ്പാക്കുന്നതിനുള്ള സാഹചര്യങ്ങളുമുണ്ട്. കേരളത്തിൽ അഡ്ജ്യൂഡിക്കേറ്റിംഗ് ഓഫീസർമാരായി, കോമ്പൗണ്ടിംഗിനുവേണ്ടി ജില്ലാ കളക്ടർമാരെ അല്ലെങ്കിൽ ആർ.ഡി.ഒ.-മാരെ 14 ജില്ലകളിലും നിയോഗിച്ചു. അതോടൊപ്പംതന്നെ അതിന് മുകളിലായി യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണലിന് ഒരു അപ്പലേറ്റ് അതോറിറ്റിയായി ചുമതല കൊടുക്കുന്നതിന് ഹൈക്കോടതിതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ഉടൻതന്നെ നിയമിക്കുന്നതാണ്. അതോടൊപ്പം മജിസ്ട്രേറ്റ് കോടതിയും ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ

നടത്തുന്നതിനും കഠിനമായ ശിക്ഷകൾ കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുന്നൂറിൽപ്പരം കേസ്സുകൾ ഈ ആക്ട് വന്നതിനുശേഷം എടുത്തിട്ടുണ്ട്. ശക്തമായ നടപടികളാണ് ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. എ. മാധവൻ : സർ, വളരെയേറെ സന്തോഷകരമായ കാര്യങ്ങളാണ് പ്രഖ്യാപനത്തിലൂടെ കേൾക്കുന്നത്. നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസുകൾ തുറക്കാമെന്നുള്ള വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ പല സ്ഥലങ്ങളിലും ഇതിന് ഓഫീസ് മുറി എടുത്തിട്ടിട്ട് മാസങ്ങളായി. ഇതിനാവശ്യമായ സ്റ്റാഫിനെ അനുവദിച്ചിട്ടുവേണം അതിന്റെ പ്രവർത്തനം തുടങ്ങാനെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചപ്പോൾ മനസ്സിലായി. അതുപോലെ തന്നെ സ്കൂളുകളിലെ പാചകപ്പുരകളുടെ കാര്യത്തിൽ നടപടിയെടുക്കാൻ നിർദ്ദേശം കൊടുക്കുകയും നടപടിയെടുക്കുകയും വേണം. എന്റെ നിയോജക മണ്ഡലത്തിലെ പല സ്ഥലങ്ങളിലെയും പാചകപ്പുരകൾ ഇടിഞ്ഞുപൊടിഞ്ഞ്, പൊടികൾവീഴുന്ന പരിതാപകരമായ അവസ്ഥയിലാണുള്ളത്. പാചകപ്പുരകൾ ശുചിത്വത്തോടുകൂടി മെയിന്റെയിൻ ചെയ്യാൻ കഴിയാവുന്ന രീതിയിൽ നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? പാചകപ്പുര മോശമാണെങ്കിൽ അതിന്മേൽ നടപടിയെടുക്കുക എന്ന വിഷയത്തിലേക്ക് പോയിട്ട് കാര്യമില്ല. ആ സ്കൂളുകളിൽ ശുചിയായ പാചകപ്പുരകൾ നിർമ്മിക്കുന്നതിന് സഹായകരമായ നിലപാട് ആരോഗ്യ വകുപ്പിൽനിന്ന് സ്വീകരിക്കാൻ നടപടി ഉണ്ടാകുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസുകൾ കൊണ്ടുവരുന്നതിനെക്കുറിച്ചാണ് നേരത്തെ ചോദിച്ചത്. അതിനെക്കുറിച്ച് ഞാൻ നേരത്തെ മറുപടി പറഞ്ഞതാണ്. 57 പോസ്റ്റുകൾകൂടി കിട്ടാനുണ്ട്. ഇപ്പോൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ തന്നെയാണ് ഇത് പ്രവർത്തിക്കുന്നത്. പുതിയ പോസ്റ്റുകൾ വരുന്നതുവരെ രണ്ട് നിയോജക മണ്ഡലങ്ങളിൽ ഒരു ഓഫീസായിട്ടാണ് പ്രവർത്തിക്കുന്നത്. അത് വന്നുകഴിഞ്ഞാൽ 140 ഫുഡ് സേഫ്റ്റി ഓഫീസുകൾ അതാത് മണ്ഡലങ്ങളിൽത്തന്നെ പ്രവർത്തിക്കുന്നതാണ്. അതോടൊപ്പം ഇവിടെ പറഞ്ഞൊരു കാര്യം, പാചകപ്പുര കളുടെ ശുചിത്വമില്ലായ്മയാണ്. ആരോഗ്യ വകുപ്പിന് ചെയ്യാൻ കഴിയുന്നത് ഇത് പരിശോധിക്കുക എന്നുള്ളതാണ്. കേരളത്തിലെ പതിനയ്യായിരത്തോളം സ്കൂളുകളിൽ പാചകപ്പുരകളും ടോയ്‌ലറ്റുകളുമടക്കം ആരോഗ്യ വകുപ്പ് പരിശോധിച്ചു. അതിൽ ശുചിത്വമില്ലാത്തത് കണ്ടെത്തി നോട്ടീസ് കൊടുക്കുകയും ഇത്ര

ദിവസത്തിനുള്ളിൽ അത് പരിശോധിച്ചതിനുശേഷം അതിന്റെ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. അല്ലാത്ത സ്കൂളുകൾക്ക് നോട്ടീസ് കൊടുത്ത് അതുമായി ബന്ധപ്പെട്ടുള്ള നടപടികളെടുക്കുന്നതിനായി മുന്നോട്ടു പോയിട്ടുണ്ട്. ശുചിയായിട്ടുള്ള പാചകപ്പുരകൾ നിർമ്മിക്കുന്നത് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടുള്ള കാര്യമാണ്. മന്ത്രിയുമായി ഈ കാര്യത്തെക്കുറിച്ച് സംസാരിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ : സർ, ഏറ്റവും പ്രധാനപ്പെട്ട വിഷയം ജീവിത ശൈലീരോഗമാണെന്ന് ഇവിടെ സൂചിപ്പിച്ചു. ഭക്ഷ്യ വിഷവസ്തുക്കളാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണം. നമ്മുടെ കുട്ടികൾക്ക് രക്ഷാകർത്താക്കൾ വളരെ സ്നേഹത്തോടുകൂടി വാങ്ങിക്കൊടുക്കുന്ന പാനീയങ്ങൾ, ബേക്കറി സാധനങ്ങൾ, അതുപോലെയുള്ള മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിലൊക്കെയുള്ള വിഷാംശങ്ങളെ സംബന്ധിച്ച് കുട്ടികൾ അറിയുന്നില്ല. ഹെൽത്ത് ക്ലബ്ബുകൾ, ഫുഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവ ഉപയോഗിച്ച് ആത്മരക്ഷയ്ക്ക് കൃഷി, ജീവൻ വേണമെങ്കിൽ ജൈവ കൃഷിയിലേക്ക് പോകണമെന്ന അവബോധം ഉണ്ടാകണം. നമ്മൾ ഇപ്പോൾ പോകുന്ന രീതിയിലാണ് നമ്മുടെ സമൂഹം പോകുന്നതെങ്കിൽ രണ്ടോ മൂന്നോ ദശാബ്ദം കഴിയുമ്പോൾ ഏതാണ്ട് ജനിക്കുന്ന കുട്ടികളിൽ ബഹുഭൂരിഭാഗവും എൻഡോസൾഫാൻ കുട്ടികളെപ്പോലെയുള്ള ഭീകരമായ അവസ്ഥയിലേക്ക് എത്തുമെന്നത് സംബന്ധിച്ച് ഒരു അവബോധം, അതിന് കുട്ടികൾകൂടി 'ഞങ്ങളുടെ രക്ഷയ്ക്ക് ജൈവകൃഷി' എന്നൊരു ബോധമുണർത്തുന്ന മുദ്രാവാക്യം ഏറ്റെടുത്ത് നടപ്പിലാക്കാൻ ഫുഡ് സേഫ്റ്റി ക്ലബ്ബുകളെ ഉപയോഗിക്കുമോ ?

ശ്രീ. വി. എസ്. ശിവകുമാർ : സർ, സ്കൂളുകളിൽ ഈ പദ്ധതി നമ്മൾ ആരംഭിച്ചതുതന്നെ ഇത്തരത്തിലുള്ള അവയർനസ് കുട്ടികൾക്ക് കൊടുക്കാനും പദ്ധതികൾ നടപ്പിലാക്കുന്നതിനുമാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റുമായി ചേർന്നുള്ള നടപടികളാണ് ആസൂത്രണം ചെയ്യുന്നത്. തീർച്ചയായും അതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇത് യഥാർത്ഥത്തിൽ ഒരു പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ ഭക്ഷ്യവസ്തുക്കളിൽ, പ്രത്യേകിച്ച് പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലുമുണ്ടായിരിക്കുന്ന വിഷാംശം കലർന്ന ആഹാര സാധനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള കർശനമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതിന് വളരെയധികം സ്റ്റെപ്പ് എടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ

ഗവൺമെന്റ് നടത്തിവരികയാണ്. ഇപ്പോൾ സംസ്ഥാനത്തിലേയ്ക്ക് കൊണ്ടുവരുന്ന പച്ചക്കറികളിലെ വിഷാംശങ്ങൾ, കീടനാശിനികൾ എന്നിവ ഒരുപരിധിക്കപ്പുറത്ത് കലർത്തി കൊണ്ടുവരാൻ പാടില്ലായെന്നുള്ളതാണ്. അങ്ങനെ കൊണ്ടുവരുന്നത് തടയുന്നതിനുവേണ്ടി വളരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് വിവിധ നടപടികൾ നമ്മൾ എടുത്തിട്ടുണ്ട്. പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശങ്ങൾ പരിശോധിക്കുന്നതിന് ജി.സി.-എം.എസ്. എന്ന ഇൻസ്ട്രുമെന്റ് വാങ്ങുന്നതിന് ടെണ്ടർ നൽകിയിട്ടുണ്ട്. മൂന്നുമാസത്തിനുള്ളിൽത്തന്നെ ആ ഇൻസ്ട്രുമെന്റ് വരുന്നതാണ്. അത് വന്നു കഴിഞ്ഞാൽ ഉടൻതന്നെ ഈ കാര്യങ്ങൾ പരിശോധിക്കാനും കഴിയും. നമ്മുടെ സമൂഹത്തിൽ വിറ്റഴിക്കുന്ന സാധനങ്ങൾ, അത് കൊണ്ടുവരുന്ന കച്ചവടക്കാർ, ഇടനിലക്കാർ അവരുടെയൊക്കെ പേരിൽ കേസെടുക്കേണ്ട സാഹചര്യമുണ്ടെങ്കിൽ തീർച്ചയായും കേസ്സെടുത്ത് അതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, സ്കൂളുകളിലെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട കാര്യമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. എല്ലാ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അരി അലോട്ട് ചെയ്യുന്നുണ്ട്. എന്നാൽ പല പട്ടണപ്രദേശ ങ്ങളിലെയും ചെറുപട്ടണങ്ങളിലെയുമൊക്കെ വിദ്യാലയങ്ങളിലെ കുട്ടികൾ സ്കൂളുകളിൽനിന്ന് ഭക്ഷണം കഴിക്കുന്നില്ല. ഗ്രാമപ്രദേശങ്ങളിലെ മുഴുവൻ കുട്ടികളുമാണ് സ്കൂളിൽനിന്ന് ഭക്ഷണം കഴിക്കുന്നത്. പല സ്കൂളുകളിലും അരി ബാക്കിയാണ്. ഈ ബാക്കിയാകുന്ന അരി ചീത്തയായിപ്പോകുകയാണ്. ചീത്തയായ അരി പുറമേ കൊണ്ടുപോകാൻ ശ്രമിച്ചാൽ കടത്തിക്കൊണ്ട് പോകുന്നുവെന്ന പരാതിയുണ്ടാകും. യഥാർത്ഥത്തിൽ അദ്ധ്യാപകർക്ക് ഇതൊരു ബാധ്യതയായി വരികയാണ്. ഇങ്ങനെ ബാക്കിവരുന്ന അരി ഉപയോഗപ്പെടുത്തുന്ന തിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; അരി ചീത്തയായി പോകുന്നതിന് പകരം ഇത് ആർക്കെങ്കിലും ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഇതിനെ സംബന്ധിച്ച് വ്യാപകമായ പരാതികളുണ്ടെങ്കിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തുന്നതാണ്. സ്കൂൾ അധികൃതരും പി.ടി.എ.-യും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഈ കാര്യങ്ങളെക്കുറിച്ച് സംസാരിക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ചോദ്യം നമ്പർ *213

## പട്ടികജാതി കുടുംബങ്ങളുടെ വീടുനിർമ്മാണം പൂർത്തീകരിക്കാൻ നടപടി

**3 (*213)** ശ്രീ. കെ. ദാസൻ:
ശ്രീ. എ. കെ. ബാലൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ടി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ ഭൂരിഭാഗവും നിർമ്മാണം പാതി വഴിയിൽ നിലച്ച സ്ഥിതിയാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) വീടുനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ സഹായിക്കാനായി അനുയോജ്യമായ പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ ?

പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ,

482/16 (എ) വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ 15 ശതമാനത്തോളം വീടുകളുടെ നിർമ്മാണം പാതിവഴിയിൽ നിലച്ചതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നിർമ്മാണം പൂർത്തീകരിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭവനനിർമ്മാണ സാധനങ്ങളുടെ വിലയിലും തൊഴിൽ കൂലിയിലുമുണ്ടായ വർദ്ധനവ്, സാധനങ്ങൾ പണിസ്ഥലത്ത് എത്തിക്കുന്നതിനുള്ള കൂലിയിലെ വർദ്ധനവ്, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവ കാരണമാണ് ഭവനനിർമ്മാണം പൂർത്തിയാകാത്തത്.

(സി) ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാണെന്ന് കണ്ടതിനെത്തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12-ൽ ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായം ഒരു ലക്ഷം

രൂപയിൽ നിന്നും 2 ലക്ഷം രൂപയായും തുടർന്ന് 2014-15-ൽ 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2007-08 മുതൽ 2013-14 വരെ പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച വീടുകളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നല്കിവരുന്നുണ്ട്.

ശ്രീ. കെ. ദാസൻ : സർ, പാവങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണ പദ്ധതിയായ 'ഇന്ദിര ആവാസ് യോജന' ഇപ്പോൾ വളരെ പ്രതിസന്ധിയിലാണ്. ഇതിനുകാരണം കഴിഞ്ഞ നാലുവർഷമായി സംസ്ഥാന ഗവൺമെന്റ് കേന്ദ്രവിഹിതത്തിന് ആനുപാതികമായി ബഡ്ജറ്റിൽ പണം നീക്കിവയ്ക്കുന്നില്ല എന്നതാണ്. ബഡ്ജറ്റിൽ പണം നീക്കിവയ്ക്കാത്തതിന്റെ ഫലമായിട്ടാണ് ഈ പദ്ധതി അവതാളത്തിലാകുന്നത്. ഇതിനാവശ്യമായ നടപടി അങ്ങ് സ്വീകരിക്കുമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, പട്ടികജാതി വികസന വകുപ്പ് നൽകുന്ന പണം ഡിപ്പാർട്ടുമെന്റ് നൽകുന്ന പണമാണ്. ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുമാണ് ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നത്. ഇത് ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായി വരുന്നതല്ല. അതിൽ വളരെ നല്ല രീതിയിൽ കൂടുതൽ വീടുകൾ അനുവദിക്കാനുള്ള നടപടികൾ ഇന്ന് ഗ്രാമവികസനവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും നടത്തിവരുന്നുണ്ട്.

ശ്രീ. കെ. ദാസൻ : സർ, ഗവൺമെന്റിൽനിന്ന് ഈ പണം ലഭിക്കുമെന്ന പ്രതീക്ഷയിൽ കെട്ടുതാലി പണയംവച്ചും ബ്ലേഡ് കമ്പനിയിൽനിന്നും വട്ടിപ്പലിശയ്ക്ക് പണം കടമെടുത്തും വീട് പൂർത്തിയാക്കാൻ കഴിയാത്തവർക്ക് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയിൽ നിന്നാണ് പണം നൽകുന്നത്. പക്ഷേ, അവർക്കിതുവരെയും പണം ലഭിച്ചിട്ടില്ല. 75 കോടി രൂപ ബ്ലോക്ക് പഞ്ചായത്തിനും പഞ്ചായത്തുകൾക്ക് 25 കോടി രൂപവീതവും ലഭിക്കാനുണ്ട്. ഈ പണം അടിയന്തരമായി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഇത് ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്തിലൂടെ നടത്തുന്ന പദ്ധതിയാണ്. ഇവിടെ ചോദ്യം വന്നിട്ടുള്ളത് പട്ടികജാതി വികസന വകുപ്പ് നടത്തുന്ന പദ്ധതിയെക്കുറിച്ചാണ്. എങ്കിലും ബഹുമാനപ്പെട്ട അംഗം ചോദിച്ച കാര്യം വളരെ പ്രസക്തമാണ്. ചില കാരണങ്ങൾ കൊണ്ട് പണം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമവികസന വകുപ്പുമന്ത്രി അത്

നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് തലത്തിൽ നടത്തിവരുന്നുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, ഐ.എ.വൈ.-യുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി മറുപടി പറഞ്ഞു. 83,000 വീടുകൾ ഇനി പൂർത്തിയാക്കാനുണ്ട്. അതിന് 650 കോടി രൂപ വായ്പ എടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടത്തെ പ്രശ്നം അതല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പിൽ 12,500 വീടുകൾ അനുവദിച്ചതിൽ പൂർത്തീകരിച്ചത് 1577 വീടുകൾ മാത്രമാണ്. ഈ സാമ്പത്തിക വർഷം ഇവർ ഏറ്റെടുക്കുന്നത് 4000 വീടുകളാണ്. അതിന് ബഡ്ജറ്റ് പ്രൊവിഷനിൽ 125 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 125 കോടി രൂപകൊണ്ട് ഈ വർഷത്തെ 4000 വീടുകൾ പൂർത്തീകരിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. ഇതുവരെ ചെലവഴിച്ചത് 20 കോടി രൂപയാണ്. എന്തായാലും ബഡ്ജറ്റ് പ്രൊവിഷനുണ്ട് എന്നുള്ളതുകൊണ്ട് 4000 വീടുകൾ പൂർത്തീകരിച്ച എന്നുവരാം. പക്ഷേ, ഇതേ തുകതന്നെ വീട് പൂർത്തിയാക്കാൻ ബാക്കിയുള്ള 11000 ആൾക്കാർക്ക് കൊടുക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. അതിന് 110 കോടി രൂപ അധികമായി ആവശ്യമാണ്. എന്നാൽ ഈ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അങ്ങനെ നോക്കുമ്പോൾ പതിനൊന്നായിരത്തോളം വീടുകളുടെ പണി ഒരു രൂപത്തിലും പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇവിടെയുള്ളത്. ഇന്ദിരാ ആവാസ് യോജനയുമായി ബന്ധപ്പെട്ട് ഗ്രാമവികസന വകുപ്പിൽ നിന്ന് ഏത് രൂപത്തിലാണോ പട്ടികജാതി വിഭാഗങ്ങൾ വീടുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്നത് അതിന്റെ മറ്റൊരു പതിപ്പായി പട്ടികജാതി വകുപ്പിലും മാറുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രി ഒരുചർച്ച നടത്തിയാൽമാത്രമേ ബാക്കിയുള്ള വീടുകളുടെ പണി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ഇത് രാഷ്ട്രീയമായിട്ടുള്ള ചോദ്യമല്ല. 125 കോടി രൂപയാണ് ബഡ്ജറ്റിലുള്ളത്. അതിനുപുറമെ 110 കോടിരൂപ കൂടി അധികമായി കിട്ടിയാൽ മാത്രമേ 11,000-ത്തോളം വീടുകൾക്ക് കുടിശ്ശികയുള്ള പണം കൊടുക്കാൻ സാധിക്കുകയുള്ളൂ. 2 ലക്ഷം രൂപ ധനസഹായം കൊടുത്തിരുന്നത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ വീടുപണി പൂർത്തീകരിക്കാൻ ഈ പണം ആവശ്യമാണ്. ഇതിന് ബഹുമാനപ്പെട്ട മന്ത്രി ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുമോ; അല്ലെങ്കിൽ ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ കടമെടുക്കാൻ തീരുമാനിക്കുമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം വളരെ സദുദ്ദേശത്തോടുകൂടിയാണ് ചോദിച്ചത്. ഇവിടെ കഴിഞ്ഞ കാലങ്ങളിലത്രയും പട്ടികജാതി വികസന വകുപ്പ് നൽകുന്ന ഭവന നിർമ്മാണത്തിന് ആവശ്യമായ

പണം ലഭ്യമാകാത്തതിന്റെ പേരിൽ പണി പൂർത്തിയാകാതെ പോകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ഒന്നും രണ്ടും ഗഡുക്കൾ കൊടുക്കുന്നതനുസരിച്ച് ഗുണഭോക്താക്കൾ പ്രവൃത്തികൾ നടത്താതെ മുടങ്ങിക്കിടക്കുന്ന പദ്ധതികളാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 1500 വീടുകളാണ് പൂർത്തീകരിച്ചതെന്ന് അദ്ദേഹം പറഞ്ഞ കണക്ക് തെറ്റാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 2010-11-ൽത്തന്നെ 7021 വീടുകൾ അനുവദിച്ചതിൽ 5532 വീടുകളുടെ പണി പൂർത്തീകരിച്ചു. വീടുപണി പൂർത്തീകരിക്കാത്തത് ഗവൺമെന്റുകളുടെ കുഴപ്പമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇതുപോലെ പൂർത്തീകരിക്കാത്ത വീടുകൾ വളരെ അധികമുണ്ട്. വീടുപണി പൂർത്തീകരിക്കാനാവശ്യമായ പണം പലപ്പോഴും നമ്മൾ കൊടുക്കുന്നില്ല. മൂന്നു-നാലു ലക്ഷം രൂപ കൊടുക്കേണ്ടി വരുമ്പോൾ ഒരു ലക്ഷം രൂപ കൊടുത്താൽ എങ്ങനെ പണി പൂർത്തീകരിക്കാൻ സാധിക്കും? പത്തു രൂപ പോലും കടം കിട്ടാത്ത ആളുകളാണ് ഇന്ന് പ്രവൃത്തി തുടങ്ങുന്നത്. ആവശ്യമായ തുക ലഭ്യമല്ലാത്തതിന്റെ പേരിൽ പാതിവഴിയിൽ പണി നിർത്തിവയ്ക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് ഒരു ലക്ഷമെന്നുള്ള ധനസഹായം മൂന്നു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത്. പ്രവൃത്തി പൂർത്തീകരിക്കുന്നതനുസരിച്ച് പണം നൽകുവാൻ ഇന്ന് ഗവൺമെന്റ് സന്നദ്ധമാണ്. പണമില്ലാത്തതിന്റെ പേരിൽ പട്ടികജാതി ഭവന വകുപ്പിനകത്തുള്ള ഒരു വീടുപോലും പൂർത്തീകരിക്കാത്ത സാഹചര്യം ഉണ്ടാകില്ല. ഇതിനാവശ്യമായ പണം കണ്ടെത്തി നൽകുന്നതാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : സർ, അങ്ങ് ഇവിടെ പറഞ്ഞതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടി.എസ്.പി. പദ്ധതിയിലൂടെ ഭവന പദ്ധതിക്ക് നൽകിയ പണം ഇന്ന് സംസ്ഥാനത്തെ ഒരു പഞ്ചായത്തിൽക്കൂടിയും വിനിയോഗിക്കപ്പെടുന്നില്ല എന്നുള്ള യാഥാർത്ഥ്യമാണ് ഞാൻ മനസ്സിലാക്കിയത്. ഈ സാഹചര്യത്തിലും ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ കൂടിമാത്രം നല്കുന്ന പണമാണ് ഇപ്പോൾ വീടുവയ്ക്കാൻവേണ്ടി ഉപകരിക്കുന്നത്. പല സ്ഥലങ്ങളിലും പൂർണ്ണമായും പണി പൂർത്തീകരിക്കാൻ കഴിയുന്ന സാഹചര്യമല്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. കോളനികൾ നമ്മൾ ഏറ്റെടുക്കുന്നുണ്ട്. ആ കോളനികളിൽ താമസിക്കുന്ന പട്ടികജാതിയിൽപ്പെട്ട ആളുകളുടെ വീടുകൾ പൂർണ്ണമായും പൂർത്തീകരിക്കുവാനോ വീടില്ലാത്ത എല്ലാ കുടുംബാംഗങ്ങൾക്കും വീടുവച്ച് നൽകുവാനോ കോളനി വികസനവുമായി ബന്ധപ്പെട്ട പദ്ധതിയിൽ ഇക്കാര്യം ഉൾപ്പെടുത്തി പ്രശ്നപരിഹാരം ഉണ്ടാക്കണം. അതോടൊപ്പം പ്രൊമോട്ടർമാരുടെ ശമ്പളം നൽകുന്നില്ല എന്നുള്ള ഒരു

വിഷയവുമുണ്ട്. ഈ നിലയിൽ വീടുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്ത് നിലപാടാണ് അങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, പണി പൂർത്തീകരിക്കാത്ത വീടുകൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 2007-08 മുതൽ ഒരു ലക്ഷം രൂപമുതൽ രണ്ടു ലക്ഷം രൂപ വരെ കൊടുത്തിരുന്ന വീടുകൾക്ക് ഇപ്പോൾ പുതുക്കിയ നിരക്കനുസരിച്ച് 2007 മുതലുള്ള പണി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കാൻ മൂന്നുലക്ഷം രൂപ നിരക്കിൽ ആനുപാതികമായി തുക അനുവദിച്ചുകൊണ്ട് ഒരു ഭാഗത്ത് നടപടി സ്വീകരിക്കുന്നു. അതുകൂടാതെ ഈ ഗവൺമെന്റ് വന്നതിനുശേഷം അത്തരം വീടുകൾ ഉൾപ്പെടെയുള്ള വീടുകൾക്ക് പണി പൂർത്തീകരിക്കാൻ സഹായകമായ നിലയിൽ മെയിന്റനൻസ് നടപടികൾക്കായി 50000 രൂപയുടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഈ രണ്ട് പദ്ധതികളിലൂടെ നമുക്ക് കുറെ കാര്യങ്ങൾ പരിഹരിക്കാൻ കഴിയും. സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇവിടെ അടിസ്ഥാന സൗകര്യ വികസനമാണ് ഏറ്റവും പ്രധാനമായി കാണുന്നത്. എന്നാൽ അതിനകത്ത് ചില കോളനികളിൽ മെയിന്റനൻസിനുവേണ്ടി ലിമിറ്റഡ് എമൗണ്ട് അനുവദിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾക്ക് കൂടുതൽ പണം അനുവദിക്കാൻ സാധിക്കില്ല. കാരണം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് എന്നുള്ളത് മാറി വെറും വീടുനിർമ്മാണവും മറ്റ് കാര്യങ്ങളും മാത്രമായി പോകും എന്നുള്ളതുകൊണ്ടും വീടു നിർമ്മാണത്തിനു വേറെ പദ്ധതികൾ ഉള്ളതുകൊണ്ടും ലിമിറ്റഡ് എമൗണ്ടുമാത്രമേ നമുക്ക് കൊടുക്കാൻ കഴിയൂ. ഏതായാലും പൂർത്തീകരിക്കാത്ത വീടുകൾ എത്രയും പെട്ടെന്ന് പൂത്തീകരിക്കുന്നതിന് വളരെ നിശ്ചയ ദാർഢ്യത്തോടുകൂടിയുള്ള പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് അതിനുള്ള നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. രാജേഷ് ചുരുക്കി ചോദിക്കണം.

ശ്രീ. ടി. വി. രാജേഷിനുവേണ്ടി (ശ്രീ. ആർ. രാജേഷ്) : സർ, എട്ടാം ദിവസമാണ് ചോദ്യം കിട്ടിയത്. കേരളത്തിലെ പട്ടികജാതിയിൽപ്പെടുന്ന ആളുകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവരുടെ വീടുകൾ പൂർത്തീകരിക്കുന്ന തുമായി ബന്ധപ്പെട്ടുള്ള കാര്യമാണ്. ഐ.എ.വൈ. പദ്ധതി പ്രകാരവും വീട് പൂർത്തീകരിക്കാൻ കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. അങ്ങ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ വീടില്ലാത്ത വസ്തു ഉള്ള 16,599 ഭവന രഹിതരായിട്ടുള്ളവർ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അവർക്ക്

വീട്ടുകൾവച്ചുകൊടുക്കേണ്ട സാഹചര്യമാണുള്ളത്. മൂന്ന സെന്റിലും അഞ്ചു സെന്റിലും താമസിക്കുന്ന കുടുംബങ്ങളുണ്ട്. അവർ പത്തു വർഷം കഴിയുമ്പോൾ വേറൊരു കുടുംബമായി മാറുകയാണ്. ഇവരുടെ എണ്ണം കൂടുകയാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, 50000 രൂപ മെയിന്റനൻസ് ഗ്രാന്റിനെക്കുറിച്ച് പറഞ്ഞു. 2007 മുതൽ 2014 വരെയുള്ള കണക്കുകളെടുത്ത് പരിശോധിച്ചാൽ 50000 രൂപ അധികമായി കൊടുത്തിട്ടും 15,268 ആളുകളുടെ വീട്ടുകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. വീട് പൂർത്തീകരിക്കുക എന്നത് ഒരു സാധാരണ കുടുംബത്തിന്റെ വലിയ സ്വപ്നമാണ്. അതുകൊണ്ട് 15,268 ആളുകളുടെ വീട്ടുകൾ പൂർത്തീകരിക്കുന്നതിനെ കുറിച്ചൊരു അന്വേഷണവും പഠനവും നടത്തി അത് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, അന്വേഷണത്തിനും പഠനത്തിനും അപ്പുറം പ്രാവർത്തികമാക്കുന്നതിനുവേണ്ടി 2007 മുതലുള്ള വീട്ടുകൾ പൂർത്തീകരിക്കുക എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, അങ്ങ് ഇവിടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീട്ടുകളുടെ പൂർത്തീകരണത്തെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. 2013-14 വർഷത്തെ പദ്ധതി വിഹിതത്തിൽ 15 ശതമാനം വീട്ടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. പൂർത്തീകരിച്ച വീട്ടുകൾക്കുപോലും പൈസ കിട്ടിയിട്ടില്ല. അതിന്റെ പ്രധാന കാരണം ഗവൺമെന്റിന് ഒരു ക്രൈറ്റീരിയ ഉണ്ട്. ഈ ഗൈഡ് ലൈനിൽ പറയുന്നത്, ഷീറ്റിട്ട വീട്ടുകൾക്ക് പണം നൽകില്ലെന്നാണ്. ഇത് പുനഃപരിശോധിക്കണം. അതുകൊണ്ട് ഷീറ്റിട്ട വീട്ടുകൾക്കുകൂടി പണം കൊടുക്കണം. പാവപ്പെട്ട വീട്ടുകാർ പണം കടമെടുത്ത് വീട് വച്ച് ഷീറ്റിട്ടാൽ അവർക്ക് തുക മാറികൊടുക്കുന്നില്ല. അതുകൊണ്ട് ഓടിട്ടതും കോൺക്രീറ്റ് ഇട്ടതുമായ കെട്ടിടങ്ങൾക്കുപുറമെ ഷീറ്റിട്ട വീട്ടുകൾകൂടി പരിഗണിക്കണമെന്നാണ് എന്റെ ആവശ്യം.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞ കാര്യം കൂടി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## തൊഴിലാളികളുടെ സുരക്ഷ

**4 (*214)** ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ, അവർക്ക് ന്യായമായ ചികിത്സാ സൗകര്യം, നഷ്ടപരിഹാരം എന്നിവ അടിയന്തരമായി ലഭ്യമാക്കാൻ എന്തൊക്കെ നിയമ വ്യവസ്ഥകളാണ് നിലവിലുള്ളതെന്നും അവ നടപ്പാക്കാനുള്ള സംവിധാനമെന്തെന്നും വെളിപ്പെടുത്തുമോ ;

(സി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവരുടെ സുരക്ഷയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെ പരിപാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കർശന നടപടിയുണ്ടാവുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ മാനദണ്ഡങ്ങളും അവ ഉറപ്പുവരുത്തുന്ന രീതികളും ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് തുടങ്ങിയ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ പരാമർ ശിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ ഒരുക്കേണ്ടതും ആയത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ എന്നിവർ സ്ഥാപനത്തിൽ പരിശോധനകൾ നടത്താറുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ ജീവനക്കാർ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. ഇതിനുപുറമേ ഫാക്ടറീസ് & ബോയിലേഴ്സ്, ഇ.എസ്.ഐ. തുടങ്ങിയ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്താറുണ്ട്. കൂടാതെ സേഫ്റ്റി ഓഡിറ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി കേരള

മുനിസിപ്പൽ ബിൽഡിംഗ് ചട്ടങ്ങൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ഇത്തരം പരിശോധനകൾവഴി തൊഴിലിടങ്ങളിലെ തൊഴിലാളി കളുടെ സുരക്ഷ സംബന്ധിച്ച തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നതും അതുവഴി തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതുമാണ്.

(ബി) തൊഴിൽ സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടങ്ങളെത്തുടർന്ന് തൊഴിലാളിക്ക് അപകടമോ മരണമോ സംഭവിച്ചാൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലുടമയിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ ആശ്രിതർക്കോ പരിക്കേറ്റ വ്യക്തിക്കോ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ കേസ് ഫയൽ ചെയ്യാവുന്നതാണ്. മരംകയറ്റ തൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് അപകടം പറ്റിയാൽ 25,000 (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയും മരണമടഞ്ഞാൽ 50,000 (അൻപതിനായിരം) രൂപയും നൽകുന്ന ഒരു സ്കീം നിലവിലുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ബോർഡുകളിൽ നിലവിലുള്ള പദ്ധതികൾ പ്രകാരവും അതാത് ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ബോർഡ് വഴി നൽകിവരുന്ന ഇത് സംബന്ധിച്ച ആനുകൂല്യങ്ങളും കൈപ്പറ്റാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമാനുസൃതമായ സുരക്ഷ ഒരുക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം തൊഴിലുടമയ്ക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് അനുസരിച്ച് 57 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുള്ളതും 26 പ്രോസിക്യൂഷൻ കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

## കേരളത്തിന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്)

**5 (*215)** ശ്രീ. എം ചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) അനുവദിക്കാതിരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിരുന്നോ ;

(ബി) എയിംസ് അനുവദിക്കാനായി സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ;

(സി) ഈ സ്ഥാപനത്തിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് ; അതിനായി പരിഗണിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) :

(എ) കേരളത്തിന് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കേണ്ടതില്ല എന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടില്ല. ഈ വിഷയത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആവശ്യപ്പെടുകയും വിശദമായ വിലയിരുത്തലുകൾക്കുശേഷം 17-7-2014-ലെ സ.ഉ. (കൈ) നമ്പർ 220/2014/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന നാല് പ്രദേശങ്ങൾ
482/16
എയിംസ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിരുന്നു :

(1) കോഴിക്കോട് ജില്ലയിലെ കിനാലൂർ, കാന്തലാട് വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ബാധ്യതകൾ ഒന്നും ഇല്ലാത്ത 154.43 ഏക്കർ സ്ഥലം.

(2) കോട്ടയം ജില്ലയിലെ ആർപ്പൂക്കര, അതിരമ്പുഴ ബ്ലോക്കുകളിലായി ലഭ്യമായിട്ടുള്ള 194.85 ഏക്കർ സ്ഥലം.

(3) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിന് സമീപത്തായി ലഭ്യമായിട്ടുള്ള 263.45 ഏക്കർ സ്ഥലം

(4) എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ 123.5 ഏക്കർ സ്ഥലം എന്നിവയാണ് നിലവിൽ എയിംസ് സ്ഥാപിക്കുന്നതിനായി യോജിച്ച പ്രദേശങ്ങളായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചിട്ടുള്ളത്.

ഈ നാല് പ്രദേശങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ ചെക്ക് ലിസ്റ്റായി തയ്യാറാക്കി നൽകുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നൽകിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ദ്ധർ അടങ്ങുന്ന സംഘം പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ മന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങൾ തെരഞ്ഞെടുത്തത് പ്രധാനമായും അക്വിസിഷനിലൂടെ യല്ലാതെയുള്ള സ്ഥലത്തിന്റെ ലഭ്യത, റോഡ്, റെയിൽ, വായു മാർഗ്ഗങ്ങളിലൂടെ പ്രസ്തുത പ്രദേശത്ത് എത്തിപ്പെടുന്നതിനുള്ള സാധ്യതകൾ, ശുദ്ധജലം, വൈദ്യുതി എന്നിവയുടെ ലഭ്യത, ഈ പ്രദേശങ്ങളിൽ സർക്കാർ/സ്വകാര്യ മേഖലയിലുള്ള ചികിത്സാ സംവിധാനങ്ങളുടെ ലഭ്യത തുടങ്ങിയവ കണക്കിലെടുത്തുകൊണ്ടാണ്.

## പക്ഷിപ്പനി മനുഷ്യരിലേക്ക് പകരാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ

**6 (*216)** ശ്രീ. ജി. സുധാകരൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ ഈ രോഗം മനുഷ്യരിലേക്ക് പകരാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ അറിയിക്കാമോ ;

(ബി) ഈ രോഗ നിർണ്ണയത്തിനായി സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്നും ഇപ്പോൾ അതിനായി ഒരുക്കിയിരിക്കുന്ന അധിക സംവിധാനങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ ;

(സി) രോഗപ്രതിരോധത്തിനും ചികിത്സക്കും ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ വിശദീകരിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സംസ്ഥാനത്ത് മൂന്ന് ജില്ലകളിൽ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട) താറാവുകളിൽ പക്ഷിപ്പനി ഉള്ളതായി കൃഷി വകുപ്പിൽനിന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 24-11-2014-ന് വൈകുന്നേരം 6 മണിക്ക് അടിയന്തരയോഗം ചേർന്ന് സ്ഥിതിഗതികൾ

വിലയിരുത്തുകയും ആരോഗ്യ വകുപ്പ് സ്വീകരിക്കേണ്ടതായ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ചികിത്സയ്ക്കാവശ്യമായ ഒസൽട്ടാമിവിർ ഗുളികകളുടേയും വ്യക്തിസുരക്ഷാ കിറ്റുകളുടേയും നിലവിലുള്ള ലഭ്യത വിലയിരുത്തുകയും കൂടുതലായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ ഇ.എം.ആർ. ഡിവിഷൻ അധികാരികളുമായി ആശയവിനിമയം നടത്തുകയും സ്വീകരിക്കേണ്ടതായ സത്വര നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. കൂടുതൽ ഗുളികകളും പി.പി.ഇ. കിറ്റുകളും അയച്ചുതരുവാൻ അഭ്യർത്ഥിച്ചു. കൂടാതെ മരുന്നു കമ്പനികളുമായി ബന്ധപ്പെടുകയും അടിയന്തരമായി ഗുളികകൾ എത്തിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. രോഗചികിത്സയ്ക്കായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രികളിലും കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുവാൻ നിർദ്ദേശം നൽകി.

25-11-2014-ന് രാവിലെ 10 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അടിയന്തര യോഗം ചേർന്നു. ആരോഗ്യ വകുപ്പുമന്ത്രി, കൃഷി-മൃഗസംരക്ഷണ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി തുടങ്ങിയവരും വിവിധ വകുപ്പ് സെക്രട്ടറിമാരും വകുപ്പദ്ധ്യക്ഷരും യോഗത്തിൽ പങ്കെടുത്ത് സ്ഥിതിഗതികൾ വിലയിരുത്തി.

ഇതിനെത്തുടർന്ന് ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് ഉന്നതതല ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് തുടർനടപടികൾ തീരുമാനിച്ചു. 25-11-2014-ന് ചേർന്ന ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ അവലോകന യോഗത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കേണ്ട പ്രവർത്തന പരിപാടികൾ ചർച്ച ചെയ്യുകയും പക്ഷിപ്പനിയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ഡി.എം.ഒ.-മാർക്കും ഡി.പി.എം.-മാർക്കും മറ്റു ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്തു. പക്ഷിപ്പനിയെക്കുറിച്ച് ഭാരത സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗ്ഗരേഖയും പരിശീലനത്തിനാവശ്യമായ "Power Point Slide" -ഉം എല്ലാ ജില്ലകൾക്കും നൽകുകയുണ്ടായി. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത മൂന്ന് ജില്ലകളിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. മൃഗസംരക്ഷണ വകുപ്പിലെ വിദഗ്ദ്ധരും ആരോഗ്യ വകുപ്പിലെ വിദഗ്ദ്ധരും സംയുക്തമായി യോഗം കൂടുകയും ബോധവൽക്കരണത്തിന് ആവശ്യമായ ലഘുലേഖ തയ്യാറാക്കി പ്രസിദ്ധീകരണത്തിന് നൽകുകയും ചെയ്തു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ബഹു.മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന അവലോകന യോഗത്തിൽ ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുകയും ആരോഗ്യ വകുപ്പുവഴി ചെയ്യേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുമുണ്ടായി. പ്രതിരോധത്തിനും

ചികിത്സയ്ക്കും ആവശ്യമായ സാധനങ്ങളും സംസ്ഥാനത്തിന് അകത്തുനിന്നും പുറത്തുനിന്നും ശേഖരിച്ച് നൽകി. മൂന്ന് ജില്ലകളിലും താറാവുകളെ കൊന്നൊടുക്കുവാനായി (culling) മൃഗസംരക്ഷണ വകുപ്പിൽനിന്നും നിയോഗിച്ചിട്ടുള്ള ടീം അംഗങ്ങളുടെ ആരോഗ്യ പരിശോധനയും രോഗപ്രതിരോധത്തിനുള്ള ഗുളിക വിതരണവും ബോധവൽക്കരണവും വ്യക്തിഗത സുരക്ഷയ്ക്കുള്ള പി.പി.ഇ. കിറ്റുകളുടെ വിതരണവും നടത്തിവരുന്നു. മനുഷ്യരിലെ രോഗ നിരീക്ഷണത്തിന്റെ ഭാഗമായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത മൂന്ന് ജില്ലകളിലും പ്രത്യേക നിരീക്ഷണത്തിനായി നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ പനി നിരീക്ഷണത്തിനുള്ള മൈക്രോപ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും വീടുകൾ സന്ദർശിച്ച് രോഗ നിരീക്ഷണവും ബോധവൽക്കരണവും നൽകിവരുന്നു. മെഡിക്കൽ കോളേജിലേയും മൃഗസംരക്ഷണ വകുപ്പിലേയും വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല ആർ.ആർ.ടി. മീറ്റിംഗ് 27-ാം തീയതി ഡി.എച്ച്.എസ്. കോൺഫറൻസ് ഹാളിൽ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി.

കേന്ദ്ര വിദഗ്ദ്ധ സംഘം ആലപ്പുഴ മെഡിക്കൽ കോളേജും ജില്ലാ ആശുപത്രിയും സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി സംതൃപ്തി രേഖപ്പെടുത്തി. 27-11-2014 വൈകുന്നേരം 6 മണിക്ക് ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്ന് കൂടുതൽ ഗുളികകൾ ആവശ്യമാണെന്ന് മനസ്സിലാക്കിയതിനാൽ 3 ലക്ഷം ഗുളികകൾകൂടി അടിയന്തരമായി വാങ്ങുവാൻ തീരുമാനിച്ചു.

28-11-2014 രാവിലെ ഒൻപത് മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം ചേർന്നു. യോഗ തീരുമാനപ്രകാരം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ജാഗ്രതാ നിർദ്ദേശം നൽകി. പക്ഷി നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ടീം അംഗങ്ങൾക്കും അവരുടെ സഹായികൾക്കും ആവശ്യമായിട്ടുള്ള പ്രതിരോധ ഗുളികകൾ ലഭ്യമാക്കാൻ പ്രത്യേക നിർദ്ദേശം നൽകി. 29-11-2014-ന് ആലപ്പുഴ ജില്ലയിൽ നടന്ന അവലോകന യോഗത്തിൽ ബഹു. ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പ് ഡയറക്ടറും പങ്കെടുത്തു. ഗൃഹസന്ദർശനവും ബോധവൽക്കരണ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തി.

എല്ലാ ജില്ലകളിലുമായി ആകെ ഇതുവരെ 1,72,082 വീടുകൾ സന്ദർശിക്കുകയും 6,02,063 പേരെ നിരീക്ഷണവിധേയരാക്കുകയും ചെയ്തു.

1,522 പേർക്ക് ലഘുവായ പനിയുടെ ലക്ഷണം കണ്ടു. ആർക്കുംതന്നെ പക്ഷിപ്പനി ലക്ഷണങ്ങൾ കണ്ടെത്തിയിട്ടില്ല. ഇതുവരെ ആറ് സാമ്പിൾ പരിശോധനയ്ക്കയച്ചിട്ടുണ്ട്.

രോഗ ചികിത്സയ്ക്കായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രികളിലും കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ചികിത്സയ്ക്കാവശ്യമായ ഒസൽട്ടാമിവിർ ഗുളികകൾ ലഭ്യമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും കേന്ദ്രസംഘവുമായി ചർച്ച നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. പ്രതിരോധ പ്രവർത്തനങ്ങളിൽ കേന്ദ്രസംഘം സംതൃപ്തി രേഖപ്പെടുത്തി.

(ബി) ഡൽഹിയിലെ എൻ.സി.ഡി.സി. ലാബുകളിലും പൂനയിലെ കേന്ദ്ര വൈറോളജി ലാബിലുമാണ് മനുഷ്യരിലെ പക്ഷിപ്പനി ടെസ്റ്റ് ചെയ്യാൻ സൗകര്യമുള്ളത്. കേരളത്തിൽനിന്നുള്ള സാമ്പിളുകൾ വിമാനമാർഗ്ഗം ഡൽഹിയിലെ എൻ.സി.ഡി.സി. ലാബിൽ എത്തിച്ചും ട്രെയിൻ മാർഗ്ഗം മണിപ്പാലിലെ വൈറോളജി ലാബിൽ എത്തിച്ചും ടെസ്റ്റ് ചെയ്യുവാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്.

പക്ഷികളുടെ സാമ്പിളുകൾ ടെസ്റ്റ് ചെയ്യാൻ ഭോപ്പാലിലെ അതീവ സുരക്ഷ മൃഗരോഗ നിർണ്ണയ കേന്ദ്രമാണ് അംഗീകരിക്കപ്പെട്ട സ്ഥാപനം.

(സി) പ്രതിരോധത്തിനാവശ്യമായ ഒസൽട്ടാമിവർ ഗുളികകളും വ്യക്തി സുരക്ഷയ്ക്കാവശ്യമായ പി.പി.ഇ. കിറ്റുകളും മാസ്കുകളും ലഭ്യമാക്കിയിട്ടുണ്ട്.

താറാവുകളെ കൊന്നൊടുക്കുന്ന ജോലിയിൽ ഏർപ്പെടുന്ന മുഴുവൻ മൃഗസംരക്ഷണ വകുപ്പ് ജീവനക്കാർക്കും സഹായികൾക്കും പ്രതിരോധ ഗുളികകളും മറ്റ് സുരക്ഷാ കവചങ്ങളും നൽകി വരുന്നു.

പക്ഷികൾ മരിച്ചുകിടക്കുന്ന പ്രദേശവും പക്ഷി നശീകരണം നടത്തിയ സ്ഥലവും അണുനാശിനികൾ ഉപയോഗിച്ച് അണുവിമുക്തമാക്കുന്നു.

പക്ഷിമരണം കണ്ടെത്തിയ പ്രദേശങ്ങൾക്ക് ഒരു കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളേയും കൊന്ന് നശിപ്പിച്ചുവരുന്നു. പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ ജനങ്ങളുടേയും രോഗലക്ഷണങ്ങൾ ശ്രദ്ധിക്കുവാൻ നിരീക്ഷണ ടീമുകളെ ചുമതലപ്പെടുത്തി. നേരിയ സംശയമുള്ളവരുടെ തൊണ്ടയിലെ സ്രവം വിദഗ്ധ

പരിശോധനയ്ക്കായി ഡൽഹിയിലേക്ക് അയച്ചുവരുന്നു. ഇതുവരെ മനുഷ്യരിൽ രോഗബാധ പകർന്നതായി സ്ഥിരീകരിച്ചിട്ടില്ല.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രികളിലും കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലും രോഗ ചികിത്സയ്ക്കായി സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ രോഗത്തെക്കുറിച്ചുള്ള വിശദ വിവരങ്ങളും പ്രതിരോധ നടപടികളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും എല്ലാ ജില്ലകളിലേയ്ക്കും നൽകി ജീവനക്കാരെ പരിശീലിപ്പിച്ചുവരുന്നു. പക്ഷികളിൽ രോഗബാധയുള്ള മൂന്ന് ജില്ലകളിലും സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും പ്രത്യേക കൺട്രോൾ റൂമുകൾ പ്രവർത്തനം നടന്നുവരുന്നു. കൂടുതൽ ജില്ലകളിലേക്ക് രോഗ പകർച്ചയുണ്ടോയെന്ന് നിരീക്ഷിക്കുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ദൈനംദിന സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ തുടരുന്നു.

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം**

**7 (*217)** ശ്രീമതി കെ. കെ. ലതിക:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികൾ നേരിടുന്ന കടുത്ത മരുന്നുക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകാമോ ;

(ബി) മരുന്നുക്ഷാമത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടെങ്കിൽ അറിയിക്കാമോ ;

(സി) അവശ്യമരുന്നുകൾ ലഭ്യമല്ലാത്തതിനാൽ രോഗിക്ക് ആവശ്യമായ മരുന്ന് കുറിക്കുന്നതിന് പകരം ലഭ്യമായ മരുന്നുകൾ മാത്രം കുറിക്കണമെന്ന നിർദ്ദേശം നൽകിയത് പാവപ്പെട്ട രോഗികളെ ദുരിതത്തിലാക്കിയിരിക്കുന്നതായ പരാതി പരിഗണിച്ച് പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ തയ്യാറാകുമോ ;

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഈ വർഷം മരുന്നു

വാങ്ങാനായി ഇതുവരെ അനുവദിച്ച തുകയും കോർപ്പറേഷൻ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സർക്കാർ ആശുപത്രികൾ നേരിടുന്ന മരുന്നുക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏതെങ്കിലും അവശ്യമരുന്നിന് ക്ഷാമം നേരിട്ടാൽ ആ മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസുകളിൽ ലഭ്യമല്ലാത്തപക്ഷം ആശുപത്രി തലത്തിൽത്തന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ 29-11-2014-ൽ G.O (Rt) No.3859/2014/H&FWD എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും മരുന്നുകൾ ഇല്ലാത്തപക്ഷം ആശുപത്രി മേധാവിക്ക് ആയവ വാങ്ങുവാനുള്ള അധികാരം നൽകിയിട്ടുണ്ട്. മാനസികാരോഗ്യ കേന്ദ്രങ്ങളിലേക്ക് വേണ്ട അത്യാവശ്യ മരുന്നുകൾ ആരോഗ്യ വകുപ്പ് ആസ്ഥാനത്തിൽ നിന്നുതന്നെ വാങ്ങി നൽകിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തെ ഇൻഡന്റ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും 10-1-2014-നും ആരോഗ്യ വകുപ്പിൽനിന്നും 18-1-2014-നും KMSCL-ന് ലഭിക്കുകയുണ്ടായി. പ്രസ്തുത ഇൻഡന്റുകൾ ക്രോഡീകരിച്ച് ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 28-1-2014-ന് കോർപ്പറേഷൻ ടെൻഡർ നടപടികൾ ആരംഭിച്ചു. നടപ്പു സാമ്പത്തികവർഷം മുതൽ സർക്കാർ നിർദ്ദേശാനുസരണം ഇ-ടെൻഡർ മുഖേനയാണ് ടെൻഡർ ക്ഷണിച്ചത്. എന്നാൽ ഓൺലൈനായി ബിഡ് സമർപ്പിക്കുന്നതിനുള്ള പരിചയക്കുറവുമൂലം പല വിതരണക്കാർക്കും ടെൻഡറിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. തൽഫലമായി വളരെ കുറച്ച് മരുന്നുകൾക്കുമാത്രമേ വിതരണക്കാരെ ലഭിച്ചുള്ളൂ. മറ്റുള്ളവയിൽ ഒന്നിൽ കൂടുതൽ ബിഡർമാരുള്ളതും കാരുണ്യാ ഫാർമസിയിലെ വിലയേക്കാൾ കുറഞ്ഞ വിലയുള്ളതുമായ ഇനങ്ങൾക്ക് ടെൻഡർ ചെയ്ത ക്വാണ്ടിറ്റിയുടെ 50% ഓർഡറുകൾ നൽകുകയും ശേഷിക്കുന്നവയും വിതരണക്കാരെ ലഭിക്കാത്തതുമായ മരുന്നുകളും ഉൾപ്പെടെ 306 ഇനം മരുന്നുകൾ റീ-ടെൻഡർ ചെയ്യുന്നതിനായി ഡയറക്ടർ ബോർഡ് നിർദ്ദേശിച്ചു. ഇതിൽ ചില മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു. മറ്റുള്ളവ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിക്കൊണ്ടിരിക്കുന്നു.

ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത തുക വിതരണക്കാർക്ക് നൽകുവാൻ

സാധിച്ചിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെ മരുന്നു വിതരണം ചെയ്ത ചില കമ്പനികൾക്ക് തുക മുഴുവനായും കൊടുക്കുവാൻ സാധിച്ചിട്ടില്ല. തൽഫലമായി വിതരണക്കാരും യഥാസമയം മരുന്നു വിതരണം പൂർത്തീകരിച്ചിട്ടില്ല. അവശ്യമരുന്നുകൾ വിതരണം ചെയ്യുന്ന കെ.എസ്.ഡി.പി.-യും മറ്റു ചില കമ്പനികളും മരുന്നു വിതരണത്തിൽ വീഴ്ച വരുത്തിയതും ചില അവശ്യമരുന്നുകളുടെ വിതരണത്തിൽ നേരിയ ക്ഷാമം നേരിടുവാൻ കാരണമായി.

2014-15 സാമ്പത്തിക വർഷം 242 കോടി രൂപയുടെ മരുന്നുകൾ സംഭരിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയപ്പോൾ 434.7 കോടി രൂപയുടെ ഇൻഡന്റാണ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി മരുന്നു സംഭരണത്തിനായി കോർപ്പറേഷന് നൽകിയത്. ഇതിൽ നാളിതുവരെ 212 കോടി രൂപയുടെ മരുന്നുകൾ ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുമായി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശം ആരോഗ്യ വകുപ്പ് നൽകിയിട്ടില്ല.

(ഡി) നടപ്പു സാമ്പത്തികവർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 60 കോടി രൂപ മരുന്ന് സംഭരണത്തിനായി അനുവദിച്ചിട്ടുണ്ട്. 28-11-2014 വരെ കോർപ്പറേഷൻ 212,03,70,444 രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡറുകൾ നൽകിയിട്ടുണ്ട്.

## ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

**8 (*218)** ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ;

(ബി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിലുള്ള മികവ് പരിഗണിച്ച് കേന്ദ്രത്തിൽനിന്ന് അധിക സഹായം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമീണ ശുദ്ധജലവിതരണത്തിൽ മികവ് കൈവരിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ള മെത്തിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിയിൽനിന്നും എസ്.സി./എസ്.ടി. കോളനികളിലേക്ക് ജില്ലാ 482/15 കളക്ടർവഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആവശ്യാധിഷ്ഠിതമായി സുസ്ഥിരവും ഗുണമേന്മയേറി യതുമായ കുടിവെള്ളം വിതരണം നടത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നത്. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, ഭൂജല സംവർധനം, സ്ത്രീ ശാക്തീകരണം, പഞ്ചായത്ത് ശാക്തീകരണം എന്നീ കർമ്മ പരിപാടികളും ഇതിനോടനുബന്ധിച്ച് നടപ്പിലാക്കുക വഴി ഗ്രാമീണ മേഖലയെ എല്ലാതലത്തിലും ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യ ലക്ഷ്യവും ജലനിധി പദ്ധതികൾക്കുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 209 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 51 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജലനിധിയുടെ രണ്ടാംഘട്ടം ആരംഭിച്ചത് ഈ സർക്കാരിന്റെ കാലഘട്ട ത്തിലാണ്. ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി പരമാവധി 200 ഗ്രാമ പഞ്ചായത്തുകളിലായി 11.5 ലക്ഷത്തോളം പേർക്ക് ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 1022 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ജലനിധി രണ്ടാംഘട്ടം ആരംഭിച്ചിട്ടുള്ളത്. ആദ്യബാച്ചിൽ 22 ഗ്രാമപഞ്ചായത്തുകളെ

തെരഞ്ഞെടുത്തതിൽ 20 പഞ്ചായത്തുകളിലായി ഏകദേശം 453 പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ബാച്ച് രണ്ടിൽ 63 ഗ്രാമപഞ്ചായത്തുകളിലായി ഏകദേശം 1133 പദ്ധതികളുടെ ആസൂത്രണ/നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബാച്ച് 1, 2-ലായി ഇതുവരെ 328 ചെറുകിട ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുകയും 80,000-ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുമുണ്ടായി. ഇതിനുപുറമേ 12 ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന 3 ബഹുപഞ്ചായത്ത് പദ്ധതികളും നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിച്ച മികവ് അനുസരിച്ച് 2012-13-ൽ കേന്ദ്രത്തിൽനിന്നും 75 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 24.70 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ആകെ 99.70 കോടി രൂപ) 2013-14-ൽ 67.31 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 2.69 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ആകെ 70.00 കോടി രൂപ) കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്തിന് പൂർത്തീകരിക്കുന്നതിനുവേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ Project Status Alert System of Kerala Water Authority (PASK) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കീഴ്ത്തലങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി വാട്ടർ അതോറിറ്റി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു. ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകനയോഗങ്ങൾ സംഘടിപ്പിക്കുകയും സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധ തലങ്ങളിൽ റെയിൽവേ, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവലോകനങ്ങൾ നടത്തി വേണ്ടനിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

### മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നതിനെതിരെ നടപടി

**9 (*219)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിൽ ഫോർമാലിൻ കലർത്താറുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത്തരം മത്സ്യം ഉപയോഗിക്കുന്നതു കൊണ്ടുള്ള ദോഷഫലങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) മത്സ്യത്തിൽ വിഷവസ്തുക്കളും സംരക്ഷണത്തിനെന്ന പേരിൽ ചേർക്കുന്ന ഹാനികരമായ മറ്റ് വസ്തുക്കളും ഉണ്ടോ എന്ന് വിപണനഘട്ടത്തിൽ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അത് അടിയന്തരമായി ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വിപണികളിൽനിന്ന് ശേഖരിക്കുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുവാൻ സംവിധാനമുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന Central Institute of Fisheries Technology (CIFT)-ലും പരിശോധനാ സംവിധാനം ലഭ്യമാണ്. ടി സംവിധാനം ആവശ്യാനുസരണം ഭക്ഷ്യസുരക്ഷാ വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്.

## വാർഷിക വരുമാനം രണ്ട് ലക്ഷം രൂപ വരെയുള്ള കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ

**10 (*220)** ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് APL-BPL തരംതിരിവ് ഇല്ലാതെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപാവരെയുള്ള കുടുംബങ്ങൾക്ക് RCC യിലും SCT യിലും സൗജന്യ ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) വർദ്ധിച്ച വരുന്ന രോഗികളുടെ എണ്ണം പരിഗണിച്ച് ഈ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രീചിത്രയിൽ 4800 രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് (എ കാറ്റഗറി) പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നു. താഴെപ്പറയുന്ന വാർഷികവരുമാനമുള്ള വിഭാഗങ്ങൾക്ക് ചികിത്സ ഇളവ് നൽകുന്നുണ്ട് :

4801- മുതൽ 8400- വരെ – 60% ഇളവ്

8401- മുതൽ 15,600- വരെ - 30% ഇളവ്

15,601- മുതൽ 24,000- വരെ - 10% ഇളവ്

ശ്രീചിത്രയുടെ പേഷ്യന്റ് വെൽഫെയർ ഫണ്ടിൽനിന്നും അർഹരായ രോഗികൾക്ക് ഒരു മാസം പരമാവധി 26,000/- രൂപയുടെ മരുന്നും (ഒരു രോഗിക്ക് പരമാവധി 500 രൂപ നിരക്കിൽ) സൗജന്യമായി നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ (ST) ഉൾപ്പെട്ടവർക്കുവേണ്ടി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള തുകയിൽനിന്ന് അതിന്റെ നിബന്ധനയ്ക്ക് വിധേയമായി ചികിത്സാ സൗജന്യമോ/ഇളവോ ശ്രീചിത്രയിൽ ലഭിക്കുന്നുണ്ട്.

പി.എം. ഫണ്ട്, സി.എം. ഫണ്ട്, ഡി.എച്ച്.എസ്. ഫണ്ട് എന്നിവയും ഈ അവസരത്തിൽ പ്രയോജനപ്പെടുത്താറുണ്ട്.

സംസ്ഥാനത്ത് കാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുന്നതിനായി വിഭാവന ചെയ്ത് നടപ്പാക്കിയ ഒരു പദ്ധതിയാണ് സുകൃതം. എന്നാൽ തുടക്കത്തിൽ

ഇത് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും ആർ.എസ്.ബി.വൈ., ചിസ് പ്ലസ് എന്നീ കാർഡുകളുടെ ഉടമകൾക്കും മാത്രമായി നിജപ്പെടുത്തിക്കൊണ്ട് 2014 നവംബർ മാസം ഒന്നാം തീയതി മുതലാണ് കേരള സർക്കാർ ഈ പദ്ധതി നടപ്പിലാക്കിയത്. ഇതുകൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളുടെ ചികിത്സാർത്ഥം താഴെപ്പറയുന്ന സർക്കാർ ക്ഷേമ പദ്ധതികൾ ഇപ്പോൾത്തന്നെ ആർ.സി.സി.-യിൽ നിലവിലുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട്

വാർഷികവരുമാനം 3 ലക്ഷം രൂപ വരെ ഉള്ളവർക്കായി 2 ലക്ഷം രൂപയുടെ ചികിത്സാ സഹായം

ചിസ് പ്ലസ്

ആരോഗ്യ സുരക്ഷാ കാർഡിന്റെ ലിസ്റ്റിലുള്ള കാൻസർ രോഗികൾക്ക് പ്രതിവർഷം 70,000 (എഴുപതിനായിരം രൂപ) വരെയുള്ള ചികിത്സാ സഹായം.

- മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ (Medical Assistance to the poor) കേരള ഗവൺമെന്റിന്റെ ആരോഗ്യ വകുപ്പിൽനിന്നും 20,000 (ഇരുപതിനായിരം രൂപ) വരെയുള്ള സാമ്പത്തിക സഹായം.

- മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന സാമ്പത്തികസഹായം.

- രാഷ്ട്രീയ ആരോഗ്യനിധിയിൽ നിന്നുള്ള ധനസഹായം

- കാൻസർ രോഗികൾക്കുള്ള പെൻഷൻ

- എൻഡോസൾഫാൻ ബാധിതർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി

- താലോലം പദ്ധതി - 18 വയസ്സുവരെയുള്ള കുട്ടികൾക്ക് കാൻസർ/ കാൻസർ സമാന ചികിത്സയ്ക്കായി 50,000 (അൻപതിനായിരം രൂപ) വരെയുള്ള ചികിത്സാ സഹായം

- കാൻസർ സുരക്ഷാ പദ്ധതി - 18 വയസ്സിനു താഴെയുള്ള കേരളീയരായ കുട്ടികൾക്ക് കാൻസർ രോഗം സ്ഥിരീകരിക്കപ്പെട്ടാൽ കുട്ടിയുടെ ചികിത്സ

പൂർണ്ണമായും സൗജന്യമായി നൽകുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ ടേർഷ്യറി കാൻസർ കെയർ പദ്ധതിയുടെ കീഴിൽ ആർ.സി.സി.-യെ ഒരു സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ കേന്ദ്ര സഹായമായി 120 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പുതിയ യന്ത്രസാമഗ്രികളും അടിസ്ഥാന സൗകര്യവികസനവും വിപുലീകരിക്കുന്നതുവഴി രോഗ നിർണ്ണയം വേഗത്തിലാക്കുന്നതിനും ചികിത്സാ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. സ്ഥല പരിമിതി കണക്കിലെടുത്ത് ഒരു പത്തുനില കെട്ടിടത്തിന്റെ പണി ആർ.സി.സി.-യിൽ പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നതോടുകൂടി കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുകവഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം ആർ.സി.സി.-യിൽ ലഭ്യമാക്കുന്നതാണ്.

**വിസ-ഓൺ-അറൈവൽ സംവിധാനം**

**11 (*221)** <u>ശ്രീ. സി. പി. മുഹമ്മദ്</u>:
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ആർ. സെൽവരാജ്</u>:
<u>ശ്രീ. വി. റ്റി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിസ-ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ടൂറിസം പ്രചരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത സംവിധാനത്തിന് എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽകുമാർ</u>) :

(എ) ഉണ്ട്.

(ബി) കേരളത്തിനു വിപണി സാധ്യതയുണ്ടെന്ന് വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽനിന്നുതന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്നതാണ് 'വിസ ഓൺ അറൈവൽ' സംവിധാനം. കുറഞ്ഞത് ആറ് മാസത്തെ പാസ്പോർട്ടുള്ള മേൽ രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചെലവിൽ 30 ദിവസത്തേക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. ഇത് വിനോദസഞ്ചാര സംബന്ധമായ കാര്യങ്ങൾക്കുമാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. വിനോദസഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് വിസ ലഭ്യമാക്കുകയും ഇതുവഴി 2021-ഓടെ 30 ലക്ഷം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് പിന്തുണ നൽകുകയുമാണ് ഉദ്ദേശിക്കുന്നത്. ഇതുവരെയും അധികം കടന്നുചെല്ലാത്ത ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുക, ഇതോടൊപ്പം ഭാവിയിൽ ഈ വിപണി കളിൽനിന്നുള്ള കൂടുതൽ സഞ്ചാരികളെ വിവിധ പ്രചരണ തന്ത്രങ്ങൾ വഴി കേരളത്തിലേക്ക് ആകർഷിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. ഇപ്പോൾത്തന്നെ മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്.

(സി) ഇതുവഴി ടൂറിസം വ്യവസായത്തിലെ സമഗ്ര മേഖലകളിലും പുതിയൊരു ചലനം ഉണ്ടാക്കുവാൻ കഴിയും. വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് 30 ദിവസത്തെ കാലാവധിയിലാണ് ടി വിസ നൽകുന്നത്. ഇതുവഴി വിനോദസഞ്ചാര മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും അതിന്റെ ഗുണം ലഭ്യമാകുന്നതാണ്.

(ഡി) 2013-ലും 2014-ലും ജപ്പാനിലെ ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് (JATA) ഫെയറിലും 2014 ജനുവരിയിൽ ഫിൻലാൻഡിലെ

MATKA ട്രാവൽ ഫെയറിലും കേരള ടൂറിസം പങ്കെടുക്കുകയും 2014-ൽ ഫിൻലാൻഡിലെ ഹെൽസിങ്കിയിലും ന്യൂസിലാൻഡിലെ ഓക്ക്‌ലാൻഡിലും റോഡ്ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനത്തിന്റെ പ്രചാരണത്തിനായി മേഖലയിലെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന തിനുവേണ്ടി വിനോദസഞ്ചാര വകുപ്പ് 'കം ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സര പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത രാജ്യങ്ങളിൽനിന്നും വരുന്ന സഞ്ചാരികൾക്ക് കേരളത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകളും സംസ്കാരങ്ങളും രുചികളും പരിചയപ്പെടുത്തുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. ഫെയ്സ്ബുക്ക്, ട്വിറ്റർ, ഗൂഗിൾപ്ലസ്, ഇൻസ്റ്റാഗ്രാം, പിന്ററസ്റ്റ് തുടങ്ങിയ സോഷ്യൽ മീഡിയ സൈറ്റുകളിലൂടെയുള്ള പ്രചാരണമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

**മരുന്ന് കുറിക്കുന്നതിനായി ഡോക്ടർമാർക്ക് നൽകുന്ന പാരിതോഷികം**

**12 (*222)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാർ മരുന്ന് കുറിക്കാൻ മരുന്നു കമ്പനികളിൽനിന്നും പാരിതോഷികം വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ ;

(സി) കമ്പോള താൽപ്പര്യങ്ങൾക്കനുസരിച്ച് വിലകൂടിയ മരുന്നുകൾ രോഗികളിൽ അടിച്ചേൽപ്പിക്കുന്നത് തടയാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഹോമിയോ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ് എന്നീ വിഭാഗങ്ങളിൽനിന്നും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, ആരോഗ്യ വകുപ്പിൽ, മലപ്പുറം ജില്ലയിലെ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റിനെ ഇതുമായി ബന്ധപ്പെട്ട് സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണത്തിനുവേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം

നടത്തി വരികയും ചെയ്യുന്നു. ടിയാൾ ഇപ്പോഴും സസ്പെൻഷനിൽ തുടരുകയുമാണ്.

(ബി) മരുന്നുകൾ ജനറിക് പേരിൽ കുറിച്ച് കൊടുത്താൽ ഇത്തരം പരാതികൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകൾ ഇന്റന്റ് ചെയ്യുന്നതും കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്യുന്നതും ജനറിക് നാമധേയത്തിലാണ്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡോക്ടർമാരും ജനറിക് മരുന്നുകൾതന്നെ രോഗികൾക്ക് കുറിച്ച് നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അവിടെ ലഭ്യമാകാത്ത മരുന്നുകൾ മാത്രമേ പുറത്തുനിന്നു വാങ്ങാൻ നിർദ്ദേശിക്കാറുള്ളൂ.

(സി) രോഗികൾക്ക്, പുറത്തേക്ക് മരുന്ന് കുറിച്ചുകൊടുക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിക്ക് തുടക്കമിട്ടത്. ഇതിന്റെ ഭാഗമായി 698 ജനറിക് മരുന്നുകളാണ് ആരോഗ്യ വകുപ്പിലെ വിവിധ ആശുപത്രികളിലായി സൗജന്യമായി വിതരണം ചെയ്യുന്നത്. ഇതിനുപുറമെ കാൻസർ ചികിത്സയ്ക്കുള്ള 73 ഇനം മരുന്നുകളും സൗജന്യമായി നൽകിവരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ മരുന്ന് ലഭ്യമല്ലെങ്കിൽ ലോക്കൽ പർച്ചേയ്സ് മുഖേന ഇത് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡോക്ടർമാരും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഖണ്ഡിക 1.5 പ്രകാരം ജനറിക് മരുന്നുകൾതന്നെ രോഗികൾക്ക് കുറിച്ച് നല്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

482/16

**ജലവിമാന സർവ്വീസ് പദ്ധതി**

**13 (*223)** <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിമാന സർവ്വീസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രധാന ടൂറിസം സെന്ററുകളെ ബന്ധപ്പെടുത്താനും അതുവഴി ടൂറിസം മേഖലയ്ക്ക് ഉണർവ് നൽകാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് നടത്തിയ സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ചാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

(ബി) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പദ്ധതി റിപ്പോർട്ട് പ്രകാരം അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ എന്നീ കേന്ദ്രങ്ങൾ മുൻഗണനാ പ്രദേശങ്ങളായി പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിവരികയാണ്. ഇവയിൽ കൊല്ലത്ത് അഷ്ടമുടി, ആലപ്പുഴയിൽ പുന്നമട എന്നീ ജലാശയങ്ങളിൽ ആവശ്യമായ വാട്ടർഡ്രോം ഒരുക്കിയിട്ടുണ്ട്. ഇവയും മറ്റ് വിമാനത്താവളങ്ങളുമായി ബന്ധിപ്പിച്ച് ജലവിമാന സർവ്വീസ് നടത്താവുന്നതാണ്. ഇവ കൂടാതെ അതാത് പ്രദേശങ്ങളിൽ ഹ്രസ്വദൂര വിനോദ യാത്ര (ജോയ് റൈഡ്) നടത്താവുന്നതാണ്.

(ഡി) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2-6-2013-ന് കൊല്ലം അഷ്ടമുടിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. തുടർന്നുള്ള കൊമേഴ്സ്യൽ സർവ്വീസ് നടത്തുന്നതിനായി ഓപ്പറേറ്റർമാർ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇവരുടെ ജലവിമാനങ്ങൾ ജനുവരി ആദ്യവാരത്തോടെ സംസ്ഥാനത്ത് പ്രവർത്തനസജ്ജമായി എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്.

**അണക്കെട്ടുകളുടെ സുരക്ഷ**

**14 (*224)** ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :

<u>ശ്രീ. വി. റ്റി. ബൽറാം </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ ; ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിനായി നിയോഗിക്കുന്ന വിദഗ്ധ സമിതിയുടെ ഘടന എപ്രകാരമാണ് ; വിശദമാക്കുമോ ;

(സി) സുരക്ഷാ പരിശോധനയിൽ നവീകരണമോ ഡീ-കമ്മീഷനിംഗോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോകബാങ്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>) :

(എ) അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധനയും കേരള ഡാം സുരക്ഷാ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) കാലാകാലങ്ങളിൽ നടത്താറുണ്ട്. കേരള ഡാം സുരക്ഷാ അതോറിറ്റി (KDSA) 24-12-2014-ൽ പഴശ്ശി ഡാമിലും 21-11-2014-ൽ ചമ്രവട്ടം റഗുലേറ്ററിലും പരിശോധന നടത്തിയിരുന്നു. പഴശ്ശി ഡാമിൽ പ്രവർത്തന രഹിതമായ ഷട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും അടിയന്തര പ്രാധാന്യം നൽകി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP) ഏറ്റവും ഒടുവിലായി 30-1-2014-ൽ കല്ലട ഡാമിലും ഡാം സേഫ്റ്റി ഓർഗനൈസേഷൻ 17-10-2014, 18-10-2014 എന്നീ തീയതികളിലായി കാഞ്ഞിരപ്പുഴ, ശിരുവാണി, മീൻകര, ചുള്ളിയാർ എന്നീ ഡാമുകളിലും പരിശോധന നടത്തിയിട്ടുണ്ട്.

കല്ലട ഡാമിൽ DSRP നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഷട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമുള്ള നിർദ്ദേശങ്ങൾ നൽകി. ഡാം സേഫ്റ്റി ഓർഗനൈസേഷൻ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പുഴ, ശിരുവാണി ഡാമുകളിലെ ശോചനീയമായ അവസ്ഥയും ശരിയായ മേൽനോട്ടത്തിന്റെ അഭാവവും ചൂണ്ടിക്കാട്ടുകയും പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മീൻകര ഡാമിൽ അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ

ഏതൊക്കെയെന്ന് കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. ചുള്ളിയാർ ഡാമിൽ അണക്കെട്ടിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിൽ വളർന്നു നിൽക്കുന്ന ആൽമരം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ ഘടന സംബന്ധിച്ച വ്യവസ്ഥകൾ "The Kerala Irrigation and Water Conservation Act" -ലെ സെക്ഷൻ 58-ൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഘടന സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധം 1-ൽ* വിശദീകരിച്ചിട്ടുണ്ട്.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലസേചന വകുപ്പിന്റെ കീഴിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (DRIP) ഭാഗമായി രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനലും ഡാം സേഫ്റ്റി ഓർഗനൈസേഷനും ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിനായി നിലവിലുണ്ട്. സി.ഡബ്ല്യു.സി. മുൻ ചെയർമാൻ ശ്രീ. ആർ.സി. ഝാ ചെയർമാനായ ഡാം സേഫ്റ്റി റിവ്യൂ പാനലിൽ ശ്രീ. ബി. എം. ഉപാധ്യായ (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, ഡാം സേഫ്റ്റി, സി.ഡബ്ല്യു.സി.) ശ്രീ. ടി. പി. സിംഗ് (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, ഡിസൈൻസ് സി.ഡബ്ല്യു.സി.), ശ്രീ. എസ്. ആർ. ടോളി (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, സി.ഡബ്ല്യു.സി.), ഡോ. എ. കോമളവല്ലി അമ്മ (ചീഫ് എഞ്ചിനീയർ, റിട്ടയേർഡ്), ശ്രീ. രാജഗോപാലൻ (റിട്ടയേർഡ് ഡയറക്ടർ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ), ശ്രീ. എം. കെ. പരമേശ്വരൻ നായർ (മെമ്പർ റിട്ടയേർഡ്, സിവിൽ, കെ.എസ്.ഇ.ബി.) എന്നിവർ അംഗങ്ങളാണ്. ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ ചെയർമാനായ ഡാം സേഫ്റ്റി ഓർഗനൈസേഷനിൽ ചീഫ് എഞ്ചിനീയർ (പ്രോജക്ട്-1), ചീഫ് എഞ്ചിനീയർ (പ്രോജക്ട്-2), ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഐ.ഡി.ആർ.ബി. ഡയറക്ടർ എന്നിവർ മെമ്പർമാരും ജോയിന്റ് ഡയറക്ടർ, ഡാം സേഫ്റ്റി (ഐ.ഡി.ആർ.ബി.) കൺവീനറുമാണ്.

(സി) കേരള ഡാം സുരക്ഷാ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) നടത്തിയിട്ടുള്ള സുരക്ഷാപരിശോധനകളിൽ ഡീ കമ്മീഷനിംഗ് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെയും വൈദ്യുതി ബോർഡിന്റെയും

നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/ റഗുലേറ്ററുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി (DRIP) നടപ്പിലാക്കിവരുന്നു. സംസ്ഥാന ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനും വേണ്ടി 280 കോടി രൂപ (പദ്ധതി കാലയളവിലെ നിരക്ക വർദ്ധനവ് ഉൾപ്പെടെ) ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80 ശതമാനം ലോകബാങ്ക് വായ്പയും 20 ശതമാനം സംസ്ഥാന വിഹിതവുമാണ്.

**സുസ്ഥിര ആരോഗ്യ സേവന കേന്ദ്രങ്ങൾ**

**15 (*225)** ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിന് സുസ്ഥിര ആരോഗ്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനരീതി എന്തായിരിക്കുമെന്ന് വിശദമാക്കുമോ ;

(സി) സുസ്ഥിരമായ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് ഈ കേന്ദ്രങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന് സംസ്ഥാനത്തെ 230 സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. (NPCDCS), പത്തനംതിട്ട, ഇടുക്കി,

ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. 'സുസ്ഥിര ആരോഗ്യ സേവനകേന്ദ്രം' എന്ന പേരിൽ പദ്ധതികളൊന്നും ആരോഗ്യ വകുപ്പ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) സുസ്ഥിരമായ ആരോഗ്യ സേവന കേന്ദ്രം എന്ന പേരിൽ ആരോഗ്യ വകുപ്പിൽ പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല.

**മരുന്നുകളുടെ ഗുണനിലവാരം**

**16 (*226)** ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തു സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രതിവർഷം വിവിധ ബ്രാൻഡുകളിലായി എത്ര ബാച്ച് മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ട് ; ഇതിൽ എത്ര ബാച്ച് മരുന്നുകളുടെ ഗുണനിലവാര പരിശോധന പ്രതിവർഷം നടത്താൻ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി വകുപ്പിൽ രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവയാണ് പ്രസ്തുത ലാബുകൾ.

(സി) സംസ്ഥാനത്ത് പ്രതിവർഷം ഉദ്ദേശം 2.4 ലക്ഷം ബാച്ച് മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ട് എന്നാണ് കണക്ക്. ഇതിൽ ഏകദേശം 3 ശതമാനമാണ് റാൻഡം സാംപ്ലിംഗ് നടത്തി ഗുണനിലവാര പരിശോധനയ്ക്കായി ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് അയയ്ക്കുന്നത്.

(ഡി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നിലവിൽ തിരുവനന്തപുരത്തും എറണാകുളത്തുമായി രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നിവിടങ്ങളിൽ മൂന്ന് ലാബുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. തൃശ്ശൂരിൽ ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ടയിൽ ലാബ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

## ഗ്രാമീണ മേഖലയിൽ വിനോദസഞ്ചാര പദ്ധതികൾ

**17 (*227)** ശ്രീ. കെ. എം. ഷാജി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലയുടെ സാധ്യതകൾ മുതൽക്കൂട്ടാൻ വിനോദസഞ്ചാര വകുപ്പ് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) ഇതിനായി ഗ്രാമീണ മേഖലയിൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഓരോ ജില്ലയിലും ഒരു ഗ്രാമം വീതമെങ്കിലും തനിമ നഷ്ടപ്പെടാത്തവിധം, പുരാതന ശേഷിപ്പുകളും ജീവിതരീതികളും പരമാവധി നിലനിർത്തി സ്ഥിരം വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

(ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന ടൂറിസം വികസന പദ്ധതികളിൽ നല്ലൊരു പങ്ക് ഗ്രാമീണ മേഖലയുടെ സാധ്യതകൾ കേന്ദ്രീകരിച്ചുള്ള താണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന 'മൈ വില്ലേജ് എ ടൂറിസം ഫ്രണ്ട്ലി വില്ലേജ്" എന്നീ പദ്ധതികൾ ഗ്രാമീണ മേഖലയുടെ സാധ്യതകൾ മുതൽക്കൂട്ടാൻ ഉദ്ദേശിച്ചുള്ളതാണ്. ഇതുകൂടാതെ മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന God's Own Country People's Own Tourism എന്ന പദ്ധതി 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും തദ്ദേശവാസികളുടെയും സഹകരണത്തോടെ വിവിധ ടൂറിസം പരിപാടികൾ വികസിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്.

(ബി) ടൂറിസം വകുപ്പ് നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഗ്രാമീണ മേഖലയും ഉൾപ്പെടുന്നുണ്ട്.

(സി) ഉത്തരവാദിത്ത ടൂറിസം, മിഷൻ 676-ൽ ഉൾപ്പെട്ടിട്ടുള്ള God's Own Country People's Own Tourism തുടങ്ങിയ പദ്ധതികളുടെ ലക്ഷ്യംതന്നെ തനിമ നഷ്ടപ്പെടാത്തവിധം പുരാതന ശേഷിപ്പുകളും ജീവിത രീതികളും പരമാവധി നിലനിർത്തി ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുക എന്നതാണ്.

## പച്ചക്കറികളിലും പഴങ്ങളിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ

**18 (*228)** ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന സംസ്ഥാനത്തിനു പുറത്തു നിന്നു ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളിലും പഴങ്ങളിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് പൂർണ്ണമായും തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് സാധിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ ;

(ബി) ഇവയിലെ വിഷാംശം പരിശോധിക്കാനുള്ള സംവിധാനമില്ലെന്ന

ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) രാസവസ്തുക്കൾ ചേർന്ന പഴം-പച്ചക്കറി വിറ്റതിനു മൊത്തവിതരണ ക്കാർക്കെതിരെയും ചില്ലറ വില്പനക്കാർക്കെതിരെയും സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ)</u> :

(എ) പച്ചക്കറികളിലും പഴങ്ങളിലുമുള്ള കീടനാശിനിയുടെ അളവ് 4871/16 പരിശോധനയിലൂടെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധനാഫലം ലഭ്യമാകുന്നതിന് അഞ്ച് മുതൽ ഏഴ് വരെ ദിവസമെങ്കിലും കാലതാമസം നേരിടുന്നുണ്ട്. ടി കാലതാമസം ഒഴിവാക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിൽ ലഭ്യമല്ല. സംസ്ഥാനത്ത് വിറ്റഴിക്കുന്ന സംസ്ഥാന ത്തിനുപുറത്തുനിന്നും ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളും പഴങ്ങളും ചെക്ക്പോസ്റ്റിലൂടെ കടന്നുവരുമ്പോൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ സൂക്ഷിക്കുന്നത് പ്രായോഗികമല്ലാത്തതും പച്ചക്കറിയും പഴങ്ങളും മുഴുവനായിത്തന്നെ കേടുവരുവാനുള്ള സാദ്ധ്യതയുമുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരത്തുള്ള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറിയിൽ മാത്രമാണ് കീടനാശിനികളുടെ പരിശോധനാ സംവിധാനം ലഭ്യമായിട്ടുള്ളത്. ആയതുകൊണ്ടുതന്നെ മറ്റു ജില്ലകളിൽനിന്ന് സാമ്പിളുകൾ ഇവിടെ എത്തിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിപണികളിൽനിന്ന് പഴം-പച്ചക്കറി എന്നിവയുടെ കുറച്ചു സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ അനുശാസിക്കുന്നതിൽ കവിഞ്ഞ് ഒരു സാമ്പിളിലും പരിധിക്ക് പുറത്ത് കീടനാശിനികളുടെ അളവ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ മൊത്തവിതരണക്കാർക്കെതിരെയും ചില്ലറ വിൽപ്പനക്കാർക്കെതിരെയും നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. രാസവസ്തുക്കൾ ചേർന്ന പഴം-പച്ചക്കറി വ്യാപകമായി വിറ്റഴിക്കുന്നതായി പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടി വിഷയം ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് കൂടുതൽ

പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച് അവ കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധന നടത്തുന്ന തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവിടെനിന്നും ലഭിക്കുന്ന പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽക്കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരി ക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേന്ത്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായ പരിശോധന കർശനമാക്കുവാൻ വേണ്ട നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്.

**നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം**

**19 (*229)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളുടെയും, തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങളും ആയത് നടപ്പാക്കാനുള്ള സംവിധാനങ്ങളും സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) നിർദ്ദിഷ്ട റിവർ ആൻറ് വെറ്റ് ലാൻറ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്പ്മെൻറ് ബോർഡ് എന്നിവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ജലസ്രോതസ്സിന്റെ നിയന്ത്രണ കൈകാര്യ ചുമതലകൾ നിരവധി അധികാരസ്ഥാനങ്ങൾക്ക് നല്കുന്നതുകൊണ്ടുണ്ടാകാവുന്ന അധികാര തർക്കങ്ങളെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണ ത്തിന് വിവിധ വകുപ്പുകൾ/ ഏജൻസികൾവഴി നടപ്പിലാക്കുന്ന വിവിധ നിയമങ്ങൾ നിലവിലുണ്ട്. ഇതിൽ ജലസേചന വകുപ്പുവഴി നടപ്പിലാക്കുന്നത് "കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് - 2003" ആണ്. ഇതുകൂടാതെ, കേന്ദ്ര നിയമമായ തണ്ണീർത്തട (സംരക്ഷണവും മാനേജ്മെന്റും) റൂൾസ്-2010 വിഭാവന ചെയ്യുന്ന തരത്തിലുള്ള സംരക്ഷണ നടപടികളും ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും താലൂക്ക്/വില്ലേജ് തലങ്ങളിലും ജലസേചന വകുപ്പിന്റെ വിവിധ ആഫീസുകൾ പ്രവർത്തിക്കുന്ന തിനാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വഴി നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. ഇതിനുപുറമേ നദി/കായൽ തീരങ്ങളിൽ കയ്യേറ്റമുണ്ടായാൽ അത് ഒഴിപ്പിക്കുന്നതിന് കേരള ലാന്റ് കൺസർവൻസി ആക്ട് (195) പ്രകാരം ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള നദീ (സംരക്ഷണ-മണൽ വാരൽ നിയന്ത്രണ) ആക്ട്, കേരള പഞ്ചായത്തീരാജ് ആക്ട് എന്നിവ പ്രകാരമുള്ള നടപടികൾ യഥാക്രമം റവന്യൂ, തദ്ദേശസ്വയം ഭരണ വകുപ്പ് അധികൃതർ സ്വീകരിച്ചുവരുന്നു.

(ബി) നിർദ്ദിഷ്ട റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാന്റ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ ജലസ്രോതസ്സിന്റെ നിയന്ത്രണ കൈകാര്യ ചുമതലകൾ വിവിധ അധികാരസ്ഥാനങ്ങൾക്ക് നൽകുന്നതുകൊണ്ടുണ്ടാവുന്ന അധികാര തർക്കങ്ങളെക്കുറിച്ചും മറ്റു പ്രശ്നങ്ങളെക്കുറിച്ചും ജലവിഭവ വകുപ്പ് പരിശോധന നടത്തിയിട്ടില്ല. എന്നാൽ, സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി ബിൽ നിയമമായാൽ വിവിധ ഏജൻസികളെ/ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച് സംയോജിത വികസന/സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

**'ജിക്കാ' പദ്ധതികൾ**

**20 (*230)** ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ജിക്കാ' പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട് ; വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>) :

(എ) ജിക്കാ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ താഴെപ്പറയുന്ന നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി ബോർഡ് എന്നിവർ കൂടാതെ സർക്കാർതലത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പുമന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ നിലവിലുണ്ട്. ജില്ലാതലത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

(ബി) ജിക്ക പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം, മീനാട്, പട്ടുവം, കോഴിക്കോട് എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

1. <u>തിരുവനന്തപുരം പദ്ധതി</u>

2010 മേയ് മാസത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖല ഒഴികെയുള്ള പണികളെല്ലാം പൂർത്തിയായി. വിതരണ ശൃംഖലയിൽ 394 കി.മീ. പൈപ്പ്ലൈൻ ഉള്ളതിൽ 252 കി.മീ. സ്ഥാപിച്ചുകഴിഞ്ഞു. ശേഷിക്കുന്ന 142 കി.മീ. പൈപ്പ്ലൈനുകളുടെ പണികൾക്ക് പുതിയ കരാറിൽ ഏർപ്പെടുകയും പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. പൂർണ്ണതോതിലുള്ള കമ്മീഷനിംഗ് 2015 മാർച്ച് അവസാനത്തോടെ സാധ്യമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

2. <u>മീനാട് പദ്ധതി</u>

2011 ഫെബ്രുവരി മാസത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശൃംഖല ഒഴികെയുള്ള പണികളെല്ലാം പൂർത്തിയായി. വിതരണ ശൃംഖലയിൽ 963 കി.മീ. പൈപ്പ്ലൈൻ ഉള്ളതിൽ 726 കി.മീ. സ്ഥാപിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 237 കി.മീ. പൈപ്പ്ലൈൻ പണികൾക്ക് പുതിയ കരാർ നൽകി പണികൾ പുരോഗമിച്ചുവരുന്നു. പൂർണ്ണമായ കമ്മീഷനിംഗ് 2015 മാർച്ച് അവസാനത്തോടെ പ്രതീക്ഷിക്കുന്നു.

3. പട്ടുവം പദ്ധതി

ഈ പദ്ധതി 2013 മാർച്ചിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖല ഒഴികെയുള്ള പണികളെല്ലാം പൂർത്തിയായി. വിതരണ ശൃംഖലയ്ക്ക് മൊത്തം 623 കി.മീ. പൈപ്പ്ലൈനുകൾ സ്ഥാപിക്കണം. ഇതിൽ 171 കി.മീ. പൈപ്പ്ലൈൻ ആദ്യ കരാറുകാരൻ സ്ഥാപിച്ചു. ബാക്കി പണികൾ മൂന്ന് പുതിയ കരാറുകളിലായി നടന്നുവരുന്നു. 2015 മാർച്ച് മാസം പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4. കോഴിക്കോട് പദ്ധതി

ഈ പദ്ധതിയുടെ ജലം ശേഖരിക്കുന്നതിനുള്ള ഇൻടേക്ക് കിണറിന്റെയും 174 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെയും പ്രവൃത്തി 90 ശതമാനം പൂർത്തീകരിച്ചു. 123 കി.മീ. ദൂരം വരുന്ന ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി 99.42 ശതമാനം പൂർത്തീകരിച്ചു. പദ്ധതിക്കായി പണിയേണ്ട 20 റിസർവോയറിൽ 17 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. ശേഷിക്കുന്ന 3 എണ്ണത്തിന്റെ പ്രവൃത്തി നടന്നുവരുന്നു. 1850 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ 22.5 ശതമാനം പൂർത്തീകരിച്ചു. പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ജിക്ക പദ്ധതിയുടെ പണികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുവാൻ വേണ്ടി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പുമന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി എന്നിവർ പുരോഗതി വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു.

**എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

**21 (*231)** ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :

<u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം.-ന കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ പ്രതിസന്ധി നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) ജീവിത ശൈലീ രോഗ നിയന്ത്രണം, അമ്മയും കുഞ്ഞും പദ്ധതി തുടങ്ങിയവ പ്രതിസന്ധി നേരിടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>) :

(എ)

1. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.
2. ജനനി സുരക്ഷായോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4. ജനനി ശിശു സുരക്ഷാകാര്യക്രം
5. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6. വിദ്യാലയ ആരോഗ്യ പദ്ധതി
7. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം
8. ഇമ്മ്യൂണൈസേഷൻ
9. കുടുംബക്ഷേമ പദ്ധതി
10. കൗമാര ആരോഗ്യ പദ്ധതി
11. മാതൃമരണനിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി
12. നഗര ആരോഗ്യ പദ്ധതി
13. ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി
14. പി.എൻ.ഡി.ടി. ആക്ട് നടപ്പാക്കുക

15. ആരോഗ്യ പരിശീലനം

16. ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം

17. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി

18. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്

19. ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും

20. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ

21. ആയുഷ് പദ്ധതി

22. ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ

23. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും

24. ആരോഗ്യ വിവരശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്.)

25. റേഡിയോ ഹെൽത്ത്

26. ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി

27. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗ നിയന്ത്രണ പദ്ധതി

28. സംയോജിത രോഗ അവലോകന പദ്ധതി

29. ദേശീയ ജന്തുജന്യ രോഗനിയന്ത്രണ പദ്ധതി

30. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

31. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

32. സമഗ്ര ആരോഗ്യ പദ്ധതി

33. അമ്മയും കുഞ്ഞും പദ്ധതി

(ബി&സി) കേന്ദ്രത്തിൽനിന്ന് യഥാസമയം ഫണ്ട് ലഭ്യമാകാതെ വരുന്ന സന്ദർഭങ്ങളിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി പ്രതിസന്ധികൾ നേരിട്ടിട്ടുണ്ട്. ഇതുകൂടാതെ 2014-15 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ഫണ്ട് സംസ്ഥാന ട്രഷറി സംവിധാനത്തിലൂടെ ആക്കിയതിനെത്തുടർന്ന് ഫണ്ട് ലഭിക്കാൻ ഉണ്ടായ സാങ്കേതിക തടസ്സങ്ങളുടെ ഭാഗമായി പദ്ധതിയുടെ നടത്തിപ്പിൽ ചില താമസം നേരിടേണ്ടിവന്നിട്ടുണ്ട്. 2014-15 വർഷത്തെ ഫണ്ട്

ലഭിച്ചതിനെത്തുടർന്ന് പദ്ധതി പ്രകാരമുള്ള ശമ്പളം വിതരണം ചെയ്തുവരുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ വന്ന തടസ്സമല്ലാതെ പദ്ധതിയുടെ നടത്തിപ്പിനോ, ഉദ്ദേശ്യലക്ഷ്യങ്ങൾക്കോ യാതൊരുവിധ തടസ്സങ്ങളും ഇതുവരെ നേരിട്ടിട്ടില്ല.

**അന്തർസംസ്ഥാന നദീസംയോജനം**

**22 (*232)** ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർസംസ്ഥാന നദീസംയോജനത്തിന് അനുകൂലമായ സുപ്രീം കോടതി വിധിയുടെ പ്രത്യാഘാതം പരിശോധിച്ചിരുന്നോ ; സംസ്ഥാനത്തെ ഇത് എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിരുന്നോ ;

(ബി) കോടതി പരിശോധിച്ചതിൽ അതിപ്രധാനമായ കാര്യങ്ങളിലൊന്ന് കേരളത്തിൽനിന്ന് പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ തിരിച്ചുവിടുന്നതായിരുന്നുവെന്നത് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) നദീസംയോജന പ്രശ്നത്തിൽ അനാസ്ഥ ഉണ്ടെന്ന ആക്ഷേപം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) നദീസംയോജന പദ്ധതികളുമായി ബന്ധപ്പെട്ട് ബഹു.സുപ്രീംകോടതി 27-2-2012-ൽ പുറപ്പെടുവിച്ച വിധിന്യായം വിശദമായി പരിശോധിക്കുകയും ഡൽഹിയിലെ ഐ.ഐ.ടി. (IIT Delhi) കോഴിക്കോട്ടുള്ള സി.ഡബ്ല്യൂ.ആർ.ഡി.എം. (CWRDM Kozhikode) എന്നീ വിദഗ്ദ്ധ ഏജൻസികളെക്കൊണ്ട് പഠനങ്ങൾ നടത്തി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ബഹു.സുപ്രീംകോടതി പരിശോധിച്ച പ്രധാന കാര്യങ്ങൾകൂടി അടിസ്ഥാനപ്പെടുത്തിയാണ്; കേരളത്തിലെ പടിഞ്ഞാറോട്ടൊഴുകുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചുവിടാനുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി (PAVLP) നടപ്പാക്കുന്നതിനെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്.

(സി) നദീസംയോജന പദ്ധതികൾ കേരളത്തിന് ഗുണകരമല്ലായെന്നുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ നിലപാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസിയുടെയും ശ്രദ്ധയിൽകൊണ്ടു വരുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്
482/16
ദോഷകരമായിട്ടുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി; "നദീസംയോജന പദ്ധതികൾ" സംബന്ധിച്ചുള്ള കാര്യങ്ങൾകൂടി ചർച്ച ചെയ്യുന്നതിന് വിളിച്ചുചേർത്ത 21-11-2014-ലെ യോഗത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പങ്കെടുക്കുകയും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നത് കേരളത്തിന് ദോഷകരമാണെന്നുള്ള വസ്തുത കാര്യകാരണസഹിതം യോഗത്തിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടില്ല.

## സ്പൈസസ് റൂട്ട് പദ്ധതി

**23 (*233)** ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പ് സ്പൈസസ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിനോദസഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത് ; വിശദാംശങ്ങൾ

നൽകാമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. അന്താരാഷ്ട്ര സംഘടനയായ UNESCO-യുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കേരള ടൂറിസവും UNESCO-യും പദ്ധതിക്കായി ഒരു MoU ഒപ്പുവച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. പുരാതനകാലത്ത് ഇന്ത്യയുമായി വ്യാപാരബന്ധം പുലർത്തിയിരുന്ന ഏഷ്യ, ഫാർ ഈസ്റ്റ് ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ 31-ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുരാതന ട്രേഡ് റൂട്ട് പുനരുദ്ധരിക്കുന്നതിലൂടെ പ്രസ്തുത രാജ്യങ്ങളുമായുള്ള വ്യാപാരബന്ധം മെച്ചപ്പെടുത്തുക, സാംസ്കാരികവും ചരിത്രപരവുമായ ബന്ധം വിപുലീകരിക്കുക.

2. സ്പൈസസ് റൂട്ടിൽ ഉൾപ്പെടുന്ന രാജ്യങ്ങളിലെ പൈതൃക നഗരങ്ങളുടെയും കേന്ദ്രങ്ങളുടെയും സംരക്ഷണവും പ്രോത്സാഹനവും

3. ഈ പാത കടന്നുപോകുന്ന പ്രദേശങ്ങളിൽ സ്പൈസസ് റൂട്ടിനെ സമാധാനത്തിന്റെ മാധ്യമമായി രൂപപ്പെടുത്തുക.

4. ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാരമാർഗ്ഗം സൃഷ്ടിക്കുക.

5. ആഗോളതലത്തിൽ സ്പൈസസ് റൂട്ട് ടൂറുകൾ വലിയ തോതിൽ പ്രോത്സാഹിപ്പിക്കുക.

(സി) ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃക പദ്ധതികളിൽ ഒന്നായതിനാൽ സ്പൈസസ് റൂട്ട് പദ്ധതി അന്താരാഷ്ട്ര തലത്തിൽത്തന്നെ കേരള വിനോദസഞ്ചാര മേഖലയ്ക്ക് വലിയനേട്ടം കൈവരിക്കാൻ പര്യാപ്തമാകുന്ന ഒന്നാണ്. ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാരമാർഗ്ഗം സൃഷ്ടിക്കുവാനും സ്പൈസസ് റൂട്ട് ടൂറുകൾ പ്രോത്സാഹിപ്പിക്കുവാനും ഈ പദ്ധതി സഹായകമാകുന്നു. പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ വിനോദസഞ്ചാര മേഖലയിൽ ഒരു നൂതന വിപണന

മേഖല തുറന്നുതരുന്നതാണ്.

(ഡി) UNESCO, UNWTO എന്നീ അന്താരാഷ്ട്ര സംഘടനകളാണ് ഈ പദ്ധതിക്ക് പിന്തുണ നൽകുന്നത്.

## ആശുപത്രി വ്യവസായബന്ധ സമിതി

**24 (*234)** ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സമിതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ പ്രസ്തുത സമിതി രൂപീകരണം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്. 2-8-2014-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 1019/2014/തൊഴിൽ പ്രകാരം ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രി വ്യവസായ രംഗത്തെ തൊഴിൽ സമാധാനം നിലനിർത്തുക, തർക്കങ്ങളും സമരങ്ങളും ചർച്ചയിലൂടെയും തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളുടെ സംയുക്ത ഇടപെടലിലൂടെയും പരിഹരിക്കുക, തൊഴിൽ ചൂഷണം, തൊഴിൽ നിയമലംഘനങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം ഇടപെട്ട് പരിഹരിക്കുക തുടങ്ങിയവയാണ് ഈ സമിതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(സി&ഡി) ആശുപത്രി വ്യവസായ മേഖലയിൽ സമരങ്ങളും പ്രക്ഷോഭങ്ങളും

കൊണ്ട് കലുഷിതമായ സാഹചര്യത്തിലാണ് 2012-ൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് വ്യവസായബന്ധസമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെകൂടി അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന ജോലിയാണ് വ്യവസായ ബന്ധ സമിതി ആദ്യമായി ഏറ്റെടുത്തത്. സമിതിയുടെ ശിപാർശ പ്രകാരം 5-11-2013-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 135/2013/ തൊഴിൽ പ്രകാരം സ്വകാര്യ ആശുപത്രി വ്യവസായ മേഖലയിൽ പുതുക്കിയ വേതന നിരക്ക് നിലവിൽ വന്നു. ഇത് ഈ മേഖലയിൽ സമാധാന അന്തരീക്ഷം കൊണ്ടുവരുന്നതിന് ഒരു പരിധിവരെ സഹായകരമായിരുന്നു.

കൂടാതെ സ്വകാര്യ മേഖലയിൽ ആശുപത്രികളിലെ നഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച വീരകുമാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ ജോലിസമയം (ഷിഫ്റ്റ് സമ്പ്രദായം) സംബന്ധിച്ച് വ്യവസായബന്ധ സമിതി ചർച്ച ചെയ്തുവരികയാണ്. തൊഴിലാളി-തൊഴിലുടമാ പ്രതിനിധികൾ തമ്മിലുള്ള ചർച്ചകളിലൂടെ ഒരു സമവായത്തിലെത്തി ഇക്കാര്യം നടപ്പിലാക്കാനാണ് സമിതി ശ്രമിക്കുന്നത്. കൂടാതെ ഈ രംഗത്ത് നടക്കുന്ന മറ്റ് തൊഴിൽ ചൂഷണങ്ങളും തൊഴിൽ നിയമങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഇടപെട്ട് പരിഹരിക്കാൻ സമിതി ശ്രദ്ധിക്കുന്നുണ്ട്.

സമിതിയുടെ ഇത്തരം ഇടപെടലുകളും തീരുമാനങ്ങളും സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് തൊഴിൽ സമാധാനം നിലനിർത്തുന്നതിനും തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും പ്രതിസന്ധി ഉണ്ടായാൽ പരിഹരിക്കുന്നതിനും വലിയ തോതിൽ പങ്ക് വഹിക്കുന്നുണ്ട്.

**ദേശീയ ജലപാത**

**25 (*235)** <u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. റ്റി. എൻ.പ്രതാപൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം

കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ജലപാതയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ജലപാതയുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ; വിശദമാക്കുമോ ;

(ഡി) മിഷൻ 676-ൽ ഇതിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ-3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്.

ദേശീയ ജലപാത നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്നപ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ ജലപാതയുടെ ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമല്ലാതെവരുന്ന സാഹചര്യങ്ങളിൽ, IWAI അധികൃതർ ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികാരികൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ സഹായത്തോടെ ആയതിന് സ്ഥലം കണ്ടെത്തി നൽകാറുണ്ട്. ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഈ പദ്ധതിയുടെ ഭാഗമായുള്ള പണികൾ IWAI-ക്ക് നടത്തുവാൻ വിഘാതമായി നിൽക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾക്ക് സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്.

(ബി) ദേശീയജലപാത 3-ൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ജലപാതയിലാകെ ഒറ്റവരി ഗതാഗത സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞു. ആലപ്പുഴയ്ക്കും കൊല്ലത്തിനുമിടയ്ക്ക് കുറച്ച് ഭാഗങ്ങൾകൂടി ആഴം കൂട്ടുവാനുള്ള പണികളും മറ്റും പൂർത്തീകരിച്ചാൽ ഈ ജലപാതയിലാകെ 2 വരി ഗതാഗത സംവിധാനം നിലവിൽവരും.

(സി) ജലപാത സഞ്ചാരയോഗ്യമാകുന്ന മുറയ്ക്ക് ബോട്ട് ജെട്ടി ടെർമിനൽ, ലാന്റിംഗ് സെന്റർ എന്നിവ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവകൂടാതെ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായാണ് ജലപാതയുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി 2015 ആദ്യത്തോടുകൂടി പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**അവയവദാനം**

**26 (*236)** ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവയവദാനം സംബന്ധിച്ച നിലവിലുള്ള നിയമവ്യവസ്ഥകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) അവയവദാനമേൽനോട്ട സമിതിയുടെ ഘടനയും പ്രവർത്തനരീതിയും വ്യക്തമാക്കാമോ ;

(സി) സമിതി തീരുമാനങ്ങൾക്ക് കാലതാമസം വരുന്നത് ഈ പദ്ധതിയുടെ ഗുണഫലത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 1994-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്ട്, 2011-ലെ മനുഷ്യ അവയവങ്ങളുടെയും കലകളുടെയും മാറ്റിവയ്ക്കൽ (ഭേദഗതി) ആക്ട് എന്നിവ അനുശാസിക്കുന്ന പ്രകാരമാണ് സംസ്ഥാനത്ത് അവയവദാനപ്രക്രിയ നടത്തിവരുന്നത്.

(ബി) അവയവദാന നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ ആരോഗ്യ കുടുംബക്ഷേമവകുപ്പ് സെക്രട്ടറി ചെയർമാനായും

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായിട്ടുമുള്ള സംസ്ഥാനതല ആതറൈസേഷൻ കമ്മിറ്റിയും പ്രാദേശികതലത്തിൽ 5 സർക്കാർ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് അതാത് മെഡിക്കൽ കോളേജുകളുടെ പ്രിൻസിപ്പൽ ചെയർമാനായിട്ടുള്ള ജില്ലാതല ആതറൈസേഷൻ കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. 1994-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്ടിലെ പ്രധാന പരിഗണനാ വിഷയമായ മനുഷ്യാവയവങ്ങളുടെ വ്യാപാരം തടയൽ മുഖ്യലക്ഷ്യമാക്കിയാണ് പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. അടുത്ത ബന്ധുക്കൾ അല്ലാത്തവർ തമ്മിലുള്ള അവയവദാനം മാത്രമാണ് ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നത്.

(സി) ആതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാനാണ് മേഖലാതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അവയവ ദാനരംഗത്തെ നടപടിക്രമങ്ങൾ സുതാര്യവും അഴിമതിരഹിതവും കച്ചവട താൽപ്പര്യങ്ങൾക്ക് അതീതവുമായി നിലനിർത്തുന്നതിന് വേണ്ടിയാണ് പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഈ മേഖലയിലെ സുതാര്യവും കച്ചവടരാഹിത്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള ആതറൈസേഷൻ കമ്മിറ്റികൾ അത്യന്താപേക്ഷിതമാണ്.

## ഐസ്ക്രീം, ഐസ്ക്രീം പൗഡർ, കോളകൾ, സോഡ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ

**27 (*237)** ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐസ്ക്രീം, ഐസ്ക്രീം പൗഡർ, കോളകൾ, സോഡ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് സമ്പ്രദായം നിലവിലുണ്ടോ ;

(ബി) എങ്കിൽ നിയമാനുസൃത ലൈസൻസ് ഇല്ലാതെയും ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന അത്തരം സ്ഥാപനങ്ങൾ കണ്ടെത്താനും നിയമ നടപടി സ്വീകരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാന മെന്താണെന്ന് വിശദമാക്കുമോ ;

(സി) 2013-14 വർഷങ്ങളിൽ ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനത്തിന് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) നിലവിലുണ്ട്.

(ബി) സംസ്ഥാന വ്യാപകമായി ഐസ്ക്രീം പൗഡർ, ബദാം മിക്സ്, ഷാർജ, പിസ്ത ജ്യൂസ് പൗഡർ എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചതിൽ മാരകമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിരുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള പരാതി വളരെ ഗൗരവമുള്ളതായതിനാൽ സംസ്ഥാന വ്യാപകമായി ഇത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെ സാമ്പിളുകൾ നിരന്തരം ശേഖരിച്ച് പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്. ഇതുസംബന്ധിച്ച് നിരന്തര പരിശോധന നടത്തുവാനും ഈ വിഷയത്തിൽ അതീവ ജാഗ്രത പാലിക്കുവാനും നിർദ്ദേശമുണ്ട്. ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ പരിശോധന നടത്തുന്നതും പൊതുജനാരോഗ്യ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) സ്വീകരിച്ചിട്ടില്ല.

**സ്വകാര്യ മേഖലയിലെ തൊഴിൽ സുരക്ഷിതത്വം**

**28 (*238)** ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽപരമായ സംരക്ഷണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) സ്വകാര്യ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽ പരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?
482/16

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>) :

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഓർഡിനൻസ് 29-8-2014-ന് നിലവിൽവന്നിട്ടുണ്ട്. കൂടാതെ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കുന്നതിന്റെയും നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെയും ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രഷ്, ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള കരട് ഭേദഗതി തയ്യാറാക്കി വരികയാണ്. സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്കുവഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തൊഴിൽവകുപ്പിൽ പുരോഗമിച്ചുവരുന്നു. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 5 തൊഴിൽ മേഖലകളെക്കൂടി മിനിമം വേതന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നതിന് 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് നടപ്പിലാക്കിവരുന്നു. 2011 മുതൽ 2014 വരെ ഈ സർക്കാർ അധികാരത്തിൽവന്നശേഷം 13 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുറമേ പുതുതായി 5 തൊഴിൽ മേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി

സ്വീകരിക്കാൻ മിനിമം വേതന അഡ്വൈസറി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കും. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമലംഘനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളിൽ നടത്തിയ സ്ഥാപന പരിശോധനകളിൽ നിയമലംഘനം കണ്ടെത്തിയ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ്സുകളും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

**സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാർ**

**29 (*239)** ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും മതിയായ യോഗ്യതയില്ലാത്തവർ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാരായി പ്രവർത്തിക്കുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥാപനങ്ങൾ മിക്കവയും ചികിത്സക്കായി അമിത ഫീസാണ് വസൂലാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്വകാര്യ ചികിത്സാമേഖലയിലെ പ്രസ്തുത ചൂഷണങ്ങൾ തടയുന്നതിന് സമഗ്ര നിയമനിർമ്മാണത്തിന് തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഇല്ല. ആരോഗ്യവകുപ്പിന് നിലവിൽ സ്വകാര്യ ആശുപത്രികളുടെമേൽ യാതൊരു നിയന്ത്രണവുമില്ല.

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കാനുദ്ദേശിച്ചുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ നിയമമാകുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ബില്ലിന്റെ കരട് പ്രസിദ്ധീകരിക്കുകയും എം.എൽ.എ.-മാർക്ക് സർക്കുലേറ്റ് ചെയ്തിരിക്കുകയുമാണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുമേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്.

**കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി**

**30 (*240)** ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകളുടെ ലഭ്യത കുറവാണെന്ന മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ സ്ഥലങ്ങളിൽ കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിന് തീരുമാനം കൈക്കൊള്ളുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഇല്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ പൊതുവിപണിയിലുള്ള 90% മരുന്നുകളും ലഭ്യമാണ്.

(ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ഇടനിലക്കാരില്ലാതെ മരുന്ന

കമ്പനികളിൽനിന്നും നേരിട്ട് മരുന്ന വാങ്ങുന്ന രീതിയാണ് അവലംബിച്ചുവരുന്നത്.

(സി) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 26 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭക്ഷ്യസുരക്ഷാ ഓഫീസുകൾ

**1 (2551)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസുകൾ ആരംഭിക്കണമെന്ന നിയമസഭാ കമ്മിറ്റിയുടെ ശിപാർശ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിലെ എല്ലാ ഒഴിവുകളും നികത്തി വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയമസഭാ കമ്മിറ്റിയുടെ ശിപാർശ കണക്കിലെടുത്ത് 2-2-2013-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 24/13/ആകുവ പ്രകാരം പുതിയതായി സൃഷ്ടിക്കപ്പെട്ട 57 തസ്തികകളും മുനിസിപ്പൽ കോമൺ സർവ്വീസസിലെ 32 തസ്തികകളും ഉപയോഗപ്പെടുത്തി. നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ, ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ, 27-4-2013-ലെ ഡി/2144/2011-ാം നമ്പർ ഉത്തരവുപ്രകാരം എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ രൂപീകരിച്ചിട്ടുള്ളതും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളതുമാണ്.

(സി) എല്ലാ ഒഴിവുകളും നികത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി**

2 (2552) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എത്ര ഓപ്പറേഷൻ തിയേറ്ററുകളാണുള്ളത് ;

(ബി) അവയിൽ എത്രയെണ്ണം പ്രവർത്തന ക്ഷമമാണെന്ന വ്യക്തമാക്കുമോ ; അണുബാധയുടെ പേരുപറഞ്ഞ് ഗർഭിണികളായ സ്ത്രീകളെയും സർജറി ആവശ്യമായ രോഗികളെയും സ്ഥലത്തെ പ്രൈവറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രിയുടെ നാലു തിയേറ്ററുകളും അടിയന്തരമായി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) രണ്ട് ഓപ്പറേഷൻ തീയേറ്ററുകളാണുള്ളത്.

(ബി) ഒരു ഓപ്പറേഷൻ തിയേറ്ററാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്നത്. അണുബാധയെത്തുടർന്ന് പ്രസ്തുത ഓപ്പറേഷൻ തിയേറ്റർ അണുവിമുക്തമാക്കുന്നതിലേക്കായി താൽക്കാലികമായി അടച്ചതിനാൽ രോഗികളെ എസ്.എ.റ്റി. ആശുപത്രിയിലേക്കും W&C ആശുപത്രിയിലേക്കും മെഡിക്കൽ കോളേജിലേക്കും റഫർ ചെയ്തുവരുന്നു. രോഗികളെ പ്രൈവറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്തരം ബി-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) മേജർ ഓപ്പറേഷൻ തിയേറ്ററിന്റെ മെയിന്റനൻസ് നടന്നുവരുന്നു. നിലവിലുള്ള ലേബർ റൂം എമർജൻസി ഓപ്പറേഷൻ തീയേറ്ററാക്കി ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ട്രോമാകെയർ ഓപ്പറേഷൻ തീയേറ്ററിന്റെ

പ്രവർത്തനംകൂടി ഉടൻ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**താലൂക്ക് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ**

3 (2553) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെൻററുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഡയാലിസിസ് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി സർക്കാർ എന്തൊക്കെ ചെയ്തുവെന്ന് വിശദാംശം ലഭ്യമാക്കുമോ ;

(സി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ജനപങ്കാളിത്തത്തോടെ ആരംഭിച്ച ഡയാലിസിസ് കേന്ദ്രത്തിന് എന്തെങ്കിലും സർക്കാർ സഹായം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്തെങ്കിലും സഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇതുവരെയും താലൂക്ക് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ 5-2-2013-ലെ സ.ഉ. (സാധാ) നമ്പർ 114/2013/ടി.ഡി. പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 17 താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 27 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നുണ്ട്. സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) സർക്കാരിന്റെ 4-5-2013-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1549/2013 പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ ഡയാലിസിസ് കെട്ടിടത്തിനായി

അനുവദിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ടി ആശുപത്രിയിൽ ഡയാലിസിസ് സെന്റർ പ്രവർത്തനം ഉള്ളതിനാൽ കെ.ബി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഹായം ആവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭ്യമായാൽ ആയത് പരിശോധിക്കുന്നതാണ്.

## പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ

4 (2554) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും നിയമവിധേയമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് പുറപ്പെടുവിച്ച പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ ഉള്ളടക്കത്തിൽ എന്തെങ്കിലും കാതലായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ പാരാമെഡിക്കൽ കൗൺസിൽ ബിൽ അവതരിപ്പിക്കുവാനും നിയമനിർമ്മാണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

## കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ

5 (2555) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ആക്ടായ 2010 - ലെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും റഗുലേഷനും) ആക്ടിന്റെ അടിസ്ഥാനത്തിൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്

ബിൽ രൂപീകരണ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) പ്രസ്തുത കരട് ബില്ലിൽ കേന്ദ്ര ആക്ടിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാന ഫാർമസി കൗൺസിലിന്റെ പ്രാതിനിധ്യം ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേന്ദ്ര ആക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങളെ സംസ്ഥാന ബില്ലിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആരോഗ്യ രംഗത്തെ പ്രമുഖ സംഘടനകളുമായി ചർച്ച ചെയ്തിട്ടാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത്. ബിൽ കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ യാതൊരുവിധ കൂട്ടിച്ചേർക്കലുകൾക്കും നിർവ്വാഹമില്ല.

**ആരോഗ്യമേഖലയിലെ തസ്തികകൾ**

6 (2556) <u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ വിവിധ വിഭാഗങ്ങളിലായി എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി ;

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) 2006-11 കാലയളവിൽ എത്ര തസ്തികകൾ ആരോഗ്യ മേഖലയിൽ

സൃഷ്ടിക്കുകയുണ്ടായി ?

<u>ഉത്തരം</u>

(എ&ബി) 3924 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

| | | |
|---|---|---|
| ആരോഗ്യവകുപ്പ് | - | 2237 |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | - | 717 |
| ഡ്രഗ്സ് കൺട്രോളർ | - | 34 |
| ഹോമിയോപ്പതി ഡയറക്ടറേറ്റ് | - | 446 |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് | - | 131 |
| ഭാരതീയ ചികിത്സാവകുപ്പ് | - | 356 |
| ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം | - | 3 |

(സി) 4113 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ആരോഗ്യവകുപ്പ് | - | 3512 |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | - | 349 |
| ഹോമിയോപ്പതി ഡയറക്ടറേറ്റ് | - | 109 |
| ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് | - | 58 |
| ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | - | 51 |
| ഭാരതീയ ചികിത്സാവകുപ്പ് | - | 34 |

## കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി

7 (2557) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഘട്ടത്തിലാണ് ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(സി) സ്പെഷ്യാലിറ്റി കേഡറിൽ ഇവിടെ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) താലൂക്ക് ആശുപത്രിയായി എന്നത്തേക്ക് പ്രവർത്തിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊണ്ടോട്ടി സി.എച്ച്.സി.-യുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) 'എ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ**

8 (2559) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിലെയും സ്പെഷ്യാലിറ്റി ആശുപത്രികളിലെയും സ്റ്റാഫ് പാറ്റേൺ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ ആശുപത്രികളിലാണ് സ്റ്റാഫ് പാറ്റേണനുസരിച്ചുള്ള തസ്തികകൾ ഉള്ളത് ; ജില്ലയിലെ ഓരോ താലൂക്കാശുപത്രികളിലും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും അവയിൽ ഒഴിഞ്ഞു കിടക്കുന്നവയും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജാശുപത്രിക്കായി എത്ര തസ്തികകൾ, ഏതൊക്കെ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവയിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തി ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് നിയമിക്കപ്പെട്ടവർ എവിടെയാണ് ജോലി ചെയ്യുന്നത് ;

(ഡി) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള

തസ്തികകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) സർജറി വിഭാഗത്തിൽ ഡോക്ടർ ഇല്ലാത്തതുമൂലം ഓപ്പറേഷൻ തീയേറ്റർ അടച്ചിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ തസ്തികകളിലും ആവശ്യമായ ആളുകളെ നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രിയിൽ 1961-ൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇതുസംബന്ധിച്ച ഉത്തരവ് നമ്പർ (ആർ.ടി.) 3150/61/ഹെൽത്ത് തീയതി 2-8-1961-ന്റെ പകർപ്പും ആയതിനുശേഷം സ്റ്റാഫ് പാറ്റേണിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 120/2002/ആകുവ തീയതി 8-5-2002, ഉത്തരവ് നമ്പർ (എം എസ്.) 568/08/ആകുവ തീയതി 6-11-2008 എന്നിവയുടെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പത്തനംതിട്ട ജില്ലയിലെ നാല് താലൂക്ക് ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ ഇല്ല. ജില്ലയിലെ മല്ലപ്പള്ളി, കോന്നി, തിരുവല്ല, റാന്നി എന്നീ താലൂക്കാശുപത്രികളിലെ തസ്തികകളും ഒഴിവും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കോന്നി മെഡിക്കൽ കോളേജിനായി ഇതുവരെ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) റാന്നി താലൂക്ക് ആശുപത്രിയിൽ സർജറി വിഭാഗത്തിൽ ഡോക്ടർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ സർജറി വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയാണ് ഉള്ളത്. ടി തസ്തികയിൽ നിലവിലുള്ള ഒഴിവ് നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് പ്രസ്തുത ഒഴിവ് നികത്തുവാനാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉദ്ദേശിക്കുന്നത്.

(എഫ്) റാന്നി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകളിൽ ജൂനിയർ കൺസൾട്ടന്റ് ഒഴിവ് സർവ്വീസിലെ പി.ജി. ബിരുദമുള്ളവരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴിയും കൺസൾട്ടന്റ് ഒഴിവ് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷൻ വഴിയും നികത്തുന്നതാണ്. ഒഴിവുള്ള മറ്റ് തസ്തികയായ ഡ്രൈവർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും നൽകുന്ന വാക്സിനേഷനുകൾ**

9 (2560) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും എന്തെല്ലാം നിർബന്ധിത വാക്സിനേഷനുകളാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ;

(ബി) എല്ലാ വാക്സിനേഷനുകളും മുൻകൂർ പഠനങ്ങൾക്കും ശാസ്ത്രീയ പരിശോധനകൾക്കും ശേഷമാണോ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് റൂബെല്ലയുടെ പ്രഭാവത്തെക്കുറിച്ച് എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പെൺകുട്ടികൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മോണോവാലന്റ് റൂബെല്ല വാക്സിൻ എത്ര കാലത്തേക്കാണ് തുടരാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഇ) ഇത്തരം വാക്സിനേഷനുകൾ ഒരാൾക്കു തന്നെ ആവർത്തിച്ച് നൽകുന്നത് എന്തെങ്കിലും ദോഷഫലങ്ങൾ ഉണ്ടാകുമോയെന്നതിന് വേണ്ടത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(എഫ്) ഒരു വാക്സിൻ ഒന്നിൽ കൂടുതൽ തവണ ഒരേ ആൾക്കുതന്നെ നൽകുന്നത് ദോഷകരമാണെന്ന് തെളിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും നിർബന്ധിത വാക്സിനേഷനുകൾ നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ല. ദേശീയ രോഗ പ്രതിരോധ വാക്സിൻ പട്ടിക

പ്രകാരം വാക്സിനുകൾ നൽകാൻ ഡോക്ടർമാർ നിർദ്ദേശിക്കുന്നുണ്ട്.

(ബി) ലോകാരോഗ്യ സംഘടനയും രാജ്യത്തെ ഏറ്റവും സമുന്നതരായ ഗവേഷകരുടെയും ഡോക്ടർമാരുടെയും രോഗപ്രതിരോധ പൊതുജനാരോഗ്യ രംഗത്തെ വിദഗ്ധരുടെയും ഉന്നത സമിതിയുടെയും തീരുമാനപ്രകാരമാണ് ആരോഗ്യവകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) കേരളത്തിലെ മാവൂരിൽ ഡോ. ജയകൃഷ്ണൻ നടത്തിയ പഠനത്തിൽ 1/3-ഓളം കൗമാരക്കാരായ പെൺകുട്ടികളെയും സ്ത്രീകളെയും റൂബെല്ല ബാധിക്കാൻ സാധ്യതയുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. കൂടാതെ മറ്റൊരു പഠനത്തിൽ (പത്മജ എം., രാധാകൃഷ്ണൻ. പി.എം. എന്നിവർ നടത്തിയ Zero Prevalence of Immunity to Rubella in pregnant women. National Medical Journal India 2010 July-August 23 (4) ; 248-9) പറയുന്നത് 34 ശതമാനം ഗർഭിണികളായ സ്ത്രീകൾക്ക് റൂബെല്ലയ്ക്കെതിരെയുള്ള സ്വാഭാവിക പ്രതിരോധശേഷിയില്ല എന്നാണ്.

(ഡി) പെൺകുട്ടികൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മോണോവാലന്റ് വാക്സിൻ 11 വർഷത്തേക്ക് തുടരാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) ആഗോളവ്യാപകമായ പഠനങ്ങളിലും മെഡിക്കൽ ഗ്രന്ഥങ്ങളിലും ഇത്തരം വാക്സിനുകൾ നിർദ്ദിഷ്ട ഷെഡ്യൂൾപ്രകാരം ആവർത്തിച്ച് നൽകുന്നത് ദോഷഫലങ്ങൾ ഉണ്ടാക്കുകയില്ലെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

(എഫ്) ഒരേ വാക്സിൻ നിർദ്ദിഷ്ട അളവിൽ ഒരേ ആൾക്കുതന്നെ നൽകുന്നത് ദോഷകരമല്ലെന്ന് ആഗോളവ്യാപകമായി പഠനങ്ങളിലും മെഡിക്കൽ ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

10 (2561) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുവോ ;

പദ്ധതി എന്ന് പൂർത്തീകരിക്കും ;

(സി) പ്രസ്തുത പദ്ധതി കേന്ദ്രവിഷ്കൃത പദ്ധതിയാണോ ; സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടോ ;

(ഡി) ഈ പദ്ധതിയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ?

ഉത്തരം

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ് :

1. വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ വൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ്‍വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

(ബി) ഇ-ഹെൽത്ത് പദ്ധതി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തിനകം തിരുവനന്തപുരത്ത് പൈലറ്റ് പദ്ധതി പൂർത്തീകരിക്കുവാനും രണ്ടു വർഷത്തിനകം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം തുടങ്ങി 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാനുമാണ് ഇപ്പോൾ വിഭാവന ചെയ്തിട്ടുള്ളത്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്രവിഹിതമായ 86.96 കോടി രൂപയും സംസ്ഥാന വിഹിതം 9.43 കോടി രൂപയുമായാണ് ഈ പദ്ധതിപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്.

(ഡി) ഈ പദ്ധതിയിൽ 7 ജീവനക്കാർ ജോലി ചെയ്തുവരുന്നു. കൂടാതെ ആരോഗ്യ വകുപ്പിൽനിന്ന് 3 ജീവനക്കാരെ റീ-ഡിപ്ലോയ് ചെയ്ത് അവരുടെ സേവനവും ഒരു ചീഫ് കൺസൾട്ടന്റിന്റെ സേവനവും ഈ പദ്ധതിയിൽ

ഉപയോഗപ്പെടുത്തുന്നുണ്ട്.

## ആശാവർക്കർമാരുടെ ഓണറേറിയം/ഇൻസെന്റീവ് വർദ്ധിപ്പിക്കാൻ നടപടികൾ

11 (2562) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാവർക്കർമാർക്ക് എത്ര രൂപയാണ് ഓണറേറിയം/ഇൻസെൻറീവ് ഇനത്തിൽ നൽകുന്നതെന്ന് വിശദമാക്കാമോ ;

(ബി) ആശാവർക്കർമാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഇൻസെന്റീവുകൾ നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആശാവർക്കർമാരുടെ ഓണറേറിയം/ഇൻസെന്റീവ് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013-14-ൽ പ്രതിമാസം 700 രൂപയായിരുന്ന ആശ ഓണറേറിയം 2014-15-ൽ പ്രതിമാസം 1000 രൂപയായി ഉയർത്തിയിട്ടുണ്ട്. ആശമാർക്ക് വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകൾ താഴെപ്പറയുന്നവയാണ് :

ആശാപ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളാണ് ഇവർക്ക് നൽകുന്നത്. ഇൻസെന്റീവുകൾ താഴെപ്പറയുന്നവയാണ് :

1. പരിശീലനങ്ങൾക്ക് യഥാർത്ഥ യാത്രാപ്പടി
2. പരിശീലന ദിവസങ്ങൾക്ക് 100 രൂപ വീതം ക്ഷാമബത്ത
3. ആരോഗ്യസ്ഥാപനങ്ങളിൽ മാസംതോറും നടക്കുന്ന മീറ്റിംഗിന് 100 രൂപ

4. ജനനീസുരക്ഷായോജന പ്രകാരം ഒരു ഗുണഭോക്താവിനെ സഹായിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ളവർക്ക് 600 രൂപയും നഗരപ്രദേശത്ത് നിന്നുള്ളവർക്ക് 400 രൂപയും

5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവയ്പുകൾക്ക് ഒരു കുട്ടിയെ കൊണ്ടുവരുന്നതിന് 20 രൂപ

6. ഒരു വയസ്സിനുള്ളിൽ കുട്ടിക്ക് മുഴുവൻ പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിന് ആശാവർക്കർമാർക്ക് 100 രൂപ. ഇത് രണ്ട് വയസുവരെ നിലനിർത്തുന്നതിന് 50 രൂപയും ആശാവർക്കർമാർക്ക് നൽകുന്നു.

7. വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷൻമാർക്ക് 200 രൂപയും

8. വാർഡുതല ആരോഗ്യപോഷക ദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം

9. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)

10. ടി. ബി. രോഗികൾക്ക് കഫ പരിശോധനയ്ക്കും അതിനുശേഷം ഡോട്സ് നൽകുന്നതിനുമായി 1000 രൂപ

11. ആശാവർക്കർമാർക്ക് അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം കൃത്യമായി ക്രമപ്പെടു ത്തുന്നതിനും അത് 6 മാസത്തിലൊരിക്കൽ പുതുക്കുന്നതിനും ആരോഗ്യ രജിസ്റ്റർ സൂക്ഷിക്കുന്നതിനും ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനും കുത്തിവയ്പ്പ് എടുക്കേണ്ട കുട്ടികളുടെ പട്ടിക തയ്യാറാക്കാനും എ.എൻ.സി./ എലിജിബിൾ കപ്പിൾ പട്ടിക തയ്യാറാക്കുന്നതിനുമായി ആശാവർക്കർമാർക്ക് 500 രൂപ.

(ബി) ഉണ്ട്. ആശ ഇൻസെന്റീവ് കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നൽകുന്നത്. മുൻപ് നൽകിക്കൊണ്ടിരുന്ന 2 ഇൻസെന്റീവുകൾ 2014-15-ൽ നിർത്തലാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**എബോള രോഗം**

12 (2563) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഫ്രിക്കൻ രാജ്യങ്ങളിൽ കൂട്ടമരണങ്ങൾക്ക് ഇടയാക്കിയ എബോള വൈറസ് സംസ്ഥാനത്ത് എത്തിച്ചേരാനിടയുണ്ടെന്ന മാധ്യമ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് സംസ്ഥാനത്തെ എയർപോർട്ടുകളി ലെത്തുന്ന ആളുകളെ നിരീക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഏതൊക്കെ തരത്തിലുള്ള നിരീക്ഷണങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തെത്തിയ ആർക്കെങ്കിലും ഇതിനകം എബോള രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. എബോള വൈറസ് രോഗത്തെ സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുണ്ട്.

- രോഗം സ്ഥിരീകരിച്ചിട്ടുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും വരുന്ന യാത്രക്കാരെ പരിശോധിക്കാനും നിരീക്ഷിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- രോഗം സംശയിക്കുന്നവരെ നിരീക്ഷിക്കാനും ചികിത്സിക്കുന്നതിനും വേണ്ടി എയർപോർട്ട് കേന്ദ്രീകരിച്ചിട്ടുള്ള ആറ് ആശുപത്രികളിൽ പ്രാരംഭ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും അവർക്ക് വേണ്ടുന്ന പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) രോഗം സ്ഥിരീകരിച്ചിട്ടുള്ള ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് സംസ്ഥാനത്തെ എയർപോർട്ടുകളിലെത്തുന്ന ആളുകളെ നിരീക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) രോഗം സ്ഥിരീകരിച്ചിട്ടുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ രാജ്യാന്തര വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കർശനമായ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുവേണ്ടി തെർമൽ സ്കാനറുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം യാത്രക്കാരുടെ വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് കൈമാറുകയും ഇവരെ 30 ദിവസത്തെ നിരീക്ഷണത്തിന് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഇവരുടെ ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്രോഡീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലേക്ക് അയയ്ക്കുന്നു. ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

(ഡി) ഇല്ല. സംസ്ഥാനത്തുനിന്നും രോഗം സംശയിച്ച രണ്ട് പേരുടെ രക്ത സാമ്പിളുകൾ ഡൽഹിയിൽ അയച്ച് പരിശോധിക്കുകയും ഫലം നെഗറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു.

**എബോള വൈറസ് രോഗ നിർണ്ണയം**

13 (2564) ശ്രീ. എം. എ. ബേബി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എബോള വൈറസ് ബാധിതന്റെ സാന്നിദ്ധ്യം ഇന്ത്യയിൽ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സ്വീകരിച്ച മുൻകരുതൽ നടപടികൾ അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് എത്തുന്ന പ്രവാസികളും വിദേശികളും എബോള രോഗാണുവാഹകരല്ലെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയ സജ്ജീകരണങ്ങൾ എന്തൊക്കെയാണ് ;

(സി) രോഗ നിർണ്ണയത്തിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഉള്ളതെന്ന വിവരം ലഭ്യമാക്കാമോ ;

(ഡി) രോഗാണു വാഹകരെന്ന് സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും ഏകാന്തവാസത്തിനും എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) എബോള വൈറസ് രോഗം സംസ്ഥാനത്ത് വരാതിരിക്കുവാൻവേണ്ടി യാത്രക്കാരുടെ കർശനമായ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ തുറമുഖങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. യാത്രക്കാർക്ക് തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുംവരുന്ന യാത്രക്കാരുടെ വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർ മാർക്ക് കൈമാറി ഇവരെ 30 ദിവസത്തെ നിരീക്ഷണത്തിന് വിധേയരാക്കുന്നു. ഇവരുടെ ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയയ്ക്കുന്നു. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

(ബി) രോഗബാധിതരായുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും വരുന്ന യാത്രക്കാരെ മാത്രമേ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുള്ളൂ എന്നതാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശം. അത് അനുസരിച്ചുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) രോഗം സംശയിക്കുന്ന ആളിന്റെ രക്തസാമ്പിളുകൾ ശേഖരിച്ച് എൻ.സി.ഡി.സി. (നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ) ഡൽഹിയിലോ, എൻ.ഐ.വി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി) പൂനയിലോ അയച്ച് പരിശോധിക്കുകയാണ് ചെയ്യുന്നത്.

(ഡി) രോഗാണു വാഹകരെന്ന് സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുംവേണ്ടി ജനറൽ ആശുപത്രി, തിരുവനന്തപുരം, ജനറൽ ആശുപത്രി, എറണാകുളം, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ ആശുപത്രികളിൽ പ്രത്യേക ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചു. തീവ്രപരിചരണം ആവശ്യമുള്ള രോഗികൾക്കുവേണ്ടി മെഡിക്കൽ കോളേജ്, തിരുവനന്തപുരം, മെഡിക്കൽ കോളേജ്, കോട്ടയം, മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നീ ആശുപത്രികളിൽ ഐ.സി.യു. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എബോള കേസ്സുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക പരിശീലനം നൽകിയ ആർ.ആർ.ടി. (റാപിഡ് റെസ്പോൺസ് ടീം) അംഗങ്ങളേയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്ന് പ്രത്യേക പരിശീലനം ലഭിച്ച പത്തംഗ സംഘത്തേയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ചികിത്സകൾക്ക് ആവശ്യമായ പ്രത്യേക വ്യക്തിഗത സംരക്ഷണ സംവിധാനം (പി.പി.ഇ.) കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

**ദിവസ വേതനക്കാരുടെ കരാർ നിയമനം**

14 (2565) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) കരാർ വ്യവസ്ഥ പ്രകാരം എത്ര വർഷമായിരുന്നു കരാർ ജോലി കാലാവധി ; വ്യക്തമാക്കാമോ ; കരാർ കാലാവധി എത്ര പ്രാവശ്യം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ; കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന്

ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജീവനക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; ഇതിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടെങ്കിൽ പകർപ്പ് നൽകാമോ ;

(ഡി) കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഇവർക്ക് ഏത് തസ്തികകളിലാണ് സ്ഥിര നിയമനം നൽകിയത് ; സ്ഥിര നിയമനം നൽകിയ ഉത്തരവിന്റെ പകർപ്പ് നൽകാമോ ; ആശുപത്രികളിൽ എത്ര തസ്തികകളാണ് നിലവിലുള്ളത് ; എത്ര തസ്തികകളിലാണ് നിയമനം നടത്തിയത്; വ്യക്തമാക്കാമോ ;

(ഇ) 1996 മുതൽ മെഡിക്കൽ കോളേജ്, എസ്.എ.റ്റി., താലൂക്ക്-ജില്ലാ ആശുപത്രികളിലും, ആശുപത്രി വികസന സമിതി, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി എന്നിവയ്ക്ക് കീഴിലും ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 3458/2010/ആ.കു.വ. തീയതി 4-9-2010 പ്രകാരം പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) നിയമനം ഒരു വർഷം ആയിരുന്നുവെങ്കിലും 4 വർഷം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ദീർഘിപ്പിക്കുവാൻ അനുമതി ഉത്തരവിൽ ഉണ്ടായിരുന്നു. 3 പ്രാവശ്യം അതായത് 2011, 2012, 2013 വർഷങ്ങളിൽ കരാർ ദീർഘിപ്പിച്ച് നൽകുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കരാർ പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി ജില്ലാ മെഡിക്കൽ ആഫീസറുടെ റിപ്പോർട്ടും വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസലും ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരമാണ് സർക്കാരിലേക്ക് അയച്ചിട്ടുള്ളത്. പകർപ്പുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഒ.പി. 16667/96/ഹൈ.കോ. എന്ന ഹർജിയിൽ 2-2-2009-ൽ നൽകിയ ഇടക്കാല ഉത്തരവിന്റെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*

(ഡി) 2011 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വന്നിരുന്നവരെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 എന്ന തസ്തികയിലാണ് സ്ഥിരപ്പെടുത്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരവായിട്ടുള്ളത്. ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.* പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 വിഭാഗത്തിൽ 158 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 125 പേർക്കാണ് സ്ഥിര നിയമനം നൽകിയത്.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

**15 (2566)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെയും വാഹനത്തിൽ വിതരണംചെയ്യുന്ന കുടിവെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കുടിവെള്ളം പരിശോധിക്കുന്നതിന് ആവശ്യമായ ലാബുകളുടെ പരിമിതി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസോ/രജിസ്ട്രേഷനോ ഉള്ളതും BIS certificate ഉള്ളതുമായ സ്ഥാപനങ്ങൾക്ക് മാത്രമേ കുപ്പിയിലാക്കി കുടിവെള്ളം വിതരണം നടത്തുവാൻ സംസ്ഥാനത്ത് അനുമതി നൽകാറുള്ളൂ. 2011-ലെ Food Safety & Standards (Food Products Standards & Food Additives) Regulation-ലെ 2-10-2008-ൽ ആയത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. വാഹനത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ 11-1-2013-ലെ എ-1/13/ സി.എഫ്.എസ്. നമ്പർ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം,

കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിലും പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന ജില്ലാ ലാബിലും കുടിവെള്ളം പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനം നിലവിലുണ്ട്.

**കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിന് നടപടികൾ**

**16 (2567)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കുടിവെള്ളത്തിന്റെ ഉറവിട കേന്ദ്രങ്ങളിലെ മലിനീകരണം തടയുന്നതിന് പ്രത്യേകം പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) ടാങ്കർ ലോറികളിലൂടെയുള്ള ശുദ്ധജല വിതരണത്തിന്റെ ശുദ്ധി പരിശോധിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലഭ്യമാകുന്ന കുടിവെള്ളം ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. നിശ്ചിത നിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ വിതരണം നടത്തുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) കുടിവെള്ളത്തിന്റെ ഉറവിട കേന്ദ്രങ്ങളിൽനിന്ന് ഉൾപ്പെടെയുള്ള സാമ്പിളുകൾ നിലവിൽ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതും അവ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായോ മാലിന്യങ്ങളുള്ളതായോ കണ്ടെത്തുന്നപക്ഷം ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) വാഹനത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ, 11-1-2013-ലെ എ-1/13/സി.എഫ്.എസ്. നമ്പർ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പുതിയ ഹോമിയോ/ആയുർവ്വേദ ഡിസ്പെൻസറികൾ**

**17 (2568)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ഹോമിയോ ഡിസ്പെൻസറികളും, ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട് ;

(ബി) ആയുർവ്വേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2011-ന് ശേഷം ഇതുവരെ എത്ര ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 110 പുതിയ ഹോമിയോ ഡിസ്പെൻസറികളും 77 ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ആയുർവ്വേദ ചികിത്സാ സൗകര്യം ലഭ്യമല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ 2011-നുശേഷം ഇതുവരെ ആകെ 77 ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്.

## താനൂർ സി.എച്ച്.സി.-യിൽ തസ്തിക

**18 (2569)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളായ നിർധന ജനവിഭാഗങ്ങൾ തിങ്ങി താമസിക്കുന്ന പ്രദേശത്താണ് താനൂർ സി.എച്ച്.സി. പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ഇവിടെ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ തസ്തികകൾ അനുസരിച്ചുള്ള ജീവനക്കാർ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലില്ല.

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമായശേഷം പരിശോധിക്കുന്നതാണ്.

**ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് തടയാൻ നടപടി**

**19 (2570)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രമേഹ, ക്യാൻസർ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കുമോ ;

(ബി) ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമം ഇല്ലായ്മ, മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങളോടുള്ള ആസക്തി തുടങ്ങിയ വിവിധ കാരണങ്ങളാൽ പ്രമേഹവും ക്യാൻസറും ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രമേഹരോഗികളും ക്യാൻസർ രോഗികളും കേരളത്തിലാണ് കൂടുതലെന്ന് വിവിധ പഠനങ്ങൾ തെളിയിക്കുന്നു. 20-27% പേർക്ക് പ്രമേഹവും പ്രതിവർഷം ഒൻപതിനായിരം പേർക്ക് ക്യാൻസറും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു.

(ബി) ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്ന തിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന്

സംസ്ഥാനത്തെ 230 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു.

ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമികാരോഗ്യതലം വരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീരോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും യോഗ പരിശീലനവും നടത്തിവരുന്നു.

## വ്യാജ ജാതി സർട്ടിഫിക്കറ്റ്

20 (2571) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ റ്റി.ബി. സെല്ലിൽ ഇപ്പോൾ അസിസ്റ്റന്റ് ഡയറക്ടർ ആയി പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥൻ വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയാണ് സർക്കാർ ജോലി നേടിയത് എന്നുള്ള എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും ഇല്ലെങ്കിൽ എന്തു നടപടിയാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഇപ്പോൾ റ്റി.ബി. അഡീഷണൽ ഡയറക്ടറായി ജോലി ചെയ്തുവരുന്ന ഡോ. ജയശങ്കർ. എസ്.-നെതിരെ അദ്ദേഹം പുനലൂർ ഗവൺമെന്റ് ആശുപത്രിയിൽ ജോലി ചെയ്തുവരവെ ഇപ്രകാരം ഒരു ആരോപണം 2006-ൽ ഉണ്ടാകുകയും ഈ വിഷയത്തിൽ ഡോ. ജയശങ്കർ. എസ്., ഫയൽ ചെയ്ത ഒ.പി. നമ്പർ 6791/94 പ്രകാരം ബഹുമാനപ്പെട്ട കോടതി തുടർനടപടികൾ നിറുത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

2005-ൽ ഈ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു ഇടക്കാല

ഉത്തരവിലൂടെ എസ്.സി./എസ്.റ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് സ്കൂട്ടിനി കമ്മിറ്റിക്ക് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ടിയാൾക്കെതിരെ 2013-ൽ ലഭിച്ച ഒരു പരാതിയിന്മേൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഒരു അന്വേഷണം നടത്തിയിട്ടുള്ളതായും പ്രസ്തുത അന്വേഷണത്തിൽ ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.

**അമൃതം ആരോഗ്യം പദ്ധതി**

21 (2572) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമൃതം ആരോഗ്യം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; ഈ പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് ആരംഭിച്ചു ;

(ബി) വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(സി) അമൃതം ആരോഗ്യം പദ്ധതിയെപ്പറ്റി അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതി രെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

ഈ പദ്ധതി 2011-ൽ ആരംഭിച്ചുവെങ്കിലും പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചത് 2012-ലാണ്.

(ബി) ജീവിതശൈലീരോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന്

സംസ്ഥാനത്തെ 230 സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു.

ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമികാരോഗ്യതലംവരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം, ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും യോഗ പരിശീലനവും നടത്തിവരുന്നു.

(സി) അവലോകനം നടത്തിയിട്ടുണ്ട്. എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ 'അമൃതം ആരോഗ്യം' പദ്ധതി അവലോകനം ചെയ്യാറുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി, ആരോഗ്യ സെക്രട്ടറി, മിഷൻ ഡയറക്ടർ (എൻ.എച്ച്.എം.), ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ സന്നിഹിതരാകുന്ന ഈ കോൺഫറൻസിൽ ഓരോ ജില്ലയിൽനിന്നുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നു.

**അമൃതം ആരോഗ്യം പദ്ധതി**

**22 (2573)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമൃതം ആരോഗ്യം പദ്ധതി എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(ഡി) എല്ലാവിധ രോഗങ്ങളും ഈ പദ്ധതിയുടെകീഴിൽ ഉൾപ്പെടുമോയെന്നു

വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ സബ്സെന്റർതലങ്ങളിൽ ലഭ്യമാണ്. ഇതിന് എ.പി.എൽ./ ബി.പി.എൽ. തരംതിരിവോ മറ്റ് എന്തെങ്കിലും മാനദണ്ഡങ്ങളോ ബാധകമല്ല. മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊണ്ടുവരികയാണ്. ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും യോഗാ പരിശീലനവും നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീരോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഈ പദ്ധതി കാര്യക്ഷമമായി അവലോകനം ചെയ്യുന്നുണ്ട്. എല്ലാ മാസവും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും സംസ്ഥാനതലത്തിൽ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിലും അവലോകനം ചെയ്തുവരുന്നു. എല്ലാ മൂന്ന് മാസത്തിലും അമൃതം പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗ് സംസ്ഥാന തലത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ, ആരോഗ്യ സ്ഥാപനങ്ങളിൽ പദ്ധതി വിലയിരുത്താൻ നേരിട്ടുള്ള സർപ്രൈസ് ഇൻസ്പെക്ഷനുകളും നടത്തിവരുന്നു.

(ഡി) ഈ പദ്ധതിയുടെകീഴിൽ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ രോഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**ദേശീയ ആരോഗ്യ നയം**

**23 (2574)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ നയം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ദേശീയ ആരോഗ്യ നയത്തിൽ ആദിവാസി മേഖലകളിൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ഡി) ആദിവാസി, പിന്നോക്ക വിഭാഗങ്ങളുള്ള ഏതൊക്കെ ജില്ലകളിൽ പ്രസ്തുത മാനദണ്ഡം അനുസരിച്ച് ആശുപത്രികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ദേശീയതലത്തിൽ 2002-ലെ ദേശീയ ആരോഗ്യ നയമാണ് നിലവിലുള്ളത് (National Health Policy 2002). സംസ്ഥാനത്തെ ആരോഗ്യ പരിപാടികൾ പൊതുവിൽ ദേശീയ ആരോഗ്യനയത്തിന്റെയും ദേശീയ സംസ്ഥാന സർക്കാരുകളുടെ തീരുമാനങ്ങളെയും നയപരിപാടികളെയും അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്ര ഗവൺമെന്റ് ആരോഗ്യനയം പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നിലവിൽ ദേശീയ ആരോഗ്യനയത്തിൽ (2002) ആദിവാസി വിഭാഗങ്ങൾ അടക്കമുള്ള പിന്നോക്ക ജനവിഭാഗങ്ങളുടെ നിലവിലെ ആരോഗ്യ സൂചകങ്ങൾ താരതമ്യേന മോശമാണെന്നുള്ള കാര്യവും അത് മെച്ചപ്പെടുത്താൻ നടപടികൾ എടുക്കേണ്ടതിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. എന്നാൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഇതിൽ പരാമർശിക്കുന്നില്ല.

(ഡി)

| ജില്ല | ആശുപത്രി |
|---|---|
| പാലക്കാട് | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടാത്തറ |
| വയനാട് | മാനന്തവാടി നല്ലൂർനാട് ഗവ. ട്രൈബൽ ആശുപത്രി |

**വൃക്ക രോഗികളുടെ എണ്ണം**

**24 (2575)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃക്ക രോഗികളുടെ ചികിത്സക്കായി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകൾ ഉള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ജില്ലയിൽ സർക്കാർ മേഖലയിൽ കൂടുതൽ ഡയാലിസ് സെന്ററുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലാണ് ഡയാലിസിസ് സെന്റർ ഉള്ളത്.

(ബി) കാരുണ്യാ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്ടും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നീലേശ്വരത്തും ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് കെട്ടിടം പണി പൂർത്തീകരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നീലേശ്വരത്ത് സ്ഥല സൗകര്യം കണ്ടെത്തേണ്ടതുണ്ട്.

## മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി

**25 (2576)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട CHC താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തി CHC-യെ താലൂക്കാശുപത്രി യായി അപ്ഗ്രേഡ് ചെയ്ത് കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെ തസ്തികകളും ഒഴിവുകളും

**26 (2577)** <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രികളിലും മറ്റു സ്പെഷ്യലിസ്റ്റ് ആശുപത്രികളിലുമായി എത്ര സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ടെന്നുള്ള ആശുപത്രി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഓരോ ആശുപത്രിയിലും എത്ര ഡോക്ടർമാരുടെ തസ്തികകൾ ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ വിവിധ താലൂക്ക് ആശുപത്രികളിൽ ഓരോന്നിലും എത്ര തസ്തികകളുണ്ടെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) കേരളത്തിലെ വിവിധ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലായി ആകെ എത്ര ഡോക്ടർമാരുടെ തസ്തികകളുണ്ടെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഇ) വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിശദ വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(സി) വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(ഡി) വിവരം അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.*

(ഇ) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്താൻ നടപടി സ്വീകരിച്ചുവരുന്നു. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി. ജി ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം മുഖേന നികത്തേണ്ടവ അത്തരം നിയമനംവഴിയും നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

**നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ ഉൾപ്പെടെയുള്ള വാക്സിനുകളുടെ ലഭ്യതയും ശിശുമരണ നിരക്കും**

**27 (2578)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ ശിശുമരണ നിരക്ക് എത്രയാണ് ; 2006 മുതലുള്ള കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് 2006 മുതലുള്ളത് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ ; ഈ മരുന്നുകൾ എല്ലാപേർക്കും സൗജന്യമായാണോ നൽകുന്നത്; ഈ മരുന്നുകൾക്ക് എപ്പോഴെങ്കിലും ക്ഷാമം അനുഭവപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പെന്റാവാലൻറ് (pentavalent) പ്രതിരോധ മരുന്നിന്റെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിലപാട് വ്യക്തമാക്കുമോ ; ഇപ്പോഴും ഈ മരുന്നുകൾ ഇവിടെ ഉപയോഗിക്കുന്നുണ്ടോ ;

(ഇ) പേപ്പട്ടി വിഷബാധക്കെതിരായ പ്രതിരോധ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ ; ഇല്ലെങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് ഇപ്പോൾ ലഭ്യമാകുന്നത് ; ഏതു സ്ഥാപനം ഉല്പാദിപ്പിക്കുന്ന പേപ്പട്ടിവിഷ വാക്സിനാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ ശിശു മരണ നിരക്ക് 12 ആണ്. സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സർവ്വേ പ്രകാരം സംസ്ഥാനത്തെ ശിശുമരണ നിരക്ക് 2006 മുതൽ 2010 വരെ 13-ഉം 2011 മുതൽ 2013 വരെ 12 -ഉം ആണ്.

(ബി) ദേശീയ തലത്തിൽ സംസ്ഥാനങ്ങളുടെ ശിശുമരണ നിരക്ക് കണക്കാക്കുന്നത് ഇക്കാര്യത്തിനായി പ്രത്യേകമായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം അടിസ്ഥാനമാക്കിയുള്ള വിവരശേഖരണംവഴിയാണ്. ഇതിന്റെ ഭാഗമായി ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തലത്തിൽ ശിശുമരണ നിരക്ക് കണക്കുകൾ ശേഖരിക്കപ്പെടുന്നില്ല. ആയതിനാൽ ഈ സംവിധാന പ്രകാരമുള്ള അട്ടപ്പാടി ബ്ലോക്കിലെ ശിശുമരണ നിരക്ക് പ്രത്യേകം ലഭ്യമല്ല. ആരോഗ്യവകുപ്പ് ജീവനക്കാർവഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള

അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് ചുവടെ ചേർക്കുന്നു : എന്നാൽ ഇത്തരം വിവര ശേഖരണത്തിൽ പല ശിശുമരണങ്ങളും മുൻ വർഷങ്ങളിൽ വിട്ടുപോവാൻ ഇടയുണ്ട്. ചില വർഷങ്ങളിലെ വളരെ കുറഞ്ഞ നിരക്കിന് ഇതൊരു കാരണമായിട്ടുണ്ടാവും.

2006-ലെ നിരക്ക് ലഭ്യമല്ല. മറ്റ് വർഷങ്ങളിലെ ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു :

| വർഷം | ശിശുമരണനിരക്ക് |
|---|---|
| 2007 | 14 |
| 2008 | 9.8 |
| 2009 | 25.4 |
| 2010 | 8.3 |
| 2011 | 5.8 |
| 2012 | 25.6 |
| 2013 | 39.5 |
| 2014 | 26.7 |

(സി) നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ഈ മരുന്നുകൾ സൗജന്യമായാണ് എല്ലാ സർക്കാർ ആശുപത്രികളിലും നൽകുന്നത്. ഈ മരുന്നുകൾക്ക് ഇതുവരെ ക്ഷാമം അനുഭവപ്പെട്ടിട്ടില്ല.

(ഡി) ഡോ. നോയൽ നാരായണൻ, ഡോ. ലളിത കൈലാസ്, ഡോ. പി. കെ. ജമീല എന്നീ ശിശുരോഗ വിദഗ്ദ്ധർ അടങ്ങുന്ന സമിതി ഈ

വാക്സിന്റെ പ്രായോഗികമായ ആവശ്യകത വിലയിരുത്തുകയും കേരളത്തിന് ആവശ്യമാണെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റേയും അടിസ്ഥാനത്തിലാണ് പെന്റാവലന്റ് വാക്സിൻ കൊടുക്കാൻ സർക്കാർ തീരുമാനിക്കുകയുണ്ടായത്.

(ഇ) പേപ്പട്ടി വിഷബാധയ്ക്കെതിരായ പ്രതിരോധ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. Bharat Biotech International Private Limited ഉൽപ്പാദിപ്പിക്കുന്ന മരുന്നാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത്.

## എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ

**28 (2579)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നിലവിലുണ്ടോ ; ആശുപത്രികൾ ഇല്ലാത്തത് ഏത് വിഭാഗത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) അലോപ്പതി, ആയുർവ്വേദം, ഹോമിയോ വിഭാഗത്തിൽ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലായി എത്ര ആശുപത്രികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നിലവിലില്ല.

അലോപ്പതി

കൊല്ലം ജില്ലയിലെ കൊറ്റങ്കര പഞ്ചായത്തിൽ ആശുപത്രിയില്ല.

ആയുർവ്വേദം

കരുങ്കുളം, മഞ്ഞളൂർ, രാമങ്കരി, പള്ളിവാസൽ എന്നീ പഞ്ചായത്തുകളിൽ ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ല.

ഹോമിയോ

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ 42 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ല. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) അലോപ്പതി വിഭാഗത്തിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഈ നടപ്പു സാമ്പത്തിക വർഷത്തിൽ ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) തിരുവനന്തപുരം നഗരസഭയിലെ ജഗതിയിൽ ഒരു ഗവണ്മെന്റ് ഡിസ്പെൻസറിയും വിവിധ ജില്ലകളിലായി 23 ഗ്രാമപഞ്ചായത്തുകളിൽ 23 പി.എച്ച്.സി.കളും 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽ 110 ഡിസ്പെൻസറികളും പത്ത് കിടക്കകളോട്ടുകൂടിയ മൂന്ന് ആശുപത്രികളും ആരംഭിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ 77 ഗവണ്മെന്റ് ആയുർവ്വേദ ഡിസ്പെൻസറികളും 8 ഡിസ്പെൻസറികൾ അപ്ഗ്രേഡ് ചെയ്ത് ഗവണ്മെന്റ് ആയുർവ്വേദ ആശുപത്രികളും ആക്കിയിട്ടുണ്ട്.

**എബോള, പക്ഷിപ്പനി എന്നിവയ്ക്കെതിരെ മുൻകരുതൽ**

**29 (2580)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എബോള, പക്ഷിപ്പനി എന്നീ രോഗങ്ങൾക്കെതിരെ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത രോഗങ്ങൾ സംസ്ഥാനത്തെവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനം സംസ്ഥാനത്തു ലഭ്യമാണോ ; ഇല്ലെങ്കിൽ എപ്രകാരമാണ് ഇവ സ്ഥിരീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ രോഗങ്ങളെക്കുറിച്ച് എന്തെല്ലാം ബോധവത്ക്കരണ പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) എബോള വൈറസ് രോഗം സംസ്ഥാനത്ത് വരാതിരിക്കാൻ വേണ്ടി യാത്രക്കാരുടെ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ തുറമുഖങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ 30 ദിവസത്തെ നിരീക്ഷണത്തിനും വിധേയ രാക്കുന്നു. രോഗം സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി പ്രത്യേക ആശുപത്രികളിൽ പ്രാരംഭ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്നത് നിരീക്ഷിക്കുവാൻവേണ്ടി പക്ഷികളെ കൊന്നൊടുക്കിയ സ്ഥലങ്ങളുടെ 10 കി.മീ. ചുറ്റളവിലുള്ള പ്രദേശങ്ങളിൽ പനി നിരീക്ഷണം നടത്തുന്നുണ്ട്. കൂടാതെ പക്ഷികളെ കൊന്നൊടുക്കിയ ആൾക്കാർക്കും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മൃഗസംരക്ഷണവകുപ്പ് ജീവനക്കാർക്കും പ്രതിരോധ മരുന്നുകൾ നൽകിയിട്ടുണ്ട്.

(ബി) എബോള വൈറസ് രോഗവും പക്ഷിപ്പനിയും ഇതുവരെ സംസ്ഥാന ത്തെവിടെയും മനുഷ്യരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) എബോള, പക്ഷിപ്പനി രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനം സംസ്ഥാനത്ത് ലഭ്യമല്ല. രോഗം സംശയിക്കുന്ന ആൾക്കാരുടെ സാമ്പിളുകൾ (രക്തം. ത്രോട്ട് സ്വാബ്) ഡൽഹിയിലെ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ, (NCDC), മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ റിസർച്ച് (MICR), മണിപ്പാൽ എന്നിവിടങ്ങളിൽ അയച്ചാണ് സ്ഥിരീകരിക്കുന്നത്.

(ഡി) എബോള രോഗത്തെക്കുറിച്ച് യാത്രക്കാരെ ബോധവൽക്കരിക്കുന്ന തിനുവേണ്ടി വിമാനത്തിനുള്ളിൽ വച്ചുതന്നെ അവർക്ക് അറിയിപ്പുകളും ലഘുലേഖകളും വിതരണം ചെയ്യുന്നുണ്ട്. ഇത് കൂടാതെ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സഹായത്തിനുവേണ്ടി ഹെൽപ്പ് ലൈൻ നമ്പർ - ദിശ-1056/0471-2552056 ഏർപ്പെടുത്തിയിട്ടുണ്ട്.

പക്ഷിപ്പനി ബോധവൽക്കരണത്തിന്റെ ഭാഗമായി ലീഫ്‌ലെറ്റുകൾ, ബിറ്റ് നോട്ടീസുകൾ ഇവ പുറത്തിറക്കിയിട്ടുണ്ട്. പത്രപരസ്യം നൽകിയിട്ടുമുണ്ട്. കൂടാതെ രോഗബാധിത പ്രദേശങ്ങളിൽ ജോലിയെടുക്കുന്ന ആരോഗ്യ വകുപ്പിലെ

മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗം ജീവനക്കാർക്ക് ബോധവൽക്കരണം നടത്തുകയും അവരിലൂടെ ഫീൽഡ് വിഭാഗം ജീവനക്കാർ രോഗബാധിത പ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ പരിപാടികളും നടന്നുവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രതലത്തിൽ രോഗബാധിത മേഖലകളിൽ ബാനറുകൾ, കോർണർ ബോർഡുകൾ എന്നിവ സ്ഥാപിച്ച് ബോധവൽക്കരണം ഊർജ്ജിത പെടുത്തുന്നുണ്ട്.

**സുകൃതം പദ്ധതി**

**30 (2581)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുകൃതം പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ ;

(ബി) എ.പി.എൽ., ബി.പി.എൽ. മാനദണ്ഡം ഒഴിവാക്കി മുഴുവൻ ക്യാൻസർ രോഗികൾക്കും സൗജന്യ ചികിത്സ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ക്യാൻസർ രോഗ ചികിത്സ പൂർണ്ണമായും സൗജന്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് ഇത് സംബന്ധമായ കണക്കുകൾ വ്യക്തമാക്കുന്നത്. വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങളും സാധാരണക്കാരന് താങ്ങാവുന്നതിലധികമായി വരുന്ന ചികിത്സാ ചെലവിന് ഇൻഷ്വറൻസ് പരിരക്ഷയും സംസ്ഥാനത്ത് അപര്യാപ്തമായിരുന്നു. കാൻസർകൊണ്ടുള്ള മരണനിരക്ക് വർദ്ധിക്കുന്നതിന് ഇത് കാരണമാകുന്നു എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ കാൻസർ രോഗ ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി ആരംഭിച്ചത്. ഇത് ആദ്യ ഘട്ടത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. തിരുവനന്തപുരം ആർ.സി.സി., തലശ്ശേരി മലബാർ കാൻസർ സെന്റർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ്

സുകൃതം പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുക. ഇതിനായി സ. ഉ. (ആർ റ്റി.) 3530/2014/ആ.കു.വ. തീയതി 29-10-2014 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള കാൻസർ കെയർ സൊസൈറ്റി രൂപീകരിക്കുകയും, സുകൃതം പദ്ധതിക്കായുള്ള ധനവിനിയോഗങ്ങൾ ടി സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൂടുതൽ സ്ഥാപനങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും കൂടുതൽ ജനവിഭാഗങ്ങൾക്ക് ഇതിന്റെ പ്രയോജനം എത്തിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടി വരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. ബി.പി.എൽ. കാർഡ് ഉടമകൾ, RSBY, CHIS, CHIS Plus കാർഡ് ഉടമകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ വരുമാന സർട്ടിഫിക്കറ്റ് ഉള്ളവർ ആദ്യഘട്ടത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായിവരും. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടി വരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. ബി.പി.എൽ. കാർഡ് ഉടമകൾ, RSBY, CHIS, CHIS Plus കാർഡ് ഉടമകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ വരുമാന സർട്ടിഫിക്കറ്റ് ഉള്ളവർ ആദ്യഘട്ടത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായിവരും. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

**ആരോഗ്യ കേരളം**

**31 (2582)** <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽവച്ച് 2009 മാർച്ച് മാസം നടത്തിയ ആരോഗ്യ കേരളം പരിപാടിയുടെ ഭാഗമായ ത്രിദിന പരിശീലന ക്യാമ്പിൽ പങ്കെടുത്ത നൂറുകണക്കിന് ജീവനക്കാർക്ക് നാളിതുവരെ അനുവദനീയ ബത്ത നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത ജീവനക്കാരോട് ബത്ത പിന്നീട് നൽകിക്കൊള്ളാം എന്നറിയിച്ച് നടത്തിപ്പുകാർ രജിസ്റ്ററിൽ തുക കൈപ്പറ്റിയതായി ഒപ്പു വയ്പ്പിച്ചതിന്മേൽ എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ലക്ഷക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയതായി സംശയിക്കപ്പെടുന്ന ഈ വിഷയം ഇതിനകം മൂന്ന് തവണ ഉന്നയിച്ചിട്ടും നടപടി കൈക്കൊള്ളാ ത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) ഈ വിഷയത്തിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2009-ൽ നടന്ന ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എച്ച്.എം.ഐ.എസ്.) പ്രസ്തുത ട്രെയിനിംഗ് നടത്തിയത് HISP INDIA ആണ്. ആയതിനാൽ ട്രെയിനിംഗിൽ ജീവനക്കാരുടെ രേഖകളും വൗച്ചറുകളും വാങ്ങി സൂക്ഷിച്ചത് HISP INDIA യിലെ ജീവനക്കാരാണ്. ആയതിനാൽ എൻ.എച്ച്.എം. ഫണ്ടിൽനിന്ന് തുക ഇനി നൽകേണ്ടതില്ലെന്ന് 24-4-2013-ൽ ചേർന്ന കോട്ടയം ജില്ലാ നിർവ്വാഹക സമിതി യോഗം തീരുമാനിച്ചു. ജില്ലകളിലെ എൻ.എച്ച്.എം. ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ജില്ലാ നിർവ്വാഹക സമിതിക്കാണ്.

(സി) കോട്ടയം ജില്ലാ നിർവ്വാഹക സമിതി ഇതിനെക്കുറിച്ച് പരിശോധിച്ച് തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ അനന്തര നടപടികൾ ആവശ്യമില്ല.

(ഡി) ബാധകമല്ല.

**സുകൃതം പദ്ധതി**

**32 (2583)** <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സുകൃതം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ബി.പി.എൽ., എ.പി.എൽ., വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ്

ഇത് സംബന്ധമായ കണക്കുകൾ വ്യക്തമാക്കുന്നത്. വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങളും, സാധാരണക്കാരന് താങ്ങാവുന്നതിലധികമായി വരുന്ന ചികിത്സാ ചെലവിന് ഇൻഷ്വറൻസ് പരിരക്ഷയും സംസ്ഥാനത്ത് അപര്യാപ്തമായിരുന്നു. കാൻസർ കൊണ്ടുള്ള മരണനിരക്ക് വർദ്ധിപ്പിക്കുന്നതിന് ഇത് കാരണമാകുന്നു എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിലാണ് കാൻസർ രോഗചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി ആരംഭിച്ചത്. ഇത് ആദ്യഘട്ടത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. തിരുവനന്തപുരം ആർ.സി.സി., തലശ്ശേരി മലബാർ കാൻസർ സെന്റർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളി ലായിരിക്കും സുകൃതം പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുക. ഇതിനായി സ.ഉ. (ആർ റ്റി.) 3530/2014/ആ.കു.വ തീയതി 29-10-2014 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള കാൻസർ കെയർ സൊസൈറ്റി എന്ന സംഘടന രൂപീകരിക്കുകയും സുകൃതം പദ്ധതിക്കായുള്ള ധനവിനിയോഗങ്ങൾ ടി സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൂടുതൽ സ്ഥാപനങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനും കൂടുതൽ ജനവിഭാഗങ്ങൾക്ക് ഇതിന്റെ പ്രയോജനം എത്തിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടി വരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. ബി.പി.എൽ. കാർഡ് ഉടമകൾ, RSBY, CHIS, CHIS Plus കാർഡ് ഉടമകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ. വരുമാന സർട്ടിഫിക്കറ്റ് ഉള്ളവർ ആദ്യഘട്ടത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായി വരും. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.



**സുകൃതം പദ്ധതി**

**33 (2584)** ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗജന്യ അർബുദരോഗ ചികിത്സാ പദ്ധതിയായ സുകൃതം പദ്ധതി എന്നുമുതലാണ് ആരംഭിച്ചത് ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലെ രോഗികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ;

(സി) പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഡി) ബി.പി.എൽ. വിഭാഗത്തിനുമാത്രമായി പദ്ധതി പരിമിതപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) സുകൃതം പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് സ്വരൂപിക്കുന്നതെങ്ങനെയാണ് ;

(എഫ്) ഇതിനോടകം എത്രപേർക്ക് ധനസഹായം നൽകുകയുണ്ടായി ;

(ജി) ഇതിനോടകം എത്ര തുക സ്വരൂപിക്കുകയുണ്ടായി ; എത്ര തുക ധനസഹായം നൽകുകയുണ്ടായി ; ഒരു രോഗിക്ക് പരമാവധി എത്ര തുകയാണ് ധനസഹായമായി നൽകുന്നത് ?

ഉത്തരം

(എ) 2014 നവംബർ 1 മുതൽ.

(ബി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ സുകൃതം പദ്ധതി നടപ്പിലാക്കിയത്.

(സി) സ.ഉ. (ആർ റ്റി.) 3530/2014/ആ.കു.വ. തീയതി 29-10-2014 പ്രകാരം സുകൃതം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ബി.പി.എൽ., ആർ.എസ്.ബി.വൈ., CHIS കാർഡ് ഉടമകൾക്കായിരിക്കും ആദ്യഘട്ടത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കുക. തെരഞ്ഞെടുത്ത ആശുപത്രികളിൽ സുകൃതം കൗണ്ടറുകൾ ആരംഭിക്കുന്നതിനും കോ-ഓർഡിനേറ്റർമാരെ താത്കാലികമായി നിയമിക്കുന്നതിനും

രോഗികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ഫോർമാറ്റ് തയ്യാറാക്കുന്നതിനും കോർപ്പസ് ഫണ്ട് സ്വരൂപിക്കുന്നതിനും അത് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) ആദ്യഘട്ടങ്ങളിൽ ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്കാണ് ഇതുമൂലം പ്രയോജനം ലഭിക്കുക.

(ഇ) സിഗരറ്റ് ടാക്സിന്റെ അധിക വരുമാനം, ബിവറേജസ് കോർപ്പറേഷന്റെ ടാക്സിന്റെ ഒരു ശതമാനം, സംഭാവനകൾ എന്നിവ സ്വരൂപിച്ചാണ് ഇതിനായുള്ള ഫണ്ട് സമാഹരിക്കുന്നത്. RSBY, CHIS, CHIS Plus, താലോലം, RBSK ആരോഗ്യകിരണം തുടങ്ങിയ ഫണ്ടുകൾ വിനിയോഗിച്ച ശേഷമാകും സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുന്നത്.

(എഫ്) ഇതുവരെയുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജി) സുകൃതം പദ്ധതിക്കായി ആർ.സി.സി.-ക്ക് 12 കോടി രൂപ, മലബാർ കാൻസർ സെന്ററിന് 5 കോടി രൂപ, അഞ്ച് മെഡിക്കൽ കോളേജുകൾക്ക് 2 കോടി രൂപവീതം, എറണാകുളം ജനറൽ ആശുപത്രിക്ക് 3 കോടി രൂപ എന്നിങ്ങനെ കോർപ്പസ് ഫണ്ടായി നൽകിയിട്ടുണ്ട്. പരമാവധി മൂന്ന് ലക്ഷം രൂപയാണ് ഒരു രോഗിക്ക് ലഭിക്കുന്നത്. മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ ധനസഹായം ആവശ്യമാണെങ്കിൽ കേരള കാൻസർ കെയർ സൊസൈറ്റിയുടെ അംഗീകാരം ആവശ്യമാണ്.

## പാലിയം ഇന്ത്യയുടെ സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ

**34 (2585)** ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലിയം ഇന്ത്യ എന്ന സന്നദ്ധ സംഘടന സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത് ;

(ബി) തിരുവനന്തപുരം പുലയനാർകോട്ട ആശുപത്രി കാമ്പസിൽ സാന്ത്വന ചിക്താത്സാകേന്ദ്രം സ്ഥാപിക്കുന്നതിന് പാലിയം-ഇന്ത്യ എന്ന സംഘടന സ്ഥല സൗകര്യം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(സി) മുൻപറഞ്ഞ അപേക്ഷപ്രകാരം പുലയനാർകോട്ടയിൽ സാന്ത്വന ചികിത്സാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രസ്തുത സന്നദ്ധ സംഘടനയ്ക്ക് അനുവാദം നൽകുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പാലിയം ഇന്ത്യ എന്ന സന്നദ്ധ സംഘടനയുടെ സാന്ത്വന ക്ലിനിക് പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

**ഭക്ഷ്യസുരക്ഷാ നിയമം**

**35 (2586)** <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിലവിൽ ജീവനക്കാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര ഫുഡ് സേഫ്റ്റി ആഫീസർമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) നിലവിൽ എത്ര ജീവനക്കാരുടെ കുറവുണ്ടെന്നുള്ള തസ്തിക തിരിച്ചുള്ള വിവരം അറിയിക്കുമോ ;

(ഡി) ആഹാരപദാർത്ഥങ്ങളുടെ പരിശോധനക്കായി നിലവിലുള്ള ലാബുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ ;

(ഇ) കൂടുതൽ ലാബുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും വേണ്ട പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

(ഡി) തിരുവനന്തപുരം ജില്ലയിൽ ഒരു ഗവണ്മെന്റ് അനലിസ്റ്റ് ലബോറട്ടറിയും

എറണാകുളം, കോഴിക്കോട് എന്നീ ജില്ലയിൽ ഓരോ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയും കൂടാതെ പത്തനംതിട്ടയിൽ ശബരിമല സാമ്പിളുകൾ പരിശോധിക്കുന്നതിനായി മാത്രം ഒരു ജില്ലാ ലാബും പ്രവർത്തിക്കുന്നുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷംതന്നെ സംസ്ഥാനത്ത് പുതിയതായി മൂന്ന് മൊബൈൽ അനലിറ്റിക്കൽ ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. നിലവിലുള്ള ലാബുകൾക്ക്, NABL അക്രഡിറ്റേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. NABL അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ 35.35 ലക്ഷം രൂപ വകയിരുത്തിയിരുന്നതും 2013-14 ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. ആയത് സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി Consultant ആയി CIFT (Central Institute of Fisheries Technology)-യെ നിശ്ചയിച്ചിട്ടുണ്ട്.

## ഭക്ഷ്യസുരക്ഷാവകുപ്പ് നടത്തിയ പരിശോധനയുടെ അനന്തര നടപടികൾ

**36 (2587)** <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഹോട്ടലുകൾ, ബേക്കറികൾ, പച്ചക്കറി/പഴവർഗ്ഗ വില്പന ശാലകൾ, മറ്റു ഭക്ഷ്യോല്പന്ന വിപണന ശാലകൾ, ഇന്ത്യൻ കോഫി ഹൗസു പോലുള്ള സഹകരണ സർക്കാർ ഹോട്ടലുകൾ, ക്യാൻറീനുകൾ, ഇറച്ചി വിപണന ശാലകൾ എന്നിവയിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിയെന്നും കുറ്റക്കാരായി കണ്ടെത്തിയ സ്ഥാപനങ്ങൾ എത്രയെന്നും പിഴയിനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഒരിക്കൽ കുറ്റക്കാരായി കണ്ടെത്തുകയും ശിക്ഷാ നടപടികൾക്കുശേഷം വീണ്ടും കുറ്റക്കാരായി കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സ്ഥാപനങ്ങളിൽനിന്നും ആഹാരവസ്തുക്കൾ കഴിച്ചതുമായി ബന്ധപ്പെട്ട് എത്രപേർ മരണപ്പെടുകയുണ്ടായി ; വ്യക്തമാക്കുമോ ;

(ഡി) ഭക്ഷ്യ വിപണന മേഖലയിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താനായി

ഓരോ വർഷവും നിയമവിരുദ്ധ പ്രവൃത്തികൾ തടയാനായി ഭക്ഷ്യസുരക്ഷാ വാരങ്ങൾ ഉൾപ്പെടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; എന്തു തുക ഇതിനായി ചെലവാക്കി ; വ്യക്തമാക്കുമോ ;

(ഇ) ഭക്ഷ്യസുരക്ഷാ മേഖലയിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ)

| ജില്ല | പൂട്ടിച്ച സ്ഥാപനങ്ങളുടെ എണ്ണം | ഈടാക്കിയ പിഴ |
|---|---|---|
| 1 | 2 | 3 |
| തിരുവനന്തപുരം | 40 | 8,35,000 |
| കൊല്ലം | 67 | 68,000 |
| പത്തനംതിട്ട | 38 | 2,36,000 |
| ആലപ്പുഴ | 12 | 69,000 |
| കോട്ടയം | 10 | 1,23,500 |
| ഇടുക്കി | 5 | 1,26,000 |
| എറണാകുളം | 38 | 13,40,000 |
| തൃശ്ശൂർ | 10 | 2,80,000 |
| (1) | (2) | (3) |

| | | |
|---|---|---|
| മലപ്പുറം | 10 | 3,30,000 |
| പാലക്കാട് | 6 | 3,10,000 |
| കോഴിക്കോട് | 12 | 3,40,000 |
| വയനാട് | 6 | 2,25,000 |
| കണ്ണൂർ | 4 | 2,45,000 |
| കാസർഗോഡ് | ... | 3,60,000 |

(ബി) പിഴ നൽകി വീണ്ടും തുറന്ന സ്ഥാപനങ്ങളിൽ വീണ്ടും ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്താറുണ്ട്. വീണ്ടും അത്തരം സ്ഥാപനങ്ങളിൽ വീഴ്ച കണ്ടെത്തിയിട്ടില്ല.

(സി) ഒരാൾ മരണപ്പെട്ടത് സംബന്ധിച്ച കേസ് നിലവിലുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഊർജ്ജിത ഭക്ഷ്യസുരക്ഷാ വാരാചരണം നടത്തിയ വകയിൽ 2,15,000 രൂപ ചെലവായിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികളിൽ ഉദ്യോഗസ്ഥർ ആരുംതന്നെ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടില്ല.

### ആരോഗ്യവകുപ്പിലെ ദിവസ വേതനക്കാരുടെ വേതന വർദ്ധനവ്

**37 (T2588)** ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിലെ ദിവസവേതനക്കാരുടെ വേതനത്തിൽ GO (P) No. 466/2014 Fin തീയതി 28-10-2014 എന്ന ഉത്തരവു പ്രകാരമുള്ള വർദ്ധന അനുവദിച്ചിട്ടില്ലയെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

28-10-2014-ലെ ജി. ഒ. (പി) 466/14/ഫിൻ നമ്പർ ഉത്തരവിൽ പരാമർശിക്കുന്ന

തസ്തികയിൽപ്പെടുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കും മേൽ ഉത്തരവ് ബാധകമാണ്. ആരോഗ്യ വകുപ്പിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് തുടങ്ങിയവരുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## ആരോഗ്യ രംഗത്തുള്ള അസന്തുലിതാവസ്ഥ

**38 (2589)** <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ സംസ്ഥാനത്ത് ആരോഗ്യരംഗത്തുള്ള അസന്തുലിതാവസ്ഥ പരിഹരിക്കാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ആരോഗ്യപരിപാലന രംഗത്ത് സംസ്ഥാനത്തെ പൊതുജനാരോഗ്യ പ്രവർത്തകർ ഉയർത്തുന്ന ആശങ്കകളും പ്രശ്നങ്ങളും എന്താണെന്നും ഇതിന്മേൽ ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ശുചിത്വമില്ലായ്മ, ശുദ്ധമല്ലാത്ത കുടിവെള്ളം, പോഷകാഹാരക്കുറവ്, വീടുകളിലും, സ്കൂളുകളിലും ശൗചാലയമില്ലായ്മ എന്നീ കാരണങ്ങളാൽ ഒഴിവാക്കാനാവാത്ത പകർച്ച വ്യാധികളും വിവിധ പകർച്ചപ്പനികളും ബാധിച്ച് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവരുടേയും ചികിത്സയ്ക്കെത്തിയവരുടെയും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര പ്രസവങ്ങൾ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നടക്കുന്നു; ഈ സർക്കാർ കാലയളവിൽ നാളിതുവരെ പ്രസവത്തിലൂടെ മരണപ്പെട്ട അമ്മമാരുടെയും കുട്ടികളുടേയും കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ഇ) മനുഷ്യന്റെ മൗലികാവകാശ പ്രശ്നമായ ആരോഗ്യ പ്രശ്നത്തിൽ ഇത്തരം സ്ഥിതിവിശേഷമുള്ളത് തടയുവാനും പ്രസ്തുത പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി സന്തുലിതമായ രീതിയിൽ

ഓരോ ജില്ലയിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉള്ള പ്രദേശങ്ങളിൽ ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രവർത്തകരും രോഗ നിരീക്ഷണം, ചികിത്സ, നിയന്ത്രണ പ്രവർത്തനങ്ങൾ, ബോധവത്കരണം തുടങ്ങിയവ നടപ്പിലാക്കുന്നുണ്ട്. എന്നാൽ ചില നഗര പ്രദേശങ്ങളിൽ ആനുപാതികമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ കുറവാണ്. ഇത് പരിഹരിക്കാനായി കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളിലെ ആരോഗ്യ വിഭാഗം ജീവനക്കാർ, എൻ.എച്ച്.എം വഴി നിയോഗിച്ചിട്ടുള്ള ആരോഗ്യ പ്രവർത്തകർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ജീവനക്കാർ തുടങ്ങിയവരെ ഒരുമിച്ച് ചേർത്ത് നഗര പ്രദേശങ്ങളിലെ കുറവ് നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി)

- മാലിന്യ നിർമ്മാർജ്ജനത്തിലെയും ശുദ്ധജല ലഭ്യതയിലെയും പ്രശ്നങ്ങൾ-: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ജലവിഭവ വകുപ്പ് എന്നിവ വഴി പരിഹരിച്ചുവരുന്നു.
- ഏകീകൃത പൊതുജനാരോഗ്യ നിയമം രൂപീകൃതമാകാത്തതിന്റെ പ്രശ്നങ്ങൾ-: അന്തിമ രൂപം നല്കാൻ നടപടി സ്വീകരിച്ചുവരുന്നു.
- കൊതുക് പെരുകുന്ന സാഹചര്യങ്ങൾ -: ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുംചേർന്ന് പരിഹരിച്ചുവരുന്നു.
- ഇതര വകുപ്പുകളുടെ യോജിച്ച പ്രവർത്തനത്തിന്റെ കുറവ്-: വിവിധ തലങ്ങളിൽ ഇന്റർ സെക്ടറൽ യോഗങ്ങൾ നടത്തിവരുന്നു.
- പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മൂലമുള്ള പ്രശ്നങ്ങൾ-: സീസണൽ മാപ്പ് ഉണ്ടാക്കി അതിനനുസരിച്ച് രോഗപ്രതിരോധനം നടത്തുന്നു.
- ജനങ്ങളുടെ പെരുമാറ്റത്തിലും ശീലത്തിലും ഗുണകരമായ മാറ്റങ്ങൾ ഉണ്ടാകാത്തത് -: ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ഇതര സംസ്ഥാന തൊഴിലാളികളുടെ വർദ്ധനവ്-: തൊഴിൽ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും യോജിച്ചുള്ള പ്രവർത്തനം.

(സി) ശുചിത്വമില്ലായ്മ, ശുദ്ധമല്ലാത്ത കുടിവെള്ളം, പോഷകാഹാരക്കുറവ്, വീടുകളിലും സ്കൂളുകളിലും ശൗചാലയമില്ലായ്മ എന്നീ കാരണങ്ങളാൽ പകർച്ച രോഗികളും വിവിധ പകർച്ചപ്പനികളും ബാധിച്ച് ഈ സർക്കാർ കാലയളവിൽ

മരണപ്പെട്ടവരുടെയും ചികിത്സയ്ക്കെത്തിയവരുടെയും കണക്കുകൾ തരംതിരിച്ച് ശേഖരിക്കുന്നില്ല. എന്നാൽ പകർച്ചവ്യാധികൾമൂലം മരണപ്പെട്ടവരുടെ എണ്ണവും ചികിത്സക്കെത്തിയവരുടെയും കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ഡി) ഡെലിവറി, ഇൻഫന്റ് ഡെത്ത്, മെറ്റേണൽ ഡെത്ത് എന്നിവയുടെ കണക്ക് വർഷംതിരിച്ച് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. *

(ഇ) പൊതുജനാരോഗ്യ പ്രശ്നങ്ങൾ യഥാസമയം കണ്ടുപിടിക്കാനും തടയുന്നതിനും വേണ്ടിയുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങളും രോഗ നിരീക്ഷണവും രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിനും ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നു. കാലവർഷത്തോടനുബന്ധിച്ച് പകർച്ചവ്യാധികൾ കൂടുമ്പോൾ ശരിയായ ചികിത്സയും പരിചരണവും ലഭ്യമാക്കാൻവേണ്ട സജ്ജീകരണങ്ങൾ ആശുപത്രിയിൽ ചെയ്യുന്നതുവഴി രോഗാതുരത കുറയ്ക്കാനും മരണം ഒരു പരിധിവരെ കുറയ്ക്കാനും സാധിക്കുന്നുണ്ട്. മാതൃമരണം, ശിശുമരണം എന്നിവ സംസ്ഥാനത്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കാൾ കുറവാണെങ്കിലും ഇത് ഗണ്യമായി കുറയ്ക്കുന്നതിനുള്ള സത്വര നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നു. ശിശുമരണ നിരക്ക് ആയിരത്തിൽ പന്ത്രണ്ട് എന്നുള്ള നിരക്കിൽനിന്നും പത്തിൽ താഴേക്ക് കൊണ്ടുവരുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും പരിശീലന പരിപാടികളും വിദഗ്ദ്ധ ഏജൻസികളുടെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. മാതൃമരണ നിരക്ക് ഒരു ലക്ഷത്തിൽ 66 എന്ന നിലയിൽനിന്നും താഴേക്ക് കൊണ്ടുവരുന്നതിനായി ഗർഭകാല പരിചരണം ശക്തിപ്പെടുത്തുന്നതിനും പ്രസവ ശുശ്രൂഷ കാര്യക്ഷമമാക്കുന്നതിനും പ്രസവാനന്തര പരിചരണം കുറ്റമറ്റതാക്കുന്ന തിനും ഈ രംഗത്ത് വിദഗ്ദ്ധരുടെ ഉപദേശത്തോടുകൂടി നടപടികൾ സ്വീകരിച്ചു വരുന്നു. പ്രതിരോധിക്കാൻ സാധ്യമായ രോഗങ്ങൾക്കെതിരെയുള്ള ഇമ്മ്യൂണൈ സേഷൻ പദ്ധതി കാലാനുസൃതമായി പരിഷ്കരിച്ച് കുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിത മാക്കുന്നതിന് ശ്രദ്ധചെലുത്തുന്നു.

**മാവൂർ, ചെറൂപ്പ സി.എച്ച്.സി.യും പി.എച്ച്.സി.യും**

**39 (2590)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ പഞ്ചായത്തിലെ ചെറൂപ്പ സി.എച്ച്.സി. പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇവിടെ ഡി.എം.ഒ.-ക്ക്കീഴിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി മാവൂർ പഞ്ചായത്തിൽ ഇപ്പോഴുള്ള ഹെൽത്ത് സെന്റർ പി.എച്ച്.സി.യാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിലെ മാവൂർ പഞ്ചായത്തിലെ ചെറൂപ്പ പി.എച്ച്.സി. പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ മാനദണ്ഡമനുസരിച്ച് ഒരു മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നതിന് ഒരു റൂറൽ സബ് സെന്ററും ഒരു അർബൻ സബ് സെന്ററും പ്രസ്തുത മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളായി വേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പി.എച്ച്.സി. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായി പ്രവർത്തിക്കുന്നത്. ദ്വിഭരണ സമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന കാലത്ത് പ്രസ്തുത പി.എച്ച്.സി.-ക്ക് മേൽ ആരോഗ്യ വകുപ്പിന് ചില നിയന്ത്രണങ്ങൾ ഉണ്ടായിരുന്നെങ്കിലും ദ്വിഭരണം അവസാനിപ്പിച്ച് സർക്കാർ ഉത്തരവായശേഷം ആരോഗ്യ വകുപ്പിന് കീഴിൽ ഉണ്ടായിരുന്ന മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന ആശുപത്രികളെല്ലാം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലേക്ക് വന്നതുപോലെ പ്രസ്തുത പി.എച്ച്.സി.-ക്കുമേലും ആരോഗ്യ വകുപ്പിനുണ്ടായിരുന്ന നിയന്ത്രണം ഒഴിവാക്കുകയും പൂർണ്ണമായും പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിൽ ആകുകയും ചെയ്തു. പ്രസ്തുത പി.എച്ച്.സി.യുടെ നിയന്ത്രണം മെഡിക്കൽ കോളേജിന്റെ നിയന്ത്രണത്തിലാക്കിക്കൊണ്ടുള്ള പ്രത്യേക ഉത്തരവുകളൊന്നും ലഭ്യമല്ല.

(സി) മാവൂർ പഞ്ചായത്തിലെ ഉപകേന്ദ്രം പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നത് പ്രായോഗികമല്ല. ഉപകേന്ദ്രത്തിന്റെ ചുമതല മാതൃശിശു സംരക്ഷണമാണ്.

**അമ്മയും കുഞ്ഞും പദ്ധതി**

**40 (2591)** <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) തീരുമാനമെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സതേടുന്ന എല്ലാ ഗർഭിണികൾക്കും, ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തംവേണ്ടിവരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽനിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാ സൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

(സി) ജനനി സുരക്ഷാ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 13 ആശുപത്രികളിൽ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റുകൾ സജ്ജമാക്കി. തെരഞ്ഞെടുത്ത 47 ആശുപത്രികളിൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത 2 ആശുപത്രികളിൽ റൂമുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത 5 ആശുപത്രികളിൽ ലേബർ റൂമിലേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി നൽകിവരുന്നു.

ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആശുപത്രികളിലെ സൂപ്രണ്ടുമാർക്കും, ലേ സെക്രട്ടറിമാർക്കും അക്കൗണ്ട്സ് ഓഫീസർമാർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കും പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള പരിശീലനം നൽകിക്കഴിഞ്ഞു.

**ആരോഗ്യമേഖലയിൽ ആരംഭിച്ച നവീന പദ്ധതികൾ**

**41 (2592)** ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ ആരംഭിച്ച നവീന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ; അവയുടെ ഓരോന്നിന്റെയും നിലവിലെ പുരോഗതി വിശദമാക്കുമോ ;

(ബി) 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആരോഗ്യമേഖലയിൽ ബഡ്ജറ്റ് വിഹിതമായി ഉൾപ്പെടുത്തിയ തുകയിൽ എത്ര

ശതമാനം ചെലവഴിച്ചു ;

(സി) അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ വിഭാഗങ്ങളിൽ ഈ കാലയളവിലെ പദ്ധതി ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ ആരംഭിച്ച നവീന പദ്ധതികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

**(i) ആരോഗ്യ വകുപ്പ്**

അമൃതം ആരോഗ്യം പദ്ധതി -:

ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി യാണിത്. നിലവിൽ ഒരു കോടി പത്തൊമ്പത് ലക്ഷം പേരിൽ സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്.

'LEAP' പദ്ധതി - ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനസ് പ്രോഗ്രാം - സ്കൂളുകൾ കേന്ദ്രീകരിച്ച് നടന്നുവരുന്ന ഈ പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നു.

SHAPE പദ്ധതി - സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേർസണൽ പദ്ധതി. പോലീസ് പേർസണലുകളുടെ ആരോഗ്യക്ഷേമത്തിനായുള്ള ഈ പദ്ധതി നല്ല രീതിയിൽ നടന്നുവരുന്നു. ഇതുവരെ മൂവായിരത്തോളം പോലീസു കാരെ പരിശോധിച്ചിട്ടുണ്ട്.

ജില്ലാ കാൻസർ കെയർ പ്രോഗ്രാം-: കാൻസർരോഗം നേരത്തേ തിരിച്ചറിഞ്ഞ് ചികിത്സ ലഭ്യമാക്കുന്നതിനുള്ള ഈ പദ്ധതി കാര്യക്ഷമമായി നടന്നുവരുന്നു. മൂവായിരത്തോളം പേർക്ക് കീമോതെറാപ്പി നൽകുകയും 500-ൽപ്പരം പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തു.

'ടെലിസ്ട്രോക്ക് പദ്ധതി'-: 10 ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

'മധുമുക്തി' പദ്ധതി -: കുടുംബശ്രീ വഴി മദ്യം, പുകവലി എന്നിവയ്ക്കെതിരെ നടപ്പിലാക്കിവരുന്ന ഈ കർമ്മ പദ്ധതി 140 പഞ്ചായത്തുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നല്ല രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

'സേഫ് കേരള' പദ്ധതി-: വിദ്യാലയങ്ങളെ ലഹരി വിമുക്തമാക്കുന്നതിന്

വേണ്ടിയുള്ള ഈ പദ്ധതി ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.

'Tobacco Free Initiatives'

ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

'സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ'-: പക്ഷാഘാതം ബാധിച്ചവർക്ക് പുനരധിവാസ കേന്ദ്രങ്ങൾ - 10 ജില്ലാ ആശുപത്രികളിൽ ഈ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

'ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം'

നവജാത ശിശുക്കളിൽ ജനിതക രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഈ പദ്ധതി 41 സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഇരുന്നൂറോളം കുട്ടികളിൽ ജനിതക രോഗം കണ്ടെത്തുകയും 52 കുട്ടികൾക്ക് രോഗം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

'കോംപ്രിഹെൻസീവ് മെന്റൽ ഹെൽത്ത് പ്രോഗ്രാം പകൽവീട് '-: മാനസികരോഗം ഭേദമായ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ പകൽ വീടുകൾ, സ്കൂൾ മാനസികാരോഗ്യ പദ്ധതി' എന്നിവ എല്ലാ ജില്ലകളിലും പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

'പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി'-: എല്ലാ വകുപ്പുകളും ഏകോപിപ്പിച്ചുകൊണ്ട് പൊതുജനാരോഗ്യം ഒറ്റ ഏജൻസിക്കു കീഴിൽ നടപ്പിലാക്കുന്നതിനായുള്ള ഈ പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

'അമ്മയും കുഞ്ഞും പദ്ധതി ', 'ആരോഗ്യ കിരണം പദ്ധതി '-: ഈ പദ്ധതികൾ എൻ.ആർ.എച്ച്.എം. മുഖേന നടന്നുവരുന്നു.

'ഉഷസ്സ് പദ്ധതി'-: കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള എ.ആർ.ടി (ആന്റി റിട്രോവൈറൽ ട്രീറ്റ്മെന്റ് സെന്ററുകൾ) - ഈ കേന്ദ്രങ്ങൾ മുഖേന ചികിത്സയെടുക്കുന്ന എച്ച്.ഐ.വി. ബാധിതർക്ക് ധനസഹായം നൽകിവരുന്നു.

'പി.എ.എൽ. പദ്ധതി'-: പ്രാക്റ്റിക്കൽ അപ്രോച്ച് ടു ലങ് ഹെൽത്ത് പദ്ധതി ആസ്ത്മയ്ക്കും മറ്റു നെഞ്ചുരോഗ ചികിത്സയ്ക്കും വേണ്ടിയുള്ള ഈ പദ്ധതി കൊല്ലം ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിവരുന്നു.

'<u>വിവിധ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ-:</u> പത്തനംതിട്ട ജനറൽ ആശുപത്രി, തൊടുപുഴ താലൂക്ക് ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിലേക്കായി ഒരു കോടി രൂപ പൊതുമരാമത്ത് വകുപ്പിനും നാല് കോടി രൂപ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും കൈമാറിയിട്ടുണ്ട്.'

<u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കൽ</u> -: സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ ഇല്ലാത്ത തൃശ്ശൂർ, കോട്ടയം, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനും പാലക്കാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ശക്തിപ്പെടുത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേക്ക് നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമുള്ള തുക എൻ.ആർ.എച്ച്. എം.-ന് കൈമാറിയിട്ടുണ്ട്.

<u>ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക-</u> വിവിധ ആശുപത്രികളിലെ കുടിവെള്ള സൗകര്യം, സ്വീവേജ് ട്രീറ്റ്മെന്റ്, ടോയ്‌ലെറ്റ് നിർമ്മാണം, കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ, ഇലക്ട്രിക്കൽ ജോലികൾ എന്നിവയ്ക്കുള്ള ഫണ്ട് പി.ഡബ്ല്യു.ഡി, കെ.എം.എസ്.സി.എൽ. എന്നിവയ്ക്ക് കൈമാറി യിട്ടുണ്ട്.

### (ii) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

<u>എല്ലാ മെഡിക്കൽ കോളേജുകളിലും മെറ്റേണൽ & ചൈൽഡ് ഹെൽത്ത് യൂണിറ്റുകൾ സ്ഥാപിക്കൽ</u>

ഈ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ നൂതന യന്ത്രോപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>വന്ധ്യത നിവാരണ ക്ലിനിക്കുകൾ</u>

എല്ലാ മെഡിക്കൽ കോളേജുകളിലും വന്ധ്യത നിവാരണ ക്ലിനിക്കുകൾ സ്ഥാപിക്കുവാനുള്ള ഈ പദ്ധതി തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ വിജയകരമായി നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>അഞ്ച് മെഡിക്കൽ കോളേജുകളിലും പൊള്ളൽ ചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കൽ</u>

ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ പൊള്ളൽ ചികിത്സാ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ (അവയവം മാറ്റിവയ്ക്കൽ ചികിത്സ) പദ്ധതി</u>

പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ അവയവദാനത്തിനുള്ള ശസ്ത്രക്രിയ തീയേറ്ററും മറ്റ് അനുബന്ധ ഘടകങ്ങളും സജ്ജീകരിച്ച് അവയവം മാറ്റിവയ്ക്കൽ വിജയകരമായി നടന്നുവരുന്നു.

### (iii)ഹോമിയോപ്പതി വകുപ്പ്

<u>സാന്ത്വന പരിചരണ കേന്ദ്രങ്ങൾ (പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ)</u>

ഈ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പത്ത് കിടക്കകളോടു കൂടിയ ഒരു പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ (ചേതന) ആരംഭിച്ചിട്ടുണ്ട്.

**സാംക്രമിക രോഗനിയന്ത്രണ പദ്ധതി**

കമ്മ്യൂണിക്കബിൾ ഡിസീസ് മാനേജ്മെന്റ് പ്രോഗ്രാം (സാംക്രമിക രോഗ നിയന്ത്രണ പദ്ധതി) പ്രകാരം സാംക്രമിക രോഗപ്രതിരോധത്തിനും ചികിത്സയ്ക്കു മായി ജില്ലകൾതോറും പകർച്ചവ്യാധി മേഖലകളിൽ മെഡിക്കൽ ക്യാമ്പുകളും സെമിനാറുകളും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കൂടാതെ പ്രാദേശിക സാംക്രമിക രോഗപ്രതിരോധ പരിപാടിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുകയും കുട്ടനാട്, ഹരിപ്പാട് മേഖലകളിലെ തീരദേശ വാസികളായ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി രണ്ട് ഫ്ളോട്ടിംഗ് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ</u>

പ്രസ്തുത പദ്ധതി പ്രകാരം ഇടുക്കി ജില്ലാ ഹോമിയോ ആശുപത്രിയിൽ എൻഡോക്രൈൻ ഡിസോർഡേഴ്സ് കെയർ സെന്ററും, കണ്ണൂർ ജില്ലാ ഹോമിയോ

ആശുപത്രിയിൽ മദർ & ചൈൽഡ് കെയർ സെന്ററും ആലപ്പുഴയിൽ ജെറിയാട്രിക് കെയർ സെന്ററും പ്രവർത്തിച്ചുവരുന്നു.

<u>അഡോളസെന്റ് ഹെൽത്ത് കെയർ & ബിഹേവിയറൽ മാനേജ്മെന്റ് പ്രോഗ്രാം (സദ്ഗമയ)</u>

പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾ വിദ്യാർത്ഥി വിദ്യാർത്ഥിനിയുടെ പഠന-വ്യക്തിത്വ വൈകല്യങ്ങൾ പരിഹരിക്കുന്നതിനും കൗമാര (മാനസിക-ശാരീരിക-ആരോഗ്യ) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള സദ്ഗമയ പദ്ധതി സംസ്ഥാന തലത്തിൽ സർക്കാർ ഹോമിയോ ആശുപത്രികൾ/ഡിസ്പെൻസറികൾ വഴി നടത്തിവരുന്നു.

<u>ജീവിതശൈലി രോഗപ്രതിരോധത്തിനും ചികിത്സയ്ക്കുമുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ</u>

ഹോമിയോപ്പതി ചികിത്സയോടൊപ്പം ആയുർവ്വേദ, യോഗ, പ്രകൃതിജീവനം തുടങ്ങിയ ഇതര ചികിത്സാ സമ്പ്രദായങ്ങളുടെ ഗുണവശങ്ങൾകൂടി സമന്വയിപ്പിച്ചു കൊണ്ട് ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധത്തിനും ചികിത്സിക്കുന്ന തിനുമായി ആരംഭിച്ച ഹോളിസ്റ്റിക് സെന്ററുകൾ ഇപ്പോൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലാ ഹോമിയോ ആശുപത്രി കളിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

<u>ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നിലവാരവൽക്കരണം</u>

പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിലെ ഒരു ഡിസ്പെൻസറി വീതം സംസ്ഥാനത്തെ 14 ഹോമിയോ ഡിസ്പെൻസറികളെ മോഡൽ ഡിസ്പെൻസറി കളായി അപ്ഗ്രേഡ് ചെയ്തു. നിലവിലുള്ള 42 മോഡൽ ഹോമിയോ ഡിസ്പെൻ സറികളിൽ കൂടുതൽ ക്ലിനിക്കൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട്
482/16
നിലവാരം മെച്ചപ്പെടുത്തി. 21 പെരിഫറൽ ഒ.പി. സെന്ററുകൾ ആരംഭിച്ചു.

## (iv) ഭാരതീയ ചികിത്സാ വകുപ്പ്

(1) <u>ബാലമുകുളം - സ്കൂൾ ആരോഗ്യ പദ്ധതി</u>

- ഋതു :- കൊല്ലം, തൃശ്ശൂർ, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ

നടപ്പിലാക്കിവരുന്നു.

- പ്രസാദം :- കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു.
- കൗമാരസ്ഥൗല്യം :- തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

(2) ജീവനി-പ്രമേഹ രോഗികൾക്കായുള്ള ചികിത്സാ പദ്ധതി

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ഗവ. ആയുർവ്വേദ ആശുപത്രിയിലും കൊല്ലം, എറണാകുളം ജില്ലാ ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(3) ദൃഷ്ടി :-

സ്കൂൾ കുട്ടികളിൽ ഉണ്ടാകുന്ന കണ്ണിന്റെ റിഫ്രാക്ടീവ് എറേഴ്സ് പരിഹരിക്കുന്നതിനുള്ള ഈ പ്രത്യേക ചികിത്സാ പദ്ധതി തൃശ്ശൂർ ജില്ലയിലെ രാമവർമ്മ ജില്ലാ ആയുർവ്വേദ ആശുപത്രിയിലും ഇരിങ്ങാലക്കുട ഗവ. ആയുർവ്വേദ ആശുപത്രിയിലും എറണാകുളം ജില്ലാ ആയുർവ്വേദ ആശുപത്രിയിലും നടപ്പിലാക്കിവരുന്നു.

(4) പുനർന്നവ:-

പക്ഷാഘാതാനന്തരം ഉണ്ടാകുന്ന അനുബന്ധ രോഗങ്ങൾക്കുള്ള ഈ പ്രത്യേക ചികിത്സാ പദ്ധതി, കോട്ടയം കോഴിക്കോട് ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു.

(5) സ്പോർട്സ് ആശുപത്രിയുടെ നിർമ്മാണം :-

കായിക താരങ്ങൾക്കുണ്ടാകുന്ന കായിക സംബന്ധമായ പരിക്കുകൾ ചികിത്സിക്കുന്നതിലേക്കായുള്ളതാണ് തൃശ്ശൂർ ജില്ലയിലെ സ്പോർട്സ് ആശുപത്രി കോംപ്ലക്സ് നിർമ്മാണം. 4 ഘട്ടമായി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ 2 ഘട്ടം പൂർത്തിയായി. മൂന്നാം ഘട്ടം ആരംഭിക്കുന്നതിലേക്കായി 135 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

(6) പകർച്ചവ്യാധികളുടെ പ്രതിരോധവും പ്രകൃതി ദുരന്ത നിവാരണവും:-

പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നത് തടയുന്നതിനും പ്രകൃതി

ക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങൾ ചികിത്സിക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2014-15 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിനായി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**(v) ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണം:-

ലബോറട്ടറി കെട്ടിട നിർമ്മാണത്തിന് തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പിൽ 50 സെന്റ് സ്ഥലം, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ എന്നിവ അനുവദിച്ചിട്ടുണ്ട്.

പത്തനംതിട്ട ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണം:-

ലബോറട്ടറി കെട്ടിട നിർമ്മാണത്തിന് പത്തനംതിട്ട ജില്ലയിൽ 1 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണം:-

ലബോറട്ടറി കെട്ടിട നിർമ്മാണത്തിന് 2.82 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**(vi) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ആയുർവ്വേദത്തിന്റെ പാരമ്പര്യ വിജ്ഞാനം കാത്ത് സൂക്ഷിക്കുന്നതിനായി "കേരളത്തിലെ പരമ്പരാഗത അറിവുകളുടെ കണ്ടെത്തലും സംരക്ഷണവും "(**TKIK)** എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1 കോടി രൂപ അനുവദിക്കുകയും ഇതിന്റെ പ്രവർത്തന ങ്ങൾക്കുവേണ്ടി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ജെറിയാട്രിക് കെയർ യൂണിറ്റ്:

തിരുവനന്തപുരം, കണ്ണൂർ ആയുർവ്വേദ കോളേജുകളിൽ ജെറിയാട്രിക് കെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

**(vii) ഐക്കോൺസ്**

തിരുവനന്തപുരം ഐക്കോൺസ് ആശുപത്രി സമുച്ചയം :-

ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മസ്തിഷ്ക സംബന്ധമായ വൈകല്യമുള്ള മുതിർന്ന കുട്ടികളെ പാർപ്പിക്കുവാനുള്ള

"അഡോളസെന്റ് ഹോം (adolescent home)"

ഇതിന്റെ പണി 90 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു.

പൊതുമേഖലയിലെ ആരോഗ്യ രംഗത്തെ പ്രവർത്തന മികവ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള NABH Accreditation പദ്ധതി

പദ്ധതി പൂർത്തിയാക്കി. NABH Accreditation ലഭിച്ചു.

മികവിന്റെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ഷൊർണ്ണൂർ ഐക്കോൺസിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തി കേന്ദ്ര സഹായത്തോടുകൂടി കൽപ്പിത സർവ്വകലാശാലയാക്കുവാനുള്ള പദ്ധതി

കെട്ടിട സമുച്ചയത്തിനുള്ള സ്ഥലം അക്വയർ ചെയ്തു. കെട്ടിടത്തിന്റെ പണിയാരംഭിക്കുന്നതിലേക്കായി 3 കോടി രൂപ വകയിരുത്തുകയും അതിൽ ഒരു കോടി രൂപ നൽകി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**(viii) റീജിയണൽ കാൻസർ സെന്റർ കാരുണ്യ ബെനവലന്റ് ഫണ്ട് :**

ഈ പദ്ധതിപ്രകാരം വാർഷിക വരുമാനം 3 ലക്ഷം രൂപവരെ ഉള്ളവർക്ക് 2 ലക്ഷം രൂപവരെയുള്ള ചികിത്സാ സഹായം അനുവദിക്കുന്നു.

**സുകൃതം പദ്ധതി:**

1-11-2014 മുതൽ നടപ്പിലാക്കിയ സുകൃതം പദ്ധതിപ്രകാരം ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സാ സഹായം നൽകിവരുന്നു.

സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്:

കേന്ദ്ര സർക്കാരിന്റെ ടെർഷ്യറി ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനെ ഒരു സംസ്ഥാന ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ 120 കോടി രൂപ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി അനുവദിച്ചിട്ടുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും നാളിതുവരെ 8443 രോഗികൾക്ക് 41,52,76,506 (നാല്പത്തിയൊന്നു കോടി അമ്പത്തിരണ്ടു ലക്ഷത്തി എഴുപത്തി

യാറായിരത്തി അഞ്ഞൂറ്റിയാറ് രൂപ) രൂപയുടെ ചികിത്സാ സഹായവും, സുകൃതം പദ്ധതി പ്രകാരം 306 രോഗികൾക്ക് 32,02,726 (മുപ്പത്തിരണ്ട് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി ഇരുപത്തിയാറ്) രൂപയുടെ ചികിത്സാ ധനസഹായവും നൽകുകയുണ്ടായി.

**(ix) മലബാർ ക്യാൻസർ സെന്റർ**

(i) പീഡിയാട്രിക് ഓങ്കോളജി കെട്ടിട നിർമ്മാണം :

പൊതുമേഖലാ സ്ഥാപനമായ HLL-നെയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏല്പിച്ചിട്ടുള്ളത്. ആയത് ധ്രുതഗതിയിൽ നടന്നുവരുന്നു.

(ii) ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുന്നതും കെട്ടിട നിർമ്മാണവും: ഇതിലേക്കായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(iii) ഗാമാക്യാമറ, SPECT/CT എന്നിവ സ്ഥാപിക്കൽ:

ആഗോള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. മറ്റ് നടപടികൾ പുരോഗമിച്ച വരുന്നു.

**(X) പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്**

(i) ഫാർമസി കോളേജ് കെട്ടിട നിർമ്മാണ ഭരണാനുമതി ലഭിച്ച

തിരുവനന്തപുരത്ത് ഫാർമസി കോളേജ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ii) ക്യാൻസർ കെയർ യൂണിറ്റ്

ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്യാൻസർ കെയർ യൂണിറ്റ് ആരംഭിച്ചു. ഇതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു.

കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം:-

ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ പി.ഡബ്ല്യു.ഡി സ്വീകരിച്ച വരുന്നു.

**(xi) ഭക്ഷ്യസുരക്ഷാ വകുപ്പ്**

സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം പദ്ധതി

ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ 150 സർക്കാർ സ്കൂളുകളിലെ 1500 ഓളം കുട്ടികൾക്ക് സുരക്ഷിതാഹാരത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ചും ഭക്ഷ്യ ഗുണനിലവാര നിയമത്തിന്റെ പ്രധാന വകുപ്പുകളെപ്പറ്റിയും സെമിനാർ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായി അടുത്ത സാമ്പത്തിക വർഷം സർക്കാർ ഇതര സ്കൂളുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

ഓൺലൈൻ ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ സിസ്റ്റം

പ്രസ്തുത സിസ്റ്റം സംസ്ഥാനമൊട്ടാകെ നടപ്പാക്കിക്കഴിഞ്ഞു.

(ബി) 2011-2012 മുതൽ 2014-2015 വരെ ആരോഗ്യ മേഖലയിൽ വിവിധ വകുപ്പുകൾ പദ്ധതി വിഹിതം ചെലവഴിച്ചതിന്റെ ശതമാനം ചുവടെ ചേർക്കുന്നു :

ആരോഗ്യ വകുപ്പ്

| സാമ്പത്തിക വർഷം | പ്ലാൻ ചെലവ് (% കണക്കിൽ) | നോൺ പ്ലാൻ ചെലവ് ( % കണക്കിൽ) |
|---|---|---|
| 2011-12 | 97.01 % | 99.35 % |
| 2012-13 | 97.50 % | 98.85 % |
| 2013-14 | 96.31 % | 102.93 % |
| 2014-15 | 40.76 % (20-11-14-വരെയുള്ള ചെലവ് | 55.16 % (31-8-2014 വരെ) |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

| സാമ്പത്തിക വർഷം | ചെലവ് (%) |
|---|---|
| 2011-12 | 91.2 |
| 2012-13 | 98.15 |
| 2013-14 | 93 |
| 2014-15 | 58 |

(30-11-14-വരെ)

<u>ഹോമിയോപ്പതി വകുപ്പ്</u>

| സാമ്പത്തിക വർഷം | ചെലവ് (%) |
|---|---|
| 2011-12 | 32 |
| 2012-13 | 27.9 |
| 2013-14 | 61.8 |
| 2014-15 | 57.34 (8-12-2014-വരെ) |

<u>ഭാരതീയചികിത്സാ വകുപ്പ്</u>

| സാമ്പത്തിക വർഷം | ചെലവ് (%) |
|---|---|
| 2011-12 | 94.82 |
| 2012-13 | 96.38 |
| 2013-14 | 90.84 |
| 2014-15 | 32.65 (30-11-2014-വരെ ) |

<u>ഡ്രഗ്സ് കൺട്രോൾ വകുപ്പ്</u>

| സാമ്പത്തിക വർഷം | ചെലവ് (%) |
|---|---|
| 2011-12 | 46 |
| 2012-13 | 86.41 |
| 2013-14 | 97.58 |
| 2014-15 | 40.68 |

<u>ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>

| സാമ്പത്തിക വർഷം | ചെലവ് (%) |
|---|---|
| 2011-12 | 61.99 |
| 2012-13 | 74 |
| 2013-14 | 94.06 |
| 2014-15 | 45.21 |

<u>ഐക്കോൺസ്</u>

| സാമ്പത്തിക വർഷം | പ്ലാൻ ചെലവ് (%) | നോൺപ്ലാൻ ചെലവ് (%) |
|---|---|---|
| 2011-12 | 100 | ... |
| 2012-13 | 100 | 100 |
| 2013-14 | 100 | 100 |
| 2014-15 | 22.22 | 34.78 |

<u>റീജിയണൽ കാൻസർ സെന്റർ</u>

| സാമ്പത്തിക വർഷം | പ്ലാൻ ചെലവ് (%) | നോൺപ്ലാൻ ചെലവ് (%) |
|---|---|---|
| 2011-12 | 100 | 100 |
| 2012-13 | 100 | 100 |
| 2013-14 | 100 | 100 |
| 2014-15 | .... | 39.15 |

<u>മലബാർ കാൻസർ സെന്റർ</u>

| സാമ്പത്തിക വർഷം | ചെലവ് (% ) |
|---|---|
| 2011-12 | 64.05 |
| 2012-13 | 72.35 |
| 2013-14 | 67.14 |
| 2014-15 | ... |

**<u>പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്</u>**

| സാമ്പത്തിക വർഷം | ചെലവ് (%) |
|---|---|
| 2011-12 | 84.13 % |
| 2012-13 | 95.41 % |
| 2013-14 | 89.74% |
| 2014-15 | 85.83 % |

482/15 <u>ഭക്ഷ്യസുരക്ഷാ വകുപ്പ്</u>

| സാമ്പത്തിക വർഷം | ചെലവ് (%) |
|---|---|
| 2011-12 | 90 |
| 2012-13 | 92 |
| 2013-14 | 80 |
| 2014-15 | 51 (നവംബർ വരെ) |

<u>കേരള ആരോഗ്യ സർവ്വകലാശാല</u>

| സാമ്പത്തിക വർഷം | പ്ലാൻ ചെലവ് (%) | നോൺപ്ലാൻ ചെലവ് (%) |
|---|---|---|
| 2011-12 | 63 | 100 |
| 2012-13 | 100 | 100 |
| 2013-14 | 63 | 100 |
| 2014-15 | ... | 100 |

(സി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോ വിഭാഗങ്ങളിലെ പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു :

<u>ആരോഗ്യ വകുപ്പ്</u>

| സാമ്പത്തിക വർഷം | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-12 | 12995.61 |
| 2012-13 | 21092.58 |
| 2013-14 | 18899.28 |
| 2014-15 | 9367.49 (20-11-2014 വരെ) |

<u>ഹോമിയോപ്പതി വകുപ്പ്</u>

| സാമ്പത്തിക വർഷം | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-12 | 396.9 |
| 2012-13 | 479.817 |
| 2013-14 | 911.53 |
| 2014-15 | 825.74 |

(8-12-2014-വരെയുള്ള ചെലവ് )

ഭാരതീയചികിത്സാ വകുപ്പ്

| സാമ്പത്തിക വർഷം | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-12 | 1261.1 |
| 2012-13 | 1604.81 |
| 2013-14 | 2116.49 |
| 2014-15 | 831.11 |
| | (30-11-2014-വരെ ) |

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

| സാമ്പത്തിക വർഷം | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-2012 | 472.43 |
| 2012-2013 | 923.03 |
| 2013-2014 | 2163.43 |
| 2014-2015 | 1160.62 |

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്

| സാമ്പത്തിക വർഷം | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-12 | 1051.66 |
| 2012-13 | 1458.93 |
| 2013-14 | 717.94 |
| 2014-15 | 811.11 |

**ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ അഭാവം**

**42 (2593)** ശ്രീ. എം. ഹംസ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ കടുത്ത അഭാവം സർക്കാരാശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും വേണ്ട ഡോക്ടർമാർ എത്രയെന്നും നിലവിലുള്ളവർ എത്രയെന്നും അറിയിക്കാമോ ;

(സി) ഡോക്ടർമാരുടെ അഭാവം പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില ജില്ലകളിൽ ഗ്രാമീണമേഖലയിൽ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലെല്ലാംതന്നെ അഡ്ഹോക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേനയും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിലവിലുള്ള സാഹചര്യങ്ങൾക്കനുസൃതമായി ഡോക്ടർമാരുടെ തസ്തികയിൽ ഏറ്റക്കുറച്ചിലുകളുണ്ടാവുന്നതാണ്. നിലവിൽ സിവിൽ സർജൻ/അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ളവരെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ളവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിയമിക്കുന്നു. പ്രസ്തുത തസ്തികയിലുള്ള ഡോക്ടർമാരുടെ നിലവിലെ സ്ഥിതി ചുവടെ വിവരിക്കുന്നു :

| തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളവർ |
|---|---|---|
| സിവിൽ സർജൻ | 819 | 738 |
| അസിസ്റ്റന്റ് സർജൻ | 2150 | 1950 |

കൂടാതെ അഡ്ഹോക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം മുഖേനയും താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ച് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് 20-12-2014-ൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽവച്ച് നടക്കുന്ന കൗൺസിലിംഗിൽ നിയമനം നൽകി അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പ്രൊമോഷൻ മുഖേന സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## ഡെലിവറി കിറ്റുകൾ

**43 (2594)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളുടെ ഉപയോഗത്തിന് പ്രതിവർഷം എത്ര ഡെലിവറി കിറ്റുകൾ വേണ്ടിവരും എന്നാണ് കണക്കാക്കപ്പെടുന്നത് ;

(ബി) പ്രതിവർഷം എത്ര സിസേറിയൻ കിറ്റുകൾ ആവശ്യമായി വരുന്ന വെന്നാണ് കണക്കാക്കപ്പെടുന്നത് ;

(സി) പ്രതിവർഷം സിസേറിയൻ കിറ്റുകൾ വാങ്ങുന്നതിനായി എത്ര തുക വകയിരുത്തുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏത് ഏജൻസി മുഖേനയാണ് ആശുപത്രികൾക്കാവശ്യമായ ഡെലിവറി കിറ്റുകൾ വാങ്ങുന്നത് ;

(ഇ) 2014-15-ൽ ആകെ എത്ര ഡെലിവറി കിറ്റുകൾ വാങ്ങുകയുണ്ടായി ; എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(എഫ്) ഡെലിവറി കിറ്റുകളുടെ അഭാവത്തിൽ സർക്കാർ ആശുപത്രികളിൽ ഗർഭിണികളുടെ രക്തസ്രാവ മരണവും ശിശുക്കളുടെ അണുബാധ മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇങ്ങനെ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രതിവർഷം ഏകദേശം 94000 കിറ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

(ബി) ഏകദേശം 57000 സിസേറിയൻ കിറ്റുകൾ വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

(സി) 2013-14 - 1.9 കോടി രൂപ

2014-15 - 2.2 കോടി രൂപ

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് ആരോഗ്യ വകുപ്പിൽ ഡെലിവറി കിറ്റുകൾ വാങ്ങി ലഭ്യമാക്കുന്നത്.

(ഇ) 2014-15-ൽ ഡെലിവറി കിറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

(എഫ്) 2014-15 വർഷത്തിൽ ഏപ്രിൽ 2014 മുതൽ ഒക്ടോബർ 2014 വരെ സംസ്ഥാനത്ത് 1839 ശിശുമരണങ്ങളും 84 മാതൃമരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ശിശുമരണങ്ങൾ ഡെലിവറി കിറ്റുകളുടെ അഭാവംകൊണ്ട് സംഭവിക്കുന്നതല്ല. 84 മാതൃമരണങ്ങൾ ഉണ്ടായെങ്കിലും ഇവയിലൊന്നുംതന്നെ ഡെലിവറി കിറ്റിന്റെ അഭാവത്തിൽ ഉണ്ടായതാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി

**44 (2595)** <u>ശ്രീ. ആർ. രാജേഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ ; മുൻകരുതൽ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പക്ഷിപ്പനി തടയാൻ ആവശ്യമായ പ്രതിരോധ മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി നിയന്ത്രിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. ആലപ്പുഴ ജില്ലയിലെ പക്ഷിപ്പനി രോഗബാധിത പ്രദേശങ്ങളിലെ എല്ലാ മെഡിക്കൽ ആഫീസർമാർക്കും ഫീൽഡ് വിഭാഗം ജീവനക്കാർക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ട്രെയിനിംഗ് നൽകി.

2. പക്ഷിപ്പനി സ്ഥിരീകരിച്ച മേഖലകളിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ ഭവന സന്ദർശനംവഴി രോഗനിരീക്ഷണം നടത്തുകയും രോഗം പകരാൻ സാധ്യത കൂടുതലുള്ള ആൾക്കാർക്ക് പനിയുണ്ടെങ്കിൽ ചികിത്സ നൽകുകയും ചെയ്തു.

3. പക്ഷിപ്പനി ബാധിച്ച പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പക്ഷികളേയും

കൊന്ന് അണുനശീകരണം നടത്തി കുഴിച്ചുമൂടുകയോ കത്തിക്കുകയോ ചെയ്യുന്നു.

4. പക്ഷികളെ കൊന്നൊടുക്കിയതും സംസ്കരിച്ചതുമായ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റും പ്രതിരോധ മരുന്നുകളും നൽകിയിട്ടുണ്ട്.

5. ജില്ലയിൽ മുഴുവൻ പ്രദേശങ്ങളിലും ആരോഗ്യ വിഭാഗത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ആശാവർക്കർ, മറ്റ് ഇതര എൻ.ജി.ഒ സംഘടനകളേയും സമന്വയിപ്പിച്ചുകൊണ്ട് വീടുവീടാന്തരമുള്ള പനി നിരീക്ഷണവും നോട്ടീസ് വിതരണവും നൽകിവരുന്നു.

6. ആലപ്പുഴ ജില്ലയിൽ ബോധവൽക്കരണത്തോടനുബന്ധിച്ച് ഒരു ലക്ഷം നോട്ടീസും വിവിധ തരത്തിലുള്ള ഐ.ഇ.സി. മെറ്റീരിയൽസും വിതരണം ചെയ്തുവരുന്നു.

7. ദിനംപ്രതിയുള്ള പ്രവർത്തന റിപ്പോർട്ട് ഐ.ഡി.എസ്.പി.യിലേക്കും തുടർന്ന് സ്റ്റേറ്റ് കൺട്രോൾ സെല്ലിലേക്കും അയച്ചുവരുന്നു.

8. താഴെത്തട്ടിൽനിന്നും ജില്ലാതലത്തിൽവരെ കാര്യമായി പ്രവർത്തന അവലോകനം നടത്തിവരുന്നു.

9. പ്രതിരോധ മരുന്നുകൾ ആവശ്യാനുസരണം എത്തിച്ചിട്ടുണ്ട്.

(ബി) പക്ഷിപ്പനി തടയാൻ ആവശ്യമായ പ്രതിരോധ മരുന്നുകൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ഒസൽട്ടാമിവിർ എന്ന മരുന്നാണ് ഉപയോഗിക്കുന്നത്. ആവശ്യമായ ഒസൽട്ടാമിവിർ 75 മി. ഗ്രാം, ഒസൽട്ടാമിവിർ 30 മി. ഗ്രാം, ഒസൽട്ടാമിവിർ സിറപ്പ് എന്നിവയാണ് ശേഖരിച്ചിട്ടുള്ളത്. ഇതുകൂടാതെ പി.പി.ഇ. കിറ്റുകൾ, മാസ്കുകൾ, 3 ലെയർ മാസ്കുകൾ എന്നിവ കാരുണ്യ ഫാർമസിവഴി ലഭിച്ചിട്ടുണ്ട്.

**ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം**

**45 (2596)** <u>ശ്രീ. കെ. കെ. നാരായണൻ </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആലപ്പുഴ മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തി ക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് കൈമാറുന്നതിന് മുഖ്യമന്ത്രി തലത്തിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ**

**46 (2597)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാർ, നഴ്സുമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് തുടങ്ങി വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ എപ്പോൾ മുതൽ നിലവിലുണ്ടെന്നും അവ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പറയാമോ ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലം മാറ്റത്തിലൂടെയോ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേലക്കര മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാർ, നഴ്സുമാർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ., നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് തുടങ്ങിയ വിവിധ തസ്തികകളിലെ ഒഴിവുകളുടെ സ്ഥാപനം തിരിച്ചുള്ള വിവരവും പ്രസ്തുത ഒഴിവുകൾ നിലവിൽവന്ന തീയതിയും അനുബന്ധമായി ചേർക്കുന്നു.* അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ

മുഖേന നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

ജെ.പി.എച്ച്.എൻ ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ജെ.പി.എച്ച്.എൻ. ഗ്രേഡ്-I ലേക്ക് ഗ്രേഡ്-2 ൽനിന്ന് യഥാക്രമം പ്രൊമോഷൻ നല്കി ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

ഹോസ്പിറ്റൽ അറ്റൻഡന്റ് തസ്തികയിലെ ഒഴിവ് പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽനിന്നും പ്രൊമോഷൻ നല്കി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റാഫ് നഴ്സ്, ജെ.എച്ച്.ഐ. തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

**47 (2598)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടായിട്ടും രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്നതിന് ഡോക്ടർമാരെ നിയമിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

482/16

(ബി) രാത്രി ഡ്യൂട്ടിക്ക് ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സ്ത്രീകളും കുട്ടികളും ഏറെ ആശ്രയിക്കുന്ന പ്രസ്തുത ഹെൽത്ത് സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താനൂർ സി.എച്ച്.സി.യിൽ അഞ്ച് അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക മാത്രമാണ് നിലവിലുള്ളത്. കിടത്തി ചികിത്സ നടക്കുന്നുണ്ട്. കൂടാതെ രാത്രിയിൽ ഓൺകോൾ ഡ്യൂട്ടിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) താനൂർ സി.എച്ച്.സി.-യിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തിക നിലവിലില്ല. താലൂക്കാശുപത്രിതലം മുതൽ മാത്രമാണ് കാഷ്വാലിറ്റി മെഡിക്കൽ ആഫീസറുടെ തസ്തിക അനുവദിച്ചിട്ടുള്ളത്.

(സി) താന്നൂർ സി.എച്ച്.സി.-യിൽ നിലവിൽ സ്പെഷ്യലിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടില്ല. സർക്കാരിന്റെ ധനസ്ഥിതി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കാനാവില്ല.

**സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു നടപടി**

**48 (2599)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.എച്ച്.സി. മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾവരെ ആധുനിക സൗകര്യങ്ങളോടെയും വൃത്തിയായും സൂക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പി.എച്ച്.സി., സി.എച്ച്.സി. തലങ്ങളിൽ ഓരോ വാർഡ് തലത്തിലും ആറ് മാസത്തിൽ ഒരിക്കൽ ആരോഗ്യ സെമിനാറുകൾ നടത്തുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ആശുപത്രികളിലെ ക്ലീനിംഗ് സ്റ്റാഫ് മുതൽ ഡോക്ടർ വരെയുള്ള തസ്തികകളിലെ ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആശുപത്രികളുടെ വികസനവും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച വിഷയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മുൻകൈ എടുക്കേണ്ടത്. വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പും ആരോഗ്യ കേരളവും ആയത് പരിശോധിച്ച് അംഗീകാരവും വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഫണ്ടും നല്കിവരുന്നു. ഓരോ ആശുപത്രികൾക്കുമുള്ള പദ്ധതികൾ അതാത് ആശുപത്രി വികസന സമിതിയും തദ്ദേശ സ്വയംഭരണ സ്ഥാപനവും യോജിച്ചാണ് തീരുമാനിക്കേണ്ടത്. സംസ്ഥാനത്തെ പി.എച്ച്.സി. മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ വരെ ആധുനിക സൗകര്യങ്ങളോടെയും വൃത്തിയായും സൂക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകമായിട്ടുള്ള പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) നിലവിൽ എല്ലാ പി.എച്ച്.സി. തലത്തിലും ബ്ലോക്ക് തലത്തിലും

മാസത്തിലൊരിക്കൽ നടത്തുന്ന അവലോകന മീറ്റിംഗിൽ ആരോഗ്യ പ്രവർത്തനം സംബന്ധിച്ച പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ഇതിലൂടെ ഡോക്ടർമാർക്കും നഴ്സുമാർക്കും ഫീൽഡുതല ജീവനക്കാർക്കും ആരോഗ്യ രംഗത്തെ സമകാലിക വിഷയങ്ങൾ സംബന്ധിച്ചും ആധുനിക രീതികൾ സംബന്ധിച്ചുമുള്ള പരിശീലനം നല്കിവരുന്നുണ്ട്. ഇത്തരം പരിശീലനങ്ങളുടെ ഗുണഫലങ്ങൾ പൊതു ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമത ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറും സംസ്ഥാനാടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറും പരിശോധിച്ചുവരുന്നുണ്ട്.

(സി) പി.എസ്.സി. മുഖേന നിയമനം നടത്തി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ച് നിയമനം നടത്തുന്നതിനും പ്രൊമോഷൻ മുഖേന നികത്തേണ്ട ഒഴിവുകളിൽ ഡി.പി.സി.-യുടെ അംഗീകാരം വേണ്ടവയിൽ ഡി.പി.സി. ശിപാർശയ്ക്ക് വിധേയമായും അല്ലാത്തവ വകുപ്പുതല നടപടികൾ പൂർത്തീകരിച്ചും പ്രൊമോഷൻ നല്കി നികത്തുന്നതിനും സ്പെഷ്യാലിറ്റി വിഭാഗത്തിലെ ജൂനിയർ കൺസൾട്ടന്റ് ഒഴിവുകൾ, സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്മാരിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നല്കി നികത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനവും നടത്തിവരുന്നുണ്ട്.

## സർക്കാർ ആശുപത്രികളിൽ ചികിത്സ ലഭിക്കാതെയും ചികിത്സാപിഴവുമൂലവും മരണപ്പെട്ടവർ

**49 (2600)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് സർക്കാർ ആശുപത്രികളിൽ ചികിത്സ ലഭിക്കാതെയും ചികിത്സാപിഴവ്മൂലവും മരണം സംഭവിച്ച എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസ്സുകളിൽ എത്രയെണ്ണത്തിൽ വകുപ്പ്തല അന്വേഷണം നടന്നുവെന്നും ഉത്തരവാദികളായ ആർക്കെല്ലാം എതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്ത് സഹായം ചെയ്തു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ആരോഗ്യവകുപ്പിൽ 12 കേസ്സുകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 5 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ എല്ലാ കേസ്സുകളിലും അന്വേഷണം നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിൽ വിലാസിനി എന്ന രോഗി മരിച്ചതുമായി ബന്ധപ്പെട്ട് ഡോ. മിഥുൻ റോഷ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, ഡോ. മെറിൻ ലിസ് ജോസ്, 2 സ്റ്റാഫ് നഴ്സുമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും താക്കീത്, സ്ഥലംമാറ്റം തുടങ്ങിയ ശിക്ഷ നല്കിയിട്ടുമുണ്ട്. കൊല്ലം ജില്ലയിൽ ബാബു എന്ന രോഗി ചികിത്സാ പിഴവുമൂലം മരണപ്പെട്ടതിനെതിരെ ഡോ.അനിൽ കുമാറിന്റെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ച് ഒരു ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവാകുകയും ഡോ. ജോസഫ് ഫ്രാൻസിസിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. വിതുര ആശുപത്രിയിലെ ശേഖർ എന്ന രോഗിയുടെ മരണവുമായി ബന്ധപ്പെട്ട് ഡോ. സുകേഷ് രാജ്, ഡോ. ദീപ പി. എസ് എന്നിവർക്ക് അച്ചടക്ക നടപടിയുടെ ഭാഗമായി രണ്ട് ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടയാൻ നടപടി സ്വീകരിച്ചു. നെയ്യാറ്റിൻകര ആശുപത്രിയിലെ സുനിൽ കുമാറിന്റെ മരണവുമായി ബന്ധപ്പെട്ട് ഡോ. സുജാ അഗസ്റ്റിൻ, സ്റ്റാഫ് നഴ്സായ ശശികലാ ശേഖർ എന്നിവരുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടയുവാനും ഡോ. സജിത്ത്, ഡോ. ഷിനു (സൂപ്രണ്ട്) എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ഡോ. വിനോദ് ചെറിയാന് സ്ഥലം മാറ്റവും നല്കിയിട്ടുണ്ട്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ബിന്ദുവിന്റെയും കുട്ടിയുടെയും മരണവുമായി ബന്ധപ്പെട്ട് ഗൈനക്കോളജിസ്റ്റായ ഡോ. ലീമ ജെ.സി. യുടെ രണ്ട് വാർഷിക ഇൻക്രിമെന്റ് അച്ചടക്ക നടപടിയുടെ ഭാഗമായി തടയുവാൻ ഉത്തരവായി. നെടുമങ്ങാട് താലൂക്കാശുപത്രിയിൽ മഞ്ജു എന്ന രോഗിയുടെ മരണവുമായി ബന്ധപ്പെട്ട് ഡോ. ജയശ്രീ സി. പി., ഡോ. ജയശ്രീ എസ്. നായർ, ഡോ. അനുശ്രീ, സ്റ്റാഫ് നഴ്സ് ബിന്ദു ദാമോദരൻ എന്നിവർക്ക് ചാർജ്ജ് മെമ്മോ നല്കിയിട്ടുണ്ട്. മെന്റൽ ആശുപത്രി, പേരൂർക്കടയിലെ സതാംസിംഗിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും തുടർ അന്വേഷണത്തിന് സർക്കാർതലത്തിൽ ഡോ. വേലായുധൻപിള്ള കമ്മീഷനെ നിയമിക്കുകയും ചെയ്തു. മെന്റൽ ആശുപത്രി യിലെ വെങ്കിടേശപ്പയുടെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ്

നല്കിയിട്ടുള്ളത്. നെയ്യാറ്റിൻകര ആശുപത്രിയിൽ സ്റ്റാൻലിയുടെ മരണവുമായി ബന്ധപ്പെട്ട് ഡോ. ഷിബിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ നെന്മാറ സി.എച്ച്.സി.-യിൽ ചികിത്സ ലഭിക്കാതെ രോഗി മരണമടഞ്ഞത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡോ. കെ. എസ്. മഹി, അസിസ്റ്റന്റ് സർജൻ, ശ്രീമതി ജി. യശോദ, സ്റ്റാഫ് നഴ്സ്, ശ്രീമതി വസന്തകുമാരി എച്ച്.എ. ഗ്രേഡ് II, ശ്രീ. പി. അറുമുഖൻ, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവർക്കെതിരെ അച്ചടക്ക നടപടിയെടുത്തുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കേസ്സുകളിൽ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മൂന്നു കേസ്സുകളിൽ വകുപ്പുതല അന്വേഷണം നടന്നുവരുന്നു. പ്രസ്തുത ആരോപണങ്ങൾ തെളിയിക്കപ്പെട്ടതായി അറിവ് ലഭിച്ചിട്ടില്ല.

(സി) ആരോഗ്യ വകുപ്പിൽനിന്നും ആശ്രിതർക്ക് സഹായമൊന്നും നല്കിയിട്ടില്ല.

## സർക്കാർ ആശുപത്രികളിൽ രോഗങ്ങൾക്കുള്ള മരുന്നുകൾ

**50 (2601)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ഹെപ്പറ്റൈറ്റിസ്, പേവിഷം, എച്ച്.വൺ-എൻ വൺ, മലേറിയ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഹെപ്പറ്റൈറ്റിസ്, പേവിഷം, എച്ച് വൺ - എൻ വൺ, മലേറിയ തുടങ്ങിയവയ്ക്കുള്ള മരുന്നുകൾ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. മരുന്നുകൾ കുറവ് വരുന്ന സാഹചര്യത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം വാങ്ങുന്നതിനുള്ള നടപടിയും സ്വീകരി

ക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ മുഖാന്തരം ലഭ്യമാകാത്ത മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. നിലവിൽ പേവിഷ ചികിത്സയ്ക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ, മലേറിയ രോഗ ചികിത്സയ്ക്ക് ആവശ്യമായ ഹൈഡ്രോക്സി ക്ലോറോക്യൂൻ ടാബ് 200 മി. ഗ്രാം., ക്ലോറോക്യൂൻ ഫോസ്ഫേറ്റ് ടാബ് 250 മി.ഗ്രാം തുടങ്ങിയ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ആവശ്യാനുസരണം സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നു.

ഹെപ്പറ്റൈറ്റിസ് രോഗചികിത്സയ്ക്കാവശ്യമായ ഹെപ്പറ്റൈറ്റിസ് ബി ഇമ്മ്യൂണോ ഗ്ലോബുലിൻ ഇൻജക്ഷൻ 200 ഐ.യു. എന്ന മരുന്നിനും എച്ച് വൺ-എൻ വൺ രോഗ ചികിത്സയ്ക്കാവശ്യമായ ഒസൽട്ടാമിവിർ കാപ്സ്യൂൾ 75 മി.ഗ്രാം എന്ന മരുന്നിനും നടപ്പു സാമ്പത്തിക വർഷം ഒന്നിലധികം ടെണ്ടറുകൾ ക്ഷണിച്ചെങ്കിലും വിതരണക്കാരെ ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത മരുന്നുകൾ കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ വഴി രോഗികൾക്ക് വളരെ കുറഞ്ഞ വിലയിൽ ലഭ്യമാക്കിവരുന്നു.

## സ്കൂൾവിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാര പരിശോധന

**51 (2602)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനായി സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം നൽകിവരുന്ന അരി, പലവ്യഞ്ജനം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) വിതരണം ചെയ്യുന്ന അരിയിലെ പുഴു, പാറ്റ, കീടങ്ങൾ എന്നിവ കാരണവും അവ അശ്രദ്ധമായി പാചകം ചെയ്യുന്നതിന്റെ ഫലമായും കുട്ടികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിനായി സംസ്ഥാനത്ത് വിതരണം ചെയ്യുന്ന അരി, പലവ്യഞ്ജനം എന്നിവ ഉൾപ്പെടെയുള്ളവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന അരി, പലവ്യഞ്ജനം എന്നിവ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നുള്ള നിർദ്ദേശവും വിദ്യാഭ്യാസ

വകുപ്പിന് ഇതിനകം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന അരി, പലവ്യഞ്ജനം എന്നിവ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നുള്ള നിർദ്ദേശവും ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നിർദ്ദേശവും വിദ്യാഭ്യാസ വകുപ്പിന് നല്കിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്ന എല്ലാ സ്കൂളുകളും ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള രജിസ്ട്രേഷൻ കരസ്ഥമാക്കുവാനും ഇതിനകം നിർദ്ദേശം നല്കിയിട്ടുണ്ട്.

## വളർത്തു പക്ഷികൾക്കിടയിലെ പക്ഷിപ്പനി

**52 (2603)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തു പക്ഷികൾക്കിടയിൽ പക്ഷിപ്പനി വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏതെല്ലാം ജില്ലകളിൽ, പ്രദേശങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പക്ഷിപ്പനി മനുഷ്യരിലേക്ക് പകരാതിരിക്കാൻ സ്വീകരിച്ച മുൻ കരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; സംസ്ഥാനത്ത് എച്ച്1 എൻ1 കേസ്സുകൾ റിപ്പോർട്ട് ചെയ്തത് എവിടെയെല്ലാം ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; കണക്ക് ലഭ്യമാക്കാമോ ;

(സി) ആശുപത്രികളിൽ മതിയായ സൗകര്യങ്ങളും പ്രതിരോധ സംവിധാനവും ഇല്ലെന്നത് രോഗപ്രതിരോധവും വ്യാപനവും വഷളാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി ചെന്നിത്തല എന്നിവിടങ്ങളിലും കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, ആർപ്പൂക്കര എന്നിവിട ങ്ങളിലും പത്തനംതിട്ട ജില്ലയിലെ പെരിങ്ങരയിലും പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി)

• പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ ഒരു കി.മീ. ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

• പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തുന്നുണ്ട്.

• രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കി.മീ. ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും നടന്നുവരുന്നു.

• പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു. എച്ച് 1 എൻ 1 കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ആലപ്പുഴയിലും കോട്ടയത്തും പത്തനംതിട്ടയിലും ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റ് അനുബന്ധ ജീവനക്കാർ എന്നിവർ തയ്യാറാണ്. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വേണ്ടിവന്നാൽ എച്ച് 5 എൻ 1 രോഗിക്ക് ഐ.സി.യു. പരിചരണം നൽകാൻ സജ്ജമാക്കിയിട്ടുണ്ട്. വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്. കൂടാതെ പ്രതിരോധ മരുന്നായ ഒസൾട്ടാമിവിർ, പി.പി.ഇ കിറ്റുകൾ, മാസ്കുകൾ എന്നിവ ഈ മൂന്നു ജില്ലകളിലുമായി ലഭ്യമാക്കിയിട്ടുണ്ട്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

**53 (2604)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് H1-N1, H5-N1 തുടങ്ങിയ വിവിധ പകർച്ച വ്യാധികൾ വ്യാപിക്കുമ്പോഴും പരിശോധനാ ഫലങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നെങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുമായിരുന്നോ ;

(സി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങളെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിന് രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണവും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്ഥാപിച്ച വൈറോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട്
482/16
രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് കൈമാറുന്നതിന് മുഖ്യമന്ത്രിതലത്തിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്.

**ആശുപത്രി വികസന സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരണം**

**54 (2605)** <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സംസ്ഥാനത്ത് എത്ര ജനറലാശുപത്രികളിൽ ആശുപത്രി വികസന സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) ഇപ്രകാരം കമ്മിറ്റി രൂപീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശമായിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ സംസ്ഥാനത്തെ 4 ജനറലാശുപത്രികളിൽ ആശുപത്രി വികസന സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>തിരുവനന്തപുരം</u> - ജനറൽ ആശുപത്രി, തിരുവനന്തപുരം

ജനറൽ ആശുപത്രി, നെയ്യാറ്റിൻകര

പത്തനംതിട്ട - ജനറൽ ആശുപത്രി, അടൂർ

തൃശ്ശൂർ - ജനറൽ ആശുപത്രി, തൃശ്ശൂർ

(ബി) സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**പോളിയോ വിമുക്ത കേരളം**

**54 (2605)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം പോളിയോ വിമുക്തമായിട്ടും തുടർ വർഷങ്ങളിലും പോളിയോ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കാനുദ്ദേശിക്കുന്നതിനെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

(ബി) മരുന്നു കമ്പനികളെ വഴിവിട്ട് സഹായിക്കുന്നതിന്റെ ഭാഗമായാണ് ഈ ക്യാമ്പയിനുകൾ തുടരുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലായെങ്കിൽ പ്രസ്തുത ആരോപണം വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അയൽ രാജ്യങ്ങൾ ഇപ്പോഴും പോളിയോ വിമുക്തമായിട്ടില്ല. പോളിയോ വിമുക്തമാകാത്ത രാജ്യങ്ങളിൽനിന്നും സന്ദർശകർവഴി നമ്മുടെ സംസ്ഥാനത്ത് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ ആഗോള വ്യാപകമായി പോളിയോ നിർമ്മാർജ്ജനം നടപ്പിലാകുമ്പോൾമാത്രമേ നമ്മുടെ സംസ്ഥാനത്തും ഈ പരിപാടി നിർത്തലാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കാരുണ്യ ഫാർമസി ഔട്ട് ലെറ്റുകൾ**

**56 (2607)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കാരുണ്യ ഫാർമസി ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നൂറ് ദിവസത്തിനുള്ളിൽ പുതുതായി എത്ര കാരുണ്യാ ഫാർമസികൾ പ്രവർത്തനമാരംഭിക്കും ;

(സി) കാരുണ്യ ഫാർമസികൾ എല്ലാ താലൂക്കാശുപത്രികളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 26 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

(സി) മേൽസൂചിപ്പിച്ച 35 ഫാർമസികളുടെ പ്രവർത്തനം ആരംഭിച്ചതിനുശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്.

**ആലപ്പാട് സർക്കാർ ആരോഗ്യകേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം**

**57 (2608)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ ആലപ്പാട് സർക്കാർ ആരോഗ്യകേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം, മരുന്നുകളുടെ ലഭ്യത, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ മതിയായ വിധത്തിൽ നിർവ്വഹിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) നാട്ടിക മണ്ഡലത്തിലെ ആലപ്പാട് സർക്കാർ ആരോഗ്യകേന്ദ്രത്തിന്റെ പരാധീനതകൾക്ക് പരിഹാരം കാണുന്നതിനായി ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാത്രികാല ചികിത്സയ്ക്കും കിടത്തി ചികിത്സ

പുനരാരംഭിക്കുന്നതിനുമായാണ് പ്രക്ഷോഭങ്ങൾ നടന്നിട്ടുള്ളത്. ഡോക്ടർമാരുടെ അഭാവംമൂലം 30-9-2014-നുശേഷം കിടത്തി ചികിത്സ നടന്നിട്ടില്ല. പ്രസ്തുത ആശുപത്രിയിൽ 2 സിവിൽ സർജന്മാരുടെയും 3 അസിസ്റ്റന്റ് സർജന്മാരുടെയും അടക്കം ഡോക്ടർമാരുടെ 5 തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 2 സിവിൽ സർജൻ തസ്തികയും ഒരു അസിസ്റ്റന്റ് സർജൻ തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്. അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. നിയമന ശിപാർശ ലഭിച്ചിട്ടില്ല. സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ 3 ഒഴിവുകളുള്ളതിനാൽ അവശ്യസേവനം ഉറപ്പ് വരുത്തുന്നതിനായി 2 ഡോക്ടർമാരെ അഡ്ഹോക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നുണ്ട്. ഏതെങ്കിലും മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവിക്ക് അവ വാങ്ങുന്നതിനുള്ള അധികാരം നല്കിയിട്ടുണ്ട്. അന്തിക്കാട് ബ്ലോക്കിലെ പദ്ധതിയിലുൾപ്പെടുത്തി ഒരു ലക്ഷം രൂപയ്ക്ക് കൂടുതൽ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്.

## മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ ഡയാലിസിസ് കേന്ദ്രം

**58 (2609)** ശ്രീ. പി ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് PHC-യിൽ ഡയാലിസിസ് കേന്ദ്രം തുടങ്ങണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ PL-B3-10614/14 ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയ പി.എൽ.ബി3-10614/14 നമ്പർ പ്രൊപ്പോസൽ അനുബന്ധങ്ങൾ സഹിതം ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് തിരികെ 31-5-2014-ൽ

നല്കിയെങ്കിലും ആയത് തിരികെ ലഭിച്ചിട്ടില്ല.

## സ്വകാര്യ ആശുപത്രികളിലെ ഫീസ് നിരക്ക് ഏകീകരിക്കാൻ നടപടി

**59 (2610)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്വകാര്യ ആശുപത്രികളിൽ പലയിടങ്ങളിലും ഏകീകൃത ഫീസ് നിരക്കോ, ലബോറട്ടറി ഫീസുകളോ, ചികിത്സാ ഫീസുകളോ ഇല്ലെന്നുള്ളതും ആശുപത്രികൾ തമ്മിൽ പ്രസ്തുത നിരക്കുകളിൽ വലിയ അന്തരം ഉണ്ടാകുന്നുവെന്നതും സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് നിയന്ത്രിക്കുന്നതിനായി സ്വകാര്യ ആശുപത്രികൾ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ, സ്വകാര്യ ലബോറട്ടറികൾ ഇവയെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡ് തിരിച്ച് ഫീസുകൾ ഏകീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആരോഗ്യവകുപ്പിന് നിലവിൽ സ്വകാര്യ ആശുപത്രികളുടെ മേൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

(ബി) സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കുവേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' എന്നൊരു ബിൽ പാസ്സാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

## കായംകുളം താലൂക്കാശുപത്രിയിൽ ഡയാലിസിസ്, ഡിജിറ്റൽ, എക്സ്റേ യൂണിറ്റുകൾ

**60 (2611)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും ഡിജിറ്റൽ എക്സ്-റേ യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

കായംകുളം താലൂക്കാശുപത്രിയിൽ കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ യൂണിറ്റ്

സ്ഥാപിക്കുന്നതിന് കായംകുളം മുനിസിപ്പാലിറ്റിയുടെ 2014-15 പ്രോജക്ടിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി യൂണിറ്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്നു മാസത്തിനകം യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയും. ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**നിരോധിച്ച ലഹരി വസ്തുക്കളുടെ വില്പന**

**61 (2612)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മിക്ക കടകളിലും നിരോധിച്ച പാൻ മസാലകൾ വലിയ വിലയ്ക്ക് വിൽപ്പന നടത്തുന്നുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; നിരോധിച്ച ലഹരി വസ്തുക്കൾ വിൽക്കുന്നത് കണ്ടെത്തുന്നതിന് കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) അനധികൃത ലഹരി വസ്തുക്കൾ വിറ്റതിന് കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര കടയുടമകൾക്കെതിരെ കേസ് എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; അനധികൃത ലഹരി വസ്തുക്കൾ വിറ്റതിന് എന്തു ശിക്ഷാ നടപടികളാണ് കടയുടമകൾക്ക് നൽകിയത് എന്ന് വ്യക്തമാക്കാമോ ;

(സി) അനധികൃത ലഹരി മരുന്ന് വില്പനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിയമത്തിന്റെ പഴുതുകൾ തടസ്സമാകാറുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ; എങ്കിൽ ഇത് ഒഴിവാക്കാൻ നിയമത്തിന്റെ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പാൻമസാല, ഗുഡ്ക തുടങ്ങിയ പുകരഹിത പുകയില ഉല്പന്നങ്ങൾക്ക് നിരോധനം ഉണ്ടെങ്കിലും ചില കേന്ദ്രങ്ങളിൽ ഇതിന്റെ വിപണനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരോധിത ഉല്പന്നങ്ങൾ വില്പന നടത്താൻ സാധ്യതയുള്ള സ്ഥലങ്ങൾ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നിരന്തരമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതും കണ്ടെത്തുന്ന സാധനങ്ങൾ നശിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിൽ കുറ്റക്കാരായവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം 2 കേസ്സുകൾ നിലവിലുണ്ട്. കൂടാതെ 2,72,000 രൂപ പിഴ ശിക്ഷയായും ഈടാക്കിയിട്ടുണ്ട്. സേഫ് കേരള കാമ്പയിനിന്റെ ഭാഗമായി പുകയില ഉല്പന്നങ്ങൾ അനധികൃതമായി വിറ്റതിന് 54000-ത്തോളം കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. COPTA, PDNPT, കേരള അബ്കാരി ആക്ട്, കെ. പി. ആക്ട് എന്നിവ പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ Drugs Control Act പ്രകാരം 2 മില്ലി ഗ്രാമിൽതാഴെ നിക്കോട്ടിൻ അടങ്ങിയ ചൂയിംഗത്തിന് വില്പന ലൈസൻസ് ആവശ്യമില്ലാത്തത് ഇത്തരം ചൂയിംഗം വിൽക്കുന്നവർക്കെതിരെ കേസ് എടുക്കുന്നതിന് ബാധിക്കുന്നുണ്ട്. അനധികൃത ലഹരി മരുന്ന് വില്പനയ്ക്കെതിരെ COPTA, NDPS, കേരള അബ്കാരി ആക്ട്, കെ. പി. ആക്ട് എന്നിവ പ്രകാരമാണ് നിയമനടപടി സ്വീകരിച്ചുവരുന്നത്. ഇതിലെ ചില ജാമ്യവ്യവസ്ഥകളും നിർവ്വചനങ്ങളും നിയമനടപടി സ്വീകരിക്കുന്നതിൽ പഴുതായി വിലയിരുത്തുന്നുണ്ട്. ഇക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

## യുവതിയുടെ പ്രസവം ചിത്രീകരിച്ച് വാട്ട്സ് അപ്പ് വഴി പ്രചരിപ്പിച്ച സംഭവം

**62 (2613)** <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ യുവതിയുടെ പ്രസവം ചിത്രീകരിച്ച് വാട്ട്സ് അപ്പ് വഴി പ്രചരിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംഭവവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്ത ഡോക്ടർമാർക്ക് പകരം ആശുപത്രിയുടെ പ്രവർത്തനത്തിൽ തടസ്സം വരാതിരിക്കാൻ പകരം നിയമനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ച് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം പൂർവ്വ സ്ഥിതിയിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ യുവതിയുടെ പ്രസവ ശസ്ത്രക്രിയ

ചിത്രീകരിച്ച് വാട്ട്സ് ആപ്പിലൂടെ പ്രചരിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)-ന്റെ നേതൃത്വത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ മൂന്ന് ഡോക്ടർമാരെ അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. തുടർന്ന് ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. കൂടാതെ, ടി വിഷയവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സൈബർ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്.

(ബി) സംഭവവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്ത ഡോക്ടർമാർക്ക് പകരം ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 3 അഡ്ഹോക് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ താലൂക്ക് ആശുപത്രി പഴയങ്ങാടി, പി.എച്ച്.സി.-കളായ ചെറുതാഴം, മാട്ടൂൽ, കുഞ്ഞിമംഗലം, ഡബ്ല്യു&സി, മങ്ങാട്ടുപറമ്പ് എന്നീ സ്ഥാപന ങ്ങളിൽനിന്നും ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുകയും ചെയ്തു.

(സി) സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് പ്ലേസ്മെന്റ് നൽകി ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## <u>പഴയങ്ങാടി താലൂക്ക് ആശുപത്രി</u>

**63 (2614)** <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളത് ; ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കുന്നതിന് എയർ കണ്ടീഷൻ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ 4 അസിസ്റ്റന്റ് സർജന്മാരുടെയും അനസ്തേഷ്യ, ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി എന്നീ വിഭാഗങ്ങളിൽ ഓരോ ജൂനിയർ കൺസൾട്ടന്റുമാരുടെയും ഒഴിവുകളാണ് നിലവിലുള്ളത്. അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നല്കുന്നതാണ്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ 482/16 കൺസൾട്ടന്റ് തസ്തികയിലേക്ക് പ്ലേസ്മെന്റ് നല്കി ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പ്രസ്തുത ആശുപത്രിയിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി അഡ്ഹോക് വ്യവസ്ഥയിൽ അനസ്തേഷ്യ, മെഡിസിൻ, സർജറി വിഭാഗത്തിൽ ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) ആശുപത്രിയിൽ മരുന്ന് സൂക്ഷിക്കുന്നതിന് സ്റ്റോർ റൂമിൽ എച്ച്.എം.സി. ഫണ്ട് ഉപയോഗിച്ചുകൊണ്ട് റാക്കുകൾ വാങ്ങി സജ്ജീകരിച്ചിട്ടുണ്ട്. എയർ കണ്ടീഷണർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് എച്ച്.എം.സി.-യുടെ ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കാൻസർ ചികിത്സാ സൗകര്യങ്ങൾ**

**64 (2615)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> :
<u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അർബുദരോഗ ചികിത്സ സൗജന്യമാക്കുന്ന പദ്ധതിക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ;

(ബി) മലബാർ കാൻസർ സെന്ററിനും മറ്റ് സർക്കാരാശുപത്രികൾക്കും അർബുദ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാനായി ഈ വർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് അർബുദ ചികിത്സക്കുള്ള സൗകര്യം പര്യാപ്തമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ സൗകര്യ വികസനത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എങ്കിലും ആവശ്യാനുസരണം തുക സർക്കാർ ലഭ്യമാക്കുന്നുണ്ട്.

(ബി) ഈ ആവശ്യത്തിനുവേണ്ടി മലബാർ കാൻസർ സെന്ററിന് 2014-15 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. മറ്റ് സർക്കാർ ആശുപത്രികളിൽ അർബുദരോഗ ചികിത്സാ സൗകര്യം ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതിന് കാൻസർ കെയർ പ്രോഗ്രാം എന്ന സ്കീമിൽ 220 ലക്ഷം രൂപ 2210-പ്ലാൻ ശീർഷകത്തിലായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ ചികിത്സ ലഭ്യമാക്കുന്നതിന് ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ റീജിയണൽ കാൻസർ സെന്ററുകളോ, മെഡിക്കൽ കോളേജുകളോ നിലവിലില്ലാത്ത ജില്ലകളിലെ കാൻസർ രോഗികൾക്ക് സ്വന്തം ജില്ലയിൽത്തന്നെ തുടർ ചികിത്സ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കാൻസർ ചികിത്സാ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ആദ്യഘട്ടമായി 32 ലക്ഷത്തോളം കുടുംബങ്ങളെ സുകൃതം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ചെലവ് പൂർണ്ണമായും സൗജന്യ മാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ പുതിയ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനും നിലവിലെ കാൻസർ ചികിത്സാ സൗകര്യങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**പെരിങ്ങോം താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികയിലെ ഒഴിവുകൾ**

**65 (2616)** <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടേതുൾപ്പെടെ എത്ര തസ്തികകളിൽ ഒഴിവുണ്ട് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ IP സംവിധാനം നിലവിൽ തുടരാനിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ ;

(സി) ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ച് എത്രയും വേഗത്തിൽ IP സംവിധാനം പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ നിലവിൽ താഴെ പറയുന്ന തസ്തികകളിൽ ഒഴിവുണ്ട് :

| | | |
|---|---|---|
| 1. | ജൂനിയർ കൺസൾട്ടന്റ് (ഒ & ജി) | 1 |
| 2. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 |
| 3. | ഹോസ്പിറ്റൽ അറ്റന്റഡന്റ് ഗ്രേഡ്- 2 | 1 |
| 4. | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 1 |
| 5. | പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| 6. | സ്റ്റാഫ് നേഴ്സ് | 2 |
| 7. | സിവിൽ സർജൻ | 1 |
| 8. | അസിസ്റ്റന്റ് സർജൻ | 4 |
| | ആകെ | 12 |

(ബി) പ്രധാനമായും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവമാണ് ഐ.പി. സംവിധാനം താൽക്കാലികമായി നിൽക്കാൻ കാരണം.

(സി) ഡോക്ടർമാരുടെ ഒഴിവുകളിൽ അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്താൻ കഴിയും. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി

ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനംമുഖേന നികത്തേണ്ടവ അത്തരം നിയമനം വഴിയും നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഇംഹാൻസ് നടത്തുന്ന സാമൂഹ്യ-മാനസികാരോഗ്യ പദ്ധതികൾ

**66 (2617)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഇംഹാൻസിന്റെ ആഭിമുഖ്യത്തിൽ ഏതൊക്കെ സാമൂഹ്യ-മാനസികാരോഗ്യ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ നൽകിവരുന്ന സഹായം 2014-15 വർഷത്തിൽ ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതികൾ തുടർന്നു നടത്തുന്നതിന് ഫണ്ട് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇംഹാൻസിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ സാമൂഹ്യ-മാനസികാരോഗ്യ പദ്ധതിയും കമ്മ്യൂണിറ്റി ഡെവലപ്മെന്റൽ ഡിസബിലിറ്റി പ്രോഗ്രാമും നടപ്പിലാക്കിവരുന്നു. വയനാട് ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ജില്ലാ മാനസികാരോഗ്യ പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. മാനസികരോഗികൾക്ക് അവരവരുടെ പ്രദേശത്തുതന്നെ സൗജന്യ ചികിത്സയും മരുന്നും മറ്റ് സേവനങ്ങളും നൽകുകയും മാനസിക രോഗികളോടുള്ള സമൂഹത്തിന്റെ അവഗണന മാറ്റിയെടുക്കുന്നതിനുവേണ്ട പരിശീലന-ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയുമാണ് സാമൂഹ്യ-മാനസികാരോഗ്യ പദ്ധതിയുടെ ലക്ഷ്യം. സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്,

സൈക്യാട്രിക് സോഷ്യൽ വർക്കർ, ഫാർമസിസ്റ്റ്, ക്ലാർക്ക്, അറ്റന്റഡർ എന്നിവർ അടങ്ങിയ ഒരു ടീമാണ് ഓരോ ജില്ലയിലും പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്നത്. കുട്ടികളിലെ വൈകാരിക മാനസിക പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യാതെതന്നെ അവരുടെ ഏറ്റവും അടുത്ത ഹെൽത്ത് സെന്ററിൽ ചികിത്സ ലഭ്യമാക്കുകയും പരിഹാര തെറാപ്പികൾ നൽകുകയുമാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റൽ ഡിസബിലിറ്റി പ്രോഗ്രാമിന്റെ ലക്ഷ്യം. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്. സ്പീച്ച് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ എന്നിവരുടെ സേവനം ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇംഹാൻസിന് പദ്ധതി പ്രവർത്തനത്തിനായി ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ സാമൂഹ്യ-മാനസികാരോഗ്യ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നുണ്ടെങ്കിലും പദ്ധതിക്ക് മുടക്കം വരാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

## ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിനുള്ള പരിശോധന

**67 (T 2618)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിന് ഏത് തരത്തിലുള്ള പരിശോധനയാണ് നടത്തുന്നത് ; ഏത് മാനദണ്ഡപ്രകാരമാണ് വിഷാംശത്തിന്റെ തോത് നിശ്ചയിക്കുന്നത് ; പരിശോധന നടത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത് ?

ഉത്തരം

സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള വിഷാംശം കണ്ടെത്തുന്നതിന് GCMSMS (Gas Cromatograph Mass Spectro Photo Meter) എന്ന ആധുനിക സംവിധാനം ഉപയോഗിച്ചുള്ള രാസപരിശോധനയാണ് നടത്തുന്നത്. ടി സംവിധാനം കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ ലഭ്യമായിട്ടുള്ളതും ടി സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ വിപണികളിൽനിന്ന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ

പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഭക്ഷ്യസുരക്ഷാ നിലവാര ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് വിഷാംശത്തിന്റെ തോത് നിശ്ചയിക്കുന്നത്. സംസ്ഥാനത്ത്, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള എറണാകുളം, തിരുവനന്തപുരം ലാബുകളിൽ GCMSMS വാങ്ങാനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

## പക്ഷിപ്പനി

**68 (2619)** <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനി നിയന്ത്രണാതീതമായി മാറിയത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) പക്ഷിപ്പനി നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) പക്ഷിപ്പനി ബാധിച്ച് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര താറാവുകളും, കോഴികളും ചത്തൊടുങ്ങിയെന്ന് വിശദമാക്കാമോ ;

(ഡി) ഇതിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഇ) പക്ഷിപ്പനി മനുഷ്യരിലേക്ക് പടരാൻ സാധ്യതയുണ്ടോ ; ഇത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പക്ഷിപ്പനി (എച്ച് 5 എൻ 1 ഏവിയൻ ഫ്ലൂ) സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ജില്ലകളിലെ രോഗബാധിത പ്രദേശത്തെ പക്ഷികളെ മുഴുവൻ കൊന്നൊടുക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രതിരോധ മരുന്നുകൾ നൽകുന്നതുൾപ്പെടെയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതനുസരിച്ച് പ്രതിരോധത്തിനും ചികിത്സയ്ക്കും ആവശ്യമായ മരുന്നും വ്യക്തിഗത സുരക്ഷയ്ക്ക് ആവശ്യമായ സാധനങ്ങളും ശേഖരിച്ച് നൽകുകയുണ്ടായി. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത മൂന്ന് ജില്ലകളിലും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിക്കുകയും കൂടാതെ മൃഗസംരക്ഷണ

വകുപ്പിലെ വിദഗ്ധരും ആരോഗ്യ വകുപ്പിലെ വിദഗ്ധരും സംയുക്തമായി യോഗം ചേർന്ന് ബോധവത്കരണത്തിന് ആവശ്യമായ ലഘുലേഖകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുമുണ്ടായി. രോഗബാധ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ പക്ഷി നശീകരണവും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ രോഗ നിരീക്ഷണവും ബോധവൽക്കരണവും നടത്തിവരികയാണ്. രോഗ ചികിത്സയ്ക്കായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രികളിലും കോട്ടയം ആലപ്പുഴ മെഡിക്കൽകോളേജുകളിലും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ചികിത്സയ്ക്കാവശ്യമായ ഒസൽട്ടാമിവിർ ഗുളികകളും ആരോഗ്യ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. രോഗനിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും ചെയ്തുകൊണ്ടിരിക്കുന്നു. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തുന്നുണ്ട്. ഇപ്രകാരം പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്കായി മറ്റു വകുപ്പുകളുമായി ചേർന്ന് ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്ന പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി രോഗം ഇപ്പോൾ നിയന്ത്രണ വിധേയമായിട്ടുണ്ട്.

(സി) പക്ഷിപ്പനിബാധ സ്ഥിരീകരിച്ച കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ പഞ്ചായത്തുകളിൽ 5-12-2014-വരെ കോഴികളും താറാവുകളുമടക്കം 17,835 വളർത്തു പക്ഷികൾ മരണപ്പെട്ടിട്ടുണ്ട്.

(ഡി) 44.5 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

(ഇ) പക്ഷിപ്പനി മനുഷ്യരിലേക്ക് പടരാൻ സാധ്യതയുണ്ട്. ഇത് മനുഷ്യരിലേക്ക് പകരാതിരിക്കാൻ ചുവടെചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് :

- രോഗം റിപ്പോർട്ട് ചെയ്ത സ്ഥലത്തിന്റെ 1 കി.മീ. ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗ സംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തുന്നുണ്ട്.

• രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ 1 കി.മീ. ചുറ്റളവിലും അതിന് പുറത്തുള്ള 9 കി.മീ. ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും ചെയ്തുകൊണ്ടിരിക്കുന്നു.

• സംശയാസ്പദമായ രോഗലക്ഷണങ്ങൾ ഉള്ളവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്കായി ഡൽഹിയിലെ എൻ.സി.ഡി.സി.യിലേക്ക് അയയ്ക്കുന്നു.

## അട്ടപ്പാടി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

**69 (2620)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിലെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയ്ക്കുവേണ്ടി എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത മേഖലയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനും, ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നത് ;

(ഡി) ആദിവാസികളിലെ ഗർഭസ്ഥ ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും, കുഞ്ഞുങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്ത ഉടൻതന്നെ സംസ്ഥാന തലത്തിലുള്ള ഉന്നത ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഐ.എം.എ., നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നീ ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ

എടുത്തിട്ടുണ്ട്.

(ബി) ഐ.എം.എ. സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ടീം സന്ദർശിക്കുകയും ആയതിനെ തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട് :

1. അട്ടപ്പാടി മോഡൽ മാതൃക പ്രഖ്യാപിച്ച് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റ്, റേഡിയോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കുക.

2. അട്ടപ്പാടിയിലെ ഡോക്ടർമാർക്ക് റേഡിയോളജി ട്രെയിനിംഗ് നൽകുക.

3. ഐ.എം.എ. പെരിന്തൽമണ്ണ ബ്ലഡ് ബാങ്കുമായി സഹകരിച്ച് ബ്ലഡ് ബാങ്ക് സൗകര്യം വിപുലീകരിക്കുക.

4. അഗളി, കോട്ടത്തറ ആശുപത്രിക്ക് വേണ്ടി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

5. മാതൃ-ശിശു സംരക്ഷണം മെച്ചപ്പെടുത്താൻ ഹെൽപ്പ് ലൈൻ നമ്പർ തയ്യാറാക്കുക.

6. മാസത്തിലൊരിക്കൽ മൾട്ടി സ്പെഷ്യാലിറ്റി ക്യാമ്പ് സംഘടിപ്പിക്കുക.

7. ഐ.എം.എ. എക്സ്പെർട്ട്-ന്റെ നേതൃത്വത്തിൽ മറ്റ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുക.

8. ഡോക്ടർമാർക്ക് സി.എം.ഇ തുടർ വിദ്യാഭ്യാസം ഏർപ്പാടാക്കുക.

9. അംഗൻവാടിയിൽ കളിപ്പാട്ടങ്ങൾ ലഭ്യമാക്കുക, കോട്ടത്തറ ഗവണ്മെന്റ് യു.പി. സ്കൂൾ ഏറ്റെടുക്കുക.

10. ആദിവാസി കുട്ടികൾക്ക് ഹെൽത്ത് മിക്സ് നൽകുക.

(സി) അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 3 മിനി പി.എച്ച്.സി. ഉണ്ട്. (പുതുർ, ആനക്കട്ടി, ഷോളയൂർ) 28 സബ്സെന്ററുകൾ ആകെ പ്രവർത്തിക്കുന്നു. 28 സബ്സെന്ററുകളിൽ 25 എണ്ണത്തിന് സ്വന്തം കെട്ടിടമുണ്ട്. 3 എണ്ണത്തിന് പണി നടക്കുന്നു. (എൻ.എച്ച്.എം.-ന്റെ കീഴിൽ) കെട്ടിടമില്ലാത്തവർ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 28 സബ് സെന്ററുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സമാർ താമസിച്ചുവരുന്നു. 4 മെയിൻ സെന്ററുകളൊഴികെ ബാക്കി 24 സബ് സെന്ററുകളിൽ അധികമായി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത്

നേഴ്സിനെ കൂടി നിയമിച്ചിട്ടുണ്ട്. ഒരാൾ ഫീൽഡ് പ്രവർത്തനത്തിന് പോകുമ്പോൾ മറ്റേയാൾ ക്ലിനിക്കിൽ ഉണ്ടാകുകയും ഉൾപ്രദേശങ്ങളിലുൾപ്പെടെ 24 മണിക്കൂർ നേരം പ്രവർത്തനം നടത്താനും അടിയന്തര സാഹചര്യങ്ങൾ നേരിടാനും സാധിക്കുന്നു. 26 സബ്സെന്ററുകൾക്ക് ഓരോ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ഉണ്ട്. സബ്സെന്റർ വഴി കൗമാരപ്രായക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക പരിചരണം നൽകിവരുന്നു. ഓരോ സബ്സെന്ററിനോടും അനുബന്ധിച്ച് രണ്ട് പ്രൈവറ്റ് ജീപ്പുകൾ എഗ്രിമെന്റിൽ ഏർപ്പാടാക്കി ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും അടിയന്തര സാഹചര്യങ്ങളിൽ ആശുപത്രിയിൽ എത്തിച്ചുവരുന്നു. അതിന് ജനനി ശിശു സുരക്ഷാ കാര്യക്രം ഫണ്ട് ഉപയോഗിക്കുന്നു. കൂടാതെ പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പോഷകാഹാരം ലഭ്യമാക്കുന്നതിന് അത്യാവശ്യ ഘട്ടങ്ങളിൽ ഗർഭിണികളെയും നവജാത ശിശുക്കളെയും ആശുപത്രിയിൽ എത്തിക്കുന്നതിനും എൻ.എച്ച്.എം. മുഖേന ഓരോ പഞ്ചായത്തിലും ഓരോ വാഹനം ആകെ മൂന്നെണ്ണം ഏർപ്പാടാക്കി സേവനം നൽകിവരുന്നു.

<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ</u>

അഗളി, പുതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങളും കിടത്തി ചികിത്സയും നല്കി വരുന്നു. അവിടങ്ങളിൽ ചികിത്സിക്കാൻ പറ്റാത്ത രോഗികളെ ഫസ്റ്റ് റഫറൽ യൂണിറ്റായ കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്ക് എത്തിക്കുന്നു. ആവശ്യത്തിന് ഡോക്ടർമാരും ജീവനക്കാരും പ്രസ്തുത ആശുപത്രികളിലുണ്ട്.

<u>കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി</u>

24 മണിക്കൂറും സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകിവരുന്നു. ഗൈനക്കോളജി, ഫിസിഷ്യൻ, അനസ്തേഷ്യ, സർജറി, ഒഫ്താൽമോളജി, ഇ.എൻ.ടി., ഡെന്റൽ, ശിശുരോഗം, ഓർത്തോ തുടങ്ങിയ സ്പെഷ്യാലിറ്റികൾ പ്രവർത്തിച്ചുവരുന്നു. മേജർ തിയേറ്റർ, മൈനർ തിയേറ്റർ, ലേബർ-റൂം എന്നിവയും ഐ.സി.യു., എസ്.എൻ.സി.യു. തുടങ്ങിയ സൗകര്യങ്ങളും എക്സ്റേ, അൾട്രാസൗണ്ട് സ്കാനിംഗ് സൗകര്യങ്ങളും ഉണ്ട്. എമർജൻസി സിസേറിയൻ ഉൾപ്പെടെ നടത്തിവരുന്നു. 54 കിടക്കകളുണ്ട്.

(ഡി) മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തന ക്ഷമമാക്കി അധികമായി 28 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെക്കൂടി ദേശീയ

ആരോഗ്യമിഷൻ വഴി നിയമിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഗർഭിണികൾക്കും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും അയൺ-ഫോളിക് ആസിഡ് വിതരണം, പ്രതിരോധ കുത്തിവയ്പുകൾ, കുഞ്ഞുങ്ങൾക്കുള്ള വൈറ്റമിൻ-എ നൽകൽ എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് സി.എച്ച്.സി. അഗളി, പി.എച്ച്.സി. പുതൂർ, ഷോളയൂർ എന്നിവിട ങ്ങളിൽ പ്രവർത്തനം ആരംഭിച്ചത് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ചെറിയ തോതിൽ പോഷക കുറവുള്ള കുട്ടികളുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡ്തലത്തിൽ അംഗൻവാടികളുമായി ചേർന്ന് ആരോഗ്യ പ്രവർത്തകർ ചെയ്തുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ഗുരുതര പോഷണ കുറവുള്ള കുട്ടികൾ 299 ആയിരുന്നത് 3-12-2014-ന് 62 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 31 ശിശുമരണങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടായിട്ടുള്ളത്. ഈ വർഷം ഇതുവരെ (3-12-2014 വരെ) 13 മരണങ്ങളാണ് നടന്നിട്ടുള്ളത്.

അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളിലേക്കായി ഡോക്ടർമാർ അടക്കമുള്ള 75 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുക വഴി ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കോട്ടത്തറ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയമിച്ചു. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിക്കൊണ്ട് ഗർഭിണികളുടെ സ്കാനിംഗ് നടത്തിവരുന്നു. അഗളി സി.എച്ച്.സി., ഷോളയൂർ, ആനക്കട്ടി പി.എച്ച്.സി.-കളിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ ആകെയുള്ള 43 തസ്തികകളിൽ താൽക്കാലികമായി നിയമിച്ചവരടക്കം 43 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

എൻ.ആർ.എച്ച്.എം.-ന്റെ ഭാഗമായുള്ള അട്ടപ്പാടി ആരോഗ്യ പാക്കേജ് വഴി ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, നവജാത ശിശു പരിചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി.

അഞ്ച് വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യ

വിവരങ്ങൾ മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർവൽകൃത പദ്ധതി നടന്നുവരുന്നു.

അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ലഭ്യമാക്കുന്നവിധം ക്രമീകരിച്ചിട്ടുണ്ട്. ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന ഘടകങ്ങൾ ആഹാരം, ശുദ്ധമായ കുടിവെള്ളം, സ്ഥിരവരുമാനം, തൊഴിൽ, താമസ സൗകര്യങ്ങൾ തുടങ്ങിയവ യാണ്. ഇവ ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കരൾമാറ്റ ശസ്ത്രക്രിയ

**70 (2621)** <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയകൾ നടത്തിവരുമ്പോൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത സൗകര്യം ഒരുക്കാനാവാത്ത സാഹചര്യം വിശദീകരിക്കാമോ ;

(ബി) കരൾമാറ്റ ശസ്ത്രക്രിയക്ക് എന്തൊക്കെ സൗകര്യങ്ങളുടെ അഭാവമാണ് സർക്കാർ തലത്തിൽ നേരിടുന്നത് ; വിശദീകരണം നൽകാമോ ?

<u>ഉത്തരം</u>

(എ&ബി) കരൾമാറ്റ ശസ്ത്രക്രിയ വളരെയധികം സൗകര്യങ്ങൾ വേണ്ട പദ്ധതിയാണ്. അതിൽ പ്രധാന ഘടകങ്ങൾ താഴെ സൂചിപ്പിക്കുന്നു :

(i) പ്രത്യേകം പരിശീലനം ലഭിച്ചിട്ടുള്ള വിദഗ്ദ്ധ ഡോക്ടർമാർ, നഴ്സിംഗ് സ്റ്റാഫ്, പാരാമെഡിക്കൽ സ്റ്റാഫ് . ഇതിൽ ട്രാൻസ്പ്ലാന്റ് സർജറി ടീം, ട്രാൻസ്പ്ലാന്റ് ലിവർ സ്പെഷ്യാലിറ്റി, ട്രാൻസ്പ്ലാന്റ് പാത്തോളജിസ്റ്റ്, ട്രാൻസ്പ്ലാന്റ് അനസ്തെറ്റിക് ടീം, ഇന്റെൻസീവ് കെയർ ടീം, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ടീം, ട്രെയിൻഡ് ഇൻഫെക്ഷൻ കൺട്രോൾ ടീം, ഇന്റർവെൻഷണൽ റേഡിയോളജി ടീം എന്നിവർ ഉൾപ്പെടുന്നു. ഇവർക്ക് മേജർ ട്രാൻസ്പ്ലാന്റ് സെന്ററുകളിൽ 6 മുതൽ 12 മാസംവരെ പരിശീലനം ആവശ്യമാണ്. ഇത്തരം പരിശീലനങ്ങൾ കൂടുതൽ വിദേശ രാജ്യങ്ങളിലാണ് ലഭ്യമായിട്ടുള്ളത്.

(ii) പ്രത്യേകം സംവിധാനം ചെയ്തിട്ടുള്ള ഓപ്പറേഷൻ തിയേറ്ററുകളും ഇന്റൻസീവ് കെയർ യൂണിറ്റുകളും

(iii) രോഗനിർണ്ണയത്തിനും ഓപ്പറേഷനും പിന്നീടുള്ള അനുബന്ധ ചികിത്സകൾക്കും ആവശ്യമായ കൂടിയ മെഡിക്കൽ ഉപകരണങ്ങളും അവയുടെ പ്രവർത്തന വൈദഗ്ദ്ധ്യവും.

മേൽപ്പറഞ്ഞ ഘടകങ്ങൾ ഒരു മെഡിക്കൽ കോളേജിലും നിലവിൽ ലഭ്യമല്ല. ആയത് ഘട്ടംഘട്ടമായി മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരികയാണ്.

**വന്ധ്യംകരണ ശസ്ത്രക്രിയ**

**71 (2622)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്ധ്യംകരണ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് നിലവിലുണ്ടായിട്ടുള്ള ഭീതി പരിഹരിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) വന്ധ്യംകരണ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾ എത്രയെണ്ണം ഈ വർഷം ലഭ്യമായിട്ടുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) വന്ധ്യംകരണ ശസ്ത്രക്രിയ കേരളത്തിലെ എല്ലാ ജില്ലകളിലും സർക്കാർ മേഖലകളിലും സ്വകാര്യ മേഖലയിലും പൊതുജന സ്വീകാര്യതയോടുകൂടി നടത്തിവരുന്നു. കുടുംബാസൂത്രണ മാർഗ്ഗങ്ങളിൽ, സംസ്ഥാനത്തെ ജനങ്ങൾ ഏറ്റവും കൂടുതൽ വിശ്വാസ്യത അർപ്പിച്ചിരിക്കുന്നത് വന്ധ്യംകരണ ശസ്ത്രക്രിയകളോടാണ്. 2014 ജനുവരി മുതൽ നവംബർവരെ 4,418 മിനിലാപ്പും 15,985 ലാപ്രോസ്കോപ്പിക് സ്റ്റെറിലൈസേഷനും 1,163 പുരുഷ വന്ധ്യംകരണ ശസ്ത്രക്രിയയും NSV (Non Scalpel Vasectomy) യും നടത്തുകയുണ്ടായി. PPS (Post Partom Sterilization) 60,364 നടത്തുകയുണ്ടായി. ഒരു വടക്കൻ സംസ്ഥാനത്ത് വന്ധ്യംകരണ ശസ്ത്രക്രിയയെ തുടർന്ന് മരണങ്ങൾ സംഭവിച്ചുവെങ്കിലും അത് കേരളത്തിലെ

കുടുംബാസൂത്രണ മേഖലയെ ബാധിച്ചില്ല. ആശാ പ്രവർത്തകരും ആരോഗ്യവകുപ്പ് ജീവനക്കാരും മെഡിക്കൽ ഓഫീസർമാരും ബോധവൽക്കരണ പരിശീലന പരിപാടികളിലൂടെ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ പ്രചരിപ്പിച്ചുവരുന്നു. ഇതിനു പുറമേ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ, പോസ്റ്ററുകൾ, നോട്ടീസ് ബോർഡുകൾ, സ്ക്രോളിംഗ് ബോർഡുകൾ എന്നിവയിലൂടെ വന്ധ്യംകരണ ശസ്ത്രക്രിയ ഉൾപ്പെടെ യുള്ള കുടുംബാസൂത്രണ പ്രവർത്തനങ്ങളുടെ പ്രചാരം ആരോഗ്യവകുപ്പ് നടത്തി വരുന്നു.

(ബി) വന്ധ്യംകരണ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും ഈ വർഷം 13 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | തിരുവനന്തപുരം | ഇല്ല |
| 2. | കൊല്ലം | 13 (പതിമൂന്ന്) |
| 3. | ആലപ്പുഴ | ഇല്ല |
| 4. | പത്തനംതിട്ട | ... |
| 5. | കോട്ടയം | ... |
| 6. | ഇടുക്കി | ... |
| 7. | എറണാകുളം | ... |
| 8. | തൃശ്ശൂർ | ... |
| 9. | പാലക്കാട് | ... |
| 10. | മലപ്പുറം | ... |
| 11. | കോഴിക്കോട് | ... |
| 12. | വയനാട് | ... |
| 13. | കണ്ണൂർ | ... |
| 14. | കാസർഗോഡ് | ... |
| | ആകെ | 13 (പതിമൂന്ന്) |

**പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നുപിടിക്കാതിരിക്കാൻ നടപടി**

**72 (2623)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പടർന്നുപിടിച്ച പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നു പിടിക്കുന്ന രീതിയിലുള്ളതാണോ ; എങ്കിൽ ഇതിനെതിരെ എന്തു പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇതുവരെ പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നു പിടിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരിൽ രോഗ ലക്ഷണം കണ്ടെത്തിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) പക്ഷിപ്പനി ജനങ്ങളിലേക്ക് പടർന്നു നേരിടാൻ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ പടർന്നുപിടിച്ച പക്ഷിപ്പനി വളരെ പെട്ടെന്ന് ജനങ്ങളിലേക്ക് പടർന്നുപിടിക്കുന്ന രീതിയിലുള്ളതല്ല. എന്നാൽ ചില അപൂർവ്വ സാഹചര്യങ്ങളിൽ ഈ രോഗം മനുഷ്യരിലേക്ക് പകരാൻ സാധ്യതയുണ്ട്.

- പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചു പ്രവർത്തിച്ചുവരുന്നു.

- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തിവരുന്നുണ്ട്.

- രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കിലോമീറ്റർ ചുറ്റളവിലും അതിന് പുറത്തുള്ള 9 കിലോമീറ്റർ ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ്തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും നടന്നുവരുന്നു.

• പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു.

• ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റ് അനുബന്ധ ജീവനക്കാർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഐ.സി.യു., വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്.

(ബി) സംസ്ഥാനത്ത് ഇതുവരെ പക്ഷിപ്പനി മനുഷ്യരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകളെക്കുറിച്ച് പ്രത്യേകം പരിശീലനം മൃഗസംരക്ഷണ വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് നൽകിയിട്ടുണ്ട്.

രോഗബാധിത പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഫീൽഡ് വിഭാഗം ജീവനക്കാർക്കും ആശാ പ്രവർത്തകർക്കും പരിശീലനം നൽകിയിട്ടുണ്ട്. ജനങ്ങളുടെ ബോധവൽക്കരണത്തിനുവേണ്ടി ലഘുലേഖകളും ബിറ്റ് നോട്ടീസുകളും വിതരണം ചെയ്തിട്ടുണ്ട്.

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ തസ്തികകളും ഒഴിവുകളും

**73 (2624)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ അനുവദനീയമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ എത്ര ; ഇതിൽ ജോലി ചെയ്യുന്നവർ എത്ര ; ഒഴിവുകൾ എത്ര എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ ഡോക്ടർമാർ ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നികത്താൻ കഴിയും.

**കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പ്രവർത്തനങ്ങൾ**

**74 (2625)** <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നു വിശദമാക്കാമോ ;

(ബി) എൻ.ആർ.എച്ച്.എം. മുഖേന ആകെ എത്ര തുകയാണ് മണ്ഡലത്തിൽ ചെലവഴിച്ചിട്ടുള്ളത്; ആശുപത്രികൾക്ക് പ്രത്യേകമായും മണ്ഡലത്തിൽ പൊതുവായും ചെലവഴിച്ച തുക സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മാതൃ ശിശു സംരക്ഷണ പരിപാടികൾ, ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ബോധവൽക്കരണ പരിപാടികൾ, വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ, വിദ്യാലയ ആരോഗ്യ പരിപാടികൾ എന്നിവ നടപ്പിലാക്കി.

(ബി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. മുഖേന 1,47,00,863 രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്.

ആശുപത്രികൾക്ക് പ്രത്യേകമായും മണ്ഡലത്തിൽ പൊതുവായും ചെലവഴിച്ച തുക സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കഞ്ചിക്കോട് ഇരുമ്പുരുക്ക് കമ്പനികൾ - ആരോഗ്യപ്രശ്നങ്ങൾ**

**75 (2626)** <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഇരുമ്പുരുക്ക് കമ്പനികൾ സമീപമേഖലയിലെ ജനങ്ങൾക്കുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കമ്പനികൾ ജനങ്ങൾക്ക് ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ആരോഗ്യ വകുപ്പധികാരികൾ എത്ര തവണ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പരിശോധന നടത്തിയിട്ടുണ്ട് ; വിശദാംശം നൽകാമോ ;

(സി) പ്രസ്തുത പരിശോധനകളിൽ എന്തെല്ലാം കണ്ടെത്തലുകൾ ഉണ്ടായി; അതിൻപ്രകാരം എന്തെല്ലാം നിർദ്ദേശങ്ങൾ ആണ് പരിഹാര നടപടിയായി സ്റ്റീൽ കമ്പനി അധികാരികൾക്ക് നൽകിയത്; പ്രസ്തുത ഉത്തരവുകൾ കമ്പനികൾ നടപ്പിലാക്കിയോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഇരുമ്പുരുക്ക് കമ്പനികൾക്ക് സമീപമുള്ള വിവേകാനന്ദ കോളനിയിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സർവ്വെ നടത്തിയതിൽ താഴെ വിവരിച്ച പ്രകാരം ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട് :

| | | |
|---|---|---|
| ബി.പി (ഉയർന്ന രക്ത സമ്മർദ്ദം) | - | 10 |
| ശ്വാസ സംബന്ധമായ രോഗങ്ങൾ | - | 5 |
| ത്വക്ക് സംബന്ധമായ രോഗങ്ങൾ | - | 1 |
| അലർജി | - | 8 |
| കിഡ്നി സ്റ്റോൺ | - | 3 |
| ആകെ | - | 27 |

(ബി) ഇരുമ്പുരുക്ക് കമ്പനികളിലെ സാനിട്ടേഷൻ സംവിധാനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ പഠനത്തിന്

വിധേയമാക്കി ആവശ്യമായ നടപടികൾ കൈക്കൊള്ളാനാണ് പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് പാലക്കാട് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ വിവേകാനന്ദ കോളനിയിൽ സർവ്വെ നടത്തുകയും ആയതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഏലൂർ പഞ്ചായത്തിൽ നടപ്പിലാക്കിയതുപോലെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതുശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കുകയും ചെയ്തിട്ടുണ്ട്.

സേഫ് കേരള ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ ഭാഗമായി ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് സൂപ്പർവൈസർ, തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി 22-7-2014-ന് ഇരുമ്പുരുക്ക് കമ്പനികൾ പരിശോധിച്ചിട്ടുണ്ട്.

(സി) സേഫ് കേരളയുടെ ഭാഗമായി തൊഴിൽ വകുപ്പുമായി ചേർന്ന് 22-7-2014-ന് നടത്തിയ പരിശോധനയിൽ ആറ് ഇരുമ്പുരുക്ക് കമ്പനികൾ സന്ദർശിക്കുകയും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയും ചെയ്തിട്ടുണ്ട് :

1. വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് തൊഴിലാളികളെ താമസിപ്പിച്ചിരിക്കുന്നത്.
2. ടോയ്‌ലെറ്റ് സൗകര്യങ്ങളുടെ അപര്യാപ്തത
3. തൊഴിലാളികളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന സംവിധാനം ഇല്ലാത്തത്.
4. തൊഴിൽ സുരക്ഷാ സംവിധാനങ്ങൾ നല്കുന്നതിലുള്ള പാളിച്ചകൾ.
5. തൊഴിലാളികൾക്ക് പതിവായി നല്കിവരേണ്ട വൈദ്യ പരിശോധനാ സൗകര്യങ്ങളുടെ ഇല്ലായ്മ.

ഇരുമ്പുരുക്ക് കമ്പനികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

**സർക്കാർ-സ്വകാര്യ ഡോക്ടർമാർ നടത്തുന്ന ക്രമവിരുദ്ധ പ്രവർത്തനം**

**76 (2627)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ആരോഗ്യത്തിന് ഹാനികരമാംവിധം ആവശ്യമില്ലാത്ത മരുന്നുകൾ നിർദ്ദേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) പാർശ്വഫലം പരിഗണിക്കാതെയുള്ള മരുന്നുകളും ആവശ്യമില്ലാത്ത ആന്റിബയോട്ടിക്കുകളും വിലകൂടിയ വിറ്റാമിൻ ഗുളികകളും മരുന്നു കമ്പനികളുടെ കമ്മീഷൻ വാങ്ങാനായി മാത്രം ഡോക്ടർമാർ കുറിച്ചു നൽകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും ഇവ തടയുവാൻ ഡോക്ടർമാർക്ക് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയെന്നും വ്യക്തമാക്കുമോ ;

(ഡി) മറ്റുള്ള ആൾക്കാരെക്കൊണ്ട് മരുന്നു വിതരണം നടത്തുന്നവരായും മറ്റ് ലൈസൻസികളുടെ പേരിൽ മെഡിക്കൽ ഷോപ്പുകൾ നടത്തുന്നവരായും കണ്ടെത്തിയ എത്ര ഡോക്ടർമാർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ ; അവർ ആരെല്ലാം ;

(ഇ) ഒരു രോഗവുമായി ഡോക്ടറെ കാണുമ്പോൾ സമാന സ്വഭാവമുള്ള ഒന്നിലേറെ രോഗങ്ങൾക്ക് മരുന്നു നൽകുന്ന രീതി സംസ്ഥാനത്ത് പല ഡോക്ടർമാരും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ആരോഗ്യവകുപ്പിന്റെ നട്ടെല്ലായ ഡോക്ടർമാർ നടത്തുന്ന ഇത്തരം ക്രമവിരുദ്ധ പ്രവർത്തനം നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഇപ്രകാരം വ്യാപകമായി ഒരവസ്ഥ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവം റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്മേൽ താഴെപ്പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട് :

മലപ്പുറം നിലമ്പൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) ഡോ. ഷിനാസ് ബാബു, ഇൻജക്ഷൻ ലാക്ടം എസ്.ബി എന്ന മരുന്ന് വിപണിയിൽ ഇറക്കുന്ന "ലെനക്" കമ്പനിയുമായി ഒത്തുചേർന്ന് സാമ്പത്തിക നേട്ടത്തിനുവേണ്ടി അനാവശ്യമായി മരുന്നുകൾ എഴുതുന്നതായും പ്രൊപ്പൊഗാന്റ മെഡിസിൻ നിർദ്ദേശിക്കുന്നതായും വ്യാപകമായി പരാതി ഉയർന്നിരുന്നു. ടി

ഡോക്ടർ ഇപ്പോൾ സസ്പെൻഷനിലാണ്. ടി ഡോക്ടർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരികയാണ്.

ഇത്തരം പരാതികൾ ഉണ്ടാകാതിരിക്കുവാൻ മരുന്നുകൾ കുറിച്ചു നല്കുമ്പോൾ ജനറിക് പേരുകൾ മാത്രം കുറിച്ചു നല്കണമെന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്.

(ഡി) പാലക്കാട് ജില്ലയിലെ കൊപ്പം സി.എച്ച്.സി.-യിലെ അസിസ്റ്റന്റ് സർജനായ ഡോ. പി. ഉബൈദുള്ള, അദ്ദേഹത്തിന്റെ ഭാര്യയും തിരുവേഗപ്പുറം പി.എച്ച്.സി.-യിലെ അസിസ്റ്റന്റ് സർജനുമായ ഡോ. ആശ ജലാൽ എന്നിവർക്കെതിരെ അവർ താമസിക്കുന്ന വസതിയിൽ മരുന്നുകൾ വാങ്ങി സൂക്ഷിച്ചതിനും അവിടെ എത്തുന്ന രോഗികൾക്ക് മരുന്നു നൽകി വില ഈടാക്കിയതിനും നിശ്ചിത യോഗ്യതയില്ലാത്ത ജീവനക്കാരനെ രോഗികൾക്ക് മരുന്ന് നൽകുന്നതിന് നിയോഗിച്ചതിനും ഡ്രഗ്സ് കൺട്രോൾ നിയമങ്ങൾ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലാ ആശുപത്രിയിലെ നേത്രരോഗ വിദഗ്ധനായ ഡോ. എ. രോഹൻ ത്വക്ക് രോഗ വിദഗ്ധയായ ഭാര്യ ഡോ. തുലിക രോഹന്റെ പേരിൽ കണ്ണടക്കടയും ലൈസൻസില്ലാതെ മെഡിക്കൽ സ്റ്റോറും നടത്തുന്നത് കണ്ടെത്തുകയുണ്ടായി. ഇപ്രകാരം കണ്ണടക്കടയും മെഡിക്കൽ സ്റ്റോറും നടത്തുന്നത് ഒഴിവാക്കാൻ ഡോ. രോഹന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഇ) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(എഫ്) ആരോഗ്യ വകുപ്പ്തലത്തിൽ ഇത്തരം പരാതികൾ ലഭിച്ചാൽ ആരോഗ്യ വകുപ്പിന്റെ സംസ്ഥാന വിജിലൻസ് വിഭാഗവും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലും അന്വേഷണം നടത്തുകയും നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്.

**സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങൾ**

**77 (2628)** <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഭക്ഷ്യവസ്തുക്കളിലെ വിഷാംശം കാരണം രോഗബാധയുണ്ടാകുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറി, മാംസം എന്നിവ

പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭക്ഷ്യവസ്തുക്കളിലെ വിഷാംശവും പലതരത്തിലുള്ള രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പച്ചക്കറികളിലുള്ള കീടനാശിനികൾ പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല. എന്നാൽ കടകമ്പോളങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാംസം പരിശോധിക്കുന്നതിനുള്ള സംവിധാനം ഭക്ഷ്യസുരക്ഷാ ലാബുകളിലില്ല.

**ആശ്രിതനിയമന പദ്ധതിപ്രകാരം രാഗേഷ് സി. ആർ സമർപ്പിച്ച അപേക്ഷ**

**78 (2629)** <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് രാഗേഷ് സി.ആർ. സമർപ്പിച്ച അപേക്ഷയിന്മേൽ, G.O(MS) No.251/2013/H&FWD പ്രകാരം തൃശ്ശൂർ ജില്ലയിൽ നിയമനം നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നുവോ ;

(ബി) ഇതുവരെയും രാഗേഷിന് നിയമനം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇദ്ദേഹത്തിന് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇദ്ദേഹത്തിന് നിയമനം നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. രാഗേഷ് സി.ആർ.-ന് ആരോഗ്യ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ എൽ.ഡി. ക്ലാർക്ക് ആയി നിയമനം നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻഗണനാക്രമം പാലിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ

ടിയാന് പ്രത്യേക നിയമന ഉത്തരവ് നൽകുന്നതാണ്.

(സി) ആശ്രിത നിയമന പദ്ധതി പ്രകാരം മുൻഗണനാക്രമം അനുസരിച്ച് മാത്രമേ നിയമനം നൽകുവാൻ കഴിയുകയുള്ളൂ.

(ഡി) ഇദ്ദേഹത്തിന് സീനിയോറിറ്റി ക്രമമനുസരിച്ച് നിയമനം നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ

**79 (2630)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവ് വിവരങ്ങൾ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

**താലൂക്കാശുപത്രി, പയ്യന്നൂർ**

1. ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) - 1
2. ജൂനിയർ കൺസൾട്ടന്റ് (ഒ & ജി) - 2
3. കൺസൾട്ടന്റ് (ഒ & ജി) - 1
4. കൺസൾട്ടന്റ് (അനസ്തേഷ്യ) - 1
5. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - 1
6. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 3

7. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 - 1

8. സ്റ്റാഫ് നേഴ്സ് - 3

9. പാർട്ട് ടൈം സ്വീപ്പർ - 1

**താലൂക്കാശുപത്രി, പെരിങ്ങോം**

1. ജൂനിയർ കൺസൾട്ടന്റ് (ഒ & ജി) - 1

2. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്) - 1

3. സിവിൽ സർജൻ - 1

4. അസിസ്റ്റന്റ് സർജൻ - 4

5. സ്റ്റാഫ് നേഴ്സ് - 2

6. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 - 3

7. പാർട്ട് ടൈം സ്വീപ്പർ - 4

**പ്രാഥമികാരോഗ്യ കേന്ദ്രം. പുളിങ്ങോം**

1. അസിസ്റ്റന്റ് സർജൻ - 1

2. സ്റ്റാഫ് നഴ്സ് - 1

3. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 - 1

**പ്രാഥമികാരോഗ്യ കേന്ദ്രം, കാങ്കോൽ, ആലപ്പടമ്പ**

1.അസിസ്റ്റന്റ് സർജൻ - 2

**സാമൂഹികാരോഗ്യ കേന്ദ്രം, കരിവള്ളൂർ**

1. സ്റ്റാഫ് നേഴ്സ് - 1

**പ്രാഥമികാരോഗ്യ കേന്ദ്രം, രാമന്തളി**

1. സ്റ്റാഫ് നേഴ്സ് - 1

482/16 (ബി) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യുടെ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് അവ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ

നിയമനം വഴി ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്താൻ കഴിയും. സ്റ്റാഫ് നേഴ്സ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2, പാർട്ട്ടൈം സ്വീപ്പർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഞാറയ്ക്കൽ ആശുപത്രി

**80 (2631)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാരുടെ അഭാവം മൂലം ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിലെ കിടത്തി ചികിത്സ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗുരുതരമായ ഈ സ്ഥിതി വിശേഷം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; ഡോക്ടർമാരുടെ എത്ര തസ്തികകളാണ് ഞാറയ്ക്കൽ ആശുപത്രി യിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഞാറയ്ക്കൽ ആശുപത്രിയിൽ ഇപ്പോൾ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാറയ്ക്കൽ ആശുപത്രിയിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ -5 എന്നിങ്ങനെ ഡോക്ടർമാരുടെ 6 തസ്തികകളാണ് നിലവിലുള്ളത്. അതിൽ സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. നിലവിലുള്ള അസിസ്റ്റന്റ് സർജന്മാരിൽ 4 പേർ അവധിയിലാണ്. ഈ സാഹചര്യത്തിൽ എറണാകുളം ജനറൽ ആശുപത്രിയിൽനിന്നും അയ്യമ്പിള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും ഓരോ അസിസ്റ്റന്റ് സർജന്മാരെ ടി ആശുപത്രിയിൽ നിയമിച്ചിരുന്നു. എന്നാൽ അയ്യമ്പിള്ളി പി.എച്ച്.സി.-യിലെ അസിസ്റ്റന്റ് സർജനെ ശബരിമല ഡ്യൂട്ടിക്ക് നിയമിച്ചിരുന്നതിനാൽ ഈ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് 24X7 സേവനം താൽക്കാലികമായി നിർത്തിവച്ചത്. എന്നാൽ പ്രസ്തുത സേവനം 3-12-2014 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ ഒരു സിവിൽ സർജനെ അഡ്ഹോക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേന 3 ഡോക്ടർമാരേയും നിയമിച്ചിട്ടുണ്ട്.

(ബി) 6 ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണ്.

## ഇംഹാൻസിലെ സ്റ്റാഫ് പാറ്റേൺ

**81 (2632)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഇംഹാൻസിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഇംഹാൻസിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്തുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഏതൊക്കെ കോഴ്സുകളാണ് ഇംഹാൻസിൽ ഇപ്പോൾ നടന്നുവരുന്നതെന്നും ഇനിയും ഏതൊക്കെ കോഴ്സുകൾ ആരംഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇംഹാൻസിലെ സ്റ്റാഫ് പാറ്റേൺ താഴെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | ഡയറക്ടർ | 1 |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 3. | അക്കൗണ്ടന്റ്/യു.ഡി. സി | 1 |
| 4. | ക്ലാർക്ക്-കം-കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 |
| 5. | സൂപ്പർവൈസർ-കം-ബൈന്റർ | 1 |
| 6. | പ്യൂൺ | 1 |
| 7. | സ്വീപ്പർ | 1 |

ഇതുകൂടാതെ മികവിന്റെ കേന്ദ്രം പദവിയുടെ ഭാഗമായി പോസ്റ്റ് ഗ്രാജ്യൂവേറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് :

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്രി | 2 |
| 2. | അസിസ്റ്റന്റ് പ്രൊഫസർ, ക്ലിനിക്കൽ | |

| | | |
|---|---|---|
| | സൈക്കോളജി | 2 |
| 3. | അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്രിക് സോഷ്യൽ വർക്ക് | 2 |
| 4. | അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്രിക് നഴ്സിഗ് | 1 |
| 5. | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 1 |
| 6. | സൈക്യാട്രിക് സോഷ്യൽ വർക്കർ | 1 |
| 7. | ട്യൂട്ടർ, സൈക്യാട്രിക് നഴ്സിംഗ് | 1 |

(ബി) അക്കൗണ്ടന്റ്/യു.ഡി.സി, ക്ലർക്ക് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ, പ്യൂൺ, ഡ്രൈവർ എന്നീ തസ്തികകളിൽ ഇംഹാൻസിൽ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കൂടാതെ വിവിധ സാമൂഹ്യ മാനസികാരോഗ്യ പദ്ധതികളിലായി സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്പീച്ച് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഫാർമസിസ്റ്റ്, സ്പെഷ്യൽ എജ്യൂക്കേറ്റർ, ക്ലാർക്ക്, അറ്റന്റർ എന്നീ വിഭാഗങ്ങളിലായി 60-ാളം പേർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

(സി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) മികവിന്റെ കേന്ദ്രം പദവി ലഭിച്ച ഇംഹാൻസിൽ ഇപ്പോൾ സൈക്യാട്രിക് സോഷ്യൽ വർക്കിൽ എം.ഫിൽ കോഴ്സ് ആരംഭിച്ചു കഴിഞ്ഞു. ക്ലിനിക്കൽ സൈക്കോളജിയിൽ എം.ഫിൽ, സൈക്യാട്രിക് നേഴ്സിംഗിൽ പോസ്റ്റ് ബേസിക് ഡിപ്ലോമ എന്നീ കോഴ്സുകൾ അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇംഹാൻസിന് മികവിന്റെ കേന്ദ്രം പദവി**

**82 (2633)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ ഇംഹാൻസിന് മികവിന്റെ കേന്ദ്രം പദവി

നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മികവിന്റെ കേന്ദ്രം പദവിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇംഹാൻസിൽ നടപ്പാക്കുന്നത് എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രസർക്കാർ ഇംഹാൻസിന് നൽകിയ ഫണ്ടുകൾ ഏതെങ്കിലും സറണ്ടർ ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 11-ാം പദ്ധതിയിൽ കേന്ദ്ര ഗവണ്മെന്റിന്റെ ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ഇന്ത്യയിൽ 11 സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി (Centre of Excellence) വികസിപ്പിക്കാൻ കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ചതിനെ തുടർന്ന് സംസ്ഥാന സർക്കാരിന്റെ ശിപാർശയെത്തുടർന്ന് 2009 വർഷത്തെ F.No. T-21013/15/09-NCD (Pt) dated 4-9-2009 ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ ഇംഹാൻസിനെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മാനസികാരോഗ്യ രംഗത്ത് മനുഷ്യ വിഭവശേഷി വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഇംഹാൻസിനുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. 7500 ച.മീ. വലിപ്പമുള്ള കെട്ടിടമാണ് നിർമ്മാണം പൂർത്തിയായിരിക്കുന്നത്. പൂർണ്ണമായും പ്രവർത്തന ക്ഷമമാകുമ്പോൾ ഇവിടെ 75 കിടക്കകളുള്ള കിടത്തി ചികിത്സ സൗകര്യവും ഒ.പി. ചികിത്സാ സൗകര്യവും കുട്ടികൾക്കുള്ള 5 വലിയ ക്ലാസ്സ് റൂമുകൾ, സെമിനാർ ഹാൾ, വിപുലമായ ലൈബ്രറി സൗകര്യം, ലബോറട്ടറി എന്നിവ സജ്ജമാക്കുന്നതാണ്. മികവിന്റെ കേന്ദ്രമാകുന്നതിന്റെ ഭാഗമായി സൈക്യാട്രി, ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രിക് സോഷ്യൽ വർക്ക്, സൈക്യാട്രിക് നേഴ്സിംഗ് എന്നിവയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി കഴിഞ്ഞു. സൈക്യാട്രിക് സോഷ്യൽ വർക്കിൽ എം.ഫിൽ കോഴ്സ് ഈ വർഷം ആരംഭിച്ചു കഴിഞ്ഞു.

(സി) കേന്ദ്ര സർക്കാർ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഇംഹാൻസിനെ ഉൾപ്പെടുത്തുകയും 30 കോടി രൂപ ഗ്രാന്റായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയിൽ 27 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനും 3 കോടി രൂപ ശമ്പളത്തിനുമാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) കേന്ദ്ര സർക്കാർ ഇംഹാൻസിന് നൽകിയ ഫണ്ടിൽനിന്നും 8,47,50,628 (എട്ടു കോടി നാല്പത്തിയേഴ് ലക്ഷത്തി അമ്പതിനായിരത്തി അറുന്നൂറ്റി ഇരുപത്തിയെട്ട്) രൂപ ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്.

(ഇ) 2010-11 സാമ്പത്തിക വർഷത്തിൽ 20.84 കോടി രൂപ ഗ്രാന്റായി കേന്ദ്ര സർക്കാർ ഇംഹാൻസിന് നല്കിയിരുന്നു. ഇതിൽ 12,90,79,816 രൂപ വിവിധ പ്രവർത്തനങ്ങൾക്കായി ഇംഹാൻസ് ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച ഗ്രാന്റുകളുമായി ബന്ധപ്പെട്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമായും സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ടി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ കൃത്യമായി സമർപ്പിക്കേണ്ടതാണെന്നും ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കണമെന്നുമുള്ള പൊതു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്ന തിനായി പലിശയുൾപ്പെടെ 8,47,50,628 രൂപ ഇംഹാൻസ് സംസ്ഥാന ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റിയിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിലെ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും

**83 (2634)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും പി.എച്ച്.സി.-കളിലും നിലവിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര തസ്തികകളുണ്ടെന്ന് ആശുപത്രി, തസ്തിക തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ ഓരോ ആശുപത്രികളിലും എത്ര ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫും നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും പി.എച്ച്.സി.-കളിലും അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകളുടെ വിവരവും അവയിൽ നിലവിലുള്ളവരുടെ വിവരവും അനുബന്ധമായി

ചേർത്തിരിക്കുന്നു.*

## ട്രൈക്കോൾസാൻ ക്യാൻസർ രോഗത്തിനു കാരണമാകുന്നത് സംബന്ധിച്ച പഠനം

**84 (2635)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോപ്പ്, ടൂത്ത്പേസ്റ്റ്, ഷാംപു എന്നിവയിൽ ബാക്ടീരിയ, ഫംഗസ് ബാധയെ പ്രതിരോധിക്കുന്നതിന് ഉപയോഗിക്കുന്ന ട്രൈക്കോൾസാൻ എന്ന പദാർത്ഥം മനുഷ്യരിൽ ക്യാൻസർ രോഗത്തിന് കാരണമാകുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തെക്കുറിച്ച് പഠനം നടത്തുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സോപ്പ്, ടൂത്ത് പേസ്റ്റ്, ഷാംപൂ എന്നിവയിൽ ബാക്ടീരിയ, ഫംഗസ് ബാധയെ പ്രതിരോധിക്കുന്നതിന് ഉപയോഗിക്കുന്ന ട്രൈക്കോൾസാൻ എന്ന പദാർത്ഥം മനുഷ്യരിൽ ആരോഗ്യ പ്രശ്നങ്ങൾ ഉളവാക്കുന്നുണ്ടോ എന്നുള്ളതിനെ കുറിച്ച് ആഗോളതലത്തിൽ പഠനങ്ങൾ നടന്നുവരികയാണ്.

## കുറവിലങ്ങാട് താലൂക്ക് ആശുപത്രി

**85 (2636)** ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതു സംബന്ധിച്ച് കോട്ടയം ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) സ്റ്റാഫ് പാറ്റേൺ പുതുക്കുന്നത് സംബന്ധിച്ച് DHS-ൽ നിന്നും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലേക്ക് ഉടനടി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ സർക്കാർ 25/04/13-ലെ 13344/എം1/2013/ ആകുവ എന്ന കത്തിലൂടെ അത്യാവശ്യം വേണ്ട തസ്തികകൾ മാത്രം ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നടപടി സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിലെ അർബുദ വിഭാഗത്തിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി

**86 (2637)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അർബുദ വിഭാഗത്തിൽ ഈ വർഷം പുതുതായി എത്ര രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ അർബുദ വിഭാഗത്തിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) രോഗികളുടെ വർദ്ധനവ് പരിഗണിച്ച് അർബുദ വിഭാഗത്തിൽ ഡോക്ടർ മാരുടെയും നഴ്സുമാരുടെയും എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 4500 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 7 ഡോക്ടർമാർ സ്ഥിരം തസ്തികയിലും 2 പേർ താത്കാലികാടി സ്ഥാനത്തിലും ജോലി ചെയ്യുന്നു.

(സി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ

**87 (2638)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് തെങ്ങിലക്കടവിൽ ഒരു ക്യാൻസർ സെന്റർ

സ്ഥാപിക്കുന്നതിനായി വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും കെട്ടിടവും ഉപയോഗ പ്പെടുത്തുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തി രുന്നുവോ ;

(ബി) യോഗത്തിലെ ഇതു സംബന്ധിച്ച തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; മിനിറ്റ്സ് ലഭ്യമാക്കാമോ ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) യോഗം വിളിച്ചുചേർത്തിരുന്നു. ഈ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിനെ ഏൽപ്പിക്കുവാനും അതിനാൽ MCC യുമായുള്ള lease റദ്ദാക്കുവാനും തീരുമാനിച്ചു. Lease റദ്ദാക്കുന്ന മുറയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ്, ഇപ്പോഴുള്ള കെട്ടിടത്തിൽ ഒരു എക്സ്റ്റൻഷൻ സെന്ററായി പ്രവർത്തിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. Infrastructure, Post creation എന്നിവയടക്കമുള്ള വിശദമായ പ്രൊപ്പോസൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത നിർദ്ദേശം പരിശോധിച്ച് നടപടിയെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**അന്ധതാനിവാരണ പ്രവർത്തനങ്ങൾ**

**88 (2639)** <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധതാ നിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലാ അന്ധതാ നിവാരണ സമിതിക്ക് അനുവദിച്ച ഫണ്ടിൽ 2013 -ൽ എത്ര ശതമാനം വിനിയോഗിച്ചു ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) സഞ്ചരിക്കുന്ന കണ്ണാശുപത്രികൾക്ക് വാഹനം വാങ്ങിനൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ ആയുർവ്വേദ ആശുപത്രികളിൽ എത്ര optometrist (ഓപ്റ്റോമെട്രിസ്റ്റ്) മാരുണ്ട് ; രോഗികളുടെ തിരക്ക് കണക്കിലെടുത്ത് കൂടുതൽ optometrist മാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?



<u>ഉത്തരം</u>

(എ) അന്ധതാനിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലാ അന്ധതാനിവാരണ സമിതിക്ക് അനുവദിച്ച ഫണ്ടിൽ 2013-ൽ 91% (തൊണ്ണൂറ്റിയൊന്ന് ശതമാനം) വിനിയോഗിച്ചു.

ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ലയുടെ പേര് | 2013-ൽ ലഭിച്ച തുക | വിനിയോഗിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3101648 | 1478857 | 48 |
| 2 | കൊല്ലം | 3923257 | 3885333 | 99 |
| 3 | പത്തനംതിട്ട | 2073262 | 2011255 | 97 |
| 4 | ആലപ്പുഴ | 1086640 | 954482 | 88 |
| 5 | കോട്ടയം | 6186896 | 6138622 | 99 |
| 6 | ഇടുക്കി | 708537 | 669140 | 94 |
| 7 | എറണാകുളം | 1732435 | 1684042 | 97 |
| 8 | തൃശ്ശൂർ | 2214848 | 2162225 | 98 |
| 9 | പാലക്കാട് | 5088654 | 4907214 | 96 |
| 10 | മലപ്പുറം | 2070519 | 2031419 | 98 |
| 11 | കോഴിക്കോട് | 2357529 | 2232381 | 95 |
| 12 | വയനാട് | 1089111 | 8,05,780 | 74 |
| 13 | കണ്ണൂർ | 1340203 | 1127716 | 84 |
| 14 | കാസർഗോഡ് | 1381059 | 1032372 | 75 |

(ബി) നിലവിൽ സഞ്ചരിക്കുന്ന കണ്ണാശുപത്രി പതിനാല് ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനാവശ്യമായ ഫണ്ട് ഒന്നും തന്നെ നിലവിൽ ലഭ്യമല്ല.

(സി) ഭാരതീയ ചികിത്സാ വകുപ്പിൽ നടപ്പാക്കിയ ദൃഷ്ടി പ്രോജക്ടിന്റെ

പ്രവർത്തനത്തിനായി 3 ഓപ്റ്റോമെട്രിസ്റ്റുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടുതൽ തിരക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന് പ്രാതിനിധ്യം

**89 (2640)** ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും റഗുലേഷനും) ആക്റ്റ് 2010-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബന്ധപ്പെട്ട നിയമം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കേന്ദ്ര നിയമപ്രകാരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രതിനിധിക്ക് അംഗത്വം നിഷ്കർഷിച്ചിട്ടുണ്ടോ ;

(സി) നിർദ്ദിഷ്ട സംസ്ഥാന നിയമത്തിനായുള്ള ബില്ലിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രാതിനിധ്യം ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ കൂട്ടിച്ചേർക്കുമോ ?

ഉത്തരം

(എ) 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ആരോഗ്യരംഗത്തെ പ്രമുഖ സംഘടനകളുമായി ചർച്ച ചെയ്തിട്ടാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. ബിൽ കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ യാതൊരുവിധ കൂട്ടിച്ചേർക്കലുകൾക്കും നിർവ്വാഹമില്ല.

## ആശുപത്രികളിലെ ഓപ്പറേഷൻ തിയറ്ററുകൾ

**90 (2641)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലെ ഓപ്പറേഷൻ തീയറ്ററുകളിൽ ഉപയോഗിക്കുന്ന ശസ്ത്രക്രിയാ ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും പൂർണ്ണമായും അണുവിമുക്ത മാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ആശുപത്രികളിലും ഓപ്പറേഷൻ തീയറ്ററുകളിലും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക സമിതികൾ രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഇതിനായി പ്രത്യേക സമിതികൾ രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ രോഗികൾക്ക് ശസ്ത്രക്രിയാ ഉപകരണങ്ങളിൽനിന്നും മറ്റ് ആശുപത്രി സംവിധാനങ്ങളിൽ നിന്നും അണുബാധ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എല്ലാ ആശുപത്രികളിലും ഓപ്പറേഷൻ തീയേറ്ററുകളിലും അണുവിമുക്തമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ മാർഗ്ഗ നിർദ്ദേശങ്ങളുണ്ട്. അത് പാലിക്കുന്നു എന്ന് ഉറപ്പുവരുത്തു ന്നത് സ്ഥാപനമേധാവികളാണ്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ, കെ.എ. എസ്.എച്ച് അക്രഡിറ്റേഷൻ എന്നിവയുടെ ഭാഗമായും ഇത്തരം കാര്യങ്ങൾ ശുഷ്കാന്തിയോടെ ഉറപ്പുവരുത്തുന്നു. ആശുപത്രി മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുകയും സ്റ്റാഫിനും മറ്റും ഇത് സംബന്ധിച്ച് ട്രെയിനിംഗുകളും കൃത്യമായ സൂപ്പർവിഷനും നടത്തുകയും ചെയ്തുവരുന്നു.

(ബി) ഉണ്ട്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ, കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ എന്നിവയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ആശുപത്രികളിലും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(സി) എല്ലാ ആശുപത്രികളിലും ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർ മാർക്കും സ്ഥാപന മേധാവികൾക്കും ഗവണ്മെന്റ് ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന IMEP (ഇൻഫക്ഷൻ മാനേജ്മെന്റ് ആന്റ് എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ) അനുസരിച്ചുള്ള പരിശീലനങ്ങൾ റീജണൽ ലെവലിൽ നല്കിയിട്ടുണ്ട്. NABH, KASH അക്രഡിറ്റേഷൻ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ജീവനക്കാർക്ക് പരിശീലനം നല്കിയിട്ടുണ്ട്. ഇതുകൂടാതെ സ്ഥാപന മേധാവികൾ ആശുപത്രികളിൽ അണു വിമുക്തമാക്കിയ ശസ്ത്രക്രിയാ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നു. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനായി ആരോഗ്യവകുപ്പിൽ നിലവിൽ നിയമമൊന്നുമില്ല. ആയതിനാൽ സ്വകാര്യ ആശുപത്രികൾ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ അണുവിമുക്തമാക്കണമെന്ന നിർദ്ദേശം നല്കിയിട്ടില്ല.

**രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറി**

**91 (2642)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധരോഗങ്ങളുടെ നിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറി സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആധുനിക നിലവാരത്തോടെയുള്ള ഒരു ലബോറട്ടറി സൗകര്യം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ വിവിധ ആശുപത്രികളോട് അനുബന്ധമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ കൂടാതെ ആരോഗ്യവകുപ്പിന്റെ കീഴിൽ ആറ് പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം; റീജിയണൽ പി.എച്ച്. ലബോറട്ടറികൾ എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലുമായി പ്രവർത്തിക്കുന്നു. വിദഗ്ധ പരിശോധന ആവശ്യമായി വരുമ്പോൾ ആരോഗ്യ വകുപ്പിന്റെ ലബോറട്ടറികൾക്കു പുറമെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ ലബോറട്ടറികളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേലധികാരിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (പൂന)യുടെ ആലപ്പുഴ ജില്ലയിലെ ബ്രാഞ്ച് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി തിരുവനന്തപുരം, മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (കെ.എം.സി. മണിപ്പാൽ) നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ലബോറട്ടറി (എൻ.സി.ഡി.സി) ഡൽഹി തുടങ്ങിയവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു.

(ബി) നിലവിൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം സംസ്ഥാനത്ത് ആധുനിക നിലവാരത്തോടെയുള്ള ലബോറട്ടറി കളിൽ ഒന്നാണ്.

(സി) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബിൽ ഒമ്പത് ടെക്നിക്കൽ സെക്ഷനുകളും ഒരു അക്കാഡമിക് സെക്ഷനും കൂടാതെ ഒരു ഐ.സി.റ്റി.സി. സെക്ഷനും പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്കാവശ്യമായ ഏകദേശം എല്ലാവിധ പരിശോധനകളും ഇവിടെ ചെയ്യുന്നുണ്ട്.

എല്ലാവിധ ഹെമറ്റോളജി, ക്ലിനിക്കൽ പാത്തോളജി, ബയോകെമിസ്ട്രി, സിറോളജി, ബാക്ടീരിയോളജി, സൈറ്റോളജി ടെസ്റ്റുകൾ സ്ഥിരമായി ചെയ്യുകയും റിസൾട്ട് നല്കുകയും ചെയ്യുന്നു. സെൻട്രൽ മലേറിയ ലാബിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള മലേറിയ സ്ലൈഡുകൾ കൺഫർമേഷനും ക്രോസ് ചെക്കിംഗും നടത്തി റിപ്പോർട്ട് നൽകിവരുന്നു. റേഡിയോ ഇമ്മ്യൂണോ അസൈ സെക്ഷനിൽ തൈറോയ്ഡ് ഫങ്ഷൻ ടെസ്റ്റുകൾ നടത്തി റിസൾട്ട് നല്കാറുണ്ട്.

കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആദ്യത്തെ മോളിക്കുലാർ ഡയഗ്നോസിസ് (പി.സി.ആർ) വിഭാഗം 2014 ഏപ്രിൽ മുതൽ ഈ സ്ഥാപനത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. സാധാരണ ലബോറട്ടറി ടെസ്റ്റുകൾ മുഖാന്തരം രോഗ നിർണ്ണയം ബുദ്ധിമുട്ടാകുന്ന അവസരങ്ങളിലാണ് പി.സി.ആർ ടെസ്റ്റുകളെ അവലംബിക്കുന്നത്. ചില പ്രത്യേകതരം വൈറൽ രോഗങ്ങൾ, ചില പ്രത്യേകതരം ടി.ബി., ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി എന്നീ രോഗങ്ങളുടെ ചികിത്സ ഫലപ്രദമാകുന്നുണ്ടോ എന്നറിയാനുള്ള ടെസ്റ്റുകൾ പി.സി.ആർ. വഴി ചെയ്യുന്നുണ്ട്.

നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെ അപ്പക്സ് റഫറൽ ലബോറട്ടറി എന്ന നിലയിൽ ഡെങ്കിപ്പനി, ചിക്കൻ ഗുനിയ എന്നീ രോഗങ്ങളുടെ വൈറൽ ടൈപ്പിംഗ് ചെയ്ത് നാഷണൽ വെക്ടർ ബോൺ ഡിസീസ്

കൺട്രോൾ പ്രോഗ്രാമിന് ലഭ്യമാക്കുന്നുണ്ട്.

## പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾ

**92 (2643)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ലോകാരോഗ്യ സംഘടന പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഇതര സംസ്ഥാനങ്ങളുമായി താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) ലോകാരോഗ്യ സംഘടന ആരോഗ്യ വകുപ്പിന് പുതിയ നിർദ്ദേശങ്ങൾ ഒന്നും നല്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

## ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം

**93 (2644)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൽ ഗുണനിലവാരം കുറഞ്ഞതാണെന്നും വൃത്തിഹീനമായ അന്തരീക്ഷത്തിൽ തയ്യാറാക്കുന്നവയും ആണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആരോഗ്യ ഭക്ഷ്യ സുരക്ഷാ വകുപ്പുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് റെയിൽവേയുടെ നയപ്രകാരമാണ്. സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന് ഇതു സംബന്ധിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കഴിയുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റെയിൽവേ ഡിവിഷണൽ മാനേജർക്കും ജനറൽ മാനേജർക്കും ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഇതിനകം കത്ത് നൽകിയിട്ടുണ്ട്. യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ട്രെയിനുകളിലും പ്ലാറ്റ് ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ വിലയും, ചേരുവകളും, അളവും, ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രി കാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും, പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട്, വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന സർക്കുലർ റെയിൽവേ ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പക്ഷിപ്പനിയുടെ വ്യാപനം തടയൽ**

**94 (2645)** <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട്ടിൽ പക്ഷിപ്പനി മനുഷ്യരിലേക്ക് പടരുന്നത് തടയാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യപരിശോധനകൾ നിത്യേന നടത്തുന്നുണ്ട്.

രോഗനിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കി.മി. ചുറ്റളവിലും അതിന് പുറത്തുള്ള 9 കി.മി. ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും ചെയ്തുകൊണ്ടിരിക്കുന്നു. സംശയാസ്പദമായ രോഗലക്ഷണങ്ങളുള്ളവരുടെ തൊണ്ടയിലെ സ്രവം പരിശോധനയ്ക്കായി ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേയ്ക്ക് അയ്ക്കുന്നു.

### അട്ടപ്പാടിയിലെ ശിശുമരണം

**95 (2646)** ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. ജമീലാ പ്രകാശം :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിച്ച് ഉണ്ടായിട്ടും ആരോഗ്യ വകുപ്പിന്റെ ഫലപ്രദമായ ഇടപെടൽ ആ മേഖലയിൽ ഉണ്ടാകാതെ പോയതിന്റെ ഉത്തരവാദിത്വം ആർക്കൊക്കെ ആണെന്ന് അന്വേഷണം നടത്തി കണ്ടെത്തി യിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്കിടയിൽ ശിശുമരണം ക്രമാതീതമായി സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ സംസ്ഥാന ആരോഗ്യവകുപ്പ് ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമ

482/16

മാക്കുകയും അധികമായി 28 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെക്കൂടി ദേശീയ ആരോഗ്യമിഷൻ വഴി നിയമിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഗർഭിണികൾക്കും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും അയൺ ഫോളിക് ആസിഡ് വിതരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, കുഞ്ഞുങ്ങൾക്കുള്ള വൈറ്റമിൻ-എ നൽകൽ എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. ഗുരുതരമായ പോഷകാഹാര ക്കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ

സെന്ററുകൾ, സി.എച്ച്.സി. അഗളി, പ്രാഥമികാരോഗ്യ കേന്ദ്രം പുതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചത് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇവിടെ പരിചരണം നൽകിയ കുട്ടികളുടെ തുടർ പരിചരണവും ചെറിയ പോഷക കുറവുള്ള കുട്ടികളുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡ് തലത്തിൽ അംഗൻവാടികളുമായി ചേർന്ന് ആരോഗ്യപ്രവർത്തകർ ചെയ്തുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ഗുരുതര പോഷണ കുറവുള്ള കുട്ടികൾ 299 ആയിരുന്നത് 62 (3-12-2014-ന്) ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 31 ശിശുമരണങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടായിട്ടുള്ളത്. ഈ വർഷം ഇതുവരെ 13 (3-12-2014 വരെ) മരണങ്ങളാണ് നടന്നിട്ടുള്ളത്.

അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളിലേക്കായി ഡോക്ടർമാർ അടക്കമുള്ള 75 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുക വഴി ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കോട്ടത്തറ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയമിച്ചു. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിക്കൊണ്ട് ഗർഭിണികളുടെ സ്കാനിംഗ് നടത്തിവരുന്നു. അഗളി സി.എച്ച്.സി. ഷോളയൂർ, ആനക്കട്ടി പി.എച്ച്.സി.കളിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ ആകെയുള്ള 43 തസ്തികകളിൽ താൽക്കാലി കമായി നിയമിച്ചവരടക്കം 43 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

എൻ.ആർ.എച്ച്.എം. -ന്റെ ഭാഗമായുള്ള അട്ടപ്പാടി ആരോഗ്യപാക്കേജ് വഴി ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, നവ ജാത ശിശു പരിചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി.

അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യ വിവരങ്ങൾ മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർ വൽകൃത പദ്ധതി നടന്നുവരുന്നു.

അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ക്രമീകരിച്ചിട്ടുണ്ട്.

(ബി) അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്കിടയിൽ ശിശുമരണം ക്രമാതീതമായി സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ സംസ്ഥാന ആരോഗ്യ വകുപ്പ് ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

**ഡോക്ടർമാരുടെ ശമ്പളകുടിശ്ശിക**

**96 (2647)** ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. ആയുഷ് പദ്ധതി പ്രകാരം ജോലി നോക്കിവരുന്ന ഡോക്ടർമാരുടെ ശമ്പള കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കാമോ ;

(ബി) എൻ.ആർ.എച്ച്.എം., ആയുർവേദ, ഹോമിയോ, സിദ്ധ ഡോക്ടർമാരുടെ ശമ്പളം വെട്ടിക്കുറച്ച നടപടി ഒഴിവാക്കി പഴയ നിരക്കിൽ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ശമ്പളകുടിശ്ശിക നൽകുന്നതിനാവശ്യമായ കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിലേക്കായുള്ള ഒരു പ്രൊപ്പോസൽ 2014-15 ലേക്കുള്ള നാഷണൽ ആയുഷ് മിഷൻ (NAM)-ന്റെ State Annual Action Plan (SAAP)-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമായാലുടൻ ഡോക്ടർമാരുടെ ശമ്പള കുടിശ്ശിക നൽകുന്നതാണ്.

(ബി) കേന്ദ്രസർക്കാരിൽ നിന്നും 2014-15 ലേക്കുള്ള എൻ.എച്ച്.എം. സപ്ലിമെന്ററി PIP (Programme Implementation Plan) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ വെട്ടിച്ചുരുക്കിയ ശമ്പളം പുനഃസ്ഥാപിക്കുന്നതാണ്.

**മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർക്കുന്നത് തടയാൻ നടപടി**

**97 (2648)** ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന മത്സ്യങ്ങളിൽ ഏറിയഭാഗവും ആരോഗ്യത്തിന് ഹാനികരമാകുന്ന രാസപദാർത്ഥങ്ങൾ ചേർത്തതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യങ്ങളിൽ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംസ്ഥാനത്ത് എന്ത് സംവിധാനമാണ് നിലവിലുള്ളത് ;

(സി) മത്സ്യ മാർക്കറ്റുകളിൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിൽ ഫോർമാലിൻ കലർത്താറുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ വിപണികളിൽനിന്ന് ശേഖരിക്കുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ പരിശോധിക്കുവാൻ സംവിധാനമുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന Central Institute of Fisheries Technology (CIFT)-ലും ഈ പരിശോധനാ സംവിധാനം ലഭ്യമാണ്. ടി സംവിധാനവും ആവശ്യാനുസരണം ഭക്ഷ്യസുരക്ഷാ വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) മത്സ്യ മാർക്കറ്റുകൾ ഉൾപ്പെടെ പരിശോധന നടത്തുന്നതിന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

**എൻഡോസൾഫാൻ ഇരകൾ**

**98 (T2649)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിച്ച എല്ലാവിധ ആനുകൂല്യങ്ങളും നൽകാൻ എൻഡോസൾഫാൻ ഇരകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) എൻഡോസൾഫാൻ ഇരകളെക്കാൾ ദുരിതമനുഭവിക്കുന്നവരും ക്യാമ്പുകളിൽ പങ്കെടുത്തിട്ടും തീരുമാനം വരാത്തതുകൊണ്ട് ഇതുവരെ ഒരു

ആനുകൂല്യവും ലഭിക്കാത്തവരുമായവരെ പരിഗണിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ;

(സി) എൻഡോസൾഫാൻ ലിസ്റ്റിൽ ഉള്ളതും പഞ്ചായത്തുകൾക്ക് പുറത്ത് താമസിക്കുന്നതുമായ ദുരിതബാധിതർക്ക് എൻഡോസൾഫാൻ ഇരകൾക്കുള്ള ആനുകൂല്യം നൽകാൻ ആലോചനയുണ്ടോ ; എങ്കിൽ അതിനുള്ള മാനദണ്ഡം അടിയന്തരമായി നിശ്ചയിക്കാൻ നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) (1) നിലവിൽ എൻഡോസൾഫാൻ ദുരിത ബാധിതരായവരെ നിർവ്വചിക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പരിഗണിച്ചാണ് :

1. രോഗം എൻഡോസൾഫാൻ കൊണ്ടുണ്ടാകുന്നതായിരിക്കണം. ഇതിനായി ലഭ്യമായ ശാസ്ത്രീയപഠനങ്ങളെ ആശ്രയിക്കുന്നു.

2. രോഗികൾ എൻഡോസൾഫാൻ ആകാശമാർഗ്ഗേന തളിച്ച കാലയളവിൽ പ്രസ്തുത പ്രദേശങ്ങളിൽ താമസിച്ചിരുന്നവരോ അവരുടെ കുട്ടികളോ (ചില രോഗാവസ്ഥകളിൽ മാത്രം) ആയിരിക്കണം.

മേൽ പരാമർശിച്ച രണ്ടു കാര്യങ്ങൾ ഉണ്ടെങ്കിലും രോഗിയുടെ അസുഖത്തിന് കാരണം മറ്റെന്തെങ്കിലും ആണെന്ന് മെഡിക്കൽ റിപ്പോർട്ടുകളിൽ നിന്നോ ഫീൽഡ് പരിശോധനയിൽ നിന്നോ വ്യക്തമാകുന്നുവെങ്കിൽ അത്തരം ആളുകളെ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ നിർവ്വാഹമില്ല.

(II) എൻഡോസൾഫാൻ ദുരിതബാധിതരായവരെ നിലവിൽ കണ്ടെത്തുന്ന രീതി.

മൂന്ന് ഘട്ടങ്ങളായുള്ള പരിശോധനാ സംവിധാനങ്ങൾ ഇക്കാര്യത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഘട്ടം I : ഫസ്റ്റ് ലവൽ സ്ക്രീനിംഗ്</u>

എൻഡോസൾഫാൻ ദുരിതബാധിതർ/ബാധിതരായെന്ന് സ്വയം വിശ്വസിക്കപ്പെടുന്ന ആർക്കും തന്നെ പ്രാഥമിക പരിശോധനയ്ക്കായി അടുത്തുള്ള പി.എച്ച്.സി./ സി.എച്ച്.സി. മെഡിക്കൽ ആഫീസറെ സമീപിക്കാവുന്നതാണ്. പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ രോഗിയെ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെങ്കിൽ ഇതിനായുള്ള റിപ്പോർട്ട് നിർദ്ദിഷ്ട പ്രൊഫോർമയിൽ മെഡിക്കൽ ആഫീസർ തയ്യാറാക്കുകയും അതാത്

ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് അയച്ച നൽകുകയും ചെയ്യുന്നു.

ഘട്ടം 2 : സെക്കൻറ് ലെവൽ സ്ക്രീനിംഗ് ആൻറ് ക്ലാസിഫിക്കേഷൻ

ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ടീം ജില്ലാതലത്തിൽ ലഭ്യമായ റിപ്പോർട്ടുകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ട അർഹരായവരുടെ പട്ടിക സ്പെഷ്യാലിറ്റി അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്യുന്നു.

ഘട്ടം 3 : സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് & ഫീൽഡ് വെരിഫിക്കേഷൻ

സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ സ്ലിപ്പുകൾ രോഗികൾക്ക് മുൻകൂട്ടി വിതരണം ചെയ്യുകയും അത് പ്രകാരം ക്യാമ്പിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ക്യാമ്പിൽ നിന്നുള്ള പരിശോധനാ റിപ്പോർട്ടിന്റെയും തുടർന്നുള്ള ഫീൽഡ്തല അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നത്. മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തുന്നത് എൻഡോസൾഫാൻ കൊണ്ടുണ്ടാകാവുന്ന രോഗമാണോ എന്നുള്ള കാര്യമാണ്. തുടർന്നുള്ള ഫീൽഡ്തല വെരിഫിക്കേഷനിൽ എൻഡോസൾഫാൻ ബാധിതരാകാനുള്ള എന്തെങ്കിലും സാഹചര്യം ഉണ്ടോ എന്ന കാര്യം സൂപ്പർവൈസർമാരും ഡോക്ടർമാരും ഉൾപ്പെടെയുള്ള സംഘം പരിശോധിച്ചതിനുശേഷമാണ് റിപ്പോർട്ട് നൽകുന്നത്. ഈ മെഡിക്കൽ ക്യാമ്പിലെ റിപ്പോർട്ടും ഫീൽഡ്തല വെരിഫിക്കേഷൻ റിപ്പോർട്ടും താമസവിവരം സംബന്ധിച്ച റിപ്പോർട്ടും ലഭ്യമായിരിക്കുന്ന മറ്റ് റിപ്പോർട്ടുകളും എല്ലാം പരിശോധിച്ചശേഷം ട്രയാങ്കുലേഷൻ എന്ന പ്രോസസ്സിലൂടെ യാണ് എൻഡോസൾഫാൻ ബാധിതരാണോ എന്ന് തീരുമാനിക്കുന്നത്.

(ബി) അവസാനമായി നടന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരിൽ എൻഡോസൾഫാൻ ദുരിതബാധിതരായി കണക്കാക്കാൻ സാധിക്കാത്തവരും ഗുരുതരമായ രോഗാവസ്ഥയിലുള്ളവരുമായ 128 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം ആശ്വാസ ധനമായി നൽകുന്നതിനും ദുരിതബാധിതർക്ക് നൽകുന്ന മാതൃകയിൽ എംപാനൽഡ് ചെയ്ത 18 ആശുപത്രികളിൽ സൗജന്യ ചികിത്സ അനുവദിക്കുന്നതിനും സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധി തരായി കണക്കാക്കാൻ സാധിക്കാത്ത 18 വയസ്സിൽ താഴെയുള്ള 932 പേർക്ക് ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകുന്നതിനും സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്.

ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവരും എന്നാൽ പ്രഥമദൃഷ്ട്യാ ദുരിതബാധിതരെന്ന് കണ്ടെത്തിയവരുമായ രോഗികൾക്ക് എംപാനൽഡ് ആശുപത്രി കളിൽ സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനായി കാസർഗോഡ് ജനറൽ ആശുപത്രിയിൽ സജ്ജീകരിച്ച ഡയാലിസിസ് സെന്ററിൽ മറ്റ് രോഗികൾക്കുകൂടി സൗജന്യമായി ഡയാലിസിസ് നൽകി വരുന്നുണ്ട്.

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും പ്രതിമാസ പെൻഷൻ, സൗജന്യ റേഷൻ, ബി.പി.എൽ. റേഷൻ കാർഡ്, എംപാനൽഡ് ചെയ്ത 18 ആശുപത്രികളിൽ സൗജന്യമായി വിദഗ്ദ്ധ ചികിത്സ, ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി തലം വരെ സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തതിൻ പ്രകാരമുള്ള വിഭാഗത്തിൽ ഉൾപ്പെട്ട ദുരിതബാധിതർക്ക് സർക്കാർ ഉത്തരവ് അനുസരിച്ച് നഷ്ടപരിഹാരവും വിതരണം ചെയ്തിട്ടുണ്ട്.

**പഴവർഗ്ഗങ്ങളിലെ കീടനാശിനികളുടെ ഉപയോഗം**

**99 (2650)** ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ച മാങ്ങ കാൽസ്യം കാർബണേറ്റ് ഉപയോഗിച്ച് പഴപ്പിക്കുന്ന പ്രക്രിയ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവ ഫലപ്രദമായി നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കൂടുതലായും മാമ്പഴം എത്തിക്കുന്ന തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി

ഇവിടുത്തെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ചർച്ച നടത്തിയിട്ടുള്ളതും, ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുവാൻ വേണ്ട ഫലപ്രദമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ, സംസ്ഥാനത്തെ വിപണികളിൽ മാമ്പഴത്തിന്റെ സാമ്പിളുകൾ ശേഖരിച്ച്, കാർഷിക സർവ്വകലാ ശാലയുടെ സേവനം കൂടി ഉൾപ്പെടുത്തി പരിശോധിക്കുവാനും, കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് കർശന നടപടി സ്വീകരിക്കുവാനും ഇതിനകം എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

**ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നടപടി**

**100 (T2651)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതു തടയുന്നതിനും മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വില്പന നടത്തുന്നതു തടയുന്നതിനുമായി ഏതെല്ലാം നിയമങ്ങളാണ നിലവിലുള്ളത് ;

(ബി) ഭക്ഷ്യവസ്തുക്കൾ മായം ചേർത്തു വിൽക്കുന്നതു തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെയുള്ള കാലയളവിൽ ഭക്ഷ്യവസ്തുക്കൾ മായം ചേർത്തു വിറ്റതിന് എത്ര കച്ചവടക്കാർക്കെതിരെ കേസ്സെടുത്തുവെന്നും പിഴയിനത്തിൽ എത്ര രൂപ ഈടാക്കിയെന്നുമുള്ളതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2006-ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമവും അനുബന്ധചട്ടങ്ങളുമാണ് നിലവിലുള്ളത്.

(ബി) സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നതും കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം നടപടികളും സ്വീകരിക്കാറുണ്ട്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപ്പന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ ടി സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവന്നിട്ടുള്ളതും തുടർ നടപടികൾ അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

(സി)

| ജില്ല | കേസ്സുകളുടെ എണ്ണം | പിഴ |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 54 | 10,42,000 |
| കൊല്ലം | 27 | 3,18,000 |
| പത്തനംതിട്ട | 9 | 4,09,000 |
| ആലപ്പുഴ | 9 | 1,90,000 |
| കോട്ടയം | 3 | 5,39,500 |
| ഇടുക്കി | 19 | 21,300 |
| എറണാകുളം | 33 | 17,06,500 |
| തൃശ്ശൂർ | 3 | 50,000 |

| (1) | (2) | (3) |
|---|---|---|
| 482/16 മലപ്പുറം | 6 | 3,80,000 |
| പാലക്കാട് | 13 | 3,38,000 |
| കോഴിക്കോട് | 28 | 1,09,700 |
| വയനാട് | 11 | 5,000 |
| കണ്ണൂർ | 29 | 2,38,000 |

| | | |
|---|---|---|
| കാസർഗോഡ് | 5 | 5,68,500 |

## വൈക്കം മണ്ഡലത്തിലെ ക്യാൻസർ സാന്നിധ്യം

101 (2652) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ ക്യാൻസർ പടർന്നു പിടിക്കുന്നതായ മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരോഗ്യവകുപ്പ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയോ വസ്തുതാ പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് എന്തു നടപടികളാണ് വകുപ്പു തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും ഏതേതു പ്രദേശങ്ങളിലാണ് രോഗ വിവരം കൂടുതൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ ഈ മാധ്യമ വാർത്തയെ തുടർന്ന് അന്വേഷണം നടത്തുകയും വിവരശേഖരണം നടത്തുകയും വസ്തുതാപഠനം നടത്തുകയും ചെയ്യുന്നുണ്ട്.

(സി) കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയത് പ്രകാരം ടി.വി.പുരം പഞ്ചായത്തിലാണ് ക്യാൻസർ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ടി പഞ്ചായത്തിൽ നിന്നും ക്യാൻസർ ബാധിതരായ ആൾക്കാരുടെ വിവര ശേഖരണങ്ങൾ നടത്തുകയും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വോളന്റിയർമാർക്കും, ആരോഗ്യ പ്രവർത്തകർക്കും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. വീടു തോറുമുള്ള ആരോഗ്യ സർവ്വേ നടത്തിവരുന്നു. വൈക്കം ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളിലും സർവ്വേ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വൈക്കം എം.എൽ.എ.-യുടെ താൽപ്പര്യ പ്രകാരം എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി വിദഗ്ധരെയും ഉന്നത അധികാരികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല മീറ്റിംഗ് നടത്തുന്നതിനുള്ള

നടപടി സ്വീകരിച്ചുവരുന്നു.

**ആശാവർക്കർമാരുടെ ഓണറേറിയം**

102 (2653) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓണറേറിയം കഴിഞ്ഞ ആറ് മാസക്കാലമായി നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓണറേറിയം പ്രതിമാസം പതിനായിരം രൂപയായി നിശ്ചയിക്കണമെന്ന് ആശാവർക്കേഴ്സ് ഫെഡറേഷൻ ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആശ ഓണറേറിയം 2014-15 മുതൽ പ്രതിമാസം 1000 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ആശ ഓണറേറിയം അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് ആയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ നിർവ്വാഹമില്ല.

**അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന തടയാൻ നടപടി**

103 (2654) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് വിൽപ്പനയ്ക്കായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറി, മാംസം മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിൽ അനുവദനീയമായതിനേക്കാൾ കൂടിയ അളവിൽ വിഷവസ്തുക്കളും കീടനാശിനികളും അടങ്ങിയിട്ടുണ്ടെന്നതും ആയത് ഗുരുതരമായ കാൻസർ, കിഡ്നി രോഗങ്ങൾ

മുതലായവയ്ക്ക് കാരണമാകുന്നുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നുംകൊണ്ട് വരുന്ന മാരകമായ അളവിൽ വിഷം കലർന്ന ഭക്ഷ്യവസ്തുക്കൾ ചെക്ക് പോസ്റ്റുകളിൽ നിന്ന് തന്നെ മടക്കി അയയ്ക്കുന്നതിനും ആയവയുടെ വിൽപ്പന സംസ്ഥാനത്ത് കർശനമായി തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇവയുടെ വിൽപ്പന തടയുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പച്ചക്കറിയിലും പഴങ്ങളിലുമുള്ള കീടനാശിനിയുടെ അളവ് പരിശോധനയിലൂടെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് നിലവിൽ ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധനാഫലം ലഭ്യമാകുന്നതിന് കുറഞ്ഞത് അഞ്ച് മുതൽ ഏഴ് വരെ ദിവസമെങ്കിലും കാലതാമസം നേരിടുന്നുണ്ട്. ടി കാലതാമസം ഒഴിവാക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിൽ ലഭ്യമല്ല. ആയതുകൊണ്ടുതന്നെ സംസ്ഥാനത്ത് വിറ്റഴിക്കുന്നതും സംസ്ഥാനത്തിനു പുറത്തു നിന്നും ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളും പഴങ്ങളും ചെക്ക്പോസ്റ്റിലൂടെ കടന്നുവരുമ്പോൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ നേരത്തെ പരാമർശിച്ച അത്രയും കാലം തന്നെ വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ സൂക്ഷിക്കുന്നത് പ്രായോഗിക മല്ലാത്തതും കൂടാതെ ടി പച്ചക്കറികളും പഴങ്ങളും മുഴുവനായി തന്നെ കേടുവരുവാൻ സാദ്ധ്യതയുമുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരത്തുള്ള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറിയിൽ മാത്രമാണ് കീടനാശിനികളുടെ പരിശോധന നടക്കുന്നത്. ആയതുകൊണ്ടുതന്നെ മറ്റു ജില്ലകളിൽ നിന്നും സാമ്പിളുകൾ ഇവിടെ എത്തിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ വിപണികളിൽ നിന്ന് പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിച്ച്, നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ ആയ ഉൽപ്പന്നങ്ങൾ, വിൽപ്പനയോ വിതരണമോ ഉൽപ്പാദനമോ നടത്തുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ വേണ്ട കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ പ്രാബല്യത്തിലുള്ള 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ ഇത്തരത്തിലുള്ള വിപണനം നടത്തുന്നത് തടയുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്തിന്റെ പദ്ധതികൾ

104 (2655) ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത്, മാനസിക രോഗികൾക്കും ബുദ്ധിവികാസ പ്രശ്നമുള്ള കുട്ടികൾക്കുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ജില്ലാ മാനസികാരോഗ്യ പദ്ധതി, സാമൂഹ്യ മാനസികാരോഗ്യ പദ്ധതി, ചൈൽഡ് ഡവലപ്മെൻറ് സർവ്വീസ്, കമ്മ്യൂണിറ്റി ഡവലെപ്മെൻറ് ഡിസെബിലിറ്റി പ്രോഗ്രാം എന്നീ പദ്ധതികൾക്ക് കീഴിൽ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കിവരുന്നത് ? ഈ പദ്ധതിയുടെ പ്രയോജനം മൊത്തം എത്രപേർക്ക് ഇപ്പോൾ ലഭിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ? ഇതിനായി കഴിഞ്ഞ നാലുവർഷത്തിനിടയിൽ എത്ര വീതം ഫണ്ട് അനുവദിച്ചു നൽകുന്നുണ്ട് ;

(സി) ഫണ്ടിന്റെ അപര്യാപ്തത ഈ പദ്ധതികളുടെ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) മാനസിക രോഗികൾക്കായി ഇംഹാൻസിന്റെ ആഭിമുഖ്യത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കാസർഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ സാമൂഹ്യ മാനസികാരോഗ്യ പദ്ധതിയും വയനാട് ജില്ലയിൽ കേന്ദ്രസർക്കാരിന്റെ ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ജില്ലാ മാനസികാരോഗ്യ പദ്ധതിയും നടപ്പിലാക്കിവരുന്നു. കുട്ടികളിലെ ബുദ്ധിവികാസ-വൈകാരിക പ്രശ്നങ്ങൾക്കുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ് (സി.ഡി.എസ്) മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഇംഹാൻസ് ബിൽഡിംഗിൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളിലെ വൈകാരിക-

മാനസിക പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി അവരുടെ ഏറ്റവും അടുത്തുതന്നെ ചികിത്സ ലഭ്യമാക്കുക, അതിനാവശ്യമായ പരിഹാര തെറാപ്പികൾ നൽകുക എന്നീ ലക്ഷ്യത്തോടുകൂടി കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കമ്മ്യൂണിറ്റി ഡവലപ്മെന്റൽ ഡിസബിലിറ്റി പ്രോഗ്രാമും (സി.ഡി.ഡി.പി) നടപ്പിലാക്കിവരുന്നു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, സ്പെഷ്യൽ ഏജ്യുക്കേറ്റർ എന്നിവരുടെ സേവനം ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് രോഗികൾക്ക് തൊഴിൽ പരിശീലനവും ഒക്കുപ്പേഷണൽ തെറാപ്പിയും നടത്തിവരുന്നു. കുതിരവട്ടത്തുള്ള കേന്ദ്ര പുനരധിവാസ കേന്ദ്രത്തിനു പുറമെ കോഴിക്കോട് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ സാമൂഹ്യാധിഷ്ഠിത പുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കുതിരവട്ടത്തുള്ള പുനരധിവാസ കേന്ദ്രത്തിൽ പുരുഷ-വനിതാ രോഗികളുൾപ്പെടെ 80-100 ഓളം പേർക്ക് തൊഴിൽ പരിശീലനം നൽകിവരുന്നു. ഓരോരുത്തരുടെയും ജോലിക്ക് ആനുപാതികമായി അവർക്ക് പ്രതിഫലവും നൽകിവരുന്നു.

(ബി) <u>സാമൂഹ്യ മാനസികാരോഗ്യ പദ്ധതി കാസർഗോഡ്</u>

വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് നിലവിൽ സാമൂഹ്യ/ജില്ലാ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നത്. മാനസിക രോഗികളെ അവരുടെ ഏറ്റവും അടുത്തുള്ള സാമൂഹ്യ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചെന്ന് പരിശോധിക്കുകയും മരുന്നും മറ്റു സേവനങ്ങളും സൗജന്യമായി നൽകുകയും ചെയ്യുന്നതാണ് പദ്ധതി. മാനസിക രോഗികളോടുള്ള സമൂഹത്തിന്റെ അവഗണന മാറ്റിയെടുക്കുന്നതിന് വേണ്ട പരിശീലന-ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി തുടങ്ങിയതിനുശേഷം ഇതുവരെയുള്ള കാലയളവിൽ ഏകദേശം 15000 ത്തിലധികം പാവപ്പെട്ടവരും നിരാലംബരുമായ രോഗികൾ (കോഴിക്കോട്-3000, മലപ്പുറം-3500, കാസർഗോഡ്-6000, വയനാട്-3300) രജിസ്റ്റർ ചെയ്ത് ചികിത്സ തേടിവരുന്നു. കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ 20 സെന്ററുകൾ വീതവും, മലപ്പുറം ജില്ലയിൽ 42 കേന്ദ്രങ്ങളിലും വയനാട് ജില്ലയിൽ 16 കേന്ദ്രങ്ങളിലും മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തിവരുന്നു.

<u>ചൈൽഡ് ഡവലപ്മെൻറ് സർവ്വീസസ് (സി.ഡി.എസ്)</u>: കുട്ടികളിലെ മാനസിക-വൈകാരിക-ശാരീരിക വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പദ്ധതിയാണിത്. പ്രതിവർഷം ഏകദേശം 6000-ത്തോളം പാവപ്പെട്ട കുട്ടികൾക്ക് സേവനം ലഭ്യമാക്കിവരുന്നു.

<u>കമ്മ്യൂണിറ്റി ഡിസബിലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം (സി.ഡി.ഡി.പി)</u>: കുട്ടികളിലെ മാനസിക-വൈകാരിക-ശാരീരിക വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള മറ്റൊരു പദ്ധതിയാണിത്. സാമൂഹ്യ മാനസികാരോഗ്യ പദ്ധതിപോലെ ഗ്രാമങ്ങളിൽ ചെന്ന് ഇത്തരം രോഗികളെ കണ്ടെത്തുകയും ചികിത്സിക്കുകയും ചെയ്യുന്നു. കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കിവരുന്നു. നാല്യ ജില്ലകളിലായി ഏകദേശം 5000 ത്തിലധികം കുട്ടികൾ ചികിത്സ നേടുന്നുണ്ട്.

കഴിഞ്ഞ നാല്യ വർഷത്തിനിടയിൽ വിവിധ പദ്ധതികൾക്ക് അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

**ജില്ലാ മാനസികാരോഗ്യ പദ്ധതി, വയനാട്**

| വർഷം | അനുവദിച്ച തുക | അനുവദിച്ചത് |
|---|---|---|
| (1) | (2) | (3) |
| 2007-08 | 26,20,000 | എൻ.എം.എച്ച്.പി. (കേന്ദ്ര സർക്കാർ) |
| (1) | (2) | (3) |
| 2008-09 & 2009-10 | NIL | എൻ.എം.എച്ച്.പി. (കേന്ദ്ര സർക്കാർ) |
| 2010-11 | 21,80,000 | |
| 2011-12 | ... | |
| 2012-13 | 46,37,000 | |
| 2013-14 | NIL | |
| 2014-15 | NIL | |

**സാമൂഹ്യ മാനസികാരോഗ്യ പദ്ധതി, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം**

| വർഷം | കാസർഗോഡ് | കോഴിക്കോട് | മലപ്പുറം | അനുവദിച്ചത് |
|---|---|---|---|---|
| | | അനുവദിച്ച തുക | | |
| 2010-11 | 14,00,000 | 18,00,000 | 16,00,000 | എൻ.ആർ. എച്ച്.എം |
| 2011-12 | 20,62,500 | 20,62,500 | 20,62,500 | |
| 2012-13 | 31,15,440 | 31,15,440 | 31,15,440 | |
| 2013-14 | 15,43,000 | 30,86,000 | 15,43,000 | |
| 2014-15 | ... | ... | 7,71,500 *മുൻ വർഷത്തെ ബാക്കി | |

**ചൈൽഡ് ഡവലപ്മെന്റ് സർവ്വീസസ് (സി.ഡി.എസ്)**

| വർഷം | അനുവദിച്ച തുക | അനുവദിച്ചത് |
|---|---|---|
| 2010-11 | 3,40,000 | എൻ.ആർ.എച്ച്.എം |
| 2011-12 | 8,06,500 | " |
| 2012-13 | 10,39,240 | " |
| 2013-14 | 16,83,080 | " |
| 2014-15 | ... | |

കമ്മ്യൂണിറ്റി ഡിസബിലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം (സി.ഡി.ഡി.പി

| വർഷം | അനുവദിച്ച തുക | അനുവദിച്ചത് |
|---|---|---|
| 2012-13 | 22,53,000 | എൻ.ആർ.എച്ച്.എം. |
| 2013-14 | 27,72,400 | " |
| 2014-15 | .... | |

* പദ്ധതി 2012-13 വർഷത്തിൽ ആരംഭിച്ചു.

(സി) 2014-15 സാമ്പത്തിക വർഷം NHM ഫണ്ട് ലഭ്യമായിട്ടില്ലാത്തത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള ശ്രമം നടന്നുവരുന്നു.

## എച്ച്.എം.സി.ക്ക് കീഴിൽ ജോലി ചെയ്തു വന്നിരുന്ന 42 ജീവനക്കാരെ പിരിച്ചുവിട്ട നടപടി

105 (2656) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി യിൽ ദീർഘകാലമായി എച്ച്.എം.സി.-ക്ക് കീഴിൽ ജോലി ചെയ്തു വന്നിരുന്ന 42 ജീവനക്കാരെ പിരിച്ച് വിടാൻ എച്ച്.എം.സി. എടുത്ത തീരുമാനം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ നൽകിയിട്ടുണ്ടോ ;

482/16

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരെ പിരിച്ചുവിട്ട് പുതിയ ആളുകളെ നിയമിക്കാനുള്ള കാരണം എന്തായിരുന്നു ; വ്യക്തമാക്കാമോ ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേരെ നിയമിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയതിന്റെ പേരിൽ 42 ജീവനക്കാരെ പീഡിപ്പിക്കുകയും ഇവരെ ദിവസവേതന ക്കാരായിവെക്കുകയും, പുതിയ ആളുകൾക്ക് പ്രതിമാസ വേതനവും മറ്റാനുകൂല്യങ്ങളും നൽകി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപാകത പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ 4-9-1999-ലെ 22694/എം3/99/അ.കു.വ. നമ്പർ പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നത് പ്രകാരം കാലാകാലങ്ങളിലായി സംസ്ഥാനത്ത് നിലവിലുള്ള ചട്ടം അനുശാസിക്കുന്നതനുസരിച്ച് താത്കാലിക കാഷ്വൽ ജീവനക്കാരെയോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരെയോ നിശ്ചിത കാലയളവിനപ്പുറം സർവ്വീസിൽ തുടരുന്നതിന് അനുവദിക്കാൻ വ്യവസ്ഥയില്ല. കൂടാതെ വികസന സമിതിക്കുള്ളിൽ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു സമാന്തര ഓഫീസ് സംവിധാനമായി അതിനെ മാറ്റുവാൻ കഴിയില്ലായെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ പ്രകാരമുള്ള 179 ദിവസത്തെ കാലാവധി പൂർത്തീകരിച്ച എച്ച്.ഡി.സി. താൽക്കാലികമായി നിയമിച്ച ഈ ജീവനക്കാരെ 2014 മേയ് മാസം 9-ഉം 10-ഉം തീയതി മുതൽ പിരിച്ചുവിട്ടത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വികസന സമിതി 6-9-2013-ൽ ഉത്തരവ് നമ്പർ എ 5-99/12 പ്രകാരം 13 ജീവനക്കാരെ 179 ദിവസത്തേക്ക് ക്ലീനിംഗ് ജോലിക്കായി നിയമിച്ച് ഉത്തരവ് നൽകുകയും, അവരിൽ 12 പേർ ജോലിയിൽ പ്രവേശിച്ച് 179 ദിവസം പൂർത്തീകരിച്ച മുറയ്ക്ക് 24-3-2014-നും 25-3-2014-നും സേവനത്തിൽ നിന്നും വിടുതൽ നേടി പോയിട്ടുള്ളതുമാണ്.

(സി) ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നത് കാരണം പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് പകരം പുതുതായി ജീവനക്കാരെ നിയമിച്ചിട്ടില്ല. ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി, സർക്കാർ മാനദണ്ഡ ങ്ങൾക്ക് അനുസൃതമായി പുതുതായി ജീവനക്കാരെ നിയമിക്കപ്പെടുന്നതുവരെ, പിരിച്ചു വിടപ്പെട്ട ജീവനക്കാരെ കാഷ്വൽ ജീവനക്കാരായി മാത്രം നിലനിർത്തി യിരിക്കുകയാണ്. എല്ലാ വിഭാഗം ജീവനക്കാരെയും കരാർ പ്രകാരം കാഷ്വൽ ജീവനക്കാർ എന്ന നിലയ്ക്കും താൽക്കാലിക ദിവസ വേതനക്കാരായും മാത്രമാണ് പരിഗണിച്ചു വരുന്നത്. മുൻകാലങ്ങളിൽ ജോലി ചെയ്ത് വന്നിരുന്ന 42 പേർക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിതരായ 12 പേർക്കും തുല്യപരിഗണനയാണ് നൽകിവരുന്നത്. ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തവർക്കും എല്ലാ താൽക്കാലിക ജീവനക്കാർക്കും അല്ലാത്തവരു മായ വികസന സമിതിയുടെ കീഴിലുള്ള ജീവനക്കാർക്കും അവരുടെ ആവശ്യ പ്രകാരം ദിവസ വേതന നിരക്കിൽ പ്രതിമാസമാണ് വേതനം നൽകി വരുന്നത്.

ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ പോയതിന്റെ പേരിൽ പീഡിപ്പിക്കുന്ന യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

## പ്രതിമാസ വരുമാനം 500 രൂപവരെയുള്ള രോഗികൾക്ക് സൗജന്യ ചികിത്സ

106 (2657) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിമാസ വരുമാനം 500 രൂപ വരെയുള്ള രോഗികൾക്ക് മാത്രം സൗജന്യ ചികിത്സ അനുവദിക്കാൻ പാടുള്ളൂവെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) വ്യക്തികളുടെ വരുമാനം (കുടുംബവരുമാനം അല്ലാതെ) കണക്കാക്കാൻ നിലവിൽ സംവിധാനം ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ചും വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സൗജന്യ ചികിത്സക്ക് പ്രതിമാസ വരുമാനം 500 രൂപയായി നിജപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണ് ; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ 500 രൂപവരെ മാസവരുമാനമുള്ള എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) വ്യക്തികളുടെ കുടുംബവരുമാനം റേഷൻകാർഡിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നു. സർക്കാർ ജീവനക്കാർക്ക് ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നു.

(സി) സൗജന്യ ചികിത്സയ്ക്ക് റേഷൻ കാർഡിൽ വരുമാനം 500 രൂപയിൽ താഴെയോ ബി.പി.എൽ. എന്ന് രേഖപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ ആ രോഗിക്ക് സൗജന്യമായി ചികിത്സ ലഭിക്കുന്നതാണ്. ഏകദേശം 450 ഓളം

രോഗികളെ കിടത്തി ചികിത്സിക്കുന്നതിൽ 90% പേർക്കും സൗജന്യ ചികിത്സ ലഭിക്കുന്നു.

## ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ Geriatric Clinic

107 (2658) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ള രോഗികളെ ചികിത്സിക്കുന്നതിനായി Geriatric Clinic പ്രവർത്തിക്കുന്നുണ്ടോ; എന്നാണ് ഇത് ഉദ്ഘാടനം ചെയ്തത് ; യാതൊരു പ്രചരണവും നൽകാതെയും സ്ഥലം എം.എൽ.എ.-യെ പോലും അറിയിക്കാതെ യുമാണ് ഇതിന്റെ ഉദ്ഘാടനം നടത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ Geriatric Clinic ഏതെല്ലാം ദിവസങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും ഏതു സമയത്താണെന്നും വ്യക്തമാക്കുമോ ; ഇതിനായി പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ള ഡോക്ടർ ആരാണെന്നു പറയാമോ ; Geriatric Clinic-ലേക്കാവശ്യമായ ഏതെല്ലാം മരുന്നുകൾ എത്രമാത്രം ഇവിടെ സ്റ്റോക്കുണ്ടെന്നു പറയാമോ ; ഈ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള രോഗികൾ എത്ര പേരാണെന്ന് പറയാമോ ; ഇതിന്റെ പ്രവർത്തനത്തിനായി അനുവദിച്ചിരുന്ന ഫണ്ട് 2014 മാർച്ച് മുതൽ വിനിയോഗിച്ച് വരുന്നതിന്റെ കണക്ക് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചേർത്തല താലൂക്ക് ആശുപത്രിയിൽ ജെറിയാട്രിക് ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രി 60 വയസ്സിന് മുകളിൽ പ്രായമുള്ള രോഗികളെ ജെറിയാട്രിക് വിഭാഗമായി പരിഗണിച്ചുകൊണ്ട് പ്രത്യേകം ചികിത്സ നൽകി വരുന്നുണ്ടായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ 28-2-2014-ലെ സി 2-3978/2014 നമ്പർ ഉത്തരവ് പ്രകാരം 60 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ രോഗികൾക്കും പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള ജെറിയാട്രിക് ഒ.പി. ക്രമീകരിക്കണമെന്ന നിർദ്ദേശ പ്രകാരം ഇതിനായി ഒരു പ്രത്യേക മുറി ഒരുക്കുകയും ആഴ്ചയിൽ ഒരു ദിവസം പ്രത്യേക ഒ.പി. നടത്തി വരികയും ചെയ്യുന്നു. 26-7-2014 മുതൽ ഉത്തരവ് പ്രകാരമുള്ള ക്രമീകരണങ്ങളോടു കൂടിയ ക്ലിനിക്കും

പ്രവർത്തിച്ചുവരുന്നു. സംസ്ഥാന വയോജന നയത്തിനെ ആധാരമാക്കി ആരോഗ്യ വകുപ്പിന്റെ വയോജന ആരോഗ്യ പരിപാടിയുടെ ഭാഗമായി ആരംഭിച്ച പദ്ധതി യായതിനാൽ ഇതിന് ഒരു പ്രത്യേക പ്രചരണമോ ഉദ്ഘാടനമോ നടത്തിയിരുന്നില്ല.

(ബി) ജെറിയാട്രിക് ക്ലിനിക് എല്ലാ മാസങ്ങളിലും രണ്ടാം ശനിയാഴ്ച ഒഴിച്ചുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 1 മണിവരെ നടത്തിവരുന്നു. ഇതിനായി ഈ ആശുപത്രിയിലെ ഡോ. ജോസഫ്, ജൂനിയർ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രത്യേക രജിസ്റ്ററും സൂക്ഷിക്കുന്നുണ്ട്. നിലവിലുള്ള മരുന്നുകളും അതിന്റെ സ്റ്റോക്കും

| | | |
|---|---|---|
| Tab. Metformin 500 mg | - | 2615 |
| Tab.Atorvastain 10 mg | - | 3290 |
| Tab. Clopidogrol 75 mg | - | 3610 |

26-7-2014 മുതൽ 29-11-2014 വരെ 36 രോഗികൾ.

2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഒരു ലക്ഷം രൂപയിൽ 94,973 രൂപ ചെലവാക്കിയിട്ടുണ്ട്.

## H5 N1 വൈറസ് ബാധ തടയാൻ നടപടി

108 (2659) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) H5 N1 വൈറസ് മനുഷ്യരിലേക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്ന തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ;

(ബി) ജനിതകമാറ്റത്തിനു വരെ കാരണമാകുന്ന ഈ വൈറസ് കേരളത്തിൽ ഇപ്പോൾ പകരുവാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) വൈറസ് ബാധ തടയാൻ എന്തെല്ലാം മരുന്നുകളാണ് നൽകിവരുന്നത് ; ആവശ്യമായ മരുന്ന് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.

- പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തിവരുന്നുണ്ട്.

- രോഗനിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കിലോമീറ്റർ ചുറ്റളവിലും അതിന് പുറത്തുള്ള 9 കിലോമീറ്റർ ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപരിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും നടന്നുവരുന്നു.

- പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ. കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തിരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു.

- ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റു അനുബന്ധ ജീവനക്കാർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഐ.സി.യു. വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) പക്ഷിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഒസൽട്ടാമിവിർ എന്ന മരുന്നാണ് ഉപയോഗിക്കുന്നത്. ആവശ്യമായ മരുന്നുകൾ ശേഖരിച്ചിട്ടുണ്ട്. ഒസൽട്ടാമിവിർ 75 മി.ഗ്രാം, ഒസൽട്ടാമിവിർ 30 മി.ഗ്രാം, ഒസൽട്ടാമിവിർ സിറപ്പ് എന്നിവയാണ് ശേഖരിച്ചിട്ടുള്ളത്. ഇതുകൂടാതെ പി.പി.ഇ.കിറ്റുകൾ, മാസ്കുകൾ, 3 ലെയർ മാസ്കുകൾ എന്നിവ കാരുണ്യ ഫാർമസി വഴി ലഭിച്ചിട്ടുണ്ട്.

**തിരുവനന്തപുരം ആർ.സി.സി.യിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തിക**

109 (T*2660) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആർ.സി.സി.-യിൽ ആകെ എത്ര സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയുണ്ട് ;

(ബി) എത്ര തസ്തികയിൽ സ്ഥിരം ജീവനക്കാരുണ്ട്; എത്ര താത്ക്കാലിക ജീവനക്കാർ ഈ തസ്തികയിൽ ജോലിനോക്കുന്നുണ്ട് ;

(സി) ആർ.സി.സി.-യിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്രവർഷമാണ്; എന്ന് അവസാനിക്കും ;

(ഡി) സ്റ്റാഫ്നഴ്സ് തസ്തികയിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഏതെങ്കിലും ഉത്തരവുകളോ നടപടികളോ ഉണ്ടോ ;

(ഇ) ഈ തസ്തികയിൽ നിയമന നിരോധനം ഏർപ്പെടുത്തുവാൻ തീരുമാനമുണ്ടോ ?

ഉത്തരം

(എ) ആർ.സി.സി.-യിൽ ഇപ്പോൾ 245 സ്റ്റാഫ് നഴ്സ് തസ്തിക നിലവിലുണ്ട്. കൂടാതെ 50 സ്റ്റാഫ് നഴ്സ് തസ്തിക കൂടി 24-2-2014-ാം തീയതിയിലെ G.O.(MS)No.60/2014/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. ആർ.സി.സി.-യിൽ പണിതുകൊണ്ടിരിക്കുന്ന 10 നില മന്ദിരം പൂർത്തിയാകുമ്പോൾ കിടത്തി ചികിത്സിക്കുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന മുറയ്ക്ക് ഈ 50 തസ്തിക നികത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 245 സ്റ്റാഫ് നഴ്സ് തസ്തികയിൽ 240 സ്റ്റാഫ് നഴ്സുമാരുണ്ട്. താത്ക്കാലിക അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സുമാർ ആരും തന്നെ ആർ.സി.സി. യിൽ ജോലി നോക്കുന്നില്ല. ഒഴിവുള്ള തസ്തികകൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നികത്തിവരുന്നു.

(സി) ആർ.സി.സി.-യിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഈ റാങ്ക് ലിസ്റ്റിൽ നിന്നും 56 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 19-6-2013 മുതൽ 3 വർഷമാണ്.

(ഡി&ഇ) ഇല്ല.

## ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II തസ്തിക

110 (2661) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I ഗ്രേഡ് II എന്നിവയുടെ എത്ര തസ്തികകൾ നിലവിലുണ്ട് ;

(ബി) തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II ഗ്രേഡ് I എന്നീ തസ്തികകളിൽ ഇപ്പോൾ എത്രപേർ വീതം ജോലിചെയ്യുന്നുണ്ട് എന്നറിയിക്കുമോ ;

(സി) ഗ്രേഡ് II തസ്തികയിൽനിന്നും ഗ്രേഡ്-I തസ്തിക ആയി പ്രൊമോഷൻ ലഭിച്ചിട്ടും ഗ്രേഡ് II-ന്റെ പോസ്റ്റുകളിൽത്തന്നെ ഇപ്പോഴും ജോലിയിൽ തുടരുന്ന എത്രപേർ തിരുവനന്തപുരം ജില്ലയിലുണ്ട് എന്നറിയിക്കുമോ ; ഇങ്ങനെ തുടരുന്നതുമൂലം എൻട്രി കേഡറായ ഗ്രേഡ് II -ന്റെ തസ്തികയിലേക്ക് പുതിയ ആൾക്കാർക്ക് നിയമനം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ്-I ആയി പ്രൊമോഷൻ ലഭിച്ചിട്ടും അവരെ ഗ്രേഡ്-II തസ്തികയിൽത്തന്നെ തുടരാൻ അനുവദിക്കുന്നത് DRB റൂൾസിന് വിരുദ്ധമാണോയെന്ന് വിശദമാക്കുമോ;

(ഇ) ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകൾ തമ്മിലുള്ള അനുപാതം എത്രയാണെന്നറിയിക്കാമോ ; തിരുവനന്തപുരം ജില്ലയിലെ ഈ അനുപാതം നിലവിൽ എത്രയാണെന്നുള്ള വിവരം നൽകുമോ ?

ഉത്തരം

(എ) ലാബ് ടെക്നീഷ്യൻ ഗ്രേഡ് - I -58

ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II- 58

(ബി) ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II -39

ലാബ് ടെക്നീഷ്യൻ ഗ്രേഡ് -I- 77

(സി & ഡി) ഗ്രേഡ് -2-ൽ നിന്നും ഗ്രേഡ് -I ആയി പ്രൊമോഷൻ ലഭിച്ച 19 പേർക്കും ഇപ്പോഴും കോടതിയിൽ നിലവിലുള്ള O.A-യുടെ വെളിച്ചത്തിൽ തുടരുന്നുണ്ട്. ഗ്രേഡ് -2 ഗ്രേഡ്-I ന്റെ നിയമനവും അനുപാതവും സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) 1:1 ആണ് ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I ന്റെയും ഗ്രേഡ് -2 ന്റെയും അനുപാതം. തിരുവനന്തപുരം ജില്ലയിൽ ആകെ 116 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I, ഗ്രേഡ് -2 തസ്തികയുള്ളതിൽ 58 ഗ്രേഡ് -I, 58 ഗ്രേഡ് -2 എന്നിങ്ങനെ നിജപ്പെടുത്തിയിട്ടുണ്ട്.

## RCC യുടെ മലബാർ കേന്ദ്രം

111 (2662) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം മലബാർ മേഖലയിൽ വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

482/16 (ബി) എങ്കിൽ ചികിത്സയ്ക്കായി തിരുവനന്തപുരം RCC-യിൽ വന്നുപോകുന്നതിന്റെയും മറ്റും ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ലക്ഷ്യമിട്ടുള്ള RCC-യുടെ സെൻറർ മലബാർ പ്രദേശത്ത് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) പ്രസ്തുത സെൻറർ എപ്പോൾ പ്രവർത്തനസജ്ജമാകും എന്ന് കൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മലബാർ മേഖലയിലെ ക്യാൻസർ രോഗികളുടെ ആവശ്യത്തിനായി തലശ്ശേരിയിൽ സംസ്ഥാന സർക്കാരിന്റെകീഴിൽ മലബാർ ക്യാൻസർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല, കൊച്ചിയിൽ സമഗ്രമായ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അമ്മയും കുഞ്ഞും പദ്ധതി

112 (2663) <u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്മയും കുഞ്ഞും പദ്ധതി എന്നു മുതൽ സംസ്ഥാനത്ത് ആരംഭിച്ചു ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ എത്രപേർ പദ്ധതിയുടെ ഗുണഭോക്താക്കളായി ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണ ത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

(ബി) ഇതുവരെ ലഭ്യമായ റിപ്പോർട്ട് അനുസരിച്ച് 411822 അമ്മമാർക്കും 54267 കുട്ടികൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്.

(സി) ഈ പദ്ധതിയെക്കുറിച്ച് കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

**എസ്.എ.ടി. ആശുപത്രിയിലെ ഒഴിവുകൾ**

113 (2665) <u>ശ്രീ. വി. ശിവൻകുട്ടി </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ മറ്റ് ജീവനക്കാർ എന്നിവരുടെ ആകെ തസ്തികകൾ എത്ര വീതമാണെന്നും, അവ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകൾ വീതം ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) എസ്.എ.ടി. ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി.-ക്കു റിപ്പോർട്ടു ചെയ്തിട്ടുണ്ട്; തസ്തികയും റിപ്പോർട്ടു ചെയ്ത തീയതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരത്ത് എസ്.എ.ടി. ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുടെ 78 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 2 തസ്തികകളിൽ ഒഴിവുണ്ട്. സ്റ്റാഫ് നഴ്സുമാരുടെ 190 തസ്തികയുള്ളതിൽ 92 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. മറ്റ് ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കൊച്ചി സഹകരണ ആശുപത്രി ഏറ്റെടുക്കലും ഫീസ് ഏകീകരണവും**

114 (2666) <u>ശ്രീ. എസ്. രാജേന്ദ്രൻ </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സഹകരണ ആശുപത്രി സർക്കാർ ഏറ്റെടുക്കുന്ന നടപടി ഏതുഘട്ടം വരെയായെന്നും ഇതിന്റെ വിശദാംശവും വ്യക്തമാക്കുമോ ;

(ബി) സർക്കാർ ഏറ്റെടുക്കുന്ന കോളേജുകളിൽ-മാനേജ്മെന്റ് എൻ.ആർ.ഐ. ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവരുടെ ഫീസ് ഘടന ഏകീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച സർക്കാർ തീരുമാനം വ്യക്തമാക്കുമോ ?

## ഉത്തരം

(എ) കൊച്ചി സഹകരണ ആശുപത്രി സർക്കാർ ഏറ്റെടുത്തതിനുശേഷം സർക്കാർ മെഡിക്കൽ കേളേജ് എറണാകുളം എന്ന് പുനർനാമകരണം ചെയ്യുകയും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് സമാനമായി ചികിത്സയും മരുന്നുകളും സൗജന്യമായി രോഗികൾക്ക് നൽകുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് നിലവിലുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചും യോഗ്യതയുള്ള ജീവനക്കാരെ സർക്കാർ സർവ്വീസിലേക്ക് സംയോജിപ്പിക്കുന്ന വിഷയം സംബന്ധിച്ചും അന്തിമതീരുമാനം കൈക്കൊള്ളുന്നതിനുള്ള സത്വര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി&സി) ഇല്ല, എറണാകുളം മെഡിക്കൽ കോളേജിൽ 2014-15 അദ്ധ്യയന വർഷം മുതൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രം സർക്കാർ ഫീസ് ബാധകമാക്കിയാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഈ വിഷയം നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ, ബഹു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

115 (2667) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സാജു പോൾ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ പ്രോസ്പെക്ടസ് അനുസരിച്ചാണോ നടത്തിയത് ; അല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ; എത്ര സീറ്റിലേ ക്കാണ് മാനേജ്മെന്റുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയത്; സ്വാശ്രയ മാനേജ്മെന്റുകളിലെ അൻപതു ശതമാനം മെറിറ്റ് സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകില്ലെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ മെരിറ്റ് ലിസ്റ്റിൽ നിന്നല്ലാതെ സ്വന്തം നിലയിൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച സ്ഥാപനങ്ങൾ ഏതെന്നും അതിന് അവർ ഉന്നയിച്ച കാരണങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) അടുത്ത വർഷത്തെ പ്രവേശന പരീക്ഷയ്ക്ക് മുന്നോടിയായി സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; അവരുമായി ഇതു സംബന്ധിച്ച് നടത്തിയ ചർച്ചയുടെ വിശദാംശം അറിയിക്കാമോ ;

(ഡി) പ്രശ്നപരിഹാരത്തിന് സർക്കാർ ശ്രമിക്കാത്തത് സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കാനാണെന്ന ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ്, വിവിധ സർക്കാർ ഉത്തരവുകൾ, ബഹു. സുപ്രീംകോടതിയുടെ അലോട്ട്മെന്റ് ഷെഡ്യൂൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം നടത്തിയത്. സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്വകാര്യ-സ്വാശ്രയ മാനേജുമെന്റുകളുടെ കോളേജുകളിലെ 50% സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(ബി)

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.

2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.

3. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട്.

4. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ

5. കരുണാ മെഡിക്കൽ കോളേജ്, പാലക്കാട് എന്നീ സ്ഥാപനങ്ങളാണ് സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാരുമായി ധാരണയിലെത്തുകയോ, ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലാണ് സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്.

(സി) 2015-16 അദ്ധ്യയന വർഷം സർക്കാർ/സ്വാശ്രയ മെഡിക്കൽ

കോളേജുകളിലേക്കുള്ള പ്രവേശന നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ഡി) സാമൂഹികനീതി മുൻനിർത്തി സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

## കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.ടി. പി. അഷ്റഫിന്റെ അധിക ചുമതല

116 (2668) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ലെ മെഡിക്കൽ വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം മെഡിക്കൽ കോളേജ് അദ്ധ്യാപകരെ തീവ്രരോഗിപരിചരണത്തിനും പൂർണ്ണ സമയ അദ്ധ്യാപനത്തിനുമല്ലാതെ മറ്റ് വകുപ്പുകളുടെ അഡ്മിനിസ്ട്രേറ്റീവ് അധിക ചുമതല നിർവ്വഹിക്കുന്നതിന് നിയോഗിച്ചിട്ടുണ്ടോ ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ടി. പി. അഷ്റഫിനെ ഇത്തരത്തിൽ എന്തെങ്കിലും ചുമതലകൾ സർക്കാർ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(സി) ഡോ. ടി. പി. അഷ്റഫിന് എം.സി.എച്ച്.-ൽ എന്തെല്ലാം ചുമതലകളാണ് ഉണ്ടായിരുന്നത് ; അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) 1-2-2012 മുതൽ 30-11-2014 വരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് ഇദ്ദേഹം എത്ര തുക കൈപ്പറ്റിയിട്ടുണ്ട് ; എത്ര ദിവസത്തെ അറ്റന്റൻസ് ഉണ്ട്; അറ്റന്റൻസ് രജിസ്റ്ററിന്റെ കോപ്പി ലഭ്യമാക്കുമോ ?

### ഉത്തരം

(എ) മെഡിക്കൽ കോളേജ് അദ്ധ്യാപകരെ തീവ്രരോഗി പരിചരണത്തിനും പൂർണ്ണസമയ അദ്ധ്യാപനത്തിനുമല്ലാതെ ആശുപത്രികളുടെയും കോളേജിന്റെയും ഭരണപരമായ ചുമതലകളും ഏൽപ്പിക്കാറുണ്ട്. മറ്റ് വകുപ്പുകളിലേക്ക് സാധാരണയായി നിയമിക്കാറില്ല.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. ടി. പി. അഷ്റഫിനെ 31-1-2012-ലെ സ.ഉ.(സാധാ) നമ്പർ 57/2012/ എസ്.ഡബ്ല്യുഡി. 14-5-2012/ലെ സ.ഉ.(സാധാ) നമ്പർ 1606/2012 ആ.കു.വ.

ഉത്തരവുകൾ പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. ആഴ്ചയിൽ പകുതി ദിവസം തിരുവനന്തപുരത്തും പകുതി ദിവസം കോഴിക്കോട് മെഡിക്കൽ കോളേജിലുമായാണ് അദ്ദേഹം ജോലി നിർവ്വഹിക്കുന്നത്.

(സി) അദ്ധ്യാപനം, രോഗികളുടെ പരിചരണം എന്നിവയാണ് മെഡിക്കൽ കോളേജിൽ ഡോ. അഷ്റഫിനുള്ള ചുമതല. ഈ ചുമതലകൾ അദ്ദേഹം നിർവ്വഹിക്കുന്നു. കൂടാതെ ഈ കാലയളവിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ തീസിസ് ഗൈഡിന്റെ ചുമതലയും നിർവ്വഹിച്ചുവരുന്നു. വകുപ്പുതലവൻ യൂണിറ്റ് ചീഫായ ഒന്നാമത്തെ യൂണിറ്റിലാണ് ഡോ. ടി. പി. അഷ്റഫിനെ പോസ്റ്റ് ചെയ്തിരിക്കുന്നത്. ഡോ. അഷ്റഫിന് അധിക ചുമതല നൽകിയതിന് പകരമായി മറ്റാരെയും നിയമിച്ചിട്ടില്ല.

(ഡി) 1-2-12 മുതൽ 30-11-2014 വരെ ഡോ. അഷ്റഫ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും കൈപ്പറ്റിയ തുക സംബന്ധിച്ച ലിസ്റ്റും ഇതേ കാലയളവിലെ അറ്റൻഡൻസ് രജിസ്റ്ററിന്റെ കോപ്പിയും അനുബന്ധമായി ചേർക്കുന്നു.*

## 2014-ലെ മെഡിക്കൽ പ്രവേശനം

117 (2670) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ M.B.B.S.-B.D.S. പ്രവേശനം അവതാളത്തിലാവുകയും നൂറുകണക്കിന് ഗവൺമെന്റ് സീറ്റുകൾ ലാപ്സാവുകയും ചെയ്യാനിടയായതിന്റെ ഉത്തരവാദിത്വം വിശകലനം ചെയ്തിട്ടുണ്ടോ ;

(ബി) അഡ്മിഷൻ പ്രക്രിയകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ വിമുഖത കാണിച്ചതിനെ തുടർന്ന് വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) യഥാസമയം സർക്കാരിലേക്ക് സീറ്റുകൾ വിട്ടുകൊടുക്കാതെ അനാവശ്യമായ കാലതാമസമുണ്ടാക്കുകയും അന്യായമായ നിലപാടുകൾ എടുക്കുകയും ചെയ്ത സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;?

<u>ഉത്തരം</u>

(എ) 2014-15 എം.ബി.ബി.എസ്/ബി.ഡി.എസ്. പ്രവേശനത്തിന്റെ ഭാഗമായി നടത്തിയ അവസാനഘട്ട അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം പ്രവേശനം നേടാതെ വന്നതുവഴിയും, അവസാനഘട്ട അലോട്ട്മെന്റിനുശേഷം വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും വിടുതൽ നേടിയ തുവഴിയും സീറ്റുകൾ ലാപ്സായിട്ടുണ്ട്. സീറ്റുകൾ പാഴാക്കാനുള്ള സാഹചര്യം സൃഷ്ടിച്ച വിദ്യാർത്ഥികൾക്കെതിരെ പ്രോസ്പെക്ടസ് വ്യവസ്ഥകൾക്കനുസരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ബഹു. സുപ്രീംകോടതി നിശ്ചയിട്ടുള്ള വ്യവസ്ഥകളും സമയക്രമവും അനുസരിച്ചാണ് സംസ്ഥാനത്തും അഡ്മിഷൻ പ്രക്രിയകൾ നടത്തിയിട്ടുള്ളത്.

(സി) സർക്കാരുമായി കാരാറിലേർപ്പെടാതിരുന്ന മാനേജ്മെന്റുകൾക്ക് കീഴിലുള്ള കുട്ടികൾക്ക് PHC/CHC എന്നിവയിൽ അനുവദിച്ചുവന്നിരുന്ന സൗകര്യങ്ങളും പോസ്റ്റുമോർട്ടം കാണുന്നതിനും പഠിക്കുന്നതിനും നൽകി വന്നിരുന്ന സൗകര്യങ്ങളും പിൻവലിക്കുന്നതിന് തീരുമാനിച്ച് മാനേജ്മെന്റുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

## M.B.B.S/B.D.S സീറ്റുകൾ ലാപ്സായതു സംബന്ധിച്ച്

118 (2671) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014-ൽ സർക്കാർ-സ്വാശ്രയ കോളേജുകളിലായി M.B.B.S./B.D.S. തുടങ്ങിയവയ്ക്കായി സർക്കാർ ക്വാട്ടയിലുള്ളതും സ്വകാര്യ-സ്വാശ്രയ-കോളേജുകളിലുള്ളതുമായ എത്ര സീറ്റുകൾ ലാപ്സായി എന്നു വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ-സ്വാശ്രയ ലോബിയും സർക്കാരും ഒത്തുകളിച്ചതുകൊണ്ടാണ് അഡ്മിഷൻ പ്രക്രിയകൾ വൈകിയതും, സീറ്റുകൾ ലാപ്സായതുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) 2014-ൽ എല്ലാതരത്തിലുമുള്ള അലോട്ട്മെന്റ് നടപടികൾ പൂർത്തിയായ തിനുശേഷം, സർക്കാർ കോളേജുകളിൽ 10 ബി.ഡി.എസ്. സീറ്റും സ്വകാര്യ-

സ്വാശ്രയ കോളേജുകളിൽ 103 ബി.ഡി.എസ്. സീറ്റും 6 എം.ബി.ബി.എസ്. സീറ്റും ഒഴിവുവന്നു.

(ബി) യാതൊരുവിധ ഒത്തുകളിയും നടന്നിട്ടില്ല. സുപ്രീംകോടതി വിധിക്കനുസൃതമായാണ് അഡ്മിഷനുകൾ നടത്തിയത്.

**ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ കുറവ്**

119 (2674) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകൾ എത്ര ; നിലവിലുള്ളവർ എത്ര, ഒഴിവുകളെത്ര ;

(ബി) വർക്കിംഗ് അറേഞ്ച്മെന്റ്, അദർ ഡ്യൂട്ടി, അക്കോമഡേഷൻ എന്നീ വിഭാഗങ്ങളിലായി ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്നും മറ്റ് മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ എത്ര ; വിശദാംശം നൽകുമോ ;

(സി) വർക്കിംഗ് അറേഞ്ച്മെന്റ്, അദർ ഡ്യൂട്ടി, അക്കോമഡേഷൻ എന്നീ വിഭാഗങ്ങളിൽപ്പെടുത്തി ആലപ്പുഴ മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നവർ എത്ര ; വിശദാംശം നൽകുമോ ;

(ഡി) പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിലേക്ക് ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും എത്ര ഡോക്ടർമാരെ സ്ഥലംമാറ്റം നൽകി നിയമിച്ചു ; വ്യക്തമാക്കാമോ ;

(ഇ) ആലപ്പുഴ മെഡിക്കൽ കോളേജ് ഒ.പി.-യിൽ ഒരു ദിവസം എത്തുന്ന ശരാശരി രോഗികൾ എത്ര ;

(എഫ്) ആലപ്പുഴ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി കിടത്തി ചികിത്സ നൽകാൻ കഴിയുന്ന രോഗികളുടെ എണ്ണം എത്ര ;

(ജി) ഒ.പി.-യിലും കിടത്തി ചികിത്സയ്ക്കുമായി എത്തിച്ചേരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരുടെ എണ്ണം ആലപ്പുഴ മെഡിക്കൽ കോളേജിൽ ലഭ്യമാണോ ; രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; നിലവിൽ ഒഴിവുള്ള

തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ)

| | | |
|---|---|---|
| അനുവദനീയമായ തസ്തികകൾ | - | 262 |
| നിലവിലുള്ളവർ | - | 212 |
| ഒഴിവുകൾ | - | 50 |

(ബി) പത്തോളജി വിഭാഗത്തിൽ നിന്നും അസോസിയേറ്റ് പ്രൊഫസർ ആയ ഡോ. ജി. നന്ദകുമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നു.

482/16ആലപ്പുഴ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ലാൽചന്ദ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫിസിയോളജി ഡിപ്പാർട്ടുമെന്റിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിലെ ഓഫ്ത്താൽമോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ജാസ്മിൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫിസിയോളജിയിൽ അക്കോമഡേഷനിൽ ജോലി ചെയ്യുന്നു.

ഡോ. ഷീല ബാലകൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഗൈനക് വിഭാഗം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫോറൻസിക് വിഭാഗത്തിൽ അക്കോമഡേറ്റ് ചെയ്തിരിക്കുന്നു.

ഡോ. ജയപ്രഭ, അസിസ്റ്റന്റ് പ്രൊഫസർ, ഇ.എൻ.റ്റി. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ബയോകെമിസ്ട്രി വിഭാഗത്തിൽ അക്കോമഡേറ്റ് ചെയ്തിരിക്കുന്നു.

(സി) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. എൻ. ശശികലയ്ക്ക് ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 5-11-2014-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 3581/14/എച്ച്&എഫ്.ഡബ്ല്യു.ഡി. സർക്കാർ ഉത്തരവ് മുഖേന അക്കോമഡേഷൻ നൽകിയിട്ടുണ്ട്.

(ഡി) പത്തോളജി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസർ ആയിരുന്ന ഡോ. സ്വരൂപ സൂസൻ കുര്യനെ സ്ഥലം മാറ്റം മുഖേനയും ബയോകെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ആയിരുന്ന ഡോ. കൈലാസനാഥനെ പ്രൊഫസറായി സ്ഥാനക്കയറ്റം നൽകിയും ഇടുക്കി ഗവൺമെൻറ് മെഡിക്കൽ കോളേജിൽ നിയമിച്ചിട്ടുണ്ട്.

ഗൈനക് വിഭാഗത്തിലെ സീനിയർ ലക്ചറായ ഡോ. സിമി ജെ, പീഡിയാട്രിക് അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അജിത് കൃഷ്ണൻ എന്നിവരെ മഞ്ചേരിയിലേക്കും സ്ഥലം മാറ്റിയിട്ടുണ്ട്.

(ഇ) 2000.

(എഫ്) 1051.

(ജി) ഇല്ല, നിലവിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സുമാരെ നിയമിക്കാൻ നടപടി

120 (2675) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സുമാരുടെ അനുവദനീയ മായ തസ്തിക എത്ര ; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര ;

(ബി) മെഡിക്കൽ കോളേജുകളിലെ രോഗി-സ്റ്റാഫ് നഴ്സ് അനുപാതം എത്രയാണ് ; ഈ അനുപാതത്തിന് അനുസൃതമായി സ്റ്റാഫ് നഴ്സുകൾ പ്രസ്തുത മെഡിക്കൽ കോളേജിൽ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ രോഗികൾക്ക് ആനുപാതികമായി എത്ര നഴ്സുമാരുടെ കുറവുണ്ട് ; രോഗികൾക്ക് ആനുപാതികമായി നഴ്സുമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിവുള്ള സ്റ്റാഫ് നഴ്സ് തസ്തികയിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ 304 സ്റ്റാഫ് നഴ്സുമാരുടെ

തസ്തികകളുണ്ട്. ഇതിൽ 187 തസ്തികകളിൽ നഴ്സുമാർ ജോലി ചെയ്യുന്നു. 117 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ ജനറൽ വാർഡുകളിൽ 4:1-ഉം ഐ.സി.യു. മറ്റ് അധിക സംരക്ഷണം വേണ്ട ഏരിയ എന്നിവിടങ്ങളിൽ 1:1 എന്ന നിലയിലുമാണ് രോഗി നഴ്സ് അനുപാതം നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ അനുപാതത്തിൽ സ്റ്റാഫ് നഴ്സുമാരില്ല.

(സി) പ്രസ്തുത അനുപാതം വച്ച് കണക്കാക്കിയാൽ 3266 നഴ്സുമാരുടെ കുറവാണ് നിലവിലുള്ളത്. രണ്ടു ഘട്ടങ്ങളിലായി 380 സ്റ്റാഫ് നഴ്സുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഘട്ടംഘട്ടമായി സൃഷ്ടിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

(ഡി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

**ആയുഷ് ഡോക്ടർമാരുടെ വേതനം**

121 (2676) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ ജോലി ചെയ്തുവരുന്ന ആയുഷ് ഡോക്ടർമാരുടെ വേതനം മുന്നറിയിപ്പില്ലാതെ വെട്ടിച്ചുരുക്കിയ സാഹചര്യം എന്താണെന്ന വിശദീകരിക്കാമോ ;

(ബി) പ്രസ്തുത നടപടി പുനഃപരിശോധിക്കുവാനും മുൻകാല പ്രാബല്യത്തോടെ കാലാനുസൃതമായി ശമ്പളം വർദ്ധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര വിഹിതം കുറവായതിനാലാണ് ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ ശമ്പളം വെട്ടിച്ചുരുക്കേണ്ടി വന്നത്.

(ബി) കേന്ദ്രസർക്കാരിൽനിന്നും 2014-15-ലേക്കുള്ള എൻ.എച്ച്.എം. സപ്ലിമെന്ററി PIP (Programme Implementation Plan) ഫണ്ട് ലഭിക്കുന്നമുറയ്ക്ക് ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ വെട്ടിച്ചുരുക്കിയ ശമ്പളം പുന:സ്ഥാപിക്കുന്നതാണ്.

**പുതുപൊന്നാനി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ**

**ജീവനക്കാരെ നിയമിക്കാൻ നടപടി**

122 (2677) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ പുതുപൊന്നാനിയിലുള്ള ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എൻ.ആർ.എച്ച്.എം. നിയമിച്ചിരുന്ന തെറാപ്പിസ്റ്റുകളെ ഒഴിവാക്കിയ തുമൂലം വലിയ പ്രയാസം നേരിടുന്ന ആശുപത്രിയിലേക്ക് ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ ;

(സി) പ്രസ്തുത ആശുപത്രിയെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. പൊന്നാനി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ചിറക്കര എൻ.ആർ.എച്ച്.എം. ആയുർവ്വേദ ആശുപത്രി**

123 (2678) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൻ.ആർ.എച്ച്.എം. ആയുർവ്വേദ ആശുപത്രി ഗ്രേഡ് ഉയർത്തി സർക്കാർ ആയുർവ്വേദ ആശുപത്രിയാക്കണമെന്ന് കാണിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൻ.ആർ. എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറി ഗ്രേഡ് ഉയർത്തി സർക്കാർ ആയുർവ്വേദ ആശുപത്രിയാക്കുന്നതിനായി ചിറക്കര ഗ്രാമപഞ്ചായത്ത് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

### പുതുതായി ആയൂർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി

124 (2679) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ആയൂർവ്വേദ ഡിസ്പെൻസറികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി ആയൂർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 77 ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്.

(ബി &സി) ഇപ്പോൾ പരിഗണനയിലില്ല.

### ആയൂർവ്വേദ ആശുപത്രികളിലെ നേഴ്സുമാരുടെ ജോലി സമയം

125 (2680) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആയൂർവ്വേദ ആശുപത്രികളിലെ നഴ്സുമാരുടെ ജോലി സമയം എത്ര മണിക്കൂർ ആണ് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രികളിലെ നഴ്സുമാരുടെ ജോലി സമയം എട്ട് മണിക്കൂർ ആയി നിജപ്പെടുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഉത്തരവ് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഉത്തരവുകൾ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(സി) അലോപ്പതി വിഭാഗം നഴ്സുമാർക്ക് അനുവദിച്ചിട്ടുള്ള കോമ്പൻസേഷൻ ലീവ്, നൈറ്റ് ഓഫ് എന്നിവ അതേ രീതിയിൽ ആയൂർവ്വേദ ആശുപത്രികളിലെ നഴ്സുമാർക്കും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ നേഴ്സുമാർക്ക് പകൽ ഡ്യൂട്ടി രാവിലെ 8 മുതൽ വൈകിട്ട് 5 മണിവരെയും (9 മണിക്കൂർ) രാത്രി ഡ്യൂട്ടി വൈകിട്ട് 5 മുതൽ അടുത്ത ദിവസം രാവിലെ 8 മണിവരെ (15 മണിക്കൂർ) യുമാണ്. ഭാരതീയ ചികിത്സാ വകുപ്പിൽ ജോലി സമയം 8 മണിക്കൂറിൽ കൂടുതൽ ആകുന്നുണ്ട്.

(ബി) ഉണ്ട്. ഈ ഉത്തരവുകൾ പരിഗണിച്ചുകൊണ്ട് മൂന്നോ അതിൽ കൂടുതലോ നഴ്സുമാരുള്ള ആശുപത്രികളിൽ നിലവിലുള്ള ജീവനക്കാരെ വച്ച് 3 ഷിഫ്റ്റ് ഡ്യൂട്ടി നടപ്പിലാക്കുന്നതിനും രണ്ട് നഴ്സുമാർ മാത്രം ജോലി നോക്കുന്ന ആശുപത്രികളിൽ ചില സാമ്പത്തികാനുകൂല്യങ്ങൾ കൂടി പരിഗണിച്ച്, നിലവിലുള്ള ജീവനക്കാരെ വച്ച് 3 ഷിഫ്റ്റ് ഡ്യൂട്ടി നടപ്പിലാക്കുന്നതിനും ഉള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ആയുർവ്വേദ ആശുപത്രികളിൽ നഴ്സുമാരുടെ എണ്ണം കുറവായതിനാൽ അലോപ്പതി നഴ്സുമാർക്ക് അനുവദിച്ചിട്ടുള്ള കോമ്പൻസേഷൻ ലീവ്, നൈറ്റ് ഓഫ് എന്നിവ അതേ രീതിയിൽ നടപ്പിലാക്കുവാൻ കഴിയുകയില്ല.

**പൊതുമേഖലയിലെ ഔഷധ നിർമ്മാണ കമ്പനികൾ**

126 (2681) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പൊതുമേഖലയിൽ എത്ര ഔഷധ നിർമ്മാണ കമ്പനികൾ ഉണ്ട് ;

(ബി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന് വേണ്ടി ഈ സാമ്പത്തിക വർഷം സർക്കാർ എത്ര രൂപയ്ക്കുള്ള ഔഷധങ്ങൾ വാങ്ങി ; അവ ഏതെല്ലാം ;

(സി) 2007-നു ശേഷം സംസ്ഥാന സർക്കാർ കെ.എസ്.ഡി.പി.-യുടെ നവീകരണത്തിന് എത്ര തുക ചെലവാക്കി ?

ഉത്തരം

(എ) ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ്

ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് എന്ന അലോപ്പതി ഔഷധ നിർമ്മാണശാലയും ഹോംകോ (Homco) എന്ന ഹോമിയോപ്പതി ഔഷധനിർമ്മാണ ശാലയും, ആയുർവ്വേദ മരുന്ന് ഉൽപ്പാദനത്തിനായി 'ഔഷധി' എന്ന സ്ഥാപനവും കേരളത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നു.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ 17.28 കോടി രൂപയുടെ ഓർഡർ നൽകിയിട്ടുണ്ട്. നൽകിയ മരുന്നുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2007-ന ശേഷം 19.86 കോടി രൂപ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ നവീകരണത്തിനുവേണ്ടി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഓഡിറ്റ്**

127 (2682) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എളമരം കരീം :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ.) ഓഡിറ്റ് ചെയ്ത അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നെന്ന് അറിയിക്കാമോ ;

(ബി) മരുന്നിന്റെ സ്റ്റോക്കിൽ കണ്ടെത്തിയ കുറവ് എത്ര രൂപയുടേതായിരുന്നെന്ന് അറിയിക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ. മുൻ എം.ഡി.-ക്കെതിരെ കമ്പനിയുടെ സോഫ്റ്റ് വെയർ ദാതാക്കൾ പരാതി നൽകിയിരുന്നതിന്റെ വിശദാംശം അറിയിക്കാമോ ;

(ഡി) പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണവും കണ്ടെത്തലും വിശദമാക്കാമോ ;

(ഇ) മുൻ എം.ഡി. ക്കെതിരെ, കൈക്കൂലി ആവശ്യപ്പെട്ടു എന്നാരോപിച്ചു കൊണ്ട്, മരുന്നുല്പാദന സ്ഥാപനം നൽകിയിരുന്ന പരാതിയിന്മേലുള്ള

അന്വേഷണം പൂർത്തിയാക്കിയോ ; കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2008-13 ലെ ഓഡിറ്റ് സ്റ്റോക്ക് പെർഫോമൻസ് റിപ്പോർട്ട് പ്രകാരം കോർപ്പറേഷൻ 92.66 കോടി രൂപയുള്ള 16,529 ബാച്ച് മരുന്നുകൾ (321 ഇനം മരുന്നുകൾ) നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാതെ സംഭരിക്കുകയുണ്ടായി. കോർപ്പറേഷൻ മരുന്നു വിതരണത്തിൽ 'ഫിഫോ' സിസ്റ്റം വേണ്ടതുപോലെ ഉപയോഗിക്കാതെ വന്നതിനാൽ 2.91 കോടി രൂപയുള്ള മരുന്നുകൾ കാലഹരണപ്പെട്ടതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. 2008-13 കാലയളവിൽ കോർപ്പറേഷൻ സംഭരിച്ച 47,650 ബാച്ച് മരുന്നുകളിൽ 382 ബാച്ച് മരുന്നുകൾ ഗുണനിലവാരമില്ലാത്തവ ആയിരുന്നു എന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. 482/16 അതിൽ 122 ബാച്ച് മരുന്നുകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിനുമുമ്പ് തന്നെ വിതരണം ചെയ്തുകഴിഞ്ഞു. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് 2008-12 കാലയളവിൽ നടത്തിയ പരിശോധനയിൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

(ബി) 2013 വർഷത്തെ സ്റ്റോക്കെടുപ്പിന്റെ ഭാഗമായി സിസ്റ്റം സ്റ്റോക്കും ഫിസിക്കൽ സ്റ്റോക്കും താരതമ്യം ചെയ്തപ്പോൾ സിസ്റ്റം സ്റ്റോക്കിനെക്കാൾ 21.23 കോടി രൂപയുടെ കുറവ് ഫിസിക്കൽ സ്റ്റോക്കിൽ കഴിഞ്ഞ അഞ്ചുവർഷത്തെ കാലയളവിൽ ഉണ്ടായതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ മുൻ എം.ഡി. ക്കെതിരെയുള്ള സോഫ്റ്റ്‌വെയർ ദാതാക്കളുടെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) അന്വേഷണം പൂർത്തിയായിട്ടില്ല.

## അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മരുന്നുകളുടെ ഗുണനിലവാര പരിശോധന

128 (2683) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അറിയിക്കാമോ ?

ഉത്തരം

കേരള വിപണിയിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ വിവിധ കാരണങ്ങളാൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിൽപ്പന തടയുകയും, മരുന്നുകളുടെ ചേരുവകൾ 70 ശതമാനത്തിൽ താഴുകയോ കുത്തിവയ്പിനുള്ള മരുന്നുകൾ അണുവിമുക്തമല്ലെന്നോ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ നിർമ്മാതാവിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതും Dissolution, Disintegration എന്നീ minor വീഴ്ചകൾക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനും, ക്യാൻസൽ ചെയ്യുന്നതിനും, പ്രസ്തുത മരുന്നുകളുടെ വിൽപ്പന തടയുന്നതിനും, അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാരോട് ശിപാർശ ചെയ്യുന്നുണ്ട്. കൂടാതെ എസ്.എം.എസ്. സംവിധാനം വഴി ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ടുചെയ്യുന്ന മരുന്നുകളുടെ വിശദാംശങ്ങൾ കേരളത്തിലെ ആരോഗ്യമേഖലയിലുള്ളവരെ (ഫാർമസിസ്റ്റുകൾ, ഡോക്ടർമാർ, നഴ്സുമാർ) അറിയിക്കാറുണ്ട്. ഇപ്രകാരം വളരെ ഫലപ്രദമായ ഒരു സംവിധാനമാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്.

## വ്യാജ പരസ്യങ്ങൾ വഴിയുള്ള ഔഷധ, ഭക്ഷണവസ്തുക്കളുടെ വിൽപ്പന തടയൽ

129 (2684) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമായ അവകാശവാദങ്ങൾ ഉന്നയിച്ചും അന്ധ വിശ്വാസങ്ങളെ മുതലെടുത്തും വ്യാജപരസ്യങ്ങൾ നൽകി ഔഷധങ്ങളും ആഹാരവസ്തുക്കളും വൻവിലയിൽ വിപണനം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം വ്യാജപരസ്യങ്ങൾ നൽകുന്നതിൽ നിന്ന് ഉല്പാദകരേയും മാധ്യമങ്ങളേയും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ പുതിയ നിയമനിർമ്മാണം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരുന്നുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുന്നത് 1954-ലെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) നിയമപ്രകാരമാണ്. പ്രസ്തുത നിയമപ്രകാരം ഔഷധങ്ങൾ താഴെപ്പറയുന്ന രോഗങ്ങളിൽ നിന്ന് മുക്തി നൽകും എന്ന് ഒരു ഉൽപ്പാദകരും പരസ്യം ചെയ്യാൻ പാടില്ല :

i. The procurement of miscarriage of women or prevention of conception in women; or

ii. The maintenance of improvement of the capacity of human beings for sexual pleasure; or

iii. The correction of menstrual disorder in women

iv. The diagnosis, cure mitigation, treatment or prevention of any disease, disorder or condition specified in the schedule.

ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) നിയമത്തിന്റെ ലംഘനത്തിന് സംസ്ഥാനത്ത് 113 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ നിയമത്തിന്റെ ലംഘനത്തിന് വകുപ്പ് കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇപ്രകാരം പരസ്യങ്ങൾ നൽകി മരുന്നുകൾ വിറ്റഴിക്കുന്നതിൽ നിന്ന് ഒരു പരിധി വരെ ഉൽപ്പാദകരെ തടയാൻ വകുപ്പിന് സാധിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ തീരുമാനത്തിന് വിധേയമായി ഇക്കാര്യത്തിൽ പുതിയ നിയമ നിർമ്മാണം നടത്താവുന്നതാണ്.

**ജീവൻരക്ഷാ മരുന്നുകളുടെ വിലക്കയറ്റം**

130 (2685) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃത്യമായ ഔഷധനയം ഉണ്ടോ എന്ന് വ്യക്തമാക്കുമോ ; മരുന്ന് വിപണിയിൽ ക്രിയാത്മകമായി ഇടപെടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) സർക്കാർ മേഖലയിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ ഗുണനിലവാരമുള്ള ജീവൻ രക്ഷാ മരുന്നുകൾ മിതമായ നിരക്കിൽ രാജ്യമെമ്പാടും സുലഭമായി ലഭിക്കുന്നതിനുവേണ്ടിയും ഔഷധ രംഗത്ത് റിസർച്ച് ആന്റ് ഡെവലപ്മെന്റിന് അനുകൂല സാഹചര്യം ഉണ്ടാക്കുക, ഗാർഹിക മായി തന്നെ എല്ലാ മരുന്നുകളും ഉൽപാദിപ്പിക്കുക എന്നിവ അടിസ്ഥാനമാക്കി വളരെ വ്യക്തവും സുദീർഘവുമായ ഒരു ഔഷധ നയം രാജ്യത്ത് നിലവിലുണ്ട്.

(ബി) സർക്കാർ മേഖലയിൽ, പരമാവധി വിലയെക്കാളും കുറച്ച് പൊതുജന ങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുന്ന നീതി മെഡിക്കൽ സ്റ്റോർ, കാരുണ്യ ഫാർമസി, മാവേലി മെഡിക്കൽസ് എന്നിവ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മരുന്നുവ്യാപാര രംഗത്തെ ചൂഷണം തടയാൻ നടപടി**

131 (2686) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്നു വ്യാപാര രംഗത്ത് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത രീതിയിൽ വൻവില വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ കേരളത്തിൽ ആരോഗ്യമേഖല കൈവരിച്ചിരുന്ന അസൂയാവഹമായ നേട്ടങ്ങൾ നിലനിർത്തു ന്നതിനും ആരോഗ്യസേവന രംഗം മെച്ചപ്പെടുത്തി ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള ആരോഗ്യ സേവനങ്ങൾ സാധാരണക്കാരന് പ്രാപ്യമാക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ;

(ബി) മരുന്നു വ്യാപാര രംഗത്തെ ചൂഷണം തുടരുന്ന സാഹചര്യത്തിൽ കേരളത്തിലെ പൊതുമേഖലയിലുള്ള KSDP ആരോഗ്യ വകുപ്പ് ഏറ്റെടുക്കുന്നതിനും KSDP വഴി ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള മരുന്നുകൾ കേരളത്തിലെ സ്വകാര്യ ആശുപത്രികളിലടക്കം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) ആണ്. കേന്ദ്ര ആക്ടായ എസ്സൻഷ്യൽ കമോഡിറ്റീസ് ആക്ടിന്റെ കീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ എന്ന നിയമം വഴിയാണ് എൻ.പി.പി.എ. വില നിയന്ത്രണം നടപ്പാക്കുന്നത്. മരുന്നിന്റെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി വിലയെക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നു

വിൽക്കുവാൻ പാടില്ല എന്ന് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമം ലംഘിച്ച് അമിത വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം പരിശോധിക്കുകയും, നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാളും കൂടുതൽ വിലയ്ക്ക് മരുന്ന് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ വിൽപ്പന സംസ്ഥാനത്ത് തടഞ്ഞ് വിവരം അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറുണ്ട്. സംസ്ഥാനത്ത് മരുന്നുവില വർദ്ധന നിയന്ത്രിക്കുന്നതിനായി, സർക്കാർ മേഖലയിൽ മരുന്നുൽപാദിപ്പിക്കുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി)-യുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതനുസരിച്ച് 2014 ഒക്ടോബർ മാസം 28-ാം തീയതി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ ആരോഗ്യ വകുപ്പ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഡി.പി.-യുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് ആരോഗ്യ വകുപ്പിന് ആവശ്യമുള്ള മരുന്നുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടു മുണ്ട്. ഇതിനായി കെ.എസ്.ഡി.പി.-യ്ക്ക് അടിയന്തിരമായി 5 കോടി രൂപ വ്യവസായ വകുപ്പിന്റെ തനതു ഫണ്ടിൽ നിന്ന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന് വിതരണം ചെയ്യുന്ന മരുന്നുകളുടെ വില താമസം കൂടാതെ കെ.എസ്.ഡി.പി.-ക്ക് നൽകുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് പൊതുജനങ്ങൾക്ക് മരുന്ന്, വില കുറച്ച് ലഭ്യമാക്കുവാൻ കാരുണ്യ, മാവേലി, നീതി മെഡിക്കൽ ഷോപ്പുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ രോഗികൾക്ക് കമ്പോള വിലയേക്കാളും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ സൗജന്യമായി ജനറിക് മെഡിസിനുകൾ സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്തു വരുന്നുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മനുഷ്യരിലെ മരുന്ന് പരീക്ഷണം**

132 (2687) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മനുഷ്യരിൽ മരുന്ന് പരീക്ഷണം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കാമോ ;

(ബി) മരുന്ന് കമ്പനികളുടെ പ്രലോഭനത്തിന് വഴങ്ങി അനാവശ്യ മരുന്നുകൾ രോഗികളിൽ അടിച്ചേൽപ്പിക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ മെഡിക്കൽ കൗൺസിലുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ നിയമ നിർമ്മാണത്തിന് സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ) Drugs and Cosmetics Rules 1945 ലെ Scheduled Y പ്രകാരം Clinical trial സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Central Drugs Standard Control Organisation (CDSCO) Institutional Review Board, Ethical Committee എന്നിവയുടെ കർശന നിരീക്ഷണത്തിലാണ് രാജ്യത്ത് Clinical Trial -കൾ നടത്തി വരുന്നത്. സംസ്ഥാനത്ത് Sreechithra Medical Centre, Regional Cancer Centre തുടങ്ങിയ സ്ഥാപനങ്ങളിലും, കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ക്ലിനിക്കൽ ട്രയലുകളും നടത്തിവരുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങളും റിപ്പോർട്ടുകളും മേൽപ്പറഞ്ഞ കമ്മിറ്റികൾ കാലകാലങ്ങളിൽ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുമെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിനോ സംസ്ഥാന സർക്കാരിനോ പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരമില്ല.

(ബി) സംസ്ഥാനത്ത് ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിലയിരുത്തുന്നത് Directorate of Health Services, (DHS), Directorate of Medical

Education(DME), Indian Medical Association (IMA) എന്നീ സ്ഥാപനങ്ങൾ ആണ്. രോഗികൾക്ക് അനാവശ്യമായോ നിയമവിരുദ്ധമായോ മരുന്നുകൾ നൽകുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ നടപടി സ്വീകരിക്കേണ്ടത് ഇന്ത്യൻ മെഡിക്കൽ കൗൺസിലാണ്.

(സി) രാജ്യത്ത് മരുന്നുകളുടെ ഉൽപ്പാദനം, വിതരണം എന്നിവ നിയന്ത്രിക്കുന്ന ശക്തമായ നിയമനിർമ്മാണം നിലവിലുണ്ട്. എന്നാൽ ചികിത്സയുടെ ഭാഗമായി രോഗികൾക്ക് മരുന്ന് നിശ്ചയിക്കുക എന്നത് അതാത് ഡോക്ടർമാരുടെ പൂർണ്ണ അധികാരത്തിലുള്ളതാണ്. ഇതിൽ പാകപ്പിഴ വന്നാൽ നടപടികൾ സ്വീകരിക്കാൻ Indian Medical Council-നും IMA-യ്ക്കും അധികാരമുണ്ട്.

**മെഡിക്കൽ സ്റ്റോറുകൾക്ക് ലൈസൻസ്**

133 (2688) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ എത്ര മെഡിക്കൽ സ്റ്റോറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് ; അവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര മെഡിക്കൽ സ്റ്റോറുകൾ പൂട്ടിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) സ്വകാര്യ കുത്തക കമ്പനികൾക്ക് ചില്ലറ മരുന്നുവിതരണ ശൃംഖലകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കമ്പനികൾക്ക് അനുമതി നൽകി ; ഏതെല്ലാം കമ്പനികളാണവ ; എവിടെയെല്ലാമാണ് അനുമതി നൽകിയത്; ഇതിൽ ഏതെല്ലാം ആരംഭിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) പുതിയ അപേക്ഷകൾ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്; ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം സ്ഥലങ്ങളിലെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ വകുപ്പ് ലൈസൻസ് നൽകിയിട്ടുള്ള മെഡിക്കൽ സ്റ്റോറുകളുടെ

ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. ഇതിൽ റീട്ടെയിൽ ഹോൾസെയിൽ സ്ഥാപനങ്ങളും ഉൾപ്പെടും :

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1915 |
| കൊല്ലം | 1373 |
| പത്തനംതിട്ട | 679 |
| ആലപ്പുഴ | 1040 |
| കോട്ടയം | 1006 |
| ഇടുക്കി | 447 |
| എറണാകുളം | 2419 |
| തൃശ്ശൂർ | 2106 |
| പാലക്കാട് | 1217 |
| മലപ്പുറം | 2149 |
| കോഴിക്കോട് | 1954 |
| വയനാട് | 316 |
| കണ്ണൂർ | 1152 |
| കാസർഗോഡ് | 492 |

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 178 മെഡിക്കൽ സ്റ്റോറുകൾ പൂട്ടിയിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കാരുണ്യ ഫാർമസികളുടേതല്ലാത്ത മറ്റ് ചില്ലറ മരുന്നുവിതരണ ശൃംഖലകൾ ലൈസൻസുകൾക്കായി അപേക്ഷ സമർപ്പിച്ചിട്ടില്ല. ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള നിയമങ്ങൾ പ്രതിപാദിക്കുന്ന Drugs & Cosmetics Act & Rules-ലും ഇത്തരം ലൈസൻസുകൾ അനുവദിക്കാതിരിക്കുന്നതിനുള്ള നിയമങ്ങൾ ഇല്ല.

(ഡി) പുതിയ അപേക്ഷകൾ പരിഗണനയിലില്ല.

## മരുന്നുകളുടെ ഗുണനിലവാര പരിശോധന

134 (2689) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്ന് വിറ്റഴിച്ച ശേഷമാണ് ഗുണനിലവാര പരിശോധനാഫലം പുറത്ത് വരുന്നത് എന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി ഗുണനിലവാര പരിശോധനക്ക് ശേഷം മരുന്നുകൾ വിൽക്കുന്നതിനു എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

### ഉത്തരം

482/16

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രതിവർഷം 6500 ഓളം മരുന്നുസാമ്പിളുകൾ പരിശോധിക്കുന്നതിൽ 3 ശതമാനത്തിൽ താഴെ മാത്രമാണ് വിവിധ കാരണങ്ങളാൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഉൽപ്പാദിപ്പിക്കുന്ന ഓരോ ബാച്ച് മരുന്നുകളും തീവ്രമായ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷമാണ് നിർമ്മാതാക്കൾ വിപണിയിലെത്തിക്കുന്നത്. പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫ് കാലയളവിൽ, വിവിധ കാരണങ്ങളാൽ, മരുന്നിൽ അടങ്ങിയിരിക്കുന്ന ചേരുവകൾക്ക് സംഭവിക്കാവുന്ന രാസ ഭൗതിക മാറ്റങ്ങളാൽ പ്രസ്തുത മരുന്നിന് നിഷ്കർഷിച്ചിട്ടുള്ള പരിശോധന മാനദണ്ഡങ്ങൾ പാലിക്കപ്പെടാതെ വരുമ്പോഴാണ് ഗുണനിലവാരം കുറയുന്നത്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്ന മരുന്നിന്റെ വിപണനം തടഞ്ഞ നിർമ്മാതാക്കൾക്കെതിരെ നിയമ ലംഘനത്തിന്റെ കാഠിന്യത്തിന് (Minor defects/Major defects) അനുസൃതമായി ലൈസൻസ് സസ്പെന്റ് ചെയ്യുക, ലൈസൻസ് റദ്ദ് ചെയ്യുക തുടങ്ങിയ വകപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

## മരുന്നുകളുടെ വില നിയന്ത്രണം

135 (2690) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അവശ്യമരുന്നുകളിൽപ്പെടുന്ന 108 എണ്ണത്തിന്റെ വില നിയന്ത്രണം

എടുത്തുകളയാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ ജനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിൻസിൽപ്പെട്ട 348 മരുന്നുകളുടെ വില കേന്ദ്രസർക്കാർ നിയന്ത്രിച്ചിട്ടുണ്ട്. ഇത് കൂടാതെയുള്ള 108 മരുന്നുകളുടെ വിലയാണ് കേന്ദ്രസർക്കാർ നിയന്ത്രിച്ചത്. നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസിൽപ്പെട്ട 348 മരുന്നുകളുടെ വില കൂടിയിട്ടില്ല. അതിനാൽ ജനങ്ങളെ ഈ തീരുമാനം കൂടുതലായി ബാധിക്കുകയില്ല.

ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ ഖണ്ഡിക (19) പ്രകാരം ചില അസാധാരണ സാഹചര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിന് ഇതിനകം നിശ്ചയിച്ചിട്ടുള്ള മരുന്നുകളുടെ പരമാവധി വില, ചില്ലറ വിൽപ്പന വില എന്നിവ ആവശ്യമെങ്കിൽ വാർഷിക മൊത്ത വ്യാപാര വില സൂചിക കണക്കിലെടുക്കാതെ മരുന്നുകളുടെ വില വ്യത്യാസപ്പെടുത്താൻ (കൂട്ടുവാനോ/കുറയ്ക്കുവാനോ) അധികാര മുണ്ട്. മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഖണ്ഡിക (19)-ന്റെ അടിസ്ഥാനത്തിൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) 29/05/2014-ൽ ഒരു മാർഗ്ഗ നിർദ്ദേശ രേഖ പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം വില നിയന്ത്രണ വിധേയമായതും അല്ലാത്തതുമായ വിവിധ ബ്രാൻഡുകളുടെ വില വ്യത്യാസം നിരീക്ഷിക്കുകയും 25% -ൽ കൂടുതൽ വില വ്യത്യാസം കാണപ്പെടുന്ന ബ്രാൻഡുകളുടെ വില നിശ്ചയിക്കാനും തീരുമാനമുണ്ടായി. അതനുസരിച്ച് എൻ.പി.പി.എ. വിവിധ ഗസറ്റ് വിജ്ഞാപനം വഴി പ്രമേഹം, ഹൃദ്രോഗം എന്നിവയ്ക്കുള്ള മരുന്നുകൾ ഉൾപ്പെടെ 108 മരുന്നുകൾക്ക് വില നിശ്ചയിച്ചുറപ്പിക്കുകയുണ്ടായി. ഈ ഉത്തരവിനെതിരെ നിർമ്മാതാക്കൾ ഹൈക്കോടതിയെ സമീപിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത മാർഗ്ഗ നിർദ്ദേശം 22-9-2014-ന് പിൻവലിക്കുകയുമുണ്ടായി.

## എൻ.ആർ.എച്ച്.എം.-ന്റെ കീഴിലെ ഹോമിയോ ഡിസ്പെൻസറികൾ

136 (2691) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ. എച്ച്.എം.-ന്റെ കീഴിൽ എത്ര പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) മലപ്പുറം മണ്ഡലത്തിലെ കോഡൂരിൽ പുതുതായി അനുവദിച്ച ഹോമിയോ ഡിസ്പെൻസറി ഇപ്പോഴും പ്രവർത്തനം ആരംഭിക്കാത്തത് എന്ത് കൊണ്ടാണ് ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 91 എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്.

(ബി) ആകെ അനുവദിച്ച 91 എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികളിൽ 51 എണ്ണം പ്രവർത്തനം ആരംഭിക്കുകയും, 40 എണ്ണം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(സി) മലപ്പുറം മണ്ഡലത്തിലെ കോഡൂരിൽ പുതുതായി അനുവദിച്ച ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള കെട്ടിട സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ എൻ.ആർ.എച്ച്.എം. മെഡിക്കൽ ആഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ചിറക്കര NRHM ഹോമിയോ ആശുപത്രി**

137 (2692) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൻ.ആർ.എച്ച്.എം. ഹോമിയോ ആശുപത്രി സർക്കാർ ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ അതിന്മേൽ കൈക്കൊണ്ട നിലപാടുകളും നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ലഭിച്ചിരുന്നു.

(ബി) പ്രസ്തുത അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഹോമിയോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. NRHM-ന്റെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറികളെ സർക്കാർ ഡിസ്പെൻസറികളായി ഉയർത്തുന്ന

പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

**ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം**

138 (2693) പ്രൊഫ സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള നിരവധി ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും മാസങ്ങളായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പത്തു ലക്ഷം രൂപ വരുമാനം ലഭിക്കുന്ന ക്ഷേത്രങ്ങൾക്ക് മാനേജ്മെന്റ് ഫണ്ട് അനുവദിക്കാത്തതാണ് ഈ പ്രതിസന്ധിക്ക് കാരണമായിരിക്കുന്നതെന്നതിനാൽ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്താൻ തയ്യാറാകുമോ ;

(സി) ശമ്പള കുടിശ്ശിക ആവശ്യപ്പെട്ട ജീവനക്കാർക്കെതിരെ സ്വീകരിക്കുന്നതായി പറയപ്പെടുന്ന പ്രതികാര നടപടികൾ പിൻവലിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം, ശമ്പള കുടിശ്ശിക എന്നിവ സംബന്ധിച്ച് പരാതികൾ 2014 ജൂൺ 30-നകം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് രേഖാമൂലമോ, ഫോൺ മുഖേനയോ അറിയിക്കാവുന്നതാണെന്ന് കാണിച്ച് 19-6-2014-ൽ ബോർഡ് പത്രക്കുറിപ്പ് ഇറക്കിയതിന്റെ അടിസ്ഥാനത്തിൽ 87-ഓളം പരാതികൾ ലഭിച്ചിരുന്നു. 70-ഓളം പരാതികളിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. മറ്റു പരാതികൾ പരിശോധിച്ച് ശമ്പളവും ശമ്പളകുടിശ്ശികയും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് (എം എസ്.) 258/10/ആർഡി. തീയതി 28-2-2009 ഉത്തരവ് പ്രകാരം ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബോർഡിൽ നിന്നും ധനസഹായം അനുവദിക്കുവാൻ സർക്കാർ നിശ്ചയിച്ച പ്രതിവർഷ വരുമാന

പരിധി 5 ലക്ഷം രൂപയാണ്. മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ഇനത്തിലെ ധനസഹായം അനുവദിക്കുന്നതിന് 5 ലക്ഷമെന്ന വരുമാന പരിധി അപര്യാപ്തമാണെന്ന് കണ്ടതിനെ തുടർന്ന്, ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് മലബാർ ദേവസ്വം ബോർഡ് സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന് വിധേയമായി 10 ലക്ഷം വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 50% തുക മാനേജ്മെന്റ് ഫണ്ടിൽ നിന്നും ബോർഡ് അനുവദിച്ചുവരുന്നുമുണ്ട്.

(സി) ഇത്തരത്തിലുള്ള യാതൊരു നടപടിയും ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

**ശബരിമല മണ്ഡല ഉത്സവവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ നിയമനം**

139 (2694) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശബരിമല മണ്ഡല ഉത്സവവുമായി ബന്ധപ്പെട്ട് 2014-ൽ ദേവസ്വം ബോർഡ് എത്ര താൽക്കാലിക ജീവനക്കാർ, കരാർ ജീവനക്കാർ, ദിവസവേതന ജീവനക്കാർ എന്നിവരെ നിയമിച്ചിട്ടുണ്ടെന്നും ഓരോരുത്തരുടേയും ശമ്പള നിരക്ക് എത്രയാണെന്നും നിയമന മാനദണ്ഡം എന്തായിരുന്നു എന്നും വിശദമാക്കുമോ ?

ഉത്തരം

1320 ദിവസ വേതനക്കാരേയും, 100 സെക്യൂരിറ്റി ജീവനക്കാരേയും നിയോഗിച്ചിട്ടുണ്ട്. അരവണയിൽ ഡ്യൂട്ടി നോക്കുന്ന ദിവസവേതനക്കാർക്ക് 400 രൂപ ക്രമത്തിലും മറ്റുള്ളവർക്ക് 300 രൂപ ക്രമത്തിലും സെക്യൂരിറ്റി ജീവനക്കാരിൽ സെക്യൂരിറ്റി സൂപ്പർവൈസർമാർക്ക് 500 രൂപ ക്രമത്തിലും മറ്റുള്ളവർക്ക് 400 രൂപ ക്രമത്തിലും വേതനം നൽകിവരുന്നു. പത്ര പരസ്യം നൽകി ഇന്റർവ്യൂ നടത്തി നിബന്ധനകൾക്ക് വിധേയമായിട്ടാണ് നിയമനം നടത്തുന്നത് എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

**ക്ഷേത്ര നിയമനങ്ങളിലെ ജാതി വിവേചനം**

140 (2695) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്ര നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ബി) കൊച്ചി ദേവസ്വം ബോർഡും മലബാർ ദേവസ്വം ബോർഡും ക്ഷേത്ര നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിരിക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ ;

(സി) പ്രസ്തുത ദേവസ്വം ബോർഡുകളിലെ കമ്മീഷണർമാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളും ശാന്തി നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് തിരുത്തുന്നതിനാവശ്യമായ ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ നിയമനങ്ങളിൽ ജാതി വിവേചനം ഇല്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ നിയമനങ്ങൾ നടത്തുന്നത് ക്ഷേത്രഭരണാധികാരി കളാണ്. നിയമനങ്ങളിലെ നിയമപരമായ സാധുത പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള ചുമതല മാത്രമാണ് ബോർഡ് നിർവ്വഹിച്ചുവരുന്നത്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ നോട്ടിഫിക്കേഷൻ നടത്തുന്ന സമയം ജാതി പരിഗണന കൂടാതെ നിയമനങ്ങൾ നടത്തുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ ഗുരുവായൂർ ദേവസ്വം ആക്ട് ആന്റ് റൂൾസ് 19, 1983-ലെ ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റെഗുലേഷൻ 8 വ്യവസ്ഥകൾ പ്രകാരം നിയമനങ്ങളിൽ എസ്.സി./എസ്.റ്റി വിഭാഗങ്ങൾക്ക് 10 ശതമാനം സംവരണം വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി&സി) കൊച്ചിൻ ദേവസ്വത്തിൽ നിലവിൽ പാലിച്ചുവന്നിരുന്ന മാനദണ്ഡങ്ങളും കീഴ്‌വഴക്കങ്ങളും അനുസരിച്ചാണ് നിയമനങ്ങൾ നടത്തി വന്നിരുന്നത്. ക്ഷേത്ര നിയമനങ്ങളിൽ ജാതി മാനദണ്ഡമാക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് ഇതുവരെ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ശാന്തി നിയമനത്തിൽ ജാതി മാനദണ്ഡമാക്കിയിട്ടില്ല. ശാന്തി നിയമനത്തിൽ

ജാതി പരിഗണിക്കുന്നതിന് മലബാർ ദേവസ്വം ബോർഡിൽ നിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ നോട്ടിഫിക്കേഷൻ നടത്തുന്ന സമയം ജാതി പരിഗണന കൂടാതെ നിയമനങ്ങൾ നടത്തുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ മേൽശാന്തി, കീഴേടം ക്ഷേത്രങ്ങളിലെ ശാന്തിക്കാർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഗുരുവായൂർ ദേവസ്വം ഭരണ സമിതി അതാത് സമയത്ത് നിശ്ചയിക്കുന്ന യോഗ്യതകളെയാണ് പരിഗണിച്ചുവരുന്നത്. ഗുരുവായൂർ ക്ഷേത്രത്തിലെയും കീഴേടം ക്ഷേത്രങ്ങളിലെയും ആചാരാനുഷ്ഠാനങ്ങളും, കീഴ്വഴക്കങ്ങളും ഈ നിയമന കാര്യങ്ങളിൽ ഗുരുവായൂർ ദേവസ്വം ഭരണ സമിതി പരിഗണിച്ചുവരുന്നുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിലെ കീഴ്ശാന്തിക്കാരെ നിശ്ചയിക്കുന്നത് പാരമ്പര്യ അവകാശ പ്രകാരമാണ്. 13 ഇല്ലങ്ങളിലെ പാരമ്പര്യ അവകാശികളെയാണ് ഗുരുവായൂർ ക്ഷേത്രത്തിൽ കീഴ് ശാന്തിമാരായി നിശ്ചയിക്കുന്നത്.

**ദേവസ്വം ബോർഡുകളിലെ ജീവനക്കാർ**

141 (2696) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേവസ്വം വകുപ്പിന് കീഴിലായി ഏതെല്ലാം ദേവസ്വം ബോർഡുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഇതിൽ ഓരോ ബോർഡിനും കീഴിൽ എത്ര വീതം ക്ഷേത്രങ്ങളുണ്ട് ;

(സി) ഈ ക്ഷേത്രങ്ങളിൽ ഓരോന്നിലും എത്ര സ്ഥിരം ജീവനക്കാരുണ്ട് ;

(ഡി) സ്ഥിരം ജീവനക്കാരിൽ എത്ര വീതം പട്ടികജാതി/ പട്ടികവർഗ്ഗക്കാരുണ്ട് ;

(ഇ) ക്ഷേത്ര ജീവനക്കാരെ നിയമിക്കുമ്പോൾ സംവരണ തത്വം പാലിക്കപ്പെടുന്നതിന് നിർദ്ദേശങ്ങളുണ്ടോ ?

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്

(ബി)

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 1248 ക്ഷേത്രങ്ങൾ.

മലബാർ ദേവസ്വം ബോർഡ് - 1358 ക്ഷേത്രങ്ങൾ

കൊച്ചിൻ ദേവസ്വം ബോർഡ് - 403 ക്ഷേത്രങ്ങൾ.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരും കൊച്ചിൻ ദേവസ്വം ബോർഡിൽ 1434 ജീവനക്കാരും, മലബാർ ദേവസ്വം ബോർഡിൽ 6320 ജീവനക്കാരുമുണ്ട്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 85 ജീവനക്കാരും കൊച്ചിൻ ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 73 ജീവനക്കാരും ഉണ്ട്. എന്നാൽ മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിക്കുള്ളിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നത് അതാത് ക്ഷേത്ര ഭരണാധികാരികളാണ്. ജീവനക്കാരെ നിയമിക്കുന്നതിൽ സ്വീകരിച്ച നടപടിക്രമങ്ങളിലെ നിയമസാധുത പരിശോധിച്ച് അംഗീകാരം നൽകുന്ന ചുമതല മാത്രമാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിൽ ജാതി മാനദണ്ഡ മല്ലാത്തതിനാൽ ജാതി തിരിച്ചുള്ള പ്രത്യേക കണക്ക് ക്ഷേത്രങ്ങളിലോ ബോർഡിന്റെ ഓഫീസിലോ സൂക്ഷിച്ചുവരുന്നില്ല.

(ഇ) നിയമനത്തിന് ക്ഷേത്ര ജീവനക്കാർ, സ്കൂൾ, കോളേജ് നിയമനങ്ങൾ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നെങ്കിലും ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ രണ്ട് കേസ്സുകൾക്ക് തീർപ്പായിട്ടില്ലാത്തതിനാൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മലബാർ ദേവസ്വം ബോർഡിൽ നിലവിലുള്ള നിയമ പ്രകാരം ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നതിൽ സംവരണ തത്വം പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. കൊച്ചിൻ ദേവസ്വത്തെ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ നിലവിലില്ല.

**ശബരിമലയിലെ അപ്പം, അരവണ നിർമ്മാണ കരാർ**

142 (2697) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ തീർത്ഥാടന കാലയളവിൽ ശബരിമലയിൽ അപ്പം, അരവണ പ്രസാദങ്ങളുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) എത്ര തുകയ്ക്കാണ് പ്രസ്തുത കരാറുകൾ നൽകിയിട്ടുള്ളത് ;

(സി) മാളികപ്പുറത്തിന് സമീപത്തെ അപ്പം നിർമ്മാണ പ്ലാന്റിൽ അപ്പം ഉപയോഗശൂന്യമായ സംഭവത്തിന്റെ കാരണം എന്താണ് ;

(ഡി) ഇതിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് ; നഷ്ടം എപ്രകാരം നികത്താനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഇ) പ്രസ്തുത സംഭവത്തിന് കാരണക്കാരായവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

482/16

ഉത്തരം

(എ &ബി) ഈ മണ്ഡല മകരവിളക്ക് കാലയളവിൽ അപ്പം, അരവണ പ്രസാദങ്ങളുടെ കരാർ ഏറ്റെടുത്തതിന്റെ വിശദവിവരം താഴെ ചേർക്കുന്നു :

| കാര | പേര് | കൂട്ടൊന്നിന് |
|---|---|---|
| ഇലക്ട്രിക് | കുമാരസ്വാമി പിള്ള, ചിന്നഭവൻ, തോട്ടുമുക്ക്, പുളിയറക്കോണം, തിരുവനന്തപുരം | 925 രൂപ |
| തെർമിക്ക് ഫ്ലൂയിഡ് | സുതൻ, തേരിവിള പുത്തൻ വീട്, കറുകച്ചാൽ, കരകുളം | 1400 ” |
| ഗ്യാസ് | ഉദയകുമാർ, കൃഷ്ണോദയം, വ്യൂലെയിൻ,വട്ടിയൂർക്കാവ്, തിരുവനന്തപുരം | 1190 ” |
| മേടവിഷു | സുതൻ, തേരിവള പുത്തൻ വീട്, കറുകച്ചാൽ, കരകുളം | 690 ” |

(സി) പരിചയസമ്പന്നരല്ലാത്ത അപ്പം കുത്തുകാരെ കരാറുകാർ നിയോഗിച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

(ഡി &ഇ) 4,03,423 രൂപയുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം ടി തുക ഉദയകുമാറിന്റെ ഇ.എം.ഡി, സെക്യൂരിറ്റി എന്നിവയിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ശബരിമലയിൽ എ.ഡി.ജി.പി.ക്കും കുടുബത്തിനും സുഖദർശനം**

143 (2698) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ എ.ഡി.ജി.പി.ആർ. ശ്രീലേഖയ്ക്കും കുടുംബത്തിനും

ദർശനമൊരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ശബരിമലയിൽ ദർശന നിയമങ്ങൾ ലംഘിച്ച എ.ഡി.ജി.പി.ആർ. ശ്രീലേഖയ്ക്കെതിരെ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ പ്രവൃത്തിക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ;

(ഡി) സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും അനുമതിയോടെയാണോ എ.ഡി.ജി.പി. ആർ. ശ്രീലേഖ ശബരിമലയിൽ എത്തിയതെന്നു വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) ശബരിമലയിൽ എ.ഡി.ജി.പി. ശ്രീമതി ശ്രീലേഖയും മറ്റൊരു സ്ത്രീയും ദർശനം നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശബരിമല ദർശന നിയമങ്ങൾ ഒന്നുംതന്നെ ലംഘിച്ചിട്ടില്ല. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളുടെ ആവശ്യമില്ല. തീർത്ഥാടനത്തിന് പോലീസ് ഉദ്യോഗസ്ഥർ പോകുന്നതിന് സർക്കാരിന്റെയോ ദേവസ്വം ബോർഡിന്റെയോ അനുമതി ആവശ്യമില്ല.

## ശബരിമലയിലും പമ്പയിലും കടകൾ നടത്താനും കൊപ്ര ശേഖരണത്തിനുമുള്ള അവകാശം

144 (2699) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ തീർത്ഥാടന കാലത്ത് ശബരിമലയിലും പമ്പയിലും കടകൾ നടത്തുന്നതിനുള്ള അവകാശം ദേവസ്വം ബോർഡ് ലേലം ചെയ്ത് നൽകിയത് എത്ര തുകയ്ക്കാണ് ;

(ബി) ലേല നടപടികൾ പൂർണ്ണമായും ഇ-ടെണ്ടർ സംവിധാനം വഴിയാണോ നടപ്പിലാക്കിയത് ; അല്ലാത്ത പക്ഷം അതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ കൊപ്ര ശേഖരിക്കുന്നതിനുള്ള കരാർ ആർക്കാണ് നൽകിയിരിക്കുന്നത് ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ ) 37,57,36,965 രൂപയ്ക്ക്.

(ബി) ഇ-ടെണ്ടർ മുഖാന്തിരമാണ് നടപ്പിലാക്കിയത്. നിരവധി തവണ ഇ-ടെണ്ടർ ക്ഷണിച്ചിട്ടും ആൾ ഏർപ്പെടാത്ത ചില ഇനങ്ങൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിച്ച് ടെണ്ടർ നൽകിയിട്ടുണ്ട്.

(സി) സന്നിധാനത്ത് 5,77,25,000 രൂപയ്ക്ക് മാർക്കറ്റിംഗ് ഫെഡറേഷനും, പമ്പയിൽ 2,13,50,000 രൂപയ്ക്ക് സുരേഷ് കുമാർ എന്നയാൾക്കുമാണ് കൊപ്ര ശേഖരിക്കുന്നതിനുള്ള കരാർ നൽകിയിരിക്കുന്നത്.

**ശബരിമലയിൽ ആരോഗ്യപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി**

145 (2700) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ ശബരിമല ക്ഷേത്രത്തിലേക്കുള്ള പരമ്പരാഗത കാനനപാത ഉൽപ്പെടെയുള്ള ശരണ പാതകളിൽ ഹൃദയാഘാതത്തിൽ തളർന്നുവീണ് ആവശ്യമായ ചികിത്സ ലഭിക്കാതെ മരണപ്പെട്ട തീർത്ഥാടകർ എത്രയാണ് ;

(ബി) എരുമേലിയിൽ നിന്നും ആരംഭിക്കുന്ന പരമ്പരാഗത കാനന പാതയിൽ ഓക്സിജൻ പാർലറുകൾ സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) എരുമേലിയിലെ അലോപ്പതി ആരോഗ്യ കേന്ദ്രത്തിൽ കാർഡിയോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടികൽ സ്വീകരിക്കുമോ ;

(ഡി) എരുമേലിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ആശുപത്രി സമുച്ചയം പണിപൂർത്തീകരിച്ചിട്ടുണ്ടോ ; ആശുപത്രി തുറന്നു പ്രവർത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശബരിമല ക്ഷേത്രത്തിലേക്കുള്ള പരമ്പരാഗത കാനനപാത ഉൾപ്പെടെയുള്ള ശരണപാതയിൽ 2011 മുതൽ 2013 വരെയുള്ള കാലത്ത് 74 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) സീസൺ സമയത്ത് ടി സ്ഥലങ്ങളിൽ മെഡിക്കൽ ടീം പ്രവർത്തിക്കുന്നുണ്ട്. കാനനപാതയിൽ ഓക്സിജൻ പാർലറുകൾ ആരംഭിക്കുന്ന കാര്യം ആരോഗ്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) ആരോഗ്യ വകുപ്പിൽ കാർഡിയോളജിസ്റ്റ് ലഭ്യമല്ലാത്തതിനാൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആശുപത്രി സമുച്ചയത്തിന്റെ പണി പൂർത്തീകരിച്ചുവരുന്നു. പ്ലമ്പിംഗ്, ഇലക്ട്രിക്കൽ ജോലികൾ നടന്നുവരുന്നു.

**ഡി.ആർ.ഐ.പി. (ഇ.എ.പി) പദ്ധതി**

146 (2701) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.ആർ.ഐ.പി. (ഇ.എ.പി) പദ്ധതിയിൻകീഴിൽ ജലസേചന വിഭാഗം ചീഫ് എഞ്ചിനീയർ ഏതെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നത് ;

(ബി) ഈ സാമ്പത്തിക വർഷം എത്ര രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) ഈ വർഷം ഇതുവരെ എത്ര തുകയ്ക്കുള്ള പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെയും വൈദ്യുതി ബോർഡിന്റെയും നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/ റെഗുലേറ്റ‍റു കൾ എന്നിവയുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ "ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി (DRIP)" നടപ്പിലാക്കി വരുന്നു. ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മലമ്പുഴ, വാളയാർ, പീച്ചി, നെയ്യാർ, മീങ്കര, ചുള്ളിയാർ. പോത്തുണ്ടി, കാഞ്ഞിരപ്പുഴ, വാഴാനി, കുറ്റ്യാടി, പഴശ്ശി ബാരേജ്, മൂലത്തറ റഗുലേറ്റർ, ചിമ്മിനി, പെരിയാർവാലി, മലങ്കര, കല്ലട എന്നീ പദ്ധതികളാണ് ഡ്രിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അണക്കെട്ടുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും പുനരുദ്ധാരണവും ജലസേചന വകുപ്പിന്റെ കീഴിലുള്ള അണക്കെട്ട് സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പ്രധാനമായും അണക്കെട്ടുകളുടെയും ബന്ധപ്പെട്ട സാഡിൽ ഡാമുകളുടെയും അറ്റകുറ്റ പണികളും നവീകരണ പ്രവർത്തനങ്ങളും ഷട്ടറുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും അറ്റകുറ്റപ്പണികളും, നവീകരണവും അണക്കെട്ടു പ്രദേശത്തെ വൈദ്യുതീകരണവും

അണക്കെട്ടുകളുടെയും സംഭരണികളുടെയും ഭൂമി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും, അണക്കെട്ടുകളുടെ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ഡ്രിപ്പിൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നത്.

(ബി) ഡ്രിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന മലമ്പുഴ (TS amount 8.15 കോടി രൂപ) വാളയാർ (TS amount 5.05 കോടി രൂപ) നെയ്യാർ (TS amount 5.07 കോടി രൂപ) പീച്ചി (TS amount 2.306 കോടി രൂപ) വാഴാനി (TS amount 2.45 കോടി രൂപ) ചുള്ളിയാർ (TS amount 4.60 കോടി രൂപ) എന്നീ അണക്കെട്ടുകളിലെ നവീകരണ പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്തു. ഇതിൽ മലമ്പുഴ അണക്കെട്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും (Contract Amount 9.80 കോടി രൂപ) നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. നെയ്യാർ, ചുള്ളിയാർ എന്നീ അണക്കെട്ടുകളിലെ നവീകരണ പ്രവർത്തനങ്ങളുടെ ടെണ്ടർ പരിശോധനാ നടപടികൾ നടന്നുവരികയാണ്. മറ്റ് അണക്കെട്ടുകളിലെ പ്രവർത്തികൾക്കായി പലപ്രാവശ്യം ടെണ്ടർ ചെയ്തു എങ്കിലും ഒരു പ്രതികരണവും ലഭിച്ചില്ല. വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഡ്രിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ പ്രോജക്ടുകൾക്കും കൂടി ജലസേചന വകുപ്പിന് 158 കോടി രൂപയ്ക്ക് ഭരണാനുമതി (സർക്കാർ ഉത്തരവ് G.O.(Rt)നമ്പർ110/2013/WRD 6-2-2013) നൽകിയിട്ടുണ്ട്.

**തേവര-പേരണ്ടൂർ കനാലിന്റെ പുനരുദ്ധാരണം**

**147 (2702)** ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേവര-പേരണ്ടൂർ കനാലിന്റെ പുനരുദ്ധാരണത്തിന് 900 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ജോലി എന്ന് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാരണക്കോണം തോട് നന്നാക്കി നീരൊഴുക്ക് സുഗമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ ) ഇല്ല.

(ബി) ബാധകമല്ല.

(സി) നബാർഡ് XX ൽ ഈ പ്രവൃത്തി ഉൾപ്പെടുത്തുവാൻ 365 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**നേമം - പുന്നക്കാമുഗൾ കൊടൂർകോണം കുളം നവീകരണം**

**148 (2703)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിൽ പുന്നക്കാമുഗൾ വാർഡിലെ കൊടൂർകോണം കുളത്തിന്റെ ശുചീകരണ-നവീകരണ പ്രവർത്തനങ്ങൾ ചെറുകിട ജലസേചന വകുപ്പ് 2012-ൽ ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്നും ആയത് എന്നത്തേക്ക പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുളത്തിന്റെ നവീകരണ-ശുചീകരണ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ നീക്കിവച്ചിട്ടുള്ളതെന്നും അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത കുളത്തിന്റെ വശങ്ങളിൽ, കോർപ്പറേഷന്റെ സഹായത്താൽ നിർമ്മിച്ചു നൽകിയ വീടുകളിലെ സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യങ്ങൾ കുളത്തിലേക്ക് നേരിട്ട് തുറന്നു വച്ചതായി കാണപ്പെട്ടിട്ടുണ്ട്. പ്രസ്തുത അവസ്ഥയിൽ മാറ്റം വന്നാൽ മാത്രമേ കുളത്തിന്റെ നവീകരണം നടത്തുന്നതുകൊണ്ട് പ്രയോജനമുള്ളൂ. ആയതിനാൽ സെപ്റ്റിക് ടാങ്കുകൾക്ക് പകരം K.W.A-യുടെ സ്വീവേജ് ലൈൻ സ്ഥാപിച്ച് ടോയ്‌ലെറ്റുകൾ അതിൽ ഘടിപ്പിക്കുന്നതിനുള്ള പദ്ധതി കേരളാ വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്തു. നിലവിലുള്ള ടോയ്‌ലെറ്റുകൾ മെയിൻ ലൈനിനേക്കാൾ താഴ്ന്ന നിലയിൽ സ്ഥിതിചെയ്യുന്നതിനാൽ ഇപ്പോഴത്തെ നിലയ്ക്ക് ഇതിന്റെ കണക്ഷൻ നൽകാൻ സാധ്യമല്ലാത്ത സ്ഥിതിയാണ്. അതിനാൽ ടോയ്‌ലെറ്റുകൾ ഉയർത്തി പണിത് അതിന്റെ ഔട്ട്‌ലെറ്റ് മെയിൻ ലൈനിൽ ഘടിപ്പിച്ചാൽ മാത്രമേ ഇത് ഉപയുക്തമാകുകയുള്ളൂ. ഈ ടോയ്‌ലെറ്റുകൾ സ്വയം പുതുക്കിപ്പണിയാൻ സാധ്യമല്ല എന്ന് വീട്ടുകാർ അറിയിച്ചതിനാൽ പ്രസ്തുത സ്ഥിതി തുടരുകയാണ്. ഈ അവസ്ഥയിൽ തുടർ നവീകരണം പ്രയോജനരഹിതമാണെന്ന് കണ്ടതിനാലും കരാർ കാലാവധി കഴിഞ്ഞു എന്ന് കരാറുകാരൻ അറിയിച്ചതിനാലും

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പണി മുന്നോട്ട് പോകാൻ സാധിക്കാത്തതിനാലും പ്രസ്തുത പണി ഫോർക്ലോസ് ചെയ്ത് കരാറുകാരനെ വിടുതൽ ചെയ്തിട്ടുണ്ട്. മുൻ പ്രസ്താവിച്ച വിധത്തിൽ ടോയ്‌ലെറ്റുകളുടെ കണക്ഷൻ മാറ്റി നൽകിയതിനുശേഷം വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി പണി arrange ചെയ്താൽ മാത്രമേ കുളം നവീകരണം സാധ്യമാകുകയുള്ളൂ.

(ബി) പ്രസ്തുത കുളത്തിന്റെ നവീകരണ ശുചീകരണ പ്രവർത്തനങ്ങൾക്കായി 12,00,000 രൂപയാണ് നീക്കി വച്ചിരുന്നത്. അതിൽ നാളിതുവരെ 1,26,030 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ കടൽഭിത്തി നിർമ്മാണം**

**149 (2704)** <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ രൂക്ഷമായ കടലാക്രമണം തടയുന്നതിന് കടൽഭിത്തി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ഉദുമ എം.എൽ.എ. നൽകിയ ഹർജിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ കടൽ തീരത്ത് കടൽഭിത്തി നിർമ്മാണത്തിനായി 296 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കല്ലട ഇറിഗേഷൻ പദ്ധതി**

**150 (2705)** <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും അനുബന്ധ ജോലികളായ പരവൂർ, ഭൂതക്കുളം മേഖലയിലെ കനാൽ ജോലികളും പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാ

ണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ആവശ്യം നിറവേറ്റുന്നതിലേക്കായി കേന്ദ്ര ഗവൺമെന്റ് പദ്ധതികളായ ഇ.ആർ.എം. സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ &ബി) പരവൂർ ഡിസ്ട്രിബ്യൂട്ടറിയിലെ ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ പുനരുദ്ധാരണ പണികൾക്കും അനുബന്ധ ജോലികളായ പരവൂർ, ഭൂതക്കുളം മേഖലകളിലെ കനാൽ ജോലികൾ പൂർത്തീകരിക്കുന്നതിനുമായി തയ്യാറാക്കിയ 5.5 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം

**151 (2706)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ജലസേചന വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം, അടങ്കൽ തുക എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ജലസേചന വകുപ്പിന് കീഴിൽ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്തതെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തൊക്കെയാണെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ജലസേചന വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം -3

| | |
|---|---|
| 1. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം | 255.335 കോടി |
| 2. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ | 13.49 കോടി |
| 3. കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ | 758.39 കോടി |

| | |
|---|---|
| അടങ്കൽ തുക | 1027.215 കോടി |

എല്ലാ പ്രവ്യത്തികളും ആലപ്പുഴ ജില്ലയിൽ ആണ്.

(ബി) അനുമതി നൽകിയിട്ടില്ല.

**അയൽ സംസ്ഥാനങ്ങളുമായുള്ള നദീജല കരാറുകൾ**

482/16152 (2707) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അയൽ സംസ്ഥനങ്ങളുമായുള്ള നദീജല കരാറുകളിൽ കൂടുതൽ ജാഗ്രതയോടെ മുന്നോട്ട് പോകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ, 1970-ലെ അനുബന്ധ കരാറുകൾ എന്നിവയാണ് അവ. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് കൊടിയ വരൾച്ച അനുഭവപ്പെട്ട വർഷങ്ങളിലൊഴികെ കേരളത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ആണ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തി

ലൂടെ ജലത്തിന്റെ കണക്ക് ഓരോ ദ്വൈവാരത്തിലും തയ്യാറാക്കി അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ചർച്ച ചെയ്ത് പരിഹരിച്ചാണ് ലഭിക്കേണ്ട വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തുന്നത്. സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗങ്ങളിൽ ശക്തമായി വാദിച്ചും സർക്കാരിന്റെ സമയോചിതവും ഫലപ്രദവുമായ ഇടപെടലുകളിലൂടെയും കേരളത്തിന്റെ ജലവിഹിതം നേടിയെടുക്കാൻ പരമാവധി ശ്രമിക്കാറുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് കൺട്രോൾ ബോർഡ് ആണ്. ഈ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. അന്തർ സംസ്ഥാന ജലവിഷയങ്ങളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട ഉപദേശങ്ങളും, നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി ഒരു അന്തർ സംസ്ഥാന ജല ഉപദേശക സമിതി നിലവിലുണ്ട്. കൂടാതെ മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ നടക്കുന്ന കേസുകളുടെ നടത്തിപ്പിനും അതിന് ഉപോൽബലകമായി സാങ്കേതിക വിശദാംശങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി ഒരു മുല്ലപ്പെരിയാർ സെല്ലും രൂപീകരിച്ചിട്ടുണ്ട്. 2012-13 ജല വർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജില്ല പി.എ.പി.യിൽ നിന്ന് ലഭിച്ചില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനത്തിനെതിരായി തമിഴ്നാടിനെതിരായി ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. തുടർന്നും അന്തർ സംസ്ഥാന ജലവിഷയങ്ങളിൽ സംസ്ഥാനതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തിനുവേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുതന്നെയാണ് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട്.

**ജലസേചന വകുപ്പിന്റെ മേജർ ഇറിഗേഷൻ പദ്ധതി**

153 (2708) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പ് മേജർ ഇറിഗേഷൻ പദ്ധതി പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കുളം ഏതൊക്കെ പഞ്ചായത്തിൽ 2012-2013,2014 വർഷങ്ങളിൽ എടുത്തിട്ടുണ്ട് ; പേരും, തുകയും, ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ ;

(ബി) തടയണ, മറ്റ് നിർമ്മാണ പണികൾ MI വഴി നടക്കുന്നത് വ്യക്തമാക്കാമോ ;

(സി) Major Irrigation പദ്ധതി പ്രകാരം കൊല്ലമ്പുഴ ആറിന്റെ പാർശ്വഭിത്തി

ബലപ്പെടുത്താൻ നിലവിൽ തയ്യാറാക്കി അനുമതി നൽകിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ;

(ഡി) കൊല്ലമ്പുഴ ആറാട്ട് കടവ് സംരക്ഷിക്കാൻ ഒരു നിവേദനം Major Irrigation Chief Engineer-ക്ക് നൽകിയിരുന്ന നിവേദനത്തിൻമേലുള്ള നടപടി എന്തായി എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി മേജർ ഇറിഗേഷൻ വഴി നടപ്പിലാക്കുന്നില്ല.

(ബി) തടയണകളുടെ നിർമ്മാണം, കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ അറ്റകുറ്റപ്പണികൾ, ക്രോസ് ബാറുകളുടെ നിർമ്മാണം, ഉപ്പുവെള്ളം പ്രതിരോധിക്കുന്നതിനുള്ള ഓരുമുട്ടുകൾ എന്നിങ്ങനെയുള്ള പ്രവൃത്തികൾ MI വഴി നടത്തിവരുന്നു.

(സി&ഡി) കൊല്ലമ്പുഴ ആറാട്ട് കടവിൽ അടിയന്തരമായി പാർശ്വഭിത്തി സംരക്ഷിക്കാൻ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതി**

154 (2709) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി, വടശ്ശേരിക്കര-പഴവങ്ങാടി പഞ്ചായത്തുകളിലായി നടപ്പാക്കുന്ന റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര രൂപയാണ് ഇതിന്റെ നിർമ്മാണ ചെലവ് ;

(ബി) ആദ്യഘട്ടം കമ്മീഷൻ ചെയ്യുന്നതിന് ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് ബാക്കിയുള്ളത്. ഈ പ്രവൃത്തി പൂർത്തീകരിക്കാൻ താമസം നേരിടുന്നത് എന്തുകൊണ്ട് ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടം 4/2008-ലും രണ്ടാം ഘട്ടം 9/2012-ലും നിർമ്മാണം ആരംഭിച്ചു.

പദ്ധതിയുടെ 2014 നവംബർ വരെയുള്ള നിർമ്മാണചെലവ് ഒന്നാം ഘട്ടത്തിന് 1316.30 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 819.93 ലക്ഷം രൂപയുമാണ്.

(ബി) ടി ശുദ്ധജല-വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെട്ട ചെല്ലക്കാട്, തേക്കമല എന്നീ ബൂസ്റ്റർ പമ്പ് ഹൗസുകളിൽ പമ്പ് സെറ്റ് സ്ഥാപിക്കാനുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് കരാർ നൽകിയെങ്കിലും പണികൾ പൂർത്തീകരിച്ചിട്ടില്ല. പണി എത്രയും വേഗത്തിൽ പൂർത്തീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് പുറമേ വൈദ്യുതി കണക്ഷനും ലഭ്യമാകേണ്ടതുണ്ട്. പഴവങ്ങാടി പഞ്ചായത്തിലേക്കുള്ള പി.വി.സി. ഗ്രാവിറ്റി ലൈൻ പൊതുമരാമത്ത് വകുപ്പിന്റെ കലുങ്ക് നിർമ്മാണം മൂലം തകരാറിലായിട്ടുണ്ട്. ഇത് നന്നാക്കുന്നത് ശബരിമല സീസണിന് ശേഷമേ കഴിയുകയുള്ളൂ. ഈ പ്രവർത്തികളും പമ്പ് സെറ്റ് സ്ഥാപിക്കുന്ന പണികളും ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പുലമൺതോട് നവീകരണം**

155 (2710) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോട് നവീകരണത്തിന് കരാർ ഉറപ്പിച്ചത് എന്നാണ് ; കരാർ തുക എത്രയാണ് ;

(ബി) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണ് ;

(സി) നിർമ്മാണ പ്രവൃത്തികൾ വളരെ മന്ദഗതിയിൽ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അതിപ്രധാന ജലസ്രോതസ്സായ പുലമൺതോടിന്റെ നവീകരണം പൂർണ്ണമായും സമയബന്ധിതമായും പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പുലമൺ തോട് നവീകരണത്തിന് കരാർ ഉറപ്പിച്ചത് 3-12-2013-ലാണ്.

കരാർ തുക 2,98,10,331 രൂപ

(ബി) കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ 12-12-2013-ന് സൈറ്റ് ഏറ്റെടുത്തു.

(സി) ഉണ്ട്.

(ഡി) 12-12-2013-ൽ സൈറ്റ് കരാറുകാരൻ ഏറ്റെടുത്ത് പണി തുടങ്ങിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പുരോഗതി കുറവാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ കരാറുകാരന് ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും പുരോഗതി ഉണ്ടാകാത്ത തിനാൽ 8-10-2014-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കരാർകാരനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് വിളിച്ച് കൂട്ടുകയും വിഭാവനം ചെയ്ത രീതിയിൽത്തന്നെ പണി തീർക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അത് അനുസരിച്ച് പ്രവൃത്തിയുടെ പുരോഗതി നിരീക്ഷിച്ച് വരികയും ചെയ്തുവരുന്നു. പണി തീർക്കുവാൻ വേണ്ട തുടർനടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

**നാട്ടിക മണ്ഡലത്തിൽ മുനയത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

156 (2711) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിൽ കരുവന്നൂർ പുഴയുടെ കുറുകെ മുനയത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനുശേഷവും ടെൻഡർ ചെയ്ത പ്രവൃത്തി തുടങ്ങാനുള്ള കാലതാമസത്തിനു കാരണം വിശദമാക്കാമോ ;

(ബി) ബണ്ട് നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(സി) സാങ്കേതികാനുമതി നൽകി പ്രവൃത്തി തുടങ്ങുവാൻ എത്രയും വേഗം നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി ) മുനയം റെഗുലേറ്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 1066/2013/ജവിവ തീയതി 1-10-2013 പ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ എസ്റ്റിമേറ്റിൽ പാലത്തിന്റെ വീതി 3 മീറ്ററാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി പാലത്തിന്റെ വീതി 7 മീറ്റർ (2 lane) ആക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി

പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അങ്കമാലി നിയോജക മണ്ഡലത്തിലെ മാഞ്ഞാലി തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി**

157 (2712) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി മാഞ്ഞാലി തോടിന്റെ വെട്ടിപ്പുഴകാവ് ഭഗവതിക്ഷേത്രം മുതൽ മധുരപുറം പാലം വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി നബാർഡ് 25-4-2011-ൽ 12 കോടി രൂപ അനുവദിച്ചതും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം മൂലം 20-4-2013-ൽ 14 കോടി രൂപയായി റിവൈസ് ചെയ്തതുമായ നിർമ്മാണ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) കാലതാമസം ഒഴിവാക്കി പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം സൃഷ്ടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 14.55 കോടി രൂപയ്ക്ക് ഭരണാനുമതിയും 14.35 കോടി രൂപയ്ക്ക് സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി &സി) ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചാൽ 2 വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

**സ്വകാര്യ റിഗ്ഗുകൾ**

158 (2713) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്ന കുഴൽ കിണർ കുഴിക്കുന്ന സ്വകാര്യ റിഗ്ഗുകളെ നിയന്ത്രിക്കുന്നതിനായി എന്തൊക്കെ

നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യ റിഗ്ഗുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് രജിസ്ട്രേഷൻ നൽകുന്നതിനായി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) എത്ര റിഗ്ഗുകൾ നിശ്ചിത ഫീസൊടുക്കി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കുഴൽകിണർ നിർമ്മാണ ഏജൻസികളും റിഗ്ഗുകളും ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്)നമ്പർ59/2014/ജവിവ.തീയതി 27-6-2014.

(ബി) ഉണ്ട്. 27-6-2014-ലെ ജി.ഒ. (എംഎസ്) നമ്പർ 59/2014/ജവിവ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) റിഗ്ഗുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു വരുന്നതേയുള്ളൂ.

**വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ**

159 (2714) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഡാറ്റ മുഴുവൻ ഏത് കമ്പനിയുടെ സർവ്വറിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഓരോ ടെണ്ടർ നടപടിക്കും ഇ-ടെണ്ടർ നടത്തുന്ന കമ്പനിക്ക് എന്ത് തുക നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; മേൽ കമ്പനിയുമായിട്ടുള്ള എഗ്രിമെന്റ് വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കുന്നതിന് കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Development Corporation Ltd (കിയോണിക്സ്) എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇതിന്റെ ഡാറ്റ മുഴുവനും കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്) -ന്റെ സ്വന്തം സർവ്വറിലാണ്.

(സി) ടെൻഡർ നടപടിക്ക് ഇ-ടെൻഡർ നടത്തുന്ന കമ്പനിക്ക് (കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്)) നൽകിയ റേറ്റിന്റെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു.* കമ്പനിയുമായിട്ടുള്ള എഗ്രിമെന്റിന്റെ വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

## വാട്ടർ അതോറിറ്റിയുടെ കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ

160 (2715) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് വർഷങ്ങൾക്കുമുമ്പ് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണപ്രവർത്തനം അടിയന്തരമായി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് 4-11-2013-ൽ 16.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആദ്യം ടെൻഡർ വിളിച്ചപ്പോൾ ആരും ക്വാട്ട് ചെയ്യാതിരുന്നതിനാൽ 5-6-2014-ൽ വീണ്ടും ടെൻഡർ വിളിക്കുകയുണ്ടായി. ലഭിച്ച ടെൻഡർ ബോർഡിന്റെ പരിഗണനയ്ക്കും തീരുമാനത്തിനും വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

## ഇടമലയാർ ഇറിഗേഷൻ പദ്ധതി

161 (2716) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ആക്ഷൻ പ്ളാനുകൾ ഏതു മാസത്തിലാണ് സമർപ്പിക്കേണ്ടത് ;

(ബി) കഴിഞ്ഞ 10 വർഷക്കാലമായി ഏതു മാസത്തിലാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത് ;

482/16

(സി) ഇതിന് ഏതുമാസത്തിലാണ് അംഗീകാരം നൽകപ്പെട്ടിട്ടുള്ളത് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിലും അംഗീകാരം നൽകുന്നതിലും സംഭവിച്ചുകൊണ്ടിരിക്കുന്ന കാലതാമസം മൂലം ടെൻഡർ നടപടികളും പ്രവൃത്തികളും വൈകുന്നതും തുകകൾ ലാപ്സാകുന്നതും ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിലെ പെരുംതോട് ഭാഗത്തെ പ്രവൃത്തിക്ക് എന്നാണ് തുക അനുവദിച്ചതെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ജി) ഈ പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി എന്നാണെന്നും വിശദമാക്കാമോ ; പ്രസ്തുത കരാറുകാർക്ക് പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്നും നിലവിലെ പ്രവർത്തന കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ ; നിശ്ചിത സമയത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്ക് ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിന് പ്രത്യേകിച്ച് സമയപരിധി

നിശ്ചയിച്ചിട്ടില്ല.

(ബി)

| വർഷം | തീയതി |
|---|---|
| 2004-05 | 27-7-2004 |
| 2005-06 | 28-12-2004 |
| 2006-07 | 26-10-2006 |
| 2007-08 | 19-5-2007 |
| 2008-09 | 2-2-2009 |
| 2009-10 | 31-7-2009 |
| 2010-11 | 28-7-2010 |
| 2011-12 | 13-9-2011 |
| 2012-13 | 15-10-2012 |
| 2013-14 | 17-12-2013 |
| 2014-15 | 25-9-2014 |

(സി) ആക്ഷൻ പ്ലാനുകൾക്ക് അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ

| വർഷം | അനുമതി ലഭിച്ച തീയതി | തുക ലക്ഷത്തിൽ |
|---|---|---|
| (1) | (2) | (3) |

| | | |
|---|---|---|
| 2005-06 | 9-2-2005 | 840.00 |
| 2006-07 | 14-11-2006 | 1648.00 |
| (1) | (2) | (3) |
| 2007-08 | 29-1-2008 | 663.30 |
| 2008-09 | 30-3-2009 | 402.00 |
| 2009-10 | 8-9-2009 | 388.70 |
| 2010-11 | 29-9-2010 | 358.70 |
| 2011-12 | 11-4-2011 | 547.00 |
| 2012-13 | 12-12-2012 | 1398.80 |
| 2013-14 | 6-1-2014 | 1200.00 |
| 2014-15 | 1-11-2014 | 1200.05 |

(ഡി&ഇ) ഓരോ വർഷവും വരുന്ന രണ്ട് വർഷങ്ങളിലേക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയുള്ള ആക്ഷൻ പ്ലാൻ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി അംഗീകരിച്ച് നൽകാറുണ്ട്.

(എഫ്) 2003-04-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഈ വർക്കിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 30-4-2014-ൽ 416 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ജി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ശ്രീ. കെ. സി. മത്തായി (കുറ്റാലിൽ കുന്നക്കൽ, മൂവാറ്റുപ്പുഴ) എന്ന കരാറുകാരനാണ്. എഗ്രിമെന്റ് നമ്പർ 1/ എസ്.ഇ.പി.സി., പിറവം/2005-2006 തീയതി 8-6-2005

പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി-24 മാസം (14-6-2007) പ്രവർത്തന

കാലാവധി ദീർഘിപ്പിച്ച് നൽകിയത്-3 തവണ 31-1-2009 വരെ പൂർത്തിയാക്കിയ ദിവസം-9-1-2009.

**നദീസംയോജന പദ്ധതിയും വാട്ടർഗേജുകളും**

162 (2717) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീസംയോജന പദ്ധതി കേരളത്തിന്റെ അനുമതിയില്ലാതെ നടപ്പാക്കില്ലെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ബന്ധപ്പെട്ട രേഖ ലഭ്യമാക്കുമോ ;

(ബി) സുപ്രീം കോടതി വിധിയെ തുടർന്ന് തമിഴ് നാടിന്റെ സമ്മർദ്ദഫലമായി കേന്ദ്ര സർക്കാർ വാട്ടർഗേജുകൾ സ്ഥാപിച്ചതായി വന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ ;

(സി) കേരളത്തിന്റെ പ്രകൃതിഘടനയെ തന്നെ തകർക്കാൻ കാരണമായേക്കാവുന്ന പദ്ധതിക്ക് അനുകൂലമായ സുപ്രീംകോടതി വിധിക്കെതിരെ അപ്പീൽ നൽകിയിരുന്നോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; സർക്കാർ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) നദീസംയോജന പദ്ധതിയെ എതിർത്തുകൊണ്ടുള്ള കേരള സർക്കാരിന്റെ നിലപാട് ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. 6-9-2006-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ 49-ാം ഗവേണിംഗ് ബോഡി യോഗത്തിന്റെ തീരുമാനപ്രകാരം പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ പ്രയോറിറ്റി ലിംഗിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീസംയോജനം സംബന്ധിച്ചുള്ള നടപടികൾ ഒന്നുംതന്നെ തുടങ്ങുകയില്ലായെന്ന് ദേശീയ ജലവികസന ഏജൻസിയുടെ 19-12-2008, 16-7-2009, 23-12-2009, 7-9-2012, 12-3-2013 എന്നീ തീയതികളിൽ നടന്ന വിവിധ യോഗങ്ങളിൽ

ധാരണയായിട്ടുണ്ട്. പ്രസ്തുത യോഗങ്ങളുടെ നടപടിക്കുറിപ്പിലെ പ്രസക്ത ഭാഗങ്ങൾ അനുബന്ധം 1 മുതൽ അനുബന്ധം 6 വരെയായി ചേർത്തിട്ടുണ്ട്.*

(ബി) സുപ്രീംകോടതി വിധിയെത്തുടർന്ന് തമിഴ്നാടിന്റെ സമ്മർദ്ദ ഫലമായി കേന്ദ്രസർക്കാർ വാട്ടർഗേജുകൾ സ്ഥാപിച്ചതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സുപ്രീംകോടതി വിധിക്കെതിരെ കേരളം അപ്പീൽ നൽകിയിട്ടില്ല. നദീസംയോജനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി 27-2-2012-ൽ പുറപ്പെടുവിച്ച വിധിയിന്മേൽ സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. വി. ഗിരിയുടെ നിയമോപദേശം കേരളം ലഭ്യമാക്കിയിട്ടുണ്ട്. നിയമോപദേശത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

'നദീസംയോജന പദ്ധതി നടപ്പാക്കുവാൻ വേണ്ടി സുപ്രീംകോടതി രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രത്യേക സമിതിയിൽ (special committee) കേരളത്തിന്റെ പ്രതിനിധി ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത സമിതിക്ക് നിയമപരമായ അധികാരങ്ങൾ (statutory powers)' ഉണ്ടായിരിക്കുന്നതല്ല, ശിപാർശകൾ നൽകുവാനുള്ള അധികാരമേ സമിതിക്ക് ഉണ്ടായിരിക്കുകയുള്ളൂ. സമിതിക്ക് മുമ്പാകെ സമർപ്പിക്കുവാനിടയുള്ള പദ്ധതികളിന്മേൽ കേരളത്തിന്റെ നിലപാട് തീർച്ചയായും പരിഗണിക്കേണ്ടതാണ്. കൂടാതെ സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ സമിതിയുടെ യാതൊരു ശിപാർശയും ഏതെങ്കിലും സംസ്ഥാനത്തോ/സംസ്ഥാനങ്ങളിലോ നടപ്പിലാക്കുവാൻ കഴിയുകയില്ല എന്നും നിയമോപദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നദീസംയോജനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ താൽപ്പര്യങ്ങളെ ബാധിക്കുന്ന ആശങ്കകളും അഭിപ്രായങ്ങളും കേരളത്തിന്റെ പ്രതിനിധി സമിതിക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.'

കേരളത്തിന്റെ സമ്മതമില്ലാതെ, സമിതിക്ക് യാതൊരു ശിപാർശയും ഭരണഘടനാപരമായോ (Constitutionaly) നിയമപരമായോ (legally) നടപ്പിലാക്കുവാൻ സാധിക്കുകയില്ലായെന്ന് ശ്രീ. വി. ഗിരി അദ്ദേഹത്തിന്റെ നിയമോപദേശത്തിലൂടെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേരളം 27-2-2012-ലെ കോടതി വിധിക്കെതിരെ അപ്പീൽ നൽകാതിരുന്നത്. സംസ്ഥാനത്തിന് ഒട്ടും ഗുണകരമല്ലാത്തതും നദീസംയോജന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നതുമായ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുന്നതിനെതിരെ കേരളം സാധ്യമായ എല്ലാ വേദികളിലും എതിർപ്പ് പ്രകടിപ്പിക്കാറുണ്ട്.

കേന്ദ്രജലവിഭവ വകുപ്പ് മന്ത്രി വിളിച്ചുചേർത്ത 21-11-2014-ലെ യോഗത്തിലും സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി ടി പദ്ധതിക്കെതിരെ കാര്യകാരണസഹിതം എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

## ഇടമലയാർ ഇറിഗേഷൻ പദ്ധതി

163 (2718) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെയും ലോ ലെവൽ കനാലിന്റെയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി എന്നത്തേക്ക് ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(എഫ്) ആയതിന്റെ പണികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ ?

<u>ഉത്തരം</u>

(എ&ബി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ

**<u>മെയിൻ കനാൽ</u>**

1. 600-1000 മീറ്റർ വരെയും
2. 1000-1300 വരെയും ലൈനിംഗ് പൂർത്തീകരിക്കാനുണ്ട്
3. 7400 മീറ്റർ മുതൽ 8000 മീറ്റർ വരെയുള്ള 2 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്

4. ഫ്ലാഷ് എസ്കേപ്പ് (16360 മീറ്റർ)- പുരോഗമിച്ചുവരുന്നു.

5. ചെയിനേജ് (20103-20123) ലുള്ള അണ്ടർ ടണൽ-പൂർത്തീകരണ ഘട്ടത്തിലാണ്.

**ലോ ലെവൽ കനാൽ**

1. 7300-7800 മീറ്റർ - പ്രദേശവാസികളുടെ എതിർപ്പുമൂലം പണി നടക്കുന്നില്ല.
2. 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പണികൾക്ക് 10-3-2004-ൽ സാങ്കേതികാനുമതി നൽകിയിരുന്നെങ്കിലും ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം ഈ വർക്ക് ഒന്നിച്ച് പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ടി വർക്ക് 10490 മീറ്റർ മുതൽ 10599 മീറ്റർ വരെയുള്ളതും 10599-12000 വരെയുള്ള രണ്ട് വർക്കുകളായി തിരിച്ച് പൂർത്തീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
3. 13818.5 മീറ്റർ -13876 മീറ്റർ (റെയിൽവേ ക്രോസിംഗ്)- റെയിൽവേയിൽ നിന്നും ഡിസൈൻ അംഗീകരിച്ച് കിട്ടിയിട്ടില്ല.
4. 14783 മീറ്റർ -14863 മീറ്റർ എൻ.എച്ച്. ക്രോസിംഗ്

(സി) സെൻട്രൽ വാട്ടർ കമ്മീഷന്റെ നിർദ്ദേശപ്രകാരം ലൈനിംഗ് പൂർത്തിയാക്കിയാൽ മാത്രമേ ഔദ്യോഗികമായി കമ്മീഷൻ ചെയ്യാൻ (ഭാഗികമായി) സാധിക്കുകയുള്ളൂ. ഇപ്പോൾ പ്രധാന കനാലിന്റെ 30 കിലോമീറ്റർ വരെയും ലോ ലെവൽ കനാലിന്റെ 7300 കിലോമീറ്റർ വരെയും തടസ്സങ്ങളില്ലാതെ വെള്ളം എത്തിക്കാൻ സാധിക്കുന്നുണ്ട്.

(ഡി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 2014-15 വർഷത്തെ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ

164 (2719) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ 10490 മുതൽ 12000 വരെയുള്ള ചെയ്നേജിന്റെ പ്രവൃത്തിക്ക് ഏതെല്ലാം ആക്ഷൻ പ്ലാനിൽ അംഗീകാരം നൽകിയിരുന്നു ;

(ബി) ഇതിന് സാങ്കേതികാനുമതിക്കായി എത്ര തവണ സമർപ്പിക്കപ്പെട്ടിരുന്നു ;

(സി) സാങ്കേതികാനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണവും ഈ പ്രവൃത്തിയുടെ നിജസ്ഥിതിയും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ;

(ഇ) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾക്ക് ഹൈലവൽ കമ്മിറ്റി അംഗീകാരം നൽകി ഇറക്കിയ ഉത്തരവിലെ വിസ്തീർണ്ണത്തിൽ വന്ന തെറ്റ് തിരുത്തുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ; വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവുമൂലം സംഭവിക്കുന്ന ഇത്തരം കൃത്യവിലോപത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

(എഫ്) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ ചെ. 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പ്രവൃത്തിക്ക് 2009-10, 2010-11, 2011-12, 2012-13, 2014-15 എന്നീ വർഷങ്ങളിലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ലോ ലെവൽ കനാൽ 10490 മീറ്റർ മുതൽ 12000 മീറ്റർ വരെയുള്ള പണികൾക്ക് 10-3-2004-ൽ സാങ്കേതികാനുമതി നൽകി.

(സി&ഡി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 10490 മുതൽ 12000 വരെയുള്ള ചെയ്നേജ് പ്രവൃത്തി ചില സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം 10490

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മീറ്റർ മുതൽ 10599 മീറ്റർ വരെയും 10599 മീറ്റർ മുതൽ 12000 മീറ്റർ വരെയുമുള്ള രണ്ട് പ്രവൃത്തികളായി തിരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നു. ടി പദ്ധതി രണ്ട് ഭാഗങ്ങളാക്കി മാറ്റി പൂർത്തീകരിക്കാനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ്-2 സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) ഇക്കാര്യത്തിൽ ഈ വകുപ്പിന് തെറ്റ് പറ്റിയിട്ടില്ല.

(എഫ്) മേൽ പ്രവൃത്തി 2 ഭാഗങ്ങളായി (2 reaches) പൂർത്തീകരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

**പാലക്കാട് ജില്ലയിലെ ജലസംഭരണികൾ**

165 (2720) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം വിളയ്ക്ക് ആവശ്യമായ ജലം പാലക്കാട് ജില്ലയിലെ ജലസംഭരണികളിൽ അവശേഷിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ബന്ധപ്പെട്ട ഉപദേശകസമിതികൾ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ജില്ലയിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തികരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) മലമ്പുഴ, കാഞ്ഞിരപ്പുഴ, മീങ്കര, ചുള്ളിയാർ അണക്കെട്ടുകളിൽ രണ്ടാം വിളയ്ക്ക് ആവശ്യമായ ജലം ജലസംഭരണികളിൽ അവശേഷിക്കുന്നുണ്ട്. വാളയാർ അണക്കെട്ട് പൂർണ്ണ സംഭരണ ശേഷി എത്താത്തതിനാൽ രണ്ടാം വിളയ്ക്ക് 24 ദിവസം ജലവിതരണം നടത്താനുള്ള ജലം മാത്രമേ നിലവിലുള്ളൂ.

(ബി) ഉണ്ട്.

(സി) ചിറ്റൂർ, കാഞ്ഞിരപ്പുഴ ഡിവിഷനുകൾക്ക് കീഴിലുള്ള കനാലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. മലമ്പുഴ ഡിവിഷനിൽ കനാലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചുവരുന്നു.

**വിവരാവകാശ നിയമത്തിനുവിരുദ്ധമായ ഉത്തരവുകൾ**

166 (2721) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമത്തെ മറികടക്കും വിധം, വിവരങ്ങൾ ലഭ്യമാക്കാതിരിക്കുന്നതിനുള്ള ഉത്തരവ് ജലവിഭവ വകുപ്പ് ഇറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് ആക്ടിന് വിരുദ്ധമാണോയെന്നു പരിശോധിക്കുന്നതിനും നിയമവിരുദ്ധമാണെങ്കിൽ ആയതു റദ്ദാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) അന്തർ സംസ്ഥാന നദീജല വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസുകളുടെ സുഗമമായ നടത്തിപ്പിനും അത്തരം കേസുകളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നുള്ള നല്ല ഉദ്ദേശത്തോടെയും വ്യക്തമായ നിയമോപദേശം ലഭ്യമാക്കിയശേഷം അന്തർ സംസ്ഥാന ജല വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതിന് നിയന്ത്രണങ്ങളേർപ്പെടുത്തിക്കൊണ്ട് G.O. (M.S.) No. 64/2014/WRD dated 22-7-2014 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതുവരെ, സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടാൻ പ്രസ്തുത നിയന്ത്രണം നിലനിർത്തേണ്ടതാവശ്യമാണ്.

## വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതി

167 (2722) <u>ശ്രീ. എസ് ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) വിതരണ ശ്യംഖല പൈപ്പുകൾ പൂർണ്ണമായും സ്ഥാപിച്ചുകഴിഞ്ഞുവോയെന്നും, ഇനിയും പൂർത്തീകരിക്കാനുണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലെന്നും വിശദീകരിക്കാമോ ;

(സി) വിതരണ ശ്യംഖല പൈപ്പുകളുടെ മെയിന്റനൻസ് ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കാമോ ;

(ഡി) വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷന്റെ മേൽ നോട്ടത്തിൽ ഇപ്പോൾ

നടന്നുവരുന്ന പ്രവൃത്തികളിൽ സംഭവിക്കുന്ന ലീക്കേജ്, മറ്റ് മെയിന്റനൻസ് പ്രവൃത്തികൾ എന്നിവ പൂർത്തീകരിക്കുന്നതിനുള്ള ചുമതല ആർക്കെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ജിഡ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ ശുദ്ധജലവിതരണ പദ്ധതി 2015 മെയ് മാസത്തോടെയും കടമക്കുടി പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി 2015 ഏപ്രിൽ മാസത്തോടെയും പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, ജിഡ ഫിഷറീസ് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വൈപ്പിൻ ദ്വീപിലെ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി 31-12-2014-ൽ പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിനും ലക്ഷ്യമിടുന്നു.

(ബി) വൈപ്പിൻ ദ്വീപിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലേക്ക് മാത്രമാണ് വിതരണ ശൃംഖല സ്ഥാപിക്കുന്ന ജോലികൾക്ക് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 11 സബ്-സോണുകൾ ഉള്ളതിൽ വളപ്പ് മുതൽ ഞാറയ്ക്കൽ ആശുപത്രിപ്പടി വരെ, വൈപ്പിൻ-പള്ളിപ്പുറം റോഡിന്റെ പടിഞ്ഞാറുഭാഗത്തുവരുന്ന സോൺ-2 എ-യിൽ 20 ശതമാനം ജോലികൾ പൂർത്തീകരിക്കുവാനുണ്ട്.

(സി&ഡി) പൈപ്പുലൈനുകൾ സ്ഥാപിക്കൽ പൂർത്തീകരിച്ചുകഴിഞ്ഞ്, 18 മാസത്തെ അറ്റകുറ്റപ്പണികൾ എഗ്രിമെന്റ് പ്രകാരം കരാറുകാരന്റെ ചുമതലയിലാണ് നടത്തപ്പെടുന്നത്. അറ്റകുറ്റപ്പണികൾ പെരുമ്പാവൂർ പ്രോജക്ട് ഡിവിഷൻ ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നു. 18 മാസത്തെ ഗ്യാരണ്ടി പിരീഡ് കഴിഞ്ഞ മേഖലയിലെ വിതരണശൃംഖലയുടെ അറ്റകുറ്റപ്പണിയുടെ ചുമതല ബന്ധപ്പെട്ട വാട്ടർ സപ്ലൈ ഡിവിഷനാണ്.

**കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

168 (2723) <u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പദ്ധതികളാണ് ജലവിഭവ വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചിരുന്നത് ; ഇതിൽ പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാനുള്ള കാലാവധി ദീർഘിപ്പിക്കാത്തത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനു തടസ്സമാകുമെന്ന് കരുതുന്നുണ്ടോ ;

(സി) പാക്കേജിൽ പ്രകാരമുള്ള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ എന്തൊക്കെയായിരുന്നു ; വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾ

(എ) ദൗത്യം (2.1) തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടപൂർത്തീകരണവും ഉപ്പുവെള്ളനിയന്ത്രണവും ദൗത്യം (2.2) തോട്ടപ്പള്ളി സ്പിൽവേയുടേയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ദൗത്യം (2.3) സി.ഡി.ബ്ലോക്കിന്റെയും റാണി ചിത്തിര ബ്ലോക്കിന്റെയും കായൽ പ്രദേശത്തെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ ദൗത്യം (2.4) എ.സി. കനാലിന്റെ എല്ലാ പ്രളയ-ജല-നിർഗ്ഗമന തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ദൗത്യം (2.1.6) തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനവും കായൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കുറിച്ചുള്ള പഠനങ്ങൾ

ദൗത്യം (ബി)

1. കെ.ഇ.എൽ.-1 കുട്ടനാട് പ്രദേശത്തെ ഗ്രൂപ്പ് 1-ലെ 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ

2. കെ.ഇ.എൽ.-2 കുട്ടനാട് പ്രദേശത്തെ 4 പാടശേഖരങ്ങളിലെയും ഗ്രൂപ്പ് 9-ലെ 5 പാടശേഖരങ്ങളിലെയും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ (ദൗത്യം 2.3-ലെ പ്രവൃത്തികൾ ഉൾപ്പെടെ.)

3. കെ.ഇ.എൽ.-3 കുട്ടനാട് പ്രദേശത്തെ ഫേസ്-1 231 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ

4. കുട്ടനാട് താലൂക്ക്: കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 15 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ.

(8.1) കെ.ഇ.എൽ.-4 ഓണാട്ടുകര പ്രദേശത്തെ വാട്ടർ ഷെഡുകളുടെ പുനർ നിർമ്മാണവും തുറവൂർ, പട്ടണക്കാട് പഞ്ചായത്തുകളിലെ തോടുകളുടെയും കാനകളുടെയും പൂർത്തീകരണത്തിനും

(8.1.7) കരിയാർ നദിക്കുകുറുകെ ഓരുമുട്ടുനിർമ്മാണം.

മേൽ വിവരിച്ച പ്രവൃത്തികളിൽ ദൗത്യം (8.1.7) കരിയാർ നദിക്കുകുറുകെ ഓരുമുട്ട നിർമ്മാണം പൂർത്തികരിച്ചു.

(ബി) സമയപരിധി കഴിഞ്ഞ കെ.ഇ.എൽ.-1, കെ.ഇ.എൽ.-2, കെ.ഇ.എൽ.-3, കെ.ഇ.എൽ.-4 എന്നീ പദ്ധതികളുടെ സമയ പരിധി ഇപ്പോൾ നീട്ടിക്കിട്ടിയിട്ടുണ്ട്.

(സി) കുട്ടനാട് പാക്കേജ് കേന്ദ്ര സർക്കാർ 2008 ജൂലൈ 24-ന് തത്വത്തിൽ അംഗീകരിച്ചെങ്കിലും വിവിധ സ്കീമുകളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ച് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് കാലതാമസം നേരിട്ടു. മാത്രമല്ല എഗ്രിമെന്റ് വച്ച് തുടങ്ങിയ പ്രവർത്തികൾക്ക് അവിചാരിതമായ പല തടസ്സങ്ങളും പദ്ധതി പ്രദേശത്ത് അഭിമുഖീകരിക്കേണ്ടിവന്നു. അംഗീകരിച്ച പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചെങ്കിലും കൂടിയ നിരക്കുകൾ ക്വാട്ട് ചെയ്തതിനാലും സിംഗിൾ ടെണ്ടർ ആയതിനാലും വീണ്ടും ടെണ്ടർ ചെയ്യേണ്ടിവന്നു. കൂടാതെ കോൺട്രാക്ടർമാരുടെ പ്രതികരണം ഇല്ലായിരുന്ന പല പ്രവൃത്തികളും ചെറിയ യൂണിറ്റുകളായി തിരിച്ച് സാങ്കേതിക അനുമതി നൽകി രണ്ടും മൂന്നും പ്രാവശ്യം ടെണ്ടർ ചെയ്യേണ്ടിവന്നു. അതുകൊണ്ട് നിശ്ചിത കാലാവധിക്കുള്ളിൽത്തന്നെ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ താഴെ പറയുന്നു :

ജലസേചന വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട

കെ.ഇ.എൽ.-1

സ്കീമിലെ 14 പ്രവൃത്തികളിൽ 8 എണ്ണം പൂർത്തികരിച്ചുകഴിഞ്ഞു. അവശേഷിക്കുന്ന പ്രവൃത്തികളിൽ രണ്ടെണ്ണം തീർന്നുകൊണ്ടിരിക്കുന്നു. 4 എണ്ണം

ടെർമിനേറ്റ് ചെയ്ത് നീട്ടിക്കിട്ടിയ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

കെ.ഇ.എൽ.-2

ഈ സ്കീമിൽ ഉൾപ്പെട്ട 3 പ്രവൃത്തികളിൽ പുരോഗതി മോശമായിട്ടുള്ള ഒരെണ്ണം ത്വരിതപ്പെടുത്തുന്നതിന് പാടശേഖര സമിതികളുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിരിക്കുന്നു.

കെ.ഇ.എൽ.-3

379.09 കോടി രൂപ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസുള്ള ഈ സ്കീമിന് എംപവേർഡ് ക്ലിയറൻസ് 106.13 കോടി രൂപയ്ക്ക് മാത്രമേ കിട്ടിയുള്ളൂ. ഇതിൻപ്രകാരം കരാറിലുള്ള പ്രവൃത്തികൾ ഈ സമയ പരിധിക്കുള്ളിൽ തീർക്കാവുന്നതാണ്.

കെ.ഇ.എൽ.-4

ഈ സ്കീമിൽ ഉൾപ്പെട്ട 12 വാട്ടർ ഷെഡിന്റെയും ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. 8 പ്രവൃത്തികളുടെ ടെണ്ടറുകൾ സർക്കാർ പരിഗണനയിലാണ്. ടെണ്ടറുകൾക്ക് പ്രതികരണമില്ലാത്ത പ്രവൃത്തികൾ ചെറിയ ചെറിയ പ്രവൃത്തികളാക്കി ടെണ്ടർ ചെയ്തു. അപ്രകാരം ടെണ്ടർ ക്ഷണിച്ചവയിൽ 3 പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**രണ്ടാംവിള നെൽകൃഷിക്ക് വെള്ളം തുറന്നുവിടണമെന്നതും കനാലുകൾ അറ്റകുറ്റപ്പണി നടത്താത്തതും സംബന്ധിച്ച്**

169 (2724) ശ്രീ. എം ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ രണ്ടാം വിളനെൽകൃഷിക്ക് വെള്ളം തുറന്നു വിടണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലമ്പുഴ, വാളയാർ, കാഞ്ഞിരപ്പുഴ മംഗലം ഡാം മുതലായ ജലസേചന പദ്ധതികളിൽ നിന്നും രണ്ടാം വിളയ്ക്കാവശ്യമായ വെള്ളം എന്ന് തുറന്നുവിടും ; വിശദാംശം ലഭ്യമാക്കാമോ ;

(സി) രണ്ടാം വിളയ്ക്ക് വെള്ളം തുറന്ന് വിടുന്നതിനായി എന്തെല്ലാം

മുന്നൊരുക്കങ്ങൾ ആണ് സാധാരണയായി നടത്തി വരാറുള്ളത് ;

(ഡി) വിവിധ ജലസേചന പദ്ധതികളിൽ നിന്നും കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്ന കനാലുകളുടെ അറ്റകുറ്റപ്പണി നടത്താത്ത കാര്യം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) രണ്ടാം വിളയ്ക്ക് ആവശ്യമായ ജലസേചനത്തിനായി മലമ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ 5-11-2014-നും വലതുകര കനാൽ 8-11-2014-നും മംഗലം ഡാം കനാൽ 5.11.2014-നും വാളയാർ ഡാം 1-12-2014 -നും തുറന്ന് ജലവിതരണം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകൾ 2014 ഡിസംബർ പകുതിയോടുകൂടി തുറന്ന് ജലവിതരണം ആരംഭിക്കാൻ കഴിയും.

(സി) ജലസേചനത്തിന് മുന്നോടിയായി കനാലുകൾ കടന്നുപോകുന്ന അതാത് ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി, കനാലുകളിലെ ചെളി നീക്കം ചെയ്യുന്നതിനും കുറ്റിക്കാടുകൾ വെട്ടി വൃത്തിയാക്കുന്നതുമായ പ്രവൃത്തികൾ ചെയ്യുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്യാൻ പറ്റാത്ത പ്രവൃത്തികളും വാർഷിക അറ്റകുറ്റപ്പണികളും ഡിപ്പാർട്ടുമെന്റ് തന്നെ ജലസേചനത്തിന് മുന്നോടിയായി ചെയ്തു തീർക്കുന്നു. പിന്നീട് അതാത് സ്ഥലങ്ങളിലെ ഉപദേശക സമിതി യോഗത്തിൽ വച്ച് ജലസേചനം തുടങ്ങുന്ന തീയതി തീരുമാനിക്കുകയും ജലസേചനം ആരംഭിക്കുകയും ചെയ്യുന്നു.

(ഡി) ഉണ്ട്. ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ ചെയ്ത് തീർത്ത് ജലവിതരണം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ജലസേചനപദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ സംവിധാനം**

**170 (2725)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീ. ടി. വി. രാജേഷ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ ഇ-ടെണ്ടർ സംവിധാനം ഒരുക്കുന്നതിനായി നാഷണൽ ഇൻ ഫോർമാറ്റിക് സെന്ററിനെ ഒഴിവാക്കി കിയോണിക്സിനെ തെരഞ്ഞെടുക്കാനുള്ള കാരണം അറിയിക്കാമോ ;

(ബി) ഇതിനായി കിയോണിക്സിന് നൽകേണ്ട സർവ്വീസ് ചാർജ്ജും മറ്റ് വ്യവസ്ഥകളും എന്തൊക്കെയാണ് ;

(സി) കിയോണിക്സിനെ തെരഞ്ഞെടുത്തതിന്റെ പിന്നിൽ അഴിമതിയുണ്ട് എന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇ-ടെൻഡർ കിയോണിക്സിനെ ഏല്പിച്ചു കൊടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

<u>ഉത്തരം</u>

(എ) വാട്ടർ അതോറിറ്റിയിൽ 2008 മുതൽ കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്) എന്ന കമ്പനി മുഖേന ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയിരുന്നു. ഈ സമയത്ത് എൻ.ഐ.സി.-യുടെ സോഫ്റ്റ്‌വെയർ ലഭ്യമല്ലായിരുന്നു. 2012 മുതൽ മൂന്ന് വർഷത്തേക്ക് കിയോണിക്സിന് കരാർ പുതുക്കി നൽകിയിരുന്നു. ഈ കാലയളവിലാണ് എൻ.ഐ.സി.-യുടെ സോഫ്റ്റ് വെയർ വിപണിയിൽ കിയോണിക്സുമായി നിലവിൽ കരാർ ഉള്ളതിനാൽ എൻ.ഐ.സി.-യുടെ പ്രവർത്തനം സുഗമമായ സേവനവും പരിശോധിച്ചതിനു ശേഷം കിയോണിക്സിന്റെ കരാർ തീരുന്ന മുറയ്ക്ക് എൻ.ഐ.സി.-യിലേയ്ക്ക് മാറുന്നതിനുവേണ്ടി യുക്തമായ തീരുമാനമെടുക്കുന്നതാണ്.

(ബി) കിയോണിക്സുമായി ബന്ധപ്പെട്ട സർവ്വീസ് ചാർജ്ജും മറ്റ് വ്യവസ്ഥകളും അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## കുട്ടനാട് നിയോജക മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തികൾ

**171 (2726)** <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം ഏതെല്ലാം മേജർ/മൈനർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തികൾക്ക് ആരുടെ ശുപാർശ പ്രകാരമാണ് സാമ്പത്തിക അനുമതി നൽകിയതെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ അനുവദിച്ച മേജർ/മൈനർ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം താഴെ കൊടുക്കുന്ന മേജർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തിക്കാണ് സാമ്പത്തിക അനുമതി നൽകിയിട്ടുള്ളത്.

| പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|
| കുട്ടനാട്മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിലെ പാഴൂർ ക്ഷേത്രത്തിന്റെ മുൻഭാഗത്തുള്ള കലുങ്ക് മുതൽ കിഴക്കോട്ട് ; പാഴൂർ തോടിന്റെ വടക്ക് ഭാഗത്തിന്റെ സംരക്ഷണം | 15.00 |

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ശിപാർശ പ്രകാരമാണ് ഈ പ്രവൃത്തിക്ക് സാമ്പത്തിക അനുമതി നൽകിയത്. മൈനർ ഇറിഗേഷൻ മുഖാന്തിരം ഒരു പ്രവൃത്തിക്കും സാമ്പത്തിക അനുമതി നൽകിയിട്ടില്ല.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ അനുവദിച്ച മേജർ/മൈനർ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതി**

172 (2727) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചമ്രവട്ടം റഗുലേറ്റർ പദ്ധതിയിൽ നിന്നും തൃശ്ശൂർ പൊന്നാനി കോൾ മേഖലയായ ബിയ്യം കായലിലേക്ക് വേനൽകാലത്ത് ജലം എത്തിക്കുന്നതിനുള്ള ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാഥമിക പഠനം പൂർത്തിയായിട്ടുണ്ടോ ;

(സി) മുണ്ടകൻ പാടങ്ങളും, തെങ്ങിൻ തോപ്പുകൾ അടക്കമുള്ള കര കൃഷിക്ക് വളരെ ഉപകാരപ്പെടുന്ന പൊന്നാനി കോൾ മേഖലയിലെ പ്രസ്തുത സമഗ്രപദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ചമ്രവട്ടം റഗുലേറ്ററി പദ്ധതിയിൽനിന്നും തൃശ്ശൂർ-പൊന്നാനി കോൾ മേഖലയായ ബിയ്യം കായലിലേക്ക് വേനൽക്കാലത്ത് ജലം എത്തിക്കുന്നതിനുള്ള ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതിയുടെ സാധ്യതാപഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) പ്രാഥമിക പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഏകദേശം 25 കോടി രൂപ ചെലവ് വരുന്നതാണ്. ഫണ്ടിന്റെ സ്ഥലത്തിന്റെയും ലഭ്യത ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമാണ്.

## മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തുകളിൽ പുതിയ കടൽ ഭിത്തി നിർമ്മിക്കുന്നതിന് നടപടി

173 (2728) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ, കടലാക്രമണത്തിൽ തകർന്ന മാട്ടൂർ, മാടായി ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് നവീകരിച്ചിട്ടുള്ളത് ;

(ബി) ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ രൂക്ഷമായ കടലാക്രമണം നേരിടുന്ന എട്ടിക്കുളം

മുതൽ പയ്യാമ്പലം വരെയുള്ള സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്ന തിനും കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുമായി ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി 42.61 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. ഇതിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തിലെ കടൽ ഭിത്തികളുടെ പുനരുദ്ധാരണത്തിനായി 471 ലക്ഷം രൂപയുടെ 7 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

നീരൊഴുക്ക് ചാലിലെ രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന സ്ഥലത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ ചെ. 100/400 കി. മീറ്ററിനും 100/850 കി.മിറ്ററിനും ഇടയിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ ചെ. 100/200 കി.മീ. മുതൽ 100/264 കി.മീ.വരെ തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് കടലാക്രമണ പ്രതിരോധപ്രവൃത്തിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരണ നടപടികൾ പൂർത്തിയാക്കി ടെൻഡർ നടപടി സ്വീകരിച്ച പ്രവൃത്തി ആരംഭിക്കുന്ന തിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

## കാനത്തോട്, തോട്ടുമുഖം എന്നീ റെഗുലേറ്റർ കം ബ്രിഡ്ജുകളുടെ റിവൈസ്ഡ് ഭരണാനുമതി

174 (2729) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാനത്തോട്, തോട്ടുമുഖം എന്നീ റഗുലേറ്റർ കം ബ്രിഡ്ജുകളുടെ റിവൈസ്ഡ് ഭരണാനുമതി ലഭിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമായ

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതികളുടെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ;

(സി) ഭരണാനുമതി എന്നേയ്ക്ക് ലഭിക്കും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജ്, തോട്ടമുഖം റെഗുലേറ്റർ -കം-ബ്രിഡ്ജ് തുടങ്ങിയ പ്രവൃത്തികൾക്കായി പുതുക്കിയ CPWD rate പ്രകാരമുള്ള എസ്റ്റിമേറ്റ് പദ്ധതി വിഭാഗം (2) ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**വെള്ളക്കരം**

175 (2730) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെള്ളക്കരം എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു; നിലവിലുണ്ടായിരുന്നതിന്റെ എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത് ; നിലവിലുണ്ടായിരുന്നതിന്റെയും വർദ്ധിപ്പിച്ച നിരക്കുകളുടെയും വിശദാംശം നൽകുമോ ;

(ബി) ഡ്രെയിനേജിന് നാളിതുവരെ ഫീസ് ഈടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളക്കരം ഒരു പ്രാവശ്യം വർദ്ധിപ്പിച്ചു. ഓരോ സ്ലാബിലുമുള്ള നിരക്ക് വർദ്ധനവിന്റെ ശതമാനം ചുവടെ കാണാവുന്നതാണ് :

| | |
|---|---|
| 15 കി.ലി. മുതൽ 20 കി.ലി. വരെ | - 35.11 ശതമാനം |
| 20 കി.ലി. മുതൽ 25 കി.ലി. വരെ | - 49.18 " |
| 25 കി.ലി. മുതൽ 30 കി.ലി. വരെ | - 82.73 " |
| 30 കി.ലി. മുതൽ 40 കി.ലി. വരെ | - 109.59 " |

40 കി.ലി. മുതൽ 50 കി.ലി. വരെ - 96.27 ”

നിലവിലുണ്ടായിരുന്നതിന്റെയും വർദ്ധിപ്പിച്ച നിരക്കുകളുടെയും വിശദാംശം ഉൾക്കൊള്ളിക്കുന്ന 25-9-2008-ലെ സ.ഉ.(എംഎസ്.) 44/08/ജവിവ നമ്പർ ഉത്തരവ്, 27-2-2009-ലെ

സ.ഉ.(എംഎസ്.) 8/09/ജവിവ. നമ്പർ ഉത്തരവ്, 25-9-2014-ലെ

സ.ഉ.(എംഎസ്.) 88/14/ജവിവ. നമ്പർ ഉത്തരവ്, 30-9-2014-ലെ

സ.ഉ.(എംഎസ്.) 92/14/ജവിവ. എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഡ്രെയിനേജ് കണക്ഷന് കണക്ഷൻ ഫീസില്ലാതെ 09/2014 വരെ ചാർജ് ഈടാക്കാറില്ലായിരുന്നു. പുതിയ ഉത്തരവനുസരിച്ച് ഉപഭോക്താക്കളിൽ നിന്ന് കുടിവെള്ള ചാർജിന്റെ 10 ശതമാനം ഡ്രെയിനേജ് ചാർജ് ഈടാക്കുന്നു.

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾക്ക് അനുമതി**

176 (2731) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾക്കാണ് 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇനിയും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ & ബി)

| 2012-13 വർഷത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പേര് | നിലവിലുള്ള സ്ഥിതി |
|---|---|
| 1. ഫ്ലഡ് ഡാമേജ്-മൂപ്പൈനാട് പഞ്ചായത്തിലെ വെള്ളരിവയൽ തോടിന്റെ സൈഡ് സംരക്ഷണം | പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| 2. മൂപ്പൈനാട് പഞ്ചായത്തിലെ അപ്പാളംതോടിന്റെ സൈഡ് സംരക്ഷണം | പ്രവൃത്തി പൂർത്തിയായിട്ടുണ്ട് |

2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ചത്

| | |
|---|---|
| 1. കോട്ടത്തറ പഞ്ചായത്തിൽ വെണ്ണിയോട് വലിയ പുഴയുടെ ഇടതുകര സംരക്ഷണം | പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| 2. 13-ാം ധനകാര്യ കമ്മീഷൻ-കോട്ടത്തറ പഞ്ചായത്തിലെ മേലെ ചുണ്ടരിങ്കോട് കുളത്തിന്റെയും കനാലിന്റെയും നിർമ്മാണം | പ്രവൃത്തി പുരോഗതിയിൽ |
| 3. 13-ാം ധനകാര്യ കമ്മീഷൻ-കോട്ടത്തറ പഞ്ചായത്തിലെ കാരിക്കൊല്ലി കുളത്തിന്റെയും കനാലിന്റെയും നിർമ്മാണം | പ്രവൃത്തി പുരോഗതിയിൽ |
| 4. ഒരു കുളം പദ്ധതി-പടിഞ്ഞാറത്തറ പഞ്ചായത്തിലെ ഓണിപ്പൊയിൽ ഉണ്ടോട്കുളം നിർമ്മാണം | പ്രവൃത്തി പുരോഗതിയിൽ |

| | |
|---|---|
| 5. വേങ്ങപ്പള്ളി പഞ്ചായത്തിലെ മാടകുന്ന് കുളത്തിന്റെ നിർമ്മാണം | പ്രവൃത്തി പുരോഗതിയിൽ |
| 6. വൈത്തിരി പഞ്ചായത്തിലെ തളിപ്പുഴ കുളത്തിന്റെ നിർമ്മാണം | പ്രവൃത്തി പുരോഗതിയിൽ |
| 7. പടിഞ്ഞാറത്തറ പഞ്ചായത്തിൽ കരമാൻതോടിനു കുറുകെ മുള്ളൻ കണ്ടി ചെക്ക് ഡാമിന്റെ നിർമ്മാണം | പ്രവൃത്തി പുരോഗതിയിൽ |

2014-15 വർഷത്തിൽ ഭരണാനുമതി ലഭിച്ചത്

| | |
|---|---|
| 1.നബാർഡ്-18-കോട്ടത്തറ പഞ്ചായത്തിലെ കക്കോണിക്കടവ്-പുഴക്കലിടം എൽ.ഐ. സ്കീമിന്റെ നിർമ്മാണം | പ്രവൃത്തി പുരോഗതിയിൽ |
| 2.നബാർഡ്-18-കോട്ടത്തറ പഞ്ചായത്തിലെ വങ്ങിയാമ്പറ്റ എൽ.ഐ. സ്കീമിന്റെ നിർമ്മാണം | പ്രവൃത്തി പുരോഗതിയിൽ |

(സി) <u>4702-00-101-93 (പി) (ക്ലാസ്-1)</u>

നബാർഡ് ആർ.ഐ.ഡി.എഫ്. 19-ൽ സമർപ്പിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ (പുതിയ പ്രോജക്റ്റ്)

1. കോട്ടത്തറ പഞ്ചായത്തിലെ മരവയലിൽ ചെറുപുഴയ്ക്ക് കുറുകെ ചെക്ക് ഡാമിന്റെ നിർമ്മാണം - 135 ലക്ഷം രൂപ
2. വേങ്ങപ്പള്ളി പഞ്ചായത്തിലെ മണിയങ്കോട് പുഴയ്ക്ക് കുറുകെ കരിക്കിലോടിൽ ചെക്ക് ഡാം നിർമ്മാണം - 69 ലക്ഷം രൂപ.

**കുറ്റ്യാടി കനാലിലെ അക്വഡക്റ്റുകളുടെ നവീകരണ പ്രവർത്തനം**

177 (2732) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരനിയോജകമണ്ഡലത്തിലെ കുറ്റ്യാടി കനാലിൽ അപകടകര മാണെന്ന് ഉദ്യോഗസ്ഥർ എഴുതിവച്ച അക്വഡക്റ്റുകൾ നന്നാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം ; ഏതെല്ലാം പ്രവൃത്തികൾക്ക് ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വേനൽകാലത്തടക്കം കൃഷിക്ക് വെള്ളം നൽകുന്ന കനാലിലെ അക്വഡക്റ്റുകളുടെ തകരാർ പരിഹരിക്കാൻ കുറ്റ്യാടി കനാലിന് സർക്കാർ അനുവദിച്ച സംഖ്യയിൽ നിന്നും ഈ വർഷമെങ്കിലും ഫണ്ട് നൽകി അടിയന്തരമായി അക്വഡക്റ്റുകളുടെ നവീകരണ പ്രവർത്തനം നടത്താൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ചെലവഴിച്ചിട്ടില്ല.

(ബി) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ 2014-15 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾക്കായി " 2700-13-KyIP-101-98-18-Mtce" എന്ന ശീർഷക ത്തിൽ 2.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തകർന്ന അക്വഡക്റ്റുകളുടെ പുനരുദ്ധാരണത്തിനായി ടി പ്രവൃത്തികൾ AIBP-യിൽ ഉൾപ്പെടുത്തുന്നതിനായി പുതുക്കിയ AIBP മാനദണ്ഡപ്രകാരം CPWD നിരക്കിലുള്ള പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതുക്കാട്-നെല്ലായി റഗുലേറ്റർ-കം-ബ്രിഡ്ജിന് ഭരണാനുമതി

178 (2733) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ നെല്ലായി ഇറിഗേഷൻകടവ് നെല്ലായി റഗുലേറ്റർ-കം-ബ്രിഡ്ജിന് റിവൈസ്ഡ് ഭരണാനുമതി നൽകുവാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

### നീലേശ്വരത്ത് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

179 (2734) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായിവളപ്പിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്നാവസ്യപ്പെട്ട് ജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ ഒരു അനുകൂല തീരുമാനമുണ്ടാക്കാൻ കഴിയാതെവന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രവൃത്തിയുടെ പ്രൊപ്പോസൽ നബാർഡ് RIDF XIX-ൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭിക്കാത്തതിനാൽ നബാർഡ് RIDF XX-ൽ 5700 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

### പറമ്പിക്കുളം കരാർ-കേരളവും തമിഴ്നാടും തമ്മിലുള്ള ധാരണ

180 (2735) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം കരാറിൽ 30 കൊല്ലത്തെ ഓരോ ഗേജിംഗ് പോയിന്റുകളിലേയും അളവെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ ജലം വിഭജിക്കാനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) ഇതിൽ ഏതെല്ലാം പ്രശ്നങ്ങളിൽ കേരളവും തമിഴ്നാടും തമ്മിൽ ധാരണയിൽ എത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിനായുള്ള കമ്മിറ്റിയുടെ 2005-ന് ശേഷമുള്ള മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) കേരളം കൊടുത്ത രണ്ടാമത്തെ മെമ്മോറാണ്ടം പ്രകാരം ഏതെല്ലാം കാര്യങ്ങളിലാണ് ധാരണയിലെത്തിയത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പുനരവലോകനം ചെയ്യുന്നതിലേക്കായി കേരളവും തമിഴ്നാടും തമ്മിൽ നിരവധി ചർച്ചകൾ നടന്നുവെങ്കിലും സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ പരസ്പരധാരണയിലെത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല.

(ബി-ഡി) സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യതയുടെ അടിസ്ഥാനത്തിൽ കരാർ പുനരവലോകന ചർച്ചകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കേരളം മുന്നോട്ടുവയ്ക്കുകയും തമിഴ്നാട് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുമുണ്ടായി :

(i) മണക്കടവ് : മണക്കടവ് വിയറിൽ കേരളത്തിന്റെ നിലവിലെ വിഹിതമായ 7.25 ടി.എം.സി. ജലം; പാലക്കാട് ജില്ലയിലെ ചിറ്റൂർപുഴ ആയക്കെട്ടിന് അപര്യാപ്തമായതിനാൽ 4.75 ടി.എം.സി. ജലം അധികമായി അനുവദിച്ച് മണക്കടവിലെ വിഹിതം 12 ടി.എം.സി. ആയി ഉയർത്തണം. കോണ്ടൂർ കനാൽ മൂലമുണ്ടാകുന്ന ജലനഷ്ടം കൂടി കണക്കിലെടുത്തും അധിക ജലലഭ്യതയുടെ അടിസ്ഥാനത്തിലുമാണ് കേരളം മേൽ നിർദ്ദേശം മുന്നോട്ട് വച്ചത്. മണക്കടവിന് മുകളിലായി ഒരു ബാലൻസിംഗ് റിസർവോയർ അനുവദിക്കുന്ന പക്ഷം, കേരളം ആവശ്യപ്പെട്ട പ്രകാരം മണക്കടവിൽ ജലവിഹിതം ഉയർത്തുന്ന കാര്യം പരിഗണിക്കാമെന്നുമാത്രമാണ് തമിഴ്നാട് അഭിപ്രായപ്പെട്ടത്.

(ii) കേരള ഷോളയാർ : ഷോളയാർ സബ് ബേസിനിലെ നിലവിലുള്ള ജല ലഭ്യത കരാർ ഉണ്ടാക്കുമ്പോൾ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ വർദ്ധിച്ചിട്ടുണ്ടെന്നും അത് സംയുക്ത ഗേജിങ്ങിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ അധിക ജലലഭ്യത ഇരു സംസ്ഥാനങ്ങളും തമ്മിൽ ആനുപാതികമായി പങ്കുവയ്ക്കണമെന്നും കേരളത്തിന്റെ വിഹിതം 12.3 ടി.എം.സി.യിൽ നിന്നും 14.8 ടി.എം.സി. ആയി പുനർനിർണ്ണയിക്കണമെന്നുമുള്ള കേരളത്തിന്റെ നിർദ്ദേശം തമിഴ്നാട് അംഗീകരിച്ചില്ല.

ചാലക്കുടി ബേസിനിലെ ഷോളയാറിലേയും പറമ്പിക്കുളത്തേയും ജലലഭ്യത ഒരുമിച്ച് കണക്കാക്കേണ്ടതാണെന്നും അല്ലാതെ ഷോളയാർ സബ് ബേസിനിലെ ജല ലഭ്യത പ്രത്യേകം കണക്കാക്കാൻ നിർവ്വാഹമില്ലെന്നും അഭിപ്രായപ്പെട്ടാണ് തമിഴ്നാട് കേരളത്തിന്റെ നിർദ്ദേശത്തോട് വിയോജിച്ചത്.

(iii) <u>പറമ്പിക്കുളം</u> : പറമ്പിക്കുളത്തെ നിലവിലെ ത്രഷോൾഡായ 16.5 ടി.എം.സി. കൊണ്ട് കേരളത്തിന് പ്രയോജനം ലഭിക്കാത്തതിനാൽ ആയത് 12.5 ടി.എം.സി. ആയി കുറയ്ക്കണമെന്ന് കേരളം അഭിപ്രായം അറിയിച്ചപ്പോൾ ലോവർ നീരാർ ഒഴിവാക്കിയശേഷം പറമ്പിക്കുളം സബ് ബേസിനിലെ ത്രഷോൾഡ് 14 ടി.എം.സി.-യിൽ നിന്നും 13 ടി.എം.സി. ആയി കുറയ്ക്കാമെന്ന് തമിഴ്നാട് നിർദ്ദേശിച്ചെങ്കിലും പ്രസ്തുത നിർദ്ദേശത്തോട് കേരളം യോജിച്ചില്ല.

(iv) <u>ആനമലയാർ</u> : ആനമലയാറിൽ നിന്ന് 2.5 ടി.എം.സി. ജലം തമിഴ്നാട്ടിലേക്ക് തിരിച്ചുവിടുന്നതിനുള്ള കേരളത്തിന്റെ പദ്ധതി തൃപ്തികരമെന്ന് സാങ്കേതിക സാധ്യത പരിശോധിച്ച് കേരളം ഉറപ്പുവരുത്തിയതാണെങ്കിലും; പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതാ റിപ്പോർട്ട് തമിഴ്നാടിന് പരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് തമിഴ്നാട്ടും അതിന്മേൽ തമിഴ്നാടിന്റെ പ്രതികരണം കാലവിളമ്പം കൂടാതെ അറിയിക്കണമെന്ന് കേരളവും ആവശ്യപ്പെടുകയുണ്ടായി.

(v) <u>അപ്പർ നീരാർ</u> : അപ്പർ നീരാർ വിയറിൽ നിന്നും ഒക്ടോബർ 1 മുതൽ ജനവരി 31 വരെ കേരളത്തിലേക്കുള്ള ജലം തിരിച്ചുവിടൽ തുടരണമെന്ന് കേരളം ആവശ്യപ്പെട്ടുവെങ്കിലും ഇടുക്കി, ഇടമലയാർ പദ്ധതികൾ പൂർത്തിയായിട്ടുള്ള തിനാൽ, മേൽപ്പറഞ്ഞ രീതിയിൽ ജലം തിരിച്ചുവിടുന്നത് നിർത്തണമെന്ന് തമിഴ്നാട് അഭിപ്രായപ്പെട്ടു. ആനമലയാർ ഡൈവേർഷന്റെ സാങ്കേതിക സാധ്യത പരിശോധിച്ചശേഷം ഈ വിഷയത്തിൽ പുനഃപരിശോധന നടത്താമെന്നാണ് തമിഴ്നാട് അറിയിച്ചത്.

(vi) <u>നീരാർ നല്ലാർ സ്റ്റെയിറ്റ് കട്ട്</u> : നീരാർ നല്ലാർ സൈടയിറ്റ് കട്ട് പദ്ധതിക്കുവേണ്ടി തമിഴ്നാട് ശക്തമായി വാദിച്ചെങ്കിലും കരാറിന്റെ പുറത്തുള്ള പദ്ധതിയെന്ന കാരണത്താൽ കേരളം പ്രസ്തുത നിർദ്ദേശത്തോട് യോജിച്ചില്ല. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം കേരളത്തിന് അധികമായി ലഭ്യമാക്കാൻ കഴിയുന്ന നേട്ടങ്ങൾ വിശദീകരിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചാൽ തമിഴ്നാടിന്റെ ആവശ്യം പരിഗണനയ്ക്കെടുക്കുവാനുള്ള സന്നദ്ധത കേരളം പ്രകടിപ്പിക്കുകയുണ്ടായി.

കരാർ പുനരവലോകന ചർച്ചകളിൽ മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഇരുസംസ്ഥാനങ്ങളും അവരവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവെങ്കിലും അത്തരം കാര്യങ്ങളിൽ ധാരണയിലെത്തി യോജിച്ച തീരുമാനം കൈക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല. പരസ്പര ധാരണയിലെത്തി ഇരു സംസ്ഥാനങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന തരത്തിൽ കൂട്ടായ തീരുമാനം ഉണ്ടാകുന്നതിനുള്ള പരിശ്രമങ്ങൾ തുടരേണ്ടതുണ്ട്. ഇതിനായി കൂടുതൽ ചർച്ചകളും ആവശ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എ.പി. കരാർ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇരു സംസ്ഥാനങ്ങളിലേയും വകുപ്പ് മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ 28-4-2013-ൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് കേരളം അംഗീകരിച്ച് തമിഴ്നാടിന് അയച്ച് കൊടുത്തിരിക്കുകയാണ്.

**പൂരക്കടവിൽ റഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മാണം**

181 (2736) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ഏര്യംപുഴയ്ക്ക് കുറുകെ പൂരക്കടവിൽ റഗുലേറ്റർ കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചനവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും ;

(സി) ഡിസൈൻ തയ്യാറാക്കി നബാർഡിന്റെ RIVF സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേശി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ഏര്യംപുഴയ്ക്ക് കുറുകെ പൂരക്കടവിൽ റഗുലേറ്റർ കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തിയുടെ രൂപകൽപ്പന നടത്തുന്നതിലേയ്ക്ക് ഐ.ഡി. ആർ.ബി. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കൂടുതൽ വിശദാംശങ്ങൾ ശേഖരിക്കുന്ന തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ 20-8-2014-ന് ആരംഭിച്ചിട്ടുണ്ട്.

(ബി) 31-1-2015-നകം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) പരിശോധിക്കുന്നതാണ്.

## മുല്ലപ്പെരിയാർ അണക്കെട്ട് പ്രശ്നം

182 (2737) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രശ്നം കേരളത്തിന് അനുകൂലമായി മാറ്റുന്നതിൽ ഗുരുതരമായ വീഴ്ച ഈ സർക്കാരിന് സംഭവിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ;

(ബി) 142 അടിയിൽ താഴെ ജലം ശേഖരിക്കുന്നതിലും പുതിയ ഡാം കെട്ടുന്ന കാര്യത്തിലും വീഴ്ച പറ്റിയിട്ടുണ്ടോ ;

(സി) തമിഴ്നാടിന് വെള്ളം കേരളത്തിന് സുരക്ഷ എന്ന നിലപാട് നേടിയെടുക്കാൻ ഈ സർക്കാരിന്റെ കാലയളവിൽ കഴിയുമെന്ന് കരുതുന്നുണ്ടോ ; ആവശ്യങ്ങൾ നേടിയെടുക്കാൻ കർമ്മ പദ്ധതി സർക്കാരിനുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

### ഉത്തരം

(എ&ബി) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായം കേരളത്തിന് അനുകൂലമായിരുന്നില്ല. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് ഉയർത്തിയ അവകാശവാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് കേരളം നിയോഗിച്ച പ്രഗത്ഭരായ അഭിഭാഷകർ കേസ് വാദിക്കുകയും കേരളത്തിന്റെ വാദങ്ങൾക്ക് ഉപോൽബലകമായ വസ്തുതകളും രേഖകളും ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഉചിതമായ നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളത്തിന്റെ പരിഗണനാർഹവും നീതിയുക്തവുമായ വാദങ്ങൾ ഒന്നുംതന്നെ സ്വീകരിക്കാതെ കേരളത്തിന്റെ ആവശ്യങ്ങൾ 7-5-2014-ലെ കോടതി വിധിയിലൂടെ നിരാകരിക്കപ്പെട്ടു. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ നിലപാടുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും യഥാസമയം സ്വീകരിച്ചുവെങ്കിലും കേരളത്തിന്റെ പരിശ്രമങ്ങൾക്ക് ഫലമുണ്ടായില്ല. ഈ സ്ഥിതിവിശേഷം

വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 12-5-2014-ൽ തന്നെ സർവ്വ കക്ഷിയോഗം വിളിച്ചുചേർത്തതും പ്രസ്തുത യോഗത്തിൽ ധാരണയായതനുസരിച്ച് 7-5-2014-ലെ കോടതി വിധിക്കെതിരെ റിവ്യൂ ഹർജി ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയുമുണ്ടായത്. 7-5-2014-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഡാമിലെ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്താൻ തമിഴ്നാടിന് അനുവാദം ലഭിച്ചിട്ടുണ്ട്. എങ്കിലും ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയിലേക്ക് ഉയർത്തുന്നതിന് മുൻപ് ഇക്കാര്യത്തിൽ കേരള ജനതയുള്ള ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തമിഴ്നാടിനോടും സുപ്രീം കോടതി നിയോഗിച്ച മേൽനോട്ടസമിതിയുടെ ചെയർമാനോടും അഭ്യർത്ഥിച്ചിരുന്നു. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്ന തിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും അറിയിച്ചിരുന്നു. എന്നാൽ അവയൊന്നും പരിഗണിക്കാതെ കോടതി വിധിയെ മാത്രം അടിസ്ഥാനപ്പെടുത്തി ജലനിരപ്പ് ഉയർത്തുന്നതിനുള്ള നടപടികൾ തമിഴ്നാട് സ്വീകരിക്കുകയുണ്ടായി.

(സി) 'തമിഴ്നാടിന് ജലവും കേരളത്തിലെ ജനങ്ങളുടെ സുരക്ഷയും' എന്ന നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ഇനിയും ചെയ്യാൻ കഴിയുന്ന നിയമപരമായ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെയും ഇടപെടലുകളിലൂടെ പ്രശ്നപരിഹാരത്തിനായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങളും ആലോചനയിലുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരള ജനതയുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി കേരളത്തിന് ഇനുകൂലമായ തീരുമാനമുണ്ടാകുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. 26-11-2014-ൽ വിളിച്ച ചേർത്ത സർവ്വകക്ഷി യോഗത്തിലും ഇക്കാര്യം വിശദമായി ചർച്ച ചെയ്തിരുന്നു. അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിദഗ്ദ്ധസംഘത്തെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ 26-11-2014-ലെ യോഗത്തിൽ ധാരണയായിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുമ്പോൾ കേരളത്തിലെ വനസമ്പത്തിനും വന്യജീവികൾക്കും പരിസ്ഥിതിക്കും മുല്ലപ്പെരിയാർ മേഖലയിലെ ആദിവാസി സമൂഹത്തിനും ഉണ്ടാകുന്ന കോട്ടങ്ങൾ ചൂണ്ടിക്കാട്ടി ഗ്രീൻ ട്രൈബ്യൂണലിനെ പ്രത്യേകം സമീപിക്കുന്ന കാര്യവും സർക്കാർ പരിശോധിക്കുന്നുണ്ട്. അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് വിശദമായ പഠനം

നടത്തുന്നതിന് വിദഗ്ധസംഘത്തെ നിയോഗിക്കുന്ന കാര്യം ബഹുമാനപ്പെട്ട പ്രധാന മന്ത്രിയുമായി കൂടിയാലോചിച്ച് തുടർ നടപടികൾ കഴിവതും വേഗം സ്വീകരിക്കാനും ഉദ്ദേശിക്കുന്നു. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും അടങ്ങുന്ന സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി ഇക്കാര്യം കഴിവതും വേഗം ചർച്ച ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ ധാരണയായിട്ടുണ്ട്. 26-11-2014-ലെ സർവ്വകക്ഷി യോഗത്തിലെ ധാരണയുടെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ വിഷയത്തിലുള്ള സർക്കാരിന്റെ നിലപാട് ഫലപ്രാപ്തിയിലെത്തിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിക്കാനാണുദ്ദേശിച്ചിട്ടുള്ളത്.

**മുല്ലപ്പെരിയാർ നിയമനടപടികൾ**

**183 (2738)** ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ കേസിൽ സുപ്രീം കോടതിയിൽ നിന്ന് കേരളത്തിന് ദോഷമായി ഉണ്ടായ വിധിയെ തുടർന്ന് എന്തെല്ലാം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കാരണങ്ങളെ അടിസ്ഥാനമാക്കിയാണ് പുനരവലോകന ഹർജി നൽകിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ കേരളം 30-6-2014-ൽ റിവ്യൂ ഹർജി ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്ന് ഉയർത്തുമ്പോൾ കേരള ജനതയ്ക്ക് ഉണ്ടാകാവുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് തമിഴ്നാടിന് നൽകാൻ കഴിയുന്ന ചില ക്രിയാത്മക നിർദ്ദേശങ്ങൾ ചൂണ്ടിക്കാട്ടി അവ പരിഗണിച്ച് തമിഴ്നാടിന് ഉചിതമായ നിർദ്ദേശങ്ങൾ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ 15-11-2014-ലും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി O.S. No. 3/2006 എന്ന അസ്സൽ അന്യായത്തിന്മേൽ 7-5-2014-ൽ പുറപ്പെടുവിച്ച വിധിന്യായം ദയാപൂർവ്വം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് കേരളം 30-6-2014-ൽ പുനരവലോകന ഹർജി സമർപ്പിച്ചിരുന്നത്. പ്രസ്തുത പുനരവലോകന ഹർജിയിൽ താഴെപ്പറയുന്ന പ്രധാന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് :

1. 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിലെ സെക്ഷൻ 177 നടപ്പിലാക്കുന്നത് അതേ ആക്ടിലെ സെക്ഷൻ 5-ൽ വിഭാവനം ചെയ്തിരിക്കുന്ന പോലെ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ രൂപീകരണത്തിനുശേഷം മാത്രമേ സാധിക്കുകയുള്ളുവെന്നും എന്നാൽ അത് നടപ്പിലാക്കിയിട്ടില്ലായെന്നും ഇക്കാര്യം പരിശോധിക്കേണ്ടതാണെന്നും കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

2. 1886-ലെ പാട്ടക്കരാർ ഒരു പൊളിറ്റിക്കൽ എഗ്രിമെന്റിനെക്കാൾ ഉപരി ഒരു സാധാരണ കരാർ ആണെന്ന ഭരണഘടനാബെഞ്ചിന്റെ കണ്ടെത്തലിനെ കേരളം ചോദ്യം ചെയ്തിട്ടുണ്ട്.

3. 1956-ലെ സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ആക്ടിന്റെ സെക്ഷൻ 108 പ്രകാരം പാട്ടക്കരാർ കേരളത്തിന് ബാധകമാണെന്ന 2006-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിലെ കണ്ടെത്തലിനെ കേരളം ചോദ്യം ചെയ്തിരുന്നു. മേൽപ്പറഞ്ഞ കോടതി നിരീക്ഷണത്തെ തെറ്റായ ഒന്നാണെന്ന് കേരളം വാദിച്ചെങ്കിലും അത് പരിഗണിക്കാത്ത കാര്യവും കേരളം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

4. ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റിയുടെ കീഴിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി നടത്തിയ വിവിധ ലാബോറട്ടറി ടെസ്റ്റുകളുടെ സമയത്ത് കേരളത്തിന്റെ പ്രതിനിധിയുടെ സാന്നിദ്ധ്യം അനുവദിക്കാതിരുന്നതും അവർ നൽകിയ വിവിധ പഠന റിപ്പോർട്ടുകൾ കേരളത്തിന് നൽകാതിരുന്നതും അതിന്മേൽ കേരളത്തിന്റെ അഭിപ്രായം അറിയിക്കാൻ അനുവദിക്കാതിരുന്നതും സാമാന്യനീതി നിഷേധിക്കലാണ് എന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**ജലവിഭവ വകുപ്പിൽ ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള കരാർ**

482/16 184 (2739) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിൽ ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് കരാർ

കൊടുത്തത് ഏത് കമ്പനിക്കാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിക്ക് വാട്ടർ അതോറിറ്റി വർഷംതോറും എത്ര രൂപ ലൈസൻസ് തുകയായി നൽകാൻ ധാരണയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) സ്വതന്ത്ര സോഫ്റ്റ്‌വെയർ മുഖേന ഈ പദ്ധതി നടപ്പിലാക്കാൻ കമ്പനികൾ ഉണ്ടായിട്ടും എന്തടിസ്ഥാനത്തിലാണ് ഇത്രയും കൂടിയതുകയ്ക്ക് ഭാവിയിൽ വൻ ബാധ്യതകൾ വരുന്ന ഈ കരാറിൽ ഏർപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള ജല അതോറിറ്റിയിൽ ഇ.ആർ.പി. സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് കരാർ കൊടുത്തത് Bahwan CyberTek Pvt. Limited എന്ന കമ്പനിയാണ്.

(ബി) Bahwan CyberTek Pvt Limited എന്ന കമ്പനിക്ക് ഇ.ആർ.പി. പ്രവർത്തികൾ അവാർഡ് ചെയ്തിരിക്കുന്നത് ലൈസൻസ് തുകയും കൂടി ചേർത്തിട്ടാണ്. 19.5 കോടി രൂപയ്ക്കാണ് ഇ.ആർ.പി. അവാർഡ് ചെയ്തിരിക്കുന്നത്.

(സി) സ്വതന്ത്ര സോഫ്റ്റ്‌വെയർ കമ്പനിക്കാർക്കും പ്രൊപ്പേറ്ററി സോഫ്റ്റ് വെയർ കമ്പനിക്കാർക്കും പങ്കെടുക്കാവുന്ന തരത്തിൽ ലോക്കൽ കോമ്പിറ്റേറ്റീവ് ബിഡ്ഡിംഗ് വഴിയാണ് ഇ.ആർ.പി. സോഫ്റ്റ്‌വെയർ ചെയ്യുന്നതിനുവേണ്ടി ടെണ്ടർ നടത്തിയത്. പങ്കെടുത്ത 7 കമ്പനികളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ കമ്പനിയും ഉൾപ്പെട്ടിരുന്നു. എന്നാൽ യോഗ്യത നേടിയവരിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ കമ്പനികൾ ഉണ്ടായിരുന്നില്ല. യോഗ്യത നേടിയ കമ്പനികളിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്തത് M/s Bahwan CyberTek Pvt. Limited എന്ന കമ്പനിയാണ്.

(ഡി) M/s Bahwan CyberTek Pvt. Limited എന്ന ചെന്നൈയിലുള്ള കമ്പനിക്കാണ് ഇ.ആർ.പി. (എന്റർ പ്രൈസ് റിസോഴ്സ് പ്ലാനിംഗ്) പദ്ധതി കരാർ നൽകിയിരിക്കുന്നത്. ഈ പദ്ധതിയുടെ അടങ്കൽ തുക 19.5 കോടി രൂപയാണ്. കരാർ പ്രകാരം ഈ പ്രവൃത്തികൾ 2015 മേയ് മാസത്തോടുകൂടി തീർക്കേണ്ടതാണ്.

**പൊന്നാനി മാറഞ്ചേരിയിൽ VCB തകരാർ**

185 (2740) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ പുളിക്കക്കടവിലുള്ള മഠത്തിൽ തോടിന് കുറുകെയുള്ള VCB തകർന്നതുമൂലം നൂറുകണക്കിന് ഹെക്ടർ നെൽകൃഷി സ്ഥലത്തേക്ക് ഉപ്പുവെള്ളം കയറുന്നതിനാൽ കർഷകരും, കുടിവെള്ളം ലഭിക്കാതെ നൂറുകണക്കിന് കുടുംബങ്ങളും പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ VCB പണിയായുള്ള മൈനർ ഇറിഗേഷന്റെ പ്രോപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അടുത്ത RIDF ഫണ്ടിലോ അല്ലെങ്കിൽ മറ്റ് ഫണ്ടുകളോ വകയിരുത്തി പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയാറാക്കി വരികയാണ്.

**പാലക്കാട് ജില്ല കാഡ പദ്ധതി**

186 (2741) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ കാഡ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഏതെല്ലാം പ്രവൃത്തികൾക്കായാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ചേരാമംഗലം പദ്ധതിയിൽ ഇതിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഡി) ഇല്ലെങ്കിൽ ചേരാമംഗലം പദ്ധതിക്ക് തുക നീക്കിവെക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 വർഷത്തിൽ കാഡ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി)

| ഇനം | തുക (ലക്ഷത്തിൽ) |
|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 55 |
| ഫീൽഡ് ചാനൽ | 25 |
| ഡെമോൺസ്ട്രേഷൻ | 15 |
| വെള്ളക്കെട്ട് നിവാരണം | 3 |
| പദ്ധതി വ്യവസ്ഥയിലെ അപര്യാപ്തത | 2 |
| ആകെ | 100 ലക്ഷം |

(സി) ഇല്ല.

(ഡി) ചേരാമംഗലം പദ്ധതി നിലവിൽ കാഡ പദ്ധതിയിൽപ്പെട്ടതല്ല.

**കടമ്പ്രയാറിൽ ലോക്ക്-കം-റെഗുലേറ്റർ നിർമ്മാണം**

187 (2742) <u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമ്പ്രയാറിൽ കോഴിച്ചിറക്ക് കുറുകെ ലോക്ക്-കം-റെഗുലേറ്റർ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പര്യവേഷണവും രൂപകൽപ്പനയും പൂർത്തിയാക്കിയ പ്രസ്തുത പദ്ധതിക്ക്

പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) നബാർഡ് XX -ൽ ഉൾപ്പെടുത്തിയ ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്.

(സി) കടമ്പ്രയാറിൽ ലോക്ക്-കം-റെഗുലേറ്റർ നിർമ്മാണത്തിന് 21.35 കോടി രൂപയുള്ള പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ്.-20-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴി ഡൈവെർഷൻ സ്കീമിൽ ഫീൽഡ് ചാനലുകൾ**

188 (2743) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴി ഡൈവെർഷൻ സ്കീമിൽ ഇടതുകര, വലതുകര കനാലുകളുടെ മേഖലയിൽ കാഡ പദ്ധതി പ്രകാരം നിർമ്മിച്ച ഫീൽഡ് ചാനലുകൾ തകർന്ന് ഉപയോഗശൂന്യമായിത്തീർന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തകർന്നുകിടക്കുന്ന കാഡ ഫീൽഡ് ചാനലുകൾ നന്നാക്കി, ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതുക്കിയ പുനരുദ്ധാരണ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നൽകാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫണ്ടുകളുടെ ലഭ്യതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

**ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ**

189 (2744) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ച ദുരിതാശ്വാസ പദ്ധതി, എം.എൽ.എ. എസ്.ഡി.എഫ്, എം.പി.എൽ.എ.ഡി., എ.ആർ.ഡബ്ല്യു. എസ്.എസ്., ത്രിതലപഞ്ചായത്ത്/മറ്റ് സർക്കാർ വകുപ്പുകളുടെ ഡിപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ഭൂഗർഭജലം ഉപയോഗപ്പെടുത്തിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) മറ്റു കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക, വരൾച്ചാദുരിതാശ്വാസ പദ്ധതിക്കായി സർക്കാർ അനുവദിക്കുന്ന പ്രത്യേക തുക, എം.എൽ.എ. എസ്.ഡി.എഫ്, എം.പി.എൽ.എ.ഡി., എ.ആർ. ഡബ്ല്യു.എസ്.എസ്. എന്നിവയിലുൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിക്കുന്ന തുക, ത്രിതലപഞ്ചായത്തുകൾ/സർക്കാർ വകുപ്പുകൾ ഡിപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗിച്ചാണ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ഡി) ആരംഭിച്ചിട്ടുണ്ട്. ഭൂജല വകുപ്പുമുഖേന 2002 മുതൽ ഇത്തരത്തിലുള്ള

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## ഭൂജലം വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

190 (2745) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂജലവകുപ്പ് 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ ;

(ബി) കായംകുളം മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും പുതുതായി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഭൂജലവകുപ്പ് മുഖേന 2010-11, 2011-12, 2012-13 വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2013-14-ൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ പുതിയവിള കോളനിയിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ചെറുകിട ജലവിതരണ പദ്ധതിയും അതേ ഗ്രാമ പഞ്ചായത്തിലെ പുലിത്തിട്ടകോളനിയിൽ ചെറുകിട ജലവിതരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ദേശീയ ഗ്രാമീണ ജലവിതരണ പദ്ധതി പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് പോച്ച കോളനിയിലും പത്തിയൂർ ഗ്രാമപഞ്ചായത്ത് കരുമാത്തിലെ ഐ.എച്ച്.ഡി.പി. കോളനിയിലും ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട്

191 (2746) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസറ്റ് ഡവലപ്പ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിൽ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് അത് ലഭിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവുണ്ടോ ; എങ്കിൽ ഈ ഉത്തരവിന്റെ നമ്പരും തീയതിയും എത്ര രൂപയ്ക്കുള്ള ഭരണാനുമതിയുമാണ് ലഭിച്ചതെന്നും അറിയിക്കുമോ ;

(സി) ഭരണാനുമതി ലഭ്യമായാൽ സാധാരണ നിലയിൽ എത്ര നാളുകൾക്കകം പണി ആരംഭിക്കാനാണ് സാദ്ധ്യതയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ പണി ആരംഭിക്കാതിരിക്കുന്നതിന് അസാധാരണമായ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ഇ) ഈ വിഷയത്തിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ നാൾവഴി വിശദമാക്കാമോ ;

(എഫ്) വാമനപുരം കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 25-6-2014 -ന് വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പറുടെ ചേംബറിൽ മീറ്റിംഗ് നടത്തിയിട്ടുണ്ടോ ; ഈ മീറ്റിംഗിൽ ആരെല്ലാം പങ്കെടുത്തു; എന്തെല്ലാം തീരുമാനങ്ങളാണ് ഈ മീറ്റിംഗിൽ എടുത്തത് ; പ്രസ്തുത മീറ്റിംഗിന്റെ പൂർണ്ണമായ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ജി) പ്രസ്തുത മീറ്റിംഗിൽ കൈക്കൊണ്ട തീരുമാനങ്ങളും ഉറപ്പുകളും പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും ആരാണ് ഉത്തരവാദികളെന്നും വിശദമാക്കുമോ ; ഈ പദ്ധതിയുടെ ഫയലുകളിൽ അനാവശ്യവും അകാരണവുമായ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ ; ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കാനായുള്ള നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്നും 12-7-2013, 5-10-2013 തീയതികളിൽ സർക്കാരിൽ ലഭിച്ചിരുന്നു.

(ബി) ഉണ്ട്. 17-12-2013-ലെ സ.ഉ.(സാധാ) നമ്പർ 1336/2013/ ജവിവ. നമ്പർ ഉത്തരവ് പ്രകാരം 173.15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതി ലഭ്യമായാൽ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതിയും

ടെണ്ടർ അനുമതിയും നൽകിയശേഷം കരാറുകാരന് വർക്ക് ഓർഡർ നൽകി. 14 ദിവസത്തിനകം എഗ്രിമെന്റ് വച്ച് പണി ആരംഭിക്കാൻ കഴിയുന്നതാണ്.

(ഡി) ഇല്ല.

(ഇ) 12-9-2012-ൽ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ 85 ലക്ഷം രൂപയുടെ നല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതിക്ക് ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുവാനായി കത്ത് ലഭിച്ചു. 1-10-2012-ൽ ഇതനുസരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുവാൻ ചീഫ് എഞ്ചിനീയർ ദക്ഷിണ മേഖലയ്ക്ക് നിർദ്ദേശം നൽകി. 24-5-2013-ൽ 173.15 ലക്ഷം രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഘട്ടം1-ഉം 2-ഉം) ചീഫ് എഞ്ചിനീയർ, ദക്ഷിണ മേഖല മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ചു. 3-9-2013-ൽ വാമനപുരം, നല്ലനാട് കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടമായി 86 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കാനായി 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ബഹുമാനപ്പെട്ട എം.എൽ.എ. കത്ത് നൽകി. 12-7.2013, 5-10-2013 എന്നീ രണ്ട് തീയതികളിലായി രണ്ട് നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയിൽനിന്നും ഭരണാനുമതി സർക്കാരിൽ ലഭിച്ചു. സർക്കാർ 17-12-2013-ൽ ഭരണാനുമതി നൽകി.

ജല അതോറിറ്റി ഭരണാനുമതി നൽകിയത് 27-5-2014-നാണ്, എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചത് 26-6-2014, എസ്റ്റിമേറ്റ് അനുമതി നൽകിയത് 15-7-2014, ദർഘാസ് വിളിച്ച തീയതി 4-7-2014, ദർഘാസ് തുറന്ന തീയതി 30-7-2014, പ്രൈസ് ബിഡ് തുറന്ന തീയതി 7-8-2014, ദർഘാസ് റദ്ദ് ചെയ്യുവാൻ 11-11-2014-ൽ ഉത്തരവായി, റീടെണ്ടർ നോട്ടീസ് നൽകിയ തീയതി 25-11-2014, റീടെണ്ടർ തുറക്കുന്ന തീയതി 30-12-2014.

(എഫ്) മീറ്റിംഗ് നടത്തിയിട്ടുണ്ട്. മീറ്റിംഗിൽ പങ്കെടുത്തവരുടെ പട്ടികയും മിനിട്സിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ജി) പാലിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത വർക്കുമായി ബന്ധപ്പെട്ട് 25-6-2014-ലെ മീറ്റിംഗിൽ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനമെടുത്തെങ്കിലും ടി പ്രവൃത്തിയുടെ ആദ്യത്തെ ടെണ്ടർ ക്ഷണിച്ചതിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തു.

25-9-2014-ലെ ബോർഡ് മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് 11-11-2014-ൽ പ്രസ്തുത വർക്കിന് ലഭിച്ച ടെണ്ടർ ക്യാൻസൽ ചെയ്ത് റീടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചത്. അകാരണമായ കാലതാമസം ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായിട്ടില്ല.

**പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

**192 (2747)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ പഞ്ചായത്തിലും ഓരോ കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം എത്ര കുളങ്ങൾ സംരക്ഷിച്ചിട്ടുണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) എന്ത് തുക ഇതിനായി വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതി പ്രകാരം 354 കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൂർത്തിയായ കുളങ്ങളുടെ എണ്ണം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അനുബന്ധ മായി ചേർക്കുന്നു.*

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ 119 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിക്കായി 72.758 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 7.65 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജലഅതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി**

193 (2748) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സമയബന്ധിതമായി തീർക്കുന്നതിനും പ്രത്യേകം പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ടാസ്ക് ഫോഴ്സ് മീറ്റിംഗുകൾ വിവിധ തലങ്ങളിൽ നടത്തിവരുന്നു. ബൃഹത് പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതികളുടെ പ്രവൃത്തികളെ പാക്കേജുകളാക്കി ടെണ്ടർ ചെയ്താണ് പൂർത്തീകരിക്കുന്നത്. ഇതിന്റെ മേൽനോട്ടത്തിനായി ജല അതോറിറ്റി തലത്തിലും ജനപ്രതിനിധികൾ മുഖേനയും സർക്കാർ തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി അംഗീകാരം നൽകി കാലതാമസങ്ങൾ ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ സ്രോതസ്സുകളെ മെച്ചപ്പെടുത്തിയും ആവശ്യമായ പദ്ധതികളിൽ പുതിയ സ്രോതസ്സുകൾ സ്ഥാപിച്ച് കേടായ പമ്പ് സെറ്റുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും മാറ്റിവച്ചും സാദ്ധ്യമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈനുകൾ നീട്ടിയും ജലവിതരണം കാര്യക്ഷമമാക്കാറുണ്ട്. പദ്ധതിയുടെ പ്രവൃത്തികൾ നിശ്ചിത സമയങ്ങളിൽത്തന്നെ ചെയ്ത് തീർക്കുന്നുണ്ട്. കൂടാതെ സ്മാർട്ട് ബാൾ, സ്കാഡാ എന്നീ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിച്ച് ജല വിതരണം കൂടുതൽ അളവിൽ ജനങ്ങൾക്ക് നൽകുന്നതിനായുള്ള നടപടികൾ ഓരോ വർഷവും സ്വീകരിച്ചുപോരുന്നു.

മിഷൻ 676-ൽ ഉൾപ്പെടുത്തി 154 പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ജല വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

ജൈക്ക പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ നിലവിലുണ്ട്.

(ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ

സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതിയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികൾ തയ്യാറാക്കി വിവിധ ഏജൻസികളുടെയും കേന്ദ്ര-സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്താൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നഗര-ഗ്രാമീണ പദ്ധതികളുടെ വിപുലീകരണത്തിനായി ബഡ്ജറ്റിൽ അംഗീകാരം ലഭിച്ച പ്രവൃത്തികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേടായ പഴയ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയവ സ്ഥാപിച്ചും കേടായ പമ്പുകളും പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാൻ നടപടികൾ എടുക്കുന്നുണ്ട്.

(സി) പദ്ധതികൾ നിശ്ചിതസമയത്ത് പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ ഓരോ ഓഫീസിനും കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയനിഷ്ഠ പാലിക്കുകയും (ടാർജറ്റ് നിശ്ചയിക്കുകയും) എല്ലാ മാസങ്ങളിലും വർക്കുകളുടെ അവലോകന യോഗം നടത്തുകയും കൂടാതെ പദ്ധതി പ്രവർത്തനത്തിന് തടസ്സങ്ങൾ നേരിടുമ്പോൾ അവ പരിഹരിക്കുവാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകൾ എന്നിവയുമായി സഹകരിച്ച് വേണ്ട നടപടികളെടുത്തു വരുന്നുമുണ്ട്.

പദ്ധതികളുടെ ചില പ്രത്യേക ഘട്ടങ്ങളിൽ പുരോഗതി വിലയിരുത്തുന്നതിന് മന്ത്രി തലത്തിലും മാനേജിംഗ് ഡയറക്ടർ, ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസുകളിലും മീറ്റീംഗുകൾ നടത്തിവരുന്നു. മോണിറ്ററിംഗിനായി വകുപ്പ് തലത്തിലും സർക്കാർ തലത്തിലും ജനപ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റി തലത്തിലും യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതികൾ പുരോഗമിപ്പിക്കാറുണ്ട്.

കൂടാതെ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാരുടെ തലത്തിൽ വീഡിയോ കോൺഫറൻസുകൾ സംഘടിപ്പിച്ച് ഓരോ തലത്തിലെയും വിവിധ പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കുന്നു. ഇതുകൂടാതെ പദ്ധതികൾ മോണിട്ടർ ചെയ്യാൻ പാസ്ക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലിംസ് (ലബോറട്ടറി ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്.

**ജിഡ ഫണ്ട് ഉപയോഗിച്ചുള്ള വൈപ്പിൻ കുടിവെള്ള പദ്ധതി**

**194 (2749)** <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ചുള്ള വൈപ്പിൻ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട

വാട്ടർ ടാങ്കുകളുടെ നിർമ്മാണത്തിന് ഏറെ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; ഇനിയും പൂർത്തീകരിക്കാനുള്ള ടാങ്കുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും എത്ര തവണ ഈ പ്രവൃത്തികൾക്ക് സമയം ദീർഘിപ്പിച്ചുനൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രവൃത്തി പുനരാരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ കരാറുകാർക്ക് നൽകുകയും പൂർത്തീകരിക്കേണ്ട ജോലികളുടെ സമയം നിഷ്കർഷിച്ചുകൊണ്ടുള്ള ചാർട്ട് കരാറുകാരിൽനിന്നും ഒപ്പിട്ടുവാങ്ങുകയും ചെയ്തിട്ടുണ്ട്. ഇനിയും പൂർത്തീകരിക്കുവാനുള്ള ടാങ്കുകൾ താഴെ പറയുന്നവയാണ് :

1. എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതിയിലെ മുരിക്കുംപാടത്ത് നിർമ്മിക്കുന്ന 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

2. ഞാറയ്ക്കൽ നിർമ്മിക്കുന്ന 17.90 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

3. കടമക്കുടി പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ-പിഴലയിൽ നിർമ്മിക്കുന്ന രണ്ട് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.

4. ജിഡ-ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എടവനക്കാട് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണി.

(ബി)

1. മുരിക്കുംപാടം ടാങ്കിന് എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ട് രണ്ടുതവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

2. ഞാറയ്ക്കൽ ടാങ്കിനും കടമക്കുടി പഞ്ചായത്തിനുവേണ്ടിയുള്ള പിഴല ടാങ്കിനും എടവനക്കാട് ഉപരിതല സംഭരണിയുടെ പ്രവർത്തിക്കും ഓരോ തവണ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) അനുവദിച്ചിരുന്ന സമയത്തിനുള്ളിൽ ജോലികൾ പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി 5/2015-ലും കടമക്കുടി പഞ്ചായത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതി പൂർണ്ണ തോതിൽ 4/2015-ലും എടവനക്കാട് കുഴുപ്പിള്ളി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഉപരിതല ജലസംഭരണി 31-12-2014-ലും പൂർണ്ണതോതിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി**

195 (2750) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുക, ഭൂഗർഭ ജലം സംരക്ഷിക്കുക, ജലവിതാനം ഉയർത്തുക, മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച്

ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭ ശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.

(സി) സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) ഉണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾക്ക് അംഗീകാരം നൽകുകയും അതിൽ 119 കുളങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി**

196 (2751) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) അരൂർ മണ്ഡലത്തിലെ ഏതൊക്കെ കുളങ്ങൾ നവീകരിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ;

(സി) ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 119 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

(ബി-ഡി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന RRR Scheme-ൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് വകുപ്പ് തലത്തിൽ തയ്യാറാക്കിവരുന്നു.

**ജിഡ ഫിഷറീസ് ഫണ്ട്**

197 (2752) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തിയുടെ ഇനിയും പൂർത്തീകരിക്കാനുള്ളത് എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ ഏതെങ്കിലും തരത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജിഡ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതി 31-12-2014-ന് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്.

(ബി) നിലവിൽ തടസ്സമില്ല.

## എസ്.സി./എസ്.റ്റി. ആവാസ കേന്ദ്രങ്ങളിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

198 (2753) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-13 കാലത്ത് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി./എസ്.റ്റി. ആവ.സാ. കേന്ദ്രങ്ങളിൽ എത്ര പദ്ധതികൾ ആവിഷ്കരിച്ചു ; എത്ര എണ്ണം നടപ്പാക്കി ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ പൂർത്തീകരിച്ച പദ്ധതികൾ എത്രയാണെന്നും ഉപേക്ഷിച്ച പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിന് നടപടി

198 (2753) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ, വർക്കർ, സ്വീപ്പർ, അറ്റൻഡർ, ഗാർഡനർ, പ്യൂൺ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, മീറ്റർ റീഡർ എന്നീ തസ്തികകളിൽ വർഷങ്ങളായി എച്ച്.ആർ.വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇടനിലക്കാരെ ഒഴിവാക്കി ഇവർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ എച്ച്.ആർ. വ്യവസ്ഥയിൽ ആരെയും നിയമിച്ചിട്ടില്ല. സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ ജലവിതരണ സംവിധാനം തടസ്സപ്പെടാതിരിക്കാൻ അംഗീകൃത കരാറുകാർ മുഖേന ലേബർ സപ്ലൈ അടിസ്ഥാനത്തിൽ ആവശ്യാനുസരണം തൊഴിലാളികളെ ഏർപ്പെടുത്താറുണ്ട്. ഇവരെ സ്ഥിരപ്പെടുത്താൻ നിലവിൽ നിയമ വ്യവസ്ഥയില്ല.

(സി) നിലവിലുള്ള പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചാണ് ലേബർ സപ്ലൈ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് വേതനം നൽകി വരുന്നത്.

(ഡി) ഇത്തരം തൊഴിലാളികൾ കരാറുകാർ മുഖേന നിയോഗിക്കപ്പെടുന്ന വരായതിനാൽ ഇവരുടെ വേതനം കരാറുകാർ മുഖേന നൽകാനേ നിർവ്വാഹമുള്ളൂ.

**ജലമണി പദ്ധതി**

200 (2755) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കുടിവെള്ളം

ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ജലമണി പദ്ധതി കേരളത്തിൽ നടപ്പാക്കിയതിന്റെ കഴിഞ്ഞ 6 വർഷത്തെ കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതി എത്ര ഘട്ടം പൂർത്തിയായി ; എത്ര സ്കൂളുകളിൽ നടപ്പാക്കി ; വിശദാംശം നൽകുമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഗ്രാമീണ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജലമണി പദ്ധതിക്കായി 2009-ൽ 2,56,40,000 രൂപ (രണ്ട് കോടി അൻപത്തിയാറുലക്ഷത്തി നാൽപ്പതി നായിരം രൂപ) അനുവദിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിനായി 1282 സർക്കാർ സ്കൂളുകളെയാണ് തെരഞ്ഞെടുത്തത്. ജലമണി പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് കേരള സർക്കാർ തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ 502 സ്കൂളുകളിലും രണ്ടാം ഘട്ടത്തിൽ 886 സ്കൂളുകളിലും ജലമണി പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി ലഭിച്ച സപ്ലൈ ഓർഡറുകളുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ 396 സ്കൂളുകളിലും രണ്ടാംഘട്ടത്തിൽ 498 സ്കൂളുകളിലും ടി പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതുവരെ ഈ പദ്ധതിക്കായി 76,06,579 രൂപ (എഴുപത്തി ആറ് ലക്ഷത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒൻപത് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്. രണ്ടാം ഘട്ടത്തിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചപ്പോൾ ജലത്തിന്റെ ഗുണനിലവാരം വളരെ മോശമായ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിച്ചാൽ മാത്രമേ കുടിക്കുവാൻ അനുയോജ്യമായ ജലം കിട്ടുകയുള്ളൂ എന്ന് മനസ്സിലായി. പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിക്കുവാൻ വൈദ്യുതി ആവശ്യമാണ്. കൂടാതെ 40 ശതമാനത്തോളം വെള്ളം പാഴാവുകയും ചെയ്യും. ഈ കാരണത്താൽ ചില സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാൻ സ്കൂൾ അധികൃതർ വിയോജിപ്പ് പ്രകടിപ്പിച്ചു. ചില സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ വർക്കിംഗ് ഹെഡ് ഇല്ലാത്തതിനാലും ഫിൽറ്റർ വയ്ക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.

**ജലനിധി രണ്ടാംഘട്ട പദ്ധതി**

201 (2756) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 1022 കോടി രൂപ മുതൽമുടക്കി 2012-17 കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ ജില്ലകളിൽ നിന്നുമുള്ള ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ് കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 9 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി

വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു.

(സി) ജലനിധി ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി യാണ്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ 64 ശതമാനം ലോകബാങ്ക് വായ്പ മുഖേനയും 19 ശതമാനം സംസ്ഥാന സർക്കാർ നേരിട്ടും 12 ശതമാനം ഗ്രാമപഞ്ചായത്തും 5 ശതാമാനം ഗുണഭോക്തൃ സമിതികളും എന്ന കണക്കിന് സ്വരൂപിക്കുകയാണ് ചെയ്യുന്നത്.

(ഡി) ബാച്ച് 1-ലെ 20 ഗ്രാമ പഞ്ചായത്തുകളിലും ബാച്ച് 2-ലെ 63 ഗ്രാപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ബാച്ച് 1-ൽ വലുതും ചെറുതുമായ 453 കുടിവെള്ള പദ്ധതികളും ബാച്ച് രണ്ടിൽ 62 ഗ്രാമ പഞ്ചായത്തുകളിലായി ഏകദേശം 1133 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവയ്ക്ക് പുറമെ 12 പഞ്ചായത്തുകളിലായി 3 മൾട്ടി പഞ്ചായത്ത് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. 393 ചെറുകിട ജലവിതരണ പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 328 പദ്ധതികളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 80,000-ത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുകഴിഞ്ഞു.

**മീനാട് ശുദ്ധജല പദ്ധതി**

202 (2757) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മീനാട് ശുദ്ധജല പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ പ്രവൃത്തികളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കൽ ഇനി എത്രത്തോളം ദൂരം അവശേഷിക്കുന്നുണ്ട് ;

(സി) ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുവാനുള്ള കരാർ നൽകിയെങ്കിൽ ആരാണ് ഏറ്റെടുത്തതെന്ന് അറിയിക്കുമോ ; എന്നത്തേക്ക് പണി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) മീനാട് ശുദ്ധജല പദ്ധതിയിൽ നിന്നും കുടിവെള്ളം ആവശ്യപ്പെട്ട് ഏതൊക്കെ ഗ്രാമപഞ്ചായത്ത്/ നഗരസഭകളിൽ നിന്നും എത്ര പേരാണ് അപേക്ഷ നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്രപേർക്ക് ശുദ്ധജലം ലഭ്യമായിട്ടുണ്ട് ;

(ഇ) അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് എന്നത്തേക്ക് പൂർണ്ണമായും ശുദ്ധജലം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) മീനാട് ശുദ്ധജല പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതും ഗാർഹിക കണക്ഷൻ നൽകുന്നതുമായ പ്രവർത്തനങ്ങൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ 176 കി.മീ. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലിയാണ് ഇനി അവശേഷിക്കുന്നത്.

(സി) ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തീകരിക്കുവാനുള്ള കരാർ ടെക്പ്രോ ഇൻഫ്രാ പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനിയാണ് ഏറ്റെടുത്തത്. 2016 ജൂണിൽ പണി പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) മീനാട് ശുദ്ധജല പദ്ധതിയിൽനിന്നും കുടിവെള്ളം ആവശ്യപ്പെട്ട് ഇതുവരെ 9413 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. അപേക്ഷ നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്ത്/നഗരസഭകൾ ഏതൊക്കെയാണെന്നും ഇതുവരെ നൽകിയിട്ടുള്ള കണക്ഷനുകളുടെ വിവരവും ചുവടെ ചേർക്കുന്നു. ഇതിൽ എത്രപേർക്ക് ശുദ്ധജലം ലഭ്യമായിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

| പഞ്ചായത്ത്/ നഗരസഭ | അപേക്ഷ സ്വീകരിച്ചത് | കണക്ഷൻ നൽകിയത് |
|---|---|---|
| കരവാളൂർ | 306 | 236 |
| അഞ്ചൽ | 150 | -- |
| ഇടമുളയ്ക്കൽ | 943 | 336 |

| | | |
|---|---|---|
| ഉമ്മന്നൂർ/വാളകം | 379 | -- |
| എളമാട് | 646 | -- |
| വെളിയം/ ഓടനാവട്ടം | 683 | -- |
| പൂയപ്പള്ളി | 405 | 339 |
| നെടുമ്പന/പള്ളിമാൽ | 1345 | 6 |
| മീനാട്, ചിറക്കര, പരവൂർ | 2409 | 2192 |
| പൂതക്കുളം | 565 | -- |
| മയ്യനാട്, ആദിച്ചനെല്ലൂർ | 195 | -- |
| മയ്യനാട് II | 521 | 10 |
| പരവൂർ നഗരസഭ | 866 | -- |
| ആകെ | 9413 | 3119 |

(ഇ) നിലവിലുള്ള സാഹചര്യത്തിൽ മേൽ കരാറുകാരനെക്കൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ പുനർ ദർഘാസ് വിളിക്കുകയും മറ്റൊരു കരാറുകാരൻ മുഖാന്തിരം ടി പ്രവൃത്തി തുടർന്ന് നടത്തേണ്ടിയും വന്നേക്കാം. അങ്ങനെയാണെങ്കിൽ ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ ഇനിയും ഒന്നര വർഷം കൂടിയെങ്കിലും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

**തരൂർ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

**203 (2758)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരൂർ മണ്ഡലത്തിലെ തരൂർ 1.2 വില്ലേജുകളിലെ സമഗ്ര കുടിവെള്ള പദ്ധതി എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; എത്ര രൂപയുടേതാണ് എസ്റ്റിമേറ്റ് ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ കാവശ്ശേരി പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) കിഴക്കഞ്ചേരി, വടക്കഞ്ചേരി, വണ്ടാഴി സമഗ്ര കുടിവെള്ള പദ്ധതി, എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; എത്ര രൂപയുടേതാണ് എസ്റ്റിമേറ്റ് ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ കണ്ണമ്പ്ര പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതിക്ക് മംഗലം ഡാം സ്രോതസ്സായി ഉപയോഗിക്കുന്നതിൽ ഇറിഗേഷൻ വകുപ്പ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ 26-6-2014-ലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് ഉണ്ടായിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) കിഴക്കഞ്ചേരി, വടക്കഞ്ചേരി, വണ്ടാഴി സമഗ്ര കുടിവെള്ള പദ്ധതിയുടെ 20 കോടി രൂപ അടങ്കൽ തുകയുള്ള ഒന്നാം ഘട്ടത്തിന് എസ്.എൽ.എസ്.എസ്.സി. അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ട സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു.

(ഡി) ഇതിന്റെ വിശദമായ പദ്ധതി തയ്യാറാക്കുമ്പോൾ കണ്ണമ്പ്ര പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കുവാൻ 26-6-2014-ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഉന്നയിച്ചിരുന്നു. കണ്ണമ്പ്ര പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുന്ന വിധത്തിൽ ആദ്യഘട്ട സർവ്വേകൾ പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ജല ശുദ്ധീകരണ ശാലയ്ക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് സർവ്വേ പൂർത്തിയാക്കി മണ്ണ് പരിശോധന നടത്തിവരികയാണ്.

## റാന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം

204 (2759) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഇപ്പോൾ എത്ര കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ആണ് നടന്നുവരുന്നത് ; അവ ഏതൊക്കെ എന്നും ഓരോ പദ്ധതിക്കും അനുവദിച്ചിരിക്കുന്ന തുകയും വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ഓരോന്നിന്റെയും നിർമ്മാണം എന്നാണാരംഭിച്ചത് ; എന്തൊക്കെ നിർമ്മാണങ്ങളാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ആദ്യഘട്ട നിർമ്മാണം എന്നത്തേക്കാണ് പൂർത്തീകരിക്കേണ്ടത് ; ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ; സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| പദ്ധതി | അനുവദിച്ച തുക |
|---|---|
| 1. റാന്നി പഴവങ്ങാടി വടശ്ശേരിക്കര | |
| ഒന്നാം ഘട്ടം | 1686.83 ലക്ഷം (പുതുക്കിയത്) |
| രണ്ടാം ഘട്ടം | 1458.99 ലക്ഷം (പുതുക്കിയത്) |
| 2. പെരിനാട് | 1400 ലക്ഷം |

അത്തിക്കയം

| | | |
|---|---|---|
| 3. | കൊല്ലമുള പദ്ധതി | 800 ലക്ഷം |
| 4. | എഴുമറ്റൂർ പദ്ധതി | 591 ലക്ഷം |
| 5. | അയിരൂർ പദ്ധതി | 1400 ലക്ഷം |

1. റാന്നി പഴവങ്ങാടി വടശ്ശേരിക്കര

ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം 4/2008-ൽ ആരംഭിച്ചു. റോ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, ജല ശുദ്ധീകരണ ശാല, ഒ.എച്ച്. ടാങ്ക്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ഭൂതല ജലസംഭരണികൾ, ബൂസ്റ്റിംഗ് പമ്പ് ഹൗസുകൾ, റോ വാട്ടർ പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ എന്നീ ഘടകങ്ങളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം ഘട്ടത്തിന്റെ പണി 9/2012-ൽ ആരംഭിച്ചു. വിവിധ സോണുകളിലെ വിതരണ ശൃംഖലയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് ഘട്ടങ്ങളിലെയും പണികൾ പൂർത്തിയായിവരുന്നു. ട്രയൽ പമ്പിംഗ് ആരംഭിച്ചു. പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ 3/2015-ൽ നടത്താനായി നടപടി സ്വീകരിച്ചുവരുന്നു.

2. പെരിനാട് അത്തിക്കയം ശുദ്ധജല വിതരണ പദ്ധതി

482/16 പദ്ധതിയുടെ നിർമ്മാണം 5/2013-ൽ ആരംഭിച്ചു. റോ വാട്ടർ പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണ ശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി ലൈനുകൾ എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റോ പമ്പിംഗ് മെയിനിന്റെയും ജലശുദ്ധീകരണ ശാലയുടെയും പണികൾ പൂർത്തീകരിച്ചു. വിവിധ ഇനം ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നിശ്ചിത സമയത്തിനകം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

3. കൊല്ലമുള ശുദ്ധജല വിതരണ പദ്ധതി

പദ്ധതിയുടെ നിർമ്മാണം 09/2014-ൽ ആരംഭിച്ചു. എരുമേലി ജലശുദ്ധീകരണ ശാലയിൽനിന്നും വെൺകുറിഞ്ഞി സമ്പ് വരെയുള്ള ഗ്രാവിറ്റി ലൈൻ, വെൺകുറിഞ്ഞി സമ്പും, പമ്പ് ഹൗസും വെൺകുറിഞ്ഞി മുതൽ പാമ്പിരിക്കുംപാറ ജലസംഭരണി, പമ്പ് സെറ്റുകൾ എന്നീ ഘടകങ്ങളാണ് പദ്ധതിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്. എരുമേലി ജലശുദ്ധീകരണശാലയിൽനിന്നും വെൺകുറിഞ്ഞി സമ്പ് വരെയുള്ള 250 എം.എം.ഡി.ഐ.കെ. 7 പൈപ്പ് ലൈനിന്റെ പണി പുരോഗമിക്കുന്നു. മറ്റ് ഘടകങ്ങളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഓഫീസിൽ പരിശോധിച്ചുവരുന്നു.

4. <u>എഴുമറ്റൂർ ശുദ്ധജലവിതരണ പദ്ധതി</u>

പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 4/2013-ൽ ആരംഭിച്ചു. 2.50 എം.എൽ.ഡി. ജല ശുദ്ധീകരണശാല 200 എം.എം. റോ വാട്ടർ പമ്പിംഗ് മെയിൻ, 100 എം.എം. ഗ്രാവിറ്റി ലൈൻ, കാരമലയിൽ 8 എൽ.എൽ. കപ്പാസിറ്റി ഭൂതല ജലസംഭരണി എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 200 എം.എം. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിച്ചു. ഗ്രാവിറ്റി ലൈനിന്റെയും ഭൂതല ജലസംഭരണിയുടെയും കരാർ നൽകി. കമ്പനിയിൽനിന്നും 100 എം.എം. ഡി.ഐ. കെ 9 പൈപ്പ് കിട്ടാനുള്ള കാലതാമസം മൂലം ഗ്രാവിറ്റി ലൈനിന്റെ പണി ആരംഭിച്ചിട്ടില്ല. ജലശുദ്ധീകരണശാലയ്ക്കുവേണ്ടി രണ്ടുതവണ ടെണ്ടർ വിളിച്ചെങ്കിലും ഒരാൾ മാത്രം പങ്കെടുത്തുകൊണ്ടും കൂടിയ തുക ക്വാട്ട് ചെയ്തതുകൊണ്ടും പ്രസ്തുത ടെണ്ടർ ക്യാൻസൽ ചെയ്തു. ബോർഡിന്റെ തീരുമാനമനുസരിച്ച് ജലം ശുദ്ധീകരിക്കാൻ വേണ്ടി ഒരു ആൾട്ടർനേറ്റ് പ്രൊപ്പോസൽ കണ്ടെത്തി റീ ടെണ്ടർ ചെയ്യുവാൻ വേണ്ടി ചീഫ് എഞ്ചിനീയറോട് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. <u>അയിരൂർ കാഞ്ഞേറ്റുകര പദ്ധതി</u>

പദ്ധതിയുടെ നിർമ്മാണം 7/2012-ൽ ആരംഭിച്ചു. ഇൻടേക്ക് കിണർ, 5 എം.എൽ.ഡി. ജല ശുദ്ധീകരണ ശാല, ജലശുദ്ധീകരണ ശാലയിൽനിന്നും കാഞ്ഞേറ്റുകര ടാങ്കുവരെയുള്ള ഗ്രാവിറ്റി ലൈൻ, റോ വാട്ടർ പമ്പിംഗ് മെയിൻ (300 എം.എം.ഡി.ഐ.കെ.9) ജലശുദ്ധീകരണശാല മുതൽ തേക്കുമുകൾ ടാങ്കുവരെയുള്ള ഗ്രാവിറ്റി ലൈൻ, റോ വാട്ടർ പമ്പ് സെറ്റുകൾ എന്നീ ഘടകങ്ങളാണ് പദ്ധതിയുടെ ഒന്നാം ഘട്ടമായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇൻടേക്ക് കിണറിന്റെയും ജലശുദ്ധീകരണ ശാലയുടെയും പ്രവൃത്തികൾ ആരംഭിച്ചു.

**വൈക്കം മണ്ഡലത്തിൽ ജലനിധി പദ്ധതി**

205 (2760) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ പഞ്ചായത്തു

കളിലാണ് ജലനിധി പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി നടത്തിപ്പ് ഏത് ഘട്ടംവരെയെത്തിയെന്നും വ്യക്തമാക്കുമോ ;

(ബി) ജലനിധി പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) ജലനിധി പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിലുൾപ്പെട്ട പഞ്ചായത്തുകളിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നും ഇതിൽ ഗുണഭോക്തൃ വിഹിതം എത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) ജലനിധി പദ്ധതിയോട് പഞ്ചായത്തുകളുടെ പ്രദേശത്തെ ജനങ്ങൾ താൽപ്പര്യം കാണിക്കുന്നില്ല എന്ന വസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജലനിധി പദ്ധതി ഇനിയും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിൽ റ്റി.വി. പുരം പഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ടം ബാച്ച് രണ്ടിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതി നടപ്പാക്കാൻ പഞ്ചായത്തുമായി ജലനിധി കരാറിൽ ഏർപ്പെടുത്തുകയും പഞ്ചായത്ത് സഹായസംഘടനയെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) ജലനിധിയുടെ ഔദ്യോഗിക വിഭാഗമായ ഗ്രാമ പഞ്ചായത്ത് സപ്പോർട്ട് ടീമും പഞ്ചായത്തും പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന സഹായ സംഘടനയും ഗുണഭോക്തൃ സമിതികൾക്ക് പദ്ധതി നടപ്പാക്കുന്നതിന് വേണ്ട സഹായവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്.

(സി) തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

**വൈക്കം നിയോജക മണ്ഡലത്തിലെ ജലവിതരണ പദ്ധതി**

206 (2761) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇപ്പോൾ വാട്ടർ അതോറിറ്റി മുഖേന ജല വിതരണ പൈപ്പുകളും ടാങ്കുകളും സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നതെന്നും ഈ പ്രവൃത്തികൾ എന്നു പൂർത്തിയാക്കാനാവുമെന്നും ഓരോ പഞ്ചായത്തിലും ഇതിനായി എന്തു തുക വീതം ചെലവഴിക്കുന്നു എന്നും ഇതനുസരിച്ച് എത്ര കി.മീ. വീതം പൈപ്പുകൾ സ്ഥാപിക്കാനാവുമെന്നും വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്ന പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്രത്തോളം ഭാഗങ്ങളിൽ വീതം പൈപ്പുകൾ എത്തിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വൈക്കം നിയോജകമണ്ഡലത്തിൽ ഇനിയും ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഇതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും പ്രസ്തുത പദ്ധതികൾക്കായി എന്ത് തുക വീതം ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശം ചുവടെ ചേർക്കുന്നു :

1. <u>വെച്ചൂർ വില്ലേജിനു വേണ്ടിയുള്ള ദേശീയ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി</u>

വെച്ചൂർ പഞ്ചായത്തിൽ വേരുവള്ളിയിൽ 4.90 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണ പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചു.

70838 മീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പണി ഇതിനകം ആരംഭിക്കുകയും ഏകദേശം 30 ശതമാനത്തോളം ജോലികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. (30 കിലോമീറ്റർ ഇട്ട് കഴിഞ്ഞു, 40.838 കിലോ മീറ്റർ ഇടുവാനുണ്ട്.) ഈ പദ്ധതി 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

ചെലവഴിക്കുന്ന തുക

ടാങ്ക് - 159.90 ലക്ഷം

പൈപ്പ് ലൈൻ - 325.10 ലക്ഷം

2. തലയാഴം വില്ലേജിനുവേണ്ടിയുള്ള ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

തലയാഴം പഞ്ചായത്തിൽ 6 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണ പ്രവൃത്തി 35 ശതമാനം പൂർത്തിയായിട്ടുണ്ട്.

85.763 കിലോ മീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി 85 ശതമാനം പൂർത്തീകരിച്ചു. (73 കിലോമീറ്റർ ഇട്ട് കഴിഞ്ഞു, 12.763 കിലോ മീറ്റർ ഇടുവാനുണ്ട്.) ഈ പദ്ധതി 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

ചെലവഴിക്കുന്ന തുക

ടാങ്ക് - 262.26 ലക്ഷം

പൈപ്പ് ലൈൻ - 417.68 ലക്ഷം

3. ചെമ്പ് പഞ്ചായത്തിനുവേണ്ടിയുള്ള ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

ചെമ്പ് പഞ്ചായത്തിൽ ബ്രഹ്മമംഗലം മേഖലകളിലേക്കുള്ള 35.700 കിലോ മീ. ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തീകരിച്ചു. ചെമ്പ് മേഖലകളിലേക്കുള്ള 12.498 കിലോ മീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി 90 ശതമാനം പൂർത്തീകരിച്ചു. (11.248 കിലോമീറ്റർ ഇട്ട് കഴിഞ്ഞു, 1.250 കിലോ മീറ്റർ ഇടുവാനുണ്ട്.) കാട്ടികുന്ന് മേഖലകളിലേക്കുള്ള 4.821 കിലോ മീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി 70 ശതമാനം പൂർത്തീകരിച്ചു. (3.375 കിലോമീറ്റർ ഇട്ട് കഴിഞ്ഞു, 1.446 കിലോ മീറ്റർ ഇടുവാനുണ്ട്.)

ഈ പദ്ധതി 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

ചെലവഴിക്കുന്ന തുക

പൈപ്പ് ലൈൻ - 247.80 ലക്ഷം രൂപ

4. കുലശേഖരമംഗലം വില്ലേജിനുവേണ്ടിയുള്ള ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

മറവൻതുരുത്ത് പഞ്ചായത്തിൽ ടോൾ ജംഗ്ഷനിൽ നിർമ്മിക്കുന്ന 4 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തി 10 ശതമാനം പൂർത്തീകരിച്ചു. മറവൻതുരുത്തിൽ നിർമ്മിക്കുന്ന 2.00 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണം ഇതിനകം ആരംഭിച്ചിട്ടുണ്ട്.

വിവിധ മേഖലകളിലേക്കുള്ള 32.458 കിലോ മീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി 70 ശതമാനം പൂർത്തീകരിച്ചു. (22.721 കിലോമീറ്റർ ഇട്ട് കഴിഞ്ഞു, 9.734 കിലോ മീറ്റർ ഇടുവാനുണ്ട്.) ചെമ്മനാകരി മേഖലകളിലേക്കുള്ള 46.328 കിലോ മീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി 85 ശതമാനം പൂർത്തീകരിച്ചു. (39.378 കിലോമീറ്റർ ഇട്ട് കഴിഞ്ഞു, 6.949 കിലോ മീറ്റർ ഇടുവാനുണ്ട്.)

ഈ പദ്ധതി 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

ചെലവഴിക്കുന്ന തുക

ടാങ്ക് - 303 ലക്ഷം രൂപ

പൈപ്പ് ലൈൻ - 348.60 ലക്ഷം രൂപ

(ബി) സർവ്വേ നടത്തിയ കാലഘട്ടങ്ങളിൽ നിലവിലുണ്ടായിരുന്ന റോഡുകളിൽ മുഴുവൻ തന്നെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ പ്രദേശങ്ങളിൽ മുഴുവനായും പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. ആയതിനുശേഷം ഉണ്ടായ റോഡുകളിലും ജനവാസ പ്രദേശങ്ങളിലും പൈപ്പ് ലൈൻ ഇടുന്നതിനുള്ള നിർദ്ദേശം പ്രോജക്ട് റിപ്പോർട്ടിൽ ഇല്ലായിരുന്നു. എന്നിരുന്നാലും 90 ശതമാനം സ്ഥലങ്ങളിലും പൈപ്പ് ലൈനുകൾ ഇടുവാൻ ശ്രമിച്ചിട്ടുണ്ട്.

(സി) വൈക്കം നിയോജക മണ്ഡലത്തിൽ ഇനിയും ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾ

1. ടി.വി. പുരം പഞ്ചായത്തിനായുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (വൈക്കം വില്ലേജ്)

പ്രസ്തുത പദ്ധതിക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 4.20 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണത്തിനായി 221 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ടാങ്ക് നിർമ്മാണത്തിനാവശ്യമായ 10 സെന്റ് സ്ഥലവും ടാങ്ക് സൈറ്റിലേക്കുള്ള വാഹന ഗതാഗതത്തിന് അനുയോജ്യമായ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലവും പഞ്ചായത്ത് ഇതുവരെ കൈമാറിയിട്ടില്ല. 12/2014-നുമ്പായി സ്ഥലം കൈമാറാമെന്ന് പഞ്ചായത്ത് സമ്മതിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും ടാങ്ക് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിനോടൊപ്പം ചേർത്ത് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

2. <u>തലയോലപറമ്പ് പഞ്ചായത്തിനായുള്ള (വടയാർ വില്ലേജ്) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി</u>

ഈ പദ്ധതിക്കായി 840 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി വക സ്ഥലത്ത് പഴയ ടാങ്ക് (1.15 ലക്ഷം ലിറ്റർ) പൊളിച്ച് 2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ഉന്നതതല സംഭരണി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ജലവിതരണ ശൃംഖലയും (72259 മീറ്റർ) ഉൾപ്പെട്ടിട്ടുണ്ട്.

<u>സോൺ 1 -തലയോലപറമ്പ്</u>

തലയോലപറമ്പ് പഞ്ചായത്തിൽ 49.224 കിലോ മീ. ദൈർഘ്യമുള്ള 300 എം.എം. മുതൽ 90 എം.എം. വരെയുള്ള (ഡി.ഐ., പി.വി.സി., ജി.ഐ.) പൈപ്പ് സ്ഥാപിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

<u>സോൺ 2- വടയാർ വില്ലേജ്</u>

വടയാർ വില്ലേജിൽ 23.035 കിലോ മീ. ദൈർഘ്യമുള്ള 200 എം.എം. മുതൽ 90 എം.എം. വരെയുള്ള (ഡി.ഐ., പി.വി.സി., ജി.ഐ.) പൈപ്പ് സ്ഥാപിക്കുവാനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

ഇനിയും ഭരണാനുമതി ലഭിക്കേണ്ട പദ്ധതികൾ താഴെപ്പറയുന്നു :

<u>ഉദയനാപുരം പഞ്ചായത്തിനായുള്ള ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി</u>

ഉദയനാപുരം പഞ്ചായത്തിൽ ജലവിതരണ ശൃംഖല 72084 മീറ്ററും തുറുവേലിക്കുന്നിൽ വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് പഴയ ടാങ്ക് (1.15 ലക്ഷം

ലിറ്റർ) പൊളിച്ച് 4.20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ഉന്നതതല സംഭരണി സ്ഥാപിക്കുന്നതിനും 975 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഫണ്ടിന്റെ അഭാവം കാരണം എസ്.എൽ.എസ്.എസ്.സി. അനുമതി നൽകിയിട്ടില്ല.

**താനൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

207 (2762) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ അനുബന്ധ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി കഴിഞ്ഞ ബജറ്റിലുൾപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കുന്ന ജോലി ഏത് ഘട്ടത്തിലാണ് ;

(ഡി) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാനാകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ 5.00 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

(സി&ഡി) താനൂരിലും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ (സി.ആർ.ഡബ്ല്യു.എസ്.എസ്.) 72.50 കോടി രൂപ മതിപ്പുള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

**ഫാറോക്ക് ഗ്രാമപഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി**

208 (2763) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിൽ, ജപ്പാൻ

കുടിവെള്ള പദ്ധതിയിൽ നിന്നും കുടിവെള്ളം ലഭ്യമാക്കാൻ തീരുമാന മെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് ജപ്പാൻ കടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ 13-12-2012-ൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശപ്രകാരം ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചശേഷം ഫീസിബിലിറ്റിയുടെ അടിസ്ഥാനത്തിൽ ഫറോക്ക് പഞ്ചായത്തിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് കുടിവെള്ളം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ജൈക്കയുടെ കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്കും അധിക ജലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ചും മാത്രമേ ടി പ്രദേശത്തെ പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ.

**കീരമ്പാറ കുടിവെള്ള പദ്ധതി**

482/16

209 (2764) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം കീരമ്പാറ കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ വിവിധ വകുപ്പുകളുടെ ഏകോപനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇത്തരം പദ്ധതികളുടെ പൂർത്തീകരണത്തിലുള്ള കാലതാമസം മൂലം ഖജനാവിന് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കീരമ്പാറ കുടിവെള്ള പദ്ധതിക്ക് 1400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാല പണിയുന്നതിന് ആവശ്യമായ സ്ഥലം സംബന്ധിച്ച പ്രശ്നം തീർപ്പാക്കാത്തതിനാൽ സാങ്കേതികാനുമതി നൽകാൻ സാധിച്ചിട്ടില്ല.

(ബി) ഏകദേശം ഒന്നേകാൽ ഏക്കർ സ്ഥലമാണ് കോതമംഗലം കീരമ്പാറ കുടിവെള്ള പദ്ധതിക്കാവശ്യമായി വരുന്നത്. എന്നാൽ വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന സ്ഥലം ഭൂതത്താൻകെട്ട് ഡാമിന്റെ എഫ്.ആർ.എൽ. പരിധിയിൽ വരുമെന്നും സുരക്ഷാ കാരണത്താൽ ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള അനുവാദം നൽകാനാവില്ല എന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ പ്രോജക്ട്-2) അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ജലസംഭരണിയുടെ നിർമ്മാണത്തിനായി 611 മുടിയിൽ 10 സെന്റ് സ്ഥലവും കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുന്നേക്കാട് കാളക്കടവിൽ 10 സെന്റ് സ്ഥലവും പഞ്ചായത്ത് ഏറ്റെടുത്ത് നൽകാനുണ്ട്.

(സി) ജലശുദ്ധീകരണശാലയ്ക്കും മറ്റുള്ള അനുയോജ്യമായ സ്ഥലം എത്രയും വേഗത്തിൽ കണ്ടെത്തി നൽകണമെന്ന് കീരമ്പാറ പഞ്ചായത്ത് അധികൃതരോട് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണം സാധ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, റവന്യൂ തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) കാലതാമസം മൂലമുള്ള നഷ്ടം കണക്കാക്കിയിട്ടില്ല.

(ഇ) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമായാൽ രണ്ടുവർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

**ചീക്കോട് കുടിവെള്ള പദ്ധതി രാമനാട്ടുകര പഞ്ചായത്തിൽ**

210 (2765) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ നിന്നും രാമനാട്ടുകര പഞ്ചായത്തിൽ കുടിവെള്ളം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ രാമനാട്ടുകര പഞ്ചായത്തിനെ ഉൾപ്പെടുത്തുവാൻ വേണ്ടിയുള്ള സാങ്കേതിക പഠനത്തിനായി നിർദ്ദേശിച്ചിരുന്നു.

(ബി) ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്നും രാമനാട്ടുകര പഞ്ചായത്തിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുന്നതേയുള്ളൂ.

**കുടിവെള്ള സ്രോതസ്സുകളുടെ പരിരക്ഷണം**

**211 (2766)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകളുടെ നാശത്തിന് ത്വരിത നഗരവത്ക്കരണം കാരണമായിട്ടുണ്ട് എന്ന വസ്തുത പഠന വിധേയമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(ബി) കുടിവെള്ള സ്രോതസ്സുകളുടെ പരിരക്ഷണത്തിനായി നിയന്ത്രിതമായ തോതിൽ നഗരവത്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) നഗര പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകളായി പ്രധാനമായും ആശ്രയിക്കുന്നത് പുഴകൾ, തടാകങ്ങൾ, ഡാമുകൾ, ചിറകൾ/കുളങ്ങൾ എന്നിവയാണ്. നഗരവത്കരണത്തിന്റെ ഭാഗമായി ഈ സ്രോതസ്സുകളിലെ ജലഗുണനിലവാരം താഴ്ന്നതായി സി.ഡബ്ല്യു.ആർ.ഡി.എം., സി.ഇ.എസ്സ്.എസ്സ് തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. കൂടാതെ, കിണറുകളിലെ ജലത്തിന്റെ കോളീഫോം ബാക്ടീരിയയുടെ അളവ് കൂടിയ തോതിൽ ഉള്ളതായും സി.ഡബ്ല്യു.ആർ.ഡി.എം. പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

(ബി) പരിഗണനയിലില്ല.

(സി) ജലസേചന വകുപ്പിലും ഭൂജലവകുപ്പിലും നഗര പ്രാദേശങ്ങളെ കേന്ദ്രീകരിച്ചുള്ള പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മലയിൻകീഴ്, മാറനല്ലൂർ, വിളവൂർക്കൽ, വിളപ്പിൽ പഞ്ചായത്തുകൾക്കും, തിരുവനന്തപുരം നഗരത്തിനും നെയ്യാർ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതിക്കുവേണ്ടി നെയ്യാർ നദിക്കുകുറുകെ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കരയിൽ തടയണ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

## കുട്ടനാട് പാക്കേജ്

**212 (2767)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് 70 കോടി രൂപ അനുവദിച്ച പ്രവൃത്തി നടപ്പാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്ലാന്റിൽനിന്നും ഓവർഹെഡ് ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ ;

(സി) ഓവർഹെഡ് ടാഹ്കിൽനിന്ന് ഏതെല്ലാം പ്രദേശങ്ങളിലേക്കാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതെന്ന് പ്രസ്തുത പ്രവൃത്തിക്ക് വേണ്ടിവരുന്ന തുക സഹിതം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് 70 കോടി രൂപ അനുവദിച്ച പ്രവൃത്തി 4 പാക്കേജുകളിലായി തിരിച്ച് വർക്ക് ടെണ്ടർ ചെയ്തു.

<u>പാക്കേജ്-I</u>

നീരേറ്റുപുറം ജലശുദ്ധീകരണശാലയിൽനിന്നും നീരേറ്റുപുറം, വീയപുരം, തകഴി, നീലംപേരൂർ റൂട്ട് വഴിയുള്ള 225 മി.മീ. മുതൽ 630 മി.മീ. വരെയുള്ള എച്ച്.ഡി.പി.ഇ. പൈപ്പുകൾ സപ്ലൈ ചെയ്തിടുന്ന പ്രവൃത്തികൾ ഈ പാക്കേജിൽ ഉൾപ്പെടുന്നു. ഈ പാക്കേജിന്റെ ടെണ്ടറിന് 10.47 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

ഈ വർക്കിന് വേണ്ട പൈപ്പുകൾ ലഭിക്കുന്നതിനുള്ള സപ്ലൈ ഓർഡർ കരാറുകാരൻ നൽകിയിട്ടുണ്ട്. പൈപ്പ് കിട്ടിയാലുടൻ ലെയിംഗ് ആരംഭിക്കുന്നതാണ്.

പാക്കേജ്-II

നിരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽനിന്നും മാമ്പഴക്കരി, കാവാലം, നെടുമുടി, കൈനക്കരി വഴിയുള്ള 200 മി.മീ. മുതൽ 800 മി.മീ. വരെയുള്ള എച്ച്.ഡി.പി.ഇ. പൈപ്പുകൾ സപ്ലൈ ചെയ്യിടുന്ന പ്രവൃത്തികൾ ഈ പാക്കേജിൽ ഉൾപ്പെടുന്നു. ഈ പാക്കേജിന്റെ ടെണ്ടറിന് 27.28 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഈ വർക്കിന് വേണ്ടുന്ന പൈപ്പുകൾ സപ്ലൈ ചെയ്തു തുടങ്ങി. 800 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 5013 മീറ്ററും 355 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 3228 മീറ്ററും 200 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 1008 മീറ്ററും സപ്ലൈ ചെയ്തുകഴിഞ്ഞു. പൈപ്പ് ജോയിന്റ് ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു. റോഡ് കട്ടിംഗിനുവേണ്ടി പി.ഡബ്ല്യു.ഡി.-യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഫണ്ട് ലഭിക്കുന്നതിനായി 5.56 കോടി രൂപയുടെ ഫണ്ട് റിക്വസിഷൻ ലഭ്യമായതിന്മേൽ 3.28 കോടി രൂപ ഉടനെ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാക്കേജ് - III വിതരണ ശൃംഖല സിസ്റ്റം-1

തകഴി, എടത്വാ, മുട്ടാർ, നീലംപേരൂർ, വെളിയനാട്, തലവടി എന്നീ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയും 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള തകഴിയിലെ ഉപരിതല സംഭരണിയും ഇതിൽ ഉൾപ്പെടുന്നു. ഈ പാക്കേജിന്റെ എസ്റ്റിമേറ്റ് തുക 15.35 കോടി രൂപയാണ്.

പാക്കേജ് - IV വിതരണ ശൃംഖല സിസ്റ്റം-2

കാവാലം, ചമ്പക്കുളം, പുളിങ്കുന്ന്, രാമങ്കരി, കൈനകരി, നെടുമുടി എന്നീ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയും 3.5 ലക്ഷം ലിറ്റർ ശേഷിയുള്ള കാവാലം പഞ്ചായത്തിലെ ഉപരിതല സംഭരണിയും ഇതിൽ ഉൾപ്പെടുന്നു. ഈ പാക്കേജിന്റെ എസ്റ്റിമേറ്റ് തുക 16.91 കോടി രൂപയാണ്. പ്രസ്തുത വർക്കിന്റെ ടെണ്ടർ പരിശോധിച്ചുവരുന്നു.

(ബി) ടി പ്രവൃത്തിയുടെ പാക്കേജ്-1-ൽ ഉൾപ്പെടുന്ന പൈപ്പുകൾ സപ്ലൈ

ചെയ്ത് ഇടുന്നതിനായി പൈപ്പുകൾ ലഭിക്കുന്നതിനുള്ള സപ്ലൈ ഓർഡർ കരാറുകാരൻ നൽകിയിട്ടുണ്ട്. പൈപ്പ് കിട്ടിയാലുടൻ ലെയിംഗ് ആരംഭിക്കുന്നതാണ്. പാക്കേജ്-2-ൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി പൈപ്പുകൾ സപ്ലൈ ചെയ്ത് തുടങ്ങി. 800 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 5013 മീറ്ററും 355 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 3228 മീറ്ററും 200 മി.മീ. എച്ച്.ഡി.പി.ഇ. പൈപ്പ് 1008 മീറ്ററും സപ്ലൈ ചെയ്തുകഴിഞ്ഞു. പൈപ്പ് ജോയിന്റ് ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു. റോഡ് കട്ടിംഗിനുവേണ്ടി പി.ഡബ്ല്യു.ഡി.-യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഫണ്ട് ലഭിക്കുന്നതിനായി 5.56 കോടി രൂപയുടെ ഫണ്ട് റിക്വസിഷൻ ലഭ്യമായതിന്മേൽ 3.38 കോടി രൂപ ഉടനെ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിതരണ ശൃംഖല സിസ്റ്റം-1-ൽ തകഴി, എടത്വാ, മുട്ടാർ, നീലംപേരൂർ, വെളിയനാട്, തലവടി എന്നീ പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖല സിസ്റ്റം 2-ൽ കാവാലം, ചമ്പക്കുളം, പുളിങ്കുന്ന്, രാമങ്കരി, കൈനകരി, നെടുമുടി എന്നീ പഞ്ചായത്തുകളിലേക്കുമാണ് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. ഇതിനുവേണ്ടി വരുന്ന എസ്റ്റിമേറ്റ് തുക താഴെ പറയുന്നു. സിസ്റ്റം 1- 15.35 കോടി രൂപ, സിസ്റ്റം 2- 16.91 കോടി രൂപ, ആകെ 32.26 കോടി രൂപ.

**കുടിവെള്ള ലഭ്യതയും മലിനീകരണവും**

**213 (2768)** <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള ലഭ്യത കുറഞ്ഞു വരുന്നതായുള്ള പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(സി) സംസ്ഥാനത്ത് കുടിവെള്ളത്തിലെ മാലിന്യത്തിന്റെ അളവ് ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ഇ) മലപ്പുറം ജില്ലയിലെ കുടിവെള്ള സ്രോതസ്സുകളിൽ മലിനീകരണത്തിന്റെ അളവ് കൂടിവരുന്നതായുള്ള പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്

കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിന് ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി കിണർ, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയുടെ ചെളി നീക്കം ചെയ്യുകയും ലീഡിംഗ് ചാനലിന്റെ നീളം കൂട്ടുക, ആഴം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികളും ചെയ്തുവരുന്നു. കൂടാതെ സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, നബാർഡ് എന്നീ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ ശുദ്ധജലവിതരണ പദ്ധതികൾ സ്ഥാപിച്ച് നടപ്പിലാക്കി വരുന്നു. ജലവിതരണ പദ്ധതികളിൽ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ സ്ഥലങ്ങളിൽ പുഴകൾക്ക് കുറുകെ തടയണ നിർമ്മിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ കുളം, കിണർ എന്നിവ മതിൽകെട്ടി സംരക്ഷിക്കുകയും പുഴകളിലെ ഉറവിടത്തിന്റെ പരിസരം കമ്പിവേലി കെട്ടി സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. മലിനജലം സ്രോതസ്സുകളിൽ ഒഴുക്കിവിടുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അറിയിക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബന്തടുക്ക കുടിവെള്ള പദ്ധതി**

**214 (2769)** <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്കയ്ക്കും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതിക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ ബന്തടുക്കയ്ക്കും സമീപ പ്രദേശങ്ങൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 25-7-2012-ലെ സ.ഉ. (സാധാ) നമ്പർ 912/12/ജവിവ ഉത്തരവ് പ്രകാരം 8 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള മുൻകൂർ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. പ്രസ്തുത ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുത്തു. കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 36.80 ശതമാനം കൂടുതലായിരുന്നു. അതിനാൽ പ്രവൃത്തി റീ ടെണ്ടർ ചെയ്തെങ്കിലും ആരും തന്നെ റീ ടെണ്ടറിൽ പങ്കെടുത്തിരുന്നില്ല. കൂടാതെ ഈ പദ്ധതിക്കാവശ്യമായ സ്ഥലങ്ങൾ ഒരു വർഷത്തിലധികം കാലമായിട്ടും കുറ്റിക്കോൽ പഞ്ചായത്ത് അധികൃതർ ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഈ സാഹചര്യത്തിൽ സ്ഥലം കൈമാറാൻ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ചാലക്കുടി മണ്ഡലത്തിൽ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനും കുവ്വക്കാട്ടുകുന്നിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനും നടപടി**

215 (2770) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പോട്ട-കാഞ്ഞിരപ്പിള്ളി റോഡിലെയും, താണിപ്പാര ഗ്രൗണ്ട് ലെവൽ ടാങ്ക് റോഡിലെയും, വി.ആർ.പുരത്തേയും വാട്ടർ അതോറിറ്റി വക കേട്ടുവന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മേലൂർ-കൊരട്ടി വാട്ടർ സപ്ലൈ സ്കീമിലെ കുവ്വക്കാട്ടുകുന്നിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പോട്ട-കാഞ്ഞിരപ്പിള്ളി റോഡിലെയും താണിപ്പാറ ഗ്രൗണ്ട് ലെവൽ ടാങ്ക് റോഡിലെയും വി.ആർ. പുരത്തേയും താണിപ്പാറ

ഭൂതല ടാങ്ക് റോഡിലെയും കേരള വാട്ടർ അതോറിറ്റി വക കേടുവന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. വി.ആർ. പുരം ഉറുമ്പൻകുന്ന് റോഡിലെ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

216 (2771) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ പുതിയ കുടിവെള്ള പദ്ധതികളാണ് പണി പൂർത്തീകരിക്കാനുള്ളത് ;

(ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(സി) ഓരോന്നും പ്രവർത്തനക്ഷമമാക്കുമ്പോൾ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

482/16 (എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി 273 കുടിവെള്ള പദ്ധതികളുടെ പണികളാണ് പൂർത്തീകരിക്കാനുള്ളത്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 273 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി ഏകദേശം 95 ലക്ഷം ജനങ്ങൾക്ക് അധികമായി കുടിവെള്ളം ലഭ്യമാകുന്നതാണ്.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

217 (2772) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തന പുരോഗതിയിലുള്ള ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാം ; ഓരോന്നിന്റെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലം നഗര ശുദ്ധജലവിതരണ പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് ; പ്രസ്തുത പദ്ധതിയിൽ എത്രത്തോളം

നിർമ്മാണ പുരോഗതി ഉണ്ട് ; വിശദാംശം നൽകാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെ SPAN പ്രകാരമുള്ള ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കി ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക/ഭരണാനുമതി തുക |
|---|---|---|
| (1) | (2) | (3) |
| 1 | നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന കരിമ്പുഴ ശുദ്ധ ജലവിതരണ പദ്ധതി | 1267.93 ലക്ഷം രൂപ |
| 2 | നബാർഡ് ധനസഹായത്തോടെ ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി | 3124.11 ലക്ഷം |
| (1) | (2) | (3) |
| 3 | യു.ഐ.ഡി.എസ്.എസ്. എം.റ്റി.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഒറ്റപ്പാലം ശുദ്ധജലവിതരണ പദ്ധതി | 3000 ലക്ഷം (റിവൈസ്ഡ്) |
| 4 | എൻ.ആർ.ഡി.ഡബ്ല്യൂ.പി.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതിയുടെ കേടുവന്ന സി.ഐ. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി | 500 ലക്ഷം |
| 5 | എൻ.ആർ.ഡി.ഡബ്ല്യൂ. പി.-ൽ ഉൾപ്പെടുത്തി ശ്രീകൃഷ്ണപുരത്തിനും സമീപ | 800 ലക്ഷം |

പഞ്ചായത്തുകളിലും വിതരണ
ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി

(ബി) ഒറ്റപ്പാലം നഗരശുദ്ധജലവിതരണ പദ്ധതിക്ക് യുഐ.ഡി. എസ്.എസ്.എം.റ്റി.-ൽ ഉൾപ്പെടുത്തി തദ്ദേശസ്വയംവകുപ്പിൽനിന്നും 4-11-2009-ൽ 1800 ലക്ഷം രൂപയുടെ ഭരണാനുമതിയും 21-1-2014-ൽ 3000 ലക്ഷം രൂപയുടെ റിവൈസ്ഡ് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തനപുരോഗതി ചുവടെ ചേർക്കുന്നു :

| (1) | (2) | (3) |
|---|---|---|
| 1 | റോ വാട്ടർ പമ്പിംഗ് മെയിൻ | പൂർത്തീകരിച്ചു |
| 2 | 13 എം.എൽ.ഡി. ജലശുദ്ധീകരണശാല | പൂർത്തീകരിച്ചു . |
| 3 | റോ വാട്ടർ പമ്പ് സെറ്റ് | 50 ശതമാനം പണി പൂർത്തിയായി (വൈദ്യുതികണക്ഷൻ ലഭിക്കേണ്ടതുണ്ട്.) |
| (1) | (2) | (3) |
| 4 | ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ | 50 ശതമാനം പണി പൂർത്തിയായി |
| 5 | ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ | 95 ശതമാനം പണി പൂർത്തിയായി |
| 6 | വിതരണശൃംഖല - മേഖല I&IV | പൂർത്തീകരിച്ചു |
| 7 | വിതരണശൃംഖല - മേഖല II&III | 95 ശതമാനം പൂർത്തിയായി |

പ്രസ്തുത പദ്ധതിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും എച്ച്.റ്റി. പവർ കണക്ഷൻ ലഭ്യമാക്കലും പ്രവർത്തന പുരോഗതിയിലാണ്.

(സി) 1-7-2011 മുതൽ 31-10-2014 വരെ സ്പാൻ പ്രകാരം പൂർത്തീകരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കോഴിക്കോട് നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി**

218 (2773) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കുമ്പോൾ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പള്ളിമലക്കുന്ന്, എരവത്ത് കുന്ന്, കൊടമോളിക്കുന്ന്, കോട്ടക്കുന്ന്, കേലാട്ട് കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നടപ്പാക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പള്ളിമലക്കുന്ന്, എരവത്ത്കുന്ന്, കൊടമോളിക്കുന്ന്, കോട്ടക്കുന്ന്, കേലാട്ട് കുന്ന് എന്നിവിടങ്ങളെ ഭാഗികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ഏറ്റെടുക്കുവാനും ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുവാനും സാധിക്കൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

**219 (2774)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള തടസ്സങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014 ഡിസംബർ 31 -ന മുമ്പായി പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ ;

(സി) തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കുറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന വിശദമാക്കുമോ ;

(ഡി) കുറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ പറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ

ചെയ്യാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ചുവടെ പറയുന്നു :

1. സബ്സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഇലക്ട്രിക് കണക്ഷൻ ലഭിക്കാനുണ്ട്.
2. ഇതിനായി പാനൽ ബോർഡ് മുറി സ്ഥാപിക്കേണ്ടതുണ്ട്.
3. കാലപ്പഴക്കം ചെന്ന നിലവിലെ പഴയ പമ്പ് ഹൗസ് പുനർനിർമ്മിക്കേണ്ടതുണ്ട്.
4. 95 എച്ച്.പി. കുതിരശക്തിയുള്ള പമ്പ്സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുവാനുണ്ട്.

(ബി) ഈ പദ്ധതിക്ക് തടസ്സമായി നിൽക്കുന്ന മേൽ വിഷയങ്ങൾ പരിഹരിച്ചു കിട്ടുന്ന മുറയ്ക്ക് പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

(സി&ഡി) തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കുറത്തിക്കാട് കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റെയിൽവേ ക്രോസിംഗിനുള്ള അനുമതി, പ്രായിക്കര പാലത്തിലൂടെയുള്ള അനുമതി എന്നിവ ലഭിക്കാത്തതും, ഗ്യാപ്പ് കണക്ഷൻ കൂട്ടിയോജിപ്പിക്കൽ, വാൽവുകൾ, ഇലക്ട്രിക് സബ്സ്റ്റേഷൻ എന്നിവ കുറത്തിക്കാട് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളായി നിൽക്കുന്നു. ഇവ പരിഹരിച്ചാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.

## തൃക്കാക്കര, കളമശ്ശേരി എന്നീ നഗരസഭകളെ ബന്ധിപ്പിച്ചുള്ള ജലവിതരണ പദ്ധതി

**220 (2775)** <u>ശ്രീ. ബെന്നി ബെഹനാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കാക്കര, കളമശ്ശേരി എന്നീ നഗരസഭകളെ ബന്ധിപ്പിച്ച് ജലവിതരണ പദ്ധതി തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം ലഭ്യമായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വർക്ക് എന്നാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) കൊച്ചി നഗരസഭയ്ക്കും ആലുവ, തൃക്കാക്കര, കളമശ്ശേരി, ഏലൂർ എന്നീ മുനിസിപ്പാലിറ്റികൾക്കും സമീപപ്രദേശത്തുള്ള 10 ഗ്രാമപഞ്ചായത്തുകൾക്കും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള കൊച്ചി കുടിവെള്ള പദ്ധതി പാർട്ട്-ഒന്നിന്റെ ഒന്നാം ഘട്ടമായ കൊച്ചി ഇടക്കാല വിപുലീകരണ പദ്ധതിക്കുള്ള 238.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ലഭ്യമായിട്ടില്ല.

**കാസർഗോഡ് നഗരത്തിലെ ശുദ്ധജല ക്ഷാമം**

**221(2776)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ വന്നതിനുശേഷം കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ;

(ബി) ജലവിതരണം മുടങ്ങാതിരിക്കാൻ പ്രവർത്തനക്ഷമമല്ലാത്ത പഴയ പമ്പുകൾക്ക് പകരം പുതിയ പമ്പുകൾ വാങ്ങാൻ എത്ര തുകയാണ് അനുവദിച്ചത് ;

(സി) പുതിയ പമ്പുകൾ സ്ഥാപിച്ചിട്ടും കാസർഗോഡ് നഗരത്തിലെ ഉപഭോക്താക്കൾക്കു കുടിവെള്ളം നേരാംവണ്ണം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുതുതായി വാങ്ങിയ പമ്പുകൾ നിരന്തരം പ്രവർത്തനരഹിത മാകുന്നതെന്ത് കൊണ്ടാണ് ; ഏത് കമ്പനിയാണ് പമ്പുകൾ വിതരണം ചെയ്തത് ; ഏത് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് പമ്പുകൾ വാങ്ങിയതും ഘടിപ്പിച്ചതും ; ഇത്തരത്തിലുള്ള ഉത്തരവാദിത്തമില്ലായ്മക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കാസർഗോഡ് നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പ്രവൃത്തികൾക്ക് അനുമതി നൽകി :

1. ബാവിക്കരയിലെയും വിദ്യാ നഗറിലെയും പഴയ പമ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ (പ്ലാൻ പദ്ധതി)

2. 300 മി.മീ. എം.എസ്. പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കൽ

3. വരൾച്ചാ ദുരിതാശ്വാസ പദ്ധതി 2013-പൈപ്പ് ലൈൻ സ്ഥാപിക്കൽ

4. 2012, 2013 വർഷങ്ങളിൽ താൽക്കാലിക തടയണ നിർമ്മിക്കൽ

5. ബാവിക്കര പമ്പ് സെറ്റ് അറ്റകുറ്റപ്പണി

6. ട്രീറ്റ്മെന്റ് പ്ലാന്റ് അറ്റകുറ്റപ്പണി

കൂടാതെ കാസർഗോഡ് നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഒരു ബൃഹത് പദ്ധതി പരിഗണിച്ചുവരുന്നു

(ബി) 78.60 ലക്ഷം രൂപ.

(സി) പമ്പുസെറ്റുകൾ തകരാറാകുന്നത് കാരണം ജലവിതരണം മുടങ്ങുന്നുണ്ട്.

(ഡി) പമ്പ് സെറ്റ് കമ്പനിയിൽ നിർമ്മിച്ചപ്പോൾ ഉണ്ടായ അപാകത മൂലമായിരിക്കാം പമ്പുകൾ നിരന്തരം പ്രവർത്തനരഹിതമാകുന്നത്. പമ്പുസെറ്റുകൾ അടിയന്തരമായി മാറ്റി പുതിയവ സ്ഥാപിക്കണമെന്ന് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വഡോദരയിലുള്ള ജ്യോതി പമ്പ് എന്ന കമ്പനിയാണ് പമ്പ് നിർമ്മിച്ചിരിക്കുന്നത്. ആലപ്പുഴയിലുള്ള ടർബോ സിസ്റ്റംസ് എന്ന കരാറുകാരാണ് പമ്പ് സപ്ലൈ ചെയ്തത്. കണ്ണൂർ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് പമ്പ് സെറ്റുകൾക്ക് ഓർഡർ നൽകിയത്. കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫാക്ടറി പരിശോധന നടത്തി, കാസർഗോഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ മേൽനോട്ടത്തിലാണ് പമ്പ് സ്ഥാപിച്ചിട്ടു ള്ളത്. പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. പമ്പ് സെറ്റുകളുടെ ന്യൂനതകളും തകരാറുകളും അവ നിർമ്മിച്ച കമ്പനിയെയും അവ സപ്ലൈ ചെയ്തവരെയും കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരവധി തവണ അറിയിച്ചിട്ടും പമ്പ്സെറ്റുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കമ്പനിക്കാർ നാളിതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ ആലപ്പുഴയിലുള്ള ടർബോ സിസ്റ്റംസ് എന്ന കമ്പനിക്കെതിരെയും വഡോദരയിലുള്ള ജ്യോതി പമ്പ് സെറ്റ് കമ്പനിക്കെതിരെയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

## കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി (ഭീമനടി) കുടിവെള്ള പദ്ധതി

**222 (2777)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി (ഭീമനടി) കുടിവെള്ള പദ്ധതിക്കുവേണ്ടി ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിക്കുവേണ്ടത്ര വെള്ളം ലഭിക്കാത്തപ്രശ്നം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വെസ്റ്റ് എളേരി (ഭീമനടി) കുടിവെള്ള പദ്ധതിക്കുവേണ്ടി വിവിധ ധനസഹായ വിഭാഗങ്ങൾ മുഖേന ആകെ 1447.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കലിൽ ഡ്രെയ്നേജ് സംവിധാനം

**223 (2778)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കലിൽ ഡ്രെയ്നേജ് സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഡ്രെയ്നേജ് സംവിധാനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഡ്രെയ്നേജ് സംവിധാനത്തിനായി ഈ പ്രദേശത്ത് റോഡിൽ പൈപ്പ് ലൈൻ എന്നാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കുമോ ഇല്ലെങ്കിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ട് എന്താണെന്ന് വെളിപ്പെടുത്താമോ ; കാലപ്പഴക്കംകൊണ്ട് മുമ്പ് സ്ഥാപിച്ച പൈപ്പ് ലൈൻ ഡ്രെയ്നേജ് സംവിധാനത്തിനുപയോഗിക്കാൻ സാധിക്കുമോ ;

(സി) ഡ്രെയ്നേജ് സംവിധാനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് രണ്ടു റെസിഡന്റ്സ് അസോസിയേഷനുകളും നിവേദനം നൽകിയിട്ടുണ്ടോ ;

(ഡി) ശുചിത്വകേരളം പദ്ധതിയിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ

നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കലിൽ ഡ്രെയ്നേജ് സംവിധാനം നിലവിലില്ല. ഈ ഏരിയയിൽ ഒന്നര കിലോമീറ്ററോളം ദൂരത്തിൽ പൈപ്പ് ലൈനുകളും മാൻഹോളുകളും നിലവിലുണ്ട്. ജൻറം പദ്ധതിയിൽ ഉൾപ്പെട്ട 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഒന്നര കിലോമീറ്ററോളം ലൈൻ കൽപ്പക നഗർ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലികൾ നടന്നുവരുന്നു.

(ബി) 1985 കാലഘട്ടത്തിലാണ് പ്രസ്തുത ലൈൻ സ്ഥാപിച്ചിട്ടുള്ളത്. കൺസൾട്ടന്റിന്റെ പദ്ധതി റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്രദേശത്തെ നിലവിലുള്ള ഒന്നര കിലോ മീറ്ററോളം ലൈൻ ഉപയോഗയോഗ്യമാണ്.

(സി) സമീപ കാലത്തൊന്നും നിവേദനം ലഭിച്ചിട്ടില്ല.

(ഡി) ശുചിത്വകേരളം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ആവശ്യം കാണുന്നില്ല.

**പെരുവണ്ണാമൂഴി ഡാമിലെ വെള്ളം ഉപയോഗിച്ച് ജപ്പാൻ കുടിവെള്ള പദ്ധതി**

482/16

**224 (2779)** <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി ഡാമിലെ വെള്ളം ഉപയോഗിച്ചുകൊണ്ട് നടപ്പാക്കുന്ന ജപ്പാൻകുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്കുവേണ്ടി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രവൃത്തി പൂർത്തിയാക്കി കുടിവെള്ളം ലഭ്യമാക്കാൻ ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നും പ്രവൃത്തി എപ്പോൾ തീരുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പെരുവണ്ണാമൂഴി ഡാമിലെ വെള്ളം ഉപയോഗിച്ചുകൊണ്ട് ജിക്ക

ധനസഹായത്തോടെ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ജലം ശേഖരിക്കുന്നതിനുള്ള ഇൻടേക്ക് കിണറിന്റെ പ്രവൃത്തി 99% പൂർത്തീകരിച്ചു. വെള്ളം എടുക്കുവാനുള്ള 6 പമ്പുകൾ സ്ഥാപിച്ചു. അവ ഓരോന്നായി പ്രവർത്തിപ്പിച്ചു ട്രയൽ റൺ ആരംഭിച്ചു. 174 എം.എൽ.ഡി. ശേഷിയുള്ള ജലം ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 95% പൂർത്തീകരിച്ചു. 123 കി.മീ. ദൂരം വരുന്ന ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി 99% പൂർത്തീകരിച്ചു. പദ്ധതിക്കായി പണിയേണ്ട 20 റിസർവോയറിൽ 17 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ശേഷിക്കുന്ന 3 എണ്ണത്തിന്റെ പ്രവൃത്തി നടന്നുവരുന്നു. 1850 കി.മീ. വരുന്ന വിതരണശൃംഖലയുടെ 65% പൂർത്തീകരിച്ചു. നിലവിലുള്ള കോഴിക്കാട് നഗര ശുദ്ധജല പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൊത്തത്തിൽ കോഴിക്കോട് ജിക്ക ശുദ്ധ ജലവിതരണ പദ്ധതിയുടെ പ്രവർത്തികൾ 85 ശതമാനം പൂർത്തീകരിച്ചു. പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രീ-കമ്മീഷനിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പദ്ധതിക്കുവേണ്ടി ഇതുവരെ 655.86 കോടി രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ താഴെ നൽകുന്നു :

| പാക്കേജ് നമ്പർ | ഇതുവരെ ചെലവായ തുക (കോടി രൂപയിൽ) |
|---|---|
| I.ഇൻടേക്ക് വെൽ, ജലശുദ്ധീകരണശാല | 102.09 |
| II. ട്രാൻസ്മിഷൻ മെയിൻ IIA,IIB | 301.16 |
| III. വിതരണ ശൃംഖല | 127.67 |
| IV. ജലസംഭരണികൾ | 56.48 |
| V. കോഴിക്കോട് ജലവിതരണത്തിന്റെ പുനരുദ്ധാരണ പണികൾ | 19.19 |
| വിവിധ പ്രോജക്ട് ഓഫീസുകളിൽ | 49.27 |

| | |
|---|---|
| ഡയറക്ട് പേയ്മെന്റായി കെ.എസ്.ഇ.ബി., പി.ഡബ്ല്യൂ.ഡി. എന്നിവിടങ്ങളിൽ ഒടുക്കുന്നതിന് നൽകിയത് | |
| ആകെ | 655.86 |

(സി) ശുദ്ധീകരണശാലയിലെ പൂർത്തീകരിച്ച വിവിധ ഘട്ടങ്ങൾ 123 കി.മീ. ട്രാൻസ്മിഷൻ മെയിൻ, പൂർത്തീകരിച്ച 17 റിസർവോയർ എന്നിവ വെള്ളം ഉപയോഗിച്ച് യഥാവിധം ഫ്ലഷ് ചെയ്ത് ക്ലോറിനേറ്റ് ചെയ്ത് വിതരണത്തിന് സജ്ജമാക്കേണ്ടതായിട്ടുണ്ട്. കാക്കൂർ, തലക്കുളത്തൂർ, നരിക്കുനി എന്നിവിട ങ്ങളിലെ റിസർവോയറുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് മേൽപറഞ്ഞരീതിയിൽ സജ്ജമാക്കേണ്ടതായിട്ടുണ്ട്. കൂടാതെ, കടലുണ്ടി, ചേളന്നൂർ, എന്നീ റിസർവോയറിൽ വെള്ളമെത്തിക്കുന്ന ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ജൂൺ 2015-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതി**

**225 (2780)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനോടകം ചെലവഴിച്ച തുക എത്രയാണെന്ന് പറയാമോ ; അതിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുക എത്രയാമെന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തല താലൂക്കിൽ ഇതിനോടകം എത്ര കുടിവെള്ള കണക്ഷനുകൾ നൽകി എന്നത് പഞ്ചായത്ത് / മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ജപ്പാൻ കുടിവെള്ള പൈപ്പ് ലൈനുകൾ പൊട്ടുകയും റോഡുകളും വീടുകളും തകരുകയും കൃഷിയും മറ്റും നശിക്കുകയും നിത്യസംഭവമാകുന്നത് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ ഇതിന് കാരണക്കാരായ വർക്കെതിരെ ഈ സർക്കാർ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ; ഇവരിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിയ തുക എത്രയാണ് ?

<u>ഉത്തരം</u>

(എ) ചേർത്തലയിലെ ജപ്പാൻ കുടിവെള്ള വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനോടകം 434.50 കോടി രൂപ ചെലവഴിച്ചു. അതിൽ ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുക 64.54 കോടി രൂപയാണ്.

(ബി) ചേർത്തല താലൂക്കിൽ ഇതിനോടകം നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത്/മുനിസിപ്പിലാറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| നമ്പർ | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | കുടിവെള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | പള്ളിപ്പുറം | 1120 |
| 2 | തൈക്കാട്ടുശ്ശേരി | 1724 |
| 3 | പാണാവള്ളി | 1676 |
| (1) | (2) | (3) |
| 4 | അരൂകുറ്റി | 1968 |
| 5 | പെരുംബളം | 271 |
| 6 | മുഹമ്മ | 805 |
| 7 | കഞ്ഞിക്കുഴി | 398 |
| 8 | തണ്ണീർമുക്കം | 1869 |
| 9 | മാരാരിക്കുളം വടക്ക് | 691 |
| 10 | ചേർത്തല തെക്ക് | 1148 |
| 11 | കടക്കരപ്പള്ളി | 1178 |

| | | |
|---|---|---|
| 12 | വയലാർ | 925 |
| 13 | പട്ടണക്കാട് | 1428 |
| 14 | തുറവൂർ | 1556 |
| 15 | കത്തിയതോട് | 1625 |
| 16 | കോടംതുരുത്ത് | 1729 |
| 17 | എഴുപുന്ന | 2238 |
| 18 | അരൂർ | 3520 |
| 19 | ചേർത്തല മുനിസിപ്പാലിറ്റി | 2572 |
| | ആകെ | 28441 |

(സി) പൈപ്പുകൾ പൊട്ടി നാശനഷ്ടം ഉണ്ടാകുമ്പോൾ ജലഅതോറിറ്റി ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, റവന്യൂ അധികൃതർ, എം.എൽ.എ.-മാർ, എം.പി.-മാർ തുടങ്ങിയ ജനപ്രതിനിധികൾ പ്രസ്തുതസ്ഥലം പരിശോധിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും നഷ്ടപരിഹാരം നൽകി വരികയുംചെയ്യുന്നു. പൈപ്പ് പൊട്ടലിന്റെകാരണത്തെ സംബന്ധിച്ച വിഷയം അന്വേഷണ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുമ്പോൾമാത്രമേ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുകയുള്ളൂ.

**എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി**

**226 (2781)** ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളം ലഭ്യമല്ലാത്തവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; എല്ലാവർക്കും കുടിവെള്ളം

ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് മൊത്തം എന്തുതുക ചെലവ് വരും ; തന്നാണ്ടിലെ ബജറ്റിൽ അതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് ; വകയിരുത്തപ്പെട്ടതുകയിൽ ഇതിനകം ഖജനാവിൽ നിന്നും ചെലവായതെത്ര ;

(സി) എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം ഏത് തീയതിക്കകം കൈവരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നിലവിൽ 30 ശതമാനം ആളുകൾക്കാണ് പൈപ്പുവഴി കുടിവെള്ളം നൽകുവാൻ സാധിക്കുന്നത്. തുടങ്ങിവച്ച പണികൾ പൂർത്തിയാകുമ്പോൾ ഇത് 60 ശതമാനം ആകുമെന്ന് കണക്കാക്കിയിരിക്കുന്നു. എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാരിന്റെ മിഷൻ676 പദ്ധതിയിൽ ഉൾപ്പെടുത്തി 154 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ ഏകദേശം 83 ലക്ഷം പേർക്കാണ് പുതിയതായി ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നത്. ഈ പദ്ധതിയിൽ 14 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) മിഷൻ676-ൽ ഉൾപ്പെട്ട 154 പദ്ധതികൾക്ക് 3018 കോടി രൂപ ചെലവുവരും. ഇതിനായി തിരഞ്ഞെടുത്തിരിക്കുന്ന പദ്ധതികളുടെ ഓരോ ഹെഡ്ഡിലുമായി 2014-15 ബഡ്ജറ്റിൽ 43128 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

ഇതുവരെ ചെലവായിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 154 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ ഏകദേശം 83 ലക്ഷം പേർക്കാണ് പുതിയതായി ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നത്. മിഷൻ 676-ലെ പദ്ധതികളുടെ പൂർത്തീകരണത്തിന്റെ കാലാവധി 28-2-2016 ആണ്. എന്നാൽ വിഷൻ 2030 എന്ന ആശയത്തോടെ 2030 ആകുമ്പോഴേയ്ക്കും എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനാണ് കേരള വാട്ടർ അതോറിറ്റി

ലക്ഷ്യമിട്ടുവരുന്നത്.

## കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതി

**227 (2782)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതിയിൽ ചെങ്കള, മുളിയാർ, മധൂർ മൊഗ്രാൽ, പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അനുമതി ലഭിച്ചത് എന്നാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-7-2012-ലെ സ.ഉ (സാധാ) നമ്പർ 912/12/ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 19.80 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.

(സി) ഉണ്ട്. മേൽപ്പറഞ്ഞ ഭരണാനുമതികൾ ഉൾപ്പെടുത്തിയ പ്രവൃത്തികൾ മൂന്ന് പാക്കേജുകളാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പാക്കേജ് 1- ഇൻ ടേക്ക് വെൽ, റോ വാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ.

പാക്കേജ് 2- ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, 24.40 ലക്ഷം, 5.50 ലക്ഷം, 5.20 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്ക് നിർമ്മാണം.

പാക്കേജ് 3- 30 എം.എൽ.ഡി. സംഭരണശേഷിയുള്ള ശുദ്ധീകരണശാല.

## വടകര-മാഹി കനാൽ

**228 (2783)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര-മാഹി കനാൽ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ബി) എത്ര തുകയ്ക്കുള്ള നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) കരാറുകാർക്ക് പാർട്ട് പേമെന്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം തുക ഇതുവരെ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കനാലിന്റെ നിർമ്മാണ പ്രവർത്തികൾ ഇതിനോടകം അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ ;

(ഇ) കനാലിന്റെ കുറുകെ എവിടെയൊക്കെയാണ് പാലങ്ങൾ നിർമ്മിക്കുന്നത് എന്നും ആയതിന് എത്ര തുക വകയിരുത്തിയെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 17.61 കിലോമീറ്റർ ദൈർഘ്യമുള്ള വടകര-മാഹി കനാൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ചിരിക്കുന്നു. അവയുടെ പ്രവർത്തന പുരോഗതി താഴെ കൊടുത്തിരിക്കുന്നു :

(1) റീച്ച് 1 (450.080 മുതൽ 454.080 കി.മീ. വരെ) ആർ.ഐ.ഡി.എഫ്. നബാർഡ് XVII-ൽ ഉൾപ്പെടുത്തിയ പ്രവൃത്തി (18.06%) പൂർത്തിയായി. പ്രസ്തുത സ്ഥലത്തെ മണ്ണിന്റെ പ്രത്യേകതമൂലം പൈലും സ്ലാബും ഉപയോഗിച്ചുള്ള തീരസംരക്ഷണം സാദ്ധ്യമല്ലാത്തതിനാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്തു.

(2) 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്താൽ നടക്കുന്ന 2 മുതൽ 4 വരെ (3 റീച്ചുകൾ) 454.080 കി.മീ. മുതൽ 464.21 കി.മീ. വരെ ഏകദേശം 60% പണി ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(3) റീച്ച് 5- 464.21 കി.മീ. മുതൽ 467.69 കി.മീ. വരെ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറി ഇനിഷ്യൽ ലെവൽ എടുത്തുകൊണ്ടിരിക്കുന്നു.

(ബി) 115.75 കോടി രൂപയുള്ള നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(സി) പാർട്ട് പേയ്മെന്റ് നൽകിയിട്ടുണ്ട്. 25.13% തുക ഇതുവരെ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. മാർച്ച് 2015-ന് പൂർത്തിയാകും.

(ഇ) കല്ലേരി, പറമ്പിൽ, വെങ്ങോളി, കളിയാംവള്ളി, കോട്ടപ്പള്ളി, കന്നിനട

പ്രസ്തുത പ്രവൃത്തികൾക്ക് 4.31 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

### സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം

**229 (2784)** <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്തുവരുന്ന നഴ്സുമാർക്ക് നൽകാനായി നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയാണ് ;

482/16

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമംവേതനം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതിനായി ലേബർ ഓഫീസർമാർ സ്വകാര്യ ആശുപത്രികളിൽ എത്തുകയും ബന്ധപ്പെട്ടരേഖകൾ പരിശോധിക്കുകയും ചെയ്യാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഹാജർ ബുക്കിലും മറ്റും ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്താതെ ഇവരുടെ വിവരങ്ങൾ ലേബർ ഓഫീസിന് കൈമാറാത്ത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മിനിമം വേതനം സർക്കാരിന്റെ 5-11-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമായ ടി ഉത്തരവിൽ ഓരോ വിഭാഗത്തിനായുള്ള മിനിമം

വേതന നിരക്ക് പ്രതിപാദിച്ചിട്ടുണ്ട്.

(ബി) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടേയും ജില്ലാ ലേബർ ഓഫീസറുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കിയ മിനിമം വേതനം നൽകുന്നില്ലെന്ന് കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമനടപടികളും കൂടാതെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്താനും വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് നിയമനടപടികൾ സ്വീകരിക്കാനുമുള്ള വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. അതോടൊപ്പംതന്നെ കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമംവേതനം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടേയും ജില്ലാ ലേബർ ഓഫീസറുടേയും നേതൃത്വത്തിർ സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 2014 കാലയളവിൽ സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രികളിൽ നടത്തിയ പരിശോധനകളിൽ മിനിമം വേതനം നടപ്പിലാക്കാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം സാഹചര്യം ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടി സ്വീകരിക്കുകയും പരിശോധനാവേളയിൽ ഹാജർ ബുക്കിൽ രേഖപ്പെടുത്താതെ ജോലി ചെയ്യുകയാണെങ്കിൽ ജീവനക്കാരുടെ പേരുവിവരം ഹാജർബുക്കിൽ ചേർക്കാൻ നിർദ്ദേശം നൽകുകയും, ഹാജർ ബുക്കിന്റെ കോപ്പി തൊഴിലുടമയിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കുകയും ചെയ്യാറുണ്ട്.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ**

**230 (2785)** ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യം

സൃഷ്ടിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൺസ്ട്രക്ഷൻ മേഖലയിലെ തൊഴിലാളികൾക്കും പ്രൊഫഷണലുകൾക്കും വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, കൺസ്ട്രക്ഷൻ രംഗത്ത് പ്രത്യേക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുത്ത് ആവശ്യാനുസരണം സംഭാവന ചെയ്യുക വഴി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻറ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനത്തെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻറ് കൺസ്ട്രക്ഷൻ (IIIC) മുഖേന ആധുനിക ലോകത്ത് കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ പ്രത്യേക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുക്കുകയും അവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. ടി സ്ഥാപനത്തിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്

**231 (2786)** <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ഐ.ടി.ഐ. പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ട്രെയിനിംഗിന് ശേഷം വിവിധ സ്ഥാപനങ്ങളിൽ അപ്രന്റീസ് ആയി പ്രവർത്തിക്കുന്ന കാലയളവിൽ സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നുണ്ടോ ?

<u>ഉത്തരം</u>

ഉണ്ട്.

## ഐ.ടി.ഐ. ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് കാലയളവ്

**232 (2787)** <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്രന്റീസ് ട്രെയിനിംഗ് കഴിഞ്ഞ ഐ.ടി.ഐ. ഉദ്യോഗാർത്ഥികൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുമ്പോൾ ട്രെയിനിംഗ് കാലയളവ് എക്സ്പീരിയൻസ് ആയി കണക്കാക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ടോ; വിശദമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 6-7-1966-ലെ 514/6/എച്ച്.എൽ.ഡി. നമ്പർ ഉത്തരവ് പ്രകാരം നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനേക്കാൾ ഉയർന്ന യോഗ്യതയാണെന്നും ടി സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനോട് കൂടിയ ഒരുവർഷ പ്രവൃത്തി പരിചയത്തിന് തുല്യമാണെന്നും സർക്കാർ ഉത്തരവുണ്ടെങ്കിലും കെ.എസ്. & എസ്.എസ്.ആർ. റൂൾ (10) (എ.ബി)-യിൽ paid or non-paid apprentice കാലാവധി പ്രവൃത്തി പരിചയമായി കണക്കാക്കേണ്ട എന്ന ചട്ടം ഉള്ളതിനാൽ നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് പ്രവൃത്തി പരിചയമായി പബ്ലിക് സർവ്വീസ് കമ്മീഷൻ കണക്കാക്കുന്നില്ല.

(ബി) 6-7-1996-ലെ 514/6/എച്ച്.എൽ.ഡി നമ്പർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു.*

### കെ. എം. ഗോപാലന് ചികിത്സാ ധനസഹായം

**233 (2788)** <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ അത്തോളി ഗ്രാമപഞ്ചായത്ത് സ്വദേശി കെ. എം. ഗോപാലൻ എന്നയാൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി (അംഗത്വ നമ്പർ KZO32152) യിൽ നിന്ന് ചികിത്സാ ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷ (ഫയൽ നമ്പർ A7/270/14) പരിഗണിച്ച് സഹായം അനുവദിക്കാമോ ;

(ബി) പ്രമേഹ രോഗബാധയെ തുടർന്ന് കാൽ മുറിച്ചു മാറ്റേണ്ടി വന്ന ഇദ്ദേഹത്തിന് ചികിത്സാ ധനസഹായത്തിന് അർഹത നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രോഗാവസ്ഥയിലും തുടർന്നും ക്ഷേമനിധി വരിസംഖ്യ മുടങ്ങാതെ അടച്ച

ഇദ്ദേഹത്തിന് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കാമോ ?

<u>ഉത്തരം</u>

(എ) ജോലിക്കിടയിൽ ഉണ്ടായ അപകടത്തെ തുടർന്ന് സ്ഥിരവും സ്ഥായിയുമായ അവശതയ്ക്കുള്ള ധനസഹായത്തിനായി 16-6-2014-ന് ശ്രീ. കെ. എം. ഗോപാലൻ സമർപ്പിച്ച അപേക്ഷയിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൽ 70% അവശതയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിലവിലെ നിയമമനുസരിച്ച് ജോലിക്കിടെയുണ്ടാകുന്ന അപകടം മൂലം സ്ഥിരവും സ്ഥായിയുമായ അവതയ്ക്കുള്ള ധനസഹായം അനുവദിക്കുന്നതിന് മെഡിക്കൽ ബോർഡ് നൽകുന്ന 100% അവശത സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ടിയാന് പ്രസ്തുത ധനസഹായത്തിന് അർഹതയില്ല.

(ബി) ഇല്ല. പ്രമേഹ രോഗബാധയെ തുടർന്ന് കാൽ മുറിച്ച് മാറ്റേണ്ടിവന്ന ശ്രീ. കെ. എം. ഗോപാലന് കോഴിക്കോട് മെഡിക്കൽ കോളേജിൽ കിടന്ന് ചികിത്സ നടത്തിയ കാലയളവിലേയ്ക്ക് അർഹമായ സാധാരണ ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) ശ്രീ. കെ.എം. ഗോപാലന് പ്രതിമാസം 600 രൂപ നിരക്കിൽ 8/2014 മുതൽ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം

**234 (2789)** <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക്, ക്ഷേമനിധി ഉറപ്പാക്കുന്ന കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അന്തർ സംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന തൊഴിലുടമകൾ മുഖേന ടി തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ നടത്തുന്നതിനും അന്തർ സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, അപകട മരണം സംഭവിക്കുകയാണെങ്കിൽ മരണാനന്തര ആശ്വാസധനസഹായം, 5-ൽ കൂടുതൽ അന്തർ സംസ്ഥാന തൊഴിലാളികളെ തൊഴിലിന് നിയോഗിച്ചാൽ തൊഴിലാളികൾക്ക് താമസസൗകര്യം തൊഴിലുടമ ഏർപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കരട് ബിൽ മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന പെൻഷൻ**

**235 (2790)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന പെൻഷൻ നൽകുന്നത് സർക്കാർ വിലയിരുത്താറുണ്ടോ ;

(ബി) പെൻഷൻ നമ്പർ പി.പി.ഒ. EKM-11574 പ്രകാരം ശ്രീമതി ശോശാമ്മ, ചിറങ്ങര വീട്, ചുണ്ടക്കുഴി, പി.ഒ. മുടക്കുഴ, എറണാകുളം എന്നയാൾക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ ഇപ്പോൾ റദ്ദുചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ ;

(സി) ശ്രീമതി ശോശാമ്മയ്ക്ക് തുടർന്നും പെൻഷൻ ലഭിക്കാൻ നടപടി

സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പെൻഷൻ റദ്ദ് ചെയ്തിട്ടില്ല. ശ്രീമതി ശോശാമ്മയ്ക്ക് (പി.പി.ഒ EKM-11574) 09/13 വരെ ചീഫ് ഓഫീസിൽനിന്ന് പെൻഷൻ നൽകിയിട്ടുണ്ട്. 2013 നവംബർ മാസം സമർപ്പിക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം ജില്ലാ ഓഫീസിൽ ഹാജരാക്കാത്തതിനാലാണ് 10/13 മുതൽ പെൻഷൻ വിതരണം ചെയ്യാതിരുന്നത്. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കുടിശ്ശികയായ പെൻഷൻ ഉൾപ്പെടെ തുടർന്നുള്ള പെൻഷൻ ലഭിക്കുന്നതാണ്.

**ക്ഷേമനിധി ബോർഡുകൾ**

**236 (2791)** <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ക്ഷേമനിധി ബോർഡുകളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. അവ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി)

1. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്
2. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

5. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്

6. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്

(സി)

1. കേരള കർഷക തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

2. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

3. കേരള ഈറ്റ, തഴ, കാട്ടുവള്ളി ക്ഷേമനിധി ബോർഡ്

4. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

7. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

8. കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

9. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

**മിനിമം വേതനം**

**237 (2792)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം വേതനം എത്ര തൊഴിൽ മേഖലകളിൽ ഇപ്പോൾ നൽകി വരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ പുതുക്കി നിശ്ചയിച്ചത് എന്നാണ് ;

(സി) ഓരോ മേഖലയിലും മിനിമം വേതനം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇതുവരെ 74 തൊഴിൽ മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ച് നടപ്പാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | തൊഴിൽ മേഖല | അവസാനമായി മിനിമം വേതനം പുതുക്കിയ തീയതി |
|---|---|---|
| (1) | (2) | (3) |
| 1 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് | 21-5-2008 |
| 2 | ടിംബർ & പ്ലൈവുഡ് ഇൻഡസ്ട്രീസ് | 2-6-2008 |
| 3 | ആയൂർവേദിക് & അലോപ്പതിക് മെഡിസിൻ | 7-7-2008 |
| (1) | (2) | (3) |
| 4 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രീസ് | 23-9-2008 |
| 5 | ഓയിൽമിൽ | 20-10-2008 |
| 6 | സെയിൽ പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് | 27-5-2009 |
| 7 | എൽ.പി. ഗ്യാസ് | 27-5-2009 |
| 8 | ഹാൻഡ്ലിംഗ് & കെയർ ഓഫ് എലഫെന്റ്സ് | 9-6-2009 |
| 9 | ഷോപ്പ്സ്, ഹോട്ടൽസ് & റസ്റ്റാറന്റ്സ് | 23-7-2009 |
| 10 | അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ് | 10-8-2009 |
| 11 | റബ്ബർ ക്രീപ്പ് മിൽസ് | 9-10-2009 |
| 12 | ഗോൾഡ് & സിൽവർ മേക്കിംഗ് | 7-10-2009 |

482/16

| | | |
|---|---|---|
| 13 | ഹാന്റ്ലൂം ഡെയ്‌ലി & പീസ് റേറ്റഡ് എംപ്ലോയീസ് | 11-12-2009 |
| 14 | ഹോസ്റ്റൽസ് | 15-12-2009 |
| 15 | മൈനർ എഞ്ചിനീയറിംഗ് | 16-12-2009 |
| 16 | ബ്ലോക്ക് റബ്ബർ ഫാക്ടറീസ് | 28-12-2009 |
| 17 | ഖാദി ഇൻഡസ്ട്രീസ് | 8-1-2010 |
| (1) | (2) | (3) |
| 18 | ഡൊമസ്റ്റിക് വർക്ക്സ് (ഗാർഹിക മേഖല) | 9-3-2010 |
| 19 | ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ് & ഫ്രീസിംഗ് & എക്സ്പോർട്ടിംഗ് ഓഫ് സീഫുഡ്സ് | 15-3-2010 |
| 20 | ബീഡി & സിഗാർ ഇൻഡസ്ട്രി | 6-11-2010 |
| 21 | സിനിമാ തിയേറ്ററുകൾ | 15-11-2010 |
| 22 | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് ഫോർ മേക്കിംഗ് കൊപ്ര | 26-7-2010 |
| 23 | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി | 6-11-2010 |
| 24 | ഹാൻഡ്ലൂം (monthly പെയ്ഡ് എംപ്ലോയീസ്) | 13-9-2010 |
| 25 | ഐസ് ഫാക്ടറീസ് | 18-12-2010 |
| 26 | ഫാർമസിസ്റ്റ് മെഡിക്കൽ ഷോപ്പ് | 6-11-2010 |

| | | |
|---|---|---|
| 27 | പ്രിന്റിംഗ് പ്രസ്സ് | 10-8-2010 |
| 28 | റൈസ്മിൽ, ഫ്ളവർമിൽ & ദാൽ മിൽ | 24-2-2010 |
| 29 | റബ്ബർ പ്രോഡക്ട്സ് ഇൻഡസ്ട്രീസ് | 8-11-2010 |
| 30 | സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് & ബിൽഡിംഗ് ഓപ്പറേഷൻസ് | 4-8-2010 |

| (1) | (2) | (3) |
|---|---|---|
| 31 | സ്വീപ്പിംഗ് & ക്ലീനിംഗ് | 19-4-2010 |
| 32 | ടോഡി ടാപ്പിംഗ് | 30-3-2010 |
| 33 | കുട നിർമ്മാണം | 30-1-2010 |
| 34 | റിവർ സാന്റ് കളക്ഷൻ | 1-7-2011 |
| 35 | ഫർണിച്ചർ വ്യവസായം | 18-2-2011 |
| 36 | കാഷ്യൂ ഇൻഡസ്ട്രി | 3-1-2011 |
| 37 | മൈനർ പോർട്ട് | 3-1-2011 |
| 38 | ലിക്വർ ട്രേഡിംഗ് &വെൻഡിംഗ് | 26-4-2011 |
| 39 | ഫോറസ്റ്റ് | 26-4-2011 |
| 40 | സ്ക്രീൻ പ്രിന്റിംഗ് | 26-4-2011 |
| 41 | ടി ക്ലൈംബിംഗ് | 6-7-2011 |

| | | |
|---|---|---|
| 42 | ഹാന്റിക്രാഫ്റ്റ് | 22-6-2011 |
| 43 | പെട്രോൾ പമ്പ് | 22-6-2011 |
| 44 | മാർബിൾ & ഗ്രാനൈറ്റ് ഇൻഡസ്ട്രി | 7-7-2011 |
| 45 | ടിംബർ കട്ടിംഗ് | 22-7-2011 |
| 46 | സെക്യൂരിറ്റി സർവ്വീസ് | 24-7-2011 |
| (1) | (2) | (3) |
| 47 | ഇലക്ട്രോണിക് വ്യവസായം | 27-7-2011 |
| 48 | ടെലിഫിലിം & മോഷൻ പിക്ചർ | 17-8-2011 |
| 49 | ബ്രിക്സ് മാനുഫാക്ചറിംഗ് | 19-8-2011 |
| 50 | തീപ്പെട്ടി വ്യവസായം | 19-8-2011 |
| 51 | പവർലൂം | 19-8-2011 |
| 52 | അലുമിനിയം & ടിൻ പ്രൊഡക്ട്സ് | 9-8-2011 |
| 53 | കെയിൻ & ബാംബൂ ഇൻഡസ്ട്രി | 9-8-2011 |
| 54 | ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസുകൾ | 9-8-2011 |
| 55 | കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ | 9-8-2011 |
| 56 | ഇലക്ട്രിക് എക്യുപ്മെന്റ് ഹോം അപ്ലയൻസസ് | 9-8-2011 |
| 57 | മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ് | 9-8-2011 |

| | | |
|---|---|---|
| 58 | പ്ലാസ്റ്റിക് ഇൻഡസ്ട്രി | 9-8-2011 |
| 59 | പ്രൈവറ്റ് ടെംപിൾസ് | 9-8-2011 |
| 60 | സോപ്പ് മാനുഫാക്ചറിംഗ് | 9-8-2011 |
| 61 | ടാനറിസ് & ലെതർ മാനുഫാക്ചറിംഗ് | 9-8-2011 |

| (1) | (2) | (3) |
|---|---|---|
| 62 | വാട്ടർ ബോട്ട് ട്രാൻസ്പോർട്ട് | 9-8-2011 |
| 63 | കൺസ്ട്രക്ഷൻ & മെയിന്റനൻസ് ഓഫ് ഡാംസ് | 12-9-2011 |
| 64 | ഡയമണ്ട് കട്ടിംഗ് & പോളിഷിംഗ് | 12-9-2011 |
| 65 | ഹോസിയറി വ്യവസായം | 12-9-2011 |
| 66 | ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി | 12-9-2011 |
| 67 | പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് | 12-9-2011 |
| 68 | സ്റ്റാർ ഹോട്ടൽ | 13-12-2011 |
| 69 | കയർ ഇൻഡസ്ട്രി | 3-7-2012 |
| 70 | ഓയിൽ പാം | 13-9-2013 |
| 71 | പ്രൈവറ്റ് ഹോസ്പിറ്റൽസ് | 5-11-2013 |
| 72 | ബ്രൂവറീസ് | 1-6-2013 |

| | | |
|---|---|---|
| 73 | പ്ലാന്റേഷൻസ് | 5-2-2014 |
| 74 | ടൈൽ ഇൻസ്ട്രി | 6-2-2014 |

(സി) മേൽപ്പറഞ്ഞ 74 തൊഴിൽ മേഖലകളിൽ ഓരോ മേഖലയിലും നിരവധി വിഭാഗങ്ങളും ഉപവിഭാഗങ്ങളും വ്യത്യസ്ത തസ്തികകളും ഉണ്ട്. ആയിരത്തിൽപ്പരം വരുന്ന പ്രസ്തുത തൊഴിൽ വിഭാഗങ്ങളിലും ഉപവിഭാഗങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വ്യത്യസ്ത നിരക്കുകളിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ ടി തൊഴിലാളികളുടെ സർവ്വീസിന് ആനുപാതികമായി വാർഷിക ശമ്പള വർദ്ധനവ്, വിവിധ അലവൻസുകൾ തുടങ്ങിയവ ഉൾപ്പെടുത്തിയും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഓരോ മേഖലയിലെയും വിഭാഗങ്ങളിലും ഉപവിഭാഗങ്ങളിലും ഉള്ള ഓരോ തൊഴിലാളി കളുടെയും മിനിമം വേതനം വിശദീകരിക്കുകയെന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽപ്പറഞ്ഞ 74 വ്യത്യസ്ത തൊഴിൽ മേഖലകളി ലേയും വേതനം സംബന്ധിച്ച വിശദമായ വിവരം ലേബർ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in -ൽ പ്രസിദ്ധപ്പെടുത്തിയി ട്ടുള്ളത് കാണാവുന്നതാണ്.

## ഭക്ഷ്യ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മേഖലയിൽ തൊഴിലെടുക്കുന്നവർ

**238 (2793)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചാർ, കറിപൌഡർ തുടങ്ങിയ ഭക്ഷ്യ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മേഖലയിൽ എത്രപേർ തൊഴിലെടുക്കുന്നു എന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട് ; ജില്ല തിരിച്ച് പട്ടിക ലഭ്യമാക്കാമോ ;

(സി) പ്രസ്തുത മേഖലയിൽ ഇതുവരെയും മിനിമം കൂലി നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സമീപകാലത്ത് മിനിമം കൂലി ആവശ്യപ്പെട്ട് തൊഴിലാളികൾ നടത്തിയ വിവിധ സമരങ്ങളും പണിമുടക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വലിയ വിഭാഗം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ

മിനിമം കൂലി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 12-9-2011-ലെ ജി.ഒ (പി) നമ്പർ 151/2011/തൊഴിൽ പ്രകാരം ഭക്ഷ്യ സംസ്കരണ മേഖലയിൽ ഭക്ഷ്യസംസ്കരണവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അച്ചാർ, കറിപൗഡർ തുടങ്ങിയ ഭക്ഷ്യ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തൊഴിലാളികൾക്ക് മാത്രമായി മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. മിനിമം വേതനം ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലയിൽ 2 സ്ഥാപനങ്ങളിൽ ജീവനക്കാർ നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഭക്ഷ്യസംസ്കരണ മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുമ്പോൾ ടി വിഭാഗത്തെ പ്രത്യേകമായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കളിമൺ പാത്ര നിർമ്മാണ തൊഴിൽ**

**239 (2794)** <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളിമൺ പാത്ര നിർമ്മാണ തൊഴിലിനെ പരമ്പരാഗത തൊഴിൽ പട്ടികയിൽ ഉൾപ്പെടുത്തുമോ ;

(ബി) 60 വയസ്സു കഴിഞ്ഞ പരമ്പരാഗത കളിമൺ പാത്രനിർമ്മാണ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) അതിപ്രാചീനമായിട്ടുള്ള പരമ്പരാഗത കളിമൺപാത്ര നിർമ്മാണ വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിന് തൊഴിൽ വകുപ്പിന് കീഴിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പരിശോധിക്കുന്നതാണ്.

(ബി) കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം എടുത്ത തൊഴിലാളികൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷൻ നൽകിവരുന്നു.

(സി) ആവിഷ്കരിച്ചിട്ടില്ല.

**ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും**

**240 (2795)** ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുമട്ടു തൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും പരിഹാരവും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠനവിധേയമാക്കിയത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തൊഴിൽ മേഖലയിലെ തൊഴിൽ നഷ്ടവും, പരിഹാരവും സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീ. വർക്കല കഹാർ, എം.എൽ.എ. ചെയർമാനായും ലേബർ കമ്മീഷണർ കൺവീനറായും കേന്ദ്ര ട്രേഡ് യൂണിയനുകളിൽ നിന്നും ഓരോ പ്രതിനിധികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഒരു സമിതിയെ നിയോഗിച്ചിരുന്നു.

(ബി&സി) റിപ്പോർട്ടിലെ ശിപാർശ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ചുമട്ടുതൊഴിൽ മേഖലയിലെ പൊതുവായ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലി, അമിതകൂലി തുടങ്ങിയവയും കൂടാതെ തൊഴിലാളികൾക്ക് മതിയായ തൊഴിൽ സംരക്ഷണവും

ന്യായമായ കൂലിയും സംബന്ധിച്ച വിഷയങ്ങളാണ് കമ്മിറ്റി പഠന വിധേയമാക്കിയത്.

(ഇ) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധി കളുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിലെ തീരുമാനങ്ങളിന്മേൽ വ്യക്തമായ നടപടിക്രമം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡും തൊഴിൽ വകുപ്പും (ലേബർ കമ്മീഷണർ) ചേർന്ന് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**ഫാക്ടറി തൊഴിലാളികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം**

**241 (2796)** ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ഫാക്ടറികളും തൊഴിലാളികളും ഉണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫാക്ടറി ജീവനക്കാർ ജോലിക്കിടെ മരണപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്രപേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഫാക്ടറികൾ - 21,768

തൊഴിലാളികൾ - 6,46,923

അന്യസംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) 86 പേർ. നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

**242 (2797)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതി

ന്നള്ള ശിപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി വരുത്തി 29-8-2014-ന് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ്, സർവ്വീസ് സർട്ടിഫിക്കറ്റ്, ഹോസ്റ്റൽ സൗകര്യം കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുക എന്നീ കാര്യങ്ങളിൽ നിയമഭേദഗതി വരുത്തിയിട്ടുണ്ട്. ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കാനും നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണ മെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള കരട് ഭേദഗതി തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പീലിംഗ് തൊഴിലാളികളുടെ സമരം**

**243 (2798)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീലിംഗ് തൊഴിലാളികളുടെ സമരം ഒത്തുതീർക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നടന്ന ചർച്ചയുടെ മിനിറ്റ്സ് ലഭ്യമാക്കാമോ ;

(ബി) എന്തൊക്കെ തീരുമാനങ്ങളാണ് പ്രസ്തുത ചർച്ചയിൽ എടുത്തത് ; ഇതിൽ എന്തൊക്കെ നടപ്പിലാക്കി ; നടപ്പിലാക്കാത്ത തീരുമാനങ്ങൾ എന്തുകൊണ്ട് നടപ്പിലാക്കിയിട്ടില്ലെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചേർത്തല താലൂക്കിൽ അരൂർ മേഖലയിലെ പീലിംഗ് ഷെഡ്ഡുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഒരു കിലോ ചെമ്മീൻ പൊളിക്കുന്നതിന് 14 രൂപ നിരക്കിൽ കൂലി പുതുക്കി നിശ്ചയിച്ചു. മേഖലയിലെ മറ്റ് തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് രണ്ടാഴ്ചയ്ക്കകം ചർച്ച നടത്തുന്നതാണ് എന്നിവയാണ് തീരുമാനങ്ങൾ.

മേൽപ്പറഞ്ഞ രണ്ട് തീരുമാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

## സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

244 (2799) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ സ്വകാര്യ കശുവണ്ടി വ്യവസായ രംഗത്ത് നിലവിലുള്ള പ്രധാന പ്രശ്നം കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നത് സംബന്ധിച്ച പ്രക്ഷോഭങ്ങളും സമരങ്ങളുമാണ്. പ്രസ്തുത വിഭാഗത്തിന്റെ മിനിമം വേതനം പുതുക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എടുത്തുവരുന്നു. ആയതിനാൽ സമരങ്ങളും പ്രക്ഷോഭങ്ങളും നിർത്തിവച്ചിട്ടുണ്ട്.

## സ്വകാര്യ നഴ്സുമാരുടെ മിനിമംവേതനം

245 (2800) ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചത് ; വിശദമാക്കുമോ ;

(ബി) സ്വകാര്യ ആശുപത്രി ഉൾപ്പെടെ സർക്കരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ-സി) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ 2014 കാലയളവിൽ ഇതുവരെ സംസ്ഥാന വ്യാപകമായി നടത്തിയ സ്ക്വാഡ് പരിശോധനകളിൽ പുതുക്കിയ മിനിമം വേതനം (5-11-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 135/2013/തൊഴിൽ പ്രകാരമുള്ള വിജ്ഞാപനം) നൽകുന്നില്ലെന്ന് കണ്ടെത്തിയ 29 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും കൂടാതെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്താനും വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് നിയമനടപടികൾ സ്വീകരിക്കാനുമായി വേതന സുരക്ഷാ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ഇതോടൊപ്പം കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഒരു സ്ഥിരം സംവിധാനമെന്ന നിലയിൽ ഒരു സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

**സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവാവധി**

**246 (T*2801)** <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാരിതര കമ്പനികളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകൾക്ക് ആവശ്യമായ രീതിയിൽ പ്രസവാവധി അനുവദിക്കാത്തത് കാരണം അമ്മയുടെ മുലപ്പാൽ നിഷേധിക്കപ്പെട്ട കുഞ്ഞുങ്ങൾക്ക് സ്വാഭാവിക നീതി ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള സർക്കാർ, കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്നതു പോലെ കേരളത്തിലെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും പ്രസവാവധി അനുവദിക്കുന്നതിന് ഉതകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഈ കാര്യത്തിൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് ; വിശദമാക്കാമോ ;

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണത്തിനായി 1981-ലെ

മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീ ജീവനക്കാർക്ക് അവരുടെ കുഞ്ഞുങ്ങളെ മുലയൂട്ടാനുള്ള സൗകര്യം ടി സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ മാറിയ

സാഹചര്യത്തിൽ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഐ.ടി. മേഖലകളിലും പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് അവരുടെ കുഞ്ഞുങ്ങളെ മുലയൂട്ടാനാവശ്യമായ സൗകര്യം തൊഴിൽ സ്ഥാപനങ്ങളിൽ തന്നെ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ബി&സി) നിലവിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യത്തിന് മൂന്ന് മാസത്തെ മിനിമം വേതനം അല്ലെങ്കിൽ 15,000 രൂപ ഇതിൽ ഏതാണോ കുറവ് അത് നൽകാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൻപ്രകാരം തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ എല്ലാ സ്ത്രീ തൊഴിലാളികൾക്കും മൂന്ന് മാസത്തെ മിനിമം വേതനം അല്ലെങ്കിൽ 15,000 രൂപ ഇതിൽ ഏതാണോ കുറവ് അത് നൽകിവരുന്നു. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് മൈനർ ഫാക്ടറി, മേജർ ഫാക്ടറി, പ്ലാന്റേഷൻ തുടങ്ങി ബോർഡിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുക മാത്രമാണ് ചെയ്തുവരുന്നത്.

(ഡി) മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് സെൻട്രൽ ആക്ട് ആയതിനാൽ ഈ ആക്ടിനുള്ള ഭേദഗതി കേന്ദ്ര സർക്കാർ തലത്തിലാണ് പ്രാബല്യത്തിൽ വരുത്തേണ്ടത്.

**ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ**

**247 (2802)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ലഭിക്കുന്ന പെൻഷൻ തുക 500 രൂപയിൽനിന്നും 1000

രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) റിട്ടയർമെന്റ് / മരണാനന്തര ആനുകൂല്യം ഇപ്പോൾ എത്ര രൂപയാണ് അനുവദിക്കുന്നത് ; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികളെ ESI ആനുകൂല്യ പരിധിയിൽ ഉൾപ്പെടുത്തി ഹെൽത്ത് കാർഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് കേരള ബാർബർ-ബ്യൂട്ടിഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പ്രസ്തുത പദ്ധതിയിൽ നിന്നും താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു :

1. വിവാഹ ആനുകൂല്യം
2. പ്രസവ ആനുകൂല്യം
3. മരണാനന്തര ആനുകൂല്യം
4. വിദ്യാഭ്യാസ ആനുകൂല്യം
5. പെൻഷൻ ആനുകൂല്യം

(ബി) കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിലെ പ്രതിമാസ പെൻഷൻ നിലവിൽ 600 രൂപയാണ്. ടി പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യവും മരണമടയുന്ന അംഗത്തിന്റെ അവകാശിക്ക് 10,500 രൂപ മരണാനന്തര ആനുകൂല്യമായും നൽകിവരുന്നു. ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) പരിഗണനയിലില്ല.

**നോക്കുകൂലി**

**248 (2803)** <u>ശ്രീ. സി. എഫ്. തോമസ്</u> :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോക്കുകൂലി അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലയിൽ ഇനിയും ഇത് നടപ്പിലാക്കാൻ ഉണ്ട് ;

(സി) നോക്കുകൂലിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടും ഇത്തരം സമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ ശക്തമായ നടപടികൾ സ്വീകരിക്കാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് ചുമട്ടു തൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ വരുത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഇതിൻപ്രകാരം ആറ് ജില്ലകളിൽ ഏകീകൃത ചുമട്ടു കൂലി നിലവിൽ വന്നിട്ടുണ്ട്. ബാക്കി ജില്ലകളിൽ ഏകീകൃത ചുമട്ടുകൂലി നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കാനുള്ളത്.

(സി) ഉണ്ട്. നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും ചുമട്ടുതൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ് റദ്ദുചെയ്യുകയും അമിതമായോ, അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ, ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിനു കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**കൽപ്പറ്റ ഇ.എസ്.ഐ. ആശുപത്രി**

**249 (2804)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ ഇ.എസ്.ഐ. ആശുപത്രി പ്രവർത്തന സജ്ജമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ &ബി) കൽപ്പറ്റ ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്നതിനാവശ്യമായ തസ്തികകൾ എല്ലാം സൃഷ്ടിച്ചിട്ടുണ്ട്. ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനാ വശ്യമായ കെട്ടിടം കണ്ടുപിടിച്ച് നൽകുന്നത് ഇ.എസ്.ഐ. കോർപ്പറേഷ നാണ്. ഇതിനായി ഇ.എസ്.ഐ. കോർപ്പറേഷന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനനുയോജ്യമായ കെട്ടിടം ഇതുവരെ ലഭ്യമായിട്ടില്ല. അതിനാൽ ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) അനുയോജ്യമായ കെട്ടിടം കണ്ടെത്തി കഴിഞ്ഞാൽ ഉടൻതന്നെ പ്രസ്തുത ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ക്ഷേമ പെൻഷനുകൾ**

250 (2805) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ക്ഷേമപെൻഷനുകൾ എത്ര കുടിശ്ശിക വിതരണം ചെയ്യുന്നുണ്ടെന്നും ഇതുവരെ ഏതുമാസംവരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാൻ വൈകുന്നതിന്റെ കാരണവും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

തൊഴിൽവകുപ്പ് മുഖേന നൽകിവരുന്ന കർഷക തൊഴിലാളി പെൻഷൻ, കേരള അസംഘടിത തൊഴിലാളി റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ എന്നിവ 2014 ജൂൺ മാസംവരെ നൽകിയിട്ടുണ്ട്. കേരള മരംകയറ്റ തൊഴിലാളി അവശതാ

പെൻഷൻ 2014 നവംബർവരെ നൽകിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ നേരിട്ട് നൽകുന്ന പെൻഷൻ കുടിശ്ശിക ഇല്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകൾക്ക് തൊഴിൽ വകുപ്പ് മുഖേനയാണ് പെൻഷൻ നൽകുന്നത്. ടി ബോർഡുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയും അഡീഷണൽ ആതറൈസേഷൻ മുഖേന കണ്ടെത്തുന്ന തുകയും ഉപയോഗിച്ചാണ് പെൻഷൻ നൽകുന്നത്.

**ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന ദുരിതം**

251 (2806) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാവീർ പ്ലാന്റേഷൻസിന്റെ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന ദുരിതം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽ പല തവണ കൊണ്ടുവന്നിട്ടും നടപടിയൊന്നും സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(ബി) കഴിഞ്ഞ 41 മാസത്തിലധികമായി ശമ്പളമില്ലാതെ കഴിയുന്ന തൊഴിലാളികളുടെ ജീവൻ നിലനിർത്താൻ അടിയന്തര സഹായം എത്തിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) തോട്ടം ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) മഹാവീർ പ്ലാന്റേഷൻസിന്റെ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഈ പ്രശ്നങ്ങൾ സംബന്ധിച്ച് അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) മുമ്പാകെ ഉണ്ടായ ചർച്ചയിൽ മാനേജ്മെന്റും ബന്ധപ്പെട്ട തൊഴിലാളി യൂണിയനുകളും വിവിധ വ്യവസ്ഥകൾ പരസ്പരം അംഗീകരിച്ച് ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പായിട്ടുള്ളതാണ്. ഈ തർക്ക വിഷയത്തിന്മേൽ 19-11-2012 മുതൽ 10-10-2014 വരെയുള്ള കാലയളവിൽ ആകെ 16 അനുരഞ്ജന ചർച്ചകൾ നടത്തിയ ശേഷമാണ് ഇത്തരത്തിൽ ഒരു ഒത്തുതീർപ്പ് സാദ്ധ്യമായത്. നിരന്തര

പരിശ്രമങ്ങളിലൂടെ നിരവധി ചർച്ചകൾക്കും അന്വേഷണങ്ങൾക്കുംശേഷം വളരെ ഉത്തരവാദിത്വത്തോടും നിയമാനുസൃത മായുമാണ് 1947-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 12(3) പ്രകാരം മേൽ പ്രശ്നങ്ങൾ സംബന്ധിച്ച് സംസ്ഥാന കൺസിലിയേഷൻ ഓഫീസറായ അഡീഷണൽ ലേബർ കമ്മീഷണർ (ഐ ആർ) മുമ്പാകെ മാനേജ്മെന്റും തൊഴിലാളികളെ പ്രതിനിധീകരിച്ച് 10 ട്രേഡ് യൂണിയൻ ഭാരവാഹികളും പരസ്പരം സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പിലെ 1 മുതൽ 9 വരെയുള്ള വ്യവസ്ഥകൾ അംഗീകരിച്ച് ഒപ്പുവച്ചിട്ടുള്ളത്. ടി ഒത്തുതീർപ്പ് വ്യവസ്ഥ (1) പ്രകാരം തൊഴിലാളികൾ 23-10-2014 മുതൽ ജോലിക്ക് ഹാജരാവുമെന്ന് യൂണിയൻ പ്രതിനിധികൾ സമ്മതിച്ചിട്ടുള്ളതാണ്. കൂടാതെ എസ്റ്റേറ്റ് തുറന്ന് പ്രവർത്തനം നടക്കുന്ന സാഹചര്യത്തിൽ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള ആശ്വാസ നടപടികൾ നിയമാനുസൃതം കൈക്കൊണ്ടുവരുന്നു. ഇത്തരത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) പരിശോധിക്കാവുന്നതാണ്.

**അന്യ സംസ്ഥാന തൊഴിലാളികളുടെ സ്ഥിതിവിവരക്കണക്ക്**

252 (2807) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 30-11-2014 കാലയളവ് വരെ രജിസ്റ്റർ ചെയ്തിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ബാലുശ്ശേരി, കൊയിലാണ്ടി, താമരശ്ശേരി മിനി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം**

253 (2808) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാബുശ്ശേരി, കൊയിലാണ്ടി, താമരശ്ശേരി മിനി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം നടത്തുന്നതിന് കൂടികാഴ്ചക്കുള്ള പട്ടിക തയ്യാറാക്കുന്നതിൽ സീനിയോറിറ്റി മറികിടന്നതായി വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിജിലൻസ് വകുപ്പിൽ നിന്നും അത്തരം റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

## അന്യ സംസ്ഥാന തൊഴിലാളികളുടെ മേൽ നടന്നുവരുന്ന തൊഴിൽ ചൂഷണങ്ങൾ

**254 (2809)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ മേൽ നടന്നുവരുന്ന തൊഴിൽ ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടേയും ജില്ലാ ലേബർ ഓഫീസർമാരുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാവേളയിൽ അന്തർ സംസ്ഥാന തൊഴിലാളികൾക്ക് നിയമപരമായ എല്ലാ പരിരക്ഷയും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. നിയമ ലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. ടി തൊഴിലാളികളുടെ

നിയമപരമായ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരണവും നടത്തുന്നുണ്ട്.

### അന്യ സംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമനിധി പദ്ധതി

**255 (2810)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമനിധി പദ്ധതി നിലവിലുണ്ടോയെന്നും, ഉണ്ടെങ്കിൽ ഇതിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(ബി) അന്യ സംസ്ഥാന തൊഴിലാളികൾ ഔദ്യോഗിക രേഖകൾ പ്രകാരം എത്രയെന്ന് വിശദമാക്കുമോ ;

(സി) ഇവർക്കാവശ്യമായ ജോലി സാഹചര്യങ്ങൾ, നിയന്ത്രണം, എന്നിവ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അന്തർ സംസ്ഥാന തൊഴിലാളികൾ പദ്ധതിയിൽ സ്വമേധയാ അംഗത്വമെടുക്കാൻ തയ്യാറാവാത്തതിനാൽ മുഴുവൻ തൊഴിലാളികളേയും പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയിൽ അംഗമാകാത്ത തൊഴിലാളികൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ കഴിയാതെവരുന്നു.

(ബി) തൊഴിൽ വകുപ്പിന് വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ സർവ്വേയിൽ 25 ലക്ഷത്തിൽപ്പരം അന്യ സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവരിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ബോർഡിൽ 47264 (2014 ഒക്ടോബർ 31 വരെ) അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1979 പ്രകാരം അന്യ സംസ്ഥാന

തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ തൊഴിലുടമയേയും കരാറുകാരനേയും കൊണ്ട് നിർബന്ധമായും എടുപ്പിച്ച് തൊഴിലാളികൾക്ക് നിയമാനുസൃതം നൽകേണ്ടതായ എല്ലാ സൗകര്യങ്ങളും പരിരക്ഷയും ഉറപ്പ് വരുത്തുന്നതിന് ഉദ്യോഗസ്ഥന്മാർ പരിശോധന വേളയിൽ ശ്രദ്ധിക്കുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾ കൂട്ടമായി ജോലി ചെയ്യുന്നിടത്തും അവരുടെ താമസസ്ഥലങ്ങളിലും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തുകയും ഇവർക്ക് നിയമാനുസൃതമായ താമസസൗകര്യം, വേതനം, സുരക്ഷാ ഉപകരണങ്ങൾ മുതലായ പരിരക്ഷകൾ തൊഴിലുടമയിൽ നിന്നും കരാറുകാരിൽ നിന്നും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. റീജിയണൽ ജോയിന്റ് ലേബർ കമ്മീണർമാർ, ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നീ ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിൽ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് എന്നീ നിയമങ്ങൾ പ്രകാരം കണ്ടെത്തുന്ന തൊഴിൽ നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊഴിലില്ലായ്മവേതനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

**256 (2811)** ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലിലായ്മ വേതനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; ഓരോ ജില്ലയിലും ഇപ്പോൾ എത്ര പേർക്ക് വീതം തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലില്ലായ്മ വേതനം പ്രതിമാസം എത്ര രൂപയാണ് നൽകുന്നത് ; ഈ തുക വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയായി വർദ്ധിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ ;

(സി) മുഴുവൻ അപേക്ഷകർക്കും യാതൊരുവിധ മാനദണ്ഡവുമില്ലാതെ തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് അർഹരായവരെ

തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിന് ശേഷം തുടർച്ചയായി 3 വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നിലനിർത്തുന്നവർ

2. വാർഷിക കുടുംബ വരുമാനം 12000 രൂപയിലും അപേക്ഷകന്റെ വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിലും കവിയാൻ പാടില്ല.

3. അപേക്ഷകൻ/അപേക്ഷക എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. എസ്.സി./എസ്.റ്റി. വിഭാഗക്കാർ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകണമെന്നില്ല. അവർ ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിന് ശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോറിറ്റിയും എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് തത്തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകും.

4. അപേക്ഷകൻ/അപേക്ഷക വിദ്യാർത്ഥി ആയിരിക്കാൻ പാടില്ല.

തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ തൊഴിൽരഹിത വേതനമായി പ്രതിമാസം 120 രൂപ (നൂറ്റിഇരുപത് രൂപ മാത്രം)-യാണ് നൽകിവരുന്നത്. തൊഴിൽരഹിത വേതനം വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

നിലവിലെ നിയമപ്രകാരം തൊഴിൽരഹിത വേതനത്തിന് അപേക്ഷിക്കുന്നവരുടെ കുടുംബ, വ്യക്തിഗത വരുമാനം, പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽനില എന്നീ കാര്യങ്ങൾ പരിശോധിച്ച് അർഹതയുള്ളവർക്ക് മാത്രമാണ് വേതനം നൽകുന്നത്. നിലവിലെ നിയമപ്രകാരമല്ലാതെ, യാതൊരു മാനദണ്ഡവുമില്ലാതെ തൊഴിൽരഹിത വേതനം നൽകുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**തൊഴിലാളിക്ഷേമ ബോർഡുകൾ**

**257 (2812)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിൽ എത്ര തൊഴിലാളിക്ഷേമ ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട് ; ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ഷെഡ്യൂൾ ബാങ്കുകൾ, സർക്കാർ ട്രഷറി എന്നിവയിൽ പ്രസ്തുത ബോർഡുകളുടെ നിക്ഷേപങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിലാകെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; 31-10-2014-ലെ കണക്ക് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക ; ഓരോ ബോർഡിൽനിന്നും എടുത്ത വായ്പയുടെ കണക്ക് ലഭ്യമാക്കാമോ ;

(ഡി) 1-7-2006 മുതൽ 31-3-2011 വരെയുള്ള കാലയളവിൽ എത്ര പ്രാവശ്യം ക്ഷേമനിധി ബോർഡുകളിൽനിന്നും വായ്പ എടുത്തു ; വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന് കീഴിൽ 16 തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ബോർഡുകളിലെ നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 31-10-2014 തീയതി വരെയുള്ള കണക്ക് പ്രകാരം പ്രസ്തുത ക്ഷേമനിധി ബോർഡുകളിലാകെ 7489382 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി)

1. കേരള അബ്കാരി ക്ഷേമനിധി ബോർഡിൽ നിന്നും 2001-ൽ 15 കോടി രൂപ സർക്കാരിന് വായ്പ നൽകിയിരുന്നു. ആയത് 2003-ൽ വായ്പതുകയായ 15 കോടി രൂപ തിരികെ ബോർഡിന് ലഭിച്ചിട്ടുള്ളതും 28-3-2014-ൽ പലിശയിനത്തിൽ 6,09,12,453 രൂപ ബോർഡിന് തിരികെ ലഭിച്ചിട്ടുള്ളതുമാണ്.

2. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2010-ൽ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും 5 ലക്ഷം രൂപയും 2012-ൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 10 ലക്ഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപയും വായ്പ എടുത്തിട്ടുണ്ട്.

3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ നിർദ്ദേശിച്ചതിനെ തുടർന്ന് 19-2-2014-ൽ 100 കോടി രൂപയും 5-4-2014-ൽ 150 കോടി രൂപയും 1-11-2014-ൽ 84 കോടി 85 ലക്ഷം രൂപയും 4-11-2014-ൽ 67 ലക്ഷം രൂപയും ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

4. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ നിർദ്ദേശ പ്രകാരം 384 കോടി രൂപ ട്രഷറിയിൽ നിക്ഷേപിക്കുകയും ഇതിൽ 284 കോടി രൂപ തിരികെ ലഭിച്ചിട്ടുള്ളതുമാണ്.

5. മറ്റ് തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നും വായ്പ നൽകിയിട്ടില്ല.

(ഡി) കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് 31-5-2008-ൽ 75 കോടി രൂപ മൂന്ന് വർഷത്തേയ്ക്ക് ട്രഷറിയിൽ നിക്ഷേപിക്കുകയും ടി തുക 14-6-2011-ൽ പിൻവലിച്ചിട്ടുള്ളതുമാണ്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2010-ൽ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 5 ലക്ഷം രൂപയും 2012-ൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും 10 ലക്ഷം രൂപയും വായ്പ എടുത്തിട്ടുണ്ട്.

## കർഷകത്തൊഴിലാളിക്ഷേമനിധി ബോർഡ്

**258 (2813)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഭൂനികുതി പിരിച്ചടയ്ക്കുന്നത് സംബന്ധിച്ച അവ്യക്തത ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയുള്ളത് ഏതു കാലയളവുവരെ തീർപ്പുകൽപ്പിച്ചു എന്ന് വ്യക്തമാക്കാമോ ; എത്ര അപേക്ഷകൾ ഇനി ബോർഡിന്റെ പക്കൽ കുടിശ്ശികയായി

കിടക്കുന്നു എന്നറിയിക്കാമോ ; ഇവ എന്നേക്ക് പരിഹരിക്കും എന്നറിയിക്കാമോ ;

(സി) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെങ്കിലും വരുമാന സ്രോതസ്സ് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വെളിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ട ഭൂനികുതി പിരിച്ചടയ്ക്കുന്നത് റവന്യൂ വകുപ്പാണ്. ഭൂവുടമകളിൽനിന്നും ലഭിക്കേണ്ട അംശദായം കൃത്യമായി പിരിച്ചെടുക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി, ഭൂവുടമാ വിഹിത കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ഭൂവുടമാ പിരിവ് സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും 6-9-1993-ൽ പുറപ്പെടുവിച്ച 53734/ഇ 3/93/റവന്യൂ നമ്പർ സർക്കുലർ ഭേദഗതി ചെയ്യുന്ന വിഷയം സജീവ പരിഗണനയിലാണെന്ന് റവന്യൂ വകുപ്പ് തൊഴിൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി) 31-12-2009 വരെയുള്ള ആനുകൂല്യങ്ങളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങളിലായി 267847 അപേക്ഷകൾ ബോർഡിന്റെ പക്കൽ കുടിശ്ശികയായി കിടക്കുന്നുണ്ട്. ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കണമെന്ന് ബോർഡ് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ വിഭവ സമാഹരണത്തിലുള്ള അപര്യാപ്തത കാരണം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആവശ്യപ്പെട്ടിരുന്ന ധനസഹായം അനുവദിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്.

(സി) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഭൂവുടമാ വിഹിതവും അംശദായ വിഹിതവും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ചുമട്ടുതൊഴിലാളി കാർഡുകൾ

**259 (2814)** <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി കാർഡുകൾ ആരെങ്കിലും അനർഹമായി കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ നിശ്ചിത കാലാവധിയ്ക്കുള്ളിൽ വിശദമായ പരിശോധന നടത്തി ഇതിന്മേൽ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) അനർഹമാണെന്ന് കണ്ടെത്തിയാൽ കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ 1-ഉം കൊല്ലം ജില്ലയിൽ 12-ഉം വയനാട് ജില്ലയിൽ 7-ഉം തൊഴിലാളികളുടെ കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തുകയും ആയത് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) അനർഹമായി ചുമട്ടു തൊഴിലാളി കാർഡുകൾ കരസ്ഥമാക്കിയതായി കണ്ടെത്തിയാൽ തിരിച്ചറിയൽ കാർഡുകൾ ചുമട്ടുതൊഴിലാളി നിയമമനുശാസിക്കുന്ന രീതിയിൽ പരിശോധിച്ച് റദ്ദ് ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ പ്രകാരം തിരുവനന്തപുരം, കൊല്ലം, വയനാട് ജില്ലകളിൽ അനർഹമാണെന്ന് കണ്ടെത്തിയ കാർഡുകൾ റദ്ദ് ചെയ്തിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

**260 (2815)** <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ ഏതൊക്കെ തസ്തികകളിലേക്ക് ഏതൊക്കെ സ്ഥാപനങ്ങളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളിൽ ജോലി ലഭിക്കാത്തവരിൽ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തിരികെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് ജോലിക്ക് നാമനിർദ്ദേശം ചെയ്യുകയും ജോലി ലഭിക്കാത്തതുമായ ഉദ്യോഗാർത്ഥികൾ തിരികെ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ നിലവിലില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ**

**261(2816)** <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സീനിയോറിറ്റി മറികടന്ന് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതിന് എംപ്ലോയ്മെന്റ് ഓഫീസർക്ക് വിവേചനാധികാരമുണ്ടോ ; വിശദമാക്കുമോ ;

(ബി) ജനറൽ വിഭാഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും എംപ്ലോയ്മെന്റ് ഒഴിവിലേക്ക് പരിഗണിക്കുന്നതിനുള്ള പ്രായപരിധി 50 വയസ്സ് എന്നത് പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധി 55 വയസ്സ് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കുന്നത്തൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 20 വർഷം സീനിയോറിറ്റിയുള്ളതും എന്നാൽ നാളിതുവരെ ഒരു തൊഴിലിനും പരിഗണിച്ചിട്ടില്ലാത്ത എസ്.സി./എസ്.റ്റി. വിഭാഗക്കാരുടെ പേര് വിവരം പ്രസിദ്ധപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പരിഗണനയിലില്ല.

(സി) പേരും വിശദാംശങ്ങളും ഉൾപ്പെട്ട സി.ഡി. ലഭ്യമാക്കുന്നതാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ**

**262 (2817)** <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര പേർ

വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പേര് രജിസ്റ്റർ ചെയ്തു; ഇതിൽ ഡോക്ടർമാർ (അലോപ്പതി, ഹോമിയോ, ആയുർവേദം), എഞ്ചിനീയർമാർ, നേഴ്സസ് (BSC Nursing/MSC Nursing) എന്നിവരുടെ പ്രത്യേക കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഇപ്രകാരം പുതിയതായി രജിസ്റ്റർ ചെയ്യപ്പെട്ടതും നിലവിലുള്ളതുമായ ലിസ്റ്റിൽ നിന്ന് ഈ സർക്കാർ വന്നശേഷം എത്ര പേർക്ക് താൽക്കാലിക നിയമനവും സ്ഥിരനിയമനവും നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ ;

(സി) നിലവിൽ സംസ്ഥാനത്ത് ആകെ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇതിൽ പ്രൊഫഷണൽ യോഗ്യതയുള്ളവർ എത്ര എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 14,27,975 പേർ. ഇതിൽ ഡോക്ടർമാർ (അലോപ്പതി, ഹോമിയോ, ആയുർവേദം), എഞ്ചിനീയർമാർ, നഴ്സസ് (BSC Nursing/MSC Nursing) എന്നിവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു :

<u>ഡോക്ടർമാർ</u>

അലോപ്പതി - 226

ഹോമിയോ - 492

ആയുർവേദം - 1,164

<u>എഞ്ചിനീയർമാർ</u> - 24,065

<u>നേഴ്സസ്</u>

BSC Nursing - 9,756

MSC Nursing - 204

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതും നിലവിലുള്ളതുമായ ലിസ്റ്റിൽ നിന്ന്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6 പേർക്ക് സ്ഥിരനിയമനവും 702 പേർക്ക് താൽക്കാലിക നിയമനവും നൽകിയിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് ആകെ 37,94,016 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ പ്രൊഫഷണൽ യോഗ്യതയുള്ളവർ 88,136 പേരാണ്.

**സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് വേതനം**

**263 (2818)** ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി പ്രസ്തുത വിഭാഗക്കാരുടെ ശമ്പളം ബാങ്കുവഴി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശമ്പളം ബാങ്ക് വഴി നൽകണമെന്ന് നിഷ്കർഷിക്കുന്ന ശമ്പള സംരക്ഷണ നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) 1948-ലെ മിനിമം വേതന നിയമം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നടപ്പിലാക്കി വരുന്നതിനുപുറമേ, പുതിയതായി ഉൾപ്പെടുത്തപ്പെട്ട അഞ്ച് തൊഴിൽ മേഖലകളിൽ കൂടി മിനിമംവേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്ഥാപനങ്ങളിൽ പരിശോധന നടത്തി മിനിമം വേതന നിയമപ്രകാരമുള്ള കൂലി ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും നിയമ ലംഘനം നടത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ

പ്രോസിക്യൂഷനും ക്ലെയിം പെറ്റീഷനും ഉൾപ്പെടെയുള്ള നിയമ നപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. 2014 ഒക്ടോബർ വരെ സംസ്ഥാനത്തെ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ സ്വകാര്യ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി, തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് തൊഴിലാളികൾക്ക് നൽകുന്നുണ്ടോയെന്ന് ഓൺലൈൻ വഴി പരിശോധിക്കാനും ഇതിൽ വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും കഴിയും.

(സി&ഡി) ശമ്പള സംരക്ഷണ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. എന്നാൽ വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മിനിമം വേതന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ഡി. നിയമത്തിന്റെ സെക്ഷൻ 2(S) ഭേദഗതി ചെയ്യാൻ നടപടി**

**264 (2819)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് പ്രൊമോഷൻ എംപ്ലോയിസ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ആക്ടിന്റെ പരിധിയിൽവരുന്ന ജീവനക്കാർക്ക് വർക്ക്മാൻ എന്ന പരിഗണന കിട്ടുന്നതിന് ഐ.ഡി. നിയമത്തിന്റെ സെക്ഷൻ 2(S) ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) 2005 ഡിസംബറിൽ പ്രസ്തുത ഭേദഗതി ഓർഡിനൻസായി ഇറക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) 1947-ലെ വ്യവസായിക തർക്കങ്ങൾ ആക്ടിന്റെ 2 (എസ്) വകുപ്പ് ഭേദഗതി ചെയ്യുന്നതിന്റെ ആവശ്യത്തിലേയ്ക്കായി 2012-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ 13-ാം കേരള നിയമസഭയുടെ 69-ാം നമ്പർ

ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ**

**265 (2820)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 ജൂൺ 1-ന് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തവർ എത്ര എന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പുതുതായി എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തതെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര പേരെ സ്ഥിരമായും, കെ.എസ്.ആർ.9 എ(ഐ) ചട്ട പ്രകാരവും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ഡി) ഇതിൽ വികലാംഗർ, വിധവകൾ, പട്ടികജാതി, പട്ടികവർഗ്ഗം, പിന്നോക്ക വിഭാഗം, മുന്നോക്ക വിഭാഗം എന്നിവയിൽപ്പെട്ട എത്ര പേരുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 ജൂൺ 1-ന് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|
| (1) | (2) |

| | |
|---|---|
| തിരുവനന്തപുരം | 6,25,877 |
| കൊല്ലം | 4,01,177 |
| (1) | (2) |
| ആലപ്പുഴ | 4,22,242 |
| പത്തനംതിട്ട | 1,87,503 |
| കോട്ടയം | 2,85,826 |
| ഇടുക്കി | 1,12,482 |
| എറണാകുളം | 3,73,733 |
| തൃശ്ശൂർ | 4,10,624 |
| പാലക്കാട് | 3,37,555 |
| മലപ്പുറം | 2,98,147 |
| കോഴിക്കോട് | 3,79,221 |
| വയനാട് | 93,509 |
| കണ്ണൂർ | 2,11,068 |
| കാസർഗോഡ് | 1,05,488 |
| ആകെ | 42,44,452 |

(ബി) 14,27,975 പേർ.

(സി&ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ പുനലൂർ

266 (T*2821) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഫാമിലി കാർഡ് ഇല്ലാത്തതിനാൽ സ്ഥിരപ്പെടുത്തുവാൻ R.P.C. മാനേജ്മെന്റ് തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ ശ്രീലങ്കയിൽ നിന്നും റിപ്പാട്രിയേറ്റ് ചെയ്യപ്പെട്ടതിൽ 700 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഓരോ കുടുംബത്തിൽനിന്നും രണ്ട് പേർക്ക് വീതം ജോലി നൽകുകയുണ്ടായി. അങ്ങനെ തൊഴിൽ ലഭിച്ചവർ പിരിഞ്ഞു പോകുമ്പോൾ, ആ കുടുംബത്തിന്റെ കുടുംബകാർഡിൽ പേരുള്ള അർഹരായവർക്ക് പകരം ജോലി നൽകിവരുന്നു. നിലവിൽ കമ്പനിയിലെ "പ്ലാന്റേഷൻ വർക്കർ" തസ്തികകൾ റിപ്പാട്രിയേറ്റുകൾക്കായി സംവരണം ചെയ്തിരിക്കുന്നു. പ്രസ്തുത കുടുംബ കാർഡുകളിൽ പേരുള്ളവരിൽ കമ്പനിയിലെ ജോലിക്ക് അർഹതയുള്ളവർ ഇല്ലാതിരിക്കുകയോ അതിന് അർഹതയുള്ളവർ കമ്പനിയിലെ ജോലിക്ക് വരാതിരിക്കുകയോ ചെയ്യുമ്പോഴാണ്, ആ കുടുംബത്തിൽപ്പെട്ടവർക്ക് ഇന്ത്യയിൽ വന്നശേഷം ജനിച്ച മക്കൾക്ക് താൽക്കാലിക ജോലി, കമ്പനിയിലെ വർക്കർമാരുടെ കുറവ് പരിഹരിക്കുന്നതിനു വേണ്ടി സർക്കാരിന്റെ ഉത്തരവനുസരിച്ച് നൽകിവരുന്നത്. ഇത്തരത്തിൽ ഈ സ്ഥാപനത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന റിപ്പാട്രിയേറ്റുകളല്ലാത്ത തൊഴിലാളികളെയാണ് സ്ഥിരപ്പെടുത്താതിരിക്കുന്നത്.

(ബി) റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിൽ അർഹതയുള്ള റിപ്പാട്രിയേറ്റുകൾക്ക് കമ്പനിയിൽ ജോലി നൽകിയതിനുശേഷമേ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാനാവുകയുള്ളൂ.

## ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ട്രെയിനിംഗ്

**267 (2822)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ. കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ട്രെയിനിംഗ് നൽകി ബന്ധപ്പെട്ട ട്രേഡിൽ പരിചയം ഉറപ്പാക്കുകയും ജോലി ലഭിക്കുമ്പോൾ പ്രസ്തുത ട്രെയിനിംഗ് കാലയളവ് എക്സ്പീരിയൻസ് ആയി കണക്കാക്കാറുള്ള കാര്യവും അറിയുമോ ;

(ബി) എങ്കിൽ എന്ത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എക്സ്പീരിയൻസ് കണക്കാക്കുന്നത് ?

ഉത്തരം

(എ&ബി) 6-7-1996-ലെ 514/6 എച്ച്.എൽ.ഡി. നമ്പർ ഉത്തരവ് പ്രകാരം നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനേക്കാൾ ഉയർന്ന യോഗ്യതയാണെന്നും ടി സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനോട് കൂടിയ ഒരു വർഷ പ്രവൃത്തി പരിചയത്തിന് തുല്യമാണെന്നും സർക്കാർ ഉത്തരവുണ്ടെങ്കിലും കെ.എസ്.&എസ്.എസ്.ആർ റൂൾ (10) (എ.ബി)- യിൽ paid or non-paid apprentice കാലാവധി പ്രവൃത്തി പരിചയമായി കണക്കാക്കേണ്ട എന്ന ചട്ടം ഉള്ളതിനാൽ നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് പ്രവൃത്തി പരിചയമായി പബ്ലിക് സർവ്വീസ് കമ്മീഷൻ കണക്കാക്കുന്നില്ല.

**ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടർ(വെൽഡിംഗ്)**

**268 (2823)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടറുടെ (വെൽഡിംഗ്) എത്ര തസ്തികകളുണ്ടെന്നും അവയിൽ എത്ര എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡിംഗ്) പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) ട്രേഡിൽ 89 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 10 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഇവ നികത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

## താനൂർ-ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മാണം

**269 (2824)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ മണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കെട്ടിട നിർമ്മാണ പ്രവർത്തിക്കായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്നകാര്യം വിശദമാക്കുമോ ;

(സി) ഈ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3.59 കോടി രൂപ ചെലവിൽ, ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ജി. ഒ. (ആർടി.) നമ്പർ 1289/2014/തൊഴിൽ തീയതി 18-9-2014 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ചെറിയമുണ്ടം ഐ.ടി.ഐ. സ്ഥാപിക്കുന്നതിലേയ്ക്കായി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ജൂനിയർ ഇൻസ്ട്രക്ടർ-വെൽഡർ തസ്തികയിലെ നിയമനം

**270 (2825)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ-വെൽഡർ

തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; എത്രപേർക്ക് നിയമനം നൽകി ; വിശദാംശം നൽകുമോ ;

(ബി) 2011 മുതൽ ഏതൊക്കെ തീയതികളിലാണ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇതുവരെയായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് 11.9.2014 തീയതിയിൽ നിലവിൽ വന്നു. ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി 35 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇനി 10 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 4-10-2011-ൽ 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ആയത് നികത്തുകയും ചെയ്തിട്ടുണ്ട്. ഈ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെയായി ആകെ 35 ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(സി) നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

**നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

**271 (2826)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നാളിതുവരെ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം അറിയിക്കുമോ ; ഇവരിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും എണ്ണം നൽകുമോ ;

(ബി) പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 25 വർഷവും അതിനു മുകളിലും സീനിയോറിറ്റിയുള്ളവരുടെ എണ്ണം അറിയിക്കാമോ ;

(സി) 2011 മുതൽ 2014 ഒക്ടോബർ മാസം വരെ ഓരോ വർഷവും നെടുമങ്ങാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എത്ര പേരെയാണ്

ജോലിക്കായി ശുപാർശ ചെയ്തിട്ടുള്ളതെന്നും അവരിൽ എത്ര പേർക്ക് ജോലി ലഭിച്ചുവെന്നുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ)

| | |
|---|---|
| ഓപ്പൺ | - 62612 |
| എസ്.സി. | - 13611 |
| എസ്.റ്റി.ബി. | - 3094 |
| ആകെ | - 79317 |

ഇവരിൽ,

| | |
|---|---|
| പുരുഷന്മാരുടെ എണ്ണം | - 30553 |
| സ്ത്രീകളുടെ എണ്ണം | - 48764 |

(ബി) 4515 ഉദ്യോഗാർത്ഥികൾ.

(സി) 12709 പേരെ ജോലിക്കായി ശിപാർശ ചെയ്തിട്ടുണ്ട്. ഇവരിൽ 704 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

<u>ജോലിക്കായി ശിപാർശ ചെയ്തവരുടെ എണ്ണം</u>

| | |
|---|---|
| 2011 | - 2845 |
| 2012 | - 3451 |
| 2013 | - 4083 |
| 2014 ഒക്ടോബർ വരെ | - 2330 |
| ആകെ | - 12709 |

<u>ജോലി ലഭിച്ചവരുടെ എണ്ണം</u>

| | |
|---|---|
| 2011 | - 161 |
| 2012 | - 198 |
| 2013 | - 194 |

2014 ഒക്ടോബർ വരെ - 151

ആകെ - 704

**കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം**

**272 (2827)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനിയിലെ കോട്ടത്തറ കംഭാര കോളനിയിലെ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് മുഖേന കേരള ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പരിശീലനം ലഭിച്ചെങ്കിലും മണ്ണ് അരിച്ചെടുക്കാൻ ഉള്ള ആധുനിക ഉപകരണങ്ങളും മോട്ടോറും ഇല്ലാത്തതിനാൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് മോട്ടോർ അടക്കമുള്ള യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാമോ ;

(സി) തൊഴിൽ വകുപ്പ് നൽകിയ പരിശീലനത്തിലൂടെ തൊഴിൽ നൈപുണ്യവും വൈവിധ്യവും നേടിയ ഇവരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആധുനിക ഉപകരണങ്ങളുടേയോ മോട്ടോറുകളുടേയോ സഹായം കൂടാതെ തന്നെ ഗുണനിലവാരമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

(ബി) തൊഴിൽ പരിശീലനം നൽകുക മാത്രമാണ് തൊഴിൽ വകുപ്പ് ചെയ്തുവരുന്നത്.

(സി) ടി തൊഴിലാളികളുടെ അടിയന്തര ആവശ്യം അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയാണ്. ഇവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പിന്റെയും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (കെ.എസ്.ഐ.ഡി.)-ന്റെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രദർശനങ്ങളിൽ ടി ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമേഖലയിലെ തൊഴിലവസരങ്ങൾ**

**273 (2828)** <u>ശ്രീ. എ. കെ. ബാലൻ</u> :
<u>ശ്രീ. എളമരം കരീം</u> :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായുണ്ടായ തൊഴിലവസരങ്ങളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ; ഏതെല്ലാം മേഖലകളിലായി എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് ; തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട മേഖലകൾ ഏതൊക്കെയാണ് ;

(ബി) പൊതുമേഖലയിൽ സർക്കാർ നടപടികളുടെ ഭാഗമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ അഭ്യസ്ത്യവിദ്യരായ തൊഴിലന്വേഷകർ എത്രയാണ് ; എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലായി 22-1-2014 വരെ 22058 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിലും അസംഘടിത തൊഴിൽ മേഖലയിലും സേവന മേഖലയിലും സർക്കാരിതര മേഖലയിലും ഈ സർക്കാരിന്റെ കാലത്ത് ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വ്യാപകമായ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട മേഖലകളൊന്നും ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടില്ല.

(ബി) സർക്കാരിന്റെ നയപരവും ഭരണപരവുമായ നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സർക്കാർ പൊതുമേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട്.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 37,93,814 അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ചാത്തന്നൂരിൽ സംസ്ഥാനതല കൺസ്ട്രക്ഷൻ അക്കാദമി**

**274 (2829)** ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ സംസ്ഥാനതല കൺസ്ട്രക്ഷൻ

അക്കാദമി സ്ഥാപിക്കുന്നതിലേക്ക് നാല് വർഷം മുമ്പ് പ്രാരംഭ നടപടികൾ ആരംഭിച്ചുവെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥാപനം യാഥാർത്ഥ്യമാക്കുവാൻ യാതൊരു തുടർനടപടികളും ആരംഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുവാനുള്ള നടപടിയിൽ നിന്നും പൂർണ്ണമായും പിൻമാറിയോ ; ഇല്ലെങ്കിൽ വിലയ്ക്ക് വാങ്ങിയ 10 ഏക്കർ ഭൂമിയിൽ എന്ന് സ്ഥാപനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി സ്ഥലത്ത് അന്താരാഷ്ട്ര നിലവാരമുള്ള തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുവോ ; ഈ സ്ഥാപനം ആരംഭിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അനുയോജ്യമായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറളം ഫാം ഏറ്റെടുത്ത നടപടി**

**275 (T2830)** <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം ഫാം ഏറ്റെടുത്തതിനെത്തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്ക് പുനരധിവാസത്തിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ; പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആറളം ഫാം സർക്കാർ ഏറ്റെടുക്കുന്ന അവസരത്തിൽ അവിടെ താമസിക്കുന്ന 32 കുടുംബങ്ങളെ ഫാമിന് വെളിയിൽ പുനരധിവസിപ്പിക്കാൻ ആറളം ഗ്രാമ പഞ്ചായത്ത് 2 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 3 ½ ഏക്കർ സ്വകാര്യ ഭൂമി ലാന്റ് അക്വിസിഷൻ മുഖേന ഏറ്റെടുക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ 482/16 നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇ.എസ്.ഐ. പദ്ധതി**

**276 (2831)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. പദ്ധതിയിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതു സംബന്ധിച്ച് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) അത്യാഹിത സന്ദർഭത്തിൽ വിദഗ്ദ്ധ ചികിത്സാ സൗകര്യമുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന രോഗികൾക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ നിന്നും " കൺസെന്റ് " നൽകാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് രോഗികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കുമാണ് ഇ.എസ്.ഐ. സ്ഥാപനങ്ങൾ വഴി ചികിത്സ ലഭിക്കുന്നത്. നിലവിലുള്ള ഇ.എസ്.ഐ. ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇവ ചെയ്യുന്നത്. ഇതിനായി പ്രത്യേക ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇത്തരം അവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാരിപ്പള്ളി ഇ.എസ്.ഐ മെഡിക്കൽ കോളേജ്**

**277 (2832)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചോ ; ഇല്ലെങ്കിൽ അനുമതി ലഭിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കാനുണ്ടായ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ കുറവുകൊണ്ടും നോൺ മെഡിക്കൽ ഫർണീച്ചർ ഇല്ലാത്തതുകൊണ്ടുമാണ് അന്ന് അനുമതി ലഭിക്കാതിരുന്നത്.

(ബി) 2014-15-ൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായുള്ള അപേക്ഷ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് സമർപ്പിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രിക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ എല്ലാം വാങ്ങി.

ഇ.എസ്.ഐ കോർപ്പറേഷൻ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ഡീനിന്റെയും അദ്ധ്യാപകരുടെയും നിയമനം ഉടൻ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊരട്ടിയിൽ ഇ.എസ്.ഐ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടി**

**278 (2833)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തത് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നതു കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ നിർമ്മാണം ഇ.എസ്.ഐ കോർപ്പറേഷനാണ് നടത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തറക്കല്ലിടൽ 23-9-2013-ൽ നടന്നു. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് ആണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. എച്ച്.എൽ.എൽ.-ന് 17,95,306 രൂപ ഒന്നാം ഘട്ടമായി നൽകിയിട്ടുണ്ട്. നിർമ്മാണത്തിന് തടസ്സങ്ങൾ

ഒന്നുംതന്നെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസിലെ നിയമനം**

**279 (2834)** ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസിൽ അസിസ്റ്റന്റ് മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെ 88 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഇതിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമം നടത്തുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

**പ്രീ-മെട്രിക് ഹോസ്റ്റലുകൾ-വാച്ച്മാൻ തസ്തിക**

**280 (2836)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിൻകീഴിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് ; ഏതെല്ലാം ;

(ബി) പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ വാച്ച്മാൻ തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർ അനുഭവിക്കുന്ന കഷ്ടതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരുടെ ജോലി വ്യവസ്ഥയും സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്രിയാത്മക നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) വകുപ്പിന് കീഴിൽ 87 പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ബി) വകുപ്പിലെ പ്രീ-മെട്രിക് ഹോസ്റ്റൽ വാച്ച്മാൻമാർക്ക് 6 PM മുതൽ 6 AM വരെയാണ് ഡ്യൂട്ടി നിശ്ചയിച്ചിരിക്കുന്നത്. ഇവരുടെ ജോലി വ്യവസ്ഥകളിലും സാഹചര്യങ്ങളിലും ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്വയം പര്യാപ്ത പട്ടിക ഗ്രാമം പദ്ധതി-കാട്ടുവയൽ കോളനി**

281 (2837) <u>ശ്രീ. എ. പ്രദീപ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം പര്യാപ്ത പട്ടിക ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് കാട്ടുവയൽ കോളനിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി കാട്ടുവയൽ കോളനിയിൽ ഇതുവരെയും ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മുഖ്യ അഴുക്കുചാൽ നിർമ്മാണം, മണ്ണിട്ട് നികത്തൽ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്.

(ബി) കാട്ടുവയൽ കോളനി റോഡ് നിരപ്പിൽ നിന്നും വളരെ താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ ഡ്രെയിനേജിൽ നിന്നുള്ള മലിനജലം വീടുകളിലേക്ക് കയറുന്നു. ഇതൊഴിവാക്കാൻ ഈ പ്രദേശം മണ്ണിട്ട് ഉയർത്തുകയും ഡ്രെയിനേജ് പുതുക്കി പണിയുകയും വേണം. ഇതോടൊപ്പം വീടുകളുടെ പുനർനിർമ്മാണം ഉൾപ്പെടെ ഒരു കോടിരൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയില്ല. ആയതിനാൽ 24-7-2013-ലെ ജില്ലാ ആഫീസർമാരുടെയും ഏജൻസി പ്രതിനിധികളുടെയും യോഗതീരുമാന പ്രകാരം പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയാണുണ്ടായത്.

**സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**282 (2838)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽപ്പെടുത്തി (2013-14) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കുളക്കട ഗ്രാമപഞ്ചായത്തിൽപ്പെട്ട അംബേദ്കർ കോളനി നവീകരണത്തിനുള്ള നിർദ്ദേശങ്ങൾ അനുമതിക്കായി പട്ടികജാതി ഡയറക്ടർ ഓഫീസിൽ ലഭിച്ചിരുന്നോ ;

(ബി) പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ അനുമതിക്കായി ലഭിച്ചത് എന്നാണ് ;

(സി) അനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി അടിയന്തിരമായി തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ 15-7-2014-ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നു.

(സി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് ആദ്യ ഗഡുവായ 25 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**അരൂർ മണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമങ്ങൾ**

**283 (2839)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽപ്പെടുത്തി അരൂർ മണ്ഡലത്തിലെ നരിയണ്ടി കോളനിയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇത്തിത്തറ കോളനി വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; ഈ പ്രവൃത്തികൾ ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത് ; നാളിതുവരെയായി പ്രവർത്തനങ്ങൾ യാതൊന്നും തുടങ്ങിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലവിൽ ഏൽപ്പിച്ച ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിയോഗിക്കുന്നതിന് സാധിക്കുമോ ; എങ്കിൽ ആയതിന്റെ നടപടിക്രമം വിശദമാക്കാമോ ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽപ്പെടുത്തി അരൂർ നിയോജക മണ്ഡലത്തിലെ നരിയാണ്ടി കോളനിയിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് :

പാർശ്വഭിത്തി 800 മീറ്റർ പൂർത്തീകരിച്ചു.

റോഡ് നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചു.

ബോക്സ് കൽവർട്ട് 2 എണ്ണം പൂർത്തിയായി.

(ബി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 20-2-2014-ൽ കോളനിയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ചുവടെ പറയുന്ന പ്രവർത്തനങ്ങളാണ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത് :

കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

മൂന്ന് റോഡുകളുടെ നിർമ്മാണം

കോൺക്രീറ്റ് നടപ്പാത

കോൺക്രീറ്റ് സ്ലാബ് പാലങ്ങൾ

സ്ട്രീറ്റ് ലൈറ്റ്

കുടിവെള്ള പദ്ധതി

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിനെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതികളുടെ മുൻഗണനാലിസ്റ്റ് 21-7-2014-ന് നൽകിയിരുന്നെങ്കിലും എസ്റ്റിമേറ്റ് ഇതുവരെ ലഭ്യമായിട്ടില്ല.

പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ നിർദ്ദേശിക്കുന്നത് അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരാണ്. എംപാനൽ ചെയ്ത ഏജൻസികളിൽ നിന്നും എം.എൽ.എ.-യ്ക്ക് പുതിയ ഏജൻസിയെ നിർദ്ദേശിക്കാവുന്നതാണ്.

## കരാർ/ദിവസക്കൂലി നിയമനങ്ങളിൽ കർശനമായി സംവരണ മാനദണ്ഡങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ

**284 (2840)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.എസ്.സി. വഴിയോ എക്സ്ചേഞ്ച് മുഖേനയോ ജീവനക്കാരെയും അദ്ധ്യാപകരേയും നിയമിക്കാതെ കരാർ/ദിവസക്കൂലി നിയമനങ്ങൾ നടത്തുന്നതിനാൽ പട്ടികജാതി വിഭാഗക്കാർക്ക് അർഹമായ തൊഴിൽ സംവരണത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്ന വിവരം അറിയിക്കുമോ ;

(ബി) പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനങ്ങൾ ഒഴിവാക്കുവാനും അല്ലാത്തപക്ഷം കരാർ/ദിവസക്കൂലി നിയമനങ്ങളിൽ കർശനമായി സംവരണ മാനദണ്ഡങ്ങൾ നടപ്പിലാക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരാർ/ദിവസക്കൂലി നിയമനങ്ങളിൽ സംവരണം പാലിക്കേണ്ടത് സംബന്ധിച്ച് നിലവിൽ വ്യവസ്ഥകളൊന്നുമില്ല. ഇക്കാര്യം പരിശോധിക്കുന്ന താണ്.

**വിജ്ഞാൻവാടി നിർമ്മാണം**

**285 (2841)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽ കൊരട്ടി പഞ്ചായത്തിലെ സ്നേഹ നഗർ കോളനിയിൽ വിജ്ഞാൻവാടി കേന്ദ്രം നിർമ്മിക്കുന്നതിനായി അനുമതി ലഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും ഇനിയും നിർമ്മാണം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി കോളനികളിലെ അടിസ്ഥാന വർഗ്ഗത്തിനായി അനുവദിച്ച ഈ പദ്ധതിയുടെ നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(സി) ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) നിർവ്വഹണ ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ടെണ്ടർ നടപടിക്രമങ്ങളിലുണ്ടായ കാലതാമസം മൂലമാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കാതെ വന്നത്.

കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയതായി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

**പിന്നോക്ക വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് സഹായം**

**286 (2842)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി സഹായം നൽകുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലാണ് ;

(സി) ഈ പദ്ധതിയിലൂടെ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട് ;

(ഡി) ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് ധനസഹായമായി നൽകുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 വർഷം.

(സി) 8 പേർക്ക്.

(ഡി) പരമാവധി 10 ലക്ഷം രൂപ.

**കൊയിലാണ്ടി മണ്ഡലത്തിൽ മാതൃകാ കോളനി വികസന പദ്ധതി**

**287 (2843)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിൻ കീഴിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം കോളനികളാണ് മാതൃകാ കോളനി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിന് ഈ കോളനികളിൽ ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ ; മൂടാടി പഞ്ചായത്തിലെ വലിയമല കോളനിയിൽ പദ്ധതി നടപ്പാക്കുന്നതിൽ പട്ടികജാതി ജില്ലാ വികസന ഓഫീസിൽ നിന്നുള്ള മേൽനോട്ടവും ഇടപെടലും ഫലപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് മുൻ നിയമസഭാ സമ്മേളനങ്ങളിൽ പ്രശ്നം ഉന്നയിച്ചിട്ടും വകുപ്പിൽ നിന്ന് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മണ്ഡലത്തിലെ മാതൃകാ കോളനി വികസന പദ്ധതി എന്ന് പൂർത്തികരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂടാടി പഞ്ചായത്തിലെ വലിയമല കോളനിയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നടപ്പാതയുടെ നിർമ്മാണം 75 മീറ്റർ പൂർത്തിയായി. റോഡ് നിർമ്മാണത്തിനായി മെറ്റൽ ശേഖരിച്ചിട്ടുണ്ട്. കോളനി നിവാസികളുടെ എതിർപ്പ് കാരണം നിർമ്മാണപ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ട്. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചാൽമാത്രമേ മറ്റ് പ്രവൃത്തികൾ നടത്താൻ അനുവദിക്കു എന്ന് കോളനി നിവാസികൾ അറിയിച്ചിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള മേൽനോട്ടവും ഇടപെടലും ഫലപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ

യോഗം ചേരുകയും അതിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ പങ്കെടുക്കുകയും ചെയ്തിരുന്നു. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസിലും ജില്ലാകളക്ടറുടെ ചേമ്പറിലും നിർവ്വഹണ ഏജൻസികളുമായി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് യോഗം ചേരുകയുണ്ടായി.

നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങൾ**

**288 (2844)** ശ്രീ. കെ. കാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംഘങ്ങൾക്ക് സർക്കാർ മൂലധന നിക്ഷേപം വർദ്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കുവാനും പരമാവധി പട്ടികജാതി വിഭാഗക്കാർക്ക് പ്രയോജനം ലഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി ക്ഷേമ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എസ്.സി./എസ്.റ്റി. ഫെഡറേഷൻ, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും അവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പട്ടികജാതി സഹകരണ സംഘങ്ങളിലെ കമ്മിറ്റി അംഗങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുകയും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ശില്പശാലകൾ സംഘടിപ്പി

ക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ വകുപ്പിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പഠനം നട<u>ത്തു</u>ന്നതിന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നു. ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പഠന റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംഘങ്ങളുടെ ആഫീസ് കെട്ടിട പുനരുദ്ധാരണത്തിനായി ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ വരെ നൽകി വരുന്നു. സംഘം ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡിയിനത്തിൽ അഞ്ച് കൊല്ലം ധനസഹായം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഒരു സംഘത്തിന് ആദ്യത്തെ രണ്ട് കൊല്ലം 60,000 രൂപ വീതവും മൂന്നും നാലും വർഷങ്ങളിൽ 36,000 രൂപ വീതവും അഞ്ചാം വർഷത്തിൽ 12,000 രൂപ വീതവും നൽകാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ സംഘങ്ങളുടെ വികസനവും പുനരുദ്ധാരണവും പദ്ധതി പ്രകാരം ഒരു സംഘത്തിന് 2:3 എന്ന അനുപാത ത്തിൽ ഓഹരി സബ്സിഡിയിനത്തിൽ പരമാവധി 6 ലക്ഷം രൂപവരെയും നൽകി വരുന്നുണ്ട്. സർക്കാർ ഓഹരി മൂലധന പങ്കാളിത്തമായി ഒരു സംഘത്തിന് പരമാവധി 2 ലക്ഷം രൂപയും നൽകാൻ വ്യവസ്ഥയുണ്ട്. ഇതിനുപുറമെ റിവോൾവിംഗ് ഫണ്ടിനത്തിൽ ഒരു സംഘത്തിന് പരമാവധി അഞ്ചുലക്ഷം രൂപയും സംഘങ്ങളിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്വാശ്രയ ഗ്രൂപ്പുകളുടെ പ്രാരംഭ ചെലവുകൾക്കായി ഗ്രൂപ്പൊന്നിന് 1000 രൂപ വീതവും നൽകി വരുന്നു.

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി 2010-2011-ൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ഓഹരി മൂലധന ഇനത്തിൽ എസ്.സി./എസ്.റ്റി. ഫെഡറേഷന് ലഭിച്ച 50 ലക്ഷം രൂപയിൽ 36 ലക്ഷം രൂപ 18 സംഘങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. ആയതിന്റെ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

2012-2013-ൽ പട്ടികജാതി വികസനവകുപ്പിൽ നിന്നും എസ്.സി./ എസ്.റ്റി. ഫെഡറേഷന് ലഭിച്ച ഒരു കോടിരൂപയിൽ നിന്നും 38 ലക്ഷം രൂപ സംഘങ്ങൾക്ക് പലിശരഹിത വായ്പയായി വിതരണം ചെയ്യുകയുണ്ടായി. ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.*

കൂടാതെ, സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2011-12

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷത്തിൽ 33.32 ലക്ഷം രൂപയും 2012-2013 വർഷത്തിൽ 100 ലക്ഷം രൂപയും 2013-14 വർഷത്തിൽ 375 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്. 2014-2015 വർഷത്തിൽ വാർഷിക പദ്ധതിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസന ത്തിനും പുനരുദ്ധാരണത്തിനു മായി 600 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടി തുകയിൽ നിന്നും 431.59 ലക്ഷംരൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലായി 534 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ സർക്കാർ ഓഹരി മൂലധന നിക്ഷേപമായി നൽകിവരുന്ന രണ്ടുലക്ഷം രൂപ എന്നത് നാല് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പട്ടികജാതി ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതിയ പദ്ധതികൾ

**289 (2845)** <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷവും ഈ വർഷവും എത്ര തുകയാണ് നീക്കിവച്ചത് ; ഇതിൽ ചെലവായ തുക എത്രയാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗ പുനരധിവാസ പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ പരിഷ്കരിക്കുകയും പട്ടികജാതിയിലെ ദുർബല വിഭാഗക്കാർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം (മുമ്പ് 2.50 ലക്ഷം) രൂപയും വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം (മുമ്പ് 2 ലക്ഷം) രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി ആകെ 7.25 ലക്ഷം (മുമ്പ് 4.50 ലക്ഷം) രൂപ അനുവദിക്കുന്നുണ്ട്. വീട് മെയിന്റനൻസിന് 50,000 രൂപയും ടോയ്‌ലറ്റിന് 25,000 രൂപയും നൽകിവരുന്നു. കൂടാതെ ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്ക് ധനസഹായം, അടിസ്ഥാന സൗകര്യത്തിനുള്ള റോഡ്, കുടിവെള്ളം, വൈദ്യുതീകരണം എന്നിവയ്ക്കുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും ദുർബല വിഭാഗ പുനരധിവാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും

ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക |
|---|---|---|
| 2013-14 | 1,500 | 1504.48 |
| 2014-15 | 1,000 | 268.66 |

## പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി

**290 (2846)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികളുടെ സമഗ്ര വികസന പദ്ധതി പ്രകാരം 2013-14 വർഷം എത്ര നിയോജകമണ്ഡലങ്ങളിൽ പദ്ധതി പ്രവർത്തനം പൂർത്തിയായിട്ടുണ്ടെന്നും ഓരോ പദ്ധതിയിലും എത്ര തുക വീതം ചെലവായിട്ടുണ്ടെന്നും അവ ഓരോന്നും ഏത് ഏജൻസികൾ വഴിയാണ് നടപ്പിലാക്കിയതെന്നും ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിലാണ് പദ്ധതി പൂർത്തിയാകാതെ അവശേഷിക്കുന്നതെന്നും പൂർത്തിയാകാതിരിക്കുവാനുള്ള കാലതാമസത്തിന് കാരണങ്ങളെന്താണെന്നും വ്യക്തമാക്കാമോ ;

(സി) 2014-15 വർഷം പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ?

ഉത്തരം

(എ) 2012-13-ൽ ആരംഭിച്ച് 2013-14-ൽ ആറന്മുള മാവേലിക്കര (LS), ഇടുക്കി (LS), പിറവം, ആലുവ, പറവൂർ എന്നീ മണ്ഡലങ്ങളിൽ പ്രവർത്തനം പൂർത്തിയായിട്ടുണ്ടെങ്കിലും അവസാന ബിൽ നിർവ്വഹണ ഏജൻസി നൽകിയിട്ടില്ല.

| മണ്ഡലം | ജില്ല | അനുവദിച്ച തുക | ഏജൻസിയുടെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| ആറന്മുള | പത്തനംതിട്ട | 65,00,000 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ |
| മാവേലിക്കര (ലോക് സഭാ മണ്ഡലം) | കൊല്ലം | 65,00,000 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ |
| ഇടുക്കി (ലോക് സഭാ മണ്ഡലം) | ഇടുക്കി | 90,00,000 | കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ |
| പിറവം | എറണാകുളം | 65,00,000 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ |
| ആലുവ | എറണാകുളം | 65,00,000 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ |
| പറവൂർ | എറണാകുളം | 65,00,000 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ |

മറ്റ് കോളനികളിൽ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) മാവേലിക്കര (LS), ഇടുക്കി (LS), ആറന്മുള പിറവം, ആലുവ, പറവൂർ എന്നീ പ്രവർത്തനം പൂർത്തിയാക്കിയ മണ്ഡലങ്ങൾ ഒഴികെയുള്ളവയിൽ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(സി) ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെയും നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗം വിളിച്ച് പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി വിഭാഗങ്ങളിൽനിന്നും മതപരിവർത്തനത്തിലൂടെ ക്രൈസ്തവരായവരുടെ ആനുകൂല്യങ്ങൾ

**291 (2847)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി ക്രൈസ്തവരെ മതപരിഗണനകൂടാതെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പട്ടികജാതി ക്രൈസ്തവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ എസ്.സി./എസ്.റ്റി. കുട്ടികളുടേതിനു തുല്യമാക്കുന്നതിനുള്ള പ്രധാനതടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം കുട്ടികൾക്ക് സർക്കാർ ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1950-ലെ ഭരണഘടനാ വ്യവസ്ഥയനുസരിച്ച് നിലവിൽ ഹിന്ദു, സിഖ്, ബുദ്ധമതവിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്കു മാത്രമേ പട്ടികജാതി പദവി അനുഭവ വേദ്യമാകുകയുള്ളൂ. ഭരണഘടനാ ഭേദഗതിയിൽക്കൂടി മാത്രമേ പ്രസ്തുത വ്യവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ.

(ബി&സി) പട്ടികജാതി ക്രൈസ്തവരുടെ കാര്യത്തിൽ ടിയാളുകളെ സംസ്ഥാനത്തിന്റെ മറ്റ് അർഹവിഭാഗത്തിൽ (OEC) ഉൾപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

**അമ്പലപ്പുഴ മണ്ഡലത്തിലെ പട്ടികജാതി വികസന പദ്ധതികൾ**

**292 (2848)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണ് ; പ്രസ്തുത പദ്ധതികൾക്ക് എത്ര തുക അനുവദിച്ചു ; പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പട്ടികജാതി വിഭാഗക്കാരുടെ വിവിധ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് ഇറങ്ങിയിട്ടുള്ള ഉത്തരവുകൾ**

**293 (2849)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗക്കാർ വിവിധ സർക്കാർ / സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിവിധ വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് നാളിതുവരെ ഇറങ്ങിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗക്കാർ എടുത്തിട്ടുള്ള വായ്പാ കുടിശ്ശികകൾ എന്നു വരെയുള്ളതാണ് എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; വായ്പക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് പറയാമോ ;

(സി) 2013-14 വർഷത്തിൽ എത്ര തുക ഈ ഇനത്തിൽ ചെലവഴിച്ചെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും പുറപ്പെടുവിച്ച ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു :*

1. 12-11-2009-ലെ സ.ഉ.(അച്ചടി) 100/2009/പജപവവിവ. നമ്പർ ഉത്തരവ്

2. 28-3-2002-ലെ സ.ഉ.(സാധാ)561/2012/പജപവവിവ. നമ്പർ ഉത്തരവ്

3. 31-3-2012-ലെ സ.ഉ.(കൈ) 54/2012/പജപവവിവ. നമ്പർ ഉത്തരവ്

4. 6-7-2012-ലെ സ.ഉ.(കൈ) 101/2012/പജപവവിവ. നമ്പർ ഉത്തരവ്

5. 26-3-2013-ലെ സ.ഉ.(കൈ) 28/2013/പജപവവിവ. നമ്പർ ഉത്തരവ്

6. 10-12-2013-ലെ സ.ഉ.(അച്ചടി) 99/2012/പജപവവിവ. നമ്പർ ഉത്തരവ്

7. 6-10-2014-ലെ സ.ഉ.(കൈ) 74/2014/പജപവവിവ. നമ്പർ ഉത്തരവ്.

(ബി) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽനിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(സി) 2013-14 വർഷത്തിൽ പട്ടികജാതി വിഭാഗക്കാരുടെ 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം 17,89,02,566 രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത 2555 പേരുടേയും വ്യവസായ വാണിജ്യ വകുപ്പിൽനിന്നും വായ്പാ എടുത്ത 256 പേരുടെയും ഖാദി ഗ്രാമവ്യവസായ ബോർഡിൽനിന്നും വായ്പ എടുത്ത 1834 പേരുടേയും വായ്പകൾ എഴുതിത്തള്ളി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി തുകയിൽ 12,00,00,000 രൂപ സഹകരണ സംഘങ്ങളിൽനിന്നും വായ്പ എഴുതിത്തള്ളുന്നതിനുവേണ്ടി അനുവദിച്ചതാണ്. ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം കോ-ഓപ്പറേറ്റീവ് രജിസ്ട്രാറിൽ നിന്നും ശേഖരിച്ചുനൽകുന്നതാണ്.

## പട്ടികജാതി റസിഡൻഷ്യൽ സ്കൂളുകൾ

**294 (2850)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര പട്ടികജാതി റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട് ; ഇതിന്റെ വാടകയിനത്തിൽ പ്രതിവർഷം എത്ര രൂപയാണ് നൽകിക്കൊണ്ടിരിക്കുന്നത് ;

(ബി) കോഴിക്കോട് ജില്ലയിൽ പട്ടികജാതി വകുപ്പിന് കീഴിൽ എത്ര ഏക്കർ ഭൂമി റസിഡൻഷ്യൽ സ്കൂളിനായി കൈവശമുണ്ട് ;

(സി) എങ്കിൽ പ്രസ്തുത സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉണ്ട്. ഇതിന്റെ വാടക ഇനത്തിൽ പ്രതിവർഷം 21,00,000 രൂപ നൽകിവരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വാങ്ങിയ 10 ഏക്കർ സ്ഥലം

അതിന്റെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ തന്നെ നിലനിർത്തി വകുപ്പിന് ലഭ്യമായിട്ടുണ്ട്.

(സി) മരുതോങ്കരയിലെ പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 20-1-2014-ലെ സ.ഉ.(സാധാ) നമ്പർ 98/14/പജപവവിവ. പ്രകാരം ഉത്തരവാകുകയും കെട്ടിട നിർമ്മാണത്തിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് 21-2-2014-ലെ സ.ഉ. (സാധാ.) നമ്പർ 356/2014/പജപവവിവ. പ്രകാരം 3,00,000 രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതി വിഹിതം

**295 (2851)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-വർഗ്ഗ ക്ഷേമത്തിന് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി ക്ഷേമ പദ്ധതികളുടെ നിർവഹണ ചുമതല മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രഷറി ഇടപാട് നടത്തുന്നതിനുള്ള ഡി.ഡി.ഒ. കോഡ് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം പട്ടികജാതി ക്ഷേമത്തിനുള്ള പദ്ധതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ തുക നടപ്പു സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി ക്ഷേമപദ്ധതികളുടെ നിർവ്വഹണ ചുമതല ഇപ്പോൾ അസിസ്റ്റന്റ് സെക്രട്ടറിമാർക്കാണ്.

(സി) ഗ്രാമ പഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ഡി.ഡി.ഒ. കോഡ് നൽകിയിട്ടുണ്ട്.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി ബഡ്ജറ്റിൽ 478,63,34,000 രൂപയും പട്ടികജാതി വികസന വകുപ്പിന് 1,03,442 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഇ) ബഡ്ജറ്റ് വിഹിതം നടപ്പ് സാമ്പത്തിക വർഷം പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി വിഭാഗക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ**

**296 (2852)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം, ടോയ്‌ലറ്റ്, സ്വയംതൊഴിൽ, ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ്, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ഭൂരഹിതപദ്ധതി, അഭിഭാഷക ധനസഹായം, പ്രവേശന പരീക്ഷാ പരിശീലനം എന്നീ ആനുകൂല്യങ്ങൾക്കായി 2010-11,2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഓരോ ഇനത്തിലും നീക്കിവച്ച തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) മേൽ ഇനത്തിൽ തിരുവനന്തപുരം ജില്ലയിൽ ഓരോ വർഷവും എത്ര അപേക്ഷകൾ ഉണ്ടായിരുന്നുവെന്നും എത്രപേർക്ക് ആനുകൂല്യം നൽകിയെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഓരോ ഇനത്തിലും ഏതെല്ലാം അപേക്ഷകൾ എന്തിന്റെ അടിസ്ഥാനത്തിൽ നിരസിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) പ്രവേശന പരീക്ഷാ പരിശീലന പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ 2011-12 സാമ്പത്തിക വർഷം 5 അപേക്ഷകളും 2012-13

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമ്പത്തിക വർഷം 7 അപേക്ഷകളും 2013-14 സാമ്പത്തിക വർഷം 4 അപേക്ഷകളും യോഗ്യതാ മാനദണ്ഡം പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ 2010-11 സാമ്പത്തിക വർഷം 442 അപേക്ഷകളും 2011-12 സാമ്പത്തിക വർഷം 377 അപേക്ഷകളും 2012-13 സാമ്പത്തിക വർഷം 587 അപേക്ഷകളും 2013-14 സാമ്പത്തിക വർഷം 609 അപേക്ഷകളും നിരസിച്ചിട്ടുണ്ട്. അപൂർണ്ണമായ അപേക്ഷകൾ സമർപ്പിക്കുക, ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ, അപേക്ഷയുടെ ഹാർഡ് കോപ്പി, അലോട്ട്മെന്റ് മെമ്മോ എന്നിവ സമർപ്പിക്കാതിരിക്കുക എന്നീ കാരണങ്ങളാലാണ് പ്രസ്തുത അപേക്ഷകൾ നിരസിച്ചിട്ടുള്ളത്.

**പട്ടികജാതി യുവാക്കൾക്കുള്ള വിദേശ തൊഴിൽ പദ്ധതി**

**297 (2853)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി യുവാക്കൾക്ക് അംഗീകൃത ഏജൻസികൾ വഴി വിദേശത്ത് തൊഴിൽ നേടുന്ന പദ്ധതി പ്രകാരം 2014-15 -ൽ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കി ; ഈയിനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; 2014-2015-ൽ എത്ര തുകയാണ് ഈ പദ്ധതിയ്ക്കായി നീക്കിവച്ചിട്ടുള്ളത് ?

ഉത്തരം

പട്ടികജാതി യുവതീ-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രാചെലവിനും വിസാ സംബന്ധമായ ചെലവിനും 50,000 രൂപ ധനസഹായ മായി അനുവദിക്കുന്ന ഒരു പദ്ധതി 2013-14 വർഷം മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 2013-14-ൽ 68 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 180 പട്ടികജാതി യുവാക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള 90 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**പട്ടികജാതി വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ആന്റ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

**298 (2854)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ആന്റ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) ഈ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് 2013-2014, 2014-2015 കാലയളവിൽ പട്ടികജാതി വകുപ്പിൽനിന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ചെലവഴിച്ച തുകയുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ ; അനുവദിച്ച തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി&സി) അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* സാമ്പത്തിക വർഷം അവസാനി ച്ചിട്ടില്ലാത്തതിനാൽ 2014-15 വർഷത്തെ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2013-14 വർഷത്തിൽ ചില ഹോസ്റ്റലുകളിൽ അനുവദനീയമായ എണ്ണം അന്തേവാസികളില്ലാത്തതുകൊണ്ടാണ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തത്.

**പട്ടികജാതി വിഭാഗക്കാർക്കുള്ള ഭൂമി വിതരണം**

**299 (2855)** <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് 2014-ൽ വിതരണം ചെയ്ത ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് അവർ അധിവസിക്കുന്ന ജില്ല വിട്ട് മറ്റ് ജില്ലകളിലേക്ക് ഭൂമി കണ്ടെത്തി നൽകുന്നത് പ്രസ്തുത വിഭാഗക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) 2014-ലെ ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാരുടെ അപേക്ഷകളുടെ കണക്ക് ജില്ല തിരിച്ച് എത്രയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2013-2014-ൽ 6290 പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം ആകെ 9266.394 സെന്റ് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു:

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഭൂവിസ്തൃതി |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 750 | 1487.50 |
| കൊല്ലം | 676 | 721.00 |
| പത്തനംതിട്ട | 251 | 261.50 |
| ആലപ്പുഴ | 391 | 232.00 |
| കോട്ടയം | 273 | 649.50 |
| ഇടുക്കി | 326 | 246.50 |
| എറണാകുളം | 693 | 568.50 |
| തൃശ്ശൂർ | 717 | 544.00 |
| (1) | (2) | (3) |
| പാലക്കാട് | 864 | 2910.27 |

| | | |
|---|---|---|
| മലപ്പുറം | 549 | 357.00 |
| കോഴിക്കോട് | 471 | 522.06 |
| വയനാട് | 78 | 423.06 |
| കണ്ണൂർ | 149 | 218.00 |
| കാസർഗോഡ് | 102 | 125.50 |
| ആകെ | 6290 | 9266.39 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താവ് സ്വന്തം ഇഷ്ടപ്രകാരമാണ് ഭൂമി കണ്ടെത്തുന്നത്. ഇങ്ങനെ കണ്ടെത്തുന്ന ഭൂമി വാങ്ങുന്നതിന് അതാത് ജില്ലകളിൽ നിന്നാണ് ധനസഹായം അനുവദിക്കുന്നത്.

(സി) 2013-14-ലെ ഭൂരഹിതരായ പട്ടികജാതിക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 750 |
| കൊല്ലം | 2645 |
| പത്തനംതിട്ട | 450 |
| (1) | (2) |
| ആലപ്പുഴ | 456 |

| | |
|---|---|
| കോട്ടയം | 306 |
| ഇടുക്കി | 983 |
| എറണാകുളം | 1413 |
| തൃശ്ശൂർ | 3717 |
| പാലക്കാട് | 863 |
| മലപ്പുറം | 832 |
| കോഴിക്കോട് | 721 |
| വയനാട് | 235 |
| കണ്ണൂർ | 165 |
| കാസർഗോഡ് | 656 |
| ആകെ | 14192 |

## പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

**300 (2856)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ 2013-14 വർഷം എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് കോഴ്സ് അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

482/16

(സി) ഈ പദ്ധതിക്കായി 2014-15 വർഷം നീക്കിവച്ചിട്ടുള്ള തുക

എത്രയെന്നും നാളിതുവരെയുള്ള ചെലവ് എത്രയെന്നും വെളിപ്പെടുത്താമോ ;

(ഡി) 2014-15 വർഷം തിരുവനന്തപുരം ജില്ലയിൽ എത്ര തുക വിതരണം ചെയ്തു ; ശേഷിക്കുന്ന തുക എത്ര ;

(ഇ) ചിറയിൻകീഴ്, തിരുവനന്തപുരം താലൂക്കുകളിൽ ഓരോ കോഴ്സിനും മികവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് നൽകിയ തുക എത്രയെന്ന് കുട്ടികളുടെ പേരും സ്ഥാപനങ്ങളുടെ പേരും സഹിതം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതിയനുസരിച്ച് താഴെപ്പറയും പ്രകാരം പ്രോത്സാഹന സമ്മാനം നൽകിവരുന്നു :

| കോഴ്സ് | ഫസ്റ്റ് ക്ലാസ് | ഡിസ്റ്റിംഗ്ഷൻ |
|---|---|---|
| SSLC | 1500 | 2500 |
| +2, ടി.ടി.സി., ഡിപ്ലോമ | 2500 | 5000 |
| ഡിഗ്രി | 3500 | 7500 |
| പി.ജി., പ്രൊഫഷണൽ | 5000 | 10,000 |

(ബി)

| SSLC | +2 | ഡിഗ്രി | പി.ജി. | ഡിപ്ലോമ |
|---|---|---|---|---|
| 6415 | 3647 | 952 | 226 | 67 |
| ആകെ | 11307 | | | |

(സി) പ്രസ്തുത പദ്ധതിക്കായി 2014-15 വർഷം 2,78,50,000 രൂപ അനുവദിച്ചതിൽ 2,45,77,000 രൂപ നാളിതുവരെ ചെലവായിട്ടുണ്ട്.

(ഡി) 2014-15 വർഷം തിരുവനന്തപുരം ജില്ലയിൽ 6,86,500 രൂപ

വിതരണം ചെയ്തു. 13,13,500 രൂപ അവശേഷിക്കുന്നു.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി

**301 (2857)** ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പട്ടികജാതിക്കാർ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത് ; എന്നുവരെ കുടിശ്ശികയായവർക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നത് ; ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എസ്.സി. വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഇതിനായി ഈ സർക്കാർ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചു ?

ഉത്തരം

(എ&ബി) 12-11-2009-ലെ സ.ഉ.(പി) നമ്പർ 100/09/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രകാരം പട്ടികജാതിക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000 രൂപയിൽ താഴെയുള്ള വായ്പകളുടെ കുടിശ്ശിക എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിനുപുറമെ പട്ടികജാതി വിഭാഗക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദിഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും

എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000 രൂപവരെയുള്ള വായ്പകൾ 10-12-2013-ലെ സ.ഉ.(പി)99/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തുടർന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ആദ്യകാലങ്ങളിൽ എടുത്തിട്ടുള്ളതും കുടിശ്ശികയായതുമായ 4 വായ്പാ പദ്ധതികൾ പ്രകാരമുള്ള വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും കോർപ്പറേഷന് 1233.66 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തു.

സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇതിലേക്കായി 2011-2012 വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 9651 രൂപ ചെലവഴിച്ചു. 2013-2014, 2014-2015 വർഷങ്ങളിൽ ടി പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ടി തുക കണ്ടെത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ വിവരിക്കുന്ന പ്രകാരം തുക വായ്പ എഴുതിത്തള്ളൽ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട് :

| | |
|---|---|
| 2011-12 | - 9,651 |
| 2013-14 | - 17,89,02,566 |
| 2014-15 | - 12,33,00,000 |
| ആകെ | - 3022.122 |

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായം**

**302 (2858)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) എത്ര പേർക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നത് ; വിശദമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഈ തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽനിന്നും 50,000 രൂപവരെ ചികിത്സാധനസഹായമായി അനുവദിച്ചുവരുന്നു.

ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, കാൻസർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്കായി 1,00,000 രൂപവരെ അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിക്ക് നേരിട്ട് നൽകുന്നതാണ്.

അപേക്ഷകരുടെ വാർഷിക വരുമാന പരിധി 50,000 രൂപയാണ്. അപേക്ഷകന്റെ ജാതി-വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷകൻ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) അപേക്ഷകരുടെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച് അർഹരായ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച ധനസഹായ തുക

സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം | വിതരണം ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 7954 | 454.55 |
| 2012-13 | 9480 | 872.18 |
| 2013-14 | 10164 | 1561.9 |
| 2014-15 (30-9-2014 വരെ) | 6326 | 550 |

(സി) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും 25,000 രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്നു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം | വിതരണം ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 2006-07 | 3076 | 100.15 |
| (1) | (2) | (3) |
| 2007-08 | 4621 | 399.13 |

| | | |
|---|---|---|
| 2008-09 | 7911 | 500.00 |
| 2009-10 | 7709 | 550.00 |
| 2010-11 | 7671 | 538.00 |

(ഡി&ഇ) തുക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20-9-2012-ലെ സ.ഉ. (കൈ) നമ്പർ 128/12/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം ചികിത്സാ ധനസഹായത്തുക 25,000 രൂപയിൽ നിന്നും 50,000 രൂപയായും മാരക രോഗങ്ങൾക്കുള്ള ധനസഹായത്തുക ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

303 (2859) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) 2013-14 സാമ്പത്തിക വർഷം യഥാസമയം അപേക്ഷകൾ സമർപ്പിച്ചതിൽ ഏതെങ്കിലും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടോ ; എങ്കിൽ എത്ര പേർക്ക് ?

<u>ഉത്തരം</u>

(എ) നഴ്സറിതലം മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുവാനായി 2000 രൂപ വീതം 2014-15 അദ്ധ്യയന വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ, ചക്ലിയൻ എന്നീ വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപ്പന്റ് കൂടി അനുവദിച്ചുവരുന്നു. 2012-13 വർഷം മുതൽ IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായ പദ്ധതി പ്രകാരം പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. ടി പദ്ധതി പ്രകാരം പ്രതിമാസം 150 രൂപ ഡേ സ്കോളേഴ്സിനും 350 രൂപ ഹോസ്റ്റലേഴ്സിനും യഥാക്രമം 750, 1000 വീതം ബുക്ക്സിനും അഡ്ഹോക്ക് ഗ്രാന്റായി അനുവദിച്ചുവരുന്നു.

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ് ചെയ്തു നൽകുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ ഭക്ഷണച്ചെലവും പോക്കറ്റ് മണിയായി 100 രൂപയും അനുവദിച്ചുവരുന്നു. പ്രീ-മെട്രിക് പഠനത്തിന് ലംപ്സംഗ്രാന്റ് ഇനത്തിൽ നഴ്സറി സ്കൂൾ 100 രൂപ, എൽ.പി. വിഭാഗം 250 രൂപ, യു.പി. വിഭാഗം 500 രൂപ, ഹൈസ്കൂൾ വിഭാഗം 750 രൂപ എന്നീ നിരക്കിൽ അനുവദിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350 രൂപ മുതൽ 2500 രൂപ വരെ വ്യത്യസ്തനിരക്കിൽ ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500 രൂപ, 8 കിലോമീറ്ററിനുവെളിയിൽ താമസിക്കുന്നവർക്ക് 600 രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റും യഥാർത്ഥ ഭക്ഷണച്ചെലവും പോക്കറ്റ് മണിയായി 100 രൂപയും അനുവദിച്ചുവരുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ, ഭക്ഷണച്ചെലവും പോക്കറ്റ് മണിയായി 150 രൂപയും അനുവദിച്ചുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും വിദ്യാർത്ഥി സ്വന്തം നിലയിൽ പഠനം തുടരുകയുമാണെങ്കിൽ 1500 രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു.

സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ പ്രവേശന പരീക്ഷാകമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റ്, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്പെഷ്യൽ ഫീസ്, മെസ് ഫീസ് സർക്കാർ/സർക്കാർ ഏജൻസി യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

(ബി) സംസ്ഥാന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചു കൊണ്ട് സ.ഉ.(കൈ) നമ്പർ 06/2012/പജപവവിവ തീയതി 11-1-2012 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി)

| പോസ്റ്റ് മെട്രിക് സ്റ്റഡീസ് | പ്രീ-മെട്രിക് സ്റ്റഡീസ് |
|---|---|
| 2011-12 - 14544 ലക്ഷം | 1672.78 ലക്ഷം |
| 2012-13 - 17544 ലക്ഷം | 2914.44 ലക്ഷം |
| 2013-14 - 18799 ലക്ഷം | 2987.65 ലക്ഷം |

IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര ധനസഹായമായി ചുവടെ പറയുന്ന നിരക്കിൽ തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

2012-13 – 16,53,52,700

2013-14 – 19,32,00,000

(ഡി) 2013-14-ൽ അപേക്ഷ സമർപ്പിച്ച 1,42,295 അപേക്ഷകളിൽ ന്യൂനതകളില്ലാത്ത 138198 പേർക്ക് ആനുകൂല്യം അനുവദിച്ചുനൽകിയിട്ടുണ്ട്. ശേഷിച്ച 4097 പേർക്ക് വിവിധ കാരണങ്ങളാൽ ആനുകൂല്യം വിതരണം ചെയ്തിട്ടില്ല. ന്യൂനത പരിഹരിച്ച് അപേക്ഷ കിട്ടുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്. അപേക്ഷകരിൽ 97.12 ശതമാനം പേർക്ക് തുക വിതരണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
482/16

ചെയ്തിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം**

304 (2860) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി മുൻ സർക്കിരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000 രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത്. വാർഷിക വരുമാനപരിധി 50,000 രൂപയിൽ കവിയാത്ത അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റ് വിവാഹ ക്ഷണപത്രിക/വിവാഹം നിശ്ചയിച്ചുവെന്നതിന്റെ സമുദായ സംഘടന/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷകൻ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 20,000 രൂപ

അനുവദിച്ചിരുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 22,000 രൂപയായിരുന്നു.

(സി&ഡി) ഇല്ല. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് നൽകിവന്നിരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 20-9-2012-ലെ സ.ഉ.125/2012/SCSTDD നമ്പർ ഉത്തരവ് പ്രകാരം ധനസഹായ തുക 20,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹ ധനസഹായം**

**305 (2861)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്ര വിവാഹത്തിനായി ധനസഹായം നൽകുന്ന പദ്ധതിപ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിവരുന്നത് ; വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000 രൂപ ധനസഹായം അനുവദിക്കുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 40,000 രൂപയായിരിക്കണം. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി-വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, കോ-ലിവിംഗ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം 3 വർഷം കഴിയുന്നതിന് മുമ്പായി അപേക്ഷകർ

താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/നഗരസഭ പട്ടികജാതി ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മിശ്രവിവാഹധനസഹായ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000 രൂപ വരെ ധസഹായമായി അനുവദിച്ചിരുന്നു. അപേക്ഷകരുടെ വാർഷിക വരുമാന പരിധി 22,000 രൂപയായിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**പട്ടികജാതി/ഒ.ഇ.സി. കുട്ടികൾക്ക് സർക്കാർ ഗ്രാന്റ്**

**306 (2862)** ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/ഒ.ഇ.സി. കുട്ടികൾക്ക് പഠന കാലയളവിൽ സർക്കാരിൽ നിന്ന് അനുവദിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(ബി) സംസ്ഥാനത്തെ കായിക വിദ്യാഭ്യാസ പരിശീലന കലാലയങ്ങളിൽ പഠിക്കുന്ന എസ്.സി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരമുള്ള എത്ര കലാലയങ്ങളിൽ നിലവിൽ ഗ്രാന്റ് അനുവദിക്കുന്നുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ഗ്രാന്റ് ലഭിക്കാൻ തടസ്സം നേരിടുന്ന കായിക വിദ്യാഭ്യാസ പരിശീലന കലാലയങ്ങൾ സംസ്ഥാനത്തുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി/ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്/ ഹോസ്റ്റൽ ഫീസ് ആനുകൂല്യം, പോക്കറ്റ്മണി, ഫീസാനുകൂല്യങ്ങൾ എന്നിവ അനുവദിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ എൽ.എൻ.സി.പി.ഇ., ജി.വി. രാജ സ്പോർട്സ് സ്കൂൾ എന്നിവയ്ക്ക് നിലവിൽ ഗ്രാന്റുകളും പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണിയും നൽകിവരുന്നുണ്ട്. കണ്ണൂർ ജില്ലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ എന്ന സ്ഥാപനത്തിനും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റ്

**307 (2863)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതൊക്കെ ജാതികളാണ് പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും കഴിഞ്ഞ 10 വർഷത്തിനിടയിൽ പുതിയതായി ഏതെങ്കിലും ജാതിയെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നു കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലും പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്ത് തുക വീതമാണ് വലയിരുത്തിയതെന്നും ഇതിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലെ നിലവിലുള്ള പട്ടികജാതി പട്ടിക അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ 10 വർഷത്തിനിടയിൽ പുതിയതായി ഒരു ജാതിയേയും പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി)

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| | (ലക്ഷത്തിൽ) | (ലക്ഷത്തിൽ) |
| 2011-12 | 67596.50 | 63163.24 |
| 2012-13 | 71345.39 | 69868.84 |
| 2013-14 | 103644.00 | 91757.11 |

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

**സർക്കാർ സർവ്വീസിൽ പട്ടികജാതിക്കാർക്കുള്ള സംവരണം**

**308 (2864)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയാടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിൽ പട്ടികജാതിക്കാർക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാന സർക്കാർ സർവ്വീസിൽ പട്ടികജാതിക്കാർക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് സംവരണ തസ്തികകൾ നിയമനം നടക്കാതെ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15.00 ശതമാനം.

(ബി) 8.00 ശതമാനം.

(സി) ഉണ്ട്.

(ഡി) ഒഴിഞ്ഞുകിടക്കുന്ന സംവരണ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ പൊതുഭരണവകുപ്പിൽനിന്ന് സ്വീകരിച്ചുവരുന്നുണ്ട്.

**വിജ്ഞാൻവാടി പദ്ധതി**

**309 (2865)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ നിയോജകമണ്ഡലത്തിലെയും ഒരു എസ്.സി. കോളനിയിൽ വീതം നടപ്പിലാക്കിയ വിജ്ഞാൻവാടി പദ്ധതി ഓരോ പഞ്ചായത്തുകളിലും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള വിജ്ഞാൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) വിജ്ഞാൻവാടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്തവയിൽ, സ്ഥലം ലഭ്യമായ കോളനികളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) വിജ്ഞാൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഓരോ വർഷവും പത്രം, വൈദ്യുതി, ഇന്റർനെറ്റ് ചാർജ് എന്നിവയ്ക്കുള്ള തുക മുൻകൂറായി അനുവദിക്കുന്നുണ്ട്.

**സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി**

**310 (2866)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്തത പട്ടികജാതി കോളനി പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ;

(ബി) പദ്ധതി ലക്ഷ്യം നേടിയോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശകലനം നടത്തിയിരുന്നോ ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നതെന്നും ഇതുവരെ ചെലവഴിച്ച തുകയുടെയും വിശദവിവരം നൽകാമോ ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

<u>ഉത്തരം</u>

(എ) സ്വയംപര്യാപ്തഗ്രാമം പദ്ധതിപ്രകാരം കോളനികളുടെ വികസനത്തിന് അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പദ്ധതി പ്രവർത്തനം പുരോഗമിച്ചുവരികയാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുമായും നിർവ്വഹണ ഏജൻസികളുമായും അവലോകനം നടത്തി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(സി) ഓരോ കോളനിക്കും പരമാവധി ഒരു കോടി രൂപ വീതം നീക്കി വച്ചിട്ടുണ്ട്. ആകെ 100,02,10,170 (നൂറുകോടി രണ്ടുലക്ഷത്തി പതിനായിരത്തി ഒരുന്നൂറ്റി എഴുപത്) രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി 2015-16 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടികജാതിയിൽപ്പെട്ട യുവതികൾക്കുള്ള വിവാഹ ധനസഹായം**

**311 (2867)** <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽപ്പെട്ട യുവതികൾക്കുള്ള വിവാഹ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും ഈ അപേക്ഷയിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ ;

(സി) എത്ര രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത് ; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം നിയോജകമണ്ഡലത്തിലെ എത്ര എസ്.സി. യുവതികൾക്ക് പ്രസ്തുത സഹായം നൽകിയിട്ടുണ്ടെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) പെൺകുട്ടിയുടെ അച്ഛൻ/അമ്മ അല്ലെങ്കിൽ അവരുടെ അഭാവത്തിൽ രക്ഷാകർത്താവാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകരുടെ വാർഷിക വരുമാനം 50,000 രൂപയിൽ കവിയുവാൻ പാടില്ല. പെൺകുട്ടികൾക്ക് 18 വയസ്സോ അതിന് മുകളിലോ പ്രായം ഉണ്ടായിരിക്കണം. പെൺകുട്ടിയുടെ ആദ്യ വിവാഹത്തിനുമാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ. മറ്റേതെങ്കിലും വിധത്തിൽ സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്ന ഇതര സംഘടനയിൽ നിന്നോ ധനസഹായം ലഭിച്ചവർക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും വിവാഹ ധനസഹായം ലഭിക്കുന്നതല്ല. അപേക്ഷകർ ധനസഹായം കൈപ്പറ്റി ഒരു മാസത്തിനകം പ്രസ്തുത തുക വിവാഹ ആവശ്യത്തിനുവേണ്ടി ചെലവഴിച്ചു എന്ന് കാണിക്കുന്ന വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റ് വിവാഹ ക്ഷണ പത്രിക/വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടന/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) ഇതിനുള്ള അപേക്ഷ, അപേക്ഷകൻ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/മുനിസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസിലാണ് സമർപ്പിക്കേണ്ടത്. ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ പ്രസ്തുത അപേക്ഷ പരിശോധിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ശിപാർശ ചെയ്ത് അയക്കുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസർ ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ധനസഹായം വിതരണം നടത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്ന മുറയ്ക്ക് അപേക്ഷകർക്കുള്ള തുകമാറി വിതരണം നടത്തുന്നു.

(സി) 50,000 രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത്.

1-4-2012 മുതലാണ് വിവാഹ ധനസഹായ തുക 20,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചത്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ 371 പട്ടികജാതി യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ഗ്രാമ പഞ്ചായത്ത് | എണ്ണം |
|---|---|
| വാമനപുരം | 41 |
| നെല്ലനാട് | 58 |
| പുല്ലംപാറ | 54 |
| നന്ദിയോട് | 33 |
| പെരിങ്ങമ്മല | 29 |
| കല്ലറ | 53 |
| പാങ്ങോട് | 53 |
| ആനാട് | 21 |
| പനവൂർ | 29 |
| ആകെ | 371 |

**സോഷ്യൽ ടൂറിസം പദ്ധതി**

**312 (2868)** ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) അന്യംനിന്ന് പോകുന്നതും അവഗണിക്കപ്പെടുന്നതുമായ കലാരൂപങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. റെസ്പോൺസിബിൾ ടൂറിസം എന്ന പേരിൽ ഒരു സോഷ്യൽ ടൂറിസം പദ്ധതി നടപ്പാക്കിവരുന്നു.

(ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട ജീവിതരീതിയും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കുവാൻ സഹായിക്കുംവിധം ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം, ഗ്രാമീണ പാക്കേജുകൾ പാരിസ്ഥിതിക, സാംസ്കാരിക പൈതൃക സംരക്ഷണം തുടങ്ങിയവയും ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

(സി&ഡി) കേരളത്തിൽ അന്യംനിന്നു പോകുന്നതും അവഗണിക്കപ്പെടുന്നതുമായ തനതു കലാരൂപങ്ങൾ സംരക്ഷിക്കാൻ എല്ലാ ജില്ലകളിലും 'ഉത്സവം' എന്ന പേരിൽ വിപുലമായ ഒരു പദ്ധതി സംഘടിപ്പിച്ചു വരുന്നുണ്ട്. ഓരോ ജില്ലയിലും അതാത് ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്കാണ് ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല. എല്ലാ ജില്ലകളിലും ആകർഷകമായ വേദികൾ തെരഞ്ഞെടുത്ത് പരമ്പരാഗത, നാടോടി, അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്നത് അതാതു മേഖലകളിലെ പ്രമുഖരായ കലാകാരന്മാരാണ്. കേരളാ ഫോക്ക്‌ലോർ അക്കാദമിയുമായി സഹകരിച്ചാണ് 'ഉത്സവം' പരിപാടിയിലേക്ക് കലാരൂപങ്ങളേയും കലാകാരന്മാരേയും തെരഞ്ഞെടുക്കുന്നത്. ടൂറിസം സീസണിൽ പരിപാടികൾ സംഘടിപ്പിക്കുന്നതുകൊണ്ട് വിനോദ സഞ്ചാരികൾക്ക് നമ്മുടെ തനത് അനുഷ്ഠാന കലകളേയും കലാകാരന്മാരേയും പരിചയപ്പെടുവാനും കേരളത്തിന്റെ തനത് കലാപാരമ്പര്യം മനസ്സിലാക്കുവാനും സാധിക്കുന്നു.

## ഡി.റ്റി.പി.സി.യിലെ പ്രശ്നങ്ങൾ

**313 (2869)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഡി.റ്റി.പി.സി.യുടെ 2011-12 മുതൽ 2014-15 വരെയുള്ള ലാഭം, ചെലവ്, വരുമാനം എന്നിവ വ്യക്തമാക്കാമോ ; പുതിയതായി എത്രപേർക്ക് ഇവിടെ നിയമനം നൽകിയിട്ടുണ്ട് ; സാമ്പത്തിക ബാധ്യതയുള്ള സ്ഥാപനം നിയമനങ്ങൾക്ക് പത്രപ്പരസ്യം നൽകാൻ എന്ത് തുക ചെലവഴിച്ചു ; നിയമനങ്ങൾ നൽകിയത് ആരാണ് ; ഉത്തരവ് തീയതിയും യോഗ്യതയടങ്ങിയ വിവരങ്ങളുടെ പകർപ്പുകളും നൽകാമോ ; കൗൺസിൽ അനുമതി നൽകിയ മിനിട്സിന്റെ കോപ്പി നൽകുമോ ;

(ബി) സാമ്പത്തിക അച്ചടക്കം പാലിച്ച് സ്ഥാപനത്തിന് വരുമാനം കണ്ടെത്തുന്നതിന് വേണ്ടി 2012-ൽ ശംഖുമുഖത്ത് നടത്തിയ " കടലോളം ഓണം" കാർണിവെൽ നഗരസഭ നികുതി ഒഴിവാക്കി നൽകുകയും വമ്പിച്ച വരുമാനം ലഭിക്കുകയും ചെയ്തിട്ടും സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ ; സെക്രട്ടറിയുടെ പേരിൽ ആരെങ്കിലും വിജിലൻസിന് പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(സി) ഡി.റ്റി.പി.സി. സെക്രട്ടറിയുടെ സാമ്പത്തിക ഇടപാടുകളും, ശംഖുമുഖത്തെ സുനാമി പാർക്ക്, കടല്കാണി ടൂറിസ്റ്റ് സൗധം, ആക്കുളം ടൂറിസ്റ്റ് വില്ലേജ് തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ഉയർന്നു വന്ന പരാതികൾ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ലഭ്യമാക്കിയ 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിലെ വരുമാന ചെലവ് കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | വരുമാനം | ചെലവ് | നഷ്ടം |
|---|---|---|---|
| 2011-12 | 95,48,877 | 1,05,14,671 | 9,65,794 |

| | | | |
|---|---|---|---|
| 2012-13 | 96,59,011 | 1,05,11,186 | 8,52,175 |
| 2013-14 | 96,97,997 | 1,04,32,752 | 7,34,755 |
| 2014-15 | നടപ്പുസാമ്പത്തിക വർഷമായതിനാൽ വരുമാന ചെലവ് കണക്ക് നിജപ്പെടുത്തിയിട്ടില്ല. | | |

രണ്ടുപേർക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും ഒരാൾ മാത്രമേ ജോലിക്ക് ചേർന്നിട്ടുള്ളൂ. നിയമനം സംബന്ധിച്ച് പത്രപ്പരസ്യം നൽകുന്നതിനായി 28,107 രൂപ ചെലവഴിച്ചു. 19-7-2014-ൽ കൂടിയ ഡി.റ്റി.പി.സി. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം നടപടികൾ പൂർത്തിയാക്കി ചെയർമാനാണ് നിയമന ഉത്തരവ് നൽകിയത്. നിയമന ഉത്തരവ്, പത്രപ്പരസ്യം വഴി നൽകിയ യോഗ്യതാ മാനദണ്ഡം, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നടപടിക്രമം എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല. ഇതുസംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്. ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ പട്ടിക ജാതിക്ഷേമ സമിതി വഞ്ചിയൂർ ഏരിയ കമ്മിറ്റി പ്രസിഡന്റ് ശ്രീ. എസ്. പ്രഹ്ലാദൻ വിജിലൻസ് മുഖേന സമർപ്പിച്ച പരാതി പരിശോധിച്ചുവരുന്നു.

(സി) ടൂറിസം വകുപ്പിൽ ലഭിച്ചിട്ടുള്ള പരാതികളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നാട്ടിക മണ്ഡലത്തിലെ സരയൂ ടൂറിസം പദ്ധതി**

**314 (2870)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സരയൂ ടൂറിസം പദ്ധതി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ആർക്കിയോളജി അനുമതി ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ആർക്കിയോളജി വകുപ്പ് ആവശ്യപ്പെട്ട സരയൂ പദ്ധതി സംബന്ധിച്ച രേഖകൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) നാഷണൽ മോണുമെന്റ് അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതുമൂലം സരയൂ പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. സരയൂ പദ്ധതിക്ക് അനുമതി നൽകുന്നതിനാവശ്യമായ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ആർക്കിയോളജി ഡയറക്ടറെ നാഷണൽ മോണുമെന്റ് അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അനുമതിക്കാവശ്യമായ രേഖകൾ ഇതിനോടകം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആർക്കിയോളജി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

**കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്**

**315 (2871)** <u>ശ്രീ. എ. പ്രദീപ് കുമാർ</u> :
<u>ശ്രീ. എം. ഹംസ</u> :
<u>ശ്രീ. സാജു പോൾ</u> :
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ ; കമ്പനി നിലവിൽ വന്നത് എന്നാണ് ;

(ബി) കമ്പനി നാളിതുവരെ ടൂറിസം അടിസ്ഥാന സൗകര്യ വികസന രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത കമ്പനി നിലവിൽ നടത്തിവരുന്ന പദ്ധതികൾ ഏതൊക്കെ ; കമ്പനി ലാഭത്തിലാണോ നഷ്ടത്തിലാണോയെന്ന വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ഭാവിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരള വിനോദസഞ്ചാര വകുപ്പിന് കീഴിൽ വിനോദസഞ്ചാര

രംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിനായി 1989 ആഗസ്റ്റ് മാസം 29-ന് രൂപീകരിച്ച ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് ആണ് പുനർനാമകരണം ചെയ്ത് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ആയിട്ടുള്ളത്.

ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഇന്ത്യൻ ഹോട്ടൽ കമ്പനിയുമായി ചേർന്നുള്ള സംയുക്ത സംരംഭമായ താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് വഴി കൊച്ചി, കുമരകം, വർക്കല എന്നീ സ്ഥലങ്ങളിൽ ഹോട്ടൽ സംരംഭങ്ങൾ നടത്തിവരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ സരോവരം ബയോപാർക്ക് പദ്ധതി ആദ്യഘട്ടം, തളി പൈതൃക പദ്ധതി, എന്റെ നാട് നിക്ഷേപ സംഗമം, തലശ്ശേരിയിലെ ഓവർബറീസ് ഫോളി, സീ വ്യൂ പാർക്ക്, മുൻസിപ്പൽ പാർക്ക് എന്നിവയുടെ വികസനം, സപര്യ പദ്ധതി എന്നിവ കമ്പനി ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ള വിവിധ ടൂറിസം പദ്ധതികളാണ്. ജലമാർഗ്ഗമുള്ള വിനോദസഞ്ചാര സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 13-11-2014-ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ്/വാട്ടർ ടാക്സി ബോട്ട് സർവ്വീസുകൾ കെ.ടി.ഐ.എൽ. വഴി നടപ്പിലാക്കിയ ടൂറിസം പദ്ധതിയാണ്. ഇതുകൂടാതെ, സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ ടൂറിസം പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായും കെ.ടി.ഐ.എൽ. പ്രവർത്തിച്ചുവരുന്നു. കേരള സീപ്ലെയിൻ പദ്ധതിയുടെ നോഡൽ ഏജൻസി കൂടിയാണ് കെ.ടി.ഐ.എൽ.

(സി) കേരള സീപ്ലെയിൻ പദ്ധതി, കൊച്ചിയിലെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ്/ വാട്ടർ ടാക്സി പദ്ധതി, ആക്കുളം എന്റർടെയ്ൻമെന്റ് കം ലീഷർ എൻക്ലെയ്വ് പദ്ധതി, ശാന്തിഗിരിയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി, കുമരകം ഡസ്റ്റിനേഷൻ വികസന പദ്ധതി എന്നിവയാണ് ഇപ്പോൾ നിർവ്വഹണം നടത്തിവരുന്ന പ്രധാന പദ്ധതികൾ.

കമ്പനി 1991-92 മുതൽ ഇതുവരെ ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകൾപ്രകാരം 2012-13 വർഷത്തെ ലാഭം നികുതികൾക്കുശേഷം 1,43,22,604 രൂപയാണ്.

(ഡി) നൂതന വിനോദസഞ്ചാര ഉത്പന്നങ്ങൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ആദ്യമായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന വിഞ്ച് ഓപ്പറേറ്റഡ് ബീച്ച് പാരാസെയിലിംഗ്, കാരവൻ ടൂറിസം, ടെതേർഡ് ഹോട്ട് എയർ ബലൂൺ പദ്ധതി മുതലായവ അടക്കം കുമരകത്തേയ്ക്കുള്ള എക്സ്കർഷൻ ബോട്ട് സർവ്വീസ്, കെയ്ജ് ഫാമിംഗ് പദ്ധതി, മുസിരിസിലെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ്/ വാട്ടർ ടാക്സി പദ്ധതി മുതലായവയാണ് ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന

വിവിധ പദ്ധതികൾ.

**താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതി**

316 (2872) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഒട്ടുമ്പ്രം ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) രണ്ടാംഘട്ട പ്രവർത്തിയിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 2014 നവംബറിൽ ആരംഭിച്ചു.

(ബി) താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :

1. Pavilion with Toilet Block
2. Food Court
3. Seating
4. Podium
5. Pathway
6. Utility shop
7. Walk way
8. Entrance Gate
9. Car parking area
10. Repair and modification of existing road.

(സി) 2015 ഏപ്രിലോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ജഡായുപാറ ടൂറിസം പദ്ധതി

**317 (2873)** ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജഡായുപാറ ടൂറിസം പദ്ധതിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) പദ്ധതി പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

1. ആയൂർവ്വേദ റിസോർട്ടും അനുബന്ധമായവയും
2. മഴവെള്ള സംഭരണികൾ
3. വനവൽക്കരണം
4. അഡ്വഞ്ചർ പാർക്കും അനുബന്ധമായവയും
5. റോപ് വേയും അനുബന്ധമായവയും
6. ജഡായു ശിൽപ്പവും അതിനുള്ളിലെ നിർമ്മാണ പ്രവർത്തനവും
7. ആംഫി തിയേറ്റർ

(ബി) ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

482/16

(സി) ഈ പദ്ധതി പൂർത്തിയാകുന്നതോടെ ആഭ്യന്തര-വിദേശ വിനോദ സഞ്ചാരികൾക്ക് പ്രിയപ്പെട്ട കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായി ജഡായു പാറ മാറുന്നതാണ്.

## ഹൗസ് ബോട്ട് വ്യവസായത്തിലെ തകർച്ച

**318 (2874)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹൗസ് ബോട്ട് വ്യവസായത്തെ മദ്യനിരോധന നയവും ബാർ നിരോധനനയവും ഗുരുതരമായ രീതിയിൽ ബാധിച്ചിട്ടുണ്ടെന്നുള്ള ഹൗസ് ബോട്ട് വ്യവസായികളുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈകൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) വലിയ തുക ബാങ്ക് വായ്പയെടുത്ത് തുടങ്ങിയ പ്രസ്തുത വ്യവസായം മുന്നോട്ട് കൊണ്ടുപോകാനാകുന്നില്ലെന്നും തവണകൾ അടയ്ക്കാൻ പോലും കഴിയുന്നില്ലെന്നും വ്യവസായികൾ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരണം നൽകുമോ ;

(സി) മദ്യനിരോധന നയത്തെ ടൂറിസം വകുപ്പ് സ്വാഗതം ചെയ്യുന്നുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. പരിശോധിച്ചുവരുന്നു.

**ഇക്കോ ടൂറിസം പദ്ധതികൾ**

**319 (2875)** <u>ശ്രീ. എ. എ. അസീസ്</u> :

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ ഇക്കോ ടൂറിസം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; ഓരോന്നിന്റെയും പ്രത്യേകതകൾ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികളിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള കർമ്മ പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഇക്കോടൂറിസം പദ്ധതികൾ താഴെപ്പറയുന്നവയാണ് :

ചിമ്മിനി, കോന്നി, സൈലന്റ്വാലി, ഇരവികുളം, രാജമല, നെയ്യാർ-പേപ്പാറ,

ജഡായുപാറ, ആറളം, തെന്മല, പക്കം-കുറുവ, തുഷാരഗിരി, ജാനകിക്കാട്, മറയൂർ, പൊന്മുടി, ശെന്തുരുണി, മങ്കയം, വാൽപ്പാറ, ഗവി, പാലരുവി, തിരുവില്വാമല, അഞ്ചുരുളി, ചെല്ലാർ, കോവിൽ, വയനാട്, അരിപ്പ, ചിന്നാർ, കമ്പമല, പറമ്പിക്കുളം, മണ്ണാർകാട്, അനങ്ങൻമല, കുടുക്കത്തുപാറ, മരുതിമല, പരുന്തുറാഞ്ചിമണപ്പുറം, വെള്ളിക്കീൽ ഇവയാണ്.

ഇക്കോടൂറിസം കേന്ദ്രങ്ങൾ ഏറിയ പങ്കും വനപ്രദേശങ്ങളിലാകയാൽ പൊതു ടൂറിസം കേന്ദ്രങ്ങളിൽനിന്നും ഭിന്നമായി ഇക്കോടൂറിസം കേന്ദ്രങ്ങളി ലെല്ലാം തന്നെ പ്രദേശത്തിന്റെ സ്വാഭാവിക പരിസ്ഥിതിക്കനുകൂലമായ വിനോദസഞ്ചാര പ്രവർത്തനങ്ങളാണ് നിലവിലുള്ളത്. ട്രക്കിംഗ്, ബോട്ടിംഗ്, അക്വേറിയം, ഇന്റർപ്രട്ടേഷൻ സെന്റർ, വ്യൂ പോയിന്റ്, തൂക്കുപാലം, കുട്ടികളുടെ പാർക്ക്, ഇരിപ്പിടങ്ങൾ, ടോയ് ലെറ്റ് എന്നീ സൗകര്യങ്ങളാണുള്ളത്.

(ബി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ വാഹകശേഷിക്ക് അനുസരിച്ചാണ് സഞ്ചാരികളെ അനുവദിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവിക സൗന്ദര്യം ആസ്വദിക്കാനാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ എത്തുന്നത്. ആകയാൽ പ്രദേശത്തിന്റെ സ്വാഭാവിക ഭൂപ്രകൃതിക്ക് കോട്ടം വരാത്ത തരത്തിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ളത്.

## കൊല്ലം തിരുമുല്ലാവാരം ബീച്ച് വികസനം

**320 (2876)** <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തിരുമുല്ലാവാരം ബീച്ച് വികസനം സംബന്ധിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച

വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) കൊല്ലം തിരുമുല്ലാവാരം ബീച്ച് വികസനത്തിനായി താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾക്കൊള്ളുന്ന പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് :

(a) Curb wall

(b) Concrete paving

(c) Toilet building

(d) Pavilion

(e) Miscellaneous items

(ബി) പ്രസ്തുത പദ്ധതിക്ക് 1,28,00,000 രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 75,00,000 രൂപ കൊല്ലം ഡി.റ്റി.പി.സി.ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**അരൂർ-അരൂർക്കുറ്റിയിലെ ഹൗസ് ബോട്ട് ടെർമിനൽ**

**321 (2877)** <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്യൂട്ട് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ അരൂർക്കുറ്റിയിൽ നിർമ്മിക്കുന്ന ഹൗസ് ബോട്ട് ടെർമിനലിനോട് ചേർന്ന എക്സൈസ്, റവന്യൂ, ആരോഗ്യം എന്നീ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങൾ കാടു പിടിച്ചു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സ്ഥലത്ത് ലാന്റ് സ്കേപ്പിംഗ് നടത്തി ഒരു പാർക്ക് സ്ഥാപിക്കുകയാണെങ്കിൽ മാത്രമേ ബോട്ട് ടെർമിനൽ കൊണ്ട് ഉദ്ദേശിച്ച പ്രയോജനം ലഭിക്കുകയുള്ളൂ എന്നുള്ളവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിവിധ വകുപ്പുകളുടെ കൈവശം ഉള്ള സ്ഥലങ്ങൾ ടൂറിസം വകുപ്പിന് ലഭ്യമാക്കി ഒരു പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

**322 (2878)** <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പ്രോജക്ടുകൾ ഏതെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ കാലാവധി എത്ര ; ഏത് ഏജൻസിയെയാണ് പണികൾ ഏൽപിച്ചിരിക്കുന്നത് ; എന്ത് തുകയ്ക്കാണ് പണികൾ ഏൽപ്പിച്ചിട്ടുള്ളത് ; നിർവ്വഹണ ചുമതല ആർക്കാണ് ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്താനും അപാകതയുണ്ടെങ്കിൽ പരിഹരിക്കാനും ചുമതലപ്പെട്ട ഡി.ടി.പി.സി. ചെയർമാൻ, സെക്രട്ടറി എന്നിവർ പദ്ധതി പുരോഗതി വിലയിരുത്താൻ എന്ത്നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ; പദ്ധതികൾ ലക്ഷ്യം കാണാതെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ അടഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-ബി) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി ടൂറിസം വുകപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ചെയർമാൻ, സെക്രട്ടറി എന്നിവർ പദ്ധതി പ്രദേശം സന്ദർശിക്കുകയും നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ആക്കുളം ടൂറിസ്റ്റ് വില്ലേജ് ഒഴികെയുള്ള പ്രവർത്തനക്ഷമമാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ടൂറിസം പദ്ധതികൾക്കുള്ള കേന്ദ്ര സഹായം

**323 (2879)** <u>ശ്രീ. കെ. മുരളീധരൻ</u> :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ് കണക്കിലെടുത്ത് അധിക കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ പദ്ധതികളാണ് നടത്തിപ്പിൽ മികവ് കാട്ടിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വിനോദസഞ്ചാര മേഖലകൾക്കാണ് പദ്ധതി നടത്തിപ്പ് വഴി ഗുണം ലഭിച്ചിട്ടുള്ളത് ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ മുസിരിസ് ഹെറിറ്റേജ് സർക്യൂട്ട്, ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതി തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പ് ഇതിനുദാഹരണങ്ങളാണ്.

(സി) വിനോദസഞ്ചാര പദ്ധതി നടത്തിപ്പ് വഴി ഗുണം ലഭിച്ചിട്ടുള്ള വിനോദ സഞ്ചാര മേഖലകൾ ചുവടെ വിവരിക്കുന്നു :

ഇക്കോടൂറിസം, ബീച്ച് ടൂറിസം, റൂറൽ ടൂറിസം, ബാക്ക് വാട്ടർ ടൂറിസം, ഹിൽ ടൂറിസം, വില്ലേജ് ലൈഫ് എക്സ്പീരിയൻസ് (റെസ്പോൺസിബിൾ ടൂറിസം), ടൂറിസം രംഗത്തെ വിവര സാങ്കേതിക മേഖല, ക്രൂയിസ് ടൂറിസം, ടൂറിസം പ്രാധാന്യമുള്ള ഡാം സൈറ്റുകൾ.

**അഷ്ടമുടി കായൽ ടൂറിസം വികസന പദ്ധതി**

**324 (2880)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഷ്ടമുടികായൽ ടൂറിസം വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് കോംപറ്റിറ്റീവ് ബിഡിംഗിലൂടെ (Bidding) തെരഞ്ഞെടുത്തത് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത ഏജൻസി മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന IL&FS Environmental Infrastructure & Services Ltd. എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്.

(ബി) ഇല്ല.

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇൻസ്പെഷൻ റിപ്പോർട്ട് ഇതിനോടകം സമർപ്പിച്ചിട്ടുണ്ട്.

**പൂക്കോട് തടാകത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ**

**325 (2881)** <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പൂക്കോട് തടാകത്തിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത തടാകത്തിൽ പായൽ നിറഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതുമൂലം തടാകത്തിലെ ബോട്ട് സവാരിക്ക് തടസ്സം നേരിടുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പൂക്കോട് തടാകത്തിലെ പായൽ വേരടക്കം പറിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പൂക്കോട് തടാക വിനോദസഞ്ചാര കേന്ദ്രത്തിലെ നവീകരണ പ്രവൃത്തികൾക്കായി 2,97,69,073 (രണ്ടുകോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ചിരുന്നു. കിറ്റ്കോ

മുഖാന്തിരം നടപ്പാക്കാൻ ഉത്തരവായ മേൽ പ്രവൃത്തികൾക്കെതിരെ പരിസ്ഥിതി സംഘടനകൾ ഹൈക്കോടതിയിൽ 18530/11 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത കേസ് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിലേക്ക് കൈമാറുകയുമുണ്ടായി. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭാഗികമായി ബോട്ട് സവാരിക്ക് തടസ്സം നേരിടുന്നുണ്ട്.

(ഡി) പായൽ നീക്കം ചെയ്യുന്നതിന് പത്രപരസ്യം നൽകി ക്വട്ടേഷനുകൾ ക്ഷണിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ**

**326 (2882)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം കേന്ദ്രങ്ങളെയാണ് പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആയി പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) 1-7-2011 മുതൽ31-10-2014 വരെ എത്ര ആളുകൾ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സന്ദർശിച്ചു ;വിശദാംശം ലഭ്യമാക്കാമോ ;

(സി) മലമ്പുഴ ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ മോടിപിടിപ്പിക്കുന്നതിനും മറ്റുമായി 1-7-2011 മുതൽ 31-10-2014 വരെ എത്ര തുക ചെലവഴിച്ചു ; ഓരോ കേന്ദ്രത്തിന്റെയും തുകയുടെ വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ ?

<u>ഉത്തരം</u>

(എ) ഡെസ്റ്റിനേഷൻ കേരള സ്കീമിൽ പാലക്കാട് ജില്ലയിലെ പറമ്പിക്കുളം, നെല്ലിയാമ്പതി, മലമ്പുഴ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായ മലമ്പുഴ, നെല്ലിയാമ്പതി, പറമ്പിക്കുളം എന്നിവിടങ്ങളിൽ സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു :

| സ്ഥലം | 2011 | 2012 | 2013 | 2014 |
|---|---|---|---|---|
| മലമ്പുഴ | 75127 | 135236 | 143248 | 2014-ലെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ് |
| നെല്ലിയാമ്പതി | 21524 | 19048 | 20596 | |
| പറമ്പിക്കുളം | 52851 | 32171 | 52370 | |

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കാസർഗോഡ് ബി.ആർ.ഡി.സി.യുടെ ഗവേണിംഗ് ബോഡി**

**327 (2883)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.-യുടെ (BRDC) ഗവേണിംഗ് ബോഡിയിൽ നിലവിൽ ആരൊക്കെയാണുള്ളതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഗവേണിംഗ് ബോഡിയിൽ ബേക്കൽ ഡെസ്റ്റിനേഷൻ പരിധിയിൽ വരുന്ന എം.എൽ.എ. മാരേയും ത്രിതല പഞ്ചായത്ത് അദ്ധ്യക്ഷരേയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

482/16

ഉത്തരം

(എ) ബി.ആർ.ഡി.സി.-യുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ പ്രകാരം രൂപീകരിച്ചിട്ടുള്ള ഡയറക്ടർ ബോർഡിൽ താഴെപ്പറയുന്ന ഡയറക്ടർമാരാണുള്ളത് :

1. ചീഫ് സെക്രട്ടറി-ചെയർമാൻ
2. സെക്രട്ടറി-ടൂറിസം
3. ഡയറക്ടർ-ടൂറിസം
4. അഡീഷണൽ ഡയറക്ടർ (ജി) ടൂറിസം

5. മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.സി.

6. ജില്ലാ കളക്ടർ, കാസർഗോഡ്

7. ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ്

8. മാനേജിംഗ് ഡയറക്ടർ, ബി.ആർ.ഡി.സി.

(ബി) പരിഗണനയിലില്ല.

## കോതമംഗലത്ത് ടൂറിസം വകുപ്പിന്റെ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ

**328 (2884)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഭൂതത്താൻകെട്ട്, തട്ടേക്കാട്, നേര്യമംഗലം എന്നിവിടങ്ങളിൽ കൂടുതൽ ടൂറിസം അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനും ടൂറിസ്റ്റുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) മൂന്നാർ ഹിൽ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ കവാടമെന്നറിയപ്പെടുന്ന കോതമംഗലത്ത് ടൂറിസം വകുപ്പിന്റെ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ നേര്യമംഗലം ടൂറിസ്റ്റ് കേന്ദ്രത്തിൽ ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി ബോട്ട് ജെട്ടി, ചിൽഡ്രൻസ് പ്ലേ ഏരിയ, എൻട്രൻസ് ഗേറ്റ്, കാർ പാർക്കിംഗ് ഏരിയ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയ 2,30,00,000 രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഭൂതത്താൻകെട്ട് ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന

സൗകര്യ വികസനത്തിനും മറ്റുമായി കേന്ദ്ര ടൂറിസം വകുപ്പ് അനുവദിച്ച 2,35,40,000 രൂപയുടെ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

## ആനയിറങ്ങൽ ഡാമിന്റെ വിനോദ സഞ്ചാര സാധ്യതകളെക്കുറിച്ച് പഠനം

**329 (2885)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല താലൂക്കിലെ മൂന്നാർ കുമളി റൂട്ടിലെ ആനയിറങ്ങൽ ഡാമിൽ വിനോദസഞ്ചാരികൾക്കായി ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ ;

(ബി) ആനയിറങ്ങൽ ഡാമിന്റെ വിനോദസഞ്ചാര സാധ്യതകളെക്കുറിച്ച് പഠനം നടത്തി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) പരിഗണനയിലാണ്.

## ആലപ്പുഴയിലെ സർക്യൂട്ട് ടൂറിസം പദ്ധതി

**330 (2886)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ജില്ലയിലെ സർക്യൂട്ട് ടൂറിസം പദ്ധതിയിൽപെടുത്തി അരൂർ മണ്ഡലത്തിലെ തഴുപ്പ്, അരൂർക്കുറ്റി എന്നിവിടങ്ങളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങാനുണ്ടായിട്ടുള്ള കാരണങ്ങൾ വിശദമാക്കാമോ ; ഈ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുമോ ?

ഉത്തരം

ആലപ്പുഴ മെഗാടൂറിസം പദ്ധതിയിൽപ്പെടുന്ന തഴുപ്പ്, അരൂർക്കുറ്റി പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ എതിർപ്പിനെത്തുടർന്ന് പണികൾ തടസ്സപ്പെട്ട് മുടങ്ങി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരൂർകുറ്റിയിൽ ബോട്ട് ജെട്ടിക്കായുള്ള മുഴുവൻ പൈലുകളും കാസ്റ്റ് ചെയ്ത് കഴിഞ്ഞിട്ടുള്ളതാണ്. തഴുപ്പിൽ ബോട്ട് ജെട്ടിക്കായി നിർമ്മിച്ച 26 പൈലുകളും നീക്കം ചെയ്യണമെന്നാണ് മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടുള്ളത്. നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹോട്ടലുകളുടെ സ്റ്റാർ പദവി-മാനദണ്ഡങ്ങൾ**

**331 (2887)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകൾക്ക് സ്റ്റാർ പദവി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ആരാണ് എന്ന് വിശദമാക്കുമോ ;

(ബി) പുതിയ മദ്യനയത്തിന്റെ പശ്ചാത്തലത്തിൽ ഹോട്ടലുകളുടെ സ്റ്റാർ പദവികൾ അനധികൃതമായി മാറ്റം വരുത്തുന്നത് തടയാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) സ്റ്റാർ പദവി നൽകുന്നത് തീരുമാനിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാലാകാലങ്ങളിലെ നിയമമനുസരിച്ച് ഹോട്ടലുകൾക്ക് സ്റ്റാർ പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് കേന്ദ്ര ടൂറിസം വകുപ്പാണ്.

(ബി-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**തമ്പുരാൻ പാറ-തമ്പുരാട്ടി പാറയുടെ വികസനം**

**332 (2888)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലുള്ള തമ്പുരാൻ പാറ-തമ്പുരാട്ടി പാറയുടെ വികസനത്തിന് എത്ര രൂപയുടെ പ്രോജക്ടിനാണ് അനുമതി നൽകിയത് ;

(ബി) പ്രസ്തുത വികസനത്തിന് വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തെല്ലാം ;

(സി) ഇവയ്ക്ക് ഭരണാനുമതി നൽകിയത് എന്നാണ് ;

(ഡി) പ്രസ്തുത പദ്ധതി തറക്കല്ലിട്ടശേഷം നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 44,00,000 രൂപക്ക് (നാൽപ്പത്തിനാല് ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നടപ്പാതകൾ, പവലിയനുകൾ, ടോയ്‌ലെറ്റ്, പ്രവേശന കവാടം, വാഹന പാർക്കിംഗ് തുടങ്ങിയവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) 4-3-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1673/2013/TSM നമ്പർ ഉത്തരവ് പ്രകാരമാണ് ഭരണാനുമതി നൽകിയത്.

(ഡി&ഇ) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക ഭരണാനുമതി നൽകിയ തുകയെക്കാൾ കൂടുതൽ ആയതിനാൽ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഒരു ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുന്തേനരുവി ടൂറിസം പദ്ധതി**

**333 (2889)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; പണി ഏതു ഘട്ടം വരെയായി എന്ന് വിശദീകരിക്കാമോ ; ഇനി എന്തൊക്കെ പണികളാണ് നടക്കാനുള്ളത് ;

(ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ പണികൾ കാലതാമസം നേരിടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രശ്നം പരിഹരിച്ച് പണികൾ പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ ;

(ഡി) മുടങ്ങിയ പണികൾ എന്ന് പുനരാരംഭിക്കും എന്ന് പറയാമോ ; പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ വേണ്ട സമയം എത്രയാണെന്ന് വ്യക്തമാക്കാമോ ; എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിച്ച് സഞ്ചാരികൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടമായി 97,12,800 (തൊണ്ണൂറ്റിയേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്) രൂപയും രണ്ടാം ഘട്ടമായി 75,85,000 (എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി അയ്യായിരം) രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. സിഡ്കോയാണ് നിർമ്മാണച്ചുമതല നിർവ്വഹിക്കുന്നത്. നിലവിൽ 4 കോട്ടേജുകൾ, റെസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേക്കുള്ള നടപ്പാത, ടോയ്‌ലറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പെയിന്റിംഗ്, ജല സംവിധാനം ഉൾപ്പെടെയുള്ള ഫിനിഷിംഗ് വർക്കുകൾ പൂർത്തീകരിക്കാനുണ്ട്.

(ബി) പാറ പൊട്ടിക്കുവാൻ അനുവാദം കിട്ടുവാനുള്ള കാലതാമസമാണ് പദ്ധതി വൈകുവാനുള്ള കാരണം.

(സി&ഡി) പണികൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് 19-8-2014-ൽ ജില്ലാ കളക്ടർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ പെരുന്തേനരുവിയിൽ വിളിച്ചു ചേർത്ത യോഗം, അനുമതി നൽകിയ തുകയിൽ നിർമ്മാണം പൂർത്തീകരിക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 4 കോട്ടേജുകൾ, റെസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേക്കുള്ള നടപ്പാത, ടോയ്‌ലെറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഡിസംബറിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ശാന്തിഗിരിയിൽ വഴിയോര വിശ്രമകേന്ദ്രം

**334 (2890)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ശാന്തിഗിരി കേന്ദ്രമായി വഴിയോര വിശ്രമകേന്ദ്രം (Wayside amenity centre) സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയത് എന്നാണ് ;

(ബി) ആയതിനായി എത്ര രൂപ അനുവദിച്ചു ; ഇതിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി ഈ വർഷം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 28-7-2012-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 1,30,00,000 രൂപ അനുവദിച്ചു. ഇതിൽ Food & Snacks Court, IT Integrated Facilitation Centre, Rest Room, Toilet etc. with Ample Parking Facility and support services എന്നീ പ്രവർത്തികളാണ് നടപ്പിലാക്കുന്നത്.

(സി) പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ഡി) പദ്ധതി ആരംഭഘട്ടത്തിലായതിനാൽ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നാലും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പുളിക്കക്കടവ് തൂക്കുപാലം, പരിപാലനവും അറ്റകുറ്റപ്പണിയും

**335 (2891)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി ബീച്ചും കായലിന് കുറുകെ പുളിക്കക്കടവിൽ അഞ്ച് വർഷം മുമ്പ് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയ പുളിക്കക്കടവ്

ളുക്കുപാലം കൃത്യമായ പരിപാലനവും അറ്റകുറ്റപണിയും നടത്താത്തതുമൂലം തുരുമ്പെടുത്തുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടിയന്തരമായി അത് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് സമയാസമയത്ത് ആവശ്യമായ പെയിന്റിംഗും മറ്റ് പ്രവൃത്തികളും നടത്തുന്നതിനും അവ കൃത്യസമയങ്ങളിൽ നടപ്പാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചുമതല നൽകാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പാലത്തിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പെയിന്റിംഗിനുമായി KEL എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾക്കായി പൊന്നാനി മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്.

**പെരുവണ്ണാമൂഴി, കക്കയം ടൂറിസം പദ്ധതികൾ**

**336 (2892)** <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി, കക്കയം ടൂറിസം പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച തുകയിൽ എത്ര രൂപ ചെലവഴിച്ചു എന്നും എന്തൊക്കെ കാര്യങ്ങൾക്കാണ് തുക ചെലവഴിച്ചത് എന്നും വ്യക്തമാക്കുമോ ;

(സി) അനുവദിച്ച തുക ചെലവഴിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച എത്ര കോടി രൂപ ലാപ്സ് ആയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തുക ഈ പദ്ധതിക്ക് വീണ്ടും ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) പെരുവണ്ണാമൂഴി-കക്കയം ടൂറിസം വികസന പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 5 കോടി രൂപയിൽനിന്നും 4 കോടി രൂപ സംസ്ഥാന

സർക്കാരിന് നൽകിയിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കാനുണ്ടായ കാലതാമസംമൂലം മുഴുവൻ തുകയും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം തിരിച്ചടക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ബാലൻസ് വർക്ക് എന്ന പേരിൽ സംസ്ഥാന സർക്കാർ 1,91,75,141 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പദ്ധതിക്കായി റിലീസ് ചെയ്ത മുഴുവൻതുകയായ 4 കോടി രൂപയും തിരിച്ചടയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

(ഇ) പരിശോധിച്ചുവരുന്നു.

**വെള്ളാനിക്കൽ പാറയുടെ സംരക്ഷണം**

**337 (2893)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വിനോദസഞ്ചാര പ്രാധാന്യമുള്ള വെള്ളാനിക്കൽ പാറയുടെ സംരക്ഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; അടങ്കൽ തുക എത്ര ;

(സി) ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഈ സാമ്പത്തിക വർഷം പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

482/16

ഉത്തരം

(എ-ഡി) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ വെള്ളാനിക്കൽ പാറയിൽ ടൂറിസം വികസനത്തിനുള്ള സാധ്യതാപഠനം നടത്തി പദ്ധതി തയ്യാറാക്കുന്നതിന് തിരുവനന്തപുരം ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാലൂർക്കോട്ട വെള്ളച്ചാട്ടം**

**338 (2894)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലൂർക്കോട്ട വെള്ളച്ചാട്ടം ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിക്കുന്നതാണ്.

**തൃക്കാക്കരയിൽ ടൂറിസം ഗസ്റ്റ് ഹൗസ്**

**339 (2895)** ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കാക്കരയിൽ ടൂറിസം ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് ടൂറിസം വകുപ്പിൽനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ടൂറിസം ഗസ്റ്റ് ഹൗസിനായി തുക നീക്കിവച്ചിട്ടുണ്ടോ ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിന് വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) തൃക്കാക്കരയിൽ ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി ടൂറിസം വകുപ്പിന്റെ അധീനതയിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ കാക്കനാട് സിവിൽ സ്റ്റേഷന്റെ സമീപമുള്ള എൻ.ജി.ഒ. ക്വാർട്ടേഴ്സ് കോമ്പൗണ്ടിലുള്ള സ്ഥലം ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി വിട്ടുനൽകാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം കൊച്ചി മെട്രോ പ്രോജക്ടിന് ആവശ്യമായതിനാൽ കൈമാറാനാകില്ല എന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ആസ്ട്രേലിയയിൽ നിന്നുള്ള വിനോദ സഞ്ചാരികൾ**

**340 (2896)** ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്ത്രേലിയയിൽ നിന്നുള്ള വിനോദ സഞ്ചാരികളെ കൂടുതലായി സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് പുതിയ പദ്ധതികളെന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(സി) ആസ്ത്രേലിയൻ വിനോദ സഞ്ചാരികളുടെ കേരളത്തിലെ ആകർഷണ കേന്ദ്രങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആസ്ത്രേലിയയിലെ സിഡ്നി, മെൽബൺ എന്നീ പ്രധാന നഗരങ്ങളിലെ എയർപോർട്ടുകളിലെ ട്രാൻസ്‌ലെറ്റ്സ് വഴിയുള്ള കേരള ടൂറിസത്തിന്റെ പരസ്യങ്ങളിലൂടെ സഞ്ചാരികളെ ആകർഷിക്കാനുള്ള പ്രചാരണം തുടർന്നുവരികയാണ്. കൂടാതെ ആസ്ത്രേലിയയിലെ പ്രമുഖ ടി.വി. ചാനലായ എസ്.ബി.എസ്. ടി.വി. വഴിയും പ്രധാന അച്ചടി മാധ്യമങ്ങൾ വഴിയും പരസ്യപ്രചരണങ്ങൾ നടത്തിവരുന്നു.

(സി) പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

**റെസ്പോൺസിബിൾ ടൂറിസം പദ്ധതി**

**341 (2897)** <u>ശ്രീ. ആർ. സെൽവരാജ്</u> :

<u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ. പി. എ. മാധവൻ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

വിശദമാക്കാമോ ;

(ബി) പദ്ധതി നടത്തിപ്പിന് ദേശീയ അന്താരാഷ്ട്ര തലത്തിൽ എന്തെല്ലാം നേട്ടങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അംഗീകാരങ്ങൾ ലഭിക്കുവാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ടൂറിസം മേഖലയിലെ മറ്റു പദ്ധതികൾക്ക് ഇതേ രീതിയിൽ അംഗീകാരങ്ങൾ ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട രീതിയിൽ ജീവിക്കാനും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുംവിധം ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കാനും ലക്ഷ്യമിടുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക, സാംസ്കാരിക, പൈതൃക സംരക്ഷണം തുടങ്ങിയവയും ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

(ബി) പദ്ധതിനടത്തിപ്പിന് ദേശീയ അന്താരാഷ്ട്ര തലത്തിൽ ലഭിച്ച അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു :

1. ദേശീയ അവാർഡ് 2007-08 (മികച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി)
2. ദേശീയ അവാർഡ് 2008-09 (മികച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി- കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി)
3. PATA ഗ്രാന്റ് അവാർഡ് 2011 (പരിസ്ഥിതി, കുമരകം ഡെസ്റ്റിനേഷൻ)
4. ദേശീയ അവാർഡ് 2011-12 (മികച്ച ഗ്രാമീണ ടൂറിസം പദ്ധതി,

കുമരകം ഗ്രാമീണ ടൂറിസം പദ്ധതി)

5. UNWTO യുളീസസ് അവാർഡ് 2013 (ഇന്നൊവേഷൻ ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് വിഭാഗത്തിൽ-കുമരകത്തെ ഉത്തരവാദിത്ത ടൂറിസം പദ്ധതി)

6. ദേശീയ അവാർഡ് 2012-13 (ടൂറിസം കേന്ദ്രങ്ങളിലെ മികച്ച സിവിക് മാനേജ്മെന്റ്-കുമരകം ഗ്രാമ പഞ്ചായത്തിന്)

7. PATA ഗോൾഡ് അവാർഡ് 2014 (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി)

(സി) അവാർഡിന് അപേക്ഷിക്കുന്നതിന് മുന്നോടിയായി, കിറ്റ്സ് തയ്യാറാക്കിയ കുമരകം മോണോഗ്രാഫ് UNWTO സെക്രട്ടറി ജനറലിന് നൽകി അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ കുമരകത്തും കേരളത്തിലും നടത്തിയ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽകൊണ്ടുവന്നു. വസ്തുതകൾ നേരിൽക്കണ്ട് മനസ്സിലാക്കുന്നതിനായി UNWTO പ്രതിനിധികൾ രണ്ടുതവണ കുമരകം സന്ദർശിക്കുകയുമുണ്ടായി.

(ഡി) ദേശീയ അന്തർദേശീയ അവാർഡുകൾക്കായി കാലാകാലങ്ങളിൽ അപേക്ഷിക്കുകയും വിവിധ പദ്ധതികൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ വിശദമാക്കുന്ന രേഖകൾ സമർപ്പിക്കുകയും ചെയ്തുവരുന്നു.

**തോട്ടപ്പള്ളിയിലെ മെഗാടൂറിസം പദ്ധതി**

**342 (2898)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളിയെ മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) മെഗാടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതികൾക്കായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് ; പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മെഗാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹൗസ് ബോട്ട് ടെർമിനലും തോട്ടപ്പള്ളി ബീച്ച് നവീകരണവുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണത്തിന് 1,08,61,000 രൂപയും ബീച്ച് നവീകരണത്തിന് 1,02,46,000 രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ 2015 ഫെബ്രുവരി 15-നും നവീകരണ പ്രവർത്തനങ്ങൾ 2014 ഡിസംബർ 15-നും ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**അതിരപ്പിള്ളിയിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ**

**343 (2899)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളിയിൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു ടൂറിസം ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിനും അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനോട്

ചേർന്ന് കാർ റോപ്പ്‌വേ നിർമ്മിക്കുന്നതിനും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇതിനായി സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പദ്ധതിയുടെ സാദ്ധ്യതാ പഠനറിപ്പോർട്ട് തയ്യാറാക്കാനായി ടൂറിസം വകുപ്പിന്റെ തൃശ്ശൂർ ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 2558, 2664, 2669, 2672, 2673, 2835 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല).

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 A M]

# II റൂളിംഗ്

## അഴിമതിയാരോപണം ഉന്നയിക്കുന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്നിവിടെ ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. "പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു" എന്നാണ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 52(v) വ്യക്തമാക്കുന്നത്. അടിയന്തരപ്രമേയം വന്ന സാഹചര്യത്തിൽ അത് അനുവദിക്കുന്നു. പക്ഷെ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോഴും അതുന്നയിക്കുമ്പോഴും ഈ വക കാര്യങ്ങൾകൂടി വളരെ വ്യക്തമായി ശ്രദ്ധിക്കണമെന്ന് ചെയർ പറയുകയാണ്. അതോടൊപ്പം ചെയർ ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തട്ടെ. ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ, പ്രത്യേകിച്ച് അഴിമതി ആരോപണങ്ങളുന്നയിക്കുമ്പോൾ ചെയറിന് നേരത്തെ തന്നെ എഴുതിത്തരണമെന്നും അതിന്റെ കോപ്പി ബന്ധപ്പെട്ട മന്ത്രിമാർക്ക് കൊടുക്കണമെന്നും ഇവിടെ കീഴ്വഴക്കമുണ്ട്. അതാണ് നമ്മുടെ ചട്ടത്തിൽ പറയുന്നത്. നിർഭാഗ്യമെന്നുപറയട്ടെ പലപ്പോഴും ചെയറിന് എഴുതി ത്തരാതെയും ബന്ധപ്പെട്ട മന്ത്രിമാർക്ക് അതിന്റെ കോപ്പി കൊടുക്കാതെയും ഇവിടെ ആരോപണങ്ങൾ ഉന്നയിക്കാറുണ്ട്. അത് ശരിയല്ല. ഒരു ആരോപണമുന്നയി ക്കുമ്പോൾ ബന്ധപ്പെട്ട മന്ത്രിക്ക് അതിനെക്കുറിച്ച് അന്വേഷിച്ച് സഭയിൽ അപ്പോൾ ത്തന്നെ മറുപടി പറയാനുള്ള സൗകര്യം കൊടുക്കണം. ബന്ധപ്പെട്ട മന്ത്രിക്കും ചെയറിനും എഴുതിത്തരാതെ ഉന്നയിക്കുന്നത് ശരിയല്ല. കേരള നിയമസഭയ്ക്ക് നമ്മുടേതായ ഒരു ഉന്നത നിലവാരമുണ്ട്. അത് പ്രത്യേകം കാത്തുസൂക്ഷിക്കാൻ ബന്ധപ്പെട്ട എല്ലാ മെമ്പർമാരും ശ്രദ്ധിക്കണമെന്ന് ചെയർ എടുത്തുപറയുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പ്രതിപക്ഷം എഴുതിത്തന്നതിനുശേഷം മാത്രമേ ആരോപണങ്ങൾ ഉന്നയിക്കാറുള്ളൂ. ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങളാണ് എഴുതിത്തരാതെ ആരോപണം ഉന്നയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ചെയർ പ്രതിപക്ഷത്തോടുമാത്രമല്ല പറഞ്ഞത്,

പൊതുവെ സഭയിൽ പറഞ്ഞതാണ്. ആര് ആരോപണമുന്നയിച്ചാലും അത് നേരത്തെ ചെയറിനും ബന്ധപ്പെട്ട മന്ത്രിക്കും എഴുതിക്കൊടുക്കേണ്ടതാവശ്യമാണ്. അങ്ങനെ കൊടുത്താൽമാത്രമേ അതിനെപ്പറ്റി അന്വേഷിക്കുന്നതിനും സഭയിൽ മറുപടി പറയുന്നതിനും കഴിയുകയുള്ളൂ. അത് ബഹുമാന്യരായ എല്ലാ അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ചെയർ പറയുന്നത്.

## III അടിയന്തരപ്രമേയം

### അഴിമതിയാരോപണം

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ എഴുതി തന്നിരിക്കുന്നതാണ് ഞാൻ വായിക്കുന്നത്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിൽ അഴിമതി നടക്കുക യാണെന്നും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട മൂന്നംഗങ്ങളും അഴിമതിക്കാരാണെന്നും മറ്റു മന്ത്രിമാരുടേതുൾപ്പെടെ അഴിമതികൾ സംബന്ധിച്ച വ്യക്തമായ തെളിവുകൾ തന്റെ പക്കലുണ്ടെന്നും ശ്രീ കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. ഇന്നലെ നിയമ സഭയിൽ വെളിപ്പെടുത്തിയതും ചില മന്ത്രിമാർ അഴിമതി നടത്തുന്നത് സംബന്ധിച്ച് സഭയിൽ വെളിപ്പെടുത്തുമെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ നേരത്തെ പ്രഖ്യാപി ച്ചിരുന്നിട്ടും അതിന്മേൽ അന്വേഷണം ഏർപ്പെടുത്താതിരുന്നതും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, എ. പ്രദീപ് കുമാർ, ജോസ് തെറ്റയിൽ,എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്നലെ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിനിടയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി ശ്രീ. കെ. ബി. ഗണേഷ് കുമാർ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. വളരെ vague ആയി പറഞ്ഞ സംഗതികളാണ്. മൂന്ന് സ്റ്റാഫ് അംഗങ്ങൾ അഴിമതിക്കാരാണെന്നും അഴിമതി നടക്കുന്നുയെന്നും മന്ത്രിയുടെ നിയോജകമണ്ഡലത്തിൽ പ്രവർത്തനങ്ങൾ കുടിപ്പോയി എന്നുമാണ് പറഞ്ഞത്. മന്ത്രി അപ്പോൾത്തന്നെ അത് നിഷേധിക്കുകയും ചെയ്തു. കഴിഞ്ഞ മൂന്നര വർഷക്കാലമായി പൊതുമരാമത്ത് വകുപ്പ് നിരവധി പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി ജോലികൾ തീർത്ത് മുന്നോട്ടുപോകുകയാണ്. ഇ-ടെണ്ടർ, ഇ-പേമെന്റ് എന്നിവ നടപ്പിലാക്കി വകുപ്പിന്റെ പ്രവർത്തനം സുതാര്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. അഴിമതിക്കുള്ള സാധ്യതകൾ താഴെത്തട്ടിൽ നിന്നുതന്നെ ഒഴിവാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. വകുപ്പിനെ സംബന്ധിച്ച്

ഇതെന്നല്ല മറ്റേതിനെക്കുറിച്ചും ആർക്കെങ്കിലും പരാതികളുണ്ടെങ്കിൽ, ഗവൺമെന്റ് അക്കാര്യങ്ങളിൽ വളരെ വ്യക്തതയോടുകൂടിയാണ് പ്രവർത്തിച്ചിട്ടുള്ളത്. ഒരാളേയും സംരക്ഷിക്കാൻ ഗവൺമെന്റ് ഇടപെട്ടിട്ടില്ല, ഇടപെടുകയുമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇന്നലെ ശ്രീ. ടി. ഒ. സൂരജിനെക്കുറിച്ച് പറഞ്ഞു. ശ്രീ. ടി. ഒ. സൂരജിനെക്കുറിച്ച് പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ നടപടികൾസ്വീകരിച്ചു. അതിന്റെ അന്വേഷണം നടക്കുന്നു. കുറ്റം ചെയ്യുന്ന ഒരാളേയും സംരക്ഷിക്കുന്ന നടപടിയെടുത്തിട്ടില്ല, അങ്ങനെയുള്ള നടപടിയെടുക്കുകയുമില്ല. മൂന്നുപേർ അഴിമതിക്കാരാണെന്നുപറഞ്ഞാൽ ഉടനെ അത് അഴിമതി ആരോപണ മായി, ഉടനെതന്നെ അതിന് അനന്തരനടപടി വേണമെന്നുപറഞ്ഞാൽ എന്താണ് സ്ഥിതി ? അതാണോ അഴിമതിയാരോപണം ; നിങ്ങൾ ആലോചിക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, അതിനെക്കുറിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ കഴിഞ്ഞ മേയ് മാസത്തിൽത്തന്നെ അങ്ങേക്ക് എഴുതിത്തന്നു എന്നാണ് പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇന്നലെ ശ്രീ. കെ. ബി. ഗണേഷ് കുമാർ പറയുന്നത് ഞാൻ കേട്ടു. ഏതായാലും അക്കാര്യം എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അതെന്താണെന്നുള്ളത് അന്വേഷിക്കാം. പക്ഷെ എന്റെ ശ്രദ്ധയിൽ അങ്ങനെയൊരു കാര്യം വന്നിരുന്നുവെങ്കിൽ വളരെ ഗൗരവമായിത്തന്നെ എടുക്കുമായിരുന്നുവെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ഇതുകഴിഞ്ഞുനടന്ന ചർച്ചയിൽ അഴിമതിയാരോപണം ഉന്നയിക്കാൻ നിങ്ങൾ നിയമപ്രകാരം നോട്ടീസ് തന്നു. എന്നിട്ടിവിടെ ഉന്നയിച്ചില്ല. നിങ്ങൾക്ക് ഉന്നയിക്കാൻ കിട്ടിയ ഏറ്റവും നല്ല അവസരമായിരുന്നില്ലേ ? ഇന്നിപ്പോൾ ഈ നോട്ടീസ് ഞാൻ വായിച്ചു. നോട്ടീസിൽ മുഴുവൻ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ ചാരിനിർത്തി, അദ്ദേഹം ഉന്നയിച്ച ആരോപണത്തെക്കുറിച്ചാണ്, അതിനപ്പുറത്ത് വേറെയൊന്നും പറയുന്നില്ല. അപ്പോൾ ഇന്നലെ ചട്ടവിരുദ്ധമായി ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച ആരോപണ ത്തിന്റെ മറവിൽ ഇന്ന് അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുകയാണ്. അതേസമയം അഴിമതിയാരോപണം ഉന്നയിക്കാൻ വേണ്ടി ഇന്നലെ നിങ്ങളിവിടെ നോട്ടീസ് തന്നു, അതിന് നിങ്ങൾക്ക് അവസരമുണ്ടായിരുന്നു. പക്ഷെ ആ അവസരം നിങ്ങൾ ബോധപൂർവ്വം ഇല്ലാതാക്കി, ആ ആരോപണമുന്നയിക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. ഇതിനപ്പുറം ഞാൻ എന്തു പറയാനാണ്; ശ്രീ. വി. എസ്. സുനിൽ കുമാർ പറയട്ടെ, അതിനുശേഷം മറുപടി പറയാം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി

അഴിമതിയുമായി ബന്ധപ്പെട്ടുവരുന്ന ഏത് വിഷയങ്ങളിലും സ്വീകരിക്കുന്ന നിലപാടു തന്നെയാണ് ഈ വിഷയത്തിലും എടുത്തിട്ടുള്ളത്. അദ്ദേഹം എപ്പോഴും പറയുന്നത് നിയമം നിയമത്തിന്റെ വഴിക്ക് പോകും, തെറ്റ് ചെയ്തവനെ ആരും രക്ഷിക്കില്ല എന്നാണ്. ഇതുപറയുമ്പോൾ നിയമം നിയമത്തിന്റെ വഴിക്കല്ല, നിയമം ശ്രീ. ഉമ്മൻ ചാണ്ടിയുടെ വഴിക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്, ഈ ഗവൺമെന്റിന്റെ വഴിക്ക് പോവുകയാണ്. ഞാൻ വ്യക്തിപരമായി അദ്ദേഹത്തെക്കുറിച്ച് പറയുന്നതല്ല, മുഖ്യമന്ത്രി എന്നുള്ള നിലയിൽ പറയുന്നതാണ്. തെറ്റ് ചെയ്തവരെ സംരക്ഷിക്കില്ല എന്നുപറയുമ്പോഴും എല്ലാ തെറ്റ് ചെയ്തവരെയും അദ്ദേഹവും ഈ ഗവൺമെന്റും സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നത്, ഇന്നലെ ലോക അഴിമതിവിരുദ്ധ ദിനമായിരുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഇന്നലെ അഴിമതി വിരുദ്ധ ദിനത്തിൽ, ഈ മന്ത്രിസഭയിലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിംഗ്കൂടി കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഇന്നലെ മംഗളം, മാതൃഭൂമി എന്നീ പത്രങ്ങളിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അങ്ങ് ആ ലേഖനം വായിച്ചിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ആ ലേഖനത്തിൽ അദ്ദേഹം പറയുന്നത്, "ഇന്ത്യയിൽ ഒരു വർഷം 6,30,000 കോടി രൂപയുടെ അഴിമതി നടക്കുന്നുണ്ട്, അതിൽ 30,000 കോടി രൂപയുടെ അഴിമതി നടക്കുന്നത് കേരളത്തിലാണ്. രണ്ടാമത്തെ കാര്യം, അഴിമതി ഒരു ക്രിമിനൽ കുറ്റമാണ്. മറ്റ് കുറ്റകൃത്യങ്ങളെക്കാൾ വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണിത്. മൂന്നാമത്തെ കാര്യം, പൗരന്മാർക്ക് തങ്ങളുടെ രാജ്യത്തെ ജനാധിപത്യ ചട്ടക്കൂടിനോട് വിരക്തിയും രോഷവും ഉളവാക്കുന്ന പ്രവർത്തിയാണ് അഴിമതി. സാധാരണ സർക്കാർ ഓഫീസുകളിലെ നൂറോ ഇരുന്നൂറോ രൂപയുടെ അഴിമതി മുതൽ ആയിരക്കണക്കിന് കോടി രൂപയുടെ അഴിമതിവരെയുള്ള വൻ അഴിമതികൾ തുടച്ചുനീക്കാൻ നമുക്ക് കഴിയണം. 100 രൂപയുടേതായാലും 100 കോടി രൂപയുടേതായാലും അഴിമതിയിലൂടെ പണം സമ്പാദിക്കുന്നത് സാമൂഹ്യവിരുദ്ധവും ദേശവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണ്" എന്നാണ്. എന്നിട്ട് അദ്ദേഹം പറയുന്ന ഒരു കാര്യം, "പണത്തിനോ മറ്റ് സ്വകാര്യ നേട്ടങ്ങൾക്കോവേണ്ടി അധികാരത്തെയും അധികാരസ്ഥാനത്തെയും ദുർവിനിയോഗം ചെയ്യുന്നതിനെയാണ് അഴിമതി എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്" എന്നാണ്. അങ്ങ് ഇത് വായിച്ചില്ലേ ? ഈ ലേഖനത്തിൽ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ കാര്യമാണ് ഞാൻ ക്വാട്ട് ചെയ്തത്. അതനുസരിച്ച് ഇന്നലെ അസാധാരണമായ സംഭവമുണ്ടായി. ചട്ടത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞു, അത് അങ്ങ് നോക്കേണ്ട കാര്യമാണ്. ഞങ്ങൾ നോക്കേണ്ട കാര്യമല്ല. ചട്ടം

എന്താണെങ്കിലും ഇന്നലെ അസാധാരണമായ മറ്റൊരു കാര്യംകൂടിയുണ്ടായി. ഭരണകക്ഷിയിലെ ഏതെങ്കിലും എം.എൽ.എ. ഭരണകക്ഷിയിലെ മന്ത്രിമാർക്കെതിരായി ആരോപണം ഉന്നയിച്ചിട്ടുണ്ടോ ? അങ്ങനെ ഒരു കീഴ്വഴക്കമുണ്ടോ ; ഇന്നലെ ശ്രീ. കെ. ബി. ഗണേഷ് കുമാർ കീഴ്വഴക്കത്തിന് വിരുദ്ധമായി, അങ്ങനെ......(ബഹളം).......പറയട്ടെ.....ഞാൻ പറയാം. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അങ്ങ് ചട്ടത്തെക്കുറിച്ച് പറയുമ്പോൾ എനിക്ക് സംസാരിക്കാനുള്ള അവസരംകൂടി അങ്ങ് ഒരുക്കിത്തരണം....... (ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്............. പ്ലീസ്.......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഭരണകക്ഷിക്കാർ ഇങ്ങനെ ബഹളം വച്ച് പേടിപ്പിക്കണ്ട. അങ്ങനെ പേടിപ്പിച്ചാൽ പേടിക്കുന്ന ആളല്ല ഞാൻ. അങ്ങനെ പേടിപ്പിക്കാൻ നോക്കുകയും വേണ്ട. ബഹുമാന്യനായ കെ. ബി. ഗണേഷ് കുമാർ കേരളത്തിലെ യു.ഡി.എഫ്. ഭരണത്തിലെ ഘടകകക്ഷി നേതാവാണ്. ഈ ക്യാബിനറ്റിൽ അങ്ങയോടൊപ്പം മന്ത്രിയായിരുന്ന ആളാണ്. അദ്ദേഹം ഇന്നലെ പറഞ്ഞു, ഞാൻ യു.ഡി.എഫ്.-കാരനാണ്, യു.ഡി.എഫ്.-ലെ ഘടകകക്ഷിക്കാരനാണ്, ഭരണകക്ഷിയിൽപ്പെട്ട ആളാണ്. അദ്ദേഹം ഇന്നലെ പറഞ്ഞതെന്താണ്? ഒരു മന്ത്രിയുടെ ഓഫീസിനെതിരെ ഗുരുതരമായ ആരോപണം ഉന്നയിച്ചു. അങ്ങിവിടെ പറഞ്ഞു, എന്റെ ശ്രദ്ധയിൽപ്പെട്ടില്ലായെന്ന്. അങ്ങ് പറഞ്ഞത് തികച്ചും അടിസ്ഥാനരഹിതവും *******ആണ്. കാരണം 17-5-2014-ൽ.......

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, ഇപ്പോൾ ഉപയോഗിച്ച പദം ഉപയോഗിക്കാൻ പാടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ആ പദം ഞാൻ പിൻവലിക്കുന്നു. അത് സത്യവിരുദ്ധമാണ്. സത്യവിരുദ്ധത്തിന്റെ അർത്ഥമാണ് ഞാൻ നേരത്തെ പറഞ്ഞത്. സത്യവിരുദ്ധമായ കാര്യം അങ്ങ് പറഞ്ഞു. കാരണം ശ്രീ. കെ. ബി. ഗണേഷ് കുമാർ 17-5-2014-ന് ഈ ഗവൺമെന്റിലെ രണ്ട് മന്ത്രിമാരുടെ ഓഫീസിൽ നടക്കുന്ന അഴിമതിയെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തി അങ്ങേയ്ക്ക് കത്ത് തന്നിട്ടുണ്ട്. അങ്ങ് ആ കത്ത് മറച്ചുവയ്ക്കുകയാണ്. അദ്ദേഹം കത്ത് തന്നു എന്നുമാത്രമല്ല, രണ്ട് മന്ത്രിമാരുടെ ഓഫീസിനെക്കുറിച്ചുള്ള പരാതി കിട്ടിക്കഴിഞ്ഞാൽ, തന്റെ മന്ത്രിസഭയിലെ മന്ത്രിമാരുടെ ഓഫീസിൽ അഴിമതി നടക്കുന്നുവെന്ന് ഒരു പരാതി കിട്ടിയാൽ, അത് ഊമക്കത്താണെങ്കിൽപ്പോലും, അതിനെക്കുറിച്ച് അന്വേഷിക്കുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ള

മന്ത്രിമാർ അഴിമതിക്ക് കുട പിടിക്കുന്നവരാണ് എന്നാണർത്ഥം. ഇവിടെ ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ ഇന്നലെ പറഞ്ഞ വളരെ പ്രധാനപ്പെട്ട കാര്യം അഴിമതി എന്ന് പറയുന്നത് പണം വാങ്ങൽ മാത്രമല്ല സ്വജനപക്ഷപാതം കൂടിയാണ് എന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ വ്യക്തിപരമായി ആക്ഷേപിക്കുകയല്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിൽമാത്രം 384 റോഡുകളും 14 പാലങ്ങളും നോൺ പ്ലാൻ ഫണ്ടിൽനിന്ന് കൊടുത്തുവെന്ന് പറഞ്ഞു. അതിന്റെ ടെണ്ടറുമായി ബന്ധപ്പെട്ട് ഗുരുതരമായ ആരോപണം ഉന്നയിക്കപ്പെട്ടു. പൊന്നാനി ബൈപ്പാസുമായി ബന്ധപ്പെട്ട് 7 കോടി രൂപയ്ക്ക് ടെണ്ടർ വിളിച്ചത് 30 കോടി രൂപയ്ക്ക് കൊടുത്തു. അതിനുശേഷം അതേ കരാറുകാരന് 25 കോടിരൂപ എക്സസ്സ് കൊടുത്തുവെന്നുപറഞ്ഞ് ഒരു ആരോപണം ഉന്നയിക്കപ്പെട്ടു. ഇതുപോലെ നിരവധി ആരോപണങ്ങൾ ബന്ധപ്പെട്ട വകുപ്പിനെതിരായി പറഞ്ഞിരിക്കുകയാണ്. 3 സ്റ്റാഫിനെക്കുറിച്ച് ഒരു കാര്യം പറഞ്ഞു. 5 പേർ ചേർന്നുകൊണ്ട് ഒരു അഴിമതി നടത്തിയാൽ ആ അഞ്ചുപേരെയും അറസ്റ്റ് ചെയ്യണ്ടേ? പക്ഷേ ഇവിടെ 5 പേരെയും ഇതിൽ കുറ്റക്കാരാക്കുന്നില്ല എന്ന് പറഞ്ഞു. അതിന്റെ അർത്ഥം ഈ അഴിമതിക്ക് പിന്നിൽ ഇവിടത്തെ മന്ത്രിമാരടക്കമുള്ള ആളുകൾക്ക് പങ്കുണ്ട് എന്നല്ലേ? ഇവിടെ പറഞ്ഞ 3 സ്റ്റാഫിനെപ്പറ്റി അന്വേഷിച്ചിരുന്നുവെന്ന് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നാസിമുദ്ദീൻ എന്ന സ്റ്റാഫിനെപ്പറ്റിയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരിയുടെ ഒരു ചോദ്യത്തിന് മന്ത്രി നൽകിയിരിക്കുന്ന മറുപടി ഞാൻ വായിക്കാം, 'പൊതുമരാമത്ത് വകുപ്പിലെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങുന്നുവെന്നാണ് ആരോപണം വന്നിരിക്കുന്നത്.' ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിനെപ്പറ്റിയാണ് ആരോപണം. മറുപടിയിൽ പറയുന്നു, 'പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എ. നാസിമുദ്ദീൻ കൈക്കൂലി വാങ്ങുന്നതായി ആരോപിച്ചുകൊണ്ട് 'ഡിപ്പാർട്ടുമെന്റ് എഞ്ചിനീയർ സ്റ്റാഫ് എന്ന് മാത്രം രേഖപ്പെടുത്തിയ ബന്ധപ്പെട്ടവരുടെ പേരും മേൽവിലാസവും ഇല്ലാത്ത ഒരു കത്ത് വിജിലൻസിന് ലഭിക്കുകയുണ്ടായി.' ആ കത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു രഹസ്യാന്വേഷണം നടത്തുകയുണ്ടായിയെന്നും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കണമെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും നിയമസഭയിൽ പറഞ്ഞ ആ ഉദ്യോഗസ്ഥനെയാണ് അവിടെ വച്ച് ഈ പരിപാടി നടത്തിക്കൊണ്ടിരിക്കുന്നത്. എന്നുമാത്രമല്ല, കൊല്ലം ജില്ലയിലെ പല കോൺട്രാക്ടർമാരുടെയും ബിസിനസ്സുമായി ബന്ധപ്പെട്ടുകൊണ്ട്, അവരുടെ പല ബന്ധുക്കളുമായും നേരിട്ട് ബന്ധമുള്ളവരാണ് ഈ ഉദ്യോഗസ്ഥന്മാർ

എന്നുള്ളതിനെപ്പറ്റി വ്യക്തമായ തെളിവുകൾ സഭയിൽ വയ്ക്കാൻ ഞാൻ തയ്യാറാണ്. എന്നുമാത്രമല്ല ഇത് ഒരു മന്ത്രിയെപ്പറ്റിയുള്ള ആരോപണമാണ്. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ അഴിമതി ആരോപണം ഉന്നയിച്ചപ്പോൾ മിണ്ടാതിരുന്നത് ? അങ്ങേയ്ക്ക് മിണ്ടാൻ പറ്റില്ല. പണ്ടുപറയുന്നതുപോലെ ഇരുന്ന് മുള്ളുന്നതിനെതിരായി പരാതി പറയാൻ നടന്ന് മുള്ളുന്നവന്റെ അടുത്ത് പോകുന്നതു പോലെയാണ്. കാര്യമെന്താണ് ? മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് അഴിമതിയാരോപണം ഉണ്ടായില്ലേ ? മുഖ്യമന്ത്രിയുടെ ഓഫീസിനെപ്പറ്റിയും അഴിമതിയാരോപണമുണ്ടായി. അവിടെയുണ്ടായിരുന്ന സലീം രാജിന്റെ ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട കേസ്. അങ്ങയുടെ ഗൺമാൻ ആയിരുന്നില്ലേ ; അറസ്റ്റ് ചെയ്യപ്പെട്ടില്ലേ ? ജിക്കു, ജോപ്പൻ എന്നിവർ അങ്ങയുടെ നിഴൽപോലെ ഉണ്ടായിരുന്ന ആളുകൾ ആയിരുന്നില്ലേ ? അങ്ങയുടെ സ്റ്റാഫിൽപ്പെട്ട എത്രയോ ആളുകളെ പോലീസ് അറസ്റ്റ് ചെയ്ത് ജയിലിൽ ആക്കിയിട്ടുണ്ട്. ഇത് മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന കാര്യമാണ്. ആ മന്ത്രിയുടെ ഓഫീസിനെപ്പറ്റി മാത്രമാണോ ; ശ്രീ. കെ. എം. മാണിയുടെ ഓഫീസിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാര്യമെന്താണ് ? ബഡ്ജറ്റ് വിറ്റ് കാശാക്കിക്കൊണ്ടിരിക്കുകയല്ലേ ; ബഡ്ജറ്റ് വിറ്റ് ഖജനാവ് കൊള്ളയടിച്ചു കൊണ്ടിരിക്കുകയല്ലേ ? നികുതി വർദ്ധിപ്പിക്കുമ്പോൾ കാശ്, നികുതി പിൻവലിക്കുമ്പോൾ കാശ്. വെറുതെ ഒരു ആരോപണവും ഉന്നയിക്കാൻ പാടില്ലായെന്ന് ഇവിടെ അങ്ങ് ഉന്നയിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, നിങ്ങൾ ഇക്കാര്യങ്ങൾ പുറത്തുപറയാൻ തയ്യാറാകുമോ ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഞാൻ എവിടെ വേണമെങ്കിലും പറയാൻ തയ്യാറാണ്. പുറത്തല്ല, അകത്തും പറയും. അങ്ങ് വിഷമിക്കേണ്ട കാര്യമില്ല. ഇവിടെ ബാർ കോഴ കേസ് ഉണ്ടായി. ഒരു കള്ളുഷാപ്പ് മുതലാളി പത്രസമ്മേളനം വിളിച്ചുകൂട്ടി പറഞ്ഞാൽ അതിന്റെ പേരിൽ അന്വേഷണം നടത്തണമോ എന്നാണ് മുഖ്യമന്ത്രിയുടെ ചോദ്യം. അതിനുശേഷം കോടതി പറഞ്ഞപ്പോൾ പറയുന്നത് എന്താണ്? കോടതിയിൽ ഒരു പരാമർശമുണ്ടായാൽ അതിന്റെ പേരിൽ രാജിവയ്ക്കണോ എന്നാണ്. ഇപ്പോൾ ഒരു ഭരണകക്ഷി എം.എൽ.എ. നിയമനിർമ്മാണ സഭയിൽ രേഖാമൂലം ആരോപണം ഉന്നയിക്കുമ്പോൾ പറയുന്നത് എന്താണ്? ചട്ടപ്രകാരം ഉന്നയിക്കാത്തതുകൊണ്ട് അന്വേഷിക്കാൻ പറ്റില്ല എന്നാണ്. ഇത് എവിടത്തെ ന്യായമാണ്? നിങ്ങൾക്ക് മാത്രമായി എന്ത്

ന്യായമാണ് ഉള്ളത് ? നിങ്ങൾ ഏതെങ്കിലും വിഷയത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ; ബഹുമാനപ്പെട്ട കെ. എം. മാണി ക്ഷുഭിതനായല്ലോ ; ഒരു കോടി രൂപ കോഴ വാങ്ങിയെന്ന് അങ്ങയെപ്പറ്റി ആരോപണമുണ്ടായപ്പോൾ അങ്ങയുടെ വൈസ് പ്രസിഡന്റ് ശ്രീ. പി. സി. ജോർജ് പറഞ്ഞത് എന്താണ് ? ഒരു കോടി രൂപയല്ല, 15 കോടി രൂപയുടെ കോഴ ആരോപണമുണ്ടായിട്ടുണ്ട്. ആ 15 കോടി രൂപയിൽ നിന്ന് ഒരു കോടി രൂപ ശ്രീ. കെ. എം. മാണിക്ക് കൊടുത്തെങ്കിൽ അത് പോകട്ടെ ; രണ്ടരക്കോടി രൂപ വക്കീലന്മാർക്ക് കൊടുത്തുവെങ്കിൽ അതും പോകട്ടെ ; ബാക്കി 12 കോടി രൂപ എവിടെപ്പോയി എന്നാണ് ശ്രീ. പി. സി. ജോർജ് ചോദിച്ചത്. 12 കോടി രൂപ എവിടെപ്പോയി ? കോഴപ്പണം എവിടെപ്പോയി ? പതിനായിരം കോടി രൂപയുടെ അഴിമതി ഇവിടെ നടന്നു. സോളാർ അഴിമതിയുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞിരുന്നില്ലേ ; പതിനായിരം കോടി രൂപയുടെ അഴിമതി എവിടെപ്പോയി ? ഇവിടത്തെ ഏത് മന്ത്രിയെ പറ്റിയാണ് അഴിമതിയാരോപണം ഇല്ലാതിരിക്കുന്നത് ? ശ്രീ. കെ. എം. മാണി ക്കെതിരെ അഴിമതിയാരോപണ മുണ്ടായപ്പോൾ അതിനെതിരായി വിജിലൻസ് അന്വേഷണത്തിന് ശ്രീ. രമേശ് ചെന്നിത്തല ഉത്തരവിട്ടു. ആ ഉത്തരവിട്ട കഴിഞ്ഞാൽ പിന്നെ മുഖ്യമന്ത്രി നടത്തിയ പ്രസ്താവന വാസ്തവത്തിൽ വിജിലൻസിനെ നിയന്ത്രിക്കാൻ വേണ്ടി ആയിരുന്നില്ലേ ? ഒരാളെപ്പറ്റി അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾ അയാൾ കുറ്റക്കാരനല്ല, അയാൾ കുറ്റം ചെയ്തിട്ടില്ല, അയാൾ അഴിമതിക്കാരനല്ല എന്ന് അന്വേഷണം നടത്തി വെളിപ്പെടുംമുമ്പ് മുഖ്യമന്ത്രിയുടെ പ്രസ്താവന വരുന്നത് അന്വേഷണത്തെ സ്വാധീനിക്കാൻ വേണ്ടിയാണ്. ഇവിടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്ന സംവിധാനമുണ്ടല്ലോ; അവിടെ ഇരിക്കുന്നവരെല്ലാം മോശക്കാരല്ല. പക്ഷേ അത് കൂട്ടിലടച്ച തത്തയല്ല. കാക്കാലന്റെ കയ്യിലെ കുരങ്ങുപോലെയാണ്. ആടിക്കളിക്കെടാ കൊച്ചുരാമാ എന്നുപറയുമ്പോൾ അത് ആടിക്കളിക്കും. ചാടിക്കളിക്കടാ കൊച്ചുരാമാ എന്നുപറയുമ്പോൾ ചാടിക്കളിക്കും. ചാഞ്ചാടി കളിക്കെടാ കൊച്ചുരാമാ എന്നുപറയുമ്പോൾ ചാഞ്ചാടിക്കളിക്കും. ചത്തപോലെ കിടക്കെടാ എന്നു പറയുമ്പോൾ അത് ചത്തതുപോലെകിടക്കും എന്നതുപോലെയാണ് ഇവിടത്തെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സംവിധാനം. അവർ അന്വേഷിച്ചാൽ കണ്ടുപിടിക്കുമോ ; അന്വേഷിക്കുന്നത് ആരെക്കുറിച്ചാണ് ? ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. കെ. എം. മാണി, പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിവരെയും മറ്റുപല മന്ത്രിമാരെക്കുറിച്ചും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് ഹോർട്ടിക്കൾച്ചർ മിഷനെപ്പറ്റി മംഗളം പത്രത്തിൽ വാർത്ത വന്നിരിക്കുന്നു. അത് മാത്രമാണോ ?

ഇവിടെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയെപ്പറ്റി ആരോപണമുണ്ടായില്ലേ ? ഇതിനുപുറമേ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിനെപ്പറ്റി പ്ലസ്ടുവുമായി ബന്ധപ്പെട്ട് അഴിമതിയാരോപണം ഉണ്ടായില്ലേ ? ഇഫ്താർ വിരുന്നിന്റെ പേരിൽ ലക്ഷക്കണക്കിന് രൂപ ഉദ്യോഗസ്ഥന്മാരെവച്ച് പിരിക്കുകയാണ്. നിങ്ങൾ ഞങ്ങളെ ഇഫ്താർ വിരുന്നിന് വിളിക്കുമ്പോൾ ഞങ്ങൾ വരുന്നത് നിങ്ങളുടെ മാന്യത ഓർത്താണ്. നിങ്ങൾ ഉദ്യോഗസ്ഥന്മാരെവച്ച് കാശ് പിരിച്ചാണ് ഇഫ്താർ വിരുന്ന് നടത്തുന്നതെങ്കിൽ അതിനേക്കാൾ വലിയ നാണക്കേട് നിങ്ങൾക്കുണ്ടോ ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. വി. എസ്. സുനിൽ കുമാർ, സമയം 12 മിനിട്ടായി. ഒന്ന് പറയട്ടെ. ബഹുമാനപ്പെട്ട സുനിൽ കുമാർ, ചെയർ പറയുന്നത് ശ്രദ്ധിക്കണം. അങ്ങ് എഴുതിത്തന്നിരിക്കുന്ന കാര്യങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞു. അങ്ങ് ഇപ്പോൾ പല കാര്യങ്ങളിലേക്കും പോകുകയാണ്. അങ്ങ് ഈ വിഷയത്തിൽ ഒതുങ്ങി നിന്ന് സംസാരിക്കണം. അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഞാൻ ഈ വിഷയത്തിൽ ഊന്നി നിന്നാണ് സംസാരിക്കുന്നത്. മന്ത്രിമാരുടെ ഓഫീസിലെ ഉദ്യോഗസ്ഥനെതിരെ ആരോപണമുണ്ടായാൽ അതിനർത്ഥമെന്താണ് ? മന്ത്രിമാരുടെ ഓഫീസിലെ ഉദ്യോഗസ്ഥന്മാരെ, മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്നത് മന്ത്രിമാരാണ്. മന്ത്രിമാരാണ് അവരുടെ പേഴ്സണൽ സ്റ്റാഫിനെ വച്ചുകൊണ്ടിരിക്കുന്നത്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് കുറ്റം ചെയ്താൽ, അഴിമതി നടത്തിയാൽ അതിനർത്ഥം മന്ത്രിമാർ അഴിമതി നടത്തിയെന്നാണ്. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ അധികാരകേന്ദ്രം മന്ത്രിമാരാണ്. പ്രൈവറ്റ് സെക്രട്ടറി കാശ് വാങ്ങിയാൽ മന്ത്രി അറിയാതിരിക്കുമോ ? ഇപ്പോൾ ഇവിടെ നടന്നിരിക്കുന്ന എല്ലാ അഴിമതിയും, മന്ത്രിമാരെപ്പറ്റി പറഞ്ഞു കൊണ്ടിരിക്കുന്ന അഴിമതികളെല്ലാം ഇതിലുണ്ട്. മാത്രമല്ല, ഉദ്യോഗസ്ഥന്മാരെ ഈ ഗവൺമെന്റ് അഴിമതിക്കുവേണ്ടി ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുകയാണ്. അതാണ് ശ്രീ. രമേശ് ചെന്നിത്തലയുടെ ലേഖനത്തിൽ പറയുന്ന ഭരണത്തിന്റെ ദുരുപയോഗം. ഇവിടെ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്ക് ഒരു പ്രശ്നവുമില്ല. നാനോ എക്സൽ കേസിലെ നന്ദകുമാർ എന്ന ഉദ്യോഗസ്ഥൻ ശ്രീ. കെ. എം. മാണി യുടെ ഡിപ്പാർട്ടുമെന്റിലാണ്. അദ്ദേഹത്തിനെതിരായി കോടിക്കണക്കിന് രൂപയുടെ അഴിമതിയാരോപണമുണ്ടായി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങ് എന്തും

പറയാമെന്ന് ധരിക്കരുത്. അത് ശരിയല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അദ്ദേഹത്തെ സസ്പെൻഡ് ചെയ്തു. 24 മണിക്കൂറിനകം ശ്രീ. കെ. എം. മാണിയുടെ ഓഫീസ് ഇടപെട്ട് അദ്ദേഹത്തെ തിരികെ കൊണ്ടുവന്നു. ......(തടസ്സം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് നോട്ടീസ് നൽകിയിട്ടുള്ള വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇവിടെ അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാർ കോടിക്കണക്കിനും ലക്ഷക്കണക്കിനും രൂപ കൊടുത്ത് മന്ത്രിമാരെ സ്വാധീനിച്ച് ഇഷ്ടപ്പെട്ട .....(തടസ്സം) ........

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ് ......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കോടിക്കണക്കിന് രൂപ ഖജനാവ് കൊള്ളയടിച്ച് സമ്പന്നന്മാരായി മാറുന്ന സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ടായിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ് ......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ശ്രീ. ടി. ഒ. സൂരജിന്റെ വസതിയിൽ റെയ്ഡ് നടത്തിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അത് തെറ്റായിപ്പോയി എന്നാണ് പറഞ്ഞത്. ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ആരോപണത്തെപ്പറ്റി വളരെ ലാഘവത്തോടുകൂടി പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് മുമ്പ് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച ആരോപണം തെറ്റാണെന്ന് പറഞ്ഞു. ശ്രീ. എ. കെ. ബാലൻ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ നിങ്ങൾ അന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണം നടത്തിയപ്പോൾ 900 ഏക്കർ ഭൂമി റവന്യൂ ഭൂമിയായി കണ്ടെത്തിയില്ലേ? അതുകൊണ്ട് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച ആരോപണങ്ങളൊക്കെ തെറ്റാണെന്ന് പറഞ്ഞ് തള്ളിക്കളയേണ്ട. നിങ്ങൾ എനിക്ക് എഴുതിക്കൊടുക്കാൻ അവസരം തന്നാൽ ഒരു മന്ത്രിയെപ്പറ്റിയുള്ള ആരോപണംകൂടിയുണ്ട് എന്ന കാര്യംകൂടി ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞു. ഏത് മന്ത്രിയെക്കുറിച്ചാണ് ആരോപണമുള്ളത് ?



മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ് ......

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, നിങ്ങൾ തെറ്റ് ചെയ്തവരെ ശിക്ഷിക്കാതെ ആരോപണമുന്നയിച്ചവരെ ശിക്ഷിക്കുകയാണ് ചെയ്യുന്നത്. ശ്രീ. രാജു നാരായണ സ്വാമി കൊടുത്ത പരാതി അന്വേഷിക്കുന്നതിനുപകരം രാജു നാരായണ സ്വാമിക്കെതിരെ നടപടിയെടുത്തു. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഒരു അഴിമതിയാരോപണം ഉന്നയിച്ചപ്പോൾ ഗണേഷ് കുമാറിന്റെ പാർട്ടിയെ യു.ഡി.എഫ്.-ൽ നിന്ന് പുറത്താക്കാൻ പോകുന്നു. ഇവിടെ പരാതി ഉന്നയിക്കുന്നവനാണ് ഏറ്റവും വലിയ തെറ്റുകാരൻ എന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഡോ. മൻമോഹൻ സിംഗിന്റെ ഗതികേടാണ് നിങ്ങൾക്കുണ്ടാകാൻ പോകുന്നത്. ഡോ. മൻമോഹൻ സിംഗ് 10 കൊല്ലം അധികാരത്തിലിരിക്കുമ്പോൾ 2 ജി സ്പെക്ട്രം കേസ് എന്തായി ? അതേ നയം നിങ്ങൾ സ്വീകരിക്കുകയാണ്. നിങ്ങൾ അന്വേഷിച്ചില്ല, പക്ഷേ സുപ്രീം കോടതി ഇടപെട്ട്, സുപ്രീം കോടതിയുടെ നിയന്ത്രണത്തിൽ അന്വേഷണം നടത്തിയപ്പോൾ കുറ്റക്കാർ വെളിച്ചത്തുവന്നു. കൽക്കരി കുംഭകോണവും നിങ്ങൾ അന്വേഷിച്ചില്ല. സുപ്രീം കോടതിയുടെ നിയന്ത്രണത്തിൽ അന്വേഷണം നടത്തിയപ്പോൾ കുറ്റക്കാരിൽ ചിലരെങ്കിലും വെളിച്ചത്തുവന്നു. ഡോ. മൻമോഹൻ സിംഗ്, ശ്രീ. പി. ചിദംബരം, ശ്രീ. കപിൽ സിബൽ ഇവരൊക്കെ ഇപ്പോൾ എവിടെപ്പോയി ? ആ ഗതികേട് ഇവിടെയിരിക്കുന്ന ഓരോ മന്ത്രിമാർക്കായി വരികയാണ്. ഞാൻ എല്ലാ മന്ത്രിമാരെപ്പറ്റിയും പറയാത്തത് സമയക്കുറവുകൊണ്ടാണ്. ഇന്നലെ നിയമസഭയെ ഞെട്ടിപ്പിച്ചുകൊണ്ട് ഭരണകക്ഷി എം.എൽ.എ. ആയ ശ്രീ. കെ. ബി. ഗണേഷ് കുമാർ അവതരിപ്പിച്ച അഴിമതിയാരോപണം അതീവ ഗുരുതരമാണ്. ഇക്കാര്യത്തിൽ നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറായാൽ എല്ലാ തെളിവുകളും നൽകാൻ തയ്യാറാണെന്നുപറഞ്ഞ് ശ്രീ. കെ. ബി. ഗണേഷ് കുമാർ നിങ്ങളെ വെല്ലുവിളിച്ചില്ലേ? നിയമം നിയമത്തിന്റെ വഴിക്കുപോകുമെന്ന് ആണയിട്ട് പറയുന്ന അങ്ങ് ഈ വിഷയം നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറുണ്ടോ? ഈ വിഷയത്തെക്കുറിച്ച് ......(തടസ്സം) .......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 16 മിനിട്ടായി. ..... എത്ര മിനിട്ട് വേണം....... sorry......

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, കുഞ്ഞാഞ്ഞയുടെ പാട്ട് നല്ല പാട്ടാണെന്ന് കുഞ്ഞാഞ്ഞതന്നെ പറഞ്ഞതായി പണ്ട് നാട്ടിൻപുറത്ത് പറയും. അതുപോലെ ഉമ്മൻ ചാണ്ടി പറയുന്നത്, ഞാൻ തെറ്റ് ചെയ്തിട്ടില്ല എന്നാണ്. ശ്രീ. കെ. എം. മാണിയും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും ശ്രീ. പി. കെ. അബ്ദു റബ്ബും അവർ തെറ്റ് ചെയ്തിട്ടില്ല എന്നാണ് പറയുന്നത്. അവർ പറഞ്ഞാൽ ശ്രീ. ഉമ്മൻ

ചാണ്ടിക്ക് വേദവാക്യമാണ്. കാരണം അവർക്കെതിരെ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ധൈര്യമോ ചങ്കൂറ്റമോ ഇല്ലാതിരിക്കാൻ കാരണം അദ്ദേഹത്തിനെതിരെയാണ് എല്ലാ വിരലുകളും ചൂണ്ടുന്നത്. ശ്രീ. കെ. എം. മാണിക്കെതിരെ .....(തടസ്സം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു അടിയന്തരപ്രമേയത്തിന് എത്ര മിനിട്ട് വേണം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബാർ അസോസിയേഷന്റെ പ്രസിഡന്റ് പറഞ്ഞതുപോലെ വളയ്ക്കാനും ഒടിക്കാനും കഴിയുന്ന, എന്തിനും കഴിയുന്ന, ആര് വിചാരിച്ചാലും സമ്പത്തുണ്ടെങ്കിൽ സ്വാധീനിക്കാൻ കഴിയുന്ന, അഴിമതി നിറഞ്ഞ ഗവൺമെന്റിന്റെ തലപ്പത്താണ് അങ്ങിരിക്കുന്നത് ..... (തടസ്സം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ഇപ്പോൾത്തന്നെ എത്ര മിനിട്ടായി.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ചുരുക്കിപ്പറയാം. ഇവിടെ ഭരണ കക്ഷിയുടെ എം.എൽ.എ. തന്നെ മന്ത്രിമാരെപ്പറ്റി, മന്ത്രിമാരുടെ ഓഫീസിനെപ്പറ്റി അതീവ ഗുരുതരമായ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ടിരിക്കുകയാണ്. ഇത് അന്വേഷിക്കില്ല എന്ന ലാഘവത്തോടെയുള്ള സമീപനം ഗവൺമെന്റ് അവസാനിപ്പിക്കാൻ തയ്യാറുണ്ടോ ? ഗവൺമെന്റ് നിയമസഭാ സമിതിയെവച്ച് ഇക്കാര്യം അന്വേഷിക്കാൻ തയ്യാറാകണം. അന്വേഷിച്ച് തെറ്റേത്, ശരിയേത് എന്ന് കണ്ടുപിടിക്കാൻ നിങ്ങൾ തയ്യാറാണോ ? ഇത് സംബന്ധിച്ച് ഈ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന് ശക്തമായി ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ശ്രീ. വി. എസ്. സുനിൽ കുമാർ വളരെ ഗുരുതരമായ ആരോപണമാണ് ഉന്നയിച്ചത് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ആ ആരോപണത്തിൽ ഒരു പങ്കാളിത്തം ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാറിനും കൂടിയുണ്ട് എന്നുള്ളതിന്റെ സാക്ഷി പത്രമാണിത്. കാരണം പൊന്നാനിയിലെ കാര്യംപറഞ്ഞു, ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെയുണ്ട്, അദ്ദേഹത്തിന്റെ ലെറ്ററുണ്ട്. ശ്രീ. പി. ശ്രീരാമകൃഷ്ണനും ഡോ. കെ. ടി. ജലീലും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ എം.പി.-യുമൊക്കെ മുഖ്യമന്ത്രിയെ കാണുകയും നിരവധിതവണ ആവശ്യപ്പെടുകയും നിരവധി കോൺഫറൻസുകൾ നടത്തുകയും ചെയ്തതിനുശേഷമാണ് എൻ.എച്ച്.-ന്റെ വർക്ക് കേരള ഗവൺമെന്റ് ഏറ്റെടുക്കാൻ തീരുമാനിച്ചത്. അത് ക്യാബിനറ്റിൽ വന്നതിനുശേഷം നിരവധി തവണ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ എല്ലാ തലത്തിലുമുള്ള

പരിശോധനയ്ക്ക് വിധേയമായിട്ടാണ് 25 കോടി രൂപ അനുവദിച്ചത് എന്ന സത്യം നിയമസഭയിൽ പ്രതിപക്ഷത്തിരിക്കുന്ന മിക്ക അംഗങ്ങൾക്കും അറിയാം. ശ്രീ. പി. ശ്രീരാമകൃഷ്ണനും ഡോ. കെ. ടി. ജലീലും ഇത് നിഷേധിക്കട്ടെ. ആടിനെ പട്ടിയാക്കുന്ന സ്വഭാവം ഇനിയെങ്കിലും അവസാനിപ്പിക്കണം. ഇത് ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ കത്താണ് (കത്ത് ഉയർത്തിക്കാണിക്കുന്നു). അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ കയ്പമംഗലത്ത് 6 വർഷം മുമ്പ് ആലാ-ഗോതുരുത്ത് പാലം നിർമ്മിച്ചു. അതിന് അപ്രോച്ച് റോഡില്ലാത്തതിനാൽ അദ്ദേഹത്തിന് മണ്ഡലത്തിലേക്ക് കടക്കാൻ സാധിക്കുന്നില്ല, ബി.ജെ.പി.-ക്കാരുടെ ശല്യമാണെന്ന് എത്രയോ പ്രാവശ്യം എന്നോട് വന്ന് കരഞ്ഞുപറഞ്ഞു. ഞാൻ ബി.ജെ.പി.-യുടെ സെക്രട്ടറി ശ്രീ. എ. എൻ. രാധാകൃഷ്ണനെ വിളിച്ച് കുഴപ്പമുണ്ടാക്കല്ലേ, ഞാനത് ചെയ്തുകൊടുത്തുകൊള്ളാം എന്നുപറഞ്ഞു. ശ്രീ. വി. എസ്. സുനിൽകുമാർ തന്നെ നിരവധി പ്രാവശ്യം ധനകാര്യ വകുപ്പുമന്ത്രിയെ സമീപിച്ചതിനുശേഷമാണ് ആ പണി ചെയ്തത്. അത് പൂർത്തിയാകുന്നതേയുള്ളൂ, ആറ് മാസമായിട്ടില്ല. അതിനു മുമ്പുതന്നെ അദ്ദേഹം ഈ ആരോപണം ഉന്നയിച്ചു. ...........(ബഹളം).......... ഞാനിത് മേശപ്പുറത്ത് വയ്ക്കാം. .......(ബഹളം)..........

10.00 A.M]

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വി. എസ്. സുനിൽ കുമാർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞാൽ അങ്ങയെ സംസാരിക്കാൻ അനുവദിക്കുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, റിവൈസ്ഡ് എസ്റ്റിമേറ്റും പുതിയ ഭരണാനുമതിയും കൊടുക്കുന്ന കാര്യത്തിനാണ് ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ ആരോപണങ്ങൾ ഉന്നയിച്ചത്. എങ്ങനെയാണത് കൊടുക്കുന്നത് ? ഇന്ന് ആക്ഷേപം ഉന്നയിച്ചത് ശ്രീ. വി. എസ്. സുനിൽ കുമാറാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇന്നലെയാണ് പറഞ്ഞത്. സാത്വികനായ നേതാവാണ് ശ്രീ. പി. കെ. ഗുരുദാസൻ. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇവിടെയുണ്ട്. കൊല്ലം ഇരുമ്പുപാലത്തിന് സാങ്ഷൻ കൊടുത്തിട്ടില്ല. ഇങ്ങനെയാണെങ്കിൽ സാങ്ഷൻ കൊടുക്കണോ വേണ്ടയോ എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആലോചിക്കണം, ഇനിയും പ്രതിക്കൂട്ടിൽ കയറാനുള്ള ഒരവസരമാണത്. ഇരുമ്പുപാലം നാഷണൽ ഹൈവേയിലാണ്. എസ്റ്റിമേറ്റ് എടുത്തത് ഇരുമ്പ് പാലത്തിന് മാത്രമാണ്. രണ്ട് വശവുമുള്ള അപ്രോച്ച് റോഡിന് എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല. ഇരുമ്പുപാലത്തിന്റെ വർക്ക് വളരെ വേഗത്തിൽ തീർത്തു. ബഹുമാനപ്പെട്ട തൊഴിൽ

വകുപ്പുമന്ത്രിയും ശ്രീ. പി. കെ. ഗുരുദാസനും വളരെ താല്പര്യമെടുത്ത് ചെയ്തതും എന്റെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതുമാണ് ആ പാലം. പക്ഷേ, രണ്ട് സൈഡിൽനിന്നും വാഹനങ്ങൾ പാലത്തിൽ കയറാൻ കഴിയില്ലെന്ന വിവരം ശ്രീ. പി. കെ. ഗുരുദാസനും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും എന്നോടും മുഖ്യമന്ത്രിയോടും പറഞ്ഞതാണ്. ഇതുസംബന്ധിച്ച് നിരവധി മീറ്റിംഗുകൾകൂടി. എൻ. എച്ച്. ആയിരുന്നിട്ടുപോലും റോഡല്ല, പാലം തന്നെ അപ്രോച്ച് റോഡാക്കാമെന്ന് തീരുമാനിച്ച് എല്ലാ പരിശോധനകളും പൂർത്തിയാക്കി സി.ടി.ഇ.-യുടെ പരിഗണനയിലാണ്. അത് കൊടുക്കണോ വേണ്ടയോ എന്നുള്ളത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തീരുമാനിക്കും. ഇക്കാര്യം ശ്രീ. പി. കെ. ഗുരുദാസന് നിഷേധിക്കാൻ കഴിയുമോ? ഇതുപോലെ ഭരണ-പ്രതിപക്ഷത്തുള്ള എല്ലാ എം.എൽ.എ.-മാരുടെയും കാര്യങ്ങൾ പറയേണ്ടി വരും.......(ബഹളം)....... ഇതൊന്നും ഇല്ലാത്ത എം.എൽ.എ.മാരുമുണ്ട്. ഭൂരിപക്ഷം ആളുകളും ആവശ്യപ്പെട്ടതനുസരിച്ച് കാര്യങ്ങൾ ചെയ്യുകയും ഇപ്പോഴും ചെയ്തു കൊണ്ടിരിക്കുകയുമാണ്. ശ്രീ. കെ. അജിത്, മുറിഞ്ഞപുഴപാലം ചെയ്തില്ലേ ? മാത്രമല്ല, ഈ പ്രശ്നം ഉണ്ടായപ്പോൾ ഇന്നലെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ കണക്കെടുപ്പിച്ചു. ഒരു ദിവസംമാത്രം സമയം കിട്ടിയതുകൊണ്ട് റോഡ്സ് ആന്റ് ബ്രിഡ്ജസ് മാത്രമേ ലഭിച്ചിട്ടുള്ളൂ. 2006 മുതൽ 2014 വരെ കൊടുത്തിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ മുഴുവൻ കണക്കും എന്റെ കയ്യിലുണ്ട്. ഞാനത് മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്. കഴിഞ്ഞ ഗവൺമെന്റ് കൊടുത്ത അത്രയും തുക ഈ ഗവൺമെന്റ് കൊടുത്തിട്ടില്ല. എല്ലായ്പ്പോഴും നടന്നുകൊണ്ടിരിക്കുന്ന പ്രക്രിയ യാണിത്. ഏതെങ്കിലും കേസ്സിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ചൂണ്ടിക്കാ ണിക്കാം; അങ്ങനെ ചൂണ്ടിക്കാണിച്ചാൽ അന്വേഷിക്കുന്നതാണ്. ഇങ്ങനെ കാടടച്ച് പറഞ്ഞ് സംസ്ഥാനത്തിന്റെ വികസനം മുരടിപ്പിക്കരുതെന്നാണ് എനിക്ക് അഭ്യർ ത്ഥിക്കാനുള്ളത്.

എനിക്ക് പറയാനുള്ള മറ്റൊരു സംഗതി, പേഴ്സണൽ സ്റ്റാഫിനെപ്പറ്റി ഇവിടെ പറഞ്ഞതാണ്. അതുസംബന്ധിച്ച വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈവശമുണ്ട്, അദ്ദേഹം ഇപ്പോൾ എന്നെ കാണിച്ചതാണ്. എ. നാസിമുദ്ദീന്റെ കാര്യമാണെങ്കിൽ, ഒരു ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് അന്വേഷണം നടത്തിയ ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ മന്ത്രി ഭരണപക്ഷത്തും മുൻ ആഭ്യന്തര വകുപ്പുമന്ത്രി പ്രതിപക്ഷത്തും ഇരിക്കുന്നുണ്ട്. ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ കേസ് എടുക്കേണ്ടെന്ന് ബഹുമാനപ്പെട്ട സുപ്രീം

കോടതിയുടെ വെർഡിക്റ്റുണ്ട്. അതുപോലും ലംഘിച്ചു കൊണ്ട് ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്ത്, അന്വേഷണം നടത്തി, പരിശോധിച്ച് ക്ലിയറൻസ് കിട്ടിയതിനുശേഷമാണ് എ. നാസിമുദ്ദീനെ പേഴ്സണൽ സ്റ്റാഫിൽ എടുത്തത്. അതിന്റെ റിക്കോർഡ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിലുണ്ട്. മറ്റ് രണ്ടുപേരുടെ പേര് പറഞ്ഞത് അത്ഭുതമാണ്. ഒരാൾ നിയമസഭാ സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറിയായിരുന്നു. ശമ്പളം വാങ്ങുന്നതു പോലും അറിയാൻ കഴിയാത്ത പാവപ്പെട്ട മനുഷ്യനാണദ്ദേഹം. മറ്റൊരാൾ അദർ ഡ്യൂട്ടിയാണെന്ന് ഞാൻ ഇന്നലെ തന്നെ പറഞ്ഞതാണ്. എന്തിനാണ് ഈ ആരോപണങ്ങൾ കൊണ്ടുവന്നത്; അതിന്റെ പിന്നിൽ ആരാണ്, തുടങ്ങിയ കാര്യങ്ങൾ വളരെ വ്യക്തമാണ്. ഞാൻ ഈ ആരോപണങ്ങളെല്ലാം നിഷേധിക്കുന്നു. ഞാൻ ആരുടെയും വികാരങ്ങൾ വ്രണപ്പെടുത്തുന്നില്ല. സത്യം മാത്രമാണ് പറഞ്ഞിട്ടുള്ളതെന്ന് എല്ലാവർക്കും ബോദ്ധ്യമായതു കൊണ്ട് അനാവശ്യമായ ആരോപണങ്ങളുമായി മുന്നോട്ട് പോകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്നലെ ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച ആരോപണത്തെക്കുറിച്ചാണ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. പക്ഷേ, ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ പ്രസംഗം, ആ ആരോപണം പരാമർശിച്ചശേഷം മറ്റ് കാര്യങ്ങളിലേക്ക് കടക്കുകയായിരുന്നു. സോളാർ വിഷയംവരെ പോയി. സോളാർ കേസ്സിൽ ജുഡീഷ്യൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണത്തിൽനിന്നും ഇവിടെ ആക്ഷേപം ഉന്നയിച്ചവരൊക്കെ പിന്മാറി. അതിന്റെ ടേംസ് ഓഫ് റഫറൻസിൽ മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെടുത്തിയില്ലെന്നതാണ് അതിന് കാരണം പറഞ്ഞത്. ഇപ്പോൾ കമ്മീഷൻ പറഞ്ഞത്, മുഖ്യമന്ത്രിയുടെ ഓഫീസും ടേംസ് ഓഫ് റഫറൻസിൽ വരുമെന്നാണ്. കാരണം ടേംസ് ഓഫ് റഫറൻസ് അതാണ്. ഇതുവരെ നടന്ന ജുഡീഷ്യൽ അന്വേഷണത്തിലൊന്നും വച്ചിട്ടില്ലാത്ത വിധത്തിൽ, സോളാർ കേസ്സുമായി ബന്ധപ്പെട്ട് നിയമസഭയിലും പുറത്തും ഉന്നയിച്ച എല്ലാ കാര്യങ്ങളും ആ കാലഘട്ടത്തിൽ മാധ്യമങ്ങളിൽ വന്നിട്ടുള്ള എല്ലാ കാര്യങ്ങളും അന്വേഷണത്തിന്റെ പരിധിയിൽപ്പെടും. അങ്ങനെയൊരു ടേംസ് ഓഫ് റഫറൻസ് ഇതുവരെ ഉണ്ടായിട്ടുണ്ടോ ? സ്പെസിഫിക്കായി കാര്യങ്ങൾ പറയുന്നതിനപ്പുറത്ത് ഇത്രയും വിപുലമായ രീതിയിൽ ടേംസ് ഓഫ് റഫറൻസ് വച്ചിട്ടും മുഖ്യമന്ത്രിയുടെ ഓഫീസ് വരില്ലെന്ന് പറഞ്ഞാണ് പിന്മാറിയത്. മുഖ്യമന്ത്രിയുടെ ഓഫീസ് ഉൾപ്പെടുമെന്ന് ഇപ്പോൾ കമ്മീഷൻതന്നെ പറഞ്ഞിരിക്കുന്നു. ഇതിനെക്കുറിച്ച്

നിങ്ങൾക്ക് എന്താണ് പറയാനുള്ളത് ? ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെ കുറിച്ച് മറ്റൊന്നും പറയാനില്ലാത്തതുകൊണ്ടാണ് വീണ്ടും അതേ വിഷയംതന്നെ പറയുന്നത്. കുറ്റം ചെയ്തവരെ ഞാൻ സംരക്ഷിക്കില്ലെന്ന് പറഞ്ഞപ്പോൾ അങ്ങത് വളരെ നിസ്സാരവത്ക്കരിച്ചുകണ്ടു. ഇവിടെ ഇന്നലെ മൂന്ന് പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെക്കുറിച്ച് പറഞ്ഞു. അതിൽ രണ്ടുപേരെക്കുറിച്ചും ഒരു പരാതിയും ഇതുവരെ ഉണ്ടായിട്ടില്ല. ഒരാളെ പരാമർശിച്ചാണ് ഊമക്കത്ത് വന്നത്. ആ ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് അന്വേഷിച്ചു. അന്വേഷണം എല്ലാ തലങ്ങളിലും നടത്തിയതിനുശേഷം അദ്ദേഹത്തിന്റെ സ്വത്ത് സമ്പാദന ത്തെക്കുറിച്ചുകൂടി അന്വേഷിക്കണമെന്ന് അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞതനുസരിച്ച് അതും അന്വേഷിച്ചു. തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ സെൽ എസ്.പി. ഓഫീസ് മുഖാന്തിരം അദ്ദേഹത്തിന്റെ സ്വത്ത് സമ്പാദനത്തെ കുറിച്ച് അന്വേഷണം നടത്തിയതിൽ അനധികൃതമായി സ്വത്ത് സമ്പാദിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന റിപ്പോർട്ടും വന്നിരിക്കുകയാണ്. കുറ്റം ചെയ്യുന്ന ഒരാളും പേഴ്സണൽ സ്റ്റാഫിൽ വരില്ല. പക്ഷേ, കുറ്റം ചെയ്യാത്ത ഒരാളെ, അത് ഭരണകക്ഷിയോ പ്രതിപക്ഷാംഗമോ ആരായാലും, ആരുടെയെങ്കിലും സൗകര്യത്തിനായി, പഴിചാരാൻ വേണ്ടി ശ്രമം നടത്തിയാൽ, എന്തുസംഭവിച്ചാലും ഈ ഗവൺമെന്റിന്റെ കാലത്ത് അത് നടക്കില്ല.

ശ്രീ. ടി. ഒ. സൂരജിന്റെ പേരിൽ പരാതി കിട്ടിയപ്പോൾ നിയമാനുസൃതമായ നടപടികളുമായി മുന്നോട്ടുപോയി. അക്കാര്യത്തിൽ ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. അതിലും ചെയ്ത കുറ്റത്തിന്, അല്ലെങ്കിൽ കണ്ടെത്തുന്ന കുറ്റങ്ങൾക്ക് നിയമ പരമായിട്ടുള്ള നടപടികളുണ്ടാകും. അഴിമതി ആരോപണം ഉന്നയിക്കുമ്പോൾ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതാണ്. ഇന്നലെ ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞ കാര്യങ്ങൾ മാത്രമാണ് ഇന്ന് നിങ്ങളിവിടെ പറഞ്ഞത്. പക്ഷെ നിങ്ങൾക്ക് അതിനപ്പുറത്തേയ്ക്ക് പോകാനില്ല. ഇന്നലെ നിങ്ങൾ എഴുതിത്തന്ന ആരോപണങ്ങൾ എന്റെ കയ്യിലുണ്ട്. അത് ഉന്നയിക്കാത്തത് എന്തുകൊണ്ടാണ്; അതുന്നയിക്കാനുള്ള അവസരം നിങ്ങളെടുക്കാതിരുന്നത് എന്തുകൊണ്ടാണ്? ഈ ഗവൺമെന്റിന്റെ കാലത്ത് പി.ഡബ്ല്യു.ഡി. നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെയിരിക്കുന്ന മുഴുവൻ എം.എൽ.എ.-മാർക്കുമറിയാം. ഞാൻ പല സ്ഥലങ്ങളിലും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെയും പൊതുമരാമത്ത് വകുപ്പിനെയും അഭിനന്ദിച്ചിട്ടുണ്ട്. ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, ഈ ഗവൺമെന്റിന്റെ ഭരണത്തിൽ ഏറ്റവും കാര്യക്ഷമതയോടുകൂടി പൊതുമരാമത്ത് വകുപ്പ് ഇവിടെ പ്രവർത്തിച്ചിട്ടുണ്ട്.

ബഡ്ജറ്റ് അലോക്കേഷനേക്കാൾ അഞ്ചിരട്ടിയിലധികം തുകവരെ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

അങ്ങ് ഇവിടെ പൊന്നാനിയെക്കുറിച്ച് പറഞ്ഞല്ലോ. പൊന്നാനിയെ സംബന്ധിച്ച് പറഞ്ഞ കാര്യത്തിൽ അഴിമതി ആരോപണം ഉന്നയിക്കുകയാണെങ്കിൽ അത് ആദ്യം ഉന്നയിക്കേണ്ടത് എനിക്കെതിരായിട്ടാണ്. കാരണം എം.എൽ.എ.മാരും എം.പി.മാരും ആവശ്യപ്പെട്ടപ്പോൾ അതിന് മുൻകയ്യെടുത്തത് ഞാനാണ്. ഞങ്ങൾക്ക് വേണമെങ്കിൽ അത് നാഷണൽ ഹൈവേയുടെ വർക്കായതുകൊണ്ട് നാഷണൽ ഹൈവേ ചെയ്യട്ടെ, സ്റ്റേറ്റ് ഗവൺമെന്റിന് ഒരു ഉത്തരവാദിത്വവുമില്ലായെന്നുള്ള നിലയിൽ മാറിനിൽക്കാമായിരുന്നു. ഞാനാണ് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനോട് പറഞ്ഞത്, അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വർക്കാണ്, പ്രത്യേകിച്ച് അവിടെ പുതിയ പാലംകൂടി വന്ന സാഹചര്യത്തിൽ ആ വർക്കിന് വലിയ പ്രാധാന്യമുണ്ട്, അങ്ങനെ ഞങ്ങൾ നിരവധി പ്രാവശ്യം ചർച്ച ചെയ്തിട്ടാണ് ആ വർക്ക് ഏറ്റെടുത്തത്. ആലപ്പുഴ-കൊല്ലം ബൈപ്പാസിന്റെ വർക്ക് തുടങ്ങിയിട്ട് എത്ര വർഷമായി? തലമുറകൾ കഴിഞ്ഞില്ലേ, പക്ഷെ വർക്ക് നടക്കുന്നില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചാണെങ്കിലും ആ വർക്ക് നടത്തണ മെന്ന് ഞങ്ങൾ തീരുമാനിച്ചു. കേന്ദ്ര ഗവൺമെന്റിന് ഇത് സംബന്ധിച്ച് എഴുതി. 50 ശതമാനം കേന്ദ്ര വിഹിതം തരാമെന്ന് സമ്മതിച്ചു. ബാക്കി 50 ശതമാനം സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയാൽ മതി. നമുക്കെന്തെങ്കിലും ആവശ്യമുണ്ടോ ? ഇത്രയും നാൾ വർക്ക് നടന്നില്ല, അതവിടെ കിടക്കട്ടെയെന്ന് കരുതിയാൽ പോരേ ; ഞങ്ങളങ്ങനെ കരുതിയില്ല. ആലപ്പുഴ-കൊല്ലം ബൈപ്പാസിന്റെ വർക്ക് തീരണം. സംസ്ഥാന ഗവൺമെന്റ് 50 ശതമാനം വിഹിതം എടുക്കാൻ തയ്യാറായി. കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് അതിന്റെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

ഇവിടെയിപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിനെക്കുറിച്ച് പറഞ്ഞു. റിവൈസ്ഡ് എസ്റ്റിമേറ്റ് എത്ര കോടി രൂപയ്ക്ക് കൊടുത്തു? അതിന്റെ ഒരു ശതമാനം കണക്കാക്കി അഴിമതി ആരോപണം ഉന്നയിക്കുക എന്നുപറഞ്ഞാൽ എവിടേയ്ക്കാണ് നമ്മൾ കാര്യങ്ങൾ നീക്കുന്നത് ? അഴിമതിയെ എതിർക്കണം, അഴിമതി കാണിക്കുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം. ശക്തമായ നടപടികൾ വേണം, ഈ ഗവൺമെന്റിന്റെ കാലത്ത് ആ ഒരു സമീപനം തന്നെയാണ് എടുത്തിരിക്കുന്നത്, പക്ഷെ, ചെയ്യേണ്ടകാര്യങ്ങൾ ചെയ്യും. ഇപ്പോൾ ഞങ്ങൾക്കറിയാം ആക്ഷേപങ്ങളും ആരോപണങ്ങളും കൂടിവരുന്നുണ്ട്. കാരണം, അസംബ്ലി തെരഞ്ഞെടുപ്പ് വരികയാണ്, ആരോപണമുന്നയിച്ചാൽ, ഇതുപോലുള്ള വികസന പ്രവർത്തനങ്ങളിൽ നിന്നൊക്കെ

നമ്മൾ മടിച്ചുനിൽക്കണമെന്ന് പറഞ്ഞാൽ, ശ്രീ. വി. എസ്. സുനിൽ കുമാർ, നടക്കില്ല. ഞങ്ങൾ കൂടുതൽ പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുകതന്നെ ചെയ്യും. കാരണം, ഞങ്ങളുടെ കമ്മിറ്റ്മെന്റ് ഈ രാജ്യത്തെ ജനങ്ങളോടാണ്. അവർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുകതന്നെ ചെയ്യും. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെപ്പോലെ, ഇവിടത്തെ എല്ലാ വിഭാഗം എം.എൽ.എ. മാരോടും നീതി പുലർത്തി പ്രവർത്തിച്ച് വളരെയധികം കാര്യങ്ങൾ ചെയ്ത അദ്ദേഹത്തിനെതിരെയുള്ള മറ്റൊരാരോപണം എന്നു പറയുന്നത്, നിയോജകമണ്ഡലത്തിൽ കൂടുതൽ വർക്ക് നടത്തിയെന്നതാണ്. വർക്കിന്റെ എണ്ണം കൂടുതലാണ്. അതിന്റെ ആകെ തുക കൂട്ടിയാൽ അതിനേക്കാൾ വളരെയേറെ വർക്ക് നടന്നിട്ടുള്ള നിയോജകമണ്ഡലങ്ങളാണ് കേരളത്തിലെ പല നിയോജക മണ്ഡലങ്ങളുമെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഞാൻ അവസാനിപ്പിക്കുകയാണ്, കാരണം അതുകൊണ്ട് ആരെങ്കിലും പറയുന്നതിനെ ഏറ്റുപിടിച്ച് മുമ്പോട്ടുവന്നാൽ തിരിച്ചടിയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സത്യത്തിനും യാഥാർത്ഥ്യങ്ങൾക്കും വസ്തുതകൾക്കും ഉള്ളിൽനിന്നുകൊണ്ട് പ്രവർത്തിക്കുന്നതാണ് നമ്മുടെ രാഷ്ട്രീയത്തിൽ നമ്മൾ സ്വീകരിക്കേണ്ട സമീപനം. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ, അങ്ങ് ഇതിത്ര തീവ്രതയോടെ പറയുന്നത് കേരളത്തിലെ ജനങ്ങൾ മൊത്തം കേട്ടുകൊണ്ടിരിക്കുകയാണ്. ഒരു പാർലമെന്റ് സീറ്റ് വിലയ്ക്ക് വിറ്റുവെന്ന് പറഞ്ഞിട്ടുള്ള കേരളത്തിലെ... (ബഹളം)... ഞാൻ ചോദിക്കുകയാണ്... ലോക് ആയുക്തയിൽ... (ബഹളം)

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്......

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഞാൻ പറയട്ടെ,.... (ബഹളം)... ഞാനിത് ആദ്യം പറയാതിരുന്നത് നിങ്ങൾ തെറ്റുചെയ്തുവെന്നതുകൊണ്ട് ഞങ്ങൾക്കും തെറ്റ് ചെയ്യാൻ അവകാശമുണ്ടെന്ന് ആരും ധരിക്കരുത്. നിങ്ങൾ തെറ്റ് ചെയ്താലും ആ തെറ്റ് ആവർത്തിക്കാൻ ഞങ്ങൾക്ക് അവകാശമില്ല. .....(ബഹളം)... ഇതെല്ലാം ജനങ്ങൾ കാണുന്നുണ്ട്. ഇത്രയധികം ധാർമ്മികരോഷം കൊള്ളുമ്പോൾ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ പ്രാവശ്യമാണ് ഒരു സ്ഥാനാർത്ഥിയുടെ പേരിൽ ലോക് ആയുക്തയിൽ കേസ്സും അന്വേഷണവും നടപടികളുമുണ്ടായത്. അത് നിങ്ങൾ മറക്കരുത്. അതുകൊണ്ട് ശ്രീ. വി. എസ്. സുനിൽ കുമാർ, നിങ്ങൾ ഒരു വിരൽ നീട്ടുമ്പോൾ നാലുവിരലുകളും നിങ്ങളുടെ നേരെയാണ് എന്നകാര്യം മറക്കരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. (ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്..

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ അദ്ദേഹം പറഞ്ഞത് വളരെ നിർഭാഗ്യകരമായ ഒരു കാര്യമാണ്. ഞാൻ അദ്ദേഹത്തെ വ്യക്തിപരമായി ഒരിക്കലും ആക്ഷേപിക്കുകയോ അപമാനിക്കുകയോ ചെയ്തിട്ടില്ല. അത് അദ്ദേഹത്തിന് നന്നായി അറിയാവുന്ന കാര്യമാണ്. അദ്ദേഹം പരാമർശിച്ച ആല-ഗോതുരുത്ത് പാലത്തിന്റെ പ്രശ്നം, പൊതുമരാമത്ത് വകുപ്പുതന്നെ ഉണ്ടാക്കിയ ഒരു കുരുക്ക്, അതെന്താണെന്ന് അദ്ദേഹത്തിനറിയാം. പൊതുമരാമത്ത് വകുപ്പ് അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ വരുത്തിയ ഗുരുതരമായ വീഴ്ച പരിഹരിക്കാൻ പി.ഡബ്ല്യൂ.ഡി. തന്നെ തയ്യാറായതാണ്. അത് അദ്ദേഹത്തിന് അറിയാം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, അത് ശരിയാണ്. എല്ലാ വർക്കുകളിലും അങ്ങനെയാണ് നടക്കുന്നത്. അത് അങ്ങ് മനസ്സിലാക്കിയാൽ മതി.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഒരു ജനപ്രതിനിധിയെന്ന നിലയിൽ ജനങ്ങളുടെ പ്രശ്നം ഒരു മന്ത്രിയുടെ ഓഫീസിൽ വരുമ്പോൾ അദ്ദേഹത്തിന്റെ സ്വന്തം കാര്യമായി ചെയ്യേണ്ടതുപോലെയല്ല, ഗവൺമെന്റിന്റെ ഭാഗമാണ് അങ്ങ്. ഇവിടെ ജനങ്ങളുമായി ബന്ധപ്പെട്ട വിഷയം അവതരിപ്പിക്കുമ്പോൾ അഴിമതിയുമായി കൂട്ടിക്കുഴയ്ക്കരുത്, അത് മാന്യമായ കാര്യമല്ല. ആല-ഗോതുരുത്ത് പ്രശ്നത്തെപ്പറ്റി ഞാൻ പറയട്ടെ, ഞങ്ങളുടെ ഭാഗത്തുനിന്നും എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതും കൂടി അന്വേഷിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഞങ്ങൾ തയ്യാറാണ്, ഞങ്ങൾക്ക് ഒരു മടിയുമില്ല. അന്വേഷിക്കട്ടെ... (ബഹളം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

<u>ശ്രീ. സി. ദിവാകരൻ:</u> സർ, അങ്ങിവിടെ ഈ നിയമസഭയ്ക്കകത്ത് ഒരു രാഷ്ട്രീയ പാർട്ടിയെക്കുറിച്ച് വളരെ ലജ്ജാകരമായ രീതിയിൽ സംസാരിച്ചത് സഭാ നടപടികളിലുണ്ടാകാൻ പാടില്ല. .... (തടസ്സം)... അങ്ങെടുത്ത ഒരു നിലപാട് ഒരു രാഷ്ട്രീയ പാർട്ടിയുടെ തെരഞ്ഞെടുപ്പ്.... (തടസ്സം)...

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്...

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ഭരണ കക്ഷിയിലെ ഒരു മെമ്പറായ ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇന്നലെ ഇവിടെ നടത്തിയ പരാമർശങ്ങളിൽ അദ്ദേഹം പി.ഡബ്ല്യു.ഡി.-യിലെ മൂന്ന് ഉദ്യോഗ സ്ഥന്മാരെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ പറയുകയും ആ കാര്യത്തിന് പരിഹാരമുണ്ടാകാതെ വന്നപ്പോൾ മുഖ്യമന്ത്രിക്ക് അത് സംബന്ധിച്ച് വിവരം നൽകിയിട്ട് ഏഴ് മാസം കഴിഞ്ഞിട്ടും ആ ആക്ഷേപത്തെപ്പറ്റി മുഖ്യമന്ത്രി തിരിഞ്ഞു നോക്കിയില്ല എന്നുമാണ് അദ്ദേഹം പറഞ്ഞത്. മന്ത്രിയെപ്പറ്റിയല്ല, ഉദ്യോഗസ്ഥ ന്മാരെപ്പറ്റിയാണ് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഈ ആക്ഷേപം ഉന്നയിച്ചത്. എന്നിട്ട് കേരളത്തിന്റെ മുഖ്യമന്ത്രിയോടാണ് പരാതികൊടുത്തിട്ട് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടത്. അത് മുഖ്യമന്ത്രിയും നമ്മളെല്ലാവരും കേട്ടതാണ്. ഒരു പോത്തല്ല, രണ്ട് പോത്തുകളുണ്ട്, ആ രണ്ട് പോത്തുകളെപ്പറ്റിയുള്ളകാര്യവും ഞാൻ അവസരം കിട്ടിയാൽ അസംബ്ലിയിൽ പറയുമെന്നാണ് അദ്ദേഹം പത്രക്കാരോട് പറഞ്ഞത്. എന്നാൽ അദ്ദേഹം ഇവിടെ അകത്തുവന്നപ്പോൾ രണ്ട് പോത്തുകളെപ്പറ്റിയല്ല, മൂന്ന് പോത്തുകളെപ്പറ്റിയാണ് പറഞ്ഞത്. അത് ഉദ്യോഗ സ്ഥന്മാരെപ്പറ്റിയാണെന്നുള്ളത് ശരി. അതുസംബന്ധിച്ച് ഒരു നിയമസഭാ കമ്മിറ്റി യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നമാത്രമാണ് അദ്ദേഹം ഒരു ഡിമാൻഡ് വച്ചിട്ടുള്ളത്. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ ചരിത്രത്തിൽ ഈ അഴിമതിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. ഇന്ത്യയുടെ മഹാനായ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ധനകാര്യ വകുപ്പുമന്ത്രിയായ വി. ടി. കൃഷ്ണൻ ആചാരിയെ സംബന്ധിച്ച് ഒരു ഭരണ കക്ഷി അംഗമായ ഫിറോസ് ഗാന്ധി ആക്ഷേപം ഉന്നയിച്ചപ്പോൾ അത് സംബന്ധിച്ച് സത്വരമായ നടപടി സ്വീകരിക്കുകയും മന്ത്രിസ്ഥാനത്തുനിന്ന് വി. ടി. കൃഷ്ണൻ ആചാരിയെ പുറത്താക്കുകയുമാണ് ചെയ്തത്. ഇവിടെ ഇപ്പോൾ ശ്രീ. കെ. ബി. ഗണേഷ് കുമാർ ആക്ഷേപം ഉന്നയിച്ചത് ഒരു മന്ത്രിയെപ്പറ്റിയല്ല. മന്ത്രിയുടെ കീഴിലുള്ള മൂന്ന് ഉദ്യോഗസ്ഥൻമാർ കാണിച്ച അഴിമതിയെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് പെറ്റീഷൻ കൊടുത്തു. അതുസംബന്ധിച്ച് ഒന്നും ചെയ്തിട്ടില്ല, അതുകൊണ്ട് നിയമസഭാ കമ്മിറ്റിയെക്കൊണ്ട് ഒരു അന്വേഷണം നടത്തിയാൽ അവരുടെ മുമ്പിൽ ഞാൻ ഇതെല്ലാം വിശദമായിത്തന്നെ പറയാമെന്നുള്ള വളരെ സത്യസന്ധമായിട്ടുള്ള അഭിപ്രായമാണ് ഭരണകക്ഷിയിലെ ഒരു മെമ്പർ ഉന്നയിച്ചിരിക്കുന്നത്. ആ പ്രശ്നമാണ് പ്രതിപക്ഷം ഏറ്റെടുത്തിരിക്കുന്നത്. ആ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകണം. അതുസംബന്ധിച്ചുള്ള തീരുമാനമെന്താണെ ന്നറിയണം. ശ്രീ. കെ. ബി. ഗണേഷ് കുമാർ ആക്ഷേപം ഉന്നയിച്ചിരുന്നുവോ; ആ ആക്ഷേപത്തെ സംബന്ധിച്ച് എന്ത് നടപടി മുഖ്യമന്ത്രി സ്വീകരിച്ചു എന്നുള്ളതു

സംബന്ധിച്ച് അറിയേണ്ടതായിട്ടുണ്ട്. വളരെ ശരിയായ നിലയിൽ, ആരേയും വ്യക്തിപരമായി ആക്ഷേപിക്കാതെ ശ്രീ. കെ. ബി. ഗണേഷ് കുമാർ പുറത്ത് എന്തൊക്കെ പറഞ്ഞിരുന്നാലും ശരി, പോത്ത് എന്ന് പുറത്തുപറഞ്ഞ കാര്യം ഇവിടെ വന്നപ്പോൾ സഭ്യമായിട്ടുള്ള നിലയിൽ മൂന്ന് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചാണ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്ന കാര്യം ഞങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ്. അത് അങ്ങും കേട്ടതാണ്. അതുകൊണ്ട് അതുസംബന്ധിച്ചുള്ള അഭിപ്രായം അറിയണം. ഞങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതും അന്വേഷിച്ചോളൂ. 1996 മുതൽ ഞങ്ങൾ അധികാരത്തിലിരുന്നവരാണ്. ആ അവസരത്തിൽ വി. എസ്. അച്യുതാനന്ദൻ അടക്കമുള്ള ആളുകളെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതും അന്വേഷിച്ചോളൂ. അതിനെ നേരിടാൻ ഞങ്ങൾ തയ്യാറാണ്. അതുകൊണ്ട് ഈ പ്രശ്നം ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അഭ്യർത്ഥന മുഖ്യമന്ത്രി പാലിക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഗവൺമെന്റിന് ഇതുസംബന്ധിച്ച് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. അടിയന്തരപ്രമേയത്തിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും മറുപടി പറഞ്ഞുകഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പ്രതിപക്ഷ എം.എൽ.എ.മാർ പറഞ്ഞ കാര്യങ്ങളൊക്കെ ഇവിടെ നേരത്തെ ചെയ്തിട്ടുണ്ട്, 1996 മുതൽ ഇങ്ങനെയുള്ള സംഭവങ്ങൾ നടക്കുന്നുണ്ട് എന്നാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പറയുന്നത്. അങ്ങനെ 1996 മുതൽ ഇത്തരം സംഭവങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അതിനുത്തരവാദികൾ ഇപ്പുറത്തുള്ളവരാണ്. ഞങ്ങളിലാരെങ്കിലും ഒരു എം.എൽ.എ. തെറ്റായി പറഞ്ഞിട്ടുണ്ടെങ്കിൽ അതിന് ഞങ്ങൾ ഉത്തരവാദിയാണ്. ഒരു നിയമസഭാ കമ്മിറ്റിയാകുമ്പോൾ രണ്ടുഭാഗത്തുള്ളവരും ഉണ്ടാകുമല്ലോ. ഭരണപക്ഷത്തിനാണല്ലോ ഭൂരിപക്ഷം. അത് അംഗീകരിക്കുന്നതിനെന്താണ് പ്രയാസം?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ചെയറിന് അങ്ങനെ പറയാൻ കഴിയുമോ? ഗവൺമെന്റിന് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. ...(ബഹളം).....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ബഹുമാനപ്പെട്ട ചെയർ ഒന്നും പറയണമെന്ന് ഞാൻ ആവശ്യപ്പെട്ടില്ല. മുഖ്യമന്ത്രി ഇത് സംബന്ധിച്ച് അഭിപ്രായം പറയണമെന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇങ്ങനെയൊരു ആക്ഷേപം ഉന്നയിച്ചിരുന്നുവോ, അതിനെക്കുറിച്ച് മുഖ്യമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോയെന്ന് ഞാൻ ശ്രദ്ധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയാനുള്ളതെല്ലാം പറഞ്ഞുകഴിഞ്ഞു. .....(ബഹളം).......

(സഭയിൽ ഉന്നയിച്ച ആരോപണങ്ങൾ ഒരു പ്രത്യേക നിയമസഭാസമിതി രൂപീകരിച്ച് അന്വേഷിക്കണമെന്ന ആവശ്യത്തിന്മേൽ മുഖ്യമന്ത്രി മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### 1. കോൾകൃഷി വികസന പദ്ധതി

ശ്രീ. പി. എ. മാധവൻ: സർ, നമ്മുടെ സംസ്ഥാനത്ത് നെല്ലുൽപ്പാദന രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട പ്രദേശമാണ് തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി സ്ഥിതിചെയ്യുന്ന തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങൾ. ചാലക്കുടിപ്പുഴയുടെ വടക്കു കിഴക്ക് ഭാഗത്തുനിന്ന് ആരംഭിച്ച് ഭാരതപ്പുഴയുടെ തെക്കുഭാഗത്ത് അവസാനിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം, ചാവക്കാട്, തലപ്പിള്ളി, തൃശ്ശൂർ താലൂക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലുമായി സംസ്ഥാനത്തെ അറിയപ്പെടുന്ന നെല്ലറകളിലൊന്നായ കുട്ടനാടൻ പ്രദേശം പോലെതന്നെ പ്രസിദ്ധമാണ് തൃശ്ശൂരിലേയും മലപ്പുറത്തേയും തൃശ്ശൂർ-പൊന്നാനി കോൾ മേഖലയായി അറിയപ്പെടുന്ന കോൾ നിലങ്ങൾ. ഈ നിലങ്ങൾ സ്വാഭാവികമായും കാലാവസ്ഥയുടെ ആനുകൂല്യങ്ങൾ മാത്രമനുസരിച്ച് ........(ബഹളം)........കൃഷിപ്പണി ചെയ്തിരുന്ന കോൾനിലങ്ങളായിരുന്നു. കഴിഞ്ഞ നാലരപ്പതിറ്റാണ്ട് മുമ്പാണ് കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) നിലവിൽ വരുന്നത്. നാലരപ്പതിറ്റാണ്ട് കാലമായി തൃശ്ശൂരിലെ കോൾനിലങ്ങൾക്ക് സമഗ്രവികസന പദ്ധതി വേണം, തൃശ്ശൂരിലെ കോൾ നിലങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കണം എന്നീ ആവശ്യങ്ങൾ കോൾ കർഷകർ സമരങ്ങളിലൂടെയും നിവേദനങ്ങളിലൂടെയും ഉന്നയിച്ചുകൊണ്ടിരുന്നു. അവിടെയുള്ള കോൾ നിലങ്ങൾ മഞ്ഞുപെയ്താൽ മുങ്ങുകയും ചെറിയ നിലാവുദിച്ചാൽ ഉണങ്ങുന്ന സ്ഥിതിയുമാണ്. ഇങ്ങനെയൊരവസ്ഥ ഇനി

തുടർന്ന് ഉണ്ടാകരുത്. അവിടത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കേവലം പശ്ചാത്തല വികസനത്തിൽമാത്രം ഒതുങ്ങുന്ന വികസനം മാത്രംപോര. ബണ്ടുകളുടെ നിർമ്മാണംകൊണ്ടോ, എഞ്ചിൻതറകളുടെ വികസനംകൊണ്ടോ, ഷെഡ്ഡുകളുടെ വികസനംകൊണ്ടോമാത്രം കോൾ കൃഷിക്കാർ രക്ഷപ്പെടുകയില്ല. അനുബന്ധ കാർഷിക മേഖലകൾ ഉൾപ്പെടെ അമ്പതിനായിരം കർഷകരെ ബാധിക്കുന്നതാണ് തൃശ്ശൂരിലെയും പൊന്നാനിയിലെയും കോൾനില വികസനം. 13,692 ഹെക്ടർ കൃഷി സ്ഥലങ്ങൾ, നാലായിരം ഹെക്ടറോളംവരുന്ന അനുബന്ധ ഗാർഡൻ പ്രദേശങ്ങൾ, നെൽകൃഷി സ്ഥലങ്ങൾ അല്ലാത്ത കൃഷിസ്ഥലങ്ങൾ ഇതുൾപ്പെട്ട അമ്പതിനായിര ത്തോളം കർഷകരെ ബാധിക്കുന്ന ഒരു വികസന പദ്ധതിയാണ് കഴിഞ്ഞ മൂന്നുവർഷംമുമ്പ് 2012-ൽ കേരള സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചത്.

സർ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി ബൃഹത്തായ ഒരു പദ്ധതിയായി പൊന്നാനി-തൃശ്ശൂർ കോൾനില വികസന പദ്ധതി അംഗീകരിക്കപ്പെട്ടു. അതിന് പ്രത്യേകമായി ഭരണസമിതി രൂപീകരിച്ചു. ആ സമിതി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. തൃശ്ശൂരിലെ കോൾ കർഷകർ വലിയ പ്രതീക്ഷയോടുകൂടിയാണ് ഈ പദ്ധതിയെ നോക്കിക്കാണുന്നത്. ഇന്നലെകളിൽ ഉണ്ടായിരുന്ന എല്ലാ പ്രയാസങ്ങളും അതിജീവിക്കാൻ ഇതുവഴി കഴിയും, അതുവഴി തൊഴിലവസരങ്ങളുണ്ടാകും, ആ രീതിയിൽ ഇന്നലെകളിലുണ്ടായിരുന്ന കൃഷിക്കാരുടെ ദുരിതത്തിന് അറുതി വരുത്തുന്ന ഒരു പദ്ധതിയായി ഈ പദ്ധതിയെ കണ്ടിരുന്നു. എഞ്ചിൻതറകൾ നിർമ്മിക്കാൻ, വെള്ളം പമ്പ് ചെയ്യുന്ന എഞ്ചിൻ തടയണകളും ഫാം റോഡുകളും കോൾ നിലങ്ങൾക്കുള്ളിൽ കൂടുതൽ വീതിയുള്ള ബണ്ടുകളും കനാൽ ബണ്ടുകളും ചെറുപാലങ്ങളും സ്ലൂയിസുകളും എഞ്ചിൻ ഷെഡ്ഡുകളും ജലസേചനത്തിനുള്ള കോൺക്രീറ്റ് ചാലുകളും ഹൈലെവൽ കനാലുകളുമൊക്കെ നിർമ്മിക്കാനുള്ള പദ്ധതിയോടുകൂടിയാണ് ഈ പദ്ധതി നിലവിൽ വന്നത്. നിർഭാഗ്യകരമെന്നു പറയട്ടെ, ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റി കഴിഞ്ഞ കുറച്ചുമാസക്കാലമായി നിശ്ചലമാണ്. ഈ കമ്മിറ്റിയെ പ്രതീക്ഷയോടുകൂടി നോക്കിക്കണ്ട കൃഷിക്കാർ നിരാശരാണ്. അതുകൊണ്ട് സമയബന്ധിതമായി പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കണമെന്നും രണ്ടാംഘട്ടത്തിനുള്ള പദ്ധതി സമർപ്പിക്കണമെന്നും മുഖ്യമന്ത്രിയുടെയും കൃഷിവകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന കോൺഫറൻസുകളിൽ ആവർത്തിച്ച് ആവശ്യപ്പെടുകയും തീരുമാനമെടുക്കുകയും ചെയ്തിരുന്നതാണ്. രണ്ടാംഘട്ടം പദ്ധതി സമർപ്പിക്കേണ്ട സമയമായിട്ടുപോലും ഒന്നാംഘട്ട പദ്ധതി പൂർത്തീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സമയബന്ധിതമായി തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങളുടെ വികസന പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ ആരംഭിക്കണമെന്നാണ് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ......(ബഹളം)..... തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന കോൾനിലങ്ങളുടെ വികസനത്തിനുള്ള സമഗ്ര കോൾവികസന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു: ......(ബഹളം).....

ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 123.52 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ 42.46 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 4609.53 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

ആർ.കെ.വി.വൈ. സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. പെട്ടി, പറയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ഫീൽഡ്തല വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്.

2. പച്ചക്കറി കൃഷി വ്യാപനത്തിനായി 163 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 201 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്തിട്ടുണ്ട്.

3. കറവമാട്, താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി 636 കറവമാടുകളെയും 74,550 താറാവുകളെയും വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 478.53 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

4. കാർഷിക യന്ത്രവത്ക്കരണത്തിനായി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കായി 2745.30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

5. മത്സ്യവ്യാപനത്തിനായി 277.84 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്. ഈ പദ്ധതിയിലുൾപ്പെടുത്തി 459.4 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

6. കോഴിവളർത്തൽ പദ്ധതിക്കായി 479 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്. 12 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 15120 യൂണിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

7. ജൈവകൃഷി വ്യാപനത്തിനായി 65 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിൽ 490 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ, നോട്ട് ഇൻ ദി സീറ്റ്.

(ശ്രീ. എസ്. രാജേന്ദ്രൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയർ ഒരു കാര്യം പറയട്ടെ ....... (ബഹളം)..... നിയമസഭാ നടപടികൾ നടത്തിക്കൊടുക്കാനുള്ള ഉത്തരവാദിത്വം ചെയറിനുണ്ട്. അതുകൊണ്ട് ചെയർ അത് നിർവ്വഹിക്കുന്നു .......(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ സബ്മിഷനുകളെല്ലാം റദ്ദ് ചെയ്യുന്നു.

(സബ്മിഷനുകൾ റദ്ദ് ചെയ്തു)

## V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2)അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെ പറയുന്ന കടലാസുകൾ ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2718 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെ പറയുന്ന കടലാസുകൾ പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2593 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VI റിപ്പോർട്ട് സമർപ്പണം

### 1. 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു. ......(ബഹളം).....

### 2. 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(ശ്രീ. ജോസ് തെറ്റയിൽ സീറ്റിലില്ലാതിരുന്നതിനാൽ മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടില്ല.)

### 3. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. ജോസഫ് വാഴക്കൻ: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു. ......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VII നിയമ നിർമ്മാണകാര്യം

## 1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014- ലെ കേരള മത്സ്യവിത്ത് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, .......(ബഹളം)..... സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേന്ദ്ര സർക്കാർ .......(ബഹളം)..... 2010-ലെ മത്സ്യവിത്ത് സർട്ടിഫിക്കേഷൻ ആന്റ് അക്രഡിറ്റേഷൻ സമ്പ്രദായത്തെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു പ്രത്യേക നിയമം കൊണ്ടുവരുന്നതാണ് ഉചിതമെന്ന് ബോധ്യപ്പെട്ടു. ഒറീസ്സാ, ആന്ധ്രാപ്രദേശ് തുടങ്ങിയ പല സംസ്ഥാനങ്ങളും പ്രത്യേകമായി മത്സ്യവിത്ത് നിയമം കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഒരു പ്രത്യേക നിയമം കൊണ്ടുവരുന്നതാണെന്ന് നിയമസഭയിൽ ഉറപ്പ് നൽകിയിരുന്നതുമാണ്. സബ്ജക്ട് കമ്മിറ്റി ഡിസംബർ 4-ാം തീയതി യോഗം ചേർന്ന് ബിൽ വിശദമായി പരിഗണിച്ചു. നിലവിലുള്ള മത്സ്യവിത്ത് ഫാമുകൾക്കും ഹാച്ചറികൾക്കും ബില്ലിലെ വ്യവസ്ഥ പ്രകാരമുള്ള രജിസ്ട്രേഷനും ലൈസൻസും എടുക്കുന്നതിന് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ നിലവിൽ വരുന്ന തീയതി മുതൽ മൂന്നുമാസം സമയപരിധി അനുവദിച്ചുകൊടുക്കേണ്ടത് ആവശ്യമാണെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബില്ലിലെ 15-ഉം 17-ഉം വകുപ്പുകൾക്കാവശ്യമായ ഭേദഗതി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബില്ലിലെ 14-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം വിപണനംകൂടി ലൈസൻസിന്റെ പരിധിയിലുൾപ്പെടുത്തി. അതുപോലെ 'ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ' എന്നീ വാക്കുകൾക്ക് പകരം 'ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ' എന്നീ വാക്കുകൾ ചേർക്കുന്നതിനുള്ള ഭേദഗതിയും അംഗീകരിച്ചു. മത്സ്യവിത്ത് ബിൽ പ്രകാരം മത്സ്യവിത്തിന്റെ ഉൽപ്പാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനും മത്സ്യവിത്ത് ഫാമുകൾക്കും ഹാച്ചറികൾക്കും രജിസ്ട്രേഷൻ

നൽകുന്നതിനുമായി സർക്കാരിന്റെകീഴിൽ പ്രവർത്തിക്കുന്ന മത്സ്യ വിത്ത് സെന്റർ കൊണ്ടുവരുന്നതാണ്. ഇതിലെ ചെയർപേഴ്സൺ ഈ വിഷയത്തിലെ വിദഗ്ദ്ധയും മറ്റ് നാല് അംഗങ്ങൾ വിവിധ രംഗങ്ങളിലെ വിദഗ്ദ്ധരുമാണ്. കൂടാതെ, ഡയറക്ടർ ഓഫ് ഫിഷറീസ്, അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളുമാണ്. ചെയർപേഴ്സണും നാല് അംഗങ്ങൾക്കും സിറ്റിംഗ് ഫീസും ക്ഷാമബത്തയുംമാത്രമേ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ഫിഷറീസ് വകുപ്പിലെ അഡീഷണൽ ഡയറക്ടറെയാണ് ഇതിലെ മെമ്പർ സെക്രട്ടറിയായി നിയമിക്കുവാൻ ഉദ്ദേശിക്കുന്നത്. മത്സ്യവിത്ത് ഫാമിന്റെയും ഹാച്ചറികളുടെയും രജിസ്ട്രേഷനും മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തുന്നതും സംബന്ധിച്ച കാര്യങ്ങളിൽ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രങ്ങളിൽ ഉപദേശം നൽകുന്നതിനായി ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ബിൽ നിയമമാക്കുവാൻ എല്ലാ ബഹുമാന്യ അംഗങ്ങളുടെയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു..........(ബഹളം).....

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സംസാരിച്ചില്ല)

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മത്സ്യ വിത്ത് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് വേണമെങ്കിൽ സംസാരിക്കാവുന്നതാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ സംസാരിക്കുന്നില്ല.

(ശ്രീ. കെ. ദാസൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. എ. അഹമ്മദ് കബീർ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത്

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പുതിരിച്ചുള്ള പരിഗണന</u>

**2-ാം വകുപ്പ്**

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല)

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

131. ഖണ്ഡം 2 (ഡി)-യിൽ, “കൺടെയ്നർ" എന്നതിനുപകരം "കണ്ടയ്നർ" എന്ന് ചേർക്കുക.

133. ഖണ്ഡം 2 (ഡി)-യിലെ, “പോളിത്തീൻ ബാഗോ", "സഞ്ചിയോ", “കൂടോ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

135. ഖണ്ഡം 2 (ഇ)-യിൽ, "മറ്റ്" എന്നതിനുപകരം "ഇതര" എന്ന വാക്ക് ചേർക്കുക.

150. ഖണ്ഡം 2 (ജി)-യിൽ, “ഒരു കമ്പനിയോ", എന്നീ വാക്കുകൾ നീക്കം ചെയ്യുക.

158. ഖണ്ഡം 2 (ഐ)-യിൽ, "ചെക്ക് ഡാമുകൾ" എന്നീ വാക്കുകൾക്ക് പകരം "തടയണകൾ" എന്ന വാക്ക് ചേർക്കുക.

160. ഖണ്ഡം 2 (ഐ)-യിൽ, "അല്ലെങ്കിൽ വെള്ളം നിറച്ച കുട്ടകൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

203. ഖണ്ഡം 2-ന്റെ അവസാനം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക.

“(എസി) “ഡയറക്ടർ" എന്നാൽ ഒരു ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു.”

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

132. ഖണ്ഡം 2 (ഡി)-യിൽ, “മത്സ്യവിത്തുകൾ” എന്നതിനുശേഷം "കേട്ടുപാടുകൾ കൂടാതെ" എന്നു കൂടി ചേർക്കുക.

156. ഖണ്ഡം 2 (ഐ)-യിൽ, "കായലുകൾ", എന്നതിനുശേഷം "കൈത്തോടുകൾ," എന്നത് ചേർക്കുക.

181. ഖണ്ഡം 2 (ഒ)-യിൽ, “ജലജീവികളുടേയും" എന്നതിനുപകരം "ജല ജീവികളുടെയോ" എന്നും "ജലസസ്യങ്ങളുടെയും" എന്നതിനുപകരം "ജലസസ്യ ങ്ങളുടെയോ"എന്നും ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

136. ഖണ്ഡം 2 (ഇ)-യിൽ, "കൊണ്ടുപോകുന്നത് " എന്നീ വാക്കുകൾക്കു പകരം "കൊണ്ടു പോകുന്ന പ്രവൃത്തി" എന്നീ വാക്കുകൾ ചേർക്കുക.

170. ഖണ്ഡം 2 (ജെ)-യിൽ “വലിപ്പത്തിലും ആവശ്യമായ” എന്നതിനുപകരം “ ആകൃതി, നിറം, വലിപ്പം എന്നിവയിലും മതിയായ” എന്നു ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2 (എഫ്)-ൽ, “ചെമ്മീനോ” എന്ന വാക്കിനുശേഷം “ഞണ്ട്, ഞവിണി തുടങ്ങിയ” എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2 (എഫ്)-ൽ, “നേരിയ ഉപ്പുരസമുള്ള വെള്ളത്തിലോ” എന്നീ വാക്കുകൾക്കുപകരം “ ലവണജലത്തിലോ” എന്ന വാക്ക് ചേർക്കുക.

144. ഖണ്ഡം 2 (എഫ്) താഴെ പറയും പ്രകാരം മാറ്റുക:

“(എഫ്) "മത്സ്യകൃഷി" എന്നാൽ മത്സ്യം, കൊഞ്ച്, ചെമ്മീൻ, ഞണ്ട്, ഞവിണി തുടങ്ങിയ ജലജീവികളെയും, ജലസസ്യങ്ങളെയും ശുദ്ധജലത്തിലോ, ലവണജലത്തിലോ കടൽ വെള്ളത്തിലോ കെട്ടിടങ്ങൾക്കുള്ളിലോ, പുറത്തോ ഉള്ളതും, ചെറുതോ വലുതോ, സ്വാഭാവികമോ, നിർമ്മിതമോ ആയവയുമായ സംഭരണികളിൽ വളർത്തുക എന്നർത്ഥമാകുന്നു ;"

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

147. ഖണ്ഡം 2 (ജി)-യിൽ, "കെട്ടിനിർത്തപ്പെട്ട ജലത്തിലോ അതിൽ കെട്ടിപ്പൊക്കിയ നിർമ്മാണങ്ങളിലോ മറ്റേതെങ്കിലും രീതിയിലോ", എന്നതിനു പകരം "മനുഷ്യനിർമ്മിതമായ ജലസംഭരണികളിലോ, പാത്രങ്ങളിലോ" എന്നു ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2 (ജി)-യിൽ, "ഒരു കൂട്ടം വ്യക്തികളോ" എന്നതിനുപകരം "വ്യക്തികളുൾപ്പെട്ട സംഘമോ" എന്നു ചേർക്കുക

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2 (ജി) താഴെ പറയും പ്രകാരം മാറ്റുക:

"(ജി) "മത്സ്യകർഷകൻ" എന്നാൽ സ്വന്തമായുള്ളതോ, പാട്ടത്തിനെടുത്തതോ ആയ വസ്തുവിലേയോ, പൊതുവായുള്ളതോ ആയ ഒരു ജലാശയത്തിലോ, കുളത്തിലോ മനുഷ്യനിർമ്മിതമായ ടാങ്കുകളിലോ, പാത്രങ്ങളിലോ അതുപോലുള്ള വയിലോ ജലം നിറച്ച് മത്സ്യവിത്ത് വളർത്തലോ, മത്സ്യകൃഷിയോ, ജലസസ്യ കൃഷിയോ നടത്തുന്നതായ ഒരു വ്യക്തിയോ, വ്യക്തികളുൾപ്പെട്ട സംഘമോ, ഒരു സ്ഥാപനമോ, ഒരു ഏജൻസിയോ, ഒരു കമ്പനിയോ, മറ്റേതെങ്കിലും നിയമാനുസൃത വ്യക്തിയോ എന്നർത്ഥമാകുന്നു".

192. ഖണ്ഡം 2 (ടി)-യിൽ, "ബിസിനസ്സോ" എന്ന വാക്കിന് പകരം "കച്ചവടമോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു :

157. ഖണ്ഡം 2 (ഐ)-യിൽ, "കായലുകൾ", എന്ന വാക്കിനുശേഷം "തടാകങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

168. ഖണ്ഡം 2 (ഐ) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഐ) "മത്സ്യവിത്ത് " എന്നാൽ, ചെറുതോ, വലുതോ, സ്വാഭാവികമോ നിർമ്മിതമോ ആയ ജലസംഭരണികളിൽ വംശവർദ്ധന ഉദ്ദേശിച്ചുള്ള പുനരുപ യോഗത്തിനു ശേഖരിക്കപ്പെടുന്ന കൊഞ്ച്, ശംഖ്, ഞണ്ട്, ഞവിണി, വലിയ ചിറകുകളോടുകൂടിയ മത്സ്യവർഗ്ഗങ്ങൾ തുടങ്ങി ശുദ്ധജലത്തിലും ലവണ ജലത്തിലും, കടൽ ജലത്തിലും മത്സ്യാലയങ്ങളിലെ ജലസംഭരണി കളിൽ അലങ്കാരത്തിനായി വളർത്തുന്നവയുൾപ്പെടെയുള്ള എല്ലാ ജലജീവികളുടെയും, ഭ്രൂണം, മുട്ട, ലാർവ ഉൾപ്പെടെ അവയുടെ വിവിധ ജീവിതചക്രങ്ങളിൽപ്പെട്ട കുഞ്ഞുങ്ങളും, ജലസസ്യങ്ങളും, അവയുടെ പ്രജനനക്ഷമമായ ഭാഗങ്ങളും വിത്തുകളും എന്നർത്ഥമാകുന്നു; "

184. ഖണ്ഡം 2 (ക്യൂ)-വിൽ, "ബ്രൂഡുകളെ" എന്ന വാക്കിനുപകരം "മാതൃ മത്സ്യങ്ങളെയും മാതൃജലസസ്യങ്ങളെയും" എന്നു ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

174. ഖണ്ഡം 2(എൽ)-ൽ "ഉപയോഗിക്കുന്ന" എന്ന വാക്കിനുശേഷം "കൃത്രിമ"എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

176. ഖണ്ഡം 2 (എൽ)-ൽ, "ജലാശയമോ" എന്നതിനുശേഷം "ജലം നിറച്ച" എന്നുചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

180. ഖണ്ഡം 2 (ഒ)-യിൽ,

(i) "വലിയ ചിറകുള്ള മത്സ്യങ്ങളുടേയോ പുറംതോടുള്ള മത്സ്യങ്ങളുടേയോ മറ്റേതെങ്കിലും" എന്നീ വാക്കുകൾ ഒഴിവാക്കുക.

(ii) "ജലസസ്യങ്ങളുടേയും" എന്ന വാക്കിനു ശേഷം "മത്സ്യ" എന്ന വാക്ക് ചേർക്കുക.

195. ഖണ്ഡം 2 (എക്സ്)-ൽ, "അങ്ങനെയുള്ള വർഗ്ഗത്തിൽപ്പെട്ട" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

185. ഖണ്ഡം 2 (ക്യൂ)-വിൽ,

(i) "ബ്രൂഡുകളെ" എന്ന വാക്കിനുപകരം "മാതൃമത്സ്യങ്ങളെയും, മാതൃജലസസ്യങ്ങളെയും" എന്നു ചേർക്കുക.

(ii) "സംരക്ഷിച്ചുപോരുന്നതും" എന്ന വാക്കിനുശേഷം "അതിനായി" എന്നു ചേർക്കുക.

198. ഖണ്ഡം 2 (എക്സ്)-ൽ "അങ്ങനെയുള്ള വർഗ്ഗത്തിൽപ്പെട്ട" എന്നീ വാക്കുകൾക്ക് പകരം "പുതിയ പരിസ്ഥിതിയുമായി ഇണങ്ങുന്നതിനോ" എന്നും" നിരീക്ഷിക്കുന്ന ആവശ്യത്തിലേക്കായുള്ള" എന്നീ വാക്കുകൾക്കുപകരം "നിരീക്ഷിക്കുന്നതിനോ വേണ്ടിയുള്ള" എന്നീ വാക്കുകളും ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 2 (ജി)-ൽ, "കുളങ്ങളിലോ", എന്നത് "കുളത്തിലോ" എന്നാക്കുക.

162. ഖണ്ഡം 2 (ഐ)(i)-യിൽ, "വലിയ ചിറകുകളുള്ള മത്സ്യങ്ങൾപോലെ വളർത്തത്തക്ക" എന്നീ വാക്കുകൾ ഒഴിവാക്കുക.

179-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഔദ്യോഗികമായി അവതരി

പ്പിക്കുന്നു.

179. ഖണ്ഡം 2 (ഒ)-ൽ, “ വലിയ” എന്ന വാക്ക് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി അവതരിപ്പിച്ച 162, 160 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ഭേദഗതിയോടെ അവതരിപ്പിച്ച 179-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 131, 133, 135, 150, 158, 160, 203 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 132, 156 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 136, 170 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 143, 144 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 152, 192 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 168, 184 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

482/16 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 180, 195 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 185, 198 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3-ാം വകുപ്പ്**

(അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**4-ാം വകുപ്പ്**

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

210. ഖണ്ഡം 4-ൽ "സംസ്ഥാന" എന്നതിനുമുമ്പ് "കേരള" എന്നു ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

211. ഖണ്ഡം 4 (എ)-യിൽ "വിപണനവും" എന്നതിനുശേഷം "നിയന്ത്രണവും" എന്നു ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

212. ഖണ്ഡം 4 (എ)-യിൽ "നിർദ്ദേശങ്ങൾ" എന്ന വാക്കിനുപകരം "ശുപാർശകൾ" എന്ന വാക്കു ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

215. ഖണ്ഡം 4 (സി)-യിൽ, "നിലവാരം" എന്ന വാക്കിനുപകരം "ഗുണനിലവാരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

216. ഖണ്ഡം 4 (സി)-യിൽ, "നിർദ്ദേശിക്കുകയും" എന്ന വാക്കിനുശേഷം "മത്സ്യങ്ങളുടെയും, മത്സ്യവിത്തിന്റെയും ആരോഗ്യ ശുചിത്വ കാര്യങ്ങളിലെ നിബന്ധനകൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

218. ഖണ്ഡം 4 (ഡി)-യിൽ, “കർത്തവ്യങ്ങൾ" എന്ന വാക്കിനു ശേഷം "ആവശ്യമായി വന്നാൽ" എന്ന് കൂടി ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. വർക്കല കഹാറിന്റെ 215-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 5 (1)-ൽ "അടങ്ങിയിരിക്കേണ്ടതാണ് " എന്ന വാക്കിന് പകരം "ഉൾപ്പെട്ടതായിരിക്കേണ്ടതാണ് " എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

224. ഖണ്ഡം 5 (1)(i)-ൽ "വിഷയത്തിലെ" എന്ന വാക്കിനുപകരം "വിഷയത്തിൽ നിശ്ചിത യോഗ്യതയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

253. ഖണ്ഡം 5(2)-ന്റെ ക്ലിപ്ത നിബന്ധനയ്ക്ക് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:-

"എന്നു മാത്രമല്ല, എക്സ്-ഒഫീഷ്യോ അംഗം, മെമ്പർ സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക കാലാവധിയിൽ മൂന്ന് വർഷം എന്നത് പരമാവധി 56 വയസ്സ് തികയുന്നതുവരെ മാത്രമായിരിക്കുന്നതാണ്."

256. ഖണ്ഡം 5(4)(എ)-യിൽ, "കോറം" എന്ന വാക്കിന് പകരം "ക്വാറം"എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

237. ഖണ്ഡം 5(1)(viii)-നുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക :

"(ix) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അക്വാകൾച്ചറിൽ വിദഗ്ദ്ധനായ ഒരാൾ-അംഗം"

കമ്മിറ്റി രൂപീകരിക്കുമ്പോൾ അതിൽ അക്വാകൾച്ചറിൽ വിദഗ്ദ്ധനായ ഒരാളെക്കൂടി അംഗമാക്കണമെന്ന നിർദ്ദേശമാണ് ഇത്.

ശ്രീ. ലൂഡി ലൂയിസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

241. ഖണ്ഡം 5 (2)-ൽ, "മൂന്ന് " എന്ന വാക്കിനുപകരം "രണ്ട് " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

245. ഖണ്ഡം 5 (2)-ലും ക്ലിപ്ത നിബന്ധനയിലുമുള്ള "ഉദ്യോഗം" എന്ന വാക്കിനുപകരം "സ്ഥാനം" എന്ന വാക്കുചേർക്കുക.

<u>ശ്രീ. എ. റ്റി. ജോർജ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

246. ഖണ്ഡം 5 (2)-ൽ "രണ്ടു തവണയിൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്നു തവണയിൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

252. ഖണ്ഡം 5 (2)-ന്റെ ക്ലിപ്ത നിബന്ധന താഴെ പറയും പ്രകാരം മാറ്റുക:-
"എന്നാൽ സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരംഗത്തിന് സർക്കാരിന് അങ്ങനെയുള്ള കാലയളവിൽ ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കാവുന്നതാണ്."

255. ഖണ്ഡം 5 (4)-ൽ, "ബൈലാകൾ" എന്ന വാക്കിന് പകരമായി "നിയമാവലികൾ" എന്ന വാക്ക് ചേർക്കുക.

260. ഖണ്ഡം 5 (4) (ബി)-യിൽ "പ്രവൃത്തികൾ" എന്ന വാക്കിന് പകരം "പ്രവൃത്തികളും പദ്ധതികളും" എന്നീ വാക്കുകൾ ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബാബു):</u> സർ, 229-ാം നമ്പർ ഭേദഗതി, ഭേദഗതിയോടെ ഞാൻ ഔദ്യോഗിക ഭേദഗതി യായി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 5 (1) (iv)-ൽ "ഹാച്ചറി പ്രവർത്തകരെ" എന്നീ വാക്കുകൾക്ക് പകരം "ഹാച്ചറി നടത്തിപ്പുകാരെ " എന്നീ വാക്കുകൾ ചേർക്കുക.

ഈ ഭേദഗതിയിലെ "പ്രവർത്തകരെ" എന്ന വാക്കിനുപകരം "നടത്തിപ്പുകാരെ" എന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതിയോടെ അവതരിപ്പിച്ച 229-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 224, 253 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. റ്റി. ജോർജ് അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 252, 255 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

262. ഖണ്ഡം 6 (1)-ൽ, "ക്രമീകരണത്തിനായുള്ള" എന്ന വാക്കിനുപകരം "ക്രമീകരണത്തിനായും, മത്സ്യത്തിന്റെയും, മത്സ്യവിത്തിന്റെയും ആരോഗ്യ സംരക്ഷണത്തിനായുമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

264. ഖണ്ഡം 6 (2)-ൽ, "വളർത്തലിനും" എന്ന വാക്കിനുപകരം "വളർത്തലും" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

268. ഖണ്ഡം 6 (2)-ൽ, "മത്സ്യവിത്ത് ഫാമുകളായി" എന്ന വാക്കിനുശേഷം "നിശ്ചിത കാലയളവിലേക്ക് " എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയുടെ 264-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റുഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**7-ാം വകുപ്പ്**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. ഖണ്ഡം 7-ൽ, "കഴിയുന്നത്ര വേഗത്തിൽ" എന്നീ വാക്കുകൾക്കു പകരം, "ഒരു വർഷത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

280. ഖണ്ഡം 7-ൽ,-

1. "വിജ്ഞാപനംവഴി", എന്നതിനുശേഷം "ആവശ്യമെന്നു കാണുന്നത്ര" എന്നു ചേർക്കുക.

2. "സ്ഥാപിക്കാവുന്നതാണ്", എന്നതിനുപകരം "സ്ഥാപിക്കാവുന്നതും അവയുടെ പ്രവർത്തന പരിധി നിശ്ചയിക്കാവുന്നതുമാണ് " എന്നു ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .....

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

482/16

## 8-ാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

283. ഖണ്ഡം 8-ൽ, "മത്സ്യവിത്തുകേന്ദ്രങ്ങൾക്ക്" എന്നീ വാക്കുകൾക്കു ശേഷം "അവയുടെ പ്രവർത്തനപരിധിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം 8 (എ)-യിൽ, "ഉപദേശം" എന്ന വാക്കിനുപകരം "ആവശ്യമായ സഹായം" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ് : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 8(എ)-യിൽ, "ഉപദേശം" എന്ന വാക്കിനു പകരം "വിവരങ്ങളും, ഉപദേശങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

287-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

287. ഖണ്ഡം 8 (എ)-യിൽ, "ഉപദേശം നൽകുക" എന്നീ വാക്കുകൾക്കു പകരം "യഥാസമയം റിപ്പോർട്ടുകൾ നൽകുക" എന്നീ വാക്കുകൾ ചേർക്കുക.

മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 287-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(സഭയുടെ നടുത്തളത്തിലിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട ചെയറിന്റെ ഡയസ്സിനു സമീപത്ത് വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

**9-ാം വകുപ്പ്**

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പി

ക്കുന്നു:

293. ഖണ്ഡം 9 (1) (i)-ൽ "ജില്ലാ കളക്ടർ" എന്നതിനുപകരം "റവന്യൂ ഡിവിഷണൽ ഓഫീസർ/സബ്കളക്ടർ " എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

297. ഖണ്ഡം 9 (1) (iii)-ൽ "പ്രതിനിധീകരിക്കുന്നവരിൽ നിന്നും" എന്നതിനു ശേഷം "ഒന്നിടവിട്ട കാലാവധിയിലുള്ള" എന്നത് ചേർക്കുക.

സർ, പ്രാദേശിക മത്സ്യവിത്ത് വിപണന കേന്ദ്രത്തിൽ ഹാച്ചറിയുടെയും ഫാമിന്റെയും പ്രതിനിധികളുണ്ട്. അവരെ ആൾട്ടർനേറ്റീവായി എടുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

302. ഖണ്ഡം 9 (1) (vi) ആയി താഴെപ്പറയുന്നതു ചേർക്കുക.

"(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അക്വാകൾച്ചറിൽ ഒരു വിദഗ്ദ്ധൻ - അംഗം".

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

303. ഖണ്ഡം 9 (1) (vi) ആയി താഴെപ്പറയുന്നതു ചേർക്കുക.

"(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉൾനാടൻ ഫിഷറീസിൽ വിദഗ്ദ്ധനായ ഒരാൾ - അംഗം" .

സർ, ഫിഷറീസിന്റെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണം എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

313. ഖണ്ഡം 9 (2)-ൽ "ഉദ്യോഗം" എന്ന വാക്ക് വരുന്നിടത്തെല്ലാം

"സ്ഥാനം" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 9 (2)-ന്റെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക:

"വിശദീകരണം:— സർക്കാർ സർവ്വീസിലുള്ള പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലെ അംഗങ്ങളുടെ കാര്യത്തിൽ ഔദ്യോഗിക കാലാവധി മൂന്ന് വർഷം എന്ന് നിശ്ചയിച്ചിരിക്കുന്നത് പരമാവധി 56 വയസ്സുവരെ എന്ന് നിജപ്പെടുത്തിയിരിക്കുന്നു".

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ മൂവ് ചെയ്യേണ്ട ആവശ്യമില്ല. ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 293-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

321. ഖണ്ഡം 10 (1)-ൽ "അനുമതിയോടുകൂടി" എന്ന വാക്കിനുശേഷം "സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ അംഗീകാരത്തോടുകൂടി" എന്നീ വാക്കുകൾ ചേർക്കുക.

325. ഖണ്ഡം 10 (2)-ൽ, "ബൈലാകൾ" എന്ന വാക്കിനുപകരം "ഉപ നിയമങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

322. ഖണ്ഡം 10 (1) താഴെ പറയും പ്രകാരം മാറ്റുക:

"(1) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ, പ്രാദേശിക മത്സ്യ വിത്തു കേന്ദ്രത്തിന്, ആവശ്യമുള്ള പക്ഷം, അവർക്ക് ഏല്പിച്ചുനൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി നിർണ്ണയിക്കപ്പെടാവുന്നത്ര ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. അങ്ങനെ സ്ഥാപിക്കപ്പെടുന്ന ഉപകേന്ദ്രങ്ങളുടെ യോഗ്യതകൾ, ഔദ്യോഗിക കാലാവധി, സിറ്റിംഗ് ഫീസ്, യാത്രാബത്ത എന്നിവയുടെ വ്യവസ്ഥകൾ നിർണ്ണയിക്കപ്പെടുന്ന വിധത്തിലായിരിക്കുന്നതാണ് ".

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

326. ഖണ്ഡം 10 (3)-ൽ, "നടപടികളും" എന്ന വാക്കിനുശേഷം "തീരുമാനങ്ങളും" എന്ന വാക്കും, "ഏതെങ്കിലും" എന്ന വാക്കിനുശേഷം "അംഗത്തിന്റെ" എന്ന വാക്കും ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 321, 325 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 322-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

328. ഖണ്ഡം 11 (1)-ൽ, "നിലവിലുള്ള" എന്ന വാക്കിനു ശേഷം "പൊതു മേഖലയിലെ" എന്ന വാക്കും "പരീക്ഷണശാലയായി" എന്ന വാക്കിനുമുമ്പ് "ഏകോപന" എന്ന വാക്കും ചേർക്കുക.

333. ഖണ്ഡം 11 (2)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(3) നിലവിലുള്ള മത്സ്യവിത്ത് പരീക്ഷണശാലകൾ ഈ ആക്ടിൻകീഴിൽ ലൈസൻസ് എടുക്കേണ്ടതും അങ്ങനെയല്ലാത്തവ നിയമാനുസൃതം അല്ലാത്തവയുമാകുന്നു."

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

331. ഖണ്ഡം 11 (2)-ൽ, "പരീക്ഷണശാലകളെ" എന്ന വാക്കിനുമുമ്പ്

"മത്സ്യവിത്ത്" എന്ന വാക്ക് ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, ശ്രീ. എം. ഉമ്മറിന്റെ 331-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മറിന്റെ 331-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 328, 333 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

(ഭേദഗതികളൊന്നും അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

(ഭേദഗതികളൊന്നും അവതരിപ്പിക്കപ്പെട്ടില്ല.)

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

342. ഖണ്ഡം 14 (ബി)-യിൽ, "വിപണനത്തിനും" എന്ന വാക്കിനുശേഷം "ഏതെങ്കിലും" എന്നും "ലഭിച്ചിട്ടില്ലാത്ത പക്ഷം" എന്നതിനുപകരം "നേടിയിട്ടില്ലാത്ത പക്ഷം" എന്നും ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

344. ഖണ്ഡം 14 (ബി)-യിൽ "വിപണനമോ" എന്ന വാക്കിന് ശേഷം "സംഭരണമോ" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. എം. ഉമ്മറിന്റെ 344-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മറിന്റെ 344-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 342-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

…..............(ബഹളം)............

## 15-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

345. ഖണ്ഡം 15 (1)-ൽ, "രണ്ടു മാസത്തിന് " എന്നീ വാക്കുകൾക്ക് പകരം "അറുപത് പ്രവൃത്തി ദിവസങ്ങൾക്ക് " എന്നീ വാക്കുകൾ ചേർക്കുക.

482/16 349. ഖണ്ഡം 15(2)-ന്റെ ക്ലിപ്തനിബന്ധനയിൽ, "മൂന്നുമാസ കാലയളവിനുള്ളിൽ" എന്നീ വാക്കുകൾക്കുപകരം "ആറ് മാസകാലയളവിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

353. ഖണ്ഡം 15 (4)-ൽ, "കേന്ദ്രം അത് ആവശ്യമാണെന്ന് കരുതുന്നിടത്ത്" എന്നീ വാക്കുകൾക്കുപകരം "കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

350. ഖണ്ഡം 15 (2)-ന്റെ ക്ലിപ്തനിബന്ധനയിൽ, "വ്യവസ്ഥകൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതാണ് " എന്നീ വാക്കുകൾക്കുപകരം "വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

355. ഖണ്ഡം 15 (4)-ൽ, "തുറസ്സായ സ്ഥലത്ത് " എന്നതിനുപകരം "പ്രവേശന കവാടത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, 352-ാം നമ്പർ ഭേദഗതി ഒഫിഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 15(3)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പറയുവാൻ" എന്നതിനുപകരം "ബോധിപ്പിക്കുവാൻ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മറിന്റെ 353-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി യുടെ 355-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 352-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 345, 349 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

…..............(ബഹളം)............

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## 16-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

359. ഖണ്ഡം 16 (1)- ൽ "ഒരു മാസം" എന്നതിനു പകരം "മുപ്പത് പ്രവൃത്തി ദിവസം" എന്ന് ചേർക്കുക.

373. ഖണ്ഡം 16 (5)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "മൂന്നുമാസകാലയളവിനുള്ളിൽ" എന്നതിനുപകരം "ആറുമാസകാലയളവിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

374. ഖണ്ഡം 16 (5)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "ലൈസൻസ് എടുത്തിരിക്കേണ്ടതാണ് "എന്നതിനു പകരം "അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ് " എന്നു ചേർക്കുക.

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

376. ഖണ്ഡം 16 (6)-ൽ "സാമ്പത്തിക" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

378. ഖണ്ഡം 16 (6)-ൽ, "സാമ്പത്തിക വർഷത്തേക്ക്" എന്നതിനുപകരം "ഒരു വർഷക്കാലത്തേക്ക് " എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 359, 373 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 378-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11.00 A.M]

## 17-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

381.ഖണ്ഡം 17 (1)-ൽ, “രണ്ടു മാസത്തിന് " എന്നീ വാക്കുകൾക്കുപകരം, “അറുപത് പ്രവൃത്തി ദിവസത്തിന്" എന്നീ വാക്കുകൾ ചേർക്കുക.

382. ഖണ്ഡം 17 (1)-ൽ, “അല്ലെങ്കിൽ ഉപകേന്ദ്രങ്ങൾ" എന്നീ വാക്കുകൾ ഒഴിവാക്കുക.

383. ഖണ്ഡം 17 (1)-ൽ, “ഉപകേന്ദ്രങ്ങൾ മുഖേനയോ" എന്നീ വാക്കുകൾക്ക് ശേഷം, “ഓൺ ലൈൻ വഴിയോ" എന്നീ വാക്കുകൾ ചേർക്കുക.

393. ഖണ്ഡം 17(5)-ൽ, “പത്ത്" എന്ന വാക്കിനുശേഷം "പ്രവൃത്തി ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

384. ഖണ്ഡം 17 (2)-ൽ, “അഞ്ച് വർഷക്കാലയളവിലേക്ക്" എന്നീ വാക്കുകൾക്ക് പകരം “മൂന്ന് വർഷക്കാലയളവിലേക്ക് " എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

385. ഖണ്ഡം 17 (2) താഴെപ്പറയും പ്രകാരം മാറ്റുക:

“പുതുക്കിയ രജിസ്ട്രേഷന്റെ കാലാവധി അഞ്ച് വർഷത്തേക്കായിരിക്കും"

391. ഖണ്ഡം 17 (4)-ൽ, “ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് " എന്ന വാക്കിനു ശേഷം "മൂന്നു മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

വാക്കിന്റെ ഘടനയിലുള്ള കോംപ്ലിക്കേഷൻ ഒഴിവാക്കാൻ വേണ്ടി പുതുക്കിയ രജിസ്ട്രേഷന്റെ കാലാവധി അഞ്ച് വർഷത്തേക്കായിരിക്കുമെന്ന് വളരെ വ്യക്തമായി

പറഞ്ഞാൽ മതി.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

387. ഖണ്ഡം 17 (4) - ൽ,

“പുതുക്കേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ" എന്നീ വാക്കുകൾക്കു പകരം, “പുതുക്കി നല്കാതിരിക്കാനുള്ള കാരണങ്ങളില്ലെങ്കിൽ" എന്നും “സംസ്ഥാന മത്സ്യവിത്തുകേന്ദ്രത്തിന്" എന്നീ വാക്കുകൾക്ക് ശേഷം “ഒരു മാസത്തിനുള്ളിൽ" എന്നീ വാക്കുകളും ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

390. ഖണ്ഡം 17 (4)-ൽ, “തയ്യാറാക്കേണ്ടതും" എന്ന വാക്കിനുശേഷം "ഒരു മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

395. ഖണ്ഡം 17 (5)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

“എന്നാൽ, അപേക്ഷ ലഭിച്ച ശേഷമുള്ള നടപടിക്രമങ്ങൾ പരമാവധി രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.”

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഡോ. എൻ. ജയരാജിന്റെ 385-ാം നമ്പർ ഭേദഗതി "പുതുക്കിയ രജിസ്ട്രേഷന്റെ കാലാവധി അഞ്ചുവർഷത്തേക്കായിരിക്കും" എന്നാണ്. അതിനുപകരം "അപേക്ഷ ഒരോ അഞ്ചുവർഷ കാലയളവിലേക്കുമാത്രമെ" എന്നുള്ള രൂപത്തിൽ ഭേദഗതി ചെയ്ത് അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 385 -ാം നമ്പർ ഭേദഗതി മാറ്റങ്ങളോടുകൂടി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 381, 382, 383, 393 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**18-ാം വകുപ്പ്**

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

399. ഖണ്ഡം 18-ൽ, "അധികാരിത പ്രയോഗിക്കേണ്ട" എന്നീ വാക്കുകൾക്ക് പകരം "ചുമതല നിർവ്വഹിക്കേണ്ട" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 399-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

403. ഖണ്ഡം 19 (1) (എ)-യിൽ, "ഒരു കുറ്റം" എന്നതിനു പകരം

"നിയമലംഘനം" എന്ന് ചേർക്കുക.

405. ഖണ്ഡം 19 (1) (എ)-യിൽ, "രേഖാമൂലമായി" എന്ന വാക്കിനു മുൻപ്

"നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള മാതൃകയിൽ" എന്ന് ചേർക്കുക.

412. ഖണ്ഡം 19 (3) -ൽ "കൺടെയ്നർ" എന്ന വാക്കിനു പകരം

"കണ്ടയ്നർ" എന്ന വാക്ക് ചേർക്കുക.

415. ഖണ്ഡം 19 (5)-ൽ "ആഫീസർക്ക്" എന്ന വാക്കിനുശേഷം

"കഴിയുന്നത്ര വേഗത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

412-ാം നമ്പർ ഭേദഗതിയിൽ "കൺടെയ്നർ" എന്നത് അക്ഷരത്തെറ്റാണ്. അതുകൊണ്ട് ആ വാക്കിനു പകരം "കണ്ടയ്നർ" എന്ന വാക്ക് ചേർക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

406. ഖണ്ഡം 19 (1)(എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) ഇൻസ്പെക്ടർക്ക്, തന്റെ ചുമതല പ്രദേശ പരിധിക്കുള്ളിലെ ഏതു ഹാച്ചറിയിലും, മത്സ്യവിത്തു ഫാമിലും ഒറ്റയ്ക്കോ, ആവശ്യമുള്ളപക്ഷം സഹായികളോട്ടുകൂടിയോ, അവയുടെ സാധാരണ പ്രവർത്തനത്തിനായി നിശ്ചയിച്ചിട്ടുള്ള സമയത്ത്, അതുമായി ബന്ധപ്പെട്ട ഏതു സ്ഥലത്തും എപ്പോൾ വേണമെങ്കിലും പ്രവേശിക്കാവുന്നതും, പരിശോധിക്കാവുന്നതുമാണ്. പരിശോധനയിൽ മത്സ്യവിത്തുമായി ബന്ധപ്പെട്ട് ഈ ആക്ടിൽ പറയുന്ന ഏതെങ്കിലും കുറ്റം ചെയ്തതായി വിശ്വസിക്കാനുള്ള കാരണമുണ്ടെങ്കിൽ അത്തരം വിത്തു ശേഖരം കൈയൊഴിയുകയോ, വില്പന നടത്തുകയോ ചെയ്യുന്നത് തടഞ്ഞുകൊണ്ട് ഉടനടി രേഖാമൂലമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതും;"

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

408. ഖണ്ഡം 19 (1)(ബി)(ii)-ൽ "കിട്ടുന്നതിനുവേണ്ടി" എന്ന വാക്ക് "കിട്ടുന്നതിന്" എന്നാക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

411. ഖണ്ഡം 19 (1)(ഇ)-യിൽ "അധികാരങ്ങൾ വിനിയോഗിക്കാവുന്നതും" എന്നതിനു പകരം "ചുമതലകൾ നിർവ്വഹിക്കാവുന്നതും" എന്നു ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

413. ഖണ്ഡം 19 (3)-ൽ "അധികാരം" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "ചുമതല" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

416. ഖണ്ഡം 19 (5)-ൽ "ആഫീസർക്ക്" എന്നതിന് ശേഷം "പതിനാല് ദിവസത്തിനകം" എന്ന് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

സർ, ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 403, 405, 412, 415 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 406-ാം നമ്പർ ഭേദഗതി 482/16 സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 408-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 411-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 413-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20-ാം വകുപ്പ്

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

418. ഖണ്ഡം 20-ൽ "യോഗ്യതകളുള്ള അതു യുക്തമെന്നു കരുതുന്നത്ര, അങ്ങനെയുള്ള" എന്നീ വാക്കുകൾക്ക് പകരം "യോഗ്യതകളുള്ളതും, ആവശ്യകത കണക്കിലെടുത്ത് മതിയായത്ര എണ്ണം" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

421. ഖണ്ഡം 20-ൽ "അധികാരിത പ്രയോഗിക്കേണ്ട" എന്നീ വാക്കുകൾക്ക്

പകരം "ആധികാരികത ഉൾക്കൊള്ളുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

422. ഖണ്ഡം 20-ൽ "അധികാരിത പ്രയോഗിക്കേണ്ട" എന്നീ വാക്കുകൾക്ക്

പകരം "പ്രവർത്തിക്കേണ്ട" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

425. ഖണ്ഡം 21(1)-ൽ "അപേക്ഷ" എന്ന വാക്കിന് മുൻപ് "നേരിട്ട്" എന്ന

വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

430. ഖണ്ഡം 23 (1)(എ)-യിൽ "ഒരു രേഖാമൂലമായ" എന്നീ വാക്കുകൾക്ക്

പകരം "രേഖാമൂലമായ ഒരു" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. എ. മാധവൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

431. ഖണ്ഡം 23 (2)(എ)-യിൽ "അയാൾക്ക് " എന്ന വാക്കിന് ശേഷം

"രേഖാമൂലം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

435. ഖണ്ഡം 23 (5)-ൽ "പിടിച്ചെടുക്കുന്നിടത്ത്;" എന്ന വാക്കിന് ശേഷം "ബന്ധപ്പെട്ടവർക്ക് രസീത് നൽകേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, ശ്രീ. കെ. മുഹമ്മദുണ്ണി ഹാജിയുടെ 430-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 435-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 430-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 435-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**24-ാം വകുപ്പ്**

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

437. ഖണ്ഡം 24(1)-ൽ, "കഴിയുന്നത്രവേഗം" എന്നതിനു ശേഷം "എന്നാൽ നാല്പത്തെട്ട് മണിക്കൂറിൽ അധികമാവാത്ത സമയപരിധിക്കുള്ളിൽ" എന്നു ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

438. ഖണ്ഡം 24 (2)-ൽ, "ഒരാഴ്ചയ്ക്കകം" എന്ന വാക്കിനു പകരം "ഏഴ് പ്രവൃത്തി ദിവസങ്ങൾക്കകം" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 438-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 25-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 26-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

441. ഖണ്ഡം 26-ൽ "ഏതൊരു" എന്ന വാക്കിന് ശേഷം "അംഗീകൃത" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27-ാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

444. ഖണ്ഡം 27-ൽ,—

(i) "അധികാരപ്പെടുത്തേണ്ടതും" എന്നതിനുപകരം "ചുമതലപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

(ii) "അധികാരിത പ്രയോഗിക്കേണ്ടതാണെന്ന് " എന്നതിനു പകരം

"ചുമതല നിർവ്വഹിക്കേണ്ടതെന്നും" ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 28-ാം വകുപ്പ്

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

449. ഖണ്ഡം 28-ൽ "അധികാരിത പ്രയോഗിക്കേണ്ടതെന്ന്" എന്നതിനു പകരം "ചുമതല നിർവ്വഹിക്കേണ്ടതെന്ന്" എന്നു ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 449-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 29-ാം വകുപ്പ്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

501. ഖണ്ഡം 29-ൽ "അപ്പീൽ അധികാരിയായി" എന്ന വാക്കുകൾക്കു പകരം "അപ്പലേറ്റ് അധികാരിയായി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

451. ഖണ്ഡം 29-ൽ "ജോയിന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ" എന്നതിനുപകരം "ഫിഷറീസ് വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറിയെ" എന്നു ചേർക്കുക.

"ജോയിന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥനെ" എന്നാണ് അപ്പലേറ്റ് അധികാരിയുടെ നിയമനത്തിൽ പറയുന്നത്. അതേസമയം ഡയറക്ടർ ഇതിന് താഴെയുള്ള കമ്മിറ്റിയിലുണ്ട്. താഴെയുള്ള കമ്മിറ്റിയിൽ ഡയറക്ടർ ഇരിക്കുകയും അപ്പലേറ്റ് അധികാരിയായി ജോയിന്റ് ഡയറക്ടർ വരികയും ചെയ്യുന്നത് വിരോധാഭാസമാണ്. അതുകൊണ്ട് "ഫിഷറീസ് വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറിയെ" എന്നാക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

452. ഖണ്ഡം 29-ൽ,—

(i) "ജോയിന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ അപ്പീൽ അധികാരിയായി അധികാരപ്പെടുത്താവുന്നതും" എന്നതിനുപകരം "മത്സ്യബന്ധനവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെ അപ്പലേറ്റ് അധികാരിയായി അധികാരപ്പെടുത്താവുന്നതും, ജോയിന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ

അപ്പലേറ്റ് അധികാരിക്ക് തന്റെ ചുമതല നിർവ്വഹിക്കുന്നതിന് സഹായിയായി ഒരു ഉത്തരവു മുഖേന നിയോഗിക്കാവുന്നതു മാണ്" എന്ന ചേർക്കുക;

(ii) "അവർ ഏതെല്ലാം പ്രദേശങ്ങൾക്കുള്ളിലാണ് അധികാരിത പ്രയോഗിക്കേണ്ടതെന്ന് നിർവ്വചിക്കേണ്ടതുമാണ്" എന്നത് ഒഴിവാക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482/16

454. ഖണ്ഡം 29 താഴെപ്പറയും പ്രകാരം മാറ്റുക :

"29 അപ്പലേറ്റ് അധികാരിയുടെ നിയമനം.—

സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യത്തിനായി അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ അപ്പലേറ്റ് അധികാരിയായി അധികാരപ്പെടുത്താവുന്നതും, ജോയിന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഫിഷറീസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ അപ്പലേറ്റ് അധികാരിയുടെ സഹായിയായി നിയോഗിച്ച് ഉത്തരവാകാവുന്നതുമാണ്."

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല. 501-ാം നമ്പർ ഒഫീഷ്യൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 501-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 454-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 30-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 31-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

458. ഖണ്ഡം 31 (1)-ൽ, "കുറ്റക്കാരനാണെന്ന് " എന്ന വാക്കിന് മുൻപുള്ള "ന്യായനിർണ്ണയ ആഫീസർ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

468. ഖണ്ഡം 31 (1)(സി)-യിൽ, "രൂപവരെയാകാവുന്നതും" എന്ന വാക്കിന് പകരം "രൂപയിൽ കവിയാത്തതും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

460. ഖണ്ഡം 31 (1)(എ)-യിൽ, "അയ്യായിരം" എന്ന വാക്കിന് പകരം

"മൂവായിരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

469. ഖണ്ഡം 31 (1)(ഡി)-യിൽ, "പിന്നീടുള്ള" എന്ന വാക്കിന് പകരം

"പിന്നീടും" എന്ന വാക്ക് ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. വി. എം. ഉമ്മർ മാസ്റ്ററുടെ 469-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. എം. ഉമ്മർ മാസ്റ്ററുടെ 469-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 458, 468 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 460-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**32-ാം വകുപ്പ്**

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

476. ഖണ്ഡം 32 (2)-ൽ " മുപ്പത് ദിവസത്തിനകവും" എന്നതിന് പകരം

"പതിനാല് ദിവസത്തിനകം" എന്നു ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. എൻ. ഷംസുദ്ദീന്റെ 481-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 32 (3)-ൽ "അപ്പീൽ അധികാരി" എന്നതിന് പകരം "അപ്പലേറ്റ് അധികാരി" എന്ന് ചേർക്കുക. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 33-ാം വകുപ്പ്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

500. (i) 33-ാം ഖണ്ഡത്തിലെ മാർജിനൽ ശീർഷകത്തിലെ "അപ്പീൽ അധികാരിയുടെയും" എന്നീ വാക്കുകൾക്കുപകരം "അപ്പലേറ്റ് അധികാരിയുടെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) 33-ാം ഖണ്ഡം (1-)ാം ഉപഖണ്ഡത്തിലെ "അപ്പീൽ അധികാരി കൾക്കും" എന്നീ വാക്കുകൾക്കു പകരം "അപ്പലേറ്റ് അധികാരികൾക്കും"

എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

487. ഖണ്ഡം 33 (1) (സി)-യിൽ, "ഓഫീസിൽ നിന്നോ" എന്നീ വാക്കുകൾക്ക് ശേഷം "സ്ഥാപനത്തിൽ നിന്നോ" എന്നീ വാക്കുകൾ ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 487 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള 33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 34-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ................

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി..

## 35-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

492. ഖണ്ഡം 35 (2) ന്റെ വിശദീകരണം ഒഴിവാക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 492 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ................

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 36-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ................

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**37-ാം വകുപ്പ്**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**38-ാം വകുപ്പ്**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

494. ഖണ്ഡം 38 (1)-ൽ "പ്രാബല്യത്തോടെയോ" എന്നതിനുശേഷം "നിയമം പാസ്സാക്കുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ " എന്നു ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

496. ഖണ്ഡം 38(3)-ൽ,

(i) “ഏതൊരു ചട്ടവും" എന്നതിനുശേഷം "ബൈലോയും" എന്നു ചേർക്കുക;

(ii) "ചട്ടത്തിൽ" എന്നതിനുപകരം "ചട്ടത്തിലോ, ബൈലോയിലോ" എന്നു ചേർക്കുക;

(iii) "ചട്ടം" എന്നതിനുശേഷം "അല്ലെങ്കിൽ ബൈലോ "എന്നു ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

497. ഖണ്ഡം 38 (3)-ൽ "വയ്ക്കേണ്ടതും" എന്നതിനുപകരം "സമർപ്പി

ക്കേണ്ടതും" എന്നു ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 496-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 497-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ................

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 39-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

499. ഖണ്ഡം 39 (2)-ൽ "മുൻപാകെ വയ്ക്കേണ്ടതാണ്" എന്നതിനുപകരം

"മുൻപാകെ സമർപ്പിക്കേണ്ടതാണ്" എന്നു ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 499-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ................

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**40-ാം വകുപ്പ്**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

482/16

**41-ാം വകുപ്പ്**

(ഭേദഗതിയില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ................

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

109. ശീർഷകത്തിൽ, "മത്സ്യവിത്ത്" എന്നതിനുശേഷം "സംരക്ഷണ"

എന്ന വാക്ക് ചേർക്കുക.

110. ദീർഘ ശീർഷകത്തിൽ, "ഗുണമേന്മയും" എന്നതിനുപകരം "ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും " എന്ന് ചേർക്കുക.

121. ഖണ്ഡം 1 (1)-ൽ "മത്സ്യവിത്ത്" എന്നതിനുശേഷം "സംരക്ഷണ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ, "ആനുഷംഗികമായതോ" എന്ന വാക്കിനു പകരം "ഉപോത്ബലകമായതോ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

113. പീഠികയിൽ--

(1) "ഗുണമേന്മയും" എന്നതിന് പകരം "ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും" എന്നും

(2)"ആനുഷംഗികമായതോ" എന്നതിന് പകരം "ഉപോത്ബലകമോ" എന്നും ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115.പീഠികയിൽ "സംഭരണവും" എന്ന വാക്കിനുശേഷം "മെച്ചപ്പെടുത്തുന്നതിനും" എന്ന വാക്കു ചേർക്കുക.

ശ്രീ. കെ. അച്ചുതൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

118. ഖണ്ഡം 1 (1)-ൽ "കേരള" എന്ന വാക്കിനുശേഷം "സംസ്ഥാന" എന്ന

വാക്കു ചേർക്കുക.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 109, 110, 121 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മി. ഡെപ്യൂട്ടി സ്പീക്കർ : മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രിക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഒന്നും സംസാരിക്കാനില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മത്സ്യവിത്ത് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2. 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്ക് അവതരിപ്പിക്കാവുന്നതും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ

ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയി മടങ്ങിവരുമ്പോൾ ചർച്ച ചെയ്യാൻ ഒരു സന്ദർഭമുണ്ടാകും. അതുകൊണ്ട് ഇപ്പോൾ ഞാൻ ഒന്നും സംസാരിക്കുന്നില്ല.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ നിരാകരണപ്രമേയവും 1 (എ) ഭേദഗതിയും അവതരിപ്പിക്കപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ, അങ്ങേയ്ക്ക് 2 (ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ ഒരു സെലക്ട് കമ്മിറ്റി

യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സിൽ ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നവർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുക എന്നതാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യം. വളരെ നല്ലതും മാതൃകാപരവുമായിട്ടുള്ള നിയമമായതിനാൽ ഞാൻ ഈ ഭേദഗതിയെ സ്വാഗതം ചെയ്യുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നേരത്തെ പറഞ്ഞതുപോലെ ഞാൻ ഇപ്പോൾ ഇതിനെക്കുറിച്ച് ഒന്നും സംസാരിക്കുന്നില്ല. ഈ ബില്ലിനെ എല്ലാവരും സ്വാഗതം ചെയ്യുന്നു എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുപോയി തിരികെ വന്നതിനുശേഷം ചർച്ചയിലേക്കുപോകാം.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രാക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഇന്ന് ബി.എ.സി. കൂടാൻ തീരുമാനിച്ചിട്ടുണ്ട്. അത് ഉടൻതന്നെ ആരംഭിക്കുന്നതാണ്.

ഓർഡർ, ഓർഡർ......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 11-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.23-ന് പിരിഞ്ഞു.)